TRAVANCORE-COCHIN LEGISLATIVE ASSEMBLY.

The Speaker:
The Honourable Shri K. P. NILAKANTA PILLAI.

The Deputy Speaker:
Shri K. P. KRISHNA MENON.

Secretary:
Shri V. KRISHNAMOORTHI.

Assistant Secretary:
Shri R. KERALA VARMA THIRUMULPAD.

GOVERNMENT OF TRAVANCORE-COCHIN STATE.

Council of Ministers:

Chief Minister:
The Honourable Shri A. J. JOHN.

Minister for Home Affairs:
The Honourable Shri T. M. VARGHESE.

Minister for Finance and Civil Supplies:
The Honourable Shri PANAMPILLI GOVINDA MENON.

Minister for Works and Transport:
The Honourable Shri KALATHIL VELAYUDHAN NAIR.

Minister for Medicine and Public Health:
The Honourable Shri V. MADHAVAN.

Minister for Local Self Government:
The Honourable Shri K. KOCHUKUTTAN.

Minister for Revenue:
The Honourable Shri A. CHIDAMBARANATHA NADAR.

List of Members showing their Constituencies.

1 Shri M. M. Abdul Khader (*Alwaye*)
2 „ A. Atchuthan (*Kartikappalli*)
3 „ C. Achutha Menon (*Trichur*)
4 „ P. C. Athichan (*Kunnattur—Reserved*)
5 „ Alexander Parambitharayil (*Kanayannur—General*)
6 „ P. V. Avira Tharakan (*Aroor*)
7 „ C. C. Ayyappan (*Wadakkancherry—Reserved*)
8 „ K. K. Ayyappan (*Kanayannur—Reserved*)
9 „ Baby John (*Perinad*)
10 „ K. Balakrishna Menon (*Wadakkancherry—General*)
11 „ K. Bhanu (*Muthukulam*)
12 „ P. Bhaskaran Nair (*Kottayam*)
13 „ Prakkulam Bhasi (Bhaskara Pillai) (*Chavara*)
14 „ A. C. Chacko (*Kumaramangalam*)
15 „ P. Chacko (*Tiruvalla*)
16 „ G. Chandrasekhara Pillai (*Neyyattinkara*)
17 „ K. M. Chandy (*Uzhavoor*)
18 „ A. K. Chelliah (*Eraniel—Reserved*)
19 „ K. K. Chellappan Pillai (*Mavelikara*)
20 „ Cheriyan J. Kappan (*Ramapuram*)
21 „ M. V. Cheriyan (*Piravam*)
22 „ A. Chidambaranatha Nadar (*Eraniel—General*)
23 „ S. G. Deviappan (*Devicolam-Peermade—General*)
24 „ T. K. Divakaran (*Quilon*)
25 „ Ambat Eachara Menon (*Chittur*)
26 „ R. Gangadharan (*Chirayinkil*)
27 „ Ganapathy (*Devicolam-Peermade—Reserved*)
28 „ K. M. George (*Thodupuzha*)
29 „ M. Gopalan Nair (*Nemam*)
30 „ E. Gopalakrishna Menon (*Cranganuur*)
31 „ P. Govinda Pillai (*Perumbavoor*)
32 „ Panampilli Govinda Menon (*Chalakudi*)
33 „ M. N. Govindan Nair (*Bharanikavu—General*)
34 Shrimati K. R. Gouri (*Thuravur*)
35 Shri A. L. Jacob (*Ernakulam*)
36 „ James Tharayil (*Ettumanoor*)
37 „ A. J. John (*Poonjar*)
38 „ Joseph Vazhappilly (*Poomangalam*)
39 „ Kambisseril Karunakaran (*Puthupalli*)

40 Shri K. Karunakaran (*Viyyur*)
41 ,, C. Kesavan (*Eravipuram*)
42 ,, Nedumangad R. Kesavan Nair (*Aryanad*)
43 ,, R. Kesava Pillai (*Chadayamangalam—General*)
44 ,, T. T. Kesava Sastri (*Changanacherry—Reserved*)
45 ,, K. M. Korah (*Changanacherry—General*)
46 ,, Kochukunju (*Chadayamangalam—Reserved*)
47 ,, K. Kochukuttan (*Amballur—Reserved*)
48 ,, E. Krishnan Nair (*Kottarakara*)
49 ,, K. P. Krishna Menon (*Ayirur*) (*Deputy Speaker*)
50 ,, T. K. Krishnan (*Kunnamkulam*)
51 ,, V. R. Krishnan Ezhuthassan (*Nemmara*)
52 ,, K. V. Krishnankutti Warrier (*Irinjalakuda*)
53 ,, K. K. Kumara Pillai (*Ambalapuzha*)
54 ,, C. K. Kumara Panicker (*Shertala*)
55 ,, A. Kunjan Nadar (*Parassala*)
56 ,, Kunjithommen (*Kothakulangara*)
57 ,, K. Kuttappan (*Bharanikavu—Reserved*)
58 ,, V. Madhavan (*Kaduthuruthi*)
59 ,, K. Madhavan Unnithan (*Kunnattur—General*)
60 ,, T. A. Majeed (*Varkala*)
61 ,, M. K. Mathai (*Kunnatunad*)
62 ,, M. C. Mathew (*Minachil*)
63 ,, J. T. Moraes (*Kottukal*)
64 ,, O. C. Ninan (*Kallooppara*)
65 ,, Chengarappally P. Narayanan Potti (*Thakazhi*)
66 ,, P. S. Nataraja Pillai (*Trivandrum I*)
67 ,, N. Nilakantaru Pandarathil (*Nedumangad*)
68 ,, N. A. Noor Muhammad (*Kalkulam*)
69 ,, Pareethu Rowther (*Omallur*)
70 ,, R. Ponnappa Nadar (*Killiyur*)
71 ,, K. P. Prabhakaran (*Manalur*)
72 ,, L. M. Pylee (*Mattancherry*)
73 ,, J. Raghavan Pillai (*Karunagapalli*)
74 ,, N. Raghava Kurup (*Tiruvarpu*)
75 ,, N. Rajagopalan Nair (*Pathanapuram*)
76 ,, P. K. Ramachandra Das (*Chengannur—Reserved*)
77 ,, Ramakrishnan (*Narakkal*)
78 ,, P. Ramaswami Pillai (*Thiruvattar*)
79 ,, T. S. Ramaswami (*Thovala-Agastiswaram—General*)
80 ,, P. Ravindran (*Paravur*)
81 ,, C. G. Sadasivan (*Thannirmukkam*)

82 Shri P. Sadasivan Pillai (*Kadapra*)
83 ,, K. Sadanandan (*Ullur*)
84 ,, A. Samraj (*Thovala-Agastiswaram—Reserved*)
85 ,, C. Sankar (*Nagercoil*)
86 Dr. N. S. Pillai (*Attingal*)
87 Shri K. Sattanatha Karayalar (*Shencotta*)
88 ,, Alexander Manuel Simon (*Vilavankod*)
89 Dr. M. Sivaraman Nair (*Chengannur—General*)
90 Shri V. Sridharan (*Kazhakkuttam*)
91 ,, C. P. Srivallabha Menon (*Parur*)
92 ,, R. Sugathan (*Alleppey II*)
93 ,, A. Thanu Pillai (*Trivandrum II*)
94 ,, K. J. Thomas (*Kanjirapalli*)
95 Dr. P. T. Thomas (*Vijayapuram*)
96 Shri T. V. Thomas (*Alleppey I*)
97 ,, M. P. Varghese (*Kothamangalam*)
98 ,, E. P. Varghese (*Alangad*)
99 ,, N. P. Varghese (*Muvattupuzha*)
100 ,, T. M. Varghese (*Ranni*)
101 ,, V. V. Varkey (*Vazhoor*)
102 ,, Varunny Pulikkal (*Amballur—General*)
103 ,, Vasudevan Pillai (*Pathanamthitta*)
104 ,, Kalathil Velayudhan Nair (*Pattazhi*)
105 ,, K. I. Velayudhan (*Oorakam*)
106 ,, C. K. Viswanathan (*Vaikam*)
107 ,, M. William (*Arumana*)
108 ,, Anthonie Andrew Daniel Luiz (*Anglo-Indian-Nominated*)

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

THIRD SESSION—1952.

Tuesday, the 28th October, 1952.

Vol. VII — OFFICIAL REPORT — No. 1

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 28th October, 1952, with Mr. Speaker in the Chair.

Members Sworn

The following Members took the oath and signed the rolls:

1. Shri Baby John (*Perinad*);
2. Shri Prakkulam Bhasi (Bhaskara Pillai) (*Chavara*).

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day).

ORAL ANSWERS.

ടെക്സ്റ്റ് ബുക്കുകൾ.

* ൧. [൧] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇക്കൊല്ലം ടെക്സ്റ്റ്ബുക്കുകൾ അച്ചടിപ്പിക്കുന്നതിനായി സ്ഥലത്തുള്ള പത്രഉടമകളോട് ഗവണ്മെന്റ് കടലാസുകൾ വിലയ്ക്കെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതേതു പത്രക്കാരോടാണ് എടുത്തിട്ടുള്ളത്; എത്ര ടൺ കടലാസുവീതം ഓരോരുത്തരോടും എടുത്തിട്ടുണ്ട്;

(സി) എന്തു വിലവച്ചാണ് കടലാസ് എടുത്തിട്ടുള്ളത്; ഏതുതരം കടലാസാണ് എടുത്തിട്ടുള്ളത്; അത്തരം കടലാസിന് അന്ന് കമ്പോളത്തിൽ എന്തു വില ഉണ്ടായിരുന്നു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) മലയാളി ൧൦ ടൺ. പൗരകാഹളം ൨൩ മുക്കാൽ ടൺ. മലയാളമനോരമ ൧ ടൺ.

(സി) വൈററ് ഗ്ലേസ്ഡ് പേപ്പർ പൌണ്ടിനു ൧൧ അണ ൩ പൈസ വച്ച്; അതു മലയാളിയാണ സപ്ലൈ നടത്തിയതു്. മെക്കാനിക്കൽ ഗ്ലേസ്ഡ് പ്രിൻറിംഗ് പേപ്പർ ൧൧ അണ ൬ പൈസ വച്ച്; അതു് പൌരകാഹളമാണ് സപ്ലൈ നടത്തിയതു്. വൈററ പ്രിൻറ് ൧൦ അണ ൩ പൈസ വച്ച്; പുനലൂർ പേപ്പർ ൧൮ അണ ൩ പൈസ വച്ച്; ഇതു രണ്ടും മലയാളമനോരമയാണ് സപ്ലൈ ചെയ്തതു്. അന്നത്തെ കമ്പോളനിരക്ക് ഉദ്ദേശം പൌണ്ടൊന്നിനു് ൧൨ അണയായിരുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: എന്നാണ് ഇവരിൽ നിന്നും ഈ കടലാസു വാങ്ങിയതു്?

ശ്രീ. എ. ജെ. ജാൺ: നേരത്തെ തന്നെ ഇൻഡ്യാഗവണ്മെൻറ മുഖേന കുറെ അധികം കടലാസു വാങ്ങി. അതു പോരാതെ വന്നപ്പോഴാണ് ഇവരിൽനിന്നും കടലാസു വാങ്ങിയതു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: പത്രക്കാരുടെ പക്കൽ നിന്നും എന്നാണ കടലാസു വാങ്ങിയതു്?

ശ്രീ. എ. ജെ. ജാൺ: ൨൧—൩—൪൧൩-നുശേഷം ആണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇതു പത്രക്കാർ സ്റ്റാക്ക ചെയ്തിരുന്ന കടലാസാണോ?

ശ്രീ. എ. ജെ. ജാൺ: നിശ്ചയമില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കമ്പോളവിലയെക്കാൾ കുറഞ്ഞ വിലയ്ക്കു് ഇവർ കടലാസ്സു തരാനുള്ള കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ: അതു അവരോടുതന്നെ ചോദിക്കണം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കമ്പോള വില ൧൨ അണ ആയിരുന്നപ്പോൾ പത്രക്കാർ ൧൧ അര അണ വിലയ്ക്കു കടലാസു തന്നു എന്നു പറഞ്ഞല്ലോ. അങ്ങനെ വില കുറച്ചു കടലാസു തന്നതു എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: അതു അവരോടുതന്നെ ചോദിക്കേണ്ടതാണ്. ഗവണ്മെൻറിനു് കമ്പോളവിലയെക്കാൾ കുറഞ്ഞ വിലയ്ക്കാണ് കടലാസു കിട്ടിയതു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അന്നത്തെ കമ്പോളവില ഒരു പൌണ്ടു് കടലാസിനു് ൭ അണ ൩ പൈ മാത്രമെ ഉണ്ടായിരുന്നുള്ളു എന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതു ശരിയല്ല. ഏകദേശം ൧൨ അണ ആയിരുന്നു നല്ല കടലാസ്സിനു കമ്പോളവില.

ശ്രീ. ഇ. കൃഷ്ണൻ നായർ: ടെൻഡർ വിളിച്ചുകൊണ്ടാണോ ഈ വിലയ്ക്കു പത്രക്കാരിൽനിന്നും കടലാസു വാങ്ങിയതു്?

ശ്രീ. എ. ജെ. ജാൺ: അതെ.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ വിലയിൽ കുറഞ്ഞ വിലയ്ക്കു ഏതെങ്കിലും ആൾ ടെൻഡർ തന്നിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : വന്നിട്ടുള്ള ടെൻററുകളെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പരിശോധിച്ചു നോക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ : കമ്പോളവിലയെക്കാൾ കുറഞ്ഞ വിലയ്ക്കു പത്രക്കാർ കടലാസു തന്നതുകൊണ്ട് ഗവണ്മെൻറ അവർക്ക് വല്ല സഹായവും ചെയ്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : യാതൊരു സഹായവും ചെയ്തുകൊടുത്തിട്ടില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ആരെല്ലാം കൊട്ടേഷൻ തന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : അതിൻെറ ലിസ്ററ് ഇപ്പോൾ എൻെറ കൈവശമില്ല.

ശ്രീ. എ. താണുപിള്ള : പത്രക്കാർ കച്ചവടത്തിനാണോ പേപ്പർ ശേഖരിച്ചിരിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ : നിശ്ചയമില്ല.

ശ്രീ. എ. താണുപിള്ള : അവരോടു ഗവണ്മെൻറ ആവശ്യപ്പെട്ടതോ, അതോ അവർ ഇങ്ങോട്ടു വന്നതോ?

ശ്രീ. എ. ജെ. ജാൺ : ടെൻഡർ വിളിച്ചതിനുശേഷമാണ് അവരുടെ പക്കൽനിന്നും കടലാസു വാങ്ങിയത്. ടെൻഡർ വിളിച്ചപ്പോൾ അവർ കൊടുക്കുകയാണു ചെയ്തത്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : വളവി ആൻറ കമ്പനി ടെൻഡർ തന്നിരുന്നുവോ?

ശ്രീ. എ. ജെ. ജാൺ : നിശ്ചയമില്ല.

ശ്രീ. ടി. കെ. ദിവാകരൻ : വാൾക്കാട്ടു ബ്രദേഴ്സ് പൗണ്ടിനു വ്യ അണ വച്ച് പേപ്പർ തരാമെന്നു പറഞ്ഞില്ലേ?

ശ്രീ. എ. ജെ. ജാൺ : അറിവില്ലാ.

Shri P. S. Nataraja Pillai : May I know the respective amount paid to each of these papers ?

ശ്രീ. എ. ജെ. ജാൺ : ൧൧ അണ ൩ പൈ വച്ചാണ് കൊടുത്തിട്ടുള്ളത്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഏററവും കുറഞ്ഞ ടെൻഡർ ആരുടേതായിരുന്നു?

ശ്രീ. എ. ജെ. ജാൺ : മലയാളമനോരമയുടേതായിരുന്നു. ൧൦ അണ ൩ പൈസ ആണ് അവരുടെ റേററ്,

മെസ്സ് ഫണ്ട്.

❋ ൨. [൨] ശ്രീ. എം. എൻ. ഗോവിന്ദൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പോലീസുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) റിസർവ്ക്യാമ്പുകളിലെ മെസ്സ്ഫണ്ടിന്റെ ചുമതല വഹിക്കുന്നതു് ആരാണ്;

(ബി) മെസ്സ്ഫണ്ടിൽ ൧൯൫൨ ആഗസ്റ്റമാസത്തിൽ എത്ര രൂപയുണ്ടായിരുന്നു; അതു എവിടെ നിക്ഷേപിച്ചിരുന്നു;

(സി) ഈ ഫണ്ട് ഗവണ്മെന്റ് സംഭാവന ചെയ്തിട്ടുള്ളതാണോ, പോലീസുകാരിൽനിന്നും പിരിച്ചുണ്ടാക്കിയിട്ടുള്ളതാണോ;

(ഡി) ഈ ഫണ്ടിന്റെ മേൽനോട്ടം വഹിക്കുന്നതിനായി അവരിൽനിന്നാരെയെങ്കിലും തിരഞ്ഞെടുക്കാറുണ്ടോ;

(ഇ) ഈ ഫണ്ടിന്റെ കണക്കുകൾ പരിശോധിക്കുന്നതിനും മററുമായി മെസ്സ് കമ്മിററിയിൽപെട്ടവരെതന്നെ തിരഞ്ഞെടുക്കുകയുണ്ടായോ; അതിനെ അധികാരികൾ എതിർക്കുകയുണ്ടായോ;

(എഫ്) അങ്ങനെ തിരഞ്ഞെടുത്തവരുടെ മേൽ കമ്മ്യൂണിസ്ററുകാരാണെന്ന കുററം ആരോപിച്ചു നടപടിയെടുത്തിട്ടുണ്ടോ;

(ജി) കൊല്ലം റിസർവു ക്യാമ്പിൽ നടത്തപ്പെടുന്ന കാൻറീനിലെ അഴിമതികളെപ്പററി പരാതി ഉണ്ടായിട്ടുണ്ടോ;

(എച്ച്) അതു് പറഞ്ഞുകൊണ്ടുവന്ന രണ്ടുപേരുടെ മേൽ മററ കുററങ്ങളാരോപിച്ചു നടപടി എടുത്തിട്ടുണ്ടോ; അവരെ സർവ്വീസിൽനിന്നും പിരിച്ചയച്ചിട്ടുണ്ടോ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) അതാതു ഡിസ്ട്രിക്ടുകളിലുള്ള ഡി. എസ്സ്. പി. മാരുടെ കീഴിൽ റിസർവ്വ് ക്യാമ്പുകളുടെ ചാർജ്ജുവഹിക്കുന്ന ആഫീസർമാരാണ്.

(ബി) ൧൯൫൨ ആഗസ്റ്റിൽ ട്രാവൻകൂർബാങ്കിൽ 'സേവിംഗ്സ ബാങ്ക് അക്കൌണ്ടിൽ' ൮൦൦൦ രൂപയും, രൊക്കം ക്യാഷായി ൪൨൭൧ രൂ. ൧൪ അണ ൨ പൈസയും ഉണ്ടായിരുന്നു.

(സി) 'മെസ്സ്ഫണ്ട്' താഴെ പറയുന്ന രീതികളിലാണു സംഭരിക്കപ്പെടുന്നതു്:

(൧) പാത്രങ്ങൾ വാങ്ങുക, അവയുടെ കാലാകാലങ്ങളിലുള്ള അററകുററങ്ങൾ തീർക്കുക, ഉപയോഗശൂന്യമായവയെ മാററി പുതിയവ വാങ്ങുക മുതലായവയ്ക്കുള്ള മാസവരി;

(൨) മെസ്സ് ചെലവിനെ വീതിച്ച് വീതങ്ങളായി വരുന്ന ചില്ലറ തുകകളെ മുഴുവനാക്കുന്നതിലുള്ള മിച്ചം;

(൩) ഉപയോഗശൂന്യമായ പാത്രങ്ങളേയും മെസ്സിനു ആവശ്യമുള്ള സാധനങ്ങൾ വാങ്ങുമ്പോൾ അവ പൊതിഞ്ഞുവരുന്ന കവറുകൾ മുതലായവയേയും ലേലം ചെയ്തു കിട്ടുന്ന തുക.

(ഡി) മെസ്സ്ഫണ്ടിന്റെ മേൽനോട്ടത്തിന് ആരെയും തിരഞ്ഞെടുത്തിട്ടില്ല. എങ്കിലും ഫണ്ടിന്റെ മററ ആദായമുള്ള വസ്തുവകകളുടേയും കണക്കുകൾ ശരിയാണോ എന്നു നോക്കുന്നതിന് ടി ഫണ്ടിലേയ്ക്കു വരി നൽകുന്നവരിൽനിന്നും തിരഞ്ഞെടുത്തിട്ടുള്ള ഒരു കമ്മിററി രൂപീകരിച്ചിട്ടുണ്ട്.

(ഇ) ഊളൻപാറ റിസപ്ഷൻക്യാമ്പിൽ ൨൨-൧-൧൧൨൭-ൽ നടത്തിയ തിരഞ്ഞെടുപ്പിൽ, ജൂലൈമാസത്തിലേക്കുള്ള മെസ്സ് കമ്മിററി യംഗങ്ങളിൽ ചില വ്യക്തികളെ മെസ്സ്ഫണ്ട് കമ്മിററിയിലേയ്ക്കു തിരഞ്ഞെടുത്തു. അധികാരികൾ ഈ നടപടിയെ എതിർത്തില്ല.

(എഫ്) ഇല്ല. വളരെ മുൻപുതന്നെ തിരഞ്ഞെടുക്കപ്പെട്ടവരിൽ ചിലരുടെ സ്വഭാവത്തെയും നടപടികളെയും നിരീക്ഷണം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. നിയമരഹിതവും സംശയാസ്പദവുമായ പ്രവൎത്തനങ്ങളെപ്പററി പരിപൂൎണ്ണബോദ്ധ്യം വന്നതിനുശേഷം അപ്രകാരമുള്ളവരുടെമേൽ നടപടി നടത്തിയിട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്) ഇല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: മെസ്സ്ഫണ്ട് കണക്കുകൾ പരിശോധിക്കാൻ റിസപ്ഷനിൽനിന്നും ആളുകളെ തിരഞ്ഞെടുക്കാൻ തുടങ്ങിയിട്ടു എത്ര കാലമായി?

ശ്രീ. ടി. എം. വർഗ്ഗീസ്: സൂക്ഷ്മമായി അറിഞ്ഞുകൂടാ. കുറെക്കാലമായിട്ട് അങ്ങനെയാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: മെസ്സ്ഫണ്ടിന്റെ കണക്കുകൾ പരിശോധിക്കുവാനായി പ്രത്യേകം കമ്മിററിയെ തിരഞ്ഞെടുക്കാറുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: മെസ്സ്ഫണ്ടിലേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കമ്മിററിക്ക് അതിന്റെ കണക്കുകൾ നോക്കുവാനുള്ള അധികാരം കൂടിയുണ്ട്. അവിടെ താമസിക്കുന്ന ആളുകളിൽനിന്നും തിരഞ്ഞെടുക്കുന്ന കമ്മിററിക്ക് ആ ഫണ്ടിനെ നോക്കുന്നതിനും, ഭക്ഷണസംബന്ധമായ മററു കാൎയ്യങ്ങൾ നിയന്ത്രിക്കുന്നതിനും അധികാരമുണ്ട്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അപ്പോൾ ഇതിനു രണ്ടിനുമായിട്ടു രണ്ടു കമ്മിററി ഇല്ലെന്നാണോ പറയുന്നത്?

ശ്രീ. ടി. എം. വർഗ്ഗീസ്: രണ്ടുകമ്മിററിയുണ്ട്. ഒന്ന്, പൊതുവേയുള്ള ഒരു കമ്മിററി; മററത്, അതുകൂടാതെ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഒരു ചെറിയ കമ്മിററി. ഈ കമ്മിററി അവിടത്തെ കാൎയ്യങ്ങൾ കൂടുതലായി നിയന്ത്രിക്കുകയും മററു ഭക്ഷണസംബന്ധമായ കാൎയ്യങ്ങൾ പരിശോധിക്കുകയും ചെയ്യുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഈ കമ്മിററിക്കാർ എന്നെങ്കിലും കണക്കു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഉണ്ട്. തൃപ്തികരമാണെന്നു കണ്ടിട്ടുമുണ്ട്. വല്ല തെററും ഉണ്ടെങ്കിൽ അതു തിരുത്തുക പതിവാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ജൂലൈ ൧൧-ാംനു- തിരഞ്ഞെടുത്ത കമ്മിററി അസാധുവാണെന്നു ഡി. എസ്സ്. പി. പറയുകയും, ൧൨-ാംനു- വേറെ ഒരു കമ്മിററിയെ തിരഞ്ഞെടുക്കുകയും ചെയ്തില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: മെസ്സ്ഫണ്ടിന്റെ കണക്കു പരിശോധിക്കുന്നതിനു് പൊതുവെ ഒരു കമ്മിററിയില്ല. ഇതിലേയ്ക്കു് ഓരോ സ്ഥലത്തും പ്രത്യേക കമ്മിററിയാണുള്ളതു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഞാൻ ഉരുളൻപാറ കമ്മിററിയെപ്പററിയാണു ചോദിച്ചതു്.

ശ്രീ. ടി. എം. വർഗ്ഗീസ്: അവിടെ രണ്ടാമതു് തിരഞ്ഞെടുപ്പു നടത്തിയതായി അറിവില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഉരുളൻപാറയിൽ ൨൯-ാം നു- ഒരു കമ്മിററിയെ തിരഞ്ഞെടുക്കുകയും, ആ കമ്മിററി അസാധുവാണെന്നു ഡി. എസ്. പി. അഭിപ്രായപ്പെട്ടതനുസരിച്ചു് ൨൧-ാം നു- വീണ്ടും ഒരു തിരഞ്ഞെടുപ്പു വയ്ക്കുകയും, അപ്പോൾ മുൻപു തിരഞ്ഞെടുത്ത മൂന്നുപേരെ തന്നെ വീണ്ടും തിരഞ്ഞെടുക്കുകയും ആ മൂന്നുപേരുടെ പേരിൽ, അവർ കമ്മ്യൂണിസ്ററുകാരാണെന്നു പറഞ്ഞു് നടപടി നടത്തുകയും അവരെ മാററുകയും ചെയ്തിട്ടുള്ളതായി അറിയാമോ?

Mr. Speaker: That question is disallowed.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഉരുളമ്പാറ പോലീസ് ക്യാമ്പിൽ ഒരു മെസ്ഫണ്ടു് ഉള്ളതും ആ ഫണ്ടിനെ ഒരു കമ്മിററിയാണു് നിയന്ത്രിക്കുന്നതെന്നും പറഞ്ഞു. എന്നാൽ ആ കമ്മിററിയെ തിരഞ്ഞെടുത്തതു് ഏതു തീയതിയാണെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ആ ഫണ്ടിന്റെ കാര്യത്തിലേക്കായിട്ടു് ഒരു കമ്മിററിയെ തിരഞ്ഞെടുത്തിട്ടുണ്ടു്. ആ കമ്മിററിയെ തിരഞ്ഞെടുത്തതു് ഏതു തീയതിയാണെന്നുള്ളതു് നോട്ടീസു കൂടാതെ നിശ്ചിതമായി പറയാൻ നിവൃത്തിയില്ല.

Information as to the exact date when a particular committee was formed has not been gathered because it was not thought necessary or relevant for the purpose of the question.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, കമ്മിററിയുടെ കണക്കുകളും മററും പരിശോധിച്ചിട്ടുണ്ടെന്നു പറഞ്ഞു. ആ കമ്മിററി ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനെ തിരഞ്ഞെടുത്തതു് ഏതു തീയതിയാണെന്നും മററും ചോദിച്ചപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ലെന്നാണു പറയുന്നതു്.

Mr. Speaker: The question does not arise after the Statement of the Member in charge that he does not possess that information.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഉരുളമ്പാറയുള്ള മെസ് ഫണ്ടിന്റെ കണക്കുകൾ പരിശോധിക്കാൻവേണ്ടി നിയമിച്ചിട്ടുള്ള കമ്മിററി ഏതു തീയതിയാണെന്നു് ചോദിച്ചപ്പോൾ ഈ ചോദ്യത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ലെന്നാണു് ഗവണ്മെന്റുഭാഗത്തുനിന്നും മറുപടിലഭിച്ചതു്. പോലീസ്വകുപ്പുമന്ത്രി, ഞാൻ പറയുന്നതു് വിശ്വാസയോഗ്യമായ തെളിവോടുകൂടിയാണെന്നു് വിശ്വസിച്ചിരുന്നുവെങ്കിൽ.......

Mr. Speaker: No information need be imparted to the House.

<u>ശ്രീ. എൻ. രാജഗോപാലൻ നായർ:</u> ൧൧൨൬ ജൂലായി ൨൯-ാംതീയതി മെസ്ഫണ്ടിലേയ്ക്കുവേണ്ടി ഒരു കമ്മിററിയെ തിരഞ്ഞെടുത്തുകൂടാതെ ആ മാസം ൩൧-ാംതീയതി മററൊരു കമ്മിററിയെക്കൂടി തിരഞ്ഞെടുത്തിട്ടുണ്ടോ?

Mr. Speaker: When the question covers the activities of several mess funds distributed throughout Travancore-Cochin and when no specific date is mentioned in the question, is it possible for the member in charge to furnish the information without notice?

<u>ശ്രീ. എൻ. രാജഗോപാലൻ നായർ:</u> ആദ്യത്തെ കമ്മിററി അസാധുവാണെന്നുപറഞ്ഞ് പിരിച്ചുവിടപ്പെട്ടതനുസരിച്ച് രണ്ടാമത്തു് ഒരു കമ്മിററി രൂപീകരിച്ചപ്പോൾ പിരിച്ചുവിടപ്പെട്ട മെംബർമാർ തന്നെയല്ലേ രണ്ടാമത്തും കമ്മിററി അംഗങ്ങളായി വന്നിട്ടുള്ളതു്?

<u>ശ്രീ. ടി. എം. വർഗ്ഗീസ്:</u> ആ വിവരങ്ങൾ ഞാൻ പറഞ്ഞുകഴിഞ്ഞു. ഇതിനെസംബന്ധിച്ചു് മററുവല്ല കൂടുതൽ ചോദ്യങ്ങൾ ചോദിക്കാമെന്നല്ലാതെ ഒരു ചോദ്യംതന്നെ ആവർത്തിക്കുന്നതായാൽ പറഞ്ഞ ഉത്തരം വീണ്ടും പറയുവാനെ നിവൃത്തിയുള്ളൂ. ചോദ്യങ്ങളെ സംബന്ധിച്ചുള്ള പൊതുതത്വത്തിനു് വിരുദ്ധവുമാണു് ആ ചോദ്യങ്ങൾ.

<u>ശ്രീ. എൻ. രാജഗോപാലൻ നായർ:</u> പൊതുവായ രൂപത്തിൽ മാത്രമെ ചോദ്യങ്ങൾ ചോദിക്കാവു എന്നു് റൂൾ ഉണ്ടെങ്കിലും ഒരു ചോദ്യത്തിൽനിന്നും ആ ചോദ്യത്തിൻെറ എല്ലാ വിശദവിവരങ്ങളും അറിയാൻ സാധിക്കാത്തതുകൊണ്ടാണു് അതിനെസംബന്ധിച്ചുള്ള ഉപചോദ്യങ്ങൾ ചോദിക്കുന്നതു് എന്നറിയാമോ? മെസ്ഫണ്ടിൻെറ കണക്കുകളെ സംബന്ധിച്ചിടത്തോളവും അവയെപ്പററി അറിയാവുന്ന കീഴ്സിൽബന്ധികളെക്കൊണ്ടു് പരിശോധിപ്പിക്കാൻ പാടില്ലെന്നു് വിചാരിച്ചുകൊണ്ടല്ലേ മേലധികാരികൾ അവരെ അതിൽനിന്നും ഒഴിവാക്കിയതും ഉപദ്രവിക്കാൻ ഒരുങ്ങിയതും. മാത്രമല്ല, രണ്ടാമത്തു തിരഞ്ഞെടുക്കപ്പെട്ട കമ്മിററി അംഗങ്ങൾ കമ്മ്യൂണിസ്ററുകാരാണെന്നും മററും ഉള്ള ആരോപണങ്ങൾവച്ചുകൊണ്ടു് അവരെ നടപടികൾക്കു് വിധേയരാക്കിയിട്ടില്ലേ?

<u>ശ്രീ. ടി. എം. വർഗ്ഗീസ്:</u> കമ്മ്യൂണിസ്ററുകാരാണെന്നുള്ള കാരണത്താൽ അല്ല നടപടി എടുത്തിട്ടുള്ളതു്. അവരുടെ പ്രവൃത്തികളെ ആസ്പദമാക്കിയാണു് ഗവണ്മെൻറ് നടപടി എടുത്തതു്.

<u>ശ്രീ. എൻ. രാജഗോപാലൻ നായർ:</u> കമ്മ്യൂണിസ്ററുകാർ എന്ന പേരിൽ ഈ കമ്മിററി അംഗങ്ങളെ ശിക്ഷിക്കുന്നതു് പോലീസിൻെറ മൊറയിലിനുതന്നെ——

Mr. Speaker: You can put questions in the proper way. The Hon. Member will remember the answer given, namely, that on account of communist activities no action was taken against any.

ശ്രീ. എൻ. രാജഗോപാലൻ നായർ: മെസ്ഫണ്ടിന്റെ കണക്ക പരിശോധിക്കാൻ വരുന്ന കീഴ്ഉദ്യോഗസ്ഥന്മാർ കമ്മ്യൂണിസ്റ്റുകാരാണെന്നു പറഞ്ഞ് അവരെ ശിക്ഷിക്കുന്നതു ശരിയാണോ?

Mr. Speaker: You may put a specific question.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഡിപ്പാർട്ടുമെന്റിന്റെ ഭരണപരമായ കാര്യങ്ങളെപ്പറ്റി ഈ നിയമസഭയിൽ ചോദിക്കാതെ പിന്നെ എവിടെച്ചെന്നു ചോദിക്കുന്നമെന്നാണ് പറയുന്നതെന്നു് അറിഞ്ഞാൽകൊള്ളാം.

Mr. Speaker: I am not standing in the way of the Member. Is it a question to be asked on the floor of the House? Several questions arise in the mess arrangements. The nature of the enquiry and other details connected with the same cannot be answered on the floor of the House.

ശ്രീ. സി. അച്യുതമേനോൻ: നിയമവിരുദ്ധവും സംശയാസ്പദവുമായ തരത്തിലായിരുന്നു കീഴ്സിൽബന്ധികളുടെ നടപടികൾ എന്നാണെങ്കിൽ, ആ നടപടികളുടെ പ്രകൃതമെന്താണെന്നു പറയാമോ?

Mr. Speaker: If the Minister is in a position to answer, he can do so.

ശ്രീ. സി. അച്യുതമേനോൻ: ഉദയമ്പാറ റിസർവ്വ്ക്യാമ്പിൽ കുറച്ചു ആളുകളുടെപേരിൽ നടപടികൾ നടത്തിയിട്ടുള്ളതായി അറിയുന്നു. എന്തുകാരണത്തിന്മേലാണ് ഈ നടപടി നടത്തിയിട്ടുള്ളതെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: നടപടി നടത്തപ്പെട്ട അംഗങ്ങളുടെ പ്രവൃത്തികളും പെരുമാറ്റങ്ങളും മേലധികാരികൾ കുറച്ചുകാലംകൊണ്ടു് ശ്രദ്ധിച്ചുവരികയായിരുന്നു. ഡിസിപ്ലിനു വിരുദ്ധമായിട്ടു് ഇവർ പ്രവൃത്തിച്ചതുമാത്രമല്ല, മററുള്ളവരെക്കൂടി പ്രേരിപ്പിക്കുകയും ചെയ്യുന്നുവെന്നു കണ്ടതുകൊണ്ടാണ് അവരെ ശിക്ഷിച്ചതു്.

ശ്രീ. സി. അച്യുതമേനോൻ: വിരുദ്ധമായിട്ടു എന്താണ് പ്രവൃത്തിച്ചതെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: പൊതുവെ ഡിപ്പാർട്ടുമെന്റിന്റെ ഡിസിപ്ലിനു വിരുദ്ധമായിട്ടാണ് പ്രവർത്തിച്ചുവെന്നു പറയാനേ നോട്ടീസു കൂടാതെ സാധിക്കുകയുള്ളു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കോട്ടയത്തുള്ള പോലീസ്ക്യാമ്പിലെ മെസ്ഫണ്ടിനെപ്പററി എന്തെങ്കിലും പരാതി ഗവണ്മെന്റിനു് ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇല്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: എല്ലാ കമ്മ്യൂണിററികളിൽനിന്നും ആളുകളെ ഈ കമ്മിററിമെമ്പർമാരാകാൻ അനുവദിച്ചിട്ടില്ലേ?

Mr. Speaker: The question need not be answered.

പോലീസുകാരുടെ ആഹാരം.

✽ ൯. [൯] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പോലീസുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) പോലീസു റിസർവുക്യാമ്പുകളിൽ സാധാരണ പോലീസുകാർക്ക കിട്ടുന്ന ആഹാരം തൃപ്തികരമല്ലെന്നുള്ള പരാതി ഉണ്ടായിട്ടുണ്ടോ;

(ബി) അവിടങ്ങളിൽ നടത്തപ്പെടുന്ന ഭക്ഷണശാലകളുടെ മേൽനോട്ടം വഹിക്കുന്നവരുടെ ദുർഭരണംമൂലം വലിയ കഷ്ടനഷ്ടങ്ങൾ അവർക്കുണ്ടാവുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽപ്പറഞ്ഞ കുഴപ്പം പരിഹരിക്കുന്നതിനായി ഊളമ്പാറ റിസർവുക്യാമ്പിൽ അവർതന്നെ തിരഞ്ഞെടുത്ത ഒരു കമ്മിററി ഭക്ഷണ കാര്യങ്ങളിൽ മേൽനോട്ടം വഹിച്ചതിൻെറ ഫലമായി ഒരുമാസം അവക്കു സാധാരണ കിട്ടിക്കൊണ്ടിരുന്നതിൽനിന്നും ഭേദപ്പെട്ട ആഹാരം കുറഞ്ഞ ചെലവിൽ കിട്ടിയിരുന്നോ;

(ഡി) ആ കമ്മിററിയെതന്നെ വീണ്ടും തെരഞ്ഞെടുത്തതിനെ അധികാരികൾ എതിർത്തിട്ടുണ്ടോ;

(ഇ) അതിനുശേഷം കമ്മ്യൂണിസ്ററുകാരാണെന്നു കുററം ആരോപിച്ചു മേൽപ്പറഞ്ഞ കമ്മിററിയിൽപ്പെട്ടവരുടെ മേൽ നടപടി നടത്തിയിട്ടുണ്ടോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഇല്ല.
(ബി) ഇല്ല.

(സി) ഇല്ല. മെസ്മെമ്പർമാർ തിരഞ്ഞെടുത്ത കമ്മിററിയാണ് മെസ് നടത്തുന്നത്. സാധനങ്ങളുടെ വിലവ്യത്യാസം അനുസരിച്ച് മാസംതോറും മെസ്റേററ് വ്യത്യാസപ്പെട്ടുവരുന്നു.

(ഡി) ഓരോമാസവും പുതിയതായി തിരഞ്ഞെടുക്കപ്പെടുന്ന കമ്മിററിയാണ് മെസ്നടത്തുന്നത്. ഒരു കമ്മിററിയെത്തന്നെ വീണ്ടും അംഗങ്ങളായി മറെറാരു കമ്മിററിയിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല.

(ഇ) ഇല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സി-യുടെ ഉത്തരത്തിൽനിന്നും ഓരോമാസവും ഭക്ഷണസാധനങ്ങളുടെ വില അനുസരിച്ച് റേററ് വ്യത്യാസപ്പെടുമെന്നു പറയുന്നു. അവരുടെ പരാതി നല്ല ആഹാരംകൊടുക്കാതെ കുറഞ്ഞതുകയ്ക്കു മെസ് നടത്തുന്നുവെന്നുള്ളതാണ്. ഇതു ശരിയാണോ?

ശ്രീ. ടി. എം. വർഗ്ഗീസ്: സാമാനങ്ങളുടെ വില വ്യത്യാസംനിമിത്തം ഓരോമാസവും വ്യത്യസ്തമായ തുകയാണ് ഓരോരുത്തരിൽനിന്നും മെസ്വകയ്ക്കു ഈടാക്കുന്നതു്. വളരെ ശ്രദ്ധയോടുകൂടി മെസ് നടത്തുന്നതിനു വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ചില മാസങ്ങളിൽ അല്പതുക കൂടി വരുന്നു. ചില മാസങ്ങളിൽ കുറഞ്ഞിട്ടും ഉണ്ട്. അവയുടെ കണക്ക് സഭയുടെ അറിവിനായിട്ട് വായിക്കാം:

	രൂ.	ണ.	പൈ.
൧൯൫൧ ജനുവരി	൧൯	൧൧	൨
ഫെബ്രുവരി	൧൮	൩	൩
മാർച്ചു്	൧൭	൬	൩
ഏപ്രിൽ	൧൮	൧൪	൬
മെയ്	൨൦	൫	൦
ജൂൺ	൧൭	൧൨	൨
ജൂലായ്	൧൩	൧	൩
ആഗസ്റ്റ്	൧൫	൨	൧൦
സെപ്റ്റംബർ	൧൫	൦	൬

മെസ് ഫണ്ടിനെസംബന്ധിച്ചിടത്തോളം മേലധികാരികൾ അപ്പോഴപ്പോൾ പരിശോധനനടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ൧൮-ൽ ചില്വാനമോ ൧൭-ൽ ചില്വാനമോ രൂപാ ഒരുമാസത്തേക്കു് ഒരാൾക്കു് മെസിൽ കൊടുത്തുകൊണ്ടിരിക്കെ ഒരു മാസത്തിൽ ൨൦-ൽ ചില്വാനം രൂപാ കൊടുക്കേണ്ടിവന്നതിന്റെ കാരണം അന്വേഷിക്കുകയും ഉത്തരവാദികളായ ആളുകളുടെ അജാഗ്രതനിമിത്തമാണു് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്നു് മനസ്സിലാക്കുകയും ചെയ്തതിന്റെ ഫലമായി ഡിപ്പാർട്ടുമെന്റിൽനിന്നും ശിക്ഷ നൽകിയിട്ടുണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഉരുളമ്പാറ പോലീസ് ക്യാമ്പിൽ സ്പെഷ്യലായിട്ടു് ഒരു ഡർബാർ നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അറിവില്ല.

ശ്രീ. എ. താണുപിള്ള: പോലീസുകാർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയോടു പ്രത്യേക അനുഭാവം കാണിച്ചതായി അറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ അറിവില്ല.

ശ്രീ. എ. താണുപിള്ള: രാഷ്ട്രീയകക്ഷികളോടു പോലീസുകാർ പ്രത്യേകതാല്പര്യം പ്രദർശിപ്പിക്കുന്നതിനെ തടയാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: തടയണമെന്നുള്ളതുതന്നെയാണു് ഗവൺമെന്റിന്റെ നയം. പോലീസുകാർ ഏതെങ്കിലും പാർട്ടിയോടു അനുകൂലം പ്രദർശിപ്പിക്കുന്നുവെങ്കിൽ അതിലേക്കു വേണ്ട നടപടി എടുത്തു പ്രതിവിധി ഉണ്ടാക്കുന്നതായിരിക്കും.

Election Propaganda.

❋ 4. [4] **Shri K. Bhanu:** Will the Minister for Elections be pleased to state:

(*a*) whether any arrangement was made by the Government to detect if any Government servant took part in the election propaganda for any party during the bye-election at Chavara; and

(*b*) was there any complaint from any party?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) Government has issued a general circular in strong terms during the General Elections to the effect that Government servants should not under any circumstances either take sides with any candidate or political party or directly or indirectly promote the interests of any candidate and that all officers charged with election work should be absolutely impartial in carrying out the duties entrusted to them. The above circular holds good in the case of the Chavara bye-election also and has been followed by all the officers concerned.

(*b*) Yes, there were certain complaints.

Shri K. Bhanu : May I know if anybody has been taken note of for violating such instructions ?

Shri Panampilli Govinda Menon : Nobody has been detected of violating the instructions given.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഏതു പാർട്ടിയിൽനിന്നുമാണ് ഇങ്ങനെ പരാതി ലഭിച്ചിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പരാതികളിൽ ഒരെണ്ണം മി. ശ്രീകണ്ഠൻ നായരിൽനിന്നുമാണ്. വേറെ ഒന്ന് ആരുടെതാണെന്ന് ഓർമ്മയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കിട്ടീട്ടുള്ള പരാതികൾ അനുസരിച്ച് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നടത്തിയിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : കഴിഞ്ഞ കൊല്ലം ഇലക്ഷൻ വർക്കിനെ സംബന്ധിച്ചിടത്തോളം ഒരു പാർട്ടിക്കാരുടെമേൽ പരാതി ഉണ്ടായിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : ആ പരാതി കിട്ടിയത് ഏതു തീയതിയാണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തീയതി പറയാൻ നിവൃത്തിയില്ല. എങ്കിലും ഇലക്ഷനു മുമ്പാണെന്നു തോന്നുന്നു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഇലക്ഷൻ നടന്ന കാലത്ത് സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് രാഷ്ട്രീയപ്രവർത്തനം നടത്താമെന്നാണോ മനസ്സിലാക്കേണ്ടത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. ഇലക്ഷനെ സംബന്ധിച്ചുള്ള ചോദ്യത്തിൽ മററു കാര്യങ്ങളെപ്പററി പറയാൻ പാടില്ല എന്നാണ് മനസ്സിലാക്കേണ്ടത്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ പരാതികളെപ്പററി അന്വേഷണം നടത്തിയത് രഹസ്യമായിട്ടാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രഹസ്യമായിട്ടല്ല, ഡിപ്പാർട്ടുമെൻറലായിട്ടാണ്. അതായത് റവന്യൂബോർഡു മുഖാന്തിരമാണ് പാർവ്വത്യകാരെപ്പററിയുള്ള അന്വേഷണം നടത്തിയത്.

ശ്രീ. പ്രാക്കുളം ഭാസി: കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് പോലീസുകാർ പ്രചരണാർത്ഥം വാൾപോസ്ററുകൾ ഒട്ടിച്ചുവെന്നുള്ളതു സംബന്ധിച്ച് പരാതികൾ ഉണ്ടായിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പല പരാതികളും ഉണ്ടായിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: കൊല്ലം സബ് ഇൻസ്പെക്ടർ ഇതിൽ ഇടപെട്ടു എന്നു പറയുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ഗവണ്മെൻറിൽ നിന്നും വേതനം പററികൊണ്ടിരിക്കുന്ന മന്ത്രിമാർ ഇതിൽ ഇടപെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പരാതി അയച്ച ആളുകൾ എവിടെയാണ് തെളിവു ഹാജരാക്കേണ്ടത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എവിടെ പരാതികൊടുത്തോ, അവിടെ ഹാജരാക്കണം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ അന്വേഷണം നടത്തിയ രീതി എങ്ങനെയാണെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടു കംപ്ലെയിൻറ്സ് കിട്ടിയിട്ടുണ്ട്. അതിനെപ്പററി എൻക്വയറി നടത്തിയിട്ടുമുണ്ട്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പരാതിതന്ന ആളിനെ അറിയിക്കാതെയാണ് എൻക്വയറി നടത്തിയതെന്നറിയാമോ?

Mr. Speaker: Is it presumed that he was not asked?

Shri N. Raghava Kurup: I have definitely put the question whether the complainant has been questioned and asked to give evidence. The Minister replied that he might have been asked. No definite reply was given.

Mr. Speaker: Was the complainant asked?

Shri Panampilli Govinda Menon: I have no information.

Food Grains.

✱ 5. [5] **Shri K. Bhanu:** Will the Minister for Civil Supplies be pleased to state:

(*a*) the quantity of food grains received during the current year from the Central Government till the end of September 1952;

(*b*) the quantity distributed in different taluks of our State;

(*c*) the quantity destroyed in transit; and

(*d*) the quantity kept in reserve?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) The quantity of food grains received during the current year by the Food Department from the Central Government till the end of September 1952 is as follows: 2,81,604 tons of rice and 57,216 tons of wheat including wheat flour.

(*b*) A quantity of 2,37,870 tons of rice and 64,711 tons of wheat have been distributed till the end of September.

(*c*) The shortage in transit will be worked out only after the movement of the year's quota is completed.

(*d*) The stock with Government as on the 19th October 1952 is as follows:

1,03,973 tons of rice and
3,921 tons of wheat.

Shri K. Bhanu: May I know who will account for such destruction in transit?

Shri Panampilli Govinda Menon: Shortage in transit is allowed to a certain extent; if the shortage exceeds that limit, then the contractors responsible for the movement of rice will be held liable.

Shri K. Bhanu: Is the quantity supplied by the Central Government sufficient for giving full ration in our State?

Shri Panampilli Govinda Menon: As it is, it is sufficient at the present rate.

അദ്ധ്യാപകന്മാരുടെ നിയമനം.

* ൩. [൩] ശ്രീ. ഏ. എൽ. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) യാതൊരുവിധമായ നോട്ടിഫിക്കേഷനും കൂടാതെ ൧൨ അദ്ധ്യാപകന്മാരുടെ ഒഴിവുകളിലേയ്ക്കു ഇരിങ്ങാലക്കുട ഡിവിഷൻ സ്കൂൾ ഇൻസ്പെക്ടർ സ്വേച്ഛാനുസരണം നിയമനം നടത്തിയതായുള്ള പരാതികൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമനങ്ങളെപ്പററി അന്വേഷണം നടത്താൻ തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) അന്വേഷണം നടത്തി വേണ്ട നടപടി എടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഏ. എൽ. ജേക്കബ്ബ്: കമ്മ്യൂണൽ ജി. ഒ. അനുസരിച്ചാണോ ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളത്?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയൊരു നിയമം ഇപ്പോൾ നിലവിലില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഇവിടെ പബ്ലിക്കസർവ്വീസു കമ്മിഷൻ ഉള്ളപ്പോൾ ഡിവിഷൻ ഇൻസ്പെക്ടർമാക്ക് ഈ അധികാരം കൊടുത്തതു എന്തുകൊണ്ടാണ്?

ശ്രീ. എ. ജെ. ജാൺ: തൽക്കാലം ഉള്ള ഒഴിവുകളിൽ നിയമനങ്ങൾ നടത്താൻ ഡിവിഷൻ ഇൻസ്പെക്ടർമാക്ക് അധികാരം കൊടുത്തു. അതു പബ്ലിക്കസർവ്വീസ് കമ്മിഷന്റെ നിർദ്ദേശം അനുസരിച്ചാണ്. പബ്ലിക്കസർവ്വീസു കമ്മിഷൻ സ്ഥിരം നിയമനം നടത്തുമ്പോൾ ഇപ്പോൾ നിയമിക്കപ്പെട്ടിട്ടുള്ളവർ പിരിഞ്ഞുപോകേണ്ടതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ നിയമനങ്ങൾ പബ്ലിക്കസർവ്വീസുകമ്മിഷൻ നിയമം അനുസരിച്ചു പേരു രജിസ്റ്റർചെയ്തിട്ടുള്ള ആളുകളുടെ അവകാശങ്ങളെ ബാധിക്കുകയില്ലേ?

ശ്രീ. എ. ജെ. ജാൺ: ഇല്ല. ഇതു ടെമ്പററിയായിട്ടുള്ള നിയമനമാണെന്നു ഞാൻ പറഞ്ഞു കഴിഞ്ഞു.

ശ്രീ. എൻ. രാജഗോപാലൻ നായർ: അപ്പോൾ നമ്മുടെ സ്റ്റേറ്റിൽ ആവശ്യമുള്ള നിയമനങ്ങൾ നടത്താൻ പബ്ലിക്കസർവ്വീസു കമ്മിഷനു യോഗ്യത ഇല്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

Mr. Speaker: That is a different matter altogether.

ശ്രീ. എ. താണുപിള്ള: ഇങ്ങനെ നിയമിക്കപ്പെട്ട ആളുകൾ ജോലിയിൽ ഇരിക്കുന്ന കൂടുതൽ കാലാവധി എത്രയാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഏകദേശം മൂന്നുമാസത്തിൽ കൂടുതൽ വരികയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ പരാതി എന്നു ലഭിച്ചു?

ശ്രീ. എ. ജെ. ജാൺ: ൧൪-൨-൧൨൭-ൽ ലഭിച്ചു. ഏകദേശം ൨൫൦ പേരെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ നിയമിക്കേണ്ടതായിട്ടുണ്ട്. അതിൽ നാന്നൂറോളം പേരെ നിയമിച്ചു. ബാക്കിയുള്ളവർക്കു ഇന്റർവ്യൂ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: നിയമനംനടത്താൻ എത്രകാലം വേണ്ടിവരും?

Mr. Speaker: Question disallowed.

District Munsiffs.

✻ 7 [7] **Shri A. L. Jacob:** Will the Minister for Home Affairs be pleased to state:

(*a*) whether candidates were selected in 1950 from Advocates for appointment as District Munsiffs;

(*b*) how many were selected;

(*c*) why were they so selected;

(*d*) how many of them were absorbed in service ;

(*e*) whether any Advocate was appointed from outside the list ; if so, why ;

(*f*) do the Government propose to appoint the remaining candidates in the list before any appointment is made from outside the list ;

(g) what is the present ratio of appointment from service and the Bar ; and

(*h*) has the Government any idea to change the ratio ?

Minister for Home Affairs **(Shri T. M. Varghese)** :

(*a*) Yes.

(*b*) 12.

(*c*) For appointment as Munsiffs, when vacancies arose.

(*d*) 5.

(*e*) No.

(*f*) The persons selected will be appointed when their turn comes, except two who have expressed their unwillingness to be appointed.

(g) 1:3 as per the rules in force in the Travancore area before the integration.

(*h*) Not at present.

Shri A. Thanu Pillai : Am I right in understanding that some persons outside the list were appointed.

Shri T. M. Varghese : No.

Shri A. Thanu Pillai : Are five out of these twelve persons yet to get into service ?

Shri T. M. Varghese : Two have given up their claims. The other five are to be appointed.

Shri A. Thanu Pillai : What would be the approximate period during which Government expects these five persons also to be absorbed ?

Shri T. M. Varghese : That will depend upon the chances that may arise.

Shri A. Thanu Pillai : May I know why 12 were selected so early as 1951, while we see that 5 have not yet been absorbed even now ?

Shri T. M. Varghese : Advertising and calling for applications for appointment might cause delay in filling up the vacancies immediately after they occur. That was the main reason. It was thought that it would be better to have a list of competent persons so that they might be readily appointed when vacancies occurred.

Shri A. Thanu Pillai : May I know whether Government were in possession of information regarding probable vacancies during a period of six months from the date on which this notification was published.

Shri T. M. Varghese: The calculation of the probable vacancies that might occur in the near future was not made.

Shri A. Thanu Pillai: May I know whether Government realise that during this long period, many other members of the Bar might get themselves better-equipped for the post of Munsiffs than these 12 persons? Why should such competent men be kept out to favour a dozen persons in this manner?

Shri T. M. Varghese: The initiative in this matter was taken by the Public Service Commission in consultation with the Government. Government do not find any reason for changing the policy.

Shri A. Thanu Pillai: Do Government realise that it is helpless in changing the policy now?

Shri T. M. Varghese: There is no such feeling on the part of Government. Only Government do not think it necessary to change the policy.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇപ്പോഴും മുൻസിഫന്മാരുടെ വെക്കൻസികൾ എത്രയുണ്ടെന്നു പറയാമോ?

ശ്രീ ടി. എം. വർഗ്ഗീസ്: അറിഞ്ഞുകൂടാ.

ശ്രീ. എ. കുഞ്ഞൻനാടാർ: ഷഷ്ടിപൂർത്തി കഴിഞ്ഞിട്ടുള്ള ആളുകളെ ഉദ്യോഗത്തിനെടുക്കുമോ?

Mr. Speaker: Question disallowed.

Shri N. Raghava Kurup: Is there any age-limit for the appointment of Munsiffs?

Shri T. M. Varghese: With regard to these people, age restriction does not apply, since they were selected already.

Shri N. Raghava Kurup: Is it not the rule that the provision regarding age limit will apply to persons at the time of appointment?

Shri T. M. Varghese: In regard to these people, age limit will not act as a bar.

ശ്രീ. ടി. കെ. ദിവാകരൻ: ഏജ് ലിമിറ്റിൽനിന്നും ഒഴിവാക്കുന്നതിനായിട്ടാണോ ഈ പന്ത്രണ്ടുപേരെ നേരത്തെ എടുത്തത്?

ശ്രീ. ടി. എം. വർഗ്ഗീസ്: അല്ല.

Shri N. Rajagopalan Nair: After coming for selection as Munsiffs it is said that two persons have expressed their unwillingness to be appointed. May I know the reason why they declined the appointment?

Shri T. M. Varghese: Evidently they don't want this appointment.

Shri N. Rajagopalan Nair: Is there any specific reason?

Shri T. M. Varghese: What reason has compelled them to get back from the offer is not known to the Government.

ശ്രീ. പ്രാക്കുളം ഭാസി: പ... പതിനഞ്ചു മുൻസിഫ്മാരെയും പത്തുനാൽപതു ഇൻസ്പെക്ടർമാരെയും ഇങ്ങിനെ നേരത്തെ നിയമിച്ചാൽ വേക്കൻസി വരാതിരുന്നാൽ സ്റ്റേറ്റിന്റെ നില എന്താണ്? (ചിരി)

(മറുപടിയില്ല)

West Coast Fisheries.

⁂ 8. [8] **Shri P. S. Nataraja Pillai:** Will the Minister for Finance & Civil Supplies be pleased to state:

(*a*) The amount invested by Government in the West Coast Fisheries Ltd., after its management was taken over by Government;

(*b*) Whether the assets of this company were valued when the management of the company was taken over by Government, if so, the amount fixed as value;

(*c*) is the Government responsible for the liabilities of the company; and

(*d*) Is the company doing any work and if so the receipts after Government took up the management?

Minister for Finance and Civil Supplies: **(Shri Panampilli Govinda Menon):**

(*a*) The amount of loan actually granted to the West Coast Fisheries Ltd., after its management was taken over by Government is Rs. 2,73,087.

(b) The assets were valued and are estimated to be worth Rs. 11,46,190.

(*c*) Government are not responsible for the liabilities, if any, of the Company.

(*d*) Out of the amount of Rs. 2,73,087 given on loan to the Company by Government an amount of Rs. 1,59,036-7-0 was used for payment to Messrs. Volkart Bros., on account of the price of the cold storage plant ordered from them. The plant was taken delivery of and is with the West Coast Fisheries Ltd. The trawlers belonging to the Company are now being repaired under the supervision of Japanese experts. As soon as the trawlers are repaired, they will be put to sea and fishing will begin. I may add that my information is that they will be put to sea immediately.

Shri P. S. Nataraja Pillai: May I know what the liabilities were when the management was taken over by Government?

Shri Panmpilli Govinda Menon: Sir, I must have notice to give these details about a Corporation which is not directly under the administrative responsibility of Government. But I don't shirk the responsibility. If notice is given I shall find out and give the hon. Member the information required.

Shri P. S. Nataraja Pillai: Sir, my question was with reference to part (c) "Is the Government responsible for the liabilities of the company?"

Mr. Speaker: But the answer was in the negative.

Shri P. S. Nataraja Pillai: Sir, I wanted to know whether they have enquired about the liabilities of the Company. What is the total capital invested by Government in this Company?

Shri Panampilli Govinda Mneon: The present value of the capital invested, as I said, is about Rs. 12 lakhs.

Shri P. S. Nataraja Pillai: What is the amount of total investment?

Shri Panampilli Govinda Menon: Government have shares to the value of Rs. 5 lakhs in the Company.

Shri P. S. Nataraja Pillai: What is the other share value of the company as apart from the Government shares?

Shri Panampilli Govinda Menon: I want Notice.

Shri P. S. Nataraja Pillai: Was the present advance made after enquiring into the management of the company and its assets when it was taken over by Government and is there any possibility of realising the present advance?

Shri Panampilli Govinda Menon: Sir, advances were made because it was thought that the West Coast Fisheries must be put to work, that is to say, they must resort to fishing. It was also thought by Government that to rehabilitate the Company an amount should be advanced to the company by way of loan considering the important activities on which they proposed to embark.

Shri P. S. Nataraja Pillai: Is it with the view that this is a national scheme that the Government are making themselves responsible for the management? Will it not be stated that the Government make themselves responsible for the management?

Shri Panampilli Govinda Menon: This West Coast Fisheries Ltd., is a limited corporation. It was being managed by a private agency. Under the management of the private agency its affairs were not all that was desirable. Therefore, the private agency was terminated and the Government took over the management. It was entrusted to a firm considered to be competent and, with the help of certain Japanese experts, work is going to be started. For that purpose it was found that a Cold Storage plant was necessary. An amount was advanced to take delivery of the Cold-Storage ordered from Messrs. Volkart Brothers. Government hope to realise the advances made.

Shri Anthonie Andrew Daniel Luiz: Where is it that the Cold-Storage is installed?

Shri Panampilli Govinda Menon: I think it is in Cochin.

ശ്രീ. പി. വി. അവിരാതരകൻ: ഗവണ്മെന്റു അഞ്ചുലക്ഷം രൂപയുടെ ഷെയർ ഈ കമ്പനിയിൽ എടുത്തിട്ടുണ്ടല്ലൊ. ഇപ്പോഴും ഈ കമ്പനിയിലെ ഷെയറിന്റെ മാർക്കറ്റു വാല്യൂ എന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാർക്കറ്റു വാല്യൂ എന്താണെന്നു ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

Non-Official Committees.

※ 9. [9] **Shri P. S. Nataraja Pillai:** Will the Chief Minister be pleased to state:

(a) whether a non-official consultative Committee is constituted for the Neyyattinkara-Vilavancode Community Project Centre;

(b) If so, who are the members;

(c) The principles that guided the nominations; and

(*d*) representatives of that area in the House of People and the Legislative Assembly members of this Committee; if not why?

Chief Minister **(Shri A. J. John)**:

(*a*) A Project Advisory Committee consisting of officials and non-officials has been appointed.

(*b*) A list is appended.†

(*c*) The committe consists of some of the principal officers, public workers, members of the Legislative Assembly, Members of Parliament, etc. of the locality.

(*d*) All of them are not. Those who are opposed to the Community Project have not been included as they cannot be expected to help the implementation of the projects.

Shri P. S. Nataraja Pillai: May I know whether the members selected are members of the house of the People or the State Legislative Assembly of that area?

Shri A. J. John: Some of them are not.

Shri P. S. Nataraja Pillai: May I know whether a member of the House of the People or a Member of this Legislature of that area has not been excluded?

Shri A. J. John: Some who are opposed to the scheme itself are not taken to the Committee.

Shri P. S. Nataraja Pillai: May I know whether Miss Mascarene, a Member of the House of the People, was selected as a member of the Committee for that area?

Shri A. J. John: She was not selected as she was deadly against this scheme.

Shri P. S. Nataraja Pillai: May I know whether Mr. Nesamony was not nominated from that area?

Shri A. J. John: He is in the Committee.

Shri P. S. Nataraja Pillai: Doe he represent that area?

Shri A. J. John: He represents a portion of that area.

Shri P. S. Nataraja Pillai: Is it according to the political opinion or the assessment made by Government of the utility of a member elected from that area that nominations are made?

Shri A. J. John: Nominations are not made on political considerations. Some members are deadly against the scheme and they want to upset the whole scheme. Such members are not nominated.

Shri P. S. Nataraja Pillai: Is the scheme to be worked out with the co-operation of the people or is to be a Government agency or a party agency?

Shri A. J. John: The scheme is expected to be worked out with the full co-operation of the people.

Shri P. S. Nataraja Pillai: If the scheme is to be worked with the co-operation of the people, is not the member representing that area the best one to be in the Committee?

Shri A. J. John: Not for this purpose.

---

† The List has been read out in reply to supplementary questions infra.

Shri P. S. Nataraja Pillai: Why was a particular person discriminated against ?

Mr. Speaker: The answer has already been given that the member is against the scheme.

Shri A. J. John: If that member will give the assurance that she will co-operate with the scheme there is no obejection in nominating her.

Shri P. S. Nataraja Pillai: One question more, Sir. May I know whether the nomination of Messrs. Kunjan Nadar and Gopalan Nair were made along with the first nominations? Or, were they made later on ?

Shri A. J. John: Later on.

Shri P. S. Nataraja Pillai: Why were they excluded from the first list ? Is it on account of their party affiliations ?

Shri A. J. John: There is no difference between the first list and the second list.

Shri P. S. Nataraja Pillai: Sir, the whole thing moves on a party basis.

Shri M. Gopalan Nair: Is not one of the persons nominated a blind man of over seventy-five ?

Shri A. J. John: I don't know.

Shri A. Kunjan Nadar: Who is responsible for the nomination of this Committee ?

Shri A. J. John: The Government.

Shri P. S. Nataraja Pillai: Government means, the Minister or the Executive Officers ?

Shri A. J. John: The Minister and the Executive Officers.

Shri A. Thanu Pillai: May I know whether in the first list the whole Congress Members of the Legislature were not included ?

Shri A. J. John: I am not quite sure on that.

Shri A. Thanu Pillai: May I know also whether any non-Congress Member of the Legislature of that area or any non-Tamil Nad Congress Member of the Legislature of that area was included in the first list ?

Shri A. J. John: Sir, with your permission I shall read the entire list.

Mr. Speaker: Yes.

Shri A. J. John: This is the list :

1. The District Collector, Trivandrum (Chairman)
2. Shri Alexander Manuel Simon, M. L. A., M. S. M. Press, Nagercoil.
3. Shri J. T. Moraes, M. L, A., Advocate, Trivandrum.
4. ,, G. Chandrasekhara Pillai, M. L. A.
5. ,, R. Ponnappa Nadar , M. L. A.
6. ,, M. William, M. L. A.
7. ,, M. Bhaskaran Nair, Advocate.
8. ,, C. P. Raghavan, Secretary, Rural Centre, Thittavelikara.

9. „ A. Nesamony, M. P., Advocate, Nagercoil.
10. „ R. Vasudevan Pillai, Vakil, Neyyattinkara.
11. „ Nilakantaru Krishnaru, Puthusseri Matom, Thannuvachapuram, Kottayayil.
12. Shri G. Bhaskara Panicker, Secretary, S. N. D. P. Union, Balaramapuram.
13. „ Sultan Moideen, Ex-M. L. C., Thengapattanam. Vilavancode.
14. „ N. K. Sukumaran, B. A., B. L., Advocate.
15. „ A. Kunjan Nadar, M. L. A., Parassala.
16. „ M. Gopalan Nair, M. L. A., Nemom.
17. Project Executive Officer, Neyyattinkara-Vilavancode area, (Secretary)

Shri A. Thanu Pillai: May I know where the first list stops and the second list begins ?

Mr. Speaker : The dividing line is not there.

Shri A. Thanu Pillai : My question is definite. I want to know whether all the Congress and Tamil Nad Congress M. L. A's were included in the first list and no Non-Congress and Non-Tamil Nad Congress M. L. A's were taken.

Shri A. J. John : This is the final list.

Shri A. Thanu Pillai : That is not the answer to my question. That shows the mentality of the Government.

Shri Panampilli Govinda Menon : No, Sir, that shows the readiness to correct oneself.

Village Level Workers

* **10.** [10] **Shri P. S. Nataraja Pillai :** Will the Chief Minister be pleased to state :

(*a*) the number of persons recruited for service at village level (subordinate staff) at Neyyattinkara-Vilavancode centre under the Community Project ;

(*b*) the pay and allowances for each category and the number in each category ;

(*c*) the minimum qualifications fixed for these posts ; and

(*d*) the number of persons appointed who are natives of this Project area ?

Chief Minister **(Shri A. J. John) :**

(*a*) Twenty.

(*b*) All the Village Level Workers will be given a scale of pay of Rs. 30-45 plus Dearness Allowance.

(*c*) Diploma in Agriculture or E. S. L. C. or S. S. L. C. with agriculture as optional subject, or E. S. L. C. or S. S. L. C. and training at the Y. M. C. A. Martandam or at the Alwaye Settlement or at the Adult Education Centre, Pattom, or at other similar institutions.

(*d*) Fifteen candidates belong to the Project area. 4 candidates belong to the adjacent taluk of Kalkulam and one candidate belongs to Changanacherry.

Shri P. S. Nataraja Pillai: May I know whether there were complaints that persons with sufficient qualifications and training from the Adult Education Centre were not selected ?

Shri A. J. John: They were selected by a Committee.

Shri P. S. Nataraja Pillai : My question is whether any Complaints have come to the notice of the Government ?

Shri A. J. John: There were only paper reports regarding such complaints.

Shri P. S. Nataraja Pillai : May I know whether Government were pleased to enquire into the matter in view of these paper reports ?

Shri A. J. John: Government were fully satisfied that the selections were properly done.

Shri P. S. Nataraja Pillai: May I know whether a member of the Congress Party who is also a member of the Council of State made definite allegations on the selection ?

Shri A. J. John : There was an article in some papers. The allegations were baseless.

Shri P. S. Nataraja Pillai : May I know whether that decision was arrived at after an enquiry into the matter was conducted ?

Shri A. J. John: There was no necessity to conduct any enquiry.

WRITTEN ANSWERS.

മലയാളദിനപ്പത്രങ്ങൾ.

* ൧൧. [൧൨] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പോലീസുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് റിസർവ്വ് ക്യാമ്പുകളിൽ മലയാളദിനപ്പത്രങ്ങൾ വായിക്കുന്നതു സംബന്ധിച്ചു് ഏതെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) "നവലോകം" ദിനപ്പത്രം വായിച്ചു എന്ന കാരണത്താൽ ഏതെങ്കിലും പോലീസ് കാൺസ്റ്റബിളിന്റെ മേൽ ശിക്ഷണ നടപടികൾ എടുത്തിട്ടുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഏർപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

* ൧൨. [൧൩] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മിനറൽസ് കമ്പനികളിൽനിന്നും വിദേശങ്ങളിലേയ്ക്കു് ലോഹമണൽ കയററി അയയ്ക്കുന്നതു സംബന്ധിച്ചു് കേന്ദ്രഗവണ്മെൻറും സംസ്ഥാനഗവണ്മെൻറുമായി വല്ലതെങ്കിലും ഉടമ്പടി ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾ എന്തെല്ലാം;

(സി) ഒരു ടൺ മണ്ണ് കയററി അയയ്ക്കുമ്പോൾ കേന്ദ്രഗവണ്മെന്റിനു കിട്ടുന്ന ലാഭമെന്തു്;

(ഡി) സംസ്ഥാനഗവണ്മെന്റിനു ലഭിക്കുന്ന തുകയെന്തു്?

ധനകാര്യവും സിവിൽസപ്ലൈസും കൈകാര്യം ചെയ്യുന്ന മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

(ബി) വ്യവസ്ഥകൾ വെളിപ്പെടുത്തുന്നതു് പൊതുതാൽപര്യങ്ങൾക്കു് ഹാനികരമായിരിക്കും.

(സി) ഒരു ലാഭവുമില്ല.

(ഡി) ഇതു് മണലിന്റെ ഇനം, വില, വള്ളക്കൂലി, കപ്പൽക്കൂലി ഇവയെ ആശ്രയിച്ചിരിക്കും. ഇന്ന തുകയെന്നു ക്ലിപ്തമായി പറയാൻ നിവൃത്തിയില്ല.

Publications of Acts and Rules.

※ 13. [14] **Shri O. C. Ninan** : Will the Minister for Legislation be pleased to state:

(*a*) has the Government published the Acts and Rules in book form from the Government press ;

(*b*) what is the last date of the publication of such a book by Government ;

(*c*) has the Government entrusted that business to any particular person or firm ;

(*d*) will the Government be pleased to publish the remaining Acts and Rules in book form from the Government press ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) Yes.

(*b*) In Travancore the volume containing the Acts, Proclamations, Rules and Notifications up to 1120 end was published in 1946.

Revised editions of Travancore Acts and proclamations, Rules, Notifications, Volumes I and II were published in 1948 and 1949 respectively.

In Cochin volumes containing Acts and proclamations, Rules and Notifications up to the end of 1123 were published in 1949.

After integration volumes containing the enactments passed by the State and Rules passed from 1-6-1950 to 31-12-1950 were published in 1951.

(*c*) No.

(*d*) Yes.

The enactments and Rules passed in 1951 have already been printed and will be shortly published.

Similar volumes are being printed for 1952. A publication containing integrated Acts is in progress.

T. C. L. R. Volumes.

※ 14. [15] **Shri O. C. Ninan :** Will the Minister for Legislation be pleased to state :

(*a*) who is responsible for the publication of the T. C. L. R. volumes. and

(*b*) will the Government be pleased to state the income and expenditure of the Government on that score in 1949, 1950 and 1951 ?

Minister for Home Affairs (**Shri T. M. Varghese**) :

(*a*) There is no T. C. L. R. now. It is now called I. L. R. (Travancore-Cochin series) and is published under the authority of the Government by the Superintendent, Government press, Ernakulam.

(*b*) Statement furnishing the information is laid on the table. †

Gradation of Graduate Teachers.

❋ 15. [16] **Shri O. C. Ninan** : Will the Minister for Education be pleased to state :

(*a*) is there a gradation list of graduate teachers in the department ;

(ഇ) ഇപ്പോഴം നിയമിച്ചിരിക്കുന്ന ആളും അപേക്ഷ അയച്ചിരുന്നോ;

(എഫ്) അപേക്ഷകരിൽ ഇപ്പോഴം നിയമിച്ചിരിക്കുന്ന ആളിനെക്കാളം സീനിയർ ആയുള്ളവർ ഉണ്ടായിരുന്നോ;

(ജി) പബ്ലിക്ക്സർവീസ് കമ്മീഷൻ വീണ്ടും ഉദ്യോഗത്തിന്നപേക്ഷ ക്ഷണിച്ചുകൊണ്ട് പരസ്യം ചെയ്തിരുന്നോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) (i) ഇൻറർമീഡിയററ് കോഴ്സ്.

(ii) പ്രൂഫ് റീഡേഴ്സ്‌വർക്ക് ഹയർ, എം. ജി. ററി. ഇ.

(iii) കമ്പോസിറേറഴ്സ്‌വർക്ക് ലോവർ എം. ജി. ററി. ഇ.

(iv) അക്കൗണ്ട് ടെസ്റ്റ്.

(v) ടൈപ്പ്റൈററിംഗ് സർട്ടിഫിക്കററ് ഡിസ്റ്റിംഗ്ഷനോടുകൂടി.

(vi) ഗവൺമെൻറ പ്രസ്സിൽ ൨൨ കൊല്ലത്തെ സർവ്വീസ്.

(ബി) (i) ബിരുദധാരണം.

(ii) (൧) ഗ്രൂപ്പ് സർട്ടിഫിക്കററ് കമ്പോസിങ്ങ് എം. ജി. ററി. ഇ. അല്ലെങ്കിൽ

(൨) പ്രൂഫ്റീഡിംഗ്ഹയറും, കമ്പോസിംഗ് ലോവറും എം. ജി. ററി. ഇ. അല്ലെങ്കിൽ

(൩) ൧-ലൊ ൨-ലൊ പറയുന്ന യോഗ്യതകളും ഉള്ള ആളുകളും ഇല്ലാത്ത പക്ഷം, അംഗീകാരമുള്ള ഏതെങ്കിലും അച്ചടിശാലയുടെ സർട്ടിഫിക്കററുള്ളവർ.

(സി) ഉണ്ടായിരുന്നു.

(ഡി) ഇല്ല.

(ഇ) അയച്ചിരുന്നു.

(എഫ്) ഉണ്ടായിരുന്നു.

(ജി) ഇല്ല.

Law Report.

※ 72 [96] **Shri R. Ponnappa Nadar**: Will the Minister for Law and Order be pleased to state:

(*a*) why is the publication of the authoritative law report of the Travancore-Cochin High Court stopped;

(*b*) what is the last date of its publication;

(*c*) will its publication be continued;

(*d*) will Government attend to its immediate publication; and

(*e*) has this matter been brought to the notice of the High Court?

Minister for Home Affairs (**Shri T. M. Varghese**):

(*a*) The publication has not been stopped.

(*b*) I. L. R. 1952-Travancore-Cochin, June part was published on 13-10-1952.

(*c*) It is being continued.

(*d*) and (*e*) Do not arise in view of the answer to parts (a) and (c).

Kottar Police Station.

❋ 73 [97] **Shri C. Sankar:** Will the Minister for Home Affairs be pleased to state :

(*a*) the number of cells with the respective dimensions of each in the lock-up of the Kottar Police Station ;

(*b*) the number of persons kept under custody in each cell on the first and the last day of last July, August and September ; and

(*c*) the number of persons who have been under custody for more than (1) six months (2) one year ?

Minister for Home Affairs **(Shri T. M. Varghese):**

(*a*) *Dimensions.*

1.	19 ft.	length	9½ ft.	width and	9¼ ft.	height
2.	9½ ft.	,,	7 ft.	,,	9½ ft.	,,
3.	12 ft.	,,	9½ ft.	,,	9¾ ft.	,,
4.	9½ ft.	,,	7 ft.	,,	9 ft.	,,

(*b*)

	Cell No. 1.	No. 2.	No. 3 &	No. 4.
1st July, No. of prisoners	22	8	14	8
Last day of July ,,	25	8	16	8
1st of August ,,	25	8	16	8
Last day of August ,,	20	7	13	7
1st day of Septr. ,,	20	7	13	7
Last day of Septr. ,,	24	8	15	8

(*c*) Persons in custody for more than 6 months — 18
do. do. one year — 12

Procurement of paddy.

❋ 74 [98] **Shri C. Sankar:** Will the Minister for Food answer the following questions:

(*a*) on what basis is paddy procured by the Government from Thovala, Agasteeswaram, Kalkulam, Vilavancode and Shencottah Taluks and Kuttanad and Trichur District at present?

(*b*) is it true that paddy is procured both from the Jenmies and the tenants in the case of lands leased out ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) & (*b*) Attention of the Member is invited to the Notification No. Fd. 5-4356|52|Fd. D. dated 8-10-1952 published in the Gazette Extraordinary dated 8-10-1952.

Procurement of paddy during Kanni and Kumbhom crops.

❋ 75 [99] **Shri C. Sankar:** Will the Minister for Food be pleased to state :

(*a*) the quantity of paddy procured during the last Kanni and Kumbhom crops in each of the following taluks of Thovala, Agasteeswaram, Kalkulam and Vilavancode ;

(*b*) the quantity of paddy procured in paras during the present Kanni crop till now ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a* & *b*)

		Quantity of paddy procured from the Kanni crop of 1127	*Quantity of paddy procured from the Kumbhom crop of 1127.*	*Quantity of paddy procured from the present Kanni crop up to 4-10-1952.*
1.	Thovala	3,30,618 paras	3,53,469 paras	1,04,519 paras
2.	Agasteeswaram	4,54,005 ,,	3,89,013 ,,	1,09,704 ,,
3.	Kalkulam	2,64,371 ,,	2,31,700 ,,	86,812 ,,
4.	Vilavancode	24,848 ,,	16,775 ,,	6,964 ,,

കർഷകതൊഴിലാളികൾ.

* ൧൩. [൧൦൧] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ രാജ്യത്തെ കർഷകതൊഴിലാളികളുടെ കുറഞ്ഞകൂലി കണക്കാക്കപ്പെടേണ്ടതു് അത്യാവശ്യമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) അതിലേക്കു ഉടൻതന്നെ ഒരു മിനിമംവേജസ് കമ്മിററിയെ നിയമിക്കുമോ;

(സി) കുട്ടനാട്ടിലെ കർഷകതൊഴിലാളികളുടെ കൂലി താൽക്കാലികമായി വ്യവസ്ഥചെയ്യുന്നതിനു് ഈ വർഷത്തെ കൃഷിപ്പണി തുടങ്ങുന്നതിനു മുമ്പ് ഒരു ത്രികക്ഷിസമ്മേളനം വിളിച്ചുകൂട്ടുമോ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കർഷകതൊഴിലാളികളുടെ കുറഞ്ഞകൂലി കണക്കാക്കപ്പെടുത്തണമെന്നു ഗവണ്മെൻറ തീരുമാനിച്ചിട്ടുണ്ടു്.

(ബി) ഒരു കമ്മിററിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്.

(സി) ആലോചിക്കാം.

ഹൈറേഞ്ചു് എസ്റ്റേററു് എംപ്ലായീസ് അസോസിയേഷൻെറ യോഗം.

* ൧൧. [൧൦൪] ശ്രീ. കെ. ജെ. തോമസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് അഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇക്കഴിഞ്ഞ തിരുവോണത്തിൻനാൾ മുണ്ടക്കയം മുപ്പത്തഞ്ചാം മൈലിൽ വെച്ചു് High Range Estate Employees' Association-ൻെറ ആഭിമുഖ്യത്തിൽ ഒരു യോഗം കൂടാൻ നിശ്ചയിച്ചിരുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

(ബി) പ്രസ്തുത യോഗം നടക്കുകയാണെങ്കിൽ സമാധാനലംഘനം ഉണ്ടാകാൻ ഇടയുണ്ടെന്നുള്ളവിവരം ഗവണ്മെൻറിനു ലഭിച്ചിരുന്നോ ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഇല്ല.
(ബി) ഇല്ല.

ട്രാവൻകൂർ കൊച്ചിൻ ട്രാവൽ ബ്യൂറോ.

*൧ വ്യ. [൫൦൧] ഡാക്ടർ എൻ. എസ്സ്. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ രാജ്യത്ത് ട്രാവൻകൂർ കൊച്ചിൻ ട്രാവൽ ബ്യൂറോ എന്ന പേരിൽ നടത്തുന്ന സ്ഥാപനം വെളിയിലുള്ള ടൂറിസ്റ്റ ഏജൻറന്മാർ ചെയ്യുന്നമാതിരി ടിക്കററ് ബുക്കിംഗ് മുതലായ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നുണ്ടോ ; ടൂറിസ്റ്റ വ്യവസായം പോഷിപ്പിക്കുന്നതിനായി ഈബ്യൂറോ വല്ലതും ചെയ്യുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്ത്;

(ബി) ഈ സ്ഥാപനത്തിൽ നിന്നും വാടകമുതലായ ഇനത്തിൽ ഗവണ്മെൻറിലേയ്ക്ക് ചെല്ലേണ്ട പണം കാലാകാലത്തിൽ അടച്ചിട്ടില്ലെന്നും അതിലേയ്ക്ക് ബ്യൂറോ ഗവണ്മെൻറിനു അയച്ച ചില ചെക്കുകൾ dishonour ചെയ്തു തിരിച്ചയച്ചതായും ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗവണ്മെൻറ് അതിന്മേൽ എന്തു നടപടി എടുത്തു ;

(സി) ടി സ്ഥാപനത്തിനു കഴിഞ്ഞകൊല്ലം കിട്ടിയ ൫൮, ൦൦൦ യാർഡു തുണിയുടെ കോട്ടാ എങ്ങനെ ഉപയോഗിച്ചു;

(ഡി) ടി സ്ഥാപനത്തിൻെറ കൺട്രോളിൽ ഇരിക്കുന്ന കെട്ടിടങ്ങളുടെ മെയിൻറനൻസ് വക്ക് രണ്ടു ലക്ഷം രൂപായ്ക്ക് ടി സ്ഥാപനത്തിനു തന്നെ കൊടുത്തത് ടെൻഡർ വിളിച്ചതിൻെറ ഫലമായിട്ടാണോ ;

(ഇ) ടി സ്ഥാപനം പലയിടത്തും liquor license ഇല്ലാതെ liquor sales നടത്തുന്നു എന്നുള്ള പരാതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(എഫ്) ഈ സ്ഥാപനങ്ങൾ നടത്തുന്ന കെട്ടിടങ്ങളും ഗവണ്മെൻറ സാമാനങ്ങളും ഇവക്ക് വിട്ടുകൊടുത്തിട്ടുള്ളത് ശരിയായ സെക്യൂറിററി വാങ്ങിച്ചിട്ടാണോ ; ആ സാമാനങ്ങളുടെ ശരിയായ സൂക്ഷിപ്പിനുവേണ്ടി ഗവണ്മെൻറ് വല്ല periodical പരിശോധനയും നടത്തുന്നുണ്ടോ ;

(ജി) ടി സ്ഥാപനം സ്റ്റേററഗസ്ററ് ഡിപ്പാർട്ടുമെൻറിൽ നിന്നും ചേർത്തിട്ടുള്ള വേലക്കാർ ഒഴികെ മററാക്കും ശമ്പളം മാസാമാസം ശരിയായി കൊടുത്തിട്ടില്ലെന്ന പരാതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഉണ്ട്. ബ്യൂറോ ചെയ്യുന്നതിൻെറ ഒരു പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.†

(ബി) ഉണ്ട്. അതിനു വേണ്ട നടപടികൾ എടുക്കുന്നുണ്ട്.

(സി) ൫൮, ൦൦൦ യാർഡ് തുണിയുടെ കോട്ടാ കിട്ടി എന്ന വസ്തുത അവാസ്തവമാണ്.

† Please see Appendix IV,

(ഡി) പ്രസ്തുത വാർത്തയും അവാസ്തവമാണ്.
(ഇ) ഇല്ല.
(എഫ്) അതേ. പരിശോധനയ്ക്കു് ഏർപ്പാട ചെയ്തിട്ടുണ്ട്.
(ജി) ഉണ്ട്.

Agricultural College.

※ 79 [109] **Shri M. William:** Will the Minister for Agriculture be pleased to state:

(*a*) whether Government propose to open an Agricultural College in this State;

(*b*) if so, at what stage is that proposal?

Chief Minister (**Shri A. J. John**):

(*a*) Not now.

(b) Does not arise.

യൂണിവേഴ്സിറ്റി റിഫാംസ് കമ്മിറ്റി.

※ ൮൦. [൧൧൦] ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

യൂണിവേഴ്സിറ്റി റിഫാംസ് കമ്മിറ്റി അംഗങ്ങളുടെ പേരുകൾ പറയാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

പേരുകൾ താഴെ പറയുന്നവയാണ്.

ഡാക്ടർ എ. രാമസ്വാമി മുതലിയാർ
ശ്രീ. പി. ആർ. പരമേശ്വരപ്പണിക്കർ
,, വി. സുന്ദരരാജനായിഡു
,, എ. താണുപിള്ള
,, എൻ. എ. നൂറമുഹമ്മദ്
,, വി. ഒ. മാർക്കോസ്
,, ആർ. ശങ്കർ
,, വി. കെ. കെ. മേനവൻ
,, എൽ. എം. പൈലി
റവ: ഫാദർ താമസ് വില്യം
ശ്രീ. ടി. സി. ശങ്കരമേനവൻ
ഡാക്ടർ സി. എസ്സ്. വെങ്കടേശ്വരൻ
ശ്രീ. മള്ളൂർ കെ. ഗോവിന്ദപ്പിള്ള
,, പി. കെ. കൃഷ്ണപിള്ള
ശ്രീമതി അമ്പാടി കാർത്ത്യായനിഅമ്മ
ശ്രീ. എസ്സ്. ഗോവിന്ദരാജുലു
റവ: ഫാദർ എൽ. ഡി. മർഫി
ശ്രീ. പി. എസ്സ്. ജാർജ്ജ്
,, കൈനിക്കര എം. പത്മനാഭപിള്ള (സിക്രട്ടറി)

Procurement of paddy.

✽ 81 [113] **Shri O. C. Ninan:** Will the Minister for Civil Supplies be pleased to state:

(*a*) is the Government aware that G. P. Tahsildars are issuing notices to holders of paddy lands with an extent of 2 acres and less;

(*b*) how does Government justify this procedure with the policy laid down by the Government in the Press Communique in the matter.

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) & (*b*) The holdings exempted from levy are single crop paddy lands of 2 acres and less and double or treble crop lands of 1 acre and less. There is therefore nothing wrong in the G. P. Ts. issuing notices to holders of double crop lands if the extent is not less than 1 acre.

ഗ്രാൻറ കിട്ടാത്ത സ്കൂളുകൾ.

✽ ൮൨. [൧൧൪] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എയിഡഡു് പ്രൈമറി സ്കൂളുകളിൽ അനുവാദം കൊടുത്തിട്ടും ഗ്രാൻറു് കൊടുക്കാത്തതായി എത്ര ക്ലാസ്സുകൾ ഉണ്ടു്;

(ബി) രണ്ടു കൊല്ലത്തിലധികമായി ഗ്രാൻറ കൊടുക്കാത്ത ക്ലാസ്സുകളുടെ എണ്ണമെത്ര?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഗ്രാൻറിനു് അർഹത സിദ്ധിക്കുന്നതു് തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറിൻെറ അംഗീകാരം കിട്ടിയതിനുമേലാണു്. കൊച്ചിവിഭാഗത്തിൽ പ്രത്യേകമായി ഈ അംഗീകാര നിയമമില്ലെങ്കിലും പ്രത്യേക അനുവാദത്തോടുകൂടിയാണു് ഗ്രാൻറു് കൊടുക്കുന്നതു്. തിരുവിതാംകൂർ-കൊച്ചിയിൽ ഇങ്ങിനെ ഗ്രാൻറ കൊടുക്കാത്തതായി ൩൩൩ ക്ലാസ്സുകൾ ഉണ്ടു്.

(ബി) അർഹത ഉള്ളതിൽ ഒന്നും ഇല്ല. മററു തരത്തിലുള്ള ക്ലാസ്സുകളെപ്പററി ഗവണ്മെൻറിനു വിശദമായ വിവരമില്ല.

പെൻഷൻ കുഴപ്പം.

✽ ൮൩. [൧൧൬] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻപററിയ ഉദ്യോഗസ്ഥന്മാർക്കു് ശരിയായി പെൻഷൻ കിട്ടുന്നില്ലെന്ന ആക്ഷേപം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റിട്ടയർ ചെയ്തു രണ്ടു കൊല്ലത്തിലധികമായിട്ടും പെൻഷൻ കിട്ടാത്ത ഉദ്യോഗസ്ഥന്മാരുടെ എണ്ണമെത്ര;

(സി) കുന്നംകുളം വാട്ടർവർക്ക്സ് ആപ്പീസറായി പെൻഷൻ പററിയ കെ. കുഞ്ചുനായർക്ക് രണ്ടു കൊല്ലമായി പെൻഷൻ കിട്ടിയിട്ടില്ലെന്ന് ഗവണ്മെൻറിനറിയാമോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അപ്രകാരമുള്ള ഏതാനും ചില പരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്.

(ബി) ഉം.

(സി) ഈ ഉദ്യോഗസ്ഥനു പെൻഷൻ അനുവദിക്കാൻ താമസം നേരിടുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉദ്യോഗസ്ഥൻെറ സർവീസുപുസ്തകത്തിൻെറ ഒരു ഭാഗം നഷ്ടപ്പെട്ടതുനിമിത്തം പെൻഷൻ കണക്കാക്കി ഉടൻ തിട്ടപ്പെടുത്താൻ നിവൃത്തിയില്ലാതെ വന്നതിനാലാണ് ഈ താമസം നേരിട്ടിട്ടുള്ളത്. ഉടൻതന്നെ പെൻഷൻ അനുവദിക്കുന്നതിനുവേണ്ട നടപടികൾ ഗവണ്മെൻറ ഈ കാര്യത്തിൽ നടത്തുന്നുണ്ട്.

School for Defectives.

*൨൪. [൧൧൨] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) School for the Defectives എന്ന സ്ഥാപനത്തിലെ കുട്ടികൾക്ക് കാളേജ് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല.

(ബി) ഇതിനെപ്പററി ഗവണ്മെൻറിന് ആലോചിക്കേണ്ടി വന്നിട്ടില്ല.

പ്രൈവററ് സെക്കണ്ടറിസ്കൂൾ പദ്ധതി.

*൨൫. [൧൧൯] ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൦ സെപ്റ്റംബർ മാസം ഒന്നാം തീയതി മുതൽ ഊർജ്ജിതത്തിൽ ഇരിക്കുന്ന പ്രൈവററ് സെക്കണ്ടറി സ്കൂൾ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രാവിഡൻറ ഫണ്ട് നിരക്കെന്ത്;

(ബി) പ്രസ്തുത പദ്ധതിയിലെ താൽപ്പര്യപ്രകാരം പ്രാവിഡൻറ ഫണ്ടിലേയ്ക്കുള്ള അദ്ധ്യാപക കാൺട്രിബ്യൂഷൻ സ്വീകരിക്കുന്നതിന് അക്കൗണ്ടാഫീസിലേയ്ക്ക് നിർദ്ദേശം അയച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്ത്;

(ഡി) ഉടനെ നിർദ്ദേശം നൽകുന്നതിന് ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) രൂപയ്ക്ക് ൻ പൈസാ.

(ബി) ഇല്ല.

(സി) പദ്ധതി അനുസരിച്ചുള്ള സ്ഥിര ശമ്പളം നിശ്ചയിച്ചു കഴിഞ്ഞിട്ടില്ലാത്തതിനാൽ.

(ഡി) സത്വര നടപടികൾ എടുത്തുവരുന്നു.

സെക്കണ്ടറിസ്കൂൾ പദ്ധതി.

※ ൮൬. [൧൨൦] ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൦-ൽ നടപ്പിൽ വരുത്തിയിട്ടുള്ള പ്രൈവറ്റ് സെക്കൻണ്ടറി സ്കൂൾ പദ്ധതിപ്രകാരം ൧൯൫൧-൧൯൫൨ എന്നീ വർഷങ്ങളിൽ നൽകേണ്ട ഇംക്രിമെൻറ് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത്;

(സി) കാലതാമസം കൂടാതെ ഇംക്രിമെൻറ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഇല്ല.

(ബി) ഇപ്പോൾ കൊടുക്കുന്ന ശമ്പളം താൽക്കാലികമാണ്. സ്ഥിര ശമ്പളം നിശ്ചയിച്ചതിനുമേൽ ഇംക്രിമെൻറിനെപ്പററി നിർണ്ണയിക്കുന്നതാണ്.

(സി) സത്വരനടപടികൾ എടുത്തുവരുന്നു.

Tapioca Cultivation.

※ 87 [121] **Shri P. Chacko:** Will the Minister for Finance and Civil Supplies be pleased to state:

(*a*) The acreage in the State under tapioca cultivation, the average cost of cultivation per acre and the yield per acre under tapioca;

(b) Are the Government aware that extensive acreage of ripe tapioca are lying unharvested in various taluks?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) The area under tapioca cultivation is about 6 lakhs of acres; the cost of production varies from Rs. 70 to Rs. 1315 per acre; the yield per acre varies from ¾ ton to 9 tons.

(b) Government are not aware.

Tapioca Committee.

※ 88. [122] **Shri P. Chacko:** Will the Minister for Finance and Civil Supplies be pleased to state:

(*a*) Why a Tapioca Committee was appointed by them;

(*b*) When was the Committee constituted and what were their terms of reference;

(*c*) Have the Committee submitted any report of their findings and if so, whether the Government will be pleased to act on the recommendations made by the Committee?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**);

(*a*) Representations from Tapioca Growers were received by the Government complaining against the continuance of restrictions on the export of tapioca from the State and on the conversion of tapioca into starch. It was pointed out by them that the price of tapioca was very low and that its production in the State was in excess of the demand for it. It was with a view to have the whole question examined that the Tapioca Enquiry Committee was appointed by the Government.

(*b*) The Committee was appointed on 24-10-1951.

The terms of reference of the Committee were the following:—

1. Whether there is surplus production of tapioca in the State having regard to its food requirements.
2. Whether the cultivators are able to secure an economic price for tapioca produced.
3. If not, what will be the economic price.
4. If there is excess production how should the surplus be disposed of.
5. If there is under-production, how can the production be increased, and
6. Any other matters incidental to and arising out of this enquiry.

(*c*) Yes. Government have already accepted two of the recommendations of the Committee, namely,

1. the removal of the ban on the conversion of tapioca into starch, and
2. the withdrawal of the restrictions on the export of finished products of tapioca like starch and other industrial products.

The other recommendations of the Committee are under the consideration of Government.

കൃഷിനാശം.

* ൮൯. [൧൨൩] ശ്രീ. എം. കെ. ചെല്ലയ്യാ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തെക്കൻ തിരുവിതാംകൂറിൽ മഴയില്ലാത്തതുകൊണ്ടും പേച്ചിപ്പാറ ജലാശയത്തിൽ വെള്ളമില്ലാത്തതു മൂലവും കൃഷിക്ക് വലുതായ നഷ്ടം സംഭവിച്ചതായി ഗവണ്മെന്റിന് അറിയാമോ ;

(ബി) കൃഷി നഷ്ടപ്പെട്ടിട്ടും നെല്ല് എടുക്കാൻ ഗവണ്മെന്റ് വില്ലേജ് ആഫീസർമാർക്ക് ഉത്തരവ് നൽകിട്ടുണ്ടോ ?

ധനകാര്യവും സിവിൽ സപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അറിയാം.

(ബി) ഇല്ല.

Drivers in the Agricultural Department.

*90. [124] **Shri A. K. Chelliah:** Will the Chief Minister be pleased to state:

(*a*) how many water pump engines and engine drivers are there in the Agricultural Department ;

(*b*) how many engines are in working condition ;

(*c*) what is the rate of hire charge of an engine per day given to cultivators ; and

(*d*) what amount was realised as hire charge from the cultivators in South Travancore during the last four months ?

Chief Minister (**Shri A. J. John**):

(*a*) There are fifty-four pumpsets in the Agricultural Department. There are no engine drivers in the department.

(*b*) All the engines except a few are in working condition. Arrangements are being made to repair those engines which are not in working condition.

(*c*) Pumps with engines having a capacity of 4 B. H. P. and below .. .. Re. 1|-
Do. do. 5 B. H. P. and below 12 B. H P. .. Rs. 3|-
Do. do. 12 B. H. P. and below 20 B. H. P. .. Rs. 4|-

(*d*) Rs. 1133 was realised as hire charges during the last four months.

Manure.

✻ **91.** [125] **Shri A. K. Chelliah**: Will the Chief Minister be pleased to state :

(*a*) what is the percentage of commission allotted to manure depots ;

(*b*) have all the commission due been paid to all depots; and

(*c*) if not what is the reason ?

Chief Minister (**Shri A. J. John**):

(*a*) A commission of 7½% of the value of manures sold and credited to Government is allowed in the case of all manures except Ammonium Sulphate for which 5% commission alone is granted.

(*b*) No. Commission has been paid only to 48 agency depots for 1951-52, which have furnished the monthly and annual statements correctly and have finally settled their accounts.

(*c*) The reasons for not having paid the commission to certain agency depots are inaccuracies in the statements furnished by them, want of receipted chalans, non-receipt of monthly and annual statements, non-clearance of previous outstandings etc.

ഫോർഡ് സ്കീം.

✻ ൯൨. [൧൨൭] ശ്രീ. എൻ. രാജഗോപാലൻ നായർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമേരിക്കൻ ഗവണ്മെന്റിന്റെ ധനസഹായപദ്ധതികളല്ലാതെ, ഏതെങ്കിലും വ്യക്തികളുടെ സഹായധനം ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഫോർഡു സ്കീം എന്ന പേരിൽ ഒരു പദ്ധതിയുടെ പ്രവർത്തനം നമ്മുടെ നാട്ടിൽ നടക്കുന്നുണ്ടോ ;

(സി) മാവേലിക്കര താലൂക്കിലെ ചില പ്രത്യേക പ്രദേശങ്ങൾ ഇതിന്റെ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ;

(ഡി) ഗവണ്മെന്റിന്റെ മേൽനോട്ടത്തിൽതന്നെയാണോ ഇതു് പ്രവർത്തിക്കുന്നതു്;

(ഇ) പദ്ധതി എത്ര കാലംകൊണ്ടു് നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു;

(എഫ്) പൂർണ്ണമായി നടപ്പിൽ വരുമ്പോൾ എന്തു പ്രയോജനം സിദ്ധിക്കുമെന്നാണു് പ്രതീക്ഷ;

(ജി) വർഷത്തിൽ എത്ര രൂപ വീതം ഈ പദ്ധതി അനുസരിച്ചു് ചെലവഴിക്കപ്പെടും?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല.

(ബി) അടുത്തുതന്നെ നടപ്പിൽ വരും.

(സി) ഉണ്ടു്. മാവേലിക്കര ടൗണിനു് പതിനഞ്ചു മൈൽ ചുറ്റുമുള്ള പ്രദേശങ്ങൾ ഇതിൽ ഉൾപ്പെടും.

(ഡി) അതേ.

(ഇ) അഞ്ചു കൊല്ലംകൊണ്ടു് നടപ്പിൽ വരുത്തണമെന്നാണു ഉദ്ദേശം.

(എഫ്) ഇപ്പോഴത്തെ കാർഷികോൽപ്പന്നങ്ങളെ അൻപതു ശതമാനത്തിൽ കുറയാതെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നാണു് പ്രതീക്ഷ.

(ജി) ഓരോ വർഷത്തിലും ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്ന സംഖ്യ താഴെ ചേർക്കുന്നു.

Capital	Ford Foundation Trust.	Central Government	State Government
	Rs.	Rs.	Rs.
1952-53	56,000	..	...
Recurring			
1952-53	65,370	..	..
1953-54	68,300	..	..
1954-55	23,300	23,330	23,330
1955-56	..	35,850	35,850
1956-57	..	36,700	36,700
Total Recurring expenditure.	1,56,970	95,880	95,880

UNSTARRED QUESTIONS.

Manure Depot.

1. [4] **Shri Avira Tharakan:** Will the Minister for Agriculture be pleased to state:

(*a*) whether the Government have a manure depot at Shertallai Taluk.

(*b*) if not when and where do the Government propose to have a manure depot.

Answer.

(*a*) No.
(*b*) The question is under consideration.

മരുവാതിൽ ചിറയും പട്ടത്താനത്തു ചിറയും.

൨. [൫] ശ്രീ. കെ. സദാനന്ദൻ: താഴെകാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവനന്തപുരംതാലൂക്കിൽ ഉള്ളൂർപകുതിയിൽ മരുവാതിൽ ചിറയും ചെട്ടിവിളാകം പകുതിയിൽ പട്ടത്താനത്തു ചിറയും കുഴിപ്പിച്ചു നന്നാക്കാത്തതുമൂലം മണ്ണന്തലയും പരിസരങ്ങളിലുമുള്ള വിളവു് ഒന്നിനൊന്നു കുറഞ്ഞുവരുന്നതായി സർക്കാരിനു് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഈ രണ്ടു ചിറകളുടെയും നല്ലൊരുഭാഗം ഇപ്പോൾ പലരുടെയും കൈവശത്തിലാണെന്നു് സർക്കാരിനു് അറിയാമോ?

ഉത്തരം.

(എ) ഇല്ല.
(ബി) തൽക്കാലം അറിവില്ല. അന്വേഷിക്കാം.

പാഠപുസ്തകങ്ങളുടെ വിൽപ്പന.

൩. [൮] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തെ പുസ്തകങ്ങളുടെ വിൽപ്പനയിനത്തിൽ ഈ ആണ്ടിൽ സർക്കാരിലേയ്ക്കുണ്ടായ വരുമാനമെന്തു്;

(ബി) കാളേജുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളുടെയിനത്തിൽ വരവു് എത്ര;

(സി) ഹൈസ്കൂളുകളിലെ പുസ്തകങ്ങളുടെയിനത്തിൽ എത്ര;

(ഡി) മിഡിൽ സ്കൂളുകളിലെ പാഠപുസ്തകങ്ങളുടെ വില;

(ഇ) പ്രൈമറി സ്കൂളുകളിലെ പാഠപുസ്തകങ്ങളുടെ വില?

ഉത്തരം.

(എ) ൧൯൫൦-൫൧-൫൨ വരെ മൊത്തം വില വരവു് ൧൯,൩൫,൪൭൩ രൂ. ൭ ണ. ൭ പൈസ. ഇതിൽ ആദായം എത്രയെന്നു് കണക്കാക്കപ്പെട്ടിട്ടില്ല. പത്തു ലക്ഷത്തിനമേൽ വരുമെന്നാണു് കണക്കാക്കാവുന്നതു്.

(ബി) കാളേജുകളിലേയ്ക്കാവശ്യമുള്ള പുസ്തകങ്ങൾ ഗവണ്മെന്റിൽനിന്നും അച്ചടിച്ചു വിൽപ്പന നടത്തുന്നില്ല.

(സി & ഡി) ഹൈസ്കൂളുകളിലേയും മിഡിൽസ്കൂളുകളിലേയും പുസ്തകങ്ങളുടെ കണക്ക് ഒരുമിച്ചാണു സൂക്ഷിക്കുന്നതു്. ൧൩,൮൯,൭൦൮ രൂ. ൪ ണ. ൭ പൈസ.

(ഇ) ൫,൪൫,൭൬൫ രൂ. ൩ ണ. ൦ പൈസ.

ഗ്രാഡ്വേററ് അദ്ധ്യാപകന്മാർ.

൪. [൧൦] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഡിപ്പാർട്ടുമെൻറൽ ഹൈസ്കൂളുകളിൽ ആകെ എത്ര ഗ്രാഡ്വേററ് അദ്ധ്യാപകന്മാർ ഉണ്ടു്;

(ബി) അതിൽ തിരുവിതാംകൂർ വിഭാഗത്തിലെത്ര; കൊച്ചി വിഭാഗത്തിലെത്ര;

(സി) അവരുടെ ഗ്രേഡും ശമ്പളത്തോതുമെന്തു്?

ഉത്തരം.

(എ) ൧൬൩൧ (സ്ഥിരം ൧൦൯൩ + ടെമ്പററി ൫൩൮).

(ബി) തിരുവിതാംകൂർ വിഭാഗം.

൧൧൪൧ (സ്ഥിരം ൬൧൩ + ടെമ്പററി ൫൨൮).

കൊച്ചിവിഭാഗം.

൪൯൦ (സ്ഥിരം ൪൮൦ + ടെമ്പററി ൧൦).

(സി) ൧-ാം ഗ്രേഡ് രൂപ ൧൭൫-൧൦-൨൨൫.
൨-ാം ഗ്രേഡ് രൂപ ൧൨൫-൧൦-൧൭൫.
൩-ാം ഗ്രേഡ് രൂപ ൫൦-൫-൧൦൦.

മന്ത്രി പണം വാങ്ങിയതായിട്ടുള്ള ആരോപണം.

൫. [൧൨] ശ്രീ. സി. കെ. കുമാരപ്പണിക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം സാമിൽ ഉടമസ്ഥന്മാരിൽനിന്നും ആഭ്യന്തരകാര്യമന്ത്രി പണംവാങ്ങിയതായി ശ്രീ. ശ്രീകണ്ഠൻ നായർ എം. പി. പുറപ്പെടുവിച്ച ആരോപണം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ആരോപണം ശരിയല്ലെങ്കിൽ ആരോപണം പുറപ്പെടുവിച്ച വ്യക്തിയുടെ മേൽ നിയമപരമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ആരോപണം ശരിയല്ല. നടപടികൾ എടുക്കണമെന്നു് ഉദ്ദേശിക്കുന്നില്ല.

Corruption in the Public Service.

6. [16] **Shri K. M. Chandy:** Will the Minister for Home Affairs be pleased to state :

(*a*) whether the enquiry into the complaints of corruption against acting Head Constable Varghese of Meenachil Police Station is completed;

(*b*) how many cases of corruption came to the notice of the Government;

(*c*) whether they enquired into all of them;

(*d*) whether he was found guilty;

(*e*) if so, what was the punishment accorded to him;

(*f*) on what date was the report submitted by the enquiry officer and when did the D. S. P., Kottayam make his recommendations;

(*g*) when was Shri Varghese, acting Head Constable, confirmed as Head Constable;

(*h*) whether he was confirmed when the corruption enquiry report was pending before the D. S. P., Kottayam and whether there is any truth in the allegation that this report was purposely kept in abeyance to facilitate the confirmation of Mr. Varghese as Head Constable;

(*i*) whether a transfer form Palai also was part of the original punishment recommended for him;

(*j*) if so, why was it subsequently cancelled, who is responsible for cancellation and what was the consideration for the same?

Answer.

(*a*) Yes.

(*b*) Four complaint petitions were received, containing certain allegations against the Head Constable.

(*c*) Yes.

(*d*) He was found guilty of suspicious conduct.

(*e*) He was suspended for a month and fined Rs. 3|-. He was also transferred from Meenachil.

(*f*) The Fnquiry Officer submitted his report on 7-8-1952 and the D. S. P., Kottayam passed orders on 21-8-1952.

(*g*) On 1-5-1952.

(*h*) No.

(*i*) Yes.

(*j*) Not cancelled.

Procurement of Paddy.

7. [17] **Shri R. Ponnappa Nadar**: Will the Minister for Food be pleased to state:

(*a*) the amount of paddy procured in Vilavancode during the Kanni crop of 1128;

(*b*) was there any demand for remission from the ryots because of failure of crops; and

(*c*) has remission been allowed?

Answer.

(*a*) 7,660 paras till 11-10-1952.

(*b*) Yes.

(*c*) Remission of levy has been allowed in deserving cases.

Supply of Ration in Vilavancode.

8. [18] **Shri R. Ponnappa Nadar**: Will the Minister for Food be pleased to state:

(*a*) What is the variety of rice given in Vilavancode Taluk during July to September 1952;

(b) whether there was any complaint from the consumers; and

(*c*) is not the rice broken C. P. rice which is of an inferior quality?

Answer.

(*a*) The following varieties of imported rice have been distributed in the taluk during the period;

1. Burma boiled rice.
2. Central Province raw rice.
3. Siam broken rice.
4. Siam raw rice.
5. Burma raw rice; and
6. Central Province Boiled rice.

Besides, some stocks of local paddy and milled rice have also been distributed during the period.

(*b*) No.

(*c*) Some stocks of Central Province raw rice and Central Province Boiled rice have been distributed. Central Province rice is not inferior quality rice.

അയ്യപ്പൻ കൊച്ചയ്യൻ.

൯. [൧൯] ശ്രീ. കെ. കെ. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(൧) തൃക്കാക്കര പകുതി വട്ടേക്കുന്നു കരയിൽ താമസിച്ചിരുന്ന കുറങ്ങാട്ടേൽ അയ്യപ്പൻ കൊച്ചയ്യൻ എന്ന പുലയനെ, ൧൧൨൭ കർക്കടകം

൨൩-ാംനു ഇടപ്പള്ളി വടക്കുംഭാഗംപകുതിയിൽതാമസം അച്യുതൻകുട്ടി എന്നൊരാളെ ജോലിക്കു വിളിച്ചുകൊണ്ടുപോയിട്ടു ടി കൊച്ചുണ്ണിയെ ഇതേവരെയും കാണുന്നില്ല എന്നതിനെപ്പററി വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ബി) അങ്ങനെ പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ എന്തു നടപടി എടുത്തിട്ടുണ്ട്?

ഉത്തരം.

(എ) ൧൧൨൩ കർക്കടകം ൨൩-ാംനു മുതൽ ഘാതനകുട്ടി കൊച്ചുണ്ണി എന്ന പുലയനെ കാണുകയുണ്ടായിട്ടില്ലെന്ന് ൧൯൪൮ നവംബർ മാസത്തിൽ (൧൧൨൪ വൃശ്ചികമാസത്തിൽ) ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഇടപ്പള്ളി പോലീസ് പരാതി ലഭിച്ച ഉടനെ ഒരു കേസ് രജിസ്റ്റർ ചെയ്തു് അന്വേഷണം നടത്തി. അന്വേഷണഫലമായി, കൊച്ചുണ്ണി ജീവിച്ചിരിപ്പുണ്ടെന്നു് മനസ്സിലാകുകയും വിവരം കോടതിയിലേയ്ക്കു് റിപ്പോർട്ടുചെയ്യുകയും ചെയ്തു.

വാണിയംപാറ തോട്ടത്തിലുള്ള ഷെയർ.

൧൦. [൨൩] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വാണിയമ്പാറ തോട്ടത്തിൽ ഗവണ്മെൻറിനു എത്ര ഷെയർ ഉണ്ടു്;

(ബി) കൊല്ലംതോറും കിട്ടുന്ന ഡിവിഡൻറ് എത്ര;

(സി) ൧൯൪൯, ൫൦, ൫൧ എന്നീ കൊല്ലങ്ങളിൽ യഥാക്രമം കിട്ടിയ ഡിവിഡൻറ് എത്ര?

ഉത്തരം.

(എ) ൧൫൦ 'എ' ക്ലാസ്സും, ൧൫൦ 'ബി' ക്ലാസ്സും ഷെയർ ഉണ്ടു്.

(ബി) ഓരോ വർഷത്തേയും ഡിവിഡൻറ് അതാതുവർഷങ്ങളിലെ ആദായത്തെ അനുസരിച്ചിരിക്കും. അതു് ഒരു ക്ലിപ്തമായിട്ടുള്ള തുകയായിരിക്കുകയില്ല.

(സി) ൩൧-൩-൧൯൪൯-ൽ അവസാനിക്കുന്ന വർഷത്തേയ്ക്കും ൩൧-൩-൧൯൫൦-ൽ അവസാനിക്കുന്ന വർഷത്തേയ്ക്കും ൫൪൦ ഉറുപ്പിക വീതവും ൩൧-൩-൧൯൫൧-ൽ അവസാനിക്കുന്ന വർഷത്തേയ്ക്കു് ൩൧൫ ഉറുപ്പികയും ഡിവിഡൻറായി ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടു്.

പോലീസ് ഔട്ട്പോസ്റ്റ്.

൧൧. [൨൫] ശ്രീ. പി. കെ. രാമചന്ദ്രദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) എരുമേലിയിൽ നിലവിലിരിക്കുന്ന പോലീസ് ഔട്ട്പോസ്റ്റ് ഒരു പോലീസ് സ്റ്റേഷനായി ഉയർത്തി കിട്ടണമെന്നുള്ള പൊതുജനങ്ങളുടെ അപേക്ഷ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ കഴിവതും വേഗത്തിൽ നിലവിലിരിക്കുന്ന ഔട്ട്പോസ്റ്റ് സ്ഥിരം പോലീസ് സ്റ്റേഷനായി ഉയർത്തുമോ?

ഉത്തരം.

(എ) ഉണ്ട്.
(ബി) അതു ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

Motion expressing want of Confidence in the Council of Ministers.

12. Noon]

Mr Speaker: Order, order. Question time is over Shri T. V. Thomas.

ശ്രീ ടി. വി. തോമസ്: സർ ഞാൻ നേരത്തെ നോട്ടീസു കൊടുത്തിട്ടുള്ള അവിശ്വാസപ്രമേയം അവതരിപ്പിക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Mr. Speaker: The Leader of the Opposition seeks leave to make a motion of no-confidence before this House. I have already arranged for the motion being printed and circulated among the hon. Members. Some parts of the motion are objectionable; and I presume that it is want of experience in these matters that has been the cause for the inclusion of the objectionable and unnecessary things in the motion. Anyhow, the Leader of the Opposition has tabled the motionand I think I must take it as a motion, if I may call it so, of the Official Opposition. In that respect I do not want to treat that motion lightly and say that it is out of order. Therefore, substantially the motion is in order and I propose to read the motion:

"Under Rule 30 of the Travancore-Cochin Legislative Assembly Rules, I give notice hereby that I intend moving the following motion expressing want of confidence in the Council of Ministers on the 28th October 1952:

"തൊഴിലും ആഹാരവും ജനങ്ങളുടെ ജീവിതപ്രശ്നങ്ങളാണ്. നാട്ടിൽ തൊഴിലില്ലായ്മ ഇരമ്പിക്കയറുകയാണ്. ലക്ഷക്കണക്കിനുള്ള ജനങ്ങളുടെ ജീവനെ നിലനിറുത്തിക്കൊണ്ടിരുന്ന കയർ, കൈത്തറി എന്നി വ്യവസായങ്ങൾ പാടെ തകർന്നു കഴിഞ്ഞിരിക്കുന്നു. ഈ വ്യവസായങ്ങളുടെ പുനരുദ്ധാരണവും, അതുവരെയുള്ള ദുരിതനിവാരണപ്രവർത്തനവും, സൗജന്യറേഷൻ വിതരണവും രാഷ്ട്രത്തിന്റെ മൗലികമായ കടമയാണ്. ഈവിധ പ്രശ്നങ്ങളുടെ നേരെ മന്ത്രിസഭ ഏറ്റവും കുറ്റകരമായ അനാസ്ഥ അവലംബിച്ചിരിക്കുന്നുവെന്നു മാത്രമല്ല, സ്ഥിതിഗതികൾ ചൂഷണംചെയ്തുകൊണ്ട് കാൺഗ്രസ്സുപാർട്ടിയുടെ പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. അതിലേയ്ക്ക് ഗവണ്മെന്റിന്റെ അധികാരശക്തിയും സ്വാധീനവും വിനിയോഗിക്കുന്നുമുണ്ട്."

And it goes on like that,

"സർവ്വോപരി ഈ നാട്ടിലെ ബഹുജനങ്ങളുടെ ചിരകാലപ്രതീക്ഷകളായ ഐക്യകേരളത്തിന്റെയും, ഐക്യതമിഴകത്തിന്റെയും കാര്യത്തിൽ ഈ മന്ത്രിസഭ ഏററവും വഞ്ചനാപരമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നതു്. അതുമൂലം മലനാടിന്റെയും, തമിഴകത്തിന്റെയും പുരോഗതിക്കും വമ്പിച്ച തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്

ഈവിധ കാരണങ്ങളാൽ മന്ത്രിസഭയുടെപേരിൽ ജനങ്ങളുടെ വിശ്വാസം നശിച്ചിരിക്കുന്നു. അതിനാൽ ഈ മന്ത്രിസഭയുടെമേലുള്ള ഈ സഭയുടെ അവിശ്വാസം രേഖപ്പെടുത്തിക്കൊള്ളുന്നു."

Therefore, when it is properly analysed the motion before this House is that this House has no confidence in the Council of Ministers now in charge of the democratic administration of this State. I declare that substantially, the motion is in order and I request the hon. Members who are in favour of leave being granted to move the motion to stand up in their places.

(More than forty Members stood up.)

Mr. Speaker : Order, order. I find that more than forty Members are in favour of leave being granted. Therefore, the motion will be taken up for discussion. I may, in the nature of things, personally speaking, like to have a day chosen at the earliest convenience for the discussion of this motion. If there is any suggestion to be made by any hon: Member, I shall consider that—that is, only with reference to the date on which the motion can be taken up for discussion.

Dr. N. S. Pillai : Tomorrow, after question time.

Mr. Speaker : As the Leader of the Opposition, has Shri T. V. Thomas any suggestion in this respect ?

ശ്രീ. ടി. വി. തോമസ്: ഈ സഭയുടെ മുന്നിൽ അവതരിപ്പിക്കുവാൻ ചില രേഖകൾ കൂടി ഞാൻ തയാറാക്കിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അഞ്ചു ദിവസം കഴിഞ്ഞിട്ടു ഒരു ദിവസം ഫിക്സ്ചെയ്യണമെന്നു അപേക്ഷിക്കുന്നു.

Mr. Speaker : May I now ask for the views of the Leader of the House ?

Shri A. J. John : Sir, it may be taken up as early as possible. However, I think it is better to have the several items on the agenda adjourned till the disposal of this motion and so I think it is better to have the motion discussed at a very early date.

Shri P. V. Avira Tharakan : Sir,—

Mr. Speaker : I am sorry. Which is the Party that you represent ?

Shri A. Thanu Pillai : I would suggest that since we got notice of this only after coming here and since this is a very important matter and also because it is incidentally suggested—as

A. Thanu pillai]

you were good enough to remark—that there is a long list of allegations and grounds with which even those who supported the motion may not agree, we may be given some time. It is a very i portant thing and I agree with Shri John in thinking that it s ›uld not be delayed. I now, therefore, suggest that not less than two full days time may be given, before the motion comes up for discussion.

Mr. Speaker: Considering the constitutional importance of the question that is presented before this House, I also think it not advisable to put off the discussion of the Motion, if we can avoid it. We have also to take serious notice of the suggestions made by the Leader of the House. Since this motion is pending over the heads of the Ministers, they would not like to transact any business before any decision is taken on this motion. This is a very grave constitutional issue which I am bound to listen to, the suggestion of the Leader of the House. Therefore, considering all these aspects of the question and also the suggestion made by the Leader of the Opposition and also the hon. Member for Trivandrum, I suggest that this motion may be taken up for discussion on the 30th I think it is agreed. And the House shall stand adjourned till 11'O clock on the 30th.

The Assembly adjourned at 12-12 p. m. to meet again at 11 a. m. on Thursday the 30th October 1952.

APPENDIX I.

[*See Answer to question *No. 14 (15*]

Statement regarding the particulars of T. C. Law Reports.

Year	Income Rs.	Expenditure Rs.
1949-50—7½ months.	70	4.421
1950-51	7,449	7,119
1951-52	4,605	7,549

APPENDIX II

*(See Answer to Question No. *40* [45])

Statement showing the cases of corruption detected and the nature of punishments awarded in the various Departments from January to August 1952.

Department or Institution.	Designation of officers against whom action was taken.	No. of officers.	Nature of punishments awarded.
Police	Constables	3	Dismissed from service.
	Do.	1	Suspended for one month.
	Head Constable II Grade	1	Suspended for one month and reverted to the Third Grade.
	Do.	2	Suspended for one month.
	Do. I Grade	1	Reduced to II Grade.
Transport	Conductors	92	Suspended for varying periods ranging from a fortnight to 18 months.
	Reserve Conductors	6	Suspended for varying periods ranging from one month to three months.
	Conductors	2	Dismissed.
	Do.	11	Discharged.
	Do.	14	Rank lowered and warned in some cases.
	Do.	44	Increment barred and warned in some cases.
	Do.	1	Rank lowered and warned.
	Booking Office Clerks	2	Suspended for one month and six months respectively.
	Fitter	1	Suspended for 7 months and cost of misappropriated articles ordered to be recovered.
	Blacksmith (on daily wages)	1	Dismissed.
Insurance Department	Upper Division Clerk	1	Dismissed from service.
V. J. T. Hall	Clerk	1	Dismissed from service.
Civil Supplies Department	Godown Keeper	1	Dismissed from service.

APPENDIX II—(*contd*).

Department or Institution.	Designation of officers against whom action was taken.	No. of officers.	Nature of punishments awarded.
Revenue Department	Paliam Muthlpadi	1	Suspended for one week.
	Temporary Surveyor	1	Suspended for one year without forfeiture of past service.
	Accountant	1	Suspended for 3 months.
	Ag. Proverthicar	1	Do. 1 year.
	Accountant, Oodukur office.	1	Convicted and sentenced to undergo 3 months S. I.
	Head Accountant	1	Compulsory retirement.
Excise Department	Excise Inspector	1	Convicted and sentenced to undergo 3 months S. I.

APPENDIX III.

(*See Answer to Question No.* **61* [*77*])

		1949-1950.	1950-1951.	1951-1952.
		Rs.	*Rs.*	*Rs.*
1.	Total expenditure incurred by the State Guests Department.	3,44,047	4,03,958	5,11,935
2.	Amount spent by the Department on account of establishment.	57,600	1,01,698	72,161
3.	Amount spent on account of maintenance of buildings.	44,418	54,612	53,435

APPENDIX IV.

*[See answer to question No. *78 10]*

പട്ടിക.

൧. എല്ലാത്തരം സഞ്ചാരികൾക്കും അവരുടെ അഭിരുചിയും പണവും അനുസരിച്ചു താമസസൗകര്യം ഉണ്ടാക്കുന്നതിന് സംസ്ഥാനം ഒട്ടാകെ അനേകം ഹോട്ടലുകൾ സ്ഥാപിച്ചു.

൨. സഞ്ചാരികൾക്ക് കാഴ്ച കാണുന്നതിനു വേണ്ട ഏർപ്പാടുകൾ മിതമായ റേറ്റിൽ സൗകര്യപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഉത്സാഹികളായ സഞ്ചാരികൾക്ക് എല്ലാ സൗകര്യങ്ങളും നൽകിവരുന്നു.

൩. നാട്ടിലെ കലകളും സംസ്കാരവും പുരോഗമിപ്പിക്കാൻ, കഥകളിയും, നൃത്തവും, രസിക്കുന്ന സഞ്ചാരികൾക്കായി പ്രദർശിപ്പിക്കുന്നതിനു ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുന്നു.

൪. വിദൂരസ്ഥലങ്ങളിൽനിന്നുള്ള തീർത്ഥയാത്രക്കാരെ സഹായിക്കുന്നതിനു വേണ്ട പ്രത്യേക ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇക്കൊല്ലം കഴിഞ്ഞ കൊല്ലങ്ങളേക്കാൾ ഏകദേശം രണ്ടായിരത്തിൽ കൂടുതൽ തീർത്ഥയാത്രക്കാരെ ഈ നാട്ടിലേക്ക്, കമ്പനി ആകർഷിച്ചിട്ടുണ്ട്.

൫. കമ്പനിയുടെ നയം വിദ്യാർത്ഥികളേയും വിനോദയാത്രാസംഘങ്ങളേയും പ്രോത്സാഹിപ്പിക്കുകയും അതിനായി വിദ്യാർത്ഥികൾക്ക് കഴിയുന്നത്ര എല്ലാ സൗജന്യങ്ങളും കമ്പനി നൽകിവരുന്നതുമാണ്.

൬. കമ്പനിയുടെ അഭ്യർത്ഥന അനുസരിച്ച് കേന്ദ്രഗവണ്മെൻറ നമ്മുടെ സംസ്ഥാനത്തിലേക്ക് ദേശപര്യടനക്കാരുടെ ആകർഷണാർത്ഥം ഒരു ചലച്ചിത്രം നേരത്തെ ആവിഷ്കരിക്കുകയും അത് ഇപ്പോൾ അന്യരാജ്യങ്ങളിൽ പ്രദർശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

൭. കേന്ദ്രഗവണ്മെൻറ്, സൗജന്യമായി പരസ്യം ചെയ്യാനുള്ള സൗകര്യങ്ങൾവഴി കമ്പനിക്ക് കഴിയുന്നത്ര എല്ലാ സഹായവും നൽകാൻ തയ്യാറായിരിക്കുന്നു എന്ന്, കമ്പനിയോടു സമ്മതിക്കുകയും കമ്പനി ഭിത്തിപ്പരസ്യങ്ങളും സഹായകമായ സാഹിത്യവും നൽകി അച്ചടിച്ചു കിട്ടുന്നതിനും ഇൻഡ്യ ഒട്ടാകെയുള്ള എല്ലാ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിലും വിമാനത്താവളങ്ങളിലും വലിയ നഗരങ്ങളിലും വിദൂരങ്ങളിലും പ്രദർശിപ്പിക്കുന്നതിന് അയച്ചു കഴിയുകയും ചെയ്തിട്ടുണ്ട്.

൮. ഇൻഡ്യ ഒട്ടാകെയുള്ള പ്രധാനപ്പെട്ട എല്ലാ പൊതുസ്ഥലങ്ങളിലും, റെയിൽവേ സ്റ്റേഷനുകളിലും വിമാനത്താവളങ്ങളിലും പ്രദർശിപ്പിക്കാൻ ആകർഷണീയമായ ഇനാമൽ സൈൻ ബോർഡുകൾ തയ്യാറായിവരുന്നതും അതിലേക്കു സൗജന്യമായി

ഇടം ലഭിക്കാൻ കേന്ദ്രഗവണ്മെൻറിനെ നാം സമീപിക്കുകയും ചെയ്തിട്ടുണ്ട്.

൯. നമുക്ക് വിവിധ ലഘുലേഖകൾ നേരത്തെ അച്ചടിച്ചു കിട്ടിയിട്ടുള്ളതും അവ മുഖാന്തിരം ഇൻഡ്യയ്ക്കു് അകത്തും പുറത്തും വിപുലമായ പ്രചരണം നൽകിവരികയും ചെയ്യുന്നു.

൧൦. നമ്മുടെ അഭ്യർത്ഥനകൊണ്ട് ഇൻഡ്യാഗവണ്മെൻറ് എല്ലാ ട്രാവൽഏജൻറ്സിനും (യാത്രാഏജൻറുകൾക്കും) ഒരു സർക്കുലർ നമുക്കു കോളുകാരെ ആരാഞ്ഞുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അയച്ചിട്ടുണ്ട്. അതനുസരിച്ച് അവർ നമുക്കുവേണ്ടി പ്രവർത്തിക്കുകയും അവരോടുകൂടി നമ്മുടെ ആഫീസുകൾ എല്ലാ മുഖ്യസ്ഥലങ്ങളിൽ ഉണ്ടായിരിക്കുകയും ചെയ്യുന്നു. അവർ യാത്രക്കാരെ ആരാഞ്ഞു തരുന്ന ഉദ്യമത്തിനുപകരം ഒരു കമ്മീഷൻ കൊടുക്കുന്നു.

PROCEEDINGS OF
THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

THIRD SESSION—1952

Thursday, the 30th October, 1952

Vol. VII]	OFFICIAL REPORT	[No. 2.

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Thursday, the 30th October, 1952, with Mr. Speaker in the Chair.

BUSINESS OF THE HOUSE

Shri O. C. Ninan: Sir, on a point of information. Some questions were tabled for the 29th October. May I know whether those questions will be answered on any of the days during this session?

Mr. Speaker: The usual procedure is that when a meeting is cancelled or adjourned, all the questions for that day will be treated as unstarred and answers for those questions will be placed on the table and printed in the proceedings of the next day of meeting.

Shri A. J. John: I submit that since all the other business originally set down for today has been adjourned the questions and answers may also be dispensed with, and the No-Confidence Motion taken up now.

ശ്രീ. ടി. വി. താമസ്: ഞാൻ ഇതിനെ ശക്തിയായി എതിർക്കുന്നു. ഇപ്പോൾ പ്രമേയം മൂവ്ചെയ്യുന്നുവെന്ന പറയുന്നതിൽ യാതൊരു അർത്ഥവുമില്ല.

Mr. Speaker: The whole thing stands like this. It is already understood that this day is completely allotted for the discussion of the No-Confidence Motion, and only one day will be allowed for it. In the light of that fact, you may reconsider the suggestion made by the Leader of the House. If the question hour is eliminated you may get one more hour for the discussion of this important motion. The previous day only eleven questions were put and answered. During one hour eleven or twelve questions will be dealt with.

ശ്രീ. ടി. വി. താമസ്: അജണ്ടയിൽ ചോദ്യോത്തരങ്ങൾ ഉണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. ഇപ്പോൾ ഇങ്ങനെ പറഞ്ഞാൽ നിവൃത്തിയില്ല.

Mr. Speaker: The matter is before the House. I am amenable to the decision of the House.

ശ്രീ. ടി. വി. താമസ്: കൂടാതെ ഡിസ്കഷന് ഒരു ദിവസമാണ് വച്ചിരിക്കുന്നതെന്നു പറഞ്ഞു. ഒരു ദിവസം പോരാ എന്നാണ് എനിക്കു പറയാനുള്ളത്.

Mr. Speaker: I have already announced that a particular day has been allotted for the discussion of this important motion. Even before the House met, the Leader of the opposition met me informally and discussed about this matter. In Madras, where there are more than 300 members, only three days were allotted. Here we have got only 108 members and therefore one day has been allotted. The question before the House is whether the House wants to proceed with the questions and answers or begin the discussion on the motion just now.

Shri N. Rajagopalan Nair: A ruling was made by the Speaker regarding the number of days allotted for the discussion of the No-Confidence Motion. I submit, at least three days should be allotted for the discussion.

Mr. Speaker: I want to ascertain the view of the House as to whether we should proceed with the questions and answers as laid down in the agenda, and then begin the discussion or take up the whole day for the discussion of the motion.

(The House decided to proceed with the debate on the No-Confidence Motion.)

Shri M. M. Abdul Khader: With due deference to the ruling of the Speaker as to the allotment of the number of days for discussion on the No-Confidence Motion........

Mr. Speaker: Order, Order. Now the Hon. members will be kind enough to establish good conventions in the House. When a motion has been tabled by a member I am not expected to ascertain the views of all the 108 members. I may consult the Leader of the House. It is a matter resting with the Leader of the House. The Leader of the other group also suggested one day. I want to do justice. It will serve the purpose of the motion if I allow a whole day for the discussion.

MOTION *RE* WANT OF CONFIDENCE IN THE COUNCIL OF MINISTERS.

r. Speaker: Mr. T. V. Thomas will move his motion.

Shri A. Kunjan Nadar: I raise a point of order. We are going to discuss a very important motion, the No-Confidence Motion. It is printed and distributed only in English and Malayalam. At least half a dozen hon. Members cannot read or understand Malayalam very well. It is a fundamental principle

of democracy that minority rights should be respected according to the Constitution. I, therefore, request that the motion may be taken up for discussion only after a Tamil translation is circulated among the Members. I want a ruling.

Mr. Speaker: A ruling is not necessary. As far as possible facilities are given to Tamil Members by giving translation of Bills etc. The other day, I explained what was mentioned in the motion. I suppose the Tamil Members have understood the subject that the House has no confidence in the Council of Ministers. That much information is quite sufficient for a discussion on this motion. Hereafter wherever possible arrangements will be made for preparing Tamil translation also.

ശ്രീ. ടി. വി. തോമസ്: സർ, ഈ പ്രമേയത്തിന്റെ ചർച്ചയ്ക്കു രണ്ടു ദിവസമെങ്കിലും അനുവദിക്കണമെന്നു വീണ്ടും ഞാൻ പ്രതിപക്ഷത്തിന്റെ പേരിൽ അങ്ങയോട് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഞങ്ങൾക്ക് ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തെപ്പററി സവിസ്തരം പ്രതിപാദിക്കേണ്ടതുണ്ട്. അതിനുള്ള സൗകര്യം കിട്ടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു. രണ്ടുദിവസം അനുവദിക്കേണ്ട കാര്യത്തെപ്പററി അങ്ങു വീണ്ടും പുനപ്പരിശോധന ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

“തൊഴിലും ആഹാരവും ജനങ്ങളുടെ ജീവിതപ്രശ്നങ്ങളാണ്. നാട്ടിൽ തൊഴിലില്ലായ്മ ഇരമ്പിക്കയറുകയാണ്. ലക്ഷക്കണക്കിനുള്ള ജനങ്ങളുടെ ജീവനെ നിലനിർത്തിക്കൊണ്ടിരുന്ന കയർ, കൈത്തറി എന്നീ വ്യവസായങ്ങൾ പാടെ തകർന്നു കഴിഞ്ഞിരിക്കുന്നു. ഈ വ്യവസായങ്ങളുടെ പുനരുദ്ധാരണവും, അതുവരെയുള്ള ദുരിതനിവാരണപ്രവർത്തനവും, സൗജന്യറേഷൻ വിതരണവും രാഷ്ട്രത്തിന്റെ മൗലികമായ കടമയാണ്. ഈവിധ പ്രശ്നങ്ങളുടെ നേരേ മന്ത്രിസഭ ഏററവും കുററകരമായ അനാസ്ഥ അവലംബിച്ചിരിക്കുന്നുവെന്നു മാത്രമല്ല, സ്ഥിതിഗതികൾ ചൂഷണം ചെയ്തുകൊണ്ട് കാൺഗ്രസ്സുപാർട്ടിയുടെ പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നു. അതിലേയ്ക്ക് ഗവമെന്റിന്റെ അധികാരശക്തിയും സ്വാധീനവും വിനിയോഗിക്കുന്നുമുണ്ട്.

സംഘടനാസ്വാതന്ത്ര്യം അഭിപ്രായസ്വാതന്ത്ര്യം എന്നീ മൗലികാവകാശങ്ങളെ ഈ മന്ത്രിസഭ അംഗീകരിക്കുന്നില്ല. രാഷ്ട്രീയ പ്രതിയോഗികളുടെ നേരെയുള്ള ഒടുങ്ങാത്ത പകയും, നിരോധനവും മൂലം ബഹുജനപ്രസ്ഥാനങ്ങളുടെയും പ്രവർത്തകരുടേയും നേരെ കേട്ടുകേൾവിപോലുമില്ലാത്തവിധത്തിലുള്ള ഗുണ്ടാ, പോലീസ് അക്രമങ്ങൾ ഈ മന്ത്രിസഭ അഴിച്ചുവിട്ടിരിക്കുകയാണ്. അനേകം ഇടതുപക്ഷരാഷ്ട്രീയപ്രവർത്തകരുടെമേൽ കള്ളക്കേസുകൾ കെട്ടിച്ചമച്ചിട്ടുണ്ട്. അനേകം രാഷ്ട്രീയപ്രവർത്തകരെയും ബഹുജനനേതാക്കന്മാരെയും കാരാഗൃഹത്തിലടച്ചിട്ടുണ്ട്. സി. പി. ഭരണത്തിനെതിരായി വീരോചിതസമരം നടത്തിയ ധീരയോദ്ധാക്കളെ ഇപ്പോഴും ബന്ധനത്തിൽ വച്ചിരിക്കുകയാണ്. കാൺഗ്രസ്സ് അധികാരത്തിൽ

വന്നാൽ ഒന്നാമതായി ചെയ്യുന്ന നല്ല കാര്യം ഈ ധീരദേശാഭിമാനികളെ മോചിപ്പിക്കുകയായിരിക്കുമെന്ന് നാട്ടുകാരോട് ഉറപ്പു കൊടുത്തിരുന്നതാണ്. സ്വാതന്ത്ര്യവും ഫലപ്രദവുമായ ട്രെയിഡ്യൂണിയൻ പ്രവർത്തനംപോലും ഈ മന്ത്രിസഭ അസാദ്ധ്യമാക്കിത്തീർത്തിട്ടുണ്ട്.

നാട്ടിന്റെ നട്ടെല്ലായ കർഷകരെ മോചിപ്പിക്കുന്നതിനാവശ്യമായ ഭൂവുടമ പരിഷ്കരണം ഈ മന്ത്രിസഭയുടെ വാഴ്ചക്കാലത്തിനിടയിൽസാദ്ധ്യമല്ലെന്ന് ഇതിനകം തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. പാട്ടവും, വാരവും, ഋണബാദ്ധ്യതയും മൂലം കർഷകർ പൊറുതിമുട്ടിക്കഴിഞ്ഞിരിക്കുന്നു. ഫ്യൂഡൽ സമ്പ്രദായത്തിൽ നിന്നുമുള്ള നാടിന്റെ മോചനത്തിനും, അങ്ങനെ നാടിന്റെ പുരോഗതിക്കും ഈ മന്ത്രിസഭ ബോധപൂർവ്വം വിലങ്ങടിച്ചു നിൽക്കുകയാണ്.

കർഷകത്തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നതിലും, മാന്യമായൊരു ജോലി വ്യവസ്ഥ കണ്ടുപിടിക്കുന്നതിലും യാതൊരുവിധ നടപടികളും ഈ മന്ത്രിസഭ സ്വീകരിച്ചിട്ടില്ല; സ്വീകരിക്കുകയുമില്ല.

കുടിയിറക്ക നിരോധനനിയമം ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതു് അതിലെ എല്ലാ വ്യവസ്ഥകളേയും ലംഘിച്ചുകൊണ്ടാണ്. ഗവണ്മെന്റു തന്നെ ഈ കാര്യത്തിൽ മുൻകൈ എടുത്തിരിക്കുകയാണ്. അനേകശതം കുടികിടപ്പുകാരെ സർക്കാർ പുറമ്പോക്കുകളിൽനിന്നും കുടിയിറക്കി വിടാൻ ഈ മന്ത്രിസഭ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ഒരു ജനായത്തപരമായ വിദ്യാഭ്യാസസമ്പ്രദായം നടപ്പിലാക്കുമെന്ന പ്രതീക്ഷ ഈ മന്ത്രിസഭ നിശ്ശേഷം നശിപ്പിച്ചിരിക്കുന്നു. അതു മാത്രമല്ല, അതിനുവേണ്ടിയുള്ള സംഘടനാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവെന്നുള്ള ഒറ്റക്കാരണം കൊണ്ടു തന്നെ അനേകം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസജീവിതം തന്നെ ഈ മന്ത്രിസഭ നശിപ്പിച്ചിട്ടുണ്ട്.

അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുകയും, അവരുടെ ജീവിതനിലവാരം ഉയർത്തുകയും ചെയ്യേണ്ട കടമ ഈ മന്ത്രിസഭ ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്തിട്ടില്ല. പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ സ്ഥിതി ശോചനീയമായിത്തീർന്നിട്ടുണ്ട്.

ഗവണ്മെന്റു ജീവനക്കാരുടെ അവശതകൾ അനവധിയാണ്. അവ പരിഹരിക്കുന്ന വിഷയത്തിൽ ഈ മന്ത്രിസഭ ദയനീയമായ പരാജയം അടഞ്ഞിരിക്കുകയാണ്.

ഈ സഭയിൽ വച്ചുതന്നെ റെസിഡൻസിയുടെയും, ഹൈക്കോടതിബഞ്ചുകൾ തിരുവനന്തപുരത്തേയ്ക്കു് മാറ്റുന്നതിനേയും സംബന്ധിച്ച് മന്ത്രിസഭ ചെയ്ത വാഗ്ദാനങ്ങൾ മന്ത്രിസഭ ധിക്കരിച്ചിരിക്കുന്നു.

കൈക്കൂലി, അഴിമതി, സ്വജനപക്ഷപാതം എന്നീ ഇത്തരമായ ആരോപണങ്ങൾ മന്ത്രിസഭയുടെ മേൽ പൊതുവേയും, മന്ത്രിമാരിൽ ചിലരുടെ പേരിൽ പ്രത്യേകിച്ചും സംശയരഹിതമായ നിലയിൽ തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടു്.

സർവ്വോപരി ഈ നാട്ടിലെ ബഹുജനങ്ങളുടെ ചിരകാല പ്രതീക്ഷകളായ ഐക്യകേരളത്തിന്റെയും, ഐക്യതമിഴകത്തിന്റെയും കാര്യത്തിൽ ഈ മന്ത്രിസഭ ഏററവും വഞ്ചനാപരമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നതു്. അതുമൂലം മലനാടിന്റേയും, തമിഴകത്തിന്റേയും പുരോഗതിക്ക് വൻപിച്ച തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്.

ഈവിധ കാരണങ്ങളാൽ മന്ത്രിസഭയുടെ പേരിൽ ജനങ്ങളുടെ വിശ്വാസം നശിച്ചിരിക്കുന്നു. അതിനാൽ ഈ മന്ത്രിസഭയുടെ മേലുള്ള ഈ സഭയുടെ അവിശ്വാസം രേഖപ്പെടുത്തിക്കൊള്ളുന്നു."

സർ, ഞങ്ങളുടെ പാർട്ടിയുടെ പ്രചരണത്തിനുവേണ്ടിമാത്രമാണ് ഈ പ്രമേയം ഞങ്ങൾ അവതരിപ്പിക്കുന്നതെന്നു ചില കേന്ദ്രങ്ങൾ പ്രചരണവേല നടത്തുന്നുണ്ടു്. അതാണ് ഞങ്ങളുടെ ഉദ്ദേശമെങ്കിൽ ഈ മന്ത്രിസഭ തുടർന്നു ഭരിക്കാൻ ഞങ്ങൾ അനുവദിക്കേണ്ടതാണ്. കാരണം ഇത്ര അധഃപതിച്ച നാടിന്റേയും നാട്ടുകാരുടേയും താൽപ്പര്യത്തെ അധഃപതിപ്പിച്ച ഒരു മന്ത്രിസഭ ഇതിനു മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല, ഇനിമേൽ ഉണ്ടാകുകയുമില്ല. അങ്ങനെയുള്ള ഈ മന്ത്രിസഭ തുടർന്നു ഭരിക്കുകയാണെങ്കിൽ തീർച്ചയായും ഞങ്ങളുടെ പാർട്ടിക്ക് ഏററവും ഫലപ്രദമായ രീതിയിൽ പ്രചരണം നടത്തുന്നതിനു സാധിക്കും. ഞങ്ങളുടെ പാർട്ടിയുടെ പ്രചരണമാണ് ഉദ്ദേശമെങ്കിൽ ഈ മന്ത്രിസഭ തുടർന്നു ഭരിക്കാൻ അനുവദിച്ച് അങ്ങനെ ജനങ്ങളുടെ വ്യാമോഹം അവസാനിപ്പിക്കാൻ ശ്രമിക്കുകയാണ് വേണ്ടതു്. മററൊരു പ്രചരണവും നടക്കുന്നുണ്ടു്. അതായതു് ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നതു് ഞങ്ങളുടെ പാർട്ടിയുടെ സങ്കുചിതമായ ചില താൽപ്പര്യങ്ങൾ നേടുന്നതിനു വേണ്ടിയാണെന്നു്. അതല്ലെന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

അങ്ങിനെയായിരുന്നെങ്കിൽ പ്രജാസോഷ്യലിസ്റ്റ് പാർട്ടി നേതാവായ ശ്രീ. പട്ടം താണുപിള്ള അവർകളോടു ഈ അവിശ്വാസപ്രമേയത്തിന്റെ ഫലമായി അദ്ദേഹം രൂപീകരിക്കാൻ ഇടയുള്ള മന്ത്രിസഭയിൽ യാതൊരു വിലപേശലും നടത്താതെ സർവ്വവിധമായ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയില്ലായിരുന്നു. ഞങ്ങളുടെ പാർട്ടിയുടെ സങ്കുചിതമായ താൽപ്പര്യങ്ങൾ സംരക്ഷിക്കാനായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ ഏതെങ്കിലും സ്ഥാനം കിട്ടുന്നതിനും മററും ഒരു വിലപേശൽ ഞങ്ങൾ നടത്തുമായിരുന്നു. എന്നാൽ യഥാർത്ഥത്തിൽ അങ്ങനെ യാതൊരു വിലപേശലും ഉണ്ടായിട്ടില്ല. ശ്രീ. പട്ടം താണുപിള്ള അവർകൾ മന്ത്രിസഭ രൂപീകരിക്കുന്നപക്ഷം ഒരു മിനിമം പരിപാടിയുടെ പേരിൽ മന്ത്രിസഭ രൂപീകരിക്കാം എന്ന് ഒരുറപ്പ് അദ്ദേഹം ഞങ്ങൾക്ക് തരുകയാണെങ്കിൽ അതിനു സകലവിധമായ സഹകരണങ്ങളും നിരുപാധികം ഞങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നു.

മറെറാരു ആരോപണം ഞങ്ങളുടെ പേരിൽ ഉന്നയിക്കപ്പെട്ടതു് ഇവിടെ ഒരു സുശക്തമായ ഭരണം നടക്കാതിരിക്കാൻ കുഴപ്പം സൃഷ്ടിക്കുന്നതിനുവേണ്ടിയാണു് ഈ അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു് എന്നുള്ളതാണു്. അങ്ങിനെ ഒരു സുശക്തമായ ഭരണം ഇല്ലാതാക്കുന്നതിനുവേണ്ടിയാണെങ്കിൽ ഇതുപോലെ ഒരു അവിശ്വാസപ്രമേയം ഇതിനു മുമ്പുതന്നെ ഞങ്ങൾക്കു കൂടുതൽ ബന്ധുക്കൾ ഉണ്ടായിരുന്ന സെഷനിൽത്തന്നെ അവതരിപ്പിക്കാമായിരുന്നു. അന്നു് ഞങ്ങൾ അതു ചെയ്തില്ല. അന്നു ഞങ്ങൾക്കു കൂടുതൽ ബന്ധുക്കളുമുണ്ടായിരുന്നു. അന്നതു ചെയ്തിരുന്നുവെങ്കിൽ ഇത്രയും ആപത്തുകൾ ഉണ്ടാകുമായിരുന്നില്ല. യഥാർത്ഥത്തിൽ ഇതുപോലെയുള്ള ഒരു പ്രമേയം ഈ സഭയിൽ അവതരിപ്പിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചതു് ഒരു കാര്യം മാത്രമാണു്. അതായതു് ഈ മന്ത്രിസഭയുടെ വാഴ്ചയുടെ ഫലമായി ഭൂരിപക്ഷം ബഹുജനങ്ങൾ പൊറുതിമുട്ടിക്കഴിഞ്ഞിരിക്കയാണു്. ഇന്നു് ജനങ്ങളുടെ ഉത്തമതാൽപര്യങ്ങളെ ഈ മന്ത്രിസഭ ബലികഴിച്ചിരിക്കയാണു്. ഈ സംസ്ഥാനത്തിലെ സ്ഥായിയായ വരുമാനങ്ങൾ എല്ലാംതന്നെ കേന്ദ്രഗവണ്മെൻറിനു് അടിയറവച്ചിരിക്കയാണു്. ഇവരുടെ ഭരണം സാമ്പത്തികമായും സാംസ്കാരികമായും നാട്ടിനെ അധഃപതിപ്പിച്ചു. ഈ മന്ത്രിസഭയുടെ തേർവാഴ്ചയിൻകീഴിൽ ബഹുജനങ്ങൾ പൊറുതിമുട്ടിക്കഴിയുകയാണു്. അതുകൊണ്ടു് ഈ ഒരവസ്ഥ മാററിയാൽ തെല്ലൊരാശ്വാസം കിട്ടും എന്നുള്ള ഒരു വിശ്വാസംകൊണ്ടു മാത്രമാണു് ഈ അവിശ്വാസപ്രമേയം ഇവിടെ അവതരിപ്പിച്ചതെന്നു വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുന്നു.

തൊഴിലില്ലായ്മയും പട്ടിണിയും ഇന്നു് നാട്ടിൽ ഇരമ്പിക്കയറിക്കൊണ്ടിരിക്കുന്നു. പട്ടിണിമൂലം സാംസ്കാരികമായിപ്പോലും ബഹുജനങ്ങൾ ഇന്നു് അധഃപതിക്കുവാൻ തുടങ്ങിയിരിക്കുകയാണു്. ഈ ഒരു പരിതഃസ്ഥിതിയിൽ ഇങ്ങനെ ഒരു പ്രമേയം ഇവിടെ ഹാജരാക്കുക എന്നുള്ളതു് ബഹുജനങ്ങളോടു ചെയ്യേണ്ടതായ പരമപ്രധാനമായ ഒരു കടമയാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇന്നു ബഹുജനങ്ങൾ ഈ മന്ത്രിസഭയുടെ ഭരണത്തിൽ പൊറുതിമുട്ടിക്കഴിഞ്ഞിരിക്കുകയാണു്. ജീവനെപ്പോലും വകവയ്ക്കാതെ പരസ്യമായി സർ സി. പി. രാമസ്വാമിഅയ്യരുടെ കിരാതഭരണത്തെ എതിർത്തവരാണു് സാർ, നാം എല്ലാവരും. അന്നുപോലും ബഹുജനങ്ങൾക്കു് ഇത്രയും ഭയവും ഭീതിയും ഇല്ലായിരുന്നു. ഇന്നത്തെ ഭരണത്തിൽ അതായതു ഈ മന്ത്രിസഭയുടെ തേർവാഴ്ചയിൽ പോലീസിനേയും ഗുണ്ടാകളേയും നാട്ടിൽ അഴിച്ചുവിട്ടിരിക്കുകയാണു്. ഇന്നു് പോലീസുകാരും ഗുണ്ടാകളും നാട്ടിൽ തേർവാഴ്ച നടത്തുകയാണു്. അവർ ബഹുജനങ്ങളുടെ നേരെ ആക്രമണങ്ങൾതന്നെ നടത്തുന്നു. ആരാണു് ഈ ഗുണ്ടാകൾ എന്നു നോക്കണം സാർ. രണ്ടുമാസത്തിനുമുമ്പു് മുണ്ടക്കയത്തു നടന്ന സംഭവംതന്നെ എടുക്കാം. അവിടെയുള്ള തൊഴിലാളികൾ അവരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി സംഘടിച്ചു പ്രവർത്തനം നടത്തിയതിനെ തോട്ടം ഉടമസ്ഥന്മാർ അവരുടെ സംഘടനാപ്രവർത്തനത്തെ ഗുണ്ടാകളെക്കൊണ്ടു് എതിർക്കുകയാണു് ചെയ്തതു്. സാധുക്കളായ തൊഴിലാളികളെ ഈ ഗുണ്ടാകൾ അക്രമിക്കുകയാണു് ചെയ്തതു്. ആരാണു ഈ ഗുണ്ടാകളുടെ നേതാവെന്നു ചോദിക്കുകയാണെങ്കിൽ അതു് കുപ്രസിദ്ധമായ അഞ്ചരലക്ഷക്കേസിൽ പ്രതിയായിരുന്ന ജോസ്കള്ളിവയലാണു്.

നാട്ടിലെ ഈ മാതിരി പ്രവർത്തനങ്ങൾക്കുശേഷം ഈ ഗുണ്ടാകളുടെ നേതാവായി കാൺഗ്രസിലെ അംഗമായി ഇപ്പോൾ കാടുകളിലേയ്ക്കു് കയറിയിരിക്കുകയാണു്. അദ്ദേഹം നഗരത്തിൽനിന്നും ഇപ്പോൾ രക്ഷാകവചമായ കാൺഗ്രസ്സ് നേതൃത്വവുമായി അതും പേറിക്കൊണ്ടു വനത്തിലേയ്ക്കു കയറിയിരിക്കുകയാണു്.

Mr. Speaker: May I remind the hon. Member that as far as possible reference to the names of persons outside this House should be avoided. So far as what is said here no outside action can come in. But if hon. Members make defamatory statements in regard to members outside this House they are liable under the common law of the country.

ശ്രീ. ടി. വി. താമസ്: ഈ ഗുണ്ടാആക്രമണം നേരത്തെ ആസൂത്രണം ചെയ്തതാണെന്നുള്ളതിനു വ്യക്തമായ തെളിവുകളുണ്ടു്. സർ, ഇതിന്റെ ഉൽഘാടനത്തിനു തലേദിവസം തന്നെ പോലീസുമന്ത്രി കോട്ടയത്തു ക്യാമ്പു ചെയ്തിരുന്നു. പോലീസുമന്ത്രിയും ഗുണ്ടാനേതാക്കന്മാരും, പോലീസുദ്യോഗസ്ഥന്മാരും കൂടിയാലോചിച്ചിരുന്നു എന്നുള്ള വാസ്തവം അറിഞ്ഞുകൊണ്ടു ഞങ്ങൾ പോലീസ് മന്ത്രിയെ സമീപിച്ചു് ഈ വസ്തുത അദ്ദേഹത്തോടു് പറയുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞതു് അബദ്ധത്തിൽ അവിചാരിതമായി കോട്ടയത്തു ചെന്നതാണെന്നാണു്. അവിചാരിതമായി കോട്ടയത്തുചെന്നു്, അവിചാരിതമായി ഗുണ്ടാകളും പോലീസുദ്യോഗസ്ഥന്മാരുംകൂടി ഒരു കാൺഫറൻസുനടത്തി, അതിന്റെ അടുത്ത ദിവസം ഗുണ്ടാകളുടെ ആക്രമണവും നടക്കുകയുമുണ്ടായി. ഇതെല്ലാം അവിചാരിതമായി സംഭവിച്ചതാണുപോലും.

അതുപോലെ തന്നെ നോക്കണം സാർ കൊല്ലത്തു നടന്ന സംഭവവും. കൊല്ലത്തു തൊഴിലാളികൾ അവർക്കു ന്യായമായി കിട്ടേണ്ട കൂലിയെ സംബന്ധിച്ചും ബോണസ്സിനെ സംബന്ധിച്ചും സമരം നടത്തുകയാണു്. അവിടെയും പോലീസുമന്ത്രി രണ്ടുദിവസം ക്യാമ്പ് ചെയ്യുകയുണ്ടായി. അവിടേയും പോലീസും ഗുണ്ടാകളും അക്രമം അഴിച്ചുവിട്ടു. അവിടെ മന്ത്രി ചെന്നതും അവിചാരിതമായിട്ടാണുപോലും. കൊല്ലത്തു് അദ്ദേഹത്തിന്റെ വീടുണ്ടു്. അതുകൊണ്ടവിടെ പോയി എന്നാണു് അദ്ദേഹം പറഞ്ഞതു്. അതുപോലെതന്നെ ഭരണിക്കാവിൽ തങ്ങൾകുഞ്ഞുമുസലിയാരുടെ ഫാക്ടറിയിലും തൊഴിലാളിസ്ത്രീകളെ ആയുധധാരികളായ ഗുണ്ടാകൾ ആക്രമിക്കയുണ്ടായി. അതേപ്പററി ആവശ്യമായ നടപടി നടത്തുവാൻ അവിടത്തെ പോലീസുദ്യോഗസ്ഥൻ തയ്യാറായില്ല. ഇതേ സംബന്ധിച്ചും പോലീസുമന്ത്രിയോടു സംസാരിക്കയുണ്ടായി. അതിനും അദ്ദേഹം പറഞ്ഞതു് ഏതോ ആവശ്യത്തിനുവേണ്ടി പോകുന്നവഴി അവിചാരിതമായി അവിടെ ക്യാമ്പുചെയ്തതാണെന്നാണു്. ഈ മാതിരി ഒഴിവുകഴിവുകൾ പറഞ്ഞു മാറുന്നതു് ഭീരുത്വമാണെന്നു നിങ്ങൾ മനസ്സിലാക്കണം. ഇതെല്ലാം ജനങ്ങളിൽനിന്നു മറച്ചുവയ്ക്കുന്നതിനുവേണ്ടി കള്ളം പറയുകയാണു സാർ.

Mr. Speaker: Order, order. I would requst the Members that as far as possible they should make their speeches with some restraint so that the whole discussion may be dignified and

such unparliamentary language may not be used in the discussion. Now the two words '[illegible]' and 'കള്ളം' are both unparliamentary.

ശ്രീ. ടി. വി. തോമസ്: കള്ളം പറയുകയാണെന്നു പറഞ്ഞാൽ അൺപാർലമെൻററിയാണോ, സർ?

Mr. Speaker: It is not parliamentary. That is all.

ശ്രീ. ടി. വി. തോമസ്: ഞാൻ ആ വാക്കു പിൻവലിക്കുന്നു. അസത്യം പറയുകയാണ്—ചെയ്ത അപരാധത്തിന് ധൈര്യമില്ലാതെ അസത്യം പറയുകയാണ്. ദുഷ്ടന്മാർ സാധാരണ ഭീരുക്കളാണെന്നു കേട്ടിട്ടുണ്ട്. പോലീസ് മന്ത്രിയുടെ കാര്യത്തിൽ ഇതു എത്രകണ്ടു അർത്ഥവത്തായിരിക്കുന്നു.

പട്ടുമല സംഭവം ഈ മന്ത്രിയുടെ തേർവാഴ്ചയ്ക്കൊരു കീർത്തിമുദ്രയാണ്. മാസത്തിൽ ഒരു ദിവസമെങ്കിലും അവിടത്തെ തൊഴിലാളികൾക്ക് അരിയുടെ ആഹാരം കഴിക്കണമെന്നു ആവശ്യപ്പെട്ടതിനു പോലീസ് അവരെ വെടിവയ്ക്കുകയാണുണ്ടായതു്. ഉദ്ദേശം ആയിരത്തി അഞ്ഞൂറോളം വരുന്ന തൊഴിലാളികളെ പോലീസുകാർ സ്റ്റെൻഗൺ കൊണ്ടു വെടിവച്ചു. ഒൻപതു ചുററ വെടിവച്ചു. എന്നിട്ട് രണ്ടുപേർമാത്രമെ മരിച്ചിട്ടുള്ളുവെന്നാണ് പറയുന്നതു്. എത്രപേർ മരിച്ചു എന്നു സൂക്ഷ്മമായി അറിയുന്നതിന് നമുക്കും ഒരു കടമയില്ലേ. അതിന്റെ യഥാർത്ഥസ്ഥിതിഗതികൾ അറിയുന്നതിന് ഒരു പരസ്യാന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മറുപടി അങ്ങിനെ പരസ്യാന്വേഷണം നടത്തിയാൽ പോലീസിന്റെ മനോവീര്യം നഷ്ടപ്പെടുമെന്നാണ്. പോലീസിന്റെ മനോവീര്യത്തെക്കാൾ പ്രാധാന്യമർഹിക്കുന്ന ബഹുജനങ്ങളുടെ മനോവീര്യം സംരക്ഷിക്കുന്നതിനു അദ്ദേഹത്തിനു ഉൽക്കണ്ഠയില്ല. പോലീസിനെ സംബന്ധിച്ചിടത്തോളം അവരുടെ മനോവീര്യം സംരക്ഷിക്കണം. അതിനു ഇത്രയും രക്തദാഹം കാണിച്ചു. അങ്ങിനെ ഒരു കീർത്തിമുദ്രതന്നെ അദ്ദേഹം സമ്പാദിച്ചു.

രക്തദാഹം പോലെതന്നെയാണ് അദ്ദേഹത്തിന്റെ ധനദാഹവും. അദ്ദേഹം കൈക്കൂലി വാങ്ങിക്കുന്നു എന്നുള്ളതു് ഇന്നും ഇന്നലെയും ഉള്ള ഒരാരോപണമല്ല. സഖാവു ശ്രീകണ്ഠൻ നായർ മാത്രമല്ല ഇതുപോലുള്ള ആരോപണം പുറപ്പെടുവിച്ചിട്ടുള്ളതു്. അദ്ദേഹത്തിന് കൈകാര്യകർത്തൃത്വമുള്ള കാര്യങ്ങളിലെല്ലാം ഈ മാതിരി ആരോപണങ്ങൾ കേൾക്കുന്നുണ്ട് സാർ. ഇനിയും ഈ കാര്യങ്ങളെക്കുറിച്ച് ഈ മന്ത്രിസഭ ഒരു നടപടിയും നടത്താതിരിക്കുന്നതിന്റെ കാരണമെന്താണ്? ഇങ്ങനെ തുടർന്നു പോയാൽ ഈ നാട്ടിന്റെ സ്ഥിതി എന്തായിരിക്കുമെന്ന് നാം ആലോചിക്കേണ്ടതാണ്.

Mr. Speaker: I hope the hon. Member is taking complete responsibility for his statement. I do not of course want to curtail the freedom of discussion. Now an allegation has been made by the hon. Member that a Minister is a regular bribe-taker. That statement affects the privileges of this House and privileges of the hon. Members. Therefore, the House may have to take action on that allegation on a subsequent day if properly raised.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ നാട്ടിലെ ഒരു നല്ല വ്യക്തി എന്നുള്ള മുദ്ര സമ്പാദിച്ച ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ള കൂടി ഒരു സ്ഥലത്തുവച്ചു് മന്ത്രിമാർ കൈക്കൂലി വാങ്ങിയില്ലെങ്കിൽ അവരുടെ ഭാര്യമാർ കൈക്കൂലി വാങ്ങുമെന്നു പറഞ്ഞതു് ഓർമ്മിക്കുന്നുണ്ടോ ?

Mr. Speaker: It is irrelevant and unfounded.

ശ്രീ. ടി. വി. തോമസ് : ഈ ആരോപണം ഉന്നയിച്ചിട്ടുള്ളതു് സാധാരണക്കാരനായ ഒരു വ്യക്തിയല്ല. ഈ നാട്ടിലെ ബഹുജനങ്ങളുടെ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചു് പ്രശസ്തിമുദ്ര ആർജ്ജിച്ചിട്ടുള്ള ഒരു വ്യക്തിയാണു്. ഈ നാട്ടിലെ ഒരു നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയാണു് ഇവിടത്തെ പോലീസുമന്ത്രിയെങ്കിൽ, അതുപോലെ പതിനെട്ടു നിയോജകമണ്ഡലങ്ങളുടെ പ്രാതിനിധ്യമുള്ള ഒരാളാണു് സഖാവു് ശ്രീകണ്ഠൻ നായർ എന്നുള്ളതുകൂടി നാം മനസ്സിലാക്കേണ്ടതാണു്. ഇത്രയും പ്രശസ്തനായ ഒരു വ്യക്തി ഉന്നയിച്ചിട്ടുള്ള ഈ ആരോപണം നിസ്സാരമായി തള്ളിക്കളയാവുന്നതാണോ ? അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന ആരോപണങ്ങൾക്കു മറുപടിയായി പറഞ്ഞതു് പണം എന്തിനുവേണ്ടി ചെലവാക്കി എന്നു പറഞ്ഞിട്ടില്ലായെന്നും ആരോപണങ്ങൾ വ്യക്തമല്ല എന്നുമാണു്. സാമിൽ മുതലാളിമാരിൽനിന്നും ആറുശതമാനം ബോണസ്സ് ആവശ്യപ്പെട്ട തൊഴിലാളികൾക്കു്, ആ മുതലാളിമാരോടു് നാലുശതമാനം കൊടുത്താൽ മതിയെന്നും ബാക്കിരണ്ടു ശതമാനം കയ്യിൽ തരണമെന്നു ആവശ്യപ്പെട്ടു എന്നും ആ പണം വാങ്ങി തൊഴിലാളി സമരം അടിച്ചമർത്തുന്നതിനു വേണ്ടി പോലീസിനെ ഉപയോഗപ്പെടുത്തി എന്നും പറഞ്ഞതിനു് കൈക്കൂലി എന്ന 'വാക്കുപയോഗിച്ചിട്ടില്ല എന്നെല്ലാം പറഞ്ഞു് ഒഴിഞ്ഞുമാറുന്നതിൽ എന്തർത്ഥമാണുള്ളതെന്നാണു് എനിക്കു് ചോദിക്കുവാനുള്ളതു്. അദ്ദേഹത്തിന്റെ പേരിലുള്ള ആരോപണത്തെപ്പററി ഈ മന്ത്രിസഭ യാതൊരു നടപടിയും നടത്താത്തതുകൊണ്ടു് ഈ സഭ ആവശ്യമായ നടപടി നടത്തണമെന്നാണെനിക്കു പറയുവാനുള്ളതു്. മന്ത്രിസഭയെപ്പററിയുള്ള ഗുരുതരമായ ആരോപണം പുറപ്പെടുവിച്ചിട്ടുള്ളതു് ഇത്രയും ഉന്നതനും ഏററവും ഉത്തരവാദിത്വബോധവുമുള്ള ഒരു വ്യക്തിയുമാണു്. അതേപ്പററി നടപടി നടത്താതിരിക്കുന്നതു് മന്ത്രിസഭയുടെ അന്തസ്സുപരിപാലിക്കുന്നില്ല എന്നുള്ളതിനൊരു തെളിവാണു്. ആ സ്ഥിതിക്കു് ഈ സഭയുടെ അന്തസ്സു പരിപാലിക്കുന്നതിനെങ്കിലും ഈ സഭയ്ക്കു് അവകാശവും ബാദ്ധ്യതയുമുണ്ടു്. അതുകൊണ്ടു് ഈ സഭയിൽ നിന്നും ഒരു കമ്മിററിയെ തിരഞ്ഞെടുത്തു അന്വേഷണം നടത്തിയാൽ അവിടെ ആവശ്യമായ തെളിവുകൾ ഹാജരാക്കാമെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി. അതിനും ഈ മന്ത്രിസഭ തയാറില്ല. ഇങ്ങനെ ഒരു കമ്മിററി ഉണ്ടാകുന്നപക്ഷം ഈ ആരോപണങ്ങൾ തെളിയിക്കുന്നതിലേക്കു് തെളിവുകൾ ഈ കമ്മിററിയുടെ മുമ്പിൽ വരുന്നതാണു്. അങ്ങിനെ കമ്മിററിയെ നിയമിക്കുന്നപക്ഷം അദ്ദേഹത്തെ രക്ഷിക്കുവാനും അദ്ദേഹത്തിന്റെ അന്തസ്സിനെ പരിപാലിക്കുവാനും അതേ അവസരത്തിൽ ഈ സഭയുടെ അന്തസ്സു പരിപാലിക്കുവാനും സാധിക്കുന്നതാണു്. അതു് ഈ സഭയുടെ ചുമതലയാണെന്നാണു് എനിക്കു പറയുവാനുള്ളതു്.

അദ്ദേഹത്തെപ്പററിയുള്ള മററു ചില ആരോപണങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മററു മന്ത്രിമാരുടെ പേരിലും കൈക്കൂലി വാങ്ങിയതായി ആരോപണങ്ങൾ ഉണ്ട്. അതിൽ എനിക്ക് അതിശയമില്ല. 'എംപ്രാനൽപ്പം കട്ടു ഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും' എന്ന ചൊല്ലുണ്ടല്ലോ. പ്രാഗത്ഭ്യവും തലയെടുപ്പുമുള്ള ഒരു മന്ത്രി ഇങ്ങനെ ചെയ്താൽ മററുള്ള മന്ത്രിമാർ ഇതിൽപരം അഴിമതി കാണിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല.

സർ, ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം അവർ ജനങ്ങളോടു ചെയ്തിട്ടുള്ള വാഗ്ദാനങ്ങളെന്തെങ്കിലും നിറവേററിയിട്ടുണ്ടോ? കഴിഞ്ഞ പ്രാവശ്യം ഈ നിയമസഭയുടെ മുമ്പെ ഹൈക്കോടതിയുടെ ഒരു ബെഞ്ച് തിരുവനന്തപുരത്തേയ്ക്കു മാററാമെന്നു ഒരു വാഗ്ദാനം ചെയ്തു. ഈ പ്രാവശ്യം സഭ കൂടുമ്പോൾ അതിനുവേണ്ടി ഒരു ബിൽ അവതരിപ്പിച്ചുകൊള്ളാമെന്നു മുഖ്യമന്ത്രി ഏററു പറഞ്ഞു. അപ്പോൾ തന്നെ ഈ വാഗ്ദാനം നിറവേററപ്പെടുമോയെന്നു ചില മെമ്പറന്മാർ സംശയം പുറപ്പെടുവിച്ചപ്പോൾ നിയമമന്ത്രി പറയുകയുണ്ടായി, അഭിമാനം പുലർത്താനാഗ്രഹിക്കുന്ന ഒരു മന്ത്രിയെന്ന നിലയ്ക്കു ഇങ്ങനെയൊരു വാഗ്ദാനം ചെയ്യുന്നെങ്കിൽ അതു് പുലർത്തുകതന്നെ ചെയ്യുമെന്നും, അഥവാ ഏതെങ്കിലും കാരണവശാൽ അതു പുലർത്തുവാൻ സാദ്ധ്യമല്ലാതെ വന്നാൽ ഉടനെ മന്ത്രിസഭ രാജിവെച്ചുപിരിയുമെന്നും. ആ വാഗ്ദാനം ഇതുവരെ പാലിക്കുകയുണ്ടായില്ല. എന്നിട്ടും അതേ മന്ത്രിസഭതന്നെ ഇപ്പോഴും കസേരയിൽ ചടഞ്ഞുകൂടി ഇരിക്കുകയാണു്. റൈസ്മില്ലിന്റെ കാര്യത്തിൽ മറെറാരുമന്ത്രി വേറൊരു വാഗ്ദാനം ചെയ്യുകയുണ്ടായി. അതുവരെ അനുവദിച്ചിട്ടുള്ള റൈസ്മില്ലുകളൊഴിച്ചു ബാക്കി ഒരു റൈസ്മില്ലും അനുവദിക്കുന്നതല്ലെന്നു അദ്ദേഹം പറഞ്ഞു. എന്നാൽ അതിനുശേഷം പിന്നീടും റൈസ്മില്ലുകൾ അനുവദിക്കുകയുണ്ടായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ശരിയല്ല.

ശ്രീ. ടി. വി. താമസ്സ്: ശരിയല്ലെങ്കിൽ എന്റെ പ്രസ്താവന തിരുത്താൻ ഞാൻ തയ്യാറാണു്. പക്ഷെ വാസ്തവം അതാണെന്നു തോന്നുന്നില്ല. തമിഴനാട്ടിൽ കുറെ റൈസ്മില്ലുകൾ അനുവദിക്കുകയുണ്ടായി. റേഷനിംഗിന്റെ ആവശ്യത്തിനു അത്യാവശ്യമായി കുറെ റൈസ്മില്ലുകൾ അനുവദിക്കേണ്ടതായുണ്ടെന്നും അതിനാവശ്യമുള്ളത്ര മാത്രം റൈസ്മില്ലുകൾ അനുവദിച്ചതേയുള്ളുവെന്നും ഇനി അനുവദിക്കുന്നതല്ലെന്നുമാണു് അന്നു് അദ്ദേഹം പറഞ്ഞതു്. അതു കഴിഞ്ഞു് പിന്നെയും റൈസുമില്ലുകൾ അനുവദിച്ചിട്ടുള്ളതായി എനിക്കറിയാൻ കഴിഞ്ഞു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ അറിവു ശരിയല്ലെന്നാണു ഞാൻ പറഞ്ഞതു്.

ശ്രീ. ടി. വി. താമസ്സ്: അനുവദിച്ചു എന്നുള്ളതു് വാസ്തവമാണു്. പക്ഷെ ആ തീരുമാനത്തെ എതിർത്തുകൊണ്ടു് കാൺഗ്രസ്പാർട്ടിയിൽ തന്നെ ചില മെംബറന്മാർ പ്രക്ഷോഭണം നടത്തിയപ്പോൾ അതിന്റെ മുമ്പിൽ ചൂളിപ്പോയ മന്ത്രി പിന്നീടു ആ ഉത്തരവുകൾ റദ്ദു ചെയ്യുകയാണുണ്ടായതു്.

Mr. Speaker : When the Minister asserts a fact it is not right for the hon. Member to contradict it. Therefore, if you go on asserting that it is not right, the Members may not be able to meet each other in their points of view. We will, therefore, go on according to accepted notions of parliamentary practice. When the Minister makes a statement, you may accept it or argue against it.

ஸ்ரீ. ஸி. சங்கர் : நாகர்கோவிலில், அதற்குப் பிறபாடும் இரண்டு மில்கள் ஓடிக் கொண்டிருக்கிறதென்பது மந்திரியவர்களுக்குத் தெரியுமா?

ശ്രീ. കെ. കെ. കുമാരപിള്ള: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഒരു മിനിസ്റ്റർ പറയുന്നതു് സത്യമാണെന്നും അല്ലെന്നും വിവാദമുണ്ടായിരിക്കുന്നു. ഞങ്ങളുടെ കണ്ണിന്റെ മുമ്പിൽ കണ്ടുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ഇവിടെ വന്നു പറയുമ്പോൾ അതു് അസത്യമാണെന്നു മന്ത്രി പറഞ്ഞാൽ അതു ഞങ്ങൾ കേട്ടു മിണ്ടാതിരിക്കണമെന്നാണോ പറയുന്നതു് ?

Mr. Speaker : It is all very well. But a parliamentary debate presumes that an argument is advanced on well-known acceptable grounds. If not it will recoil on the Member who has advanced that argument. That is all.

Shr. J. T. Moraes : I would like to know whether a time-limit is fixed for the speeches.

Mr. Speaker : Yes, every Member is entitled to take 15 minutes; but to the mover of the motion ,being also the Leader of the Opposition, I propose to give 30 minutes; I also allow 30 minutes to the Member who is in charge of the subject, on the official side. All the other Members may take 15 minutes, and if they cooperate with me, I can limit the speeches to 15 minutes for each Member, so that more Members may be able to take part in the discussion. Otherwise, only a few members will get opportunity to speak.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ: ശ്രീ. ടി. വി. തോമസ്സിന്റെ അഭിപ്രായം മുഴുവൻ കേട്ടതിനുശേഷവും ശ്രീ. പനമ്പിള്ളി അതു ശരിയല്ലെന്നു വീണ്ടും പറയുന്നു. ഇങ്ങനെ പറയാൻ തുടങ്ങിയാൽ അതിന്റെ സത്യാവസ്ഥയെപ്പറ്റി സഭയ്ക്കു എങ്ങിനെ ബോദ്ധ്യപ്പെടാൻ കഴിയും ?

ശ്രീ. ടി. വി. തോമസു് : സർ, എനിക്കു അരമണിക്കൂർ മാത്രമെ അനുവദിച്ചിട്ടുള്ളുവെന്നു അങ്ങു പറയുകയുണ്ടായി. അത്രയും സമയം കൊണ്ടു എനിക്കു പറയുവാനുള്ളതു മുഴുവൻ പറയാനൊക്കുമെന്നു്—

Mr. Speaker : the hon. Member may conclude soon.

ശ്രീ. ടി. വി. തോമസു് : ഇങ്ങനെ തൊഴിലാളിവർഗ്ഗത്തിനെതിരായി, അഴിച്ചുവിട്ടിരിക്കുന്ന പോലീസുകളുടെ ആക്രമണം ഇന്നത്തെ മന്ത്രിസഭയുടെ തൊഴിലാളിവർഗ്ഗത്തോടുള്ള മനോഭാവത്തേയും അവരുടെ വർഗ്ഗസ്വഭാവത്തേയും പുരോഗമനസ്വഭാവത്തേയും വളരെ സ്പഷ്ടമായി കാണിക്കുന്നുണ്ടു്. തൊഴിലാളികൾ കൂലിക്കും ന്യായമായ ഒരു ജോലി

വ്യവസ്ഥിതിക്കുംവേണ്ടി സമരം ചെയ്യുമ്പോഴും അതിനെ ചെറുക്കാനും അവരെ അമർത്തുവാനും ഇന്നത്തെ മന്ത്രിസഭ ബദ്ധശ്രദ്ധരായിരിക്കുകയാണ്. ഒരു നല്ല വ്യവസ്ഥിതിക്കുവേണ്ടിമാത്രം അവർ സാഹസപ്പെടുകയും സമരംചെയ്യുകയുമാണ് ചെയ്യുന്നതു്. അതിനുവേണ്ടിമാത്രം അവർ പല പല ക്ലേശങ്ങളിൽകൂടിയും വേദനകളിൽകൂടിയും യാതനകളിൽ കൂടിയും മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെ ഏററവും പുരോഗമനപരമായ മനോഭാവത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇവിടത്തെ തൊഴിലാളിവർഗ്ഗത്തെ മർദ്ദിക്കുകയും അവരുടെ പ്രസ്ഥാനങ്ങൾക്കു വിലങ്ങുതടിയായി നിലകൊള്ളുകയും ചെയ്തുകൊണ്ടിരിക്കുന്ന ഇന്നത്തെ മന്ത്രിസഭയെന്നുള്ളതു് ലോകം മുഴുവനും മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. അവരുടെ ലക്ഷ്യത്തിലെത്തുവാൻ അവർ ചില തന്ത്രങ്ങളും അടവുകളും എടുത്തുവെന്നുവരാം. അവരുടെ ആ വക തന്ത്രങ്ങളും അടവുകളും എന്തൊക്കെ ഉദ്ദേശത്തോടുകൂടിയാണെന്നു ചിലക്കു് മനസ്സിലാക്കാൻ കഴിഞ്ഞു എന്നുവരുന്നതല്ല, അങ്ങനെ മനസ്സിലാക്കാൻ കഴിയാതെ വരുന്നവരെല്ലാവരും രാജ്യദ്രോഹികളാണെന്നു ഞാൻ പറയുന്നില്ല. ചിലരിൽ കാണുന്ന മനോഭാവവും പെരുമാററവും മററു ചിലരിൽ കാണുന്ന മനോഭാവത്തേയും പെരുമാററത്തെയുമപേക്ഷിച്ചു് വ്യത്യാസമുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. അതുകൊണ്ടു തൊഴിലാളികളുടെ പ്രസ്ഥാനത്തേയും പ്രവർത്തനത്തേയും എതിർക്കുന്ന എല്ലാവരും രാജ്യത്തിന്റെ പുരോഗമനത്തിനെതിരായി നിൽക്കുന്നവരാണെന്നു ഞാൻ പറയുന്നില്ല. അവർ അതിൽ ക്രിയാത്മകമായി സഹായിക്കുന്നില്ലെന്നുമാത്രമേയുള്ളു. സർ, അങ്ങുതന്നെ പല പ്പോഴും ഞങ്ങളുടെ ചില സംരംഭങ്ങളെ തടയുകയും ഞങ്ങളെ വിമർശിക്കുകയും നിയമസഭാ നടപടികളിൽ ഞങ്ങൾക്കു പരിചയക്കുറവുണ്ടെന്നു താക്കീതു നൽകുകയും ചെയ്യുന്നുണ്ടു്. അതു് ഒരു പ്രതികാരബുദ്ധിയോടുകൂടിയോ ശത്രുമനോഭാവത്തോടുകൂടിയോ അല്ലെന്നും പ്രത്യുത, സ്നേഹത്തോടുകൂടി പറയുന്ന വിമർശനങ്ങളാണെന്നും ഞങ്ങൾക്കു് ബോദ്ധ്യമുണ്ടു്. മററു ചിലർ ഞങ്ങളിൽ വാൻഡ് ഓഫ് പ്രൂഡൻസ് ആരോപിക്കുന്നുണ്ടു്. അതിലും പരാതിയില്ല. പക്ഷെ ഞങ്ങളുടെ പ്രവർത്തനങ്ങളിൽ വിലങ്ങുതടിയായി നിൽക്കുന്നവരും ഞങ്ങളെ, ഈ രാജ്യത്തെ തൊഴിലാളിവിഭാഗത്തേയും അദ്ധ്വാനിക്കുന്ന വിഭാഗത്തെയും, മർദ്ദിക്കുന്നവരും രാജ്യദ്രോഹികളാണെന്നുള്ളതിനു തക്കമില്ല. അടുത്ത ഭാവിയിൽ പുതിയ ഒരു വ്യവസ്ഥിതി സൃഷ്ടിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന വിഭാഗങ്ങളെ നിങ്ങൾ ബോധപൂർവ്വം തടയുന്നു. ഇത്രയും തൊഴിലാളി സമരങ്ങളെ സംബന്ധിച്ചു ശരിയാണെങ്കിൽ അദ്ധ്വാനിക്കുന്ന മററു വിഭാഗത്തെസംബന്ധിച്ചു ഇതു തന്നെയാണ് എനിക്കു പറയാനുള്ളതു്. പൊതുജനതാൽപ്പര്യങ്ങളെ സംരക്ഷിച്ചു കൊള്ളാമെന്നേൽക്കുകയും ബഹുജനങ്ങളുടെ മുമ്പാകെ ഉറപ്പുകൊടുക്കുകയുംചെയ്തുകൊണ്ടു് അധികാരത്തിൽ വന്നതിനുശേഷം അതിലേതെങ്കിലുംകാര്യം ഇന്നത്തെ മന്ത്രിസഭ നിറവേററിയിട്ടുണ്ടോ എന്നാലോചിക്കേണ്ടതാണ്. ബഹുജനങ്ങളെ അഭിമുഖീകരിക്കുന്ന ഇന്നത്തെ പ്രധാന പ്രശ്നങ്ങൾ തൊഴിലും ആഹാരവുമാണ്. ഇവ രണ്ടും നൽകേണ്ടതു് ഗവണ്മെൻറിന്റെ പ്രാഥമിക കടമയാണ്. ഇവിടത്തെ പ്രധാന വ്യവസായങ്ങളായ കയർവ്യവസായം, കൈത്തറിവ്യവസായം, കശുവണ്ടി വ്യവസായം എന്നീ വ്യവസായങ്ങളെല്ലാം പാടെ തകർന്നു കഴിഞ്ഞിരി

ക്കുകയാണ്. സ്റ്റേറ്റിന്റെ കുടികവ്യവസായമായിരിക്കുന്ന കയർ ഇന്നു നാമാവശേഷമായിരിക്കുകയാണ്. ഈ രാജ്യത്തെ തീരപ്രദേശങ്ങളെ മുഖ്യമായി പുലർത്തിക്കൊണ്ടിരിക്കുന്ന ഏക വ്യവസായമായ കയർവ്യവസായത്തിന്റെ അധഃപതനംനിമിത്തം അവിടെയുള്ള ജനത ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന ക്ലേശങ്ങൾക്ക് യാതൊരു പ്രതിവിധിയും ഗവണ്മെന്റ് ചെയ്യുന്നില്ല. ഒരു വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ആ വ്യവസായം സ്തംഭിച്ചുകഴിഞ്ഞാൽപ്പിന്നെയെന്താണു ഗതി? പട്ടിണിയും മരണവും മാത്രം. ആ പട്ടിണിക്കെങ്കിലും ഒരുപശാന്തിയുണ്ടാക്കാൻ വേണ്ടി എന്തെങ്കിലും നടപടിയെടുക്കുവാൻ ഗവണ്മെന്റിനു ചുമതലയില്ലയോ? കഴിഞ്ഞ ഒൻപതുമാസക്കാലമായി കയർവ്യവസായസ്തംഭനം നിമിത്തം ഈ രാജ്യത്തെ തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന പത്തുപതിനെട്ടുലക്ഷം പേർ പട്ടിണിയിലേയ്ക്കു് സാവധാനമായി നീങ്ങിക്കൊണ്ടിരിക്കുകയാണ്. അവിടെ പട്ടിണിയില്ലെന്നു ഇവിടത്തെ ഗവണ്മെന്റ് ഒൻപതുമാസക്കാലം പ്രചരണം ചെയ്തുകൊണ്ടിരുന്നു. അങ്ങനെയുള്ള പ്രചരണത്തിന്റെ ഫലമായി കേന്ദ്രത്തിൽനിന്നും മറ്റു പ്രദേശങ്ങളിൽനിന്നും നമുക്കു ലഭിക്കുമായിരുന്ന സഹായങ്ങൾ ലഭിക്കുവാനുള്ള സന്ദർഭം നഷ്ടപ്പെടുകയുണ്ടായി. അതുകൊണ്ടുമായില്ല, നിരന്തരമായ ക്ലേശവും ദുരിതവും അനുഭവിക്കുന്ന ജനതയ്ക്കു അൽപ്പമെങ്കിലും ആശ്വാസം നൽകാനായി മറ്റു ചില സംഘടനകൾ ദുരിതനിവാരണങ്ങൾക്കായി ശ്രമിച്ചു. അതു ഗവണ്മെന്റിനു ഇഷ്ടപ്പെട്ടില്ല. അവരുടെ പ്രവർത്തനം കണ്ടപ്പോൾ ഗവണ്മെന്റിനു അടങ്ങിയിരിക്കാൻ നിവൃത്തിയില്ലാതെ വന്നു. അവരുടെ ശ്രമങ്ങൾ ചീഫ്മിനിസ്റ്റർക്കു സഹിച്ചില്ല. ഒടുവിൽ അദ്ദേഹം അവിടെ പട്ടിണിയുണ്ടെന്നു സമ്മതിച്ചു. പക്ഷെ മറ്റുള്ളവർ ചെയ്യുന്ന ദുരിതനിവാരണനടപടികൾ വെറും രാഷ്ട്രീയ മുതലെടുപ്പാണെന്നും അതുകൊണ്ടു് അതിലാരും സഹായിക്കരുതെന്നും വിളംബരം ചെയ്തു. അങ്ങനെ ചീഫ് മിനിസ്റ്റർ ഒരു ഫണ്ട് ഉണ്ടാക്കി. ആ ഫണ്ട് ചില കക്ഷികളുടെ രാഷ്ട്രീയ മുതലെടുപ്പിനെ നിരോധിക്കുന്നതിനെന്നു പറഞ്ഞുകൊണ്ടു 'അരാഷ്ട്രീയമായി' ഉണ്ടാക്കിയതാണ്. പക്ഷെ ഫണ്ട് കൈകാര്യം ചെയ്യുന്നതു് കാൺഗ്രസ്സുകാരാണ്. ആ ഫണ്ട് പിരിച്ചെടുക്കുന്നതിന് ഗവണ്മെന്റിന്റെ സ്വാധീനശക്തിയും അധികാരവും ഉപയോഗിക്കുന്നുണ്ട്. ഗവണ്മെന്റധികൃതന്മാരും മന്ത്രിമാരും കാൺഗ്രസ് പ്രമുഖന്മാരും എല്ലാവരുംകൂടി ഇതുവരെ ശ്രമിച്ചിട്ടു ഫണ്ടിനു പിരിച്ച രൂപയാണെങ്കിൽ, മൈസൂരിലെ മന്ത്രി ശ്രീ. ഹനുമന്തയ്യ ഏറ്റവും ചുരുങ്ങിയ കാലംകൊണ്ടു രണ്ടരലക്ഷം രൂപാ പിരിച്ചപ്പോൾ, ഇവിടെ കേവലം പതിനെണ്ണായിരം രൂപമാത്രമാണ്.

ശ്രീ. എ. ജെ. ജാൺ: ആ കണക്കു തെറ്റാണ്.

ശ്രീ. ടി. വി. താമസ്: കണക്കിൽ കൂടുതൽ തുക കണ്ടേക്കാം. പക്ഷെ ജനങ്ങൾ പൂർണ്ണമനസ്സോടുകൂടി കൊടുത്തിട്ടുള്ള തുക പതിനെണ്ണായിരം മാത്രമാണ്. മറ്റു പല കാര്യങ്ങൾക്കും ആയിരക്കണക്കിനു രൂപാ സംഭാവന നൽകുന്ന ഒരു വിഭാഗക്കാർ കായലിനപ്പുറത്തു കിടക്കുന്ന തീരപ്രദേശങ്ങളിലേക്കുള്ള ദുരിതനിവാരണശ്രമത്തിനായി പത്തു രൂപാപോലും സംഭാവനചെയ്യുവാൻ ഇതുവരെ തയാറായിട്ടില്ല.

കാൺഗ്രസ് മണ്ഡലം എന്നുള്ള ശീർഷകത്തിലാണ് ഈ ഫണ്ട് വിതരണം ചെയ്യുന്നതിനുള്ള കാർഡ് അച്ചടിച്ചിരിക്കുന്നത്. ഇതേ സംബന്ധിച്ചു ഞാൻ ചീഫ് മിനിസ്റ്ററോട് ചോദിച്ചപ്പോൾ അദ്ദേഹം ഞഞ്ഞാപിഞ്ഞാ പറയുകയാണു ചെയ്തത്. സത്യസന്ധനെന്നു പറയുന്ന അദ്ദേഹത്തിൻെറ വഞ്ചനയിതാണെങ്കിൽ അങ്ങേയററത്തെ കള്ളൻ എന്നു പേരു കേട്ടിരിക്കുന്നവരുടെ വഞ്ചനയെത്രമാത്രമായിരിക്കുമെന്നു ഊഹിക്കാവുന്നതാണ്. ജനങ്ങളോട് ഇത്രമാത്രം വഞ്ചനചെയ്തിട്ടുള്ള ഈ മന്ത്രിസഭ ഇനിയും തുടർന്നു ഭരിച്ചുകൊണ്ടുപോകുവാൻ യാതൊരർഹതയുമില്ല.

എനിക്ക് ഈ അവസരത്തിൽ എൻെറ തമിഴ്നാട് സ്നേഹിതന്മാരോട് ഒരപേക്ഷയുണ്ട്. നിങ്ങൾ കോൺഗ്രസ്സിൻെറ ഭീകരമർദ്ദനത്തിനു ഇരയായിത്തീർന്ന അവസരത്തിൽ നിങ്ങളുടെ കൂടെനിന്നു നിങ്ങളെ സഹായിച്ചത് ഇടതുപക്ഷപാർട്ടികളാണ്. ഇന്നു ഇടതുപക്ഷപാർട്ടികളുടെ മർദ്ദനത്തിനുവേണ്ടി ഒത്താശ നൽകുന്നതിനും കൂട്ടുനിൽക്കുന്നതിനും നിങ്ങൾ ഒരുങ്ങുന്നതു ശരിയാണോയെന്നാലോചിക്കേണ്ടതാണ്. ഈ കാൺഗ്രസ്സുമായുള്ള കൂട്ടുകെട്ടുനിമിത്തം നിങ്ങളുടെ യാതൊരു ജീവൽപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുകയില്ല, അക്കാര്യം തീർച്ചയാണ്. ഹൈക്കോടതിക്കാര്യം നിങ്ങളുടെ ജീവൽപ്രശ്നമാണ്. അതു എങ്ങനെയാണു കാൺഗ്രസ്സ് ഗവണ്മെൻറ് കൈകാര്യം ചെയ്യുന്നതെന്നു നിങ്ങൾക്കറിയാമല്ലോ. നിങ്ങൾക്കിപ്പോൾ കുടിക്കാൻ വെള്ളംപോലും കിട്ടുന്നില്ല. അതുകൊണ്ടു നിങ്ങൾക്കാപത്തുണ്ടായ അവസരത്തിൽ നിങ്ങളുടെ അടുക്കൽ സഹായഹസ്തങ്ങളുമായി ഓടിയെത്തിയ ഇടതുപക്ഷപാർട്ടികളുടെ ആശ്വാസത്തിനുവേണ്ടി നിങ്ങൾ ഒത്താശ ചെയ്യുകയല്ലേ വേണ്ടതെന്നു നിങ്ങൾ ശാന്തമായി ആലോചിക്കണം.

ജനാധിപത്യത്തിൻെറ പേരിൽ ആണയിടുന്ന കാൺഗ്രസ്സുപാർട്ടി നേരും നെറിയുമില്ലാതെ പ്രവർത്തിക്കുന്നതു രാജ്യക്ഷേമത്തിനു ഹാനികരമല്ലേ? ലോകം പുരോഗമിക്കുന്നതു ഭരണവ്യവസ്ഥകൾ ഓരോന്നിനെ പിൻതലത്തിലാക്കിക്കൊണ്ടാണ്. പഴയവ്യവസ്ഥിതിയെ തകർത്തു മുൻപോട്ടു പോകുന്ന ലോകം. അതിലേക്കു സമരത്തിലിറങ്ങിയ യോദ്ധാക്കളെ പുതിയ വ്യവസ്ഥിതിയിൽപോലും കാരാഗൃഹത്തിലടയ്ക്കുന്ന ഭരണാധികാരികൾ പഴയ വ്യവസ്ഥിതിയുടെ മുട്ടുതാങ്ങുന്നവരാണ്, പുതിയ വ്യവസ്ഥിതിയുടെ ശത്രുക്കളാണ്, രാജ്യദ്രോഹികളാണ്. പഴയ വ്യവസ്ഥിതിയെ തകർക്കുന്നതിനു വേണ്ടി ത്യാഗങ്ങളും ക്ലേശങ്ങളും സഹിച്ച് സമരം ചെയ്തവരെ നിഷ്ഠുരമായി മർദ്ദിക്കുന്നവരാണിവർ. അതേ സമയത്തു ജനായത്തഭരണവാദികളാണെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. കാൺഗ്രസ്സ് അധികാരത്തിൽ വന്നാൽ ആദ്യമായി ചെയ്യുന്നത് സി. പി. ഭരണത്തെ എതിർത്ത പുന്നപ്ര–വയലാർ സഖാക്കളെ മോചിപ്പിക്കുകയായിരിക്കുമെന്നു പറഞ്ഞ മഹാരഥനാണു ഇപ്പോഴത്തെ പോലീസുമന്ത്രി. പൂജപ്പുര ജയിലിൽ നിന്നു ഉയർന്നുവരുന്ന രോദനങ്ങൾ ചെവിക്കൊള്ളാൻ മന്ത്രിസഭ ഇനിയും തയ്യാറില്ല. അതു നൈരാശ്യത്തിൽനിന്നും ദീനതയിൽനിന്നും ഉയരുന്ന രോദനമല്ല. പ്രത്യുത പ്രതികാരത്തിനുള്ള നിശ്വാസമാണ്, രാഷ്ട്രീയ നന്ദികേടിനെതിരായുള്ള ഗർജനമാണ്. ഈ സഖാക്കൾ അക്രമം കാണിച്ചവരാണെന്നു ഒരാരോപണം പ്രചരിപ്പിക്കുന്നുണ്ട്. അതിന് എനിക്കു മറുപടി പറയാനുണ്ട്. സർ സി. പി.

യുടെ ഭരണകാലത്തു പോലീസിനെയും ഗുണ്ടാകളേയും അദ്ദേഹം രാഷ്ട്രീയപ്രവർത്തകരുടെ നേരെ അഴിച്ചുവിട്ടു. ൧൧൨൨ തുലാമാസം ൨-നു കട്ടിയാട്ടു ശിവരാമപ്പണിക്കരുടെ വീട്ടിൽവച്ച് സർ സി. പി. യുടെ ഈ വിധപ്രവൃത്തികളെപ്പററി ചിന്തിക്കുന്നതിനും അതിനെതിരായി ഒരു തീരുമാനം എടുക്കുന്നതിനുമായി ഒരു കാൺഫറൻസു കൂടിയിരുന്നു. ആ കാൺഫറൻസിൽ ഞാനും ഇപ്പോഴത്തെ ബഹുമാനപ്പെട്ട പോലീസുമന്ത്രിയും ഉൾപ്പെട്ടിട്ടുണ്ടായിരുന്നു. ആ കഥ അദ്ദേഹം അനുസ്മരിക്കുന്നുണ്ടോ യെന്നു ഞാൻ ചോദിക്കുന്നു. സഖാവു രാഘവൻപിള്ളയെ ഒരു നിസ്സാര കാര്യത്തിനു വേണ്ടിയാണ് ശിക്ഷിച്ചു ജയിലിൽ അടച്ചതു്. അദ്ദേഹം ബഹുജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയാണ്. ബഹുജനങ്ങളോടു ഒരു കടമ അദ്ദേഹത്തിനുണ്ടു്. ആ കടമ, ഒരു പ്രതിനിധിയെന്ന നിലയിൽ നിറവേററുന്നതിനു ഇന്നത്തെ മന്ത്രിമാർ അനുവദിക്കാതാണിരിക്കുന്നതു്. ഒരു പുയിയ ഭരണഘടന നടപ്പിൽ വന്നു. അതിൻെറ അടിസ്ഥാനത്തിൽ ഒരു പുതിയ തിരഞ്ഞെടുപ്പുനടന്നു. ഒരു പുതിയ നിയമസഭയും രൂപീകരിച്ചു. ഇതിനെല്ലാത്തിനും മുൻപു നടന്ന ഒരു ട്രേഡ്യൂണിയൻ സമരത്തിൽ പങ്കെടുത്തു എന്ന കാരണം പറഞ്ഞുകൊണ്ടു തിരഞ്ഞെടുപ്പിനു വിജയിച്ച ഒരു ജനപ്രതിനിധിയെ നിയോജകമണ്ഡലത്തിനോടുള്ള ചുമതല നിറവേററാൻ അനുവദിക്കാത്തതു് ജനകീയമര്യാദയ്ക്കു യോജിച്ചതാണോ? ഇവർ ജനായത്ത മര്യാദയെ അതിലംഘിച്ചു പ്രവർത്തിക്കുന്നവരാണ്. ജനങ്ങളുടെ പ്രാഥമികമായ അവകാശങ്ങൾപോലും സംരക്ഷിക്കാൻ തയ്യാറാകാത്ത ഒരു മന്ത്രിസഭയാണ് ഇതെന്നു തെളിഞ്ഞിരിക്കുന്നു. മാത്രമല്ല, കൈക്കൂലി, അഴിമതി, സ്വജനപക്ഷപാതം മുതലായ ഗുരുതരമായ ആരോപണങ്ങൾക്ക് വിധേയമായ ഒരു മന്ത്രിസഭയാണ് ഇപ്പോൾ ഭരിക്കുന്നതു്. പൊതുജനങ്ങളോടു ഈവിധ അക്ഷന്തവ്യമായ ആരോപണങ്ങൾക്ക് കാരണക്കാരായ ഈ മന്ത്രിസഭയ്ക്കു തുടർന്നു ഭരിക്കാൻ അവകാശമില്ലതന്നെ. ഭീകരമായ പോലീസുവാഴ്ച, ഭീകരമായ ഗുണ്ടാവാഴ്ച, ഇങ്ങനെ തുടങ്ങി പലവിധത്തിലുള്ള ജനദ്രോഹകരമായ നടപടികളാണ് ഇവർ നടത്തിക്കൊണ്ടിരിക്കുന്നതു്. ഈവിധ ഭരണസമ്പ്രദായം ഇനിമേലാൽ തുടരാൻ അനുവദിച്ചുകൂടായെന്നാണ് ഞങ്ങളുടെ അഭിപ്രായം. ജനാധിപത്യത്തിൽ വിശ്വാസവും ജനാധിപത്യഭരണസമ്പ്രദായം യഥാർത്ഥത്തിൽ ഉണ്ടാകണമെന്നു ആഗ്രഹിക്കുന്നവരും ഈ പ്രമേയത്തെ പിൻതാങ്ങുമെന്നുതന്നെയാണ് ഞങ്ങൾ വിശ്വസിക്കുന്നതു്. ആയതിനാൽ ഒരു യഥാർത്ഥജനായത്തഭരണത്തിനുവേണ്ടി കാത്തിരിക്കുന്ന ഈ രാജ്യവാസികൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി അവരെ പ്രതിനിധീകരിക്കുന്ന ഈ സഭയിലുള്ള എല്ലാ മെംബർമാരും ഈ പ്രമേയത്തെ പിൻതാങ്ങണമെന്ന് അപേക്ഷിച്ചുകൊണ്ടു് പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ബേബിജാൺ: സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നു. എന്നെ ഈ നിയമസഭയിലേയ്ക്കു് തിരഞ്ഞെടുത്തതു് ഒൻപതുമാസങ്ങൾക്ക് മുമ്പാണ്. എന്നെ തിരഞ്ഞെടുത്തതിനു ശേഷം നിയമസഭയുടെ രണ്ടു സമ്മേളനം കഴിഞ്ഞിട്ടുണ്ടു്. നിർഭാഗ്യവശാൽ ജയിൽവാസം അനുഭവിച്ചുകൊണ്ടിരുന്ന എനിക്ക് മൂന്നാഴ്ചയ്ക്കു് മുൻപിൽമാത്രമെ ജയിലിൽനിന്നും പുറത്തുവരാൻ സാധിച്ചുള്ളു. എന്നെ

പ്പോലെതന്നെ ജനപ്രതിനിധിയായ സഖാവു രാഘവൻപിള്ള ഇന്നും ജയിൽവാസം അനുഭവിക്കുകയാണു്. തൊഴിൽതർക്കം മുഖാന്തരം ന്യായമായ തീരുമാനത്തിനുവേണ്ടി സമരംചെയ്ത ഒരു വ്യക്തിയാണു് സഖാവു രാഘവൻപിള്ള. ന്യായമായ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനു സമരംചെയ്തിട്ടുള്ള അനവധി സഖാക്കളും ഇന്നു് ജയിലിനകത്തു ഉണ്ടു്. ഇന്നത്തെ മന്ത്രിമാർ മന്ത്രിമാരാകാൻവേണ്ടി സമരംചെയ്തിട്ടുള്ള സഖാക്കളാണു് ഇവരിൽ പലരും. പുന്നപ്രവയലാർ സമരത്തിൽ പങ്കെടുത്ത സഖാക്കൾ ഇന്നും ജയിലിൽ കിടക്കുകയാണു്. ഞാൻ ഇങ്ങോട്ടു പോരുന്ന അവസരത്തിൽ എല്ലാവരെയും ഞാൻ സന്ദർശിക്കുകയും അവരുടെ മോചനത്തിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്കയുണ്ടായി. എന്നാൽ ഒരു കാര്യം അവർ എന്നെ ചുമതലപ്പെടുത്തിയിട്ടുണ്ടു്. അതു് എന്തെന്നാൽ, അങ്ങേക്കും ഈ സഭയ്ക്കും അവരുടെ അഭിവാദനങ്ങൾ അറിയിക്കുകയെന്നുള്ളതാണു്. (ഹീയർ, ഹീയർ.)

(Clapping of hands from the gallery)

Mr. Speaker: Such demonstrations from the gentlemen of the gallery are not allowed.

ശ്രീ. ബേബിജാൺ: സ്വാതന്ത്ര്യം കിട്ടിയതിനുശേഷം നടന്ന തിരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ ഈ സംസ്ഥാനത്തു് തടങ്കലിൽ വെച്ചിരുന്ന കുറെയധികംപേരെ മോചിപ്പിക്കുകയുണ്ടായി. എന്നാൽ രണ്ടു നിയമസഭാസാമാജികന്മാരെ അന്നു മോചിപ്പിച്ചില്ല. അതിനു മുഖ്യമന്ത്രിയുടെ മറുപടി എന്തെന്നാൽ, വ്യക്തമായ കുറ്റങ്ങളുടെ അടിസ്ഥാനത്തിൽ ശിക്ഷിക്കപ്പെട്ട ആളുകളായതുകൊണ്ടു് ഇവരെ കാലാവധിക്കുമുമ്പു് മോചിപ്പിക്കാൻ നിവൃത്തിയില്ലെന്നായിരുന്നു. സർ സി. പി. യുടെ കാലത്തു് കോഴിമോഷ്ടിച്ചവൻ, ട്രാൻസ്പോർട്ട്ബസ്സിനു തീ വച്ചവർ ഇവരെയൊക്കെ ശിക്ഷയുടെ കാലാവധി തീരുന്നതിനു മുമ്പു് പുറത്തുവിടുകയുണ്ടായി. അവരാണു് ഈ രാഷ്ട്രീയതടവുകാരുടെ മേൽ കുറ്റം ആരോപിക്കുന്നതു്. ഇവർക്കു് നാണമില്ലേ ?

Mr. Speaker: Not that I am objecting to such usage. But when it is translated into English it is 'shameless' which is unparliamentary.

ശ്രീ. ബേബിജാൺ: ലജ്ജയില്ലേ, സർ, ഞാൻ ഈ നിയമസഭയിൽ സംസാരിക്കുമ്പോൾ എന്റെ മുമ്പിൽ സജീവമായ ചില ചരിത്രചിത്രങ്ങൾ ദൃശ്യമാകുന്നു. ഈ അവിശ്വാസപ്രമേയത്തെ പിൻതാങ്ങിക്കൊണ്ടു് സംസാരിക്കാൻ എനിക്കു് സാധിച്ചതുതന്നെ എന്റെ ഭാഗ്യമായി കരുതുന്നു. പുന്നപ്രവയലാർ സമരത്തിലെ സഖാക്കൾകൂടി ഇവിടെയുണ്ടായിരുന്നെങ്കിൽ ഇതിലും കൂടുതൽ ആഹ്ലാദം എനിക്കു ഉണ്ടാകുമായിരുന്നു. ശിക്ഷയുടെ കാലാവധി തീരുന്നതിനുമുമ്പു് ജയിലിനകത്തുനിന്നും പുറത്തുവന്നവർ മന്ത്രിമാരായിരിക്കുകയും അതെ സമയം രാജ്യത്തിനും രാജ്യക്ഷേമത്തിനും വേണ്ടി ധീരധീരം സമരംചെയ്ത സഖാക്കൾ ജയിൽവാസം അനുഭവിക്കുകയും ആണു് ചെയ്യുന്നതു്. ഞാൻ ജയിലിൽനിന്നും പുറത്തുവന്നയുടനെ എന്റെ നിയോജകമണ്ഡലമായ ചെറിനാടിലേയ്ക്കു് പോകുകയുണ്ടായി. കയർവ്യവസായം ഞാൻ പ്രതിനിധീകരി

ക്കുന്ന പ്രദേശങ്ങളിലെ രക്തനാഡിയാണ്. പതിനായിരക്കണക്കിന് ആളുകൾ ജോലിചെയ്ത് ഉപജീവനമാർഗ്ഗം നിർവ്വഹിച്ചുപോരുന്ന ഒന്നാണ് കയർവ്യവസായം. അൽപ്പദിവസങ്ങൾക്കുമുമ്പ് കുറഞ്ഞ കൂലിതന്നെയാണെങ്കിലും ഒരുവിധം തൊഴിൽചെയ്ത് ഉപജീവനം കഴിച്ചുകൊണ്ടിരുന്ന ജനതതി ഇപ്പോൾ തൊഴിലും കൂലിയും ഇല്ലാതെ കഷ്ടപ്പെടുകയാണു ചെയ്യുന്നത്. അല്പം ചില തൊഴിൽ ഉണ്ടെങ്കിൽതന്നെയും നിലവിലുള്ള കൂലി വെട്ടിക്കുറച്ചതുനിമിത്തം അതിലും ജീവിക്കാൻ മാർഗ്ഗമില്ലെന്നുള്ള രീതിയിൽ എത്തിച്ചേർന്നിരിക്കുകയാണ്. ജയിലിൽ കിടന്ന ഞാൻ പെരിനാട്ടു ചെന്നപ്പോൾ അവിടെ ഒരു ശ്മശാനമൂകതയാണ് ദൃശ്യമായത്. പോലീസുകാരുടെ വണ്ടികൾ ഗുണ്ടാകളുടെ ഭീഷണിപ്രവർത്തനങ്ങൾ ഇവയല്ലാതെ മററു യാതൊന്നും കാണാനില്ല. പാവപ്പെട്ടവരുടെ ചെററപ്പുരകൾ പലതും വലിച്ചുപൊളിച്ചു ഇട്ടിരിക്കുന്നു. അവർ നിത്യദുരിതമനുഭവിച്ചു കഷ്ടപ്പെടുന്നുവെന്നുതന്നെവേണം പറയാൻ. സർ, ഈ അനിഷ്ടസംഭവം പെരിനാട്ടുമാത്രമല്ല രാജ്യത്തിൻെറ പല ഭാഗത്തും നടന്നിട്ടുണ്ട്; നടക്കുന്നുമുണ്ട്. ഉദാഹരണമായി മുണ്ടക്കയം, കൊല്ലം ചവറ ഈ സ്ഥലങ്ങളിലെ സ്ഥിതിഗതികൾ നോക്കുക. മാത്രമല്ല, എവിടെയെല്ലാം തൊഴിലാളികൾ സംഘടിതമായി പ്രവർത്തിക്കുന്നുണ്ടോ അവിടെയെല്ലാം ഈ സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. പക്ഷെ, അതിനു വ്യക്തമായ ഒരു കാരണവും ഉണ്ട്. അതായത് രാജ്യത്തെ പ്രമുഖവ്യവസായികളുടെ ഒരു പഴയവക്കീലാണ് ഇന്നത്തെ പോലീസുമന്ത്രി. അതിൻെറ പ്രത്യാഘാതമാണ് ഈ കാണുന്നത്. അതായത് പോലീസിനെ അഴിച്ചുവിട്ടു മർദ്ദനം നടത്തുകയാണ്. ഇതുകൂടാതെ മറെറാരു പ്രധാനസംഗതി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. അതു് സഖാവു ശ്രീകണ്ഠൻനായർ ഉന്നയിച്ച ആരോപണത്തെ സംബന്ധിച്ചാണ്.

Mr. Speaker : I am not preventing you from doing so. But that point has been sufficiently dealt with by the Leader of the Opposition. Repetition of points as far as possible may be avoided.

Shri Baby John: I shall try to avoid repetition.

സഖാവു ശ്രീകണ്ഠൻനായർ ഉന്നയിച്ചിട്ടുള്ള ഗുരുതരമായ ആരോപണങ്ങൾക്ക് ശരിയായവിധത്തിൽ മറുപടി പറയാതെ ഒഴിഞ്ഞുമാറുകയാണ് ചെയ്തിരിക്കുന്നത്. പ്രതിപക്ഷത്തുനിന്നും കൊണ്ടുവരുന്ന ആരോപണങ്ങൾ വെറും വൈരാഗ്യത്തോടുകൂടിയാണെന്നു് പറഞ്ഞു് ഒഴിഞ്ഞുമാറുന്ന ഒരു സ്വഭാവമാണ് ഇവിടത്തെ ട്രഷറിബഞ്ചിനുള്ളതു്. എനിക്കു അതിനു പറയാനുള്ള മറുപടി എന്തെന്നാൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങൾക്ക് മറുപടിപറയാതെ ഈവിധം ഒഴിഞ്ഞുമാറി നിൽക്കുന്നതു് ഒരിക്കലും ജനാധിപത്യത്തിനു യോജിച്ചതല്ലെന്നും ഇതു നിമിത്തം പൊതുജനങ്ങളുടെ ഇടയിൽ മന്ത്രിസഭയെപ്പററി വലിയ തെററിദ്ധാരണ ഉണ്ടാകാൻ ഇടയായിട്ടുണ്ടെന്നും, ആകയാൽ ആരോപണങ്ങളെ സംബന്ധിച്ചിടത്തോളം പൊതുജനസമക്ഷം തെററിദ്ധാരണ നീക്കാൻ ഈ മന്ത്രിസഭ ഉത്തരവാദിയാണെന്നുമാണ്.

സർ, അനാവശ്യമായ ആരോപണങ്ങൾ നടത്തുകയല്ല ഞാൻ ചെയ്യുന്നതു്. പാവപ്പെട്ട ആളുകളുടെ നേരെ തോക്കുനീട്ടിക്കൊണ്ടാണു

[Shri Baby John.]

ഇന്നത്തെ ഭരണകൂടം നിലകൊള്ളുന്നതു്. ഈ ഭരണകൂടത്തിന്റെ നില അത്രമാത്രം അധഃപതിച്ചിരിക്കുന്നു. ഈ ഭരണകൂടത്തിന്റെ അരങ്ങേററം ഈ രാജ്യത്തിന്റെ ചരിത്രത്തിൽ തൊഴിലാളിപ്രശ്നങ്ങൾക്കു് പരിഹാരമായി വെടിയുണ്ടയാണു് സമ്മാനിച്ചതു്. ഭരണഭാരം കയ്യേററശേഷം നാട്ടിന്റെ പുരോഗതിക്കുവേണ്ടി ഇന്നത്തെ ഭരണകൂടം ചെ
12 Noon. യ്യുന്ന പ്രവർത്തനങ്ങളുടെ ഒരു പുതിയ കാലുവയ്പാണു് ഈ വെടിവയ്പു്. അതുകൊണ്ടു് ആ പ്രശ്നം അവസാനിക്കുന്നില്ല. പീരുമേട്ടിലെ തേയിലതോട്ടങ്ങളിലെ വെടിവയ്പിനുശേഷവും അതു് അവസാനിച്ചിട്ടില്ല. ഇന്നും നാട്ടൊട്ടുക്കു് ആ ദുർഗ്ഗന്ധം വമിക്കുന്നുണ്ടു്. അതുപോലെതന്നെ മുമ്പെങ്ങും കേട്ടിട്ടില്ലാത്ത രീതിയിൽ പോലീസിനെ അഴിച്ചുവിട്ടു് തൊഴിലാളി പ്രവർത്തകന്മാരെ പട്ടാപ്പകൽ സമയത്തു പോലും മർദ്ദിക്കുന്ന ഒരു അവസ്ഥയുണ്ടായിട്ടുള്ളതു് ഈ കാൺഗ്രസ്സ് മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷമാണു്. ആ മാതിരിയുള്ള അനുഭവങ്ങൾ ഇന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർക്കുതന്നെ നേരിട്ടു് അനുഭവപ്പെട്ടിട്ടുള്ളതാണു്.

Mr. Speaker : Let me make an appeal to hon. Members not to embarrass me by making references to my past.

ശ്രീ. ബേബി ജാൺ : സ്പീക്കറെക്കുറിച്ചല്ലാ ഞാൻ പറയുന്നതു്. ഈ നാട്ടിലെ രാഷ്ട്രീയരംഗത്തിൽ ഇറങ്ങി പ്രവർത്തിച്ചിട്ടുള്ള ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ളയെക്കുറിച്ചാണു്. അത്രമാത്രം നഗ്നമായ രീതിയിൽ പൊതുജനങ്ങളെ പോലീസു മർദ്ദിച്ചതായ ചരിത്രം ഇതിനു മുമ്പുതന്നെ നമുക്കു് കാണുവാനും കേൾക്കുവാനും കഴിഞ്ഞിട്ടുണ്ടു്. ഈ കാര്യം ഞങ്ങൾ ഇവിടത്തെ പോലീസുവകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ടു്, തൊഴിൽവകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ടു്, മുഖ്യമന്ത്രിയേയും അറിയിച്ചിട്ടുണ്ടു്. ആരുപദ്രവിച്ചു, എപ്പോൾ ഉപദ്രവിച്ചു, എന്നുപദ്രവിച്ചു എന്നുള്ള എല്ലാ വസ്തുതകളും ഞങ്ങൾ അറിയിച്ചിട്ടുണ്ടു്. പക്ഷെ പോലീസുവകുപ്പുമന്ത്രിയുടെ പ്രേരണയോടുകൂടി നടന്നിട്ടുള്ള അക്രമങ്ങളെക്കുറിച്ചു് പരാതിപ്പെട്ടാൽ എന്തു പ്രയോജനമാണുണ്ടാകുക. ഞങ്ങളുടെ സഖാക്കളെ റോഡിലിട്ടു മർദ്ദിച്ചു രക്തം ചിന്തിക്കുന്നതു് കണ്ടുകൊണ്ടിരിക്കുവാൻ ഇനി ഞങ്ങൾക്കു് വഹിയാ. ഇനിയതു കണ്ടുകൊണ്ടിരിക്കുവാൻ ഞങ്ങൾ തയ്യാറില്ലെന്നു് ഇതാ താക്കീതു നൽകുന്നു. ഈ രീതിയിൽ മർദ്ദനങ്ങൾ അഴിച്ചുവിട്ടുകൊണ്ടു് മേലും തുടരാമെന്നു വിചാരിക്കുന്നപക്ഷം അതിനു് അടിച്ചാൽ തിരിച്ചടിക്കുന്ന ഒരു അന്തരീക്ഷം ഉണ്ടാകുമെന്നു് ഞങ്ങൾ താക്കീതു നൽകിയിട്ടുള്ളതാണു്. എന്നിട്ടും ആവിധ മർദ്ദനങ്ങൾതന്നെ ഇപ്പോഴും തുടരുകയാണു്. ഈ രാജ്യത്തു പാവപ്പെട്ടവർക്കു് ജീവിക്കുവാൻ തക്കയാതൊരു രക്ഷയും ഇല്ലാതെയാണിരിക്കുന്നതു്. ഈ വക മർദ്ദനങ്ങൾ എപ്പോഴും സുസ്ഥിരമാണെന്നു് വിശ്വസിക്കപ്പെടുന്ന ഒരു ഗവണ്മെന്റിന്റെ അന്ത്യനിമിഷംവരെ ഊർദ്ധ്വശ്വാസം വലിക്കുന്ന ഒരു മരണമണിയായിട്ടു മാത്രമെ ഞങ്ങൾ കണക്കാക്കുന്നുള്ളു.

സർ, പത്തുമലയിലെ വെടിവയ്പിനെക്കുറിച്ചു് ഒരു പരസ്യാന്വേഷണം നടത്തണമെന്നു് ആവശ്യപ്പെട്ടപ്പോൾ പോലീസുവകുപ്പുമന്ത്രി പറഞ്ഞ മറുപടി "പരസ്യാന്വേഷണം നടത്തിയാൽ പോലീസിന്റെ വീര്യം" നശിക്കുമെന്നാണു്. സർ, പോലീസുസൈന്യത്തിന്റെ എല്ലാം അവകാശങ്ങളേയും ചവിട്ടിമെതിച്ചുകൊണ്ടു്, സ്വന്തം ആളുകളുടെ കൽപ്പന

കളെ നിറവേററുവാനായി പോലീസു സൈന്യത്തിന്റെ അവകാശങ്ങളെ പാടെ ധ്വംസിച്ചുകൊണ്ടു ഭരണം നടത്തുകയെന്നുവച്ചാൽ അതിൽപ്പരം അധർമ്മം എന്താണുള്ളതു്? സ്വന്തം ആളുകൾക്കുവേണ്ടിയും, സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടിയും ഈ രാജ്യത്തെ ഭരണകൂടത്തിലിരിക്കുന്നവർ പ്രവർത്തിക്കുകയാണെങ്കിൽ ഈ രാജ്യത്തു് അധഃപതനമല്ലാതെ മറെറന്താണുണ്ടാകുക? പക്ഷെ, ഇതെല്ലാം കണ്ടുകൊണ്ടും കേട്ടുകൊണ്ടും കണ്ടില്ലെന്നും കേട്ടില്ലെന്നും ഭാവിച്ചു് അടങ്ങിയിരിക്കുവാൻ ഞങ്ങൾക്കു് സാദ്ധ്യമല്ല. ആ നില തുടരുവാനനുവദിക്കുവാനും ഞങ്ങൾക്കു് സാദ്ധ്യമല്ല. രാജ്യത്തോടു് സ്നേഹമുള്ള ഒരു ഭരണകക്ഷിയായിരുന്നാലും ശരി, ഇന്നു ഭരണം നടത്തുന്ന കക്ഷി പൊതുജനക്ഷേമത്തെ ആദരിച്ചും അനുസരിച്ചും പ്രവർത്തിക്കുമെന്നു് വിശ്വസിക്കുവാൻ ഞങ്ങൾക്കു് നിർവ്വാഹമില്ല.

അതുപോലെതന്നെ സർ സി. പി. രാമസ്വാമി അയ്യർ പരാജയമടഞ്ഞ സന്ദർഭത്തിൽ അതിനുവേണ്ടി പ്രവർത്തനം നടത്തിയിരുന്ന വൻകിട നേതാക്കന്മാർ, അന്നത്തെ പോലീസിന്റെ ഭയങ്കരമായ മർദ്ദനങ്ങളേയും അക്രമങ്ങളേയും എതിർത്തുകൊണ്ടു് മുന്നോട്ടുപോയവർ ഇന്നിതാ വിരുദ്ധമുന്നണിയുടെ കീഴിൽനിന്നുകൊണ്ടു് കലാപം നയിച്ചുകൊണ്ടിരിക്കുന്നു. വിരുദ്ധമുന്നണിയുടെ ആഭിമുഖ്യത്തിൽ കൂടിയ യോഗത്തിൽ പോലീസു ഇൻസ്പെക്ടർമാർ നോക്കിനിൽക്കുന്ന അവസരത്തിൽ അവരുടെ മുമ്പിൽവച്ചുതന്നെ ഉപയോഗിച്ചിട്ടുള്ള മുദ്രാവാക്യങ്ങൾ "ശ്രീകണ്ഠന്റെ തലകൊയ്യു" എന്നാണു്. ഈ രാജ്യത്തു് നിയമവും സമാധാനവും പരിപാലിക്കാൻ കടമപ്പെട്ട പോലീസുദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിലാണു് ആ മുദ്രാവാക്യം മുഴക്കുന്നതു്.

സഖാവു ശ്രീകണ്ഠൻ നായരുടെ പേരിൽ, ഈ രാജ്യത്തെ പോലീസുവകുപ്പുമന്ത്രിയുടെ കൈക്കൂലിയെ സംബന്ധിച്ചുണ്ടായ ആരോപണത്തിനു ശേഷമാണു് ഇങ്ങിനെയുള്ള മുദ്രാവാക്യങ്ങൾ മുഴങ്ങുവാൻ കാരണമായിട്ടുള്ളതു്. ഇതിന്റെ പുറകിൽ പോലീസുവകുപ്പുമന്ത്രിയുടെ ഹസ്തങ്ങളുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു.

Mr. Speaker : Now you must try to conclude.

Shri Baby John : I will conclude in five minutes, Sir.

Mr. Speaker : Five minutes ? You must understand that you have now taken 17 minutes.

Shri Baby John : Sir, this is a no-confidence motion, so you must excuse me.

Mr. Speaker : You may want to talk about a lot of things. But we have no time for all that.

ശ്രീ. ബേബി ജാൺ : ഞാൻ പുറത്തുവന്നതിനുശേഷം ഒരു സ്വീകരണത്തിൽ സംബന്ധിച്ചു യാതൊരു പ്രകോപനത്തിനും ഹേതുവില്ലാതിരിക്കെ വിരുദ്ധമുന്നണിയിൽനിന്നുള്ള ചിലർ ഞങ്ങളുടെ കാറിനുനേരെ കല്ലെറിഞ്ഞു. ഞങ്ങൾ ആ വിവരം പോലീസിനെ അറിയിച്ചു. അതിനെപ്പററി യാതൊരു അന്വേഷണവും നടത്തിയില്ല. കൊല്ലത്തു് അവിടത്തെ കശുഅണ്ടി മുതലാളിയുടെ കാറിനു കല്ലെറിഞ്ഞുവെന്ന കാരണത്താൽ ചിലരെ ലാക്കപ്പിനുള്ളിലാക്കി നാലഞ്ചുദിവസം വരെ അടച്ചിട്ടു. ഇങ്ങനെ അന്വേഷണമൊന്നും കൂടാതെതന്നെ നാലും അഞ്ചും ദിവസം സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോയി സൂക്ഷിക്കാറുണ്ടു്,

Mr. Speaker: So far as the motion is concerned, this is a very irrelevant matter. Please conclude.

ശ്രീ. ബേബി ജാൺ: അതുകൊണ്ട് ഞാൻ വളരെ വ്യക്തമായി ഈ സഭയെ അറിയിക്കുന്നത് ഈ രീതിയിലുള്ള പോക്ക് അപകടമാണ് എന്നാണ്. ഈ രാജ്യത്തെ പാവപ്പെട്ട ആളുകളുടെ രക്തം ഊററിക്കുടിച്ചുകൊണ്ട് നിങ്ങൾ മൂഢസ്വർഗ്ഗത്തിൽ ജീവിക്കുകയാണ് ചെയ്യുന്നത്. ഈ രാജ്യത്തെ ജനങ്ങളെ ചവിട്ടിമെതിച്ചുകൊണ്ട് ഈ ഭരണം തുടർന്നുപോകണമെന്ന് ഞങ്ങൾക്കാഗ്രഹമില്ല. ഇതാണ് ഞങ്ങൾ നൽകുന്ന താക്കീത്. നിങ്ങൾ മര്യാദയ്ക്ക് സ്ഥാനം ഒഴിഞ്ഞുപോകുക അല്ലെങ്കിൽ ഞങ്ങൾ ചവിട്ടി പുറത്താക്കും. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവിശ്വാസ പ്രമേയത്തെ പിൻതാങ്ങുന്നു.

Shri K. Balakrishna Menon: Sir, the charge sheet against the ministry is a long one, and the counts are many. In order to focus the attention of the House on the cardinal points at issue, I will try to bring all the various counts under two distinct heads; those pertaining to the integrity of character of the ministers, and those pertaining to the incompetency of the cabinet and of the administration. The one, I may call the moral part of the motion and the other, the political part of it.

Sir, in disposing of both these motions, it is my submission that the same set of rules cannot be applied; for this reason, that on political issues there is no common ground between the various political parties. Such issues are, in the ordinary acknowledged way, disposed of by a division of the House; in other words, by a counting of the heads or hands. But the same method cannot be adopted in regard to the moral issue that is involved in the motion.

Sir, regarding the moral issue, there is absolutely no difference between the various political parties; there is common ground. Purity of administration, depending upon integrity of character is as much an essential necessity for the Treasury Benches as for the Opposition. Therefore, in such cases, my submission is that this matter cannot be disposed of by calling on the House to divide itself into Pro or Against. It follows, that from this different treatment of these respective issues, different results would flow. The moral issue is one in which every member of the House, irrespective of party, is interested, and if that is to be disposed of, the only course for the ministry is to go out; whereas, if the political issue is to be disposed of, in accordance with the accepted principle of dividing the House, then the party in power must go. I have stated that, so far as the political issue is concerned, the method adopted is dividing the House, but in regard to the moral issue, what exactly is the standard, or the test to be applied, is a matter for the House to consider. So far as I know, there are only two tests laid down; one, the test laid down by Mahatma Gandhi and the other, that laid down by the Penal law, or common law of the country. Mahatma Gandhi has laid down the ideal of Ram Rajya. You all know what Ram did on the barest whisper against the chastity

of his wife. He did not call Press Conference; he did not suggest to the Reporters that the party might go to a Court of Law. But he merely abandoned his wife. That is one method. The other is to rush to a Court of Law and to sue for libel or slander. The aggrieved party can go to a Court of Law; there the evidence will be recorded and ultimately the Judge will dispose of the case on its merits. I would suggest that both these tests are only extremes. We have necessarily to take a *via media*. That *via media*, according to me is this; where the charge is made by an individual whose character is not questioned, whose motive is not disputed, whose word is taken as true by the people at large without the least hesitation, in such cases, a sphinx like attitude is not to be adpoted by the person charged. At the same time, I would say that either of the two alternatives is not welcome. If any Tom, Dick or Harry at a corner of the street were to say something libellous it is not possible for a ministry to tender its resignation or to rush to a Court of law. The only test that is acceptable is the test of the faith of the people in the person who makes the allegations. Applying these principles to the present case, I believe that we have necessarily to attach some importance to the version that has been given by Shri Srikantan Nair who happens to be a leader of a major political organisation, who happens to be no less a person than a Member of the House of People and who, if I have understood correctly, is held in high esteem in Travancore-Cochin. When such a person like him throws a challenge accepting the responsibility, the people, without taking the trouble of ascertaining the truth or veracity, believe it and they lose their faith in the purity of the administration. And, when a people loses faith in the administration, in my humble opinion, it is the greatest danger to the working of democracy in this country.

Now, you members of the Treasury Bench who profess faith in democracy and we, the Praja-socialists who also profess faith in democracy, if between us on this point there is no difference of opinion. If you believe integrity of character, as essential this shall not be made the subject-matter of a controversy. There is absolutely no necessity for the House to divide on this issue. It is for the Treasury Benches to accept that part of the motion. The only consequence will be that the present administration will have to go or the individual concerned will have to go.

Now, let us look on the other side, that is, the political side. I do not propose to dilate much upon this matter, because I feel that it is not going to serve any purpose. Times without number we, on this side have been pressing on the Government to do something substantial for the amelioration of the conditions of the people. But it seems that the Treasury Benches take it in a very light way: I am worried only on one account. Today, the masses at large are on the cross-roads—cross-roads, I mean not of democracy and socialism but between Democratic Socialism or Totalitarianism. Propaganda is not wanting on either side. But you should consider the predisposition of the masses. It is impossible for them to study the economic principles

[Shri K. Balakrishna Menon.]

If it is told them that it is possible, and very easily possible to divide the riches of the world by resorting to violence—that, violence being the only solution for the doings of autocracy, they believe it. Therefore it is I have been saying that time is up for you to be doing something; but time does not seem to be a matter of concern to the Congress Benches at all. I can best sum up their attitude in the famous lines of a Persian Poet:

"What boots it to repeat.
Time is slipping underneath the feet"
Dead yesterday unborn to-morrow
Why fret about them if to-day be sweet"

That is the attitude. I, therefore, support the motion. I have nothing more to add.

ശ്രീ. കെ. കരുണാകരൻ: സർ, ഈ അവിശ്വാസപ്രമേയം ഈ സഭയിൽ അവതരിപ്പിക്കുവാൻ ഇത്രയും വൈകിയതിൽമാത്രമേ എനിക്കു് അത്ഭുതമുള്ളു. എതിർപക്ഷത്തിരിക്കുന്ന, എതിർപക്ഷപാർട്ടിയുടെ നേതാവു് വിശ്വസിക്കുന്ന തത്വസംഹിത നിശ്ചയമുള്ള ആളുകൾക്കു് ഇതിൽ കവിഞ്ഞ ഒരു പരിപാടി അവർക്കു് ഇല്ലെന്നു വ്യക്തമായി കാണാം. എല്ലാം കാര്യങ്ങളിലും ഈ പാർട്ടിക്കു് അവിശ്വാസമാണു് ഉള്ളതു്. അവിശ്വാസികളുടെ പാർട്ടി എന്നുപോലും ഈ പാർട്ടിയെ പറയാറുണ്ടു്. ഇൻഡ്യയുടെ രാഷ്ട്രീയചരിത്രം പരിശോധിച്ചാൽ തന്നെ അവർ എന്നും അവിശ്വാസികളായിരുന്നുവെന്നു നമുക്കു കാണുവാൻ സാധിക്കും. അക്രമരഹിതമായ മാർഗ്ഗത്തിൽകൂടി, അഹിംസാ സിദ്ധാന്തത്തിൽകൂടിയുള്ള നിസ്സഹകരണപ്രസ്ഥാനത്തിൽകൂടി ഈ രാജ്യത്തു് സ്വാതന്ത്ര്യം സമ്പാദിക്കാമെന്നു് അഭിവന്ദ്യനും ആരാധ്യനുമായ നമ്മുടെ രാഷ്ട്രപിതാവു് പ്രഖ്യാപിച്ചപ്പോൾ ആ സിദ്ധാന്തത്തിൽകൂടി സ്വാതന്ത്ര്യം നേടുവാൻ പോകുന്നില്ലാ എന്നു് അവർ വിശ്വസിച്ചു. ൧൯൪൨-ൽ ഇൻഡ്യയുടെ സ്വാതന്ത്ര്യസമ്പാദനത്തിനുള്ള ചരിത്രപ്രസിദ്ധമായ സമരത്തിനു് ഗാന്ധിജി ആഹ്വാനം കൊടുത്തപ്പോൾ ജാപ്പ്ഫാസിസം വരുന്നു, അതിനെ ചെറുക്കുന്നതിനു് ഇവിടെ ഒരു ജനകീയസേന സൃഷ്ടിക്കണം ജാപ്പ്ഫാസിസം വന്നാൽ ഇൻഡ്യയുടെ സ്വാതന്ത്ര്യം നഷ്ടപ്പെടും എന്നു് അവർ പറഞ്ഞു. ഗാന്ധിജി നമ്മെ ഉപദേശിച്ചു ജാപ്പ്ഫാസിസം അവിടെ വരുവാൻ പോകുന്നില്ലെന്നും ജാപ്പ്ഫാസിസം വന്നാൽ അതിനെ ചെറുക്കുവാനുള്ള കഴിവു് ഇൻഡ്യൻ ജനതയ്ക്കു് ഉണ്ടെന്നും. അങ്ങനെ കമ്മ്യൂണിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം ഒരു അവിശ്വാസപാരമ്പര്യമാണു് ഇവിടെ ഉണ്ടായിട്ടുള്ളതു്. ഈ സഭയിൽ അവർ വന്നിട്ടുള്ളതുതന്നെ വിശ്വാസത്തോടു കൂടിയല്ല. ബാലറ്റുകടലാസ്സിൽകൂടി ഒരു രാജ്യത്തു കമ്മ്യൂണിസം നടപ്പിലാക്കുവാൻ സാധിക്കുമെന്നു പറഞ്ഞാൽ കമ്മ്യൂണിസ്റ്റു സിദ്ധാന്തത്തിൽ വിശ്വാസമുള്ള ആരും വിശ്വസിക്കുകയില്ല. നിയമസഭാപരിപാടികൾ തങ്ങളുടെ വിപ്ലവങ്ങൾക്കുള്ള രംഗങ്ങളായി രൂപാന്തരപ്പെടുത്തണമെന്നാണു് കമ്മ്യൂണിസ്റ്റു സിദ്ധാന്തം ഉപദേശിക്കുന്നതു്. ആ നിലയിൽ അവരുടെ രാഷ്ട്രീയപ്രചരണത്തിനും അവരുടെ വിപ്ലവത്തിനും ഉള്ള ഒരു ഉപാധിയായിട്ടുമാത്രമേ ഞാൻ ഈ പ്രമേയത്തെ വീക്ഷിക്കുന്നുള്ളു. ഈ പ്രമേയം

ഇവിടെ അവതരിപ്പിച്ച് പ്രതിപക്ഷനേതാവ് പുറപ്പെടുവിച്ച പ്രസ്താവന ആരേയും അമ്പരിപ്പിച്ചേക്കും. ഏതെല്ലാം വിധത്തിലുള്ള ആക്ഷേപങ്ങളാണ്. ഏതെല്ലാം വിധത്തിലുള്ള അധിക്ഷേപങ്ങളാണ് ഈ മന്ത്രിസഭയുടെ പേരിൽ കാര്യക്ഷമമായി അദ്ദേഹം കൊണ്ടുവരാൻ പോകുന്നതെന്ന് ഈ രാജ്യത്തെ ജനങ്ങൾ പ്രതീക്ഷിച്ചു. സർ, മൈതാനം നഷ്ടപ്പെടുമ്പോൾ നിയമസഭയെ മൈതാനമായും ഉപയോഗിക്കുന്നതിൽ കവിഞ്ഞ് എന്താണ് അദ്ദേഹത്തിന്റെ പ്രസ്താവനയിൽ നമുക്ക് കാണുവാൻ കഴിഞ്ഞത്. ഈ രാജ്യത്തെ ജനങ്ങൾക്ക് വിശ്വസിക്കാവുന്ന ഏതെങ്കിലും ഒരു തെളിവ് ശ്രീ. ടി. വി. തോമസിന് ഈ നിയമസഭയുടെ മുമ്പാകെ വയ്ക്കുവാൻ സാധിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. പാർട്ടിപ്രചരണത്തിനു വേണ്ടിയല്ല ഈ അവിശ്വാസ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത് എന്നു പ്രസ്താവിച്ചുകൊണ്ടാണ് അദ്ദേഹം ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. നമുക്കറിയാം എന്ത് ഉദ്ദേശത്തോടുകൂടിയാണ് ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളതെന്ന്. മുനിസിപ്പൽതെരഞ്ഞെടുപ്പും പഞ്ചായത്തു തെരഞ്ഞെടുപ്പും അടുത്തുവരികയാണ്. കഴിഞ്ഞ എട്ടുമാസത്തെ പാർട്ടിയുടെ പ്രവർത്തനംമൂലം അവർക്ക് ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന സ്വാധീനശക്തി നഷ്ടപ്പെട്ടിരിക്കുകയാണ്. അതു വീണ്ടെടുക്കുന്നതിനു മറ്റൊരു രംഗം സൃഷ്ടിച്ചിരിക്കുകയാണ്. ബഹുമാന്യനായ ശ്രീമാൻ പട്ടം താണുപിള്ളയുടെ പേർ അദ്ദേഹം വലിച്ചിഴക്കുകയുണ്ടായി. അതായത് മന്ത്രിസഭാരൂപീകരണത്തിന് ശ്രീമാൻ പട്ടം താണുപിള്ളയ്ക്ക് എല്ലാവിധത്തിലുള്ള സഹായസഹകരണങ്ങളും തങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം പറയുകയുണ്ടായി. സർ, യുഗോസ്ലാവ്യായുടെയും ഹംഗറിയുടെയും മററും ചരിത്രങ്ങൾ നിശ്ചയമുള്ള ആളുകൾക്ക് അവരുടെ സഹകരണത്തിന്റെയും വാഗ്ദാനത്തിന്റെയും വില അറിയുകയില്ലെന്നാണോ വിചാരിക്കുന്നത്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ചെക്കോസ്ലോവാക്യയിലെ കാര്യം പറഞ്ഞത് അവാസ്തവമായ ഒരു കാര്യമാണെന്ന് ഞാൻ ചലഞ്ചു ചെയ്യുന്നു.

Mr. Speaker : Order, order. If a speech is unparliamentary or an unparliamentary word is used the Chair is vigilant about that. But if the hon. Members make frequent interruptions, when the Member on his legs is not yielding, it cannot be allowed.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഈ അബദ്ധ പ്രസ്താവനകളെ ചോദ്യം ചെയ്യേണ്ടതല്ലേ ?

Mr. Speaker : You can challenge or contradict if you get an opportunity to speak.

ശ്രീ. കെ. കരുണാകരൻ: ശ്രീ പട്ടം താണുപിള്ളയ്ക്ക് മന്ത്രിസഭാരൂപീകരണത്തിന് സഹായസഹകരണം വാഗ്ദാനം ചെയ്ത കാര്യത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. അവരുടെ സഹായസഹകരണവാഗ്ദാനം വിശ്വസിച്ച് ഒരു മന്ത്രിസഭ രൂപീകരിക്കുവാനുള്ള മൌഢ്യം ശ്രീ. പട്ടം താണുപിള്ള അവർകൾക്ക് ഉണ്ടാകയില്ലെന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. കാരണം, അവിശ്വാസപ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ

[ശ്രീ. കെ. കരുണാകരൻ.]

സമൂലം പരിശോധിക്കുകയാണെങ്കിൽ സഖാവ് പട്ടം താണുപിള്ളയിലും സഖാവ് ടി. വി. തോമസ്സ് അവിശ്വാസം രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ രാജ്യത്തു് ആറുമാസക്കാലം ഭരണം നടത്തിയ ശ്രീ. പട്ടം താണുപിള്ളയ്ക്കു ഈ രാഷ്ട്രീയതടവുകാരെ വിടുവാൻ സാധിച്ചിട്ടില്ല. ആ നിലയ്ക്കു് അദ്ദേഹത്തിന്റെ കയ്യിൽ അധികാരം കൊടുക്കുവാൻ അവർ തയ്യാറാകുമോ എന്നു് ആലോചിക്കേണ്ടതുണ്ടു്. അഥവാ കൊടുത്താൽതന്നെ ആ മന്ത്രിസഭയുടെ ആയുസ്സ് എത്രയായിരിക്കുമെന്നു നമുക്കറിയാം. ഈ പ്രമേയത്തിൽ പ്രധാനമായി കൈത്തറി, കയർവ്യവസായം എന്നിവയെക്കുറിച്ചു് പ്രതിപാദിച്ചിട്ടുണ്ടു്. അതായത്തു് കയർവ്യവസായത്തിനും കൈത്തറിക്കും വേണ്ടി ഈ മന്ത്രിസഭ ഒന്നും ചെയ്തിട്ടില്ലാ എന്നു പറഞ്ഞിട്ടുണ്ടു്. കയർവ്യവസായ പുരോഗതിക്കു വേണ്ടി എന്തെല്ലാം പ്രവർത്തിച്ചിട്ടുണ്ടെന്നു് അടുത്തകാലത്തുണ്ടായിട്ടുള്ള അനുഭവങ്ങളും, അടുത്തകാലത്തുണ്ടായിട്ടുള്ള ചില തീരുമാനങ്ങളും, നമുക്കു് വ്യക്തമായി മനസ്സിലാക്കിത്തന്നിട്ടുണ്ടു്. വിദേശവിപണികളെ ആശ്രയിച്ചാണു് ഈ രാജ്യത്തെ കയർവ്യവസായം നിലനിന്നുപോരുന്നതു്. ലോകത്തിലുണ്ടായ സാമ്പത്തികതകർച്ചയുടെ ഫലമായി എല്ലാ രാഷ്ട്രങ്ങളും അവരുടെ ഇറക്കുമതി കുറച്ചിരിക്കുകയാണു്. തൻമൂലം കയർവ്യവസായത്തിനു് വേണ്ടിടത്തോളം ഇവിടെ കയറ്റുമതി സിദ്ധിച്ചിട്ടില്ല. വിദേശവിപണികൾ കണ്ടുപിടിച്ചു് ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് ഇൻഡ്യാ ഗവണ്മെൻറിന്റെ സഹായം ആവശ്യമാണു്. ഇൻഡ്യാ ഗവണ്മെൻറിന്റെ സഹായം നേടുന്നതിനു് ഈ ഗവണ്മെൻറ് അശ്രാന്തപരിശ്രമം ചെയ്തതിന്റെ ഫലമായി ഇൻഡ്യാഗവണ്മെൻറിൽ നിന്നും പലരും ഇവിടെ സന്ദർശിക്കുകയുണ്ടായിട്ടുണ്ടു്. ഇന്നു് ഇൻഡ്യയുടെ വ്യവസായമന്ത്രി ശ്രീ. ടി. ടി. കൃഷ്ണമാചാരിപോലും ഇവിടെ വന്നിട്ടുള്ളതു കയർ വ്യവസായത്തിന്റെ അഭ്യുന്നതിക്കു വേണ്ടിയുള്ള കാര്യങ്ങൾ ആരായുന്നതിനാണു്. കൈത്തറി ഒരു അഖിലേൻഡ്യാപ്രശ്നമാണു്. ഈ പ്രശ്നത്തിനു് ഒരു പരിഹാരം കാണുന്നതിനു വയോവൃദ്ധനും ജ്ഞാനവൃദ്ധനും രാഷ്ട്രീയവൃദ്ധനുമായ ശ്രീ. രാജഗോപാലാചാരി കൂടി കുഴങ്ങിക്കൊണ്ടിരിക്കുകയാണു്. ഏതായാലും ഈ പ്രശ്നം പരിഹരിക്കുന്നതിനു് ഇൻഡ്യാ ഗവണ്മെൻറ് മുന്നോട്ടു വന്നിട്ടുണ്ടു്. ഈ കാര്യത്തിനു എല്ലാ കഴിവുകളും ഈ ഗവണ്മെൻറ് എടുത്തിട്ടുണ്ടെന്നു് അതു സംബന്ധമായി അറിയാവുന്നവർക്കു് അറിയാം. സ്വയം നിഷേധിക്കുന്ന ചാർജ്ഷീറ്റുകളാണു് അദ്ദേഹം ഹാജരാക്കിയിരിക്കുന്നതു്. ആദ്യഭാഗത്തു കയർവ്യവസായികളുടെ കാര്യവും സൌജന്യറേഷൻവിതരണം ഇല്ലെന്നു പറഞ്ഞു് അവസാനം പറയുന്നു കോൺഗ്രസ്സ് പാർട്ടിയുടെ പ്രചരണത്തിനു വേണ്ടി ഗവണ്മെൻറ് അവരുടെ കഴിവു ഉപയോഗിക്കുന്നു് എന്നു്. ചില കാര്യങ്ങൾ ഗവണ്മെൻറു ചെയ്തതിന്റെ ഫലമായി ജനങ്ങൾ കോൺഗ്രസ്സിന്റെ പിന്നിൽ അണിനിരക്കുന്നതു കണ്ടിട്ടുള്ള പരിഭ്രമംകൊണ്ടു ചിലതു പറയുക എന്നതിൽ കവിഞ്ഞു് ഈ ആക്ഷേപങ്ങൾക്കു യാതൊരർത്ഥവും ഇല്ലെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ടാമത്തെ ചാർജ്ഷീറ്റ് സംഘടനാസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നീ മൌലികസ്വാതന്ത്ര്യങ്ങൾ ഈ കോൺഗ്രസ്സ് ഗവണ്മെൻറ് അംഗീകരിക്കുന്നില്ല എന്നാണു്. ഇതു സാധാരണ അവർക്കു പതിവുള്ള ഒരു ചാർജ്ഷീറ്റാണു്.

ഇന്നു് ഈ ഗവണ്മെൻറല്ലായിരുന്നുവെങ്കിൽ, അതായതു് കാൺഗ്രസ്സു് ഗവണ്മെൻറല്ലായിരുന്നുവെങ്കിൽ, ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്ന പാർട്ടിക്കു് ഈ നിയമസഭയിൽ പ്രതിപക്ഷത്തു് ഇരിക്കാൻ പോലും അവസരം സിദ്ധിക്കുമായിരുന്നില്ലെന്നുള്ള കാര്യം വ്യക്തമായ പ്രസ്താവിക്കാൻ എനിക്കു കഴിയും. അക്രമപരമായ പ്രവർത്തനങ്ങളും, അരാജകത്വവും സൃഷ്ടിക്കുക എന്നുള്ളതാണു് ആ പാർട്ടിയുടെ പ്രധാന ലക്ഷ്യം. പക്ഷെ കാൺഗ്രസ്സിൻെറയും കാൺഗ്രസ്സു ഗവണ്മെൻറിൻെറയും ഉദ്ദേശം അതല്ല.

പാവപ്പെട്ട ഒരു പോലീസുകാരൻെറ, വയറു പിഴയ്ക്കാൻ വന്ന ഒരു സാധുപോലീസുകാരൻെറ, കഴുത്തറുത്തു്, ആ രക്തം എടുത്തു് എഴുതിയ കമ്മ്യൂണിസ്റ്റുപാർട്ടിക്കുപോലും ഈ അസംബ്ലിയിൽ ഹാജരാകാൻ സാധിച്ചിട്ടുണ്ടു്.

ശ്രീ. സി. അച്യുത മേനോൻ: സർ, on a point of order. ബഹുമാനപ്പെട്ട മെംബർ പരാമർശിക്കുന്ന സംഭവത്തെപ്പററിയുള്ള കേസ്സു് കോടതി മുൻപാകെ ഇരിക്കുന്ന ഒരു കാര്യമാണു്.

Mr. Speaker: Is it ?

Shri C. Achyutha Menon: Yes, it is pending before the court.

Mr. Speaker: Mr. Karunakaran may realise the difficulty. If it is really sub judice he may avoid reference to such things.

ശ്രീ. സി. അച്യുതമേനോൻ: സെഷൻസുകോടതിയിലെ ജഡ്ജ്മെൻറിൽ ഈ പറഞ്ഞ സംഗതി അവാസ്തവമാണെന്നു വ്യക്തമായി പറഞ്ഞിട്ടുണ്ടു്.

Mr. Speaker: If it is sub judice, there is an end of it.

ശ്രീ. കെ. കരുണാകരൻ: ഇന്നു് എന്തഭിപ്രായവും ആരോപണവും പുറപ്പെടുവിക്കാനുള്ള സ്വാതന്ത്ര്യം എല്ലാ കക്ഷികൾക്കുമുണ്ടു്.

ശ്രീ. സി. കെ. വിശ്വനാഥൻ: ഞങ്ങളും ഈ നാട്ടുകാരാണേ.

Mr. Speaker: I deprecate that kind of remark and I warn the hon. Member to keep quiet.

ശ്രീ. കെ. കരുണാകരൻ: നിങ്ങളുടെ മാതൃകാരാജ്യമായ സോവിയററുനാട്ടിൽ ഈ രാജ്യത്തു് അനുഭവിച്ചിട്ടുള്ള അഭിപ്രായസ്വാതന്ത്ര്യം അനുഭവിക്കുമോ എന്നു ഞാൻ എതിർപക്ഷനേതാവിനോടു ചോദിച്ചുകൊള്ളട്ടെ. ഗുണ്ടായിസത്തെക്കുറിച്ചു് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. സർ, ഈ രാജ്യത്തെ തൊഴിലാളികളെയും പാവപ്പെട്ടവരെയും പറഞ്ഞു തെററിദ്ധരിപ്പിച്ചു് അവരെ കരുക്കളാക്കി പ്രമേയകർത്താവിൻെറ പാർട്ടി ഒരുകാലത്തു് ഇവിടെ ഗുണ്ടായിസം നടത്തിയിരുന്നതു സർവ്വസമ്മതവും നിശ്ചയമുള്ളതാണു്. എന്നാൽ ഇന്നു് അതിൻെറ ഒരു തിരിച്ചടി ഉണ്ടായിട്ടുണ്ടെന്നുള്ളതു ശരിയാണു്. അതിനുള്ള സർവ്വ ഉത്തരവാദിത്വവും കമ്മ്യൂണിസ്റ്റുപാർട്ടിക്കുള്ളതാണു്. ഗുണ്ടായിസം തടയാൻ ഗവണ്മെൻറു ശക്തിയായി നടപടി നടത്തണം. ഒരുപക്ഷെ ഇന്നു ഗുണ്ടായിസം എന്നു് ആക്ഷേപിക്കുന്ന സഖാക്കൾ ഗുണ്ടായിസം തടയാൻ ശരിയായ നടപടികൾ നടത്തു

[ശ്രീ. കെ. കരുണാകരൻ]

പ്പോൾ അതിനെ മർദ്ദനമായി ചിത്രീകരിച്ചേക്കാം. സർ, അവരിൽ നിന്നും ഇതിൽ കൂടുതൽ ഒന്നും പ്രതീക്ഷിക്കേണ്ടതില്ല. പക്ഷെ, ഗവണ്മെൻറിൻെറ ചുമതല നിർവ്വഹിക്കണം.

തൊഴിലാളിമർദ്ദനം നടക്കുന്നെന്നും തൊഴിലാളികൾക്ക് ഒന്നും ചെയ്യിട്ടില്ലെന്നുമുള്ള ആക്ഷേപവും ഇവിടെ കേൾക്കുകയുണ്ടായി. ഇതു മുഴുവൻ ശരിയല്ലെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ. ഇവിടെ പല വ്യവസായങ്ങളിലും കുറഞ്ഞകൂലി (മിനിമം വേജസ്സ്) ഏർപ്പെടുത്തി. അടുത്ത അവസരത്തിൽ ഈ സഭയിൽതന്നെ സ്ത്രീകളുടെ പ്രസവാനുകൂല്യം മൂന്നുമാസമാക്കി ഉയർത്തിക്കൊണ്ട് ഈ ഗവണ്മെൻറു തന്നെ ബിൽ കൊണ്ടുവന്നു. ഇന്ന് അതു നിയമമാക്കി. നിരവധി തൊഴിൽതർക്കങ്ങൾ ഒത്തുതീർപ്പുമൂലം അവസാനിപ്പിച്ചു. കൂലിക്കൂടുതൽ, ബോണസ്സ് തുടങ്ങിയ ആനുകൂല്യങ്ങൾ നേടിക്കൊടുത്തിട്ടുണ്ട്. ഇതു പൂർണ്ണമാണെന്നു ഞാൻ അവകാശപ്പെടുന്നില്ല. പലതും ചെയ്യേണ്ടതായിട്ടുണ്ട്. ഈ ഗവണ്മെൻറു ഭൂനയം സംബന്ധിച്ചു ഒന്നും ചെയ്യുകയില്ലെന്നു പറഞ്ഞു. സർ, ഭൂനയം സംബന്ധിച്ചു ബിൽ തയ്യാറാക്കിവരികയാണ്.

അവസാനമായി എല്ലാററിലും ഉപരിയായി ഐക്യതമിഴകവും ഐക്യകേരളവും രൂപീകരിക്കുവാൻ ഒന്നും ഈ ഗവണ്മെൻറു ചെയ്യിട്ടില്ലെന്നു വളരെ പ്രമാദമായി എതിർപക്ഷനേതാവു പ്രസ്താവിക്കുകയുണ്ടായി. ഐക്യതമിഴകവാദം ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളതിൻെറ ഉദ്ദേശശുദ്ധി എല്ലാവക്കും അറിയാവുന്നതാണ്. ഇൻഡ്യയുടെ വിഭജനത്തിനുവേണ്ടി മുസ്ലീം ലീഗുകാർ പാകിസ്ഥാൻവാദംകൊണ്ടുവന്നപ്പോൾ, ലീഗിൻെറ കൂട്ടുപിടിക്കുവാൻ പാകിസ്ഥാൻ അനുവദിക്കണമെന്നു പറഞ്ഞ അതേ ബുദ്ധിശൂന്യമായ തന്ത്രമാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. സംസ്ഥാനരൂപീകരണംസംബന്ധിച്ചു ഇൻഡ്യൻഭരണഘടന നിവർത്തിനോക്കുകയെങ്കിലും ചെയ്തിട്ടുള്ള ഒരാൾ ഈ തരത്തിലുള്ള പരമാബദ്ധമായ ആരോപണം ഈ ഗവണ്മെൻറിൻെറ പേരിൽ കൊണ്ടുവരികയില്ലായിരുന്നു. ഭരണഘടന ൩-ാം വകുപ്പാണ് സംസ്ഥാനരൂപീകരണനടപടിയെക്കുറിച്ച് പ്രതിപാദിക്കുന്നഭാഗം. അതിൽ പറയുന്നതു ഒരു പുതിയ സംസ്ഥാനം ഉണ്ടാകണമെങ്കിൽ കേന്ദ്രപാർലമെൻറിൽ ഒരു പ്രമേയം അവതരിപ്പിച്ചു പാസ്സാക്കുകയും ആയതു ഇൻഡ്യൻ പ്രസിഡൻറു സ്വീകരിച്ചു രൂപാൾചെയ്യുകയും ചെയ്താൽ ആ കാര്യം അതാതു സംസ്ഥാനനിയമസഭയിൽ ചർച്ചചെയ്യണമെന്നുമാണ്. ഇതിൽ ഈ ഗവണ്മെൻറിൻെറ ഉത്തരവാദിത്വം എന്താണെന്നു വ്യക്തമാകും. ആക്ഷേപിക്കുവാൻ വേണ്ടിമാത്രം ആക്ഷേപംകൊണ്ടുവരികയെന്നുള്ളതിൽ കവിഞ്ഞു് എന്താണു സർ, ഇതിൻെറ അർത്ഥം? എൻെറ സ്നേഹിതൻ എതിർപക്ഷനേതാവിനു് ഐക്യകേരളരൂപീകരണത്തിൽ ആത്മാർത്ഥതയുടെ കണികയെങ്കിലും ഉണ്ടായിരുന്നെങ്കിൽ അദ്ദേഹം അംഗമായിട്ടുള്ള ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി പാർലമെൻറിലെ പ്രധാന എതിർപക്ഷമായിരിക്കുകയും ഭാഗ്യവശാലോ, ദൗർഭാഗ്യവശാലോ എതിർപക്ഷനേതാവു ഒരു മലയാളിയുംകൂടിയായിരിക്കെ അദ്ദേഹത്തെക്കൊണ്ട് കേന്ദ്രപാർലമെൻറിൽ ഒരു പ്രമേയം അവതരിപ്പിച്ചിട്ടുമാണു ഇതു പറഞ്ഞിരുന്നതെങ്കിൽ നമുക്കു മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. ഈ തരത്തിലുള്ള കുപ്രചരണംകൊണ്ടു ജനങ്ങളെ

വഞ്ചിക്കുവാൻ സാദ്ധ്യമല്ലെന്നും, നിങ്ങളുടെ ഈ നടപടികൾക്കെതിരെ ഈ രാജ്യത്തിലെ ബുദ്ധിജീവികൾ വിധിയെഴുതിക്കൊള്ളുമെന്നുമുള്ള വിശ്വാസത്തോടെ ഈ അവിശ്വാസപ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : സർ, ഞാൻ ഈ പ്രമേയത്തെ ശക്തിയായി അനുകൂലിക്കുന്നു. ഞങ്ങളുടെ പാർട്ടിനേതാവു അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയത്തിന്റെ പിന്നിൽ ഈ രാജ്യത്തെ ജനാധിപത്യവാദികളായ മുഴുവൻ ജനങ്ങളുടേയും പിൻബലമുണ്ടെന്നു എനിക്കു പരിപൂർണ്ണമായ വിശ്വാസമുണ്ട്. പ്രത്യേകിച്ചും ഈ പ്രമേയത്തിന്റെ പിന്നിൽ കാൺഗ്രസ്സ് ഭരണത്തിൻകീഴിൽ ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുന്ന തീരപ്രദേശങ്ങളിലെ ൧൧ ലക്ഷത്തോളം കയർതൊഴിലാളികളുടേയും, ഈ ഭരണത്തിന്റെ മർദ്ദനത്തിനു വിധേയരായിരിക്കുന്ന പതിനായിരക്കണക്കിനുള്ള മലയോരപ്രദേശങ്ങളിലെ തോട്ടംതൊഴിലാളികളുടേയും പിൻബലവും അനുഗ്രഹവും ഉണ്ട്. അതുപോലെതന്നെ ഈ ഭരണത്തിൻകീഴിൽ അക്രമപ്പാട്ടത്തിനും കടഭാരത്തിനും വിധേയരായിക്കഴിഞ്ഞുകൂടുന്ന ലക്ഷക്കണക്കിനുള്ള കൃഷിക്കാരുടെ വിചാരങ്ങളും വികാരങ്ങളും ഈ പ്രമേയത്തിന്റെ പിന്നിലുണ്ട്. കൂടാതെ ഈ ഭരണാധികാരികളാൽ കാളേജുകളിൽനിന്നും പുറത്താക്കപ്പെട്ട് തെരുവിലലയുന്ന നൂറുകണക്കിനുള്ള വിദ്യാർത്ഥികളുടേയും ഈ ഗവണ്മെന്റിനെത്തന്നെ സേവിക്കുന്ന അല്പശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരുടേയും പാവപ്പെട്ട അദ്ധ്യാപകന്മാരുടേയും അനുഗ്രഹാശിസ്സുകൾ ഈ പ്രമേയത്തിനുണ്ട്. അങ്ങനെ ഈ നാട്ടിലെ എല്ലാ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടേയും ജനാധിപത്യവാദികളുടേയും പിൻബലമുള്ള പ്രമേയമാണിതു്.

കഴിഞ്ഞ ദേശീയസമരത്തിന്റെ മുന്നണിയിൽനിന്നു് പ്രവർത്തിച്ചിരുന്ന എത്രപേർ കാൺഗ്രസ്സ്ബെഞ്ചിലുണ്ടെന്നു ഞാൻ തിരയുകയാണു്. ശ്രീ. പട്ടം താണുപിള്ളയെ ഞാൻ കാണുന്നില്ല, സഖാവു ശ്രീകണ്ഠൻ നായരെ ഞാൻ കാണുന്നില്ല. ശ്രീ. സി. കേശവൻ ഇവിടെയുണ്ടു്. പക്ഷെ അദ്ദേഹം മൗനവ്രതക്കാരനാണു്. ശ്രീ. ടി. എം. വർഗ്ഗീസിനെയും ഞാൻ കാണുന്നു. പക്ഷെ ആനിമസ്ക്രീനും ശ്രീകണ്ഠൻനായരും പട്ടം താണുപിള്ളയും സമരനേതാക്കളാണെങ്കിൽ, ശ്രീ. റ്റി. എം. വർഗ്ഗീസ് പിരിവു നേതാവായിരുന്നു. ഇന്നും അദ്ദേഹം പിരിവു തുടരുകയാണു്. ഐക്യമുന്നണിയിലെ ഒരംഗമെന്നനിലയിൽ ഒരു കാര്യം കാൺഗ്രസ്സ് അംഗങ്ങളോടും തമിഴ്നാടു അംഗങ്ങളോടും സ്വതന്ത്രന്മാരോടും എനിക്കു പറയുവാനുണ്ടു്. നിങ്ങൾ ഏതു പാർട്ടിയിൽ ഉൾപ്പെട്ടവരായാലും, നിങ്ങളെല്ലാം ഈ രാജ്യത്തെ പൗരന്മാരാണു്. മന്ത്രിമാരുടെ പേരിൽ കൈക്കൂലിയും അഴിമതിയും ആരോപിക്കപ്പെടുമ്പോൾ കാൺഗ്രസ്സ് എന്നോ, തമിഴ്നാടെന്നോ, സ്വതന്ത്രരെന്നോ ഉള്ള വ്യത്യാസം അതിലില്ല. ആത്മാഭിമാനവും പൗരുഷവും രാജ്യസ്നേഹവും ഉണ്ടെങ്കിൽ നിങ്ങൾ ഈ പ്രമേയത്തിനുവേണ്ടി വോട്ടുചെയ്യാൻ ഞാനാവശ്യപ്പെടുന്നു. ഇവിടത്തെ പോലീസുമന്ത്രിയുടെ ഭൂതകാലചരിത്രത്തിലേക്കു നാം തിരിഞ്ഞുനോക്കിയാൽ—ഞാനാവർത്തിക്കുന്നു, വ്യക്തിപരമായി ഞാൻ സംസാരിക്കുകയല്ല—ദേശീയസമരത്തിനുശേഷം അദ്ദേഹം മന്ത്രിസഭയിൽ കടന്നുകൂടി. മന്ത്രിപദമാകുന്ന 'മഹാഗണി' വൃക്ഷത്തിൽനിന്നും മറിഞ്ഞുവീണ അദ്ദേഹം സ്പീക്കർ കസേരയിലേക്കു വീണ്ടും കയറി. അവിടെനിന്നും രാജിവച്ചു പോകേണ്ട ഒരു നിലയാണു വന്നുചേർന്നതു്. ചില വിട്ടുവീഴ്ചകളോടുകൂടി പുറംവാതി

ലിൽക്കൂടി ഇ ... വണയും അദ്ദേഹം കടന്നുകൂടി. പിൻതിരിപ്പന്മാരുടെയും മുതലാളിമാരുടെയും താല്പര്യത്തിനുവേണ്ടിയാണ് ഈ കോൺഗ്രസ്സ് ഗവണ്മെൻറ ഭരണം നടത്തുന്നതു്. ഈ ഭരണം സാധാരണ ജനങ്ങൾക്കു് വേണ്ടിയുള്ളതല്ലെന്നുള്ളതിനു് സോഷ്യലിസ്ററ പാർട്ടിമെംബറന്മാർ ചില സംഗതികൾ നമ്മുടെമുൻപിൽ വെച്ചുകയുണ്ടായി. അതുകൊണ്ടു ആ കാര്യം ഞാൻ ആവർത്തിക്കുന്നുമെന്നില്ല. ഈ മന്ത്രിസഭയുടെ നേർക്കുണ്ടായിട്ടുള്ളതു പോലെയുള്ള ആരോപണങ്ങൾ ഇതിനുമുൻപു് ഒരു നിയമസഭയുടെ ചരിത്രത്തിൽപോലും ഉണ്ടായിട്ടില്ലെന്നും ഇന്നത്തെ ഭരണകൂടത്തിന്റെ ചെയ്തികളെപ്പററി നാട്ടിലെ പൊതുജനങ്ങളിൽ എല്ലാ വിഭാഗക്കാരും ആക്ഷേപിക്കുന്നുണ്ടെന്നും എന്റെ പ്രിയപ്പെട്ട സഹോദരന്മാർ മനസ്സിലാക്കണം. ഈ രാജ്യത്തെ ഭരണകൂടവും, ഇവിടത്തെ മന്ത്രിമാരും ജനങ്ങൾക്കുവേണ്ടി ഭരണം നടത്തുന്നവരായിരിക്കണമെന്നുണ്ടെങ്കിൽ, ജനപ്രതിനിധികളെന്ന നിലയിൽ സമ്മതിദായകന്മാരോടു നമുക്കു ഉത്തരവാദിത്വമുണ്ടെങ്കിൽ പാർട്ടി ഏതാണെന്നു നോക്കാതെ എല്ലാവരും ഈ അവിശ്വാസപ്രമേയത്തെ പിൻതാങ്ങണമെന്നാണു് എനിക്കു് നിങ്ങളോടു പറയുവാനുള്ളതു്.

Mr. Speaker: It is time to conclude.

ശ്രീ. പ്രാക്കുളം ഭാസി: ഈ നിയമസഭാമെംബർമാർക്കെല്ലാമറിയാം ഈ നാട്ടിലെ പൌരന്മാർക്കെല്ലാമറിയാം ഞാൻ തിരഞ്ഞെടുപ്പിനു നിന്നപ്പോൾ കോൺഗ്രസ്സുകാർ എന്നെ പുഷ്കരന്റെ കാളയെന്നു് അപഹസിച്ചു. ആരു് എന്നെ പുഷ്കരന്റെ കാളയെന്നു പറഞ്ഞുവോ ആ കാളയുടെ പുഷ്കരനെപ്പററിയുള്ള ആരോപണത്തെക്കുറിച്ചാണു് ഞാൻ പറഞ്ഞതു് എന്നു് എന്റെ സ്നേഹിതന്മാർ മനസ്സിലാക്കണം. നിങ്ങൾ കഴിഞ്ഞകാലങ്ങളിലേയ്ക്കു് ഒന്നു തിരിഞ്ഞുനോക്കുവാൻ ഞാൻ അപേക്ഷിക്കുന്നു. സർ സി. പി. രാമസ്വാമിഅയ്യരുടെ ഭരണം അവസാനിപ്പിക്കുവാനായിട്ടു മാത്രമായിരുന്നുവോ ഈ നാട്ടിലെ ബഹുജനങ്ങൾ പ്രക്ഷോഭണം നടത്തിയിരുന്നതെന്നു് ഞാൻ ചോദിക്കുന്നു. ഈ നാട്ടിലെ അവശതകളനുഭവിക്കുന്ന ആളുകളുടെ വിഷമതകൾ പരിഹരിക്കുന്നതിനു പററിയ ഒരു ഭരണകൂടം കെട്ടിപ്പെടുക്കണമെന്നുള്ള വിശ്വാസംകൊണ്ടുകൂടിയല്ലേ കഴിഞ്ഞ സമരകാലത്തു് എല്ലാ വിഭാഗക്കാരും ഉൾപ്പെട്ടുകൊണ്ടു് പ്രക്ഷോഭണം നടത്തിയിട്ടുള്ളതു്. അതിന്റെ മുന്നണിയിൽനിന്നു് സമരംചെയ്തിട്ടുള്ള ശ്രീ. സി. കേശവനോടും ശ്രീ. ചന്ദ്രശേഖരപിള്ളയോടും മററും എനിക്കു പറയുവാനുള്ളതു് ഈ രാജ്യത്തിന്റെ നിലനിൽപ്പു് ഇന്നു താറുമാറായിട്ടുണ്ടെന്നും, വളരെ പണം ചെലവു ചെയ്തു് ഗവണ്മെൻറ ഏറെറടുത്തു നടത്തിവരുന്ന വ്യവസായശാലകളെക്കുറിച്ചു് പല ആക്ഷേപങ്ങളും കേട്ടുകൊണ്ടിരിക്കുകയാണെന്നും, ഈ നാട്ടിൽ തൊഴിലില്ലായ്മ വർദ്ധിക്കുന്നുണ്ടെന്നും, പട്ടിണിയും ദാരിദ്ര്യവും വർദ്ധിച്ചുവരികയാണെന്നും മററുമുള്ള വസ്തുതകൾ ഈ അവിശ്വാസപ്രമേയത്തിനു വോട്ടുചെയ്യുമ്പോൾ ഓർമ്മിക്കണമെന്നാണു്. അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ മാത്രമല്ല കടലോരപ്രദേശങ്ങളിൽ എല്ലാംതന്നെ ഇന്നു ദുരിതം പടന്നു പിടിച്ചിട്ടുണ്ടു്.

Mr. Speaker: If the hon. Member proceeds at this rate, I am afraid some other member of his party will have to lose his chance of speaking.

ശ്രീ. പുക്കളം ബാസി : അതുകൊണ്ടു നാം ഈ നാട്ടിലെ ജനതയെ പ്രതിനിധീകരിക്കുന്നവരെന്ന നിലയിൽ, നമ്മെ തെരഞ്ഞെടുത്തയച്ചവരോടു നമുക്കു ഉത്തരവാദിത്വമുണ്ടെങ്കിൽ, ഈ മന്ത്രിസഭയെ മാറ്റേണ്ടതു ആവശ്യമാണെന്നു നാം തീരുമാനിക്കണം. കഴിഞ്ഞ മന്ത്രിസഭകളുടെ ചെയ്തികളെ നോക്കുകയാണെങ്കിൽ അവയെല്ലാം ഈ മന്ത്രിസഭയേക്കാളും എത്രയോ ഭേദമായിരുന്നു. ആ മന്ത്രിസഭകളെപ്പറ്റി ഇതുപോലെയുള്ള ഒരാരോപണം ഉണ്ടായിരുന്നില്ല. തമിഴ്നാട്ടിലെ അംഗങ്ങളോടും എനിക്കു ഒരു കാര്യം പറയാനായിട്ടുണ്ടു്. ആ നാട്ടിലെ കഷ്ടപ്പെടുന്ന ആളുകളുടെ വോട്ടു വാങ്ങിക്കൊണ്ടു് ഈ സഭയിലേക്കു വന്നിട്ടുള്ളവരാണ് എന്ന വിചാരം നിങ്ങൾക്കുണ്ടെങ്കിൽ തമിഴ്നാട്ടിലെ ജനങ്ങളോടു നിങ്ങൾക്കു സ്നേഹമുണ്ടെങ്കിൽ, അവരുടെ കണ്ണുനീരു തുടക്കാൻ നിങ്ങൾ തയ്യാറാണെങ്കിൽ തീർച്ചയായും നിങ്ങൾ ഈ അവിശ്വാസപ്രമേയത്തെ അനുകൂലിച്ചു് വോട്ടുചെയ്യണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker : Now the opposite side will like to talk on this.

Shri Panampilli Govinda Menon : Yes, Sir. Shall I take it, Sir, that after my speech the mover will reply?

Mr. Speaker : Not only the mover but other members will also speak and then you will be able to give a reply to all the points raised.

Shri A. Thanu Pillai : Sir, I fear then there will be no chance for all the other members who wish to speak on this.

Mr. Speaker : I am asking the Minister in charge to make a preliminary speech in order to make the discussion more alive.

Shri N. Raghava Kurup : Why such a preliminary speech?

Mr. Speaker : Because, under the Rules such a speech is permissible.

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : സർ, ഞാൻ ആദ്യമായിട്ടാണ് ഒരു അവിശ്വാസപ്രമേയത്തിനു് മറുപടി പറയുന്നതു്. ഇതിനുമുമ്പു് രണ്ടുതവണയോ മറ്റോ അവിശ്വാസപ്രമേയം ഹാജരാക്കി ഞാൻ പ്രസംഗിച്ചിട്ടുണ്ടു്.

3 P. M.] ആദ്യമായിട്ടു് ഒരു അവിശ്വാസപ്രമേയത്തിനു് മറുപടി പറയുക എന്നുള്ളതു് ഓർക്കുമ്പോൾ മിക്കവാറും കന്നിപ്രസവത്തോടടുത്ത ഒരു പെൺകിടാവിന്റെ വിചാരമാണു് എനിക്കുണ്ടാകുന്നതു്. എന്തൊക്കെയാണു് വരാൻപോകുന്നതെന്നു വിചാരമുണ്ടു്. പക്ഷെ ഇവിടെ നടന്ന പ്രസംഗങ്ങൾ കേട്ടപ്പോൾ ഇത്രേ ഉള്ളല്ലോ എന്നു കുറച്ചു് ആശ്വാസവുമുണ്ടു്. ഈ പ്രമേയത്തിൽ, നീണ്ട ഈ ലേഖനത്തിൽ, മിക്കവാറും ഒരു തിരഞ്ഞെടുപ്പുപ്രകടനപത്രികയുടെ ഛായ ഉള്ള ഈ രേഖയിൽ മന്ത്രിസഭയുടെ പേരിൽ അനേകം കുറ്റങ്ങൾ ഉന്നയിച്ചിട്ടുണ്ടു്. അതിൽ ഏറ്റവും പ്രധാനമായി ഞാൻ കാണുന്നതു് ഈ രാജ്യത്തെ വ്യവസായത്തിന്റെയും തൊഴിലിന്റെയും കാര്യത്തിലും, തൊഴിൽതർക്കങ്ങൾ തീർക്കുന്ന കാര്യത്തിലും, ഈ മന്ത്രിസഭ അനാസ്ഥ കാണിച്ചിട്ടുണ്ടു് എന്നുള്ളതിനെപ്പറ്റിയാണു്. രാജ്യത്തു് അനേകംവിധമുള്ള കുഴപ്പങ്ങൾ ഉണ്ടെന്നു പറയുമ്പോൾ ഈ രാജ്യത്തെ ഭരണം നടത്തുവാൻ ജാഗ്രതകൂടിയിരിക്കുന്ന ഒരാൾക്കു് ഒരിക്കലും കുഴപ്പങ്ങളില്ലെന്നു പറയുവാൻ സാധിക്കുകയില്ല. കുഴപ്പങ്ങൾ തീർന്ന ഒരു സമ

ധ്യവും ഉണ്ടാകയില്ല. ഈ നാട്ടിൽ ഏററവും അധികം ദാരിദ്ര്യവും ബുദ്ധിമുട്ടുകളും ഉള്ള സന്ദർഭത്തിൽ ആർക്കാണു് അതു് പെട്ടെന്നു് ഇല്ലാതാക്കുവാൻ സാധിക്കുക. എന്റെ സ്നേഹിതൻ ശ്രീ. ടി. വി. തോമസുതന്നെ ഇവിടെ തൊഴിൽവകുപ്പുമന്ത്രിയായി ഇരിക്കുകയാണെങ്കിൽ ഒന്നുരണ്ടു കൊല്ലം ഇരുന്നതിനുശേഷം അദ്ദേഹത്തിനുപോലും അതു് ഇല്ലാതാക്കുവാൻ സാധിക്കുമോ? ഈ രാജ്യത്തെ എല്ലാവർക്കും തൊഴിൽകൊടുത്തു്, എല്ലാവർക്കും ആഹാരംകൊടുത്തു്, എല്ലാവർക്കും സകലവിധത്തിലുള്ള സൌകര്യങ്ങളും കൊടുത്തു കൊണ്ടുപോകുവാൻ സാധിക്കുകയില്ല. ഈ കാര്യത്തിൽ നാം ആലോചിക്കേണ്ടതു് ഈവക വിഷയങ്ങൾക്കു് പരിഹാരമുണ്ടാക്കുവാനായി ശ്രമങ്ങൾ നടത്തുന്നുണ്ടോ; ആ ശ്രമങ്ങൾ അല്പമെങ്കിലും വിജയിക്കുന്നുണ്ടോ എന്നാണു്. ഈ നിലയിലാണു് ഈ പ്രശ്നത്തെ സമീപിക്കേണ്ടതു്. സർ, ഈ മന്ത്രിസഭയെ എതിർക്കുന്ന ഐക്യമുന്നണിക്കാർ, കമ്മ്യൂണിസ്റ്റുകാർ കുറച്ചുകാലമായി അമ്പലപ്പുഴ-ചേർത്തല തീരദേശങ്ങളിലെ ദുരിതകാര്യം എടുത്തു കാണിക്കുന്നുണ്ടു്. ആ ദുരിതമുണ്ടെന്നു് ഗവണ്മെന്റ് സമ്മതിക്കുന്നു. കയർവ്യവസായത്തിനു് കുറച്ചുകാലമായി ക്ഷീണം തട്ടിയിട്ടുണ്ടു്. പക്ഷെ ആ ക്ഷീണം തീർക്കുവാൻ ഗവണ്മെന്റ് പലതും ചെയ്തിട്ടുണ്ടു്. ആ ക്ഷീണം തീർക്കണമെങ്കിൽ വിദേശവിപണികൾ കണ്ടുപിടിക്കണം. ഗവണ്മെന്റിന്റെ ശ്രമംമൂലം അല്പം സാധിച്ചിട്ടുണ്ടു്. അതിനും പുറമെ ഇൻഡ്യയിൽ തന്നെ ഒരു വിപണി ഉണ്ടാക്കുന്നതിനു് ഗവണ്മെന്റ് ശ്രമംചെയ്തുകൊണ്ടുവരികയാണു്. ഇതിനു മുൻപു് രണ്ടു തവണ ഞാൻ ഡെൽഹിയിൽചെന്നു് അവിടത്തെ വാണിജ്യവ്യവസായവകുപ്പുമന്ത്രിയെ കണ്ടു് ഈ രാജ്യത്തു തകർന്നുകൊണ്ടിരിക്കുന്ന കയർവ്യവസായത്തിനു സഹായം നൽകണം എന്നും വിദേശവിപണികൾ ഉണ്ടാക്കുവാൻ സഹായിക്കണമെന്നും പറഞ്ഞതിന്റെ ഫലമായി അദ്ദേഹം ഇന്നലെ നമ്മുടെ രാജ്യത്തുവന്നിട്ടുണ്ടു്. ഈ വരവിൽനിന്നും അദ്ദേഹം എടുക്കുന്ന നടപടിയിൽനിന്നും കുറെ ആശ്വാസം ഈ വ്യവസായത്തിനു് ഉണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നു. അതിനിടയിൽ അമ്പലപ്പുഴ-ചേർത്തല താലൂക്കുകളിലെ ദുരിതാശ്വാസത്തിനു് ഗവണ്മെന്റ് എന്തെങ്കിലും പരിഹാരമാർഗ്ഗങ്ങൾ ചെയ്തിട്ടുണ്ടോ എന്നു നോക്കാം. അവിടത്തെ ദുരിതാശ്വാസത്തിനു് പരിഹാരമായി ഗവണ്മെന്റു പലതും ചെയ്തിട്ടുണ്ടു്. അവിടത്തെ ദുരിതത്തിനു് ഗവണ്മെന്റിന്റെ നടപടികൾമൂലം ആശ്വാസം കിട്ടിയിട്ടുണ്ടു് എന്നുള്ളതിനു് ബഹുമാനപ്പെട്ട സഭയുടെ മുമ്പിൽ ചില കണക്കുകൾ വച്ചാൽകൊള്ളാമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ഈ കഴിഞ്ഞ ഏപ്രിൽമാസത്തിനുശേഷം അമ്പലപ്പുഴ-ചേർത്തലതാലൂക്കുകളിൽ പല ആശ്വാസനടപടികളും ഗവണ്മെന്റ് എടുത്തിട്ടുണ്ടു്. അവിടെ പല റിലീഫ്‌വർക്കുകളും ഗവണ്മെന്റ് എടുത്തിട്ടുണ്ടു്. അവിടെ കുട്ടികൾക്കു് ഉച്ചഭക്ഷണം കൊടുക്കുന്നുണ്ടു്. തൊഴിൽ ഉണ്ടാക്കുന്നതിനായി പല റിലീഫ്‌വർക്കുകളും അവിടെ നടത്തുന്നുണ്ടു്. അതിന്റെ ഫലമായി കഴിഞ്ഞ ഏതാനും മാസത്തിനുള്ളിൽ ആ ഭാഗത്തെ അരിയുടെ ചെലവു എങ്ങനെയിരിക്കുന്നു എന്നു് അറിയാറായി. റിലീഫ്‌വർക്കു് തുടങ്ങിയതിനുശേഷം അവിടെ കൂടുതൽ അരി ചെലവാകുന്നുണ്ടോ എന്നു് ഗവണ്മെന്റ നോക്കി. സർ, അമ്പലപ്പുഴ താലൂക്കിൽ ഏപ്രിൽമാസത്തിൽ ൩ ഔൺസ് വീതം കണക്കാക്കിയാൽ അവിടെയുള്ള റേഷൻ കാർഡിനു് ഒക്കെക്കൂടി ൨൫൦൦ ടൺ അരിയാണു് ചെലവാകേണ്ടതു്. അതിൽ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ആ മാസത്തിൽ ൭൩൯ ടൺ അരിയാണ് അവിടെ ചെലവായത്. എന്നാൽ സെപ്റ്റംബർ ൨൩ തൊട്ട് അക്ടോബർ ൨൩-ാം തീയതി വരെ ഇക്കഴിഞ്ഞ ഒരു മാസം ൨൨൦൦ ടൺ അരിയാണ് അവിടെ ചെലവായിട്ടുള്ളത്. ഇത് എന്തിനെ സൂചിപ്പിക്കുന്നു? അതുപോലെ ചേർത്തലയിലേയും കണക്കുണ്ട്. അവിടെ ഏപ്രിൽമാസത്തിൽ ൧൦ ഔൺസു വീതം ചെലവാകേണ്ടതായ അരി ൯൫൦ ടൺ ആണ്. ദുരിതാശ്വാസ നടപടികൾ തുടങ്ങിയതിനുശേഷം കഴിഞ്ഞ ഒരു മാസത്തിൽ ൯൧൭ ടൺ അരി അവിടെ ചെലവായിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ൯൧൭ ടൺ അരി വാങ്ങിച്ചിരിക്കുന്നതു് റേഷൻകാർഡുകാർ സ്വന്തമായി വാങ്ങിച്ചിരിക്കുകയാണോ അതോ റേഷൻവാങ്ങിക്കാൻ നിവൃത്തിയില്ലാതെ റേഷൻകാർഡ് പണയംവച്ചിട്ട് വാങ്ങിയിരിക്കുകയാണോ എന്ന് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബർക്ക് ഈവക പണികളെപ്പറ്റി കൂടുതൽ അറിവുണ്ടായിരിക്കും. എനിക്ക് അതിനെക്കുറിച്ച് അറിവില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: നാട്ടുകാർ പിരിച്ചുകൊടുക്കുന്ന പണംകൊണ്ടാണ് അവർ അരി വാങ്ങുന്നതെന്ന് മന്ത്രിക്ക് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, എനിക്കു ഒന്നു പറയുവാനുണ്ട്. ദുരിതം കുറയുന്നതുകൊണ്ട് ആവേശം കൊള്ളുന്ന ചില ആളുകൾ ഉണ്ട്. ദുരിതം തീർന്നിട്ടുണ്ടെന്ന് ഞാൻ വാദിക്കുന്നില്ല. ഞാൻ പറയുന്നത് കഴിഞ്ഞ ഏതാനും കാലത്തെ നടപടികൾകൊണ്ട്—ആളുകൾ പണംപിരിച്ചു കൊടുത്തതുകൊണ്ടും ആകാം—അവിടത്തെ ജനങ്ങളുടെ ദുരിതത്തിന് ആശ്വാസം കിട്ടിയിട്ടുണ്ട് എന്നാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഗവണ്മെന്റ് റിലീഫ്‌വർക്കിനായി എത്ര രൂപാ ചെലവാക്കിയിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ അതിലേയ്ക്ക് കടക്കുകയാണ്.

ശ്രീ. ഏ. താണുപിള്ള: ചേർത്തല താലൂക്കിൽ ഏപ്രിൽമാസത്തിൽ എത്ര ടൺ അരി ചെലവായിരുന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൯൨൪ ടൺ അരി.

ശ്രീ. ഏ. താണുപിള്ള: അപ്പോൾ ചേർത്തലയിൽ കൂടുതൽ ഇല്ല?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൯൫൦ ടൺ മാക്സിമം കപ്പാസിററി ഉള്ള സ്ഥലത്താണ് ൯൧൭ ടൺ അരി വില്ക്കുന്നത് എന്ന് ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ഓർത്താൽ കൊള്ളാം.

ശ്രീ. ഏ. താണുപിള്ള: അപ്പോൾ ചേർത്തല താലൂക്കിൽ ക്ഷാമമേ ഉണ്ടായിട്ടില്ലാ എന്നാണോ ഞങ്ങൾ ധരിക്കേണ്ടത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ ഒരിക്കലും ഈ രാജ്യത്തിന്റെ തീരപ്രദേശങ്ങളിൽ ദുരിതമില്ലെന്നു പറയുന്നില്ല. ഈ രാജ്യത്തെ കയർവ്യവസായത്തിനും, നെയ്ത്തുവ്യവസായത്തിനും അല്പം

തകർച്ച ഉണ്ടായിട്ടില്ലെന്ന് ഞാൻ പറയുന്നില്ല. അതിനു വേണ്ടതായ ആശ്വാസനടപടികൾ ഗവൺമെൻറ് എടുത്തുവരുന്നുണ്ട്. ആശ്വാസനടപടികളുടെ ഫലമായി കുറെ വിജയവും ഉണ്ടാകുന്നുണ്ട്. ഇങ്ങനെയുള്ള സന്ദർഭത്തിൽ ഭൂരിപക്ഷത്തിൻെറ ബലത്തോടുകൂടി അധികാരത്തിലിരിക്കുന്ന മന്ത്രിസഭയുടെമേൽ അവിശ്വാസപ്രമേയം കൊണ്ടുവരുന്ന സന്ദർഭത്തിൽ, ഈ മന്ത്രിസഭയെ പൊളിക്കണം അതിനു നിലനിൽക്കുവാൻ അർഹതയില്ലാ എന്ന് പറയുന്ന സന്ദർഭത്തിൽ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പട്ടം താണുപിള്ളയെപ്പോലെ ഉത്തരവാദിത്വമുള്ള ഒരാൾ ഗവൺമെൻറ് യാതൊരു ആശ്വാസനടപടികളും ചെയ്തിട്ടില്ലാ എന്നു പറയുന്നതിൽ ഖേദമുണ്ട്. ഈ രാജ്യത്തെ മുതലെടുപ്പിൽനിന്ന് ഇന്ന് ൧ കോടി രൂപായോളം ഗവൺമെൻറ് ഭക്ഷ്യകാര്യത്തിനുവേണ്ടി ചെലവാക്കുന്നുണ്ട്. ആ സമയത്ത് മുതലെടുപ്പു മുഴുവൻ ചെലവാകത്തക്കവിധത്തിൽ സൗജന്യ റേഷൻ കൊടുക്കണമെന്ന ഒരു പ്രമേയം ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ കൊണ്ടുവരികയാണെങ്കിൽ ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ അതിനെ അനുകൂലിക്കുമോ എന്ന് ഞാൻ ചോദിക്കുന്നു.

ശ്രീ. ഏ. താണുപിള്ള : ഇതിൽ കാര്യങ്ങൾ പലതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പല കാര്യങ്ങളോടുകൂടി മന്ത്രിസഭ പോകുന്നതും ഒന്നോ രണ്ടോ കാര്യങ്ങളോടുകൂടി പോകുന്നതും തമ്മിൽ കുറച്ചു വ്യത്യാസമുണ്ട്. റിലീഫ്‌വർക്കിനുവേണ്ടി എത്ര പണം ചെലവുചെയ്തുവെന്ന് ശ്രീമതി ഗൗരി ചോദിക്കുകയുണ്ടായി. ഏകദേശം രണ്ടു മൂന്നു ലക്ഷം രൂപാ ചെലവുവരുന്ന പണികൾക്ക് എസ്റ്റിമേററ് തയ്യാറാക്കി നവംബർ ൧൦-ാം നു- പണി തുടങ്ങുന്നതാണ്. ഇപ്പോൾതന്നെ ചെയ്തിട്ടുള്ള കാര്യങ്ങൾക്ക് എൻെറ കയ്യിൽ കണക്കുണ്ട്. വേണമെങ്കിൽ അതുനോക്കി പറയാവുന്നതാണ്.

പ്രമേയത്തിൽ സംഘടനാസ്വാതന്ത്ര്യത്തെപ്പററിയും, അഭിപ്രായസ്വാതന്ത്ര്യത്തെപ്പററിയും, ഗുണ്ടായിസത്തെപ്പററിയും മററും പറയുന്നുണ്ട്. ഒരു കാര്യം ഞാൻ വ്യക്തമായി പറയുന്നു. ഈ രാജ്യത്ത് ആരുതന്നെയായാലും, തൊഴിലാളികളായാലും, വിരുദ്ധമുന്നണിയായാലും, കമ്മ്യൂണിസ്ററുകാർതന്നെയായാലും, കാൺഗ്രസ്സുകാരായാലും, ഈ രാജ്യത്തെ പൗരാവകാശത്തെയും മററും ബഹുമാനിക്കുന്ന ഒരാൾ എന്ന നിലയിൽ ഗുണ്ടായിസം പ്രയോഗിക്കുകയാണെങ്കിൽ ഞാൻ അതു് പ്രതിഷേധിക്കുകതന്നെ ചെയ്യും. പക്ഷെ ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പറോട് എനിക്ക് ഒന്നു ചോദിക്കുവാനുണ്ട്, അദ്ദേഹത്തോടു മാത്രമല്ല, അദ്ദേഹത്തോടൊരുമിച്ചു പ്രവർത്തിക്കുന്ന ആളുകളോടും. സംഘടനാസ്വാതന്ത്ര്യം ഈ രാജ്യത്തുണ്ട്. അപ്പോൾ ഐക്യമുന്നണിക്കാർക്ക് സംഘടനാസ്വാതന്ത്ര്യമുള്ളതുപോലെതന്നെ, ഐക്യമുന്നണിക്കാരുടെ സംഘടന, അല്ലെങ്കിൽ കമ്മ്യൂണിസ്ററുകാരുടെ സംഘടന ഈ രാജ്യത്തിനു് ആപത്താണെന്ന് വിചാരിക്കുന്നവർക്ക് സംഘടനയുണ്ടാക്കുവാനുള്ള അവകാശമില്ലേ? അവർക്ക് വിരുദ്ധമുന്നണി എന്നപേരിൽ ഒരു സംഘടന ഉണ്ടാക്കരുതോ?

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : പക്ഷെ കല്ലെറിയാനുള്ള സ്വാതന്ത്ര്യമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്റെ നേരേ കല്ലെറിയാതിരുന്നാൽ മതി.

അങ്ങനെ അവരും സംഘടനയുണ്ടാക്കുമ്പോൾ അതിനെ എതിർക്കുന്നതു് ശരിയാണോ? ഈ അവസരത്തിൽ ബർണാഡ്ഷായുടെ പ്രസിദ്ധമായ ഒരു നാടകത്തിലെ അവതാരികയിലെ ഒരു വാചകമാണു് എനിക്കു ഓർമ്മവരുന്നതു്. അതിൽ പറയുന്നുണ്ടു്: ഒരു കഴുതയ്ക്കു് ഏററവും അധികം ദേഷ്യംതോന്നുന്നതു് മറെറാരു കഴുത കരയുന്നതു് കേൾക്കുമ്പോഴാണെന്നു്. അതുകൊണ്ടു് കമ്മ്യൂണിസ്ററുകാർമാത്രം സംഘടിക്കുകയും, അവർമാത്രം ബഹളങ്ങൾ ഉണ്ടാക്കുകയും എന്റെ അഭിപ്രായത്തിൽ അവർമാത്രം ഗുണ്ടായിസം പ്രയോഗിക്കുകയും ചെയ്യുമ്പോൾ മറെറാരുക്കൂട്ടർ അതിനെ എതിർത്തു് ചില ബഹളങ്ങൾ ഉണ്ടാക്കുന്നതു് സ്വാഭാവികമാണു്. ഞാൻ ഈ രണ്ടു ബഹളങ്ങളെയും പ്രതിഷേധിക്കുന്നു. സത്യസന്ധമായും ആത്മാർത്ഥമായും പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർക്കു് ഈ വക ഗുണ്ടായിസത്തിന്റെയും ബഹളങ്ങളുടെയും ആവശ്യമില്ല. ബഹുമാനപ്പെട്ട ചില മെംബറന്മാർ കാൺഗ്രസ്സുകാരോടു് ആത്മാർത്ഥമായി ചില കാര്യങ്ങൾ അപേക്ഷിക്കുകയുണ്ടായി. ഞാനും അതുപോലെ അവരോടു് ഒരു കാര്യം അഭ്യർത്ഥിക്കുന്നു. അതു് ഗുണ്ടായിസം നിറുത്തണം എന്നുള്ളതു തന്നെയാണു്. അതു് ഈ രാജ്യത്തു് ഒരു തരത്തിലും ഉണ്ടാകരുതെന്നു തന്നെയാണു് ഈ ഗവണ്മെൻറിന്റെയും ആഗ്രഹം. അതുകൊണ്ടു് ഗുണ്ടായിസം നിറുത്തുവാൻ നിങ്ങൾ ഞങ്ങളെ സഹായിക്കുക. ഈ രാജ്യത്തെ തൊഴിലാളികൾക്കു് യാതൊരുവിധ കുഴപ്പങ്ങളും ഉണ്ടാകാതിരിക്കുവാൻ ഞങ്ങളെ സഹായിക്കുക. 'ദിസ് ലേബർ മിനിസ്റ്റർ', 'ദിസ് ലേബർ മിനിസ്റ്റർ' എന്നു് ബഹുമാനപ്പെട്ട ആലുവാ മെംബർ ഇവിടെ പലവുരു പറയുകയുണ്ടായി. ലേബർമിനിസ്റ്റർ തൊഴിലാളിക്കുഴപ്പങ്ങൾ ഇല്ലാതാക്കുവാൻ എപ്പോഴും സഹായഹസ്തങ്ങൾ നീട്ടുകയാണു ചെയ്തിട്ടുള്ളതു്. തൊഴിലാളികൾ സംഘടിക്കുന്നതിനോ, മററു പ്രവർത്തനങ്ങൾ നടത്തുന്നതിനോ ആരും എതിരല്ല. അവരുടെ സംഘടനാശക്തികൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും കൂടുതൽ ക്ഷേമം കൈവരുത്തുന്നതിലും ഗവണ്മെൻറിനു് സന്തോഷമേയുള്ളു. പക്ഷെ, തൊഴിലാളി പ്രവർത്തനങ്ങൾ നടക്കുമ്പോൾ നിയമലംഘനങ്ങൾ ഉണ്ടാകുന്നപക്ഷം, അവിടെ പോലീസിന്റെ ഇടപെടൽ ഉണ്ടാകേണ്ടതായി വരും. അതുണ്ടാകാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : അല്ലാതെയുള്ള സന്ദർഭങ്ങൾ വ്യക്തമായി ചൂണ്ടിക്കാണിച്ചുതന്നാൽ ഗവണ്മെൻറിന്റെ നയം വ്യക്തമാക്കുവാൻ കഴിയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ കാണിച്ചാൽ അപ്പോൾ അതിനു സമാധാനം പറയാവുന്നതാണു്.

ശ്രീ. ടി. കെ. ദിവാകരൻ : കമ്മ്യൂണിസ്ററുകാരുടെ നേരെ ഗുണ്ടായിസം പ്രയോഗിക്കുന്നതിനെ ബഹുമാനപ്പെട്ട മെംബർ എതിർക്കുന്നുണ്ടെങ്കിൽ അതിനെതിരായി ഗവണ്മെൻറു് എന്തു നടപടി നടത്തിയിട്ടുണ്ടെന്നു പറയാമോ?

Mr. Speaker : That question will not advance the argument. All depends on facts and circumstances. It is not in his individual capacity that he was speaking. He is officially speaking as Member in charge of this motion.

ശ്രീ. ടി. കെ. ദിവാകരൻ : അദ്ദേഹം വ്യക്തിപരമായ അഭിപ്രായം മാത്രമാണു് ഇതുവരെ പറഞ്ഞിട്ടുള്ളതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല, സർ, ഞാൻ ഗവൺമെന്റിന്റെ അഭിപ്രായം പറയുകയാണു്.

പക്ഷെ, ഒരു സംഗതി ഓർക്കണം. ആവർത്തിച്ചാവർത്തിച്ചു പറഞ്ഞതുകൊണ്ടുമാത്രം ഏതെങ്കിലും ഒരു സംഗതി വാസ്തവമാകണമെന്നില്ല. ശ്രീ. ദിവാകരൻ എന്റെ ബഹുമാന്യസ്നേഹിതനാണു്. അതുകൊണ്ടു് അദ്ദേഹം പറയുന്നതു് ചിലപ്പോൾ ഞാൻ വിശ്വസിച്ചുവെന്നുവരാം. പക്ഷെ, ഒരു തൊഴിലാളിപ്രവർത്തകനെന്നുള്ള നിലയിൽ, പ്രത്യേകിച്ചും ഇന്നത്തെ ഗവൺമെന്റിനെ ശക്തിയായി ബോധപൂർവ്വം എതിർക്കുന്ന ഒരാൾ എന്ന നിലയിൽ ചിലപ്പോൾ ചില തന്ത്രങ്ങളും അടവുകളുംകൂടി എടുത്തേയ്ക്കാം എന്നു കരുതാവുന്നതാണു്.

ശ്രീ. ടി. വി. തോമസ് : അതുപോലെ പ്രതിപക്ഷത്തെ എതിർക്കുവാൻവേണ്ടി കാൺഗ്രസ്സുകാരും ചില അടവുകളും തന്ത്രങ്ങളും പ്രയോഗിക്കുകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചിലപ്പോൾ അതു വേണ്ടിവരും.

ശ്രീ. ടി. കെ. ദിവാകരൻ : വ്യക്തമായ ആരോപണങ്ങൾ ഉണ്ടായാൽ, അല്ലെങ്കിൽ നൽകിയാൽ, കാൺഗ്രസ്സുഗവൺമെന്റു് മൂന്നു പേരെ വച്ചു് അതേപ്പററി അന്വേഷണം നടത്താൻ ഉദ്ദേശമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഭരണം കാൺഗ്രസ്സു നടത്താൻ ഉദ്ദേശിക്കുന്നില്ല. ഭരണം ഗവൺമെന്റു് നടത്താനാണുദ്ദേശിക്കുന്നതു്. ബഹുമാനപ്പെട്ട ആലുവാ മെംബർ 'ദിസ് ലേബർ മിനിസ്റ്റർ' അതു ചെയ്തു, 'ദിസ് ലേബർ മിനിസ്റ്റർ' ഇതു ചെയ്തു എന്നു പറഞ്ഞപ്പോൾ ഈ സഭയിലുള്ളവർ, വിശേഷിച്ചും ശ്രീ. ബേബി ജാൺ, ശ്രീ. പ്രാക്കുളം ഭാസി മുതലായി ഈ സഭയിൽ പുത്തനായി വന്ന ആളുകൾ ഈ ലേബർ മിനിസ്റ്റർ ഏതോ കൊലപാതകം ചെയ്തിട്ടിരിക്കുകയാണെന്നു വിചാരിച്ചേക്കാം. എന്നാൽ എന്താണുണ്ടായതു് ? ആലുവായിൽ സ്റ്റാൻേറർഡു് പോട്ടറീസിൽ ഒരു സ്ട്രൈക്കുണ്ടായി. അതു് തീർക്കണമെന്നു് ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ എന്നോടു പറഞ്ഞു. അങ്ങനെയാവാം എന്നു ഞാനും പറഞ്ഞു. അതനുസരിച്ചു് അവിടത്തെ മാനേജ്മെൻറും യൂണിയൻ പ്രവർത്തകരും ബഹുമാനപ്പെട്ട ആലപ്പുഴ മെംബറുമായി ഒരു കാൺഫറൻസു നടത്തി. ആ കാൺഫറൻസിൽവച്ചു് ആ സ്ട്രൈക്കു് വിജയകരമായി അവസാനിപ്പിക്കുകയും ചെയ്തു. പിന്നീടു് ബോണസ്സിന്റെ കാര്യത്തിൽ തർക്കമുണ്ടായി. ഞാൻ അതേപ്പററി മുതലാളിമാരുമായി സംസാരിച്ചു. മുതലാളിമാർ കൊടുത്ത ബോണസ്സു് അവർ വാങ്ങിക്കഴിഞ്ഞു. ഇപ്പോൾ അക്കാര്യം കൺസിലിയേഷനിൽ ഇരിക്കുകയാണു്.

ശ്രീ. എം. എം. അബ്ദുൽഖാദർ: മുതലാളിമാർ സമ്മതിച്ച കരാർ അനുസരിച്ച് പ്രവർത്തിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടാണ് തർക്കമുണ്ടായത്; കഴിഞ്ഞ തവണ കൊടുത്ത ബോണസ്സ് കൊടുക്കരുത് എന്നായിരുന്നു തർക്കം.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: അതുമാത്രമല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ബഹുമാനപ്പെട്ട മെംബർ കുറെക്കാലം തലശ്ശേരിയിൽ ആയിരുന്നതുകൊണ്ട് ആലുവാക്കാര്യം പൂർണ്ണമായി അറിഞ്ഞിരിക്കുകയില്ല. യാതൊരു ബഹളവും ആലുവായിൽ ഇല്ല. പക്ഷെ, ശ്രീ. ബേബി ജാണും, ശ്രീ. ടി. വി. താമസും മററും മുണ്ടക്കയത്തും, ചവറയിലും മററും ഉണ്ടായ ബഹളങ്ങളെപ്പററി പറയുമ്പോൾ കമ്മ്യൂണിസ്ററ വണ്ടിയുടെ സ്റ്റെപ്പിനിയിൽ കയറിയിരിക്കുന്ന ശ്രീ. ഖാദർക്ക് ആലുവായെപ്പററി എന്തെങ്കിലും പറയണ്ടേ എന്നു തോന്നി. അല്ലാതെ അവിടെ ഒരു കുഴപ്പവുമില്ല. ഇൻററർവെൽ സമയത്ത് ഞാൻ ലേബർകമ്മീഷണരെ കണ്ട് അവിടെനിന്നും അടുത്തകാലത്തു വന്നിട്ടുള്ള റിപ്പോർട്ടു വാങ്ങി നോക്കി. മുതലാളിമാർ കൊടുത്ത ബോണസ്സ് തൊഴിലാളിമാർ വാങ്ങിക്കഴിഞ്ഞു. പക്ഷെ, ബോണസ്സ് പോരാ എന്നുള്ള തർക്കമുണ്ട്. അക്കാര്യം കൺസിലിയേഷനു വിട്ടിരിക്കുകയാണ്. അവിടെ മുതലാളിമാരും തൊഴിലാളികളും തമ്മിൽ തികഞ്ഞ ശാന്തതയോടുകൂടി വർത്തിക്കുന്നുമുണ്ട്.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: ഏപ്രിൽ മാസത്തിൽ അവിടെ ഒരു ലാത്തിച്ചാർജ്ജ് നടത്തിയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നടത്തിയിരിക്കാം. ലാത്തിച്ചാർജ്ജ് തെററാണെന്നു ഞാൻ വിചാരിക്കുന്നില്ല. നിയമപരമായ പ്രവർത്തനങ്ങൾ നടത്തുവാൻ വൈഷമ്യം നേരിടത്തക്ക കുഴപ്പങ്ങൾ ഉണ്ടായാൽ എന്തുചെയ്യാൻ കഴിയും?

സർ, ഞാൻ ഇത്രയും കാര്യങ്ങൾ ഇവിടെ എടുത്തു പറഞ്ഞത് ഇവിടെയുണ്ടായ ആക്ഷേപങ്ങൾക്കു വലിയ കഴമ്പില്ലെന്നു കാണിക്കുവാനാണ്. ഇവിടെ റൈസ്മില്ലിൻെറ കാര്യം പറഞ്ഞു. കഴിഞ്ഞ തവണ ശ്രീ. ശങ്കർ റൈസ്മില്ല് ഏർപ്പെടുത്തുന്നതിനു എതിരായിട്ടാണു സംസാരിച്ചത്. അതിനുശേഷം യാതൊരു റൈസ്മില്ലും പുതിയതായി അനുവദിച്ചിട്ടില്ല. റൈസ്മില്ലിൻെറ കാര്യത്തിൽ ഈ രാജ്യത്തു എന്തു നയമാണ് എടുക്കേണ്ടതെന്നുള്ളതിനെപ്പററി റിപ്പോർട്ടുചെയ്യുവാൻ വളരെ ഉത്തരവാദിത്വവും ഭരണപരിചയവുമുള്ള ഒരാളെ ഒരു പ്രസിഡൻറാക്കി ഒരു കമ്മിററി ഏർപ്പെടുത്തിയിട്ടുണ്ട്. ആ കമ്മിററിയുടെ അഭിപ്രായം അനുസരിച്ചു ഗവണ്മെൻറ പ്രവർത്തിക്കണമെന്നാണു തീരുമാനിച്ചിരിക്കുന്നത്. ശ്രീ. ടി. വി. താമസ് പറഞ്ഞത് ഞാൻ ചൂളിപ്പോയി എന്നാണ്. റൈസ്മിൽ ഏർപ്പെടുത്തുന്ന കാര്യത്തെപ്പററി എതിരഭിപ്രായം ഉണ്ടായപ്പോൾ ഞാൻ അതിനു വഴങ്ങിക്കൊടുത്തതു ചൂളിപ്പോയതാണുപോലും. അപ്പോൾ പൊതുജനാഭിപ്രായത്തെ ധിക്കരിച്ചാലും കേസ്സ്, ആദരിച്ചാലും കേസ്സ്. ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ട്.

അതുകൊണ്ട് അതേപ്പററി ഒരു കമ്മിററി ആലോചിക്കട്ടെ എന്നു പറഞ്ഞപ്പോൾ അതു ചൂളലായി. അങ്ങനെ ചെയ്തില്ലെങ്കിലോ, അതു ധിക്കാരവും.

ശ്രീ. സി. ശങ്കർ: കൊല്ലത്തുവച്ചു ക്യാബിനററുകൂടി ചെയ്ത തീരുമാനം, പൊതുജനാഭിപ്രായത്തെ ആദരിച്ചു ചെയ്തതോ ധിക്കരിച്ചു ചെയ്തതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതായാലും ശ്രീ. ശങ്കർ അപ്പോൾ അവിടെ ഉണ്ടായിരുന്നില്ല. ഒരു തീരുമാനം ചെയ്തു. അതെപ്പററി എതിരുണ്ടായി. വീണ്ടും അതിനെപ്പററി ആലോചന നടത്തി. അതിൽ എന്തു തെററാണുള്ളതു്?

ഹൈക്കോടതി കാര്യത്തെപ്പററി ശ്രീ. രാമസ്വാമിപ്പിള്ള ഇവിടെ പറയുകയുണ്ടായി. ഗവണ്മെൻറിനുള്ള അഭിപ്രായവും അതുതന്നെയാണ്.

മന്ത്രിസഭയുടെ പേരിൽ കൈക്കൂലിയും അഴിമതിയും ആരോപിക്കപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ചും ഹോം മിനിസ്റ്ററുടെ പേരിൽ. പിന്നെ, സാമാന്യമായിട്ട് പൊതുവെ മന്ത്രിസഭയെപ്പററിയും ഈ നിലയിലുള്ള ആരോപണങ്ങൾ ഉൾക്കൊള്ളിച്ചിട്ടിട്ടുണ്ട്. രണ്ടുമൂന്നു മെംബറന്മാർ അതിനെപ്പററി പറയുകയുംചെയ്തു. ആദ്യദിവസം ഈ പ്രമേയം ഹാജരാക്കിയപ്പോൾ ശ്രീ. തോമസ് പറഞ്ഞു: താൻ ഇതു സംബന്ധിച്ചുള്ള രേഖ ഹാജരാക്കാൻ പോകുന്നുവെന്ന്. അതുകൊണ്ടാണല്ലോ ഡിബേററ് രണ്ടു ദിവസത്തേയ്ക്കു മാററിവച്ചതു്. ശ്രീ. പ്രാക്കുളം ഭാസി ഇതു സംബന്ധിച്ചു പ്രസ്താവിച്ചപ്പോൾ ചില രേഖകളെങ്കിലും അദ്ദേഹത്തിൻെറ പോക്കററിൽ നിന്നു എടുത്തു കാണിക്കുമെന്നു ഞാൻ വിചാരിച്ചു.

ശ്രീ. പ്രാക്കുളം ഭാസി: ചേർത്തല ദുരിതനിവാരണഫണ്ട് ചീഫ് മിനിസ്റ്റർ തുടങ്ങിയതു് സെപ്ററംബർ ൯-ാം൹-യാണെന്നും പണംവാങ്ങിയതു അതിനു് മുൻപാണെന്നും ശ്രീകണ്ഠൻതന്നെ പ്രസ്താവിച്ചിട്ടുണ്ട്. അതിൽ കൂടുതൽ ഞാൻ എന്തു പറയുമെന്നാണ് ബഹുമാനപ്പെട്ട മെംബർ വിചാരിച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ വിഷയത്തെപ്പററി ബഹുമാനപ്പെട്ട വടക്കാഞ്ചേരിമെംബർ കുറെക്കൂടി ഉത്തരവാദിത്വബോധത്തോടുകൂടിയ ഒരു നില സ്വീകരിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ട്. നമ്മുടെ രാജ്യത്തു് ഡെമോക്രസി പുതുതായി വന്നിരിക്കുകയാണ്. അതിൻെറ ശൈശവാവസ്ഥയിലാണ് ഇപ്പോൾ ഇരിക്കുന്നതു്. പ്രത്യേകിച്ചും ശ്രീ. പ്രാക്കുളം ഭാസിയുടെ പ്രസംഗം കേട്ടതിനുശേഷം ആലോചിച്ചപ്പോൾ അദ്ദേഹം ഹോംമിനിസ്റ്റർ കൈക്കൂലി വാങ്ങി, എന്ന് വീണ്ടും വീണ്ടും പറയുന്നതല്ലാതെ മറെറാന്നും വ്യക്തമായി പറഞ്ഞിട്ടുള്ളതായി കണ്ടില്ല. ഇതു കേട്ടപ്പോൾ ഒരു കഥയാണ് എനിക്ക് ഓർമ്മവരുന്നതു്. നമ്മുടെ രാജ്യത്തെ കൊടുങ്ങല്ലൂർക്ഷേത്രം പണ്ട് ബുദ്ധസന്യാസികളുടെ മഠമായിരുന്നു. ബുദ്ധമതം നമ്മുടെ രാജ്യത്തു് ശക്തിപ്പെട്ടുവന്നപ്പോൾ ബുദ്ധമതത്തെ എതിർക്കുന്നവർ ആ സന്യാസികളെ അവിടെ നിന്ന് പുറത്താക്കുന്നതിന് ആഗ്രഹിക്കുകയുണ്ടായി. പല ന്യായങ്ങളും പല വിദ്യകളും പ്രയോഗിച്ചു നോക്കി. അക്കാലത്തു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അവിശ്വാസപ്രമേയവിദ്യ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണോ ബുദ്ധസന്യാസികൾ അവിടെ നിന്നും പോകുന്നില്ലെന്നുകണ്ടപ്പോൾ ഒരു വിദ്യ കണ്ടുപിടിച്ചു. ആ മഠത്തിൻെറ നാലുഭാഗവും ചെന്നു് തെറിപറയുകയും നഗ്നമായിട്ടുള്ള പല ചൊല്ലിയാട്ടങ്ങൾ കാണിക്കുകയുമുണ്ടായി. അങ്ങനെ ചെയ്തപ്പോൾ അതു കേട്ടുകൊണ്ടു് അവർക്കു് ഇരിക്കാൻ നിവൃത്തിയില്ലെന്നു കണ്ടു് അവർ പുറത്തേക്കുപോയി എന്നാണു് കഥ. ഇപ്പോഴും ആ ആചാരമായ കാവുതീണ്ടൽ കൊല്ലം തോറും മീനമാസത്തിൽ ഭരണിനാൾ നടക്കാറുണ്ടു്. അതുപോലെ ഒരു കാവുതീണ്ടൽ ഇവിടെ നടക്കുകയാണെന്നാണു എനിക്കു തോന്നിയതു്. ഈ മന്ത്രിസഭയെ കഴിഞ്ഞ ആറേഴുമാസങ്ങൾക്കുള്ളിൽ പലവിധത്തിലും മറിച്ചിടാൻവേണ്ടി ഐക്യമുന്നണിക്കാർ ശ്രമിച്ചു. ഈ രാജ്യത്തു് മുഴുവൻ സ്ട്രൈക്കുകൾ സംഘടിപ്പിക്കുവാൻ നോക്കി. വിദ്യാർത്ഥികളെ സംഘടിപ്പിച്ചു് സ്ട്രൈക്കു് ഉണ്ടാക്കാനും നോക്കി. നിയമസഭയിൽ ആദ്യത്തെതവണ അവിശ്വാസപ്രമേയം കൊണ്ടുവന്നില്ല എന്നു പറയുന്നതു നേരല്ല, റൂൾ മുപ്പതനുസരിച്ചെന്നു പറഞ്ഞു കൊണ്ടുവന്നില്ലെന്നു മാത്രമേയുള്ളു. ആദ്യത്തെ നിയമസഭയിലും രണ്ടാമത്തെ നിയമസഭയിലും അതിനുള്ള പരിശ്രമങ്ങളെല്ലാം അവർ നടത്തി. അങ്ങനെ പലവിധത്തിലും ഈ ഗവണ്മെൻറിനെ ഇവിടെ നിന്നും മാററാൻ സാധിക്കുന്നില്ലെന്നു ബോദ്ധ്യപ്പെട്ടതിനുശേഷം ശ്രീമാൻ പ്രാക്കുളം ഭാസിയും ഈ ആരോപണം നടത്തിയ അദ്ദേഹത്തിൻെറ ഗുരുനാഥനും മററു് സഹപ്രവർത്തകരുംകൂടി ഒരു കാവുതീണ്ടൽ തുടങ്ങിയിരിക്കുകയാണു്. ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം അതിനെപ്പററി പറയാനുള്ളതെല്ലാം ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ പറഞ്ഞുകഴിഞ്ഞിട്ടുണ്ടു്. ബഹളംകൂട്ടിയതുകൊണ്ടോ തെറിപറഞ്ഞതുകൊണ്ടോ യാതൊരു അടിസ്ഥാനമില്ലാത്തതും തെളിവില്ലാത്തതുമായ ആരോപണങ്ങൾ വിലപ്പോവുകയില്ല. ഈ വക കാര്യങ്ങൾക്കു് അടിസ്ഥാനമായി എന്തെങ്കിലും വേണം. കൊല്ലത്തു് സാമിൽ തൊഴിലാളികളുടെ സ്ട്രൈക്കു് ഇല്ലായ്മചെയ്യുന്നതിനുവേണ്ടി പണം കൊടുത്തു എന്നാണു പറയുന്നതു്. ആ സ്ട്രൈക്കിനെപ്പററിയുള്ള വിവരം കിട്ടുകയും ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നും അതിനെപ്പററിയുള്ള റിപ്പോർട്ടു് കിട്ടുകയും ചെയ്ത അന്നുതന്നെ ആ സ്ട്രൈക്കു് അഡ്ജുഡിക്കേഷനു വച്ചിട്ടുണ്ടു്. ആ സ്ട്രൈക്കിൽ ഗവണ്മെൻറു് ഇടപെടണമെന്നു് എന്നോടു് ശ്രീ. ദിവാകരനോ മററതെങ്കിലും തൊഴിലാളി പ്രവർത്തകരോ ആവശ്യപ്പെട്ടിരുന്നെങ്കിൽ ഞാൻ തീർച്ചയായും അതേറെറടുക്കുമായിരുന്നു. അതിനു തടസ്സമായി യാതൊന്നുമുണ്ടായിരുന്നില്ല. അതു് അഡ്ജുഡിക്കേഷനു വച്ചിരിക്കുകയാണു്. സാമിൽ മുതലാളിമാരെല്ലാം ഇതിനെ നിഷേധിച്ചിരിക്കുകയാണു്. ആ നിലയിൽ ഈ ഒളിച്ചുകളി ല്ലതും ആവശ്യമുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്. നിയമസഭയിൽ ഈ ആരോപണം നടത്തിയവരും ഈ ആരോപണത്തിൻെറ പിന്നിൽ ശങ്കിടിക്കാരായി കൂടിയിട്ടുള്ളവരും അദ്ദേഹം രാജിവക്കുന്നില്ലെന്നും പ്രോസിക്യൂട്ടു് ചെയ്യുന്നില്ലെന്നും മററതെങ്കിലും വിധത്തിലുള്ള സാഹസങ്ങൾക്കു് ഒരുമ്പെടുന്നില്ലെന്നും കണ്ടപ്പോൾ അതിനു് ഒരു പരിഹാരമായി ഈ സഭയിൽ ഒരു അവിശ്വാസപ്രമേയം കൊണ്ടുവന്നിരിക്കുകയാണു്. ഈ അവിശ്വാസപ്രമേയംമൂലം നാട്ടിലെ ജനങ്ങളുടെ ഇടയിൽ പലവിധ

ത്തിലുള്ള തെററിദ്ധാരണകൾ പരത്തണമെന്നും അടുത്തുവരുന്ന പഞ്ചായത്തും മുൻസിപ്പലും തിരഞ്ഞെടുപ്പിൽ കാൺഗ്രസ്സിൻെറ നേരെ ജനങ്ങൾക്ക് വെറുപ്പുതോന്നിക്കണമെന്നുമുള്ളതല്ല ഉദ്ദേശമെങ്കിൽ ഇവിടത്തെ ഭരണത്തിലുള്ള ശുദ്ധിയും പരിശുദ്ധിയും പരമശുദ്ധിയും രക്ഷിക്കുന്നതിനുവേണ്ടി തീച്ചയായും ഈ ആരോപണത്തിന് അടിസ്ഥാനമായ തെളിവ് കൊണ്ടുവരുമായിരുന്നുവെന്നാണ് എനിക്കു തോന്നുന്നത്.

Shri K. Balakrishna Menon: Is it possible to take any evidence on the floor of this House ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: Yes. സർ, ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ഈ പ്രമേയത്തിൽ മററു ചില കാര്യങ്ങൾകൂടി ഉന്നയിച്ചിട്ടുണ്ട്. അദ്ദേഹം ഏതോ ചില സമരത്തിൽപ്പെട്ട, സി. പി. രാമസ്വാമി അയ്യരോടുള്ള വീരോചിതമായ സമരത്തിൽപ്പെട്ട, ചില നേതാക്കന്മാരെ മോചിപ്പിച്ചിട്ടില്ല എന്നതു് ഒരു ചാർജ്ജ് ആയി പറയുകയുണ്ടായി. എനിക്ക് അതു കേട്ടപ്പോൾ അൽപ്പം അത്ഭുതംതോന്നി. ഈ അവിശ്വാസ പ്രമേയം അവതരിപ്പിച്ച് അദ്ദേഹം ചെയ്ത പ്രസംഗത്തിൽ അവിശ്വാസ പ്രമേയത്തിൻെറ ഒരു അവിഭാജ്യഘടകമായി ബഹുമാനപ്പെട്ട ശ്രീ. പട്ടം താണുപിള്ളയ്ക്കു് ഒരു മന്ത്രിസഭ ഉണ്ടാക്കുന്നതിനുള്ള ധാർമ്മികമായ പിൻതുണ ഞങ്ങൾ നൽകുന്നതാണെന്നു പറയുകയുണ്ടായി. തിരുവിതാംകൂറിലെ ചരിത്രം പ്രത്യേകിച്ചും ഇന്നു് നമ്മെ നോക്കി പുഞ്ചിരിയിടുന്നതുപോലെ തോന്നുന്നു. ഇന്നു് ൧൧൨൭ തുലാമാസം ആണ്. നാലു കൊല്ലങ്ങൾക്കുമുമ്പു് ൧൧൨൪ തുലാമാസത്തിൽ ഇന്നു് ഈ ഐക്യമുന്നണിനേതാക്കന്മാർ ആരെ മന്ത്രിയായി പട്ടം കെട്ടുന്നതിനുവേണ്ടി ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നോ ആ മഹാൻ ഈ രാജ്യത്തെ മന്ത്രിയായിരുന്ന കാലത്തു് സാധിക്കാതിരുന്ന ഈ കാര്യങ്ങൾ വീണ്ടും അദ്ദേഹത്തെ മന്ത്രിയാക്കി സാധിക്കാമെന്നു പറയുമ്പോൾ ഈ അവിശ്വാസ പ്രമേയത്തിൻെറ പിന്നിൽ അശേഷം ആത്മാർത്ഥതയില്ലെന്നു ഞങ്ങൾ വിചാരിക്കുകയാണെങ്കിൽ അതിൽ എന്തത്ഭുതമാണുള്ളതു്? എനിക്ക് ബഹുമാനപ്പെട്ട ഐക്യമുന്നണി നേതാക്കന്മാരിൽനിന്നും മനസ്സിലാക്കാൻ സാധിച്ചതു് ൧൧൨൩-ൽ ഇന്നു് ആരെ മന്ത്രിയാക്കാമെന്നു പറഞ്ഞു് ഈ അവിശ്വാസപ്രമേയത്തിന് തിരുവിതാംകൂറിലും കൊച്ചിയിലും ധാർമ്മികമായ പിൻതുണ കിട്ടുന്നതിനുവേണ്ടി പ്രചാരവേല ചെയ്യുന്നുവോ അദ്ദേഹം പ്രധാനമന്ത്രിയും പോലീസ് മന്ത്രിയുമായിരുന്നപ്പോൾ ഈ ഐക്യമുന്നണിപ്പാർട്ടിയിൽപ്പെട്ടിട്ടുള്ള ഒട്ടധികം പ്രവർത്തകരെ ഡെററിന്യൂ ആക്കി ജയിലിൽവച്ചു എന്നാണ്. അങ്ങനെയുള്ള ഡെററിന്യൂകൾ ഇന്നു് തിരുവിതാംകൂർ-കൊച്ചി ജയിലുകളിൽ ഇല്ല. വയലാർ പുന്നപ്ര തടവുകാരെ ഇറക്കിവിടാമെന്നു് ഒരു ഒത്തുതീർപ്പ് ഉണ്ടായിട്ടുണ്ടെന്നു് ഞാൻ പറയുന്നില്ല. തീച്ചയായും ഈ പ്രമേയത്തിൻെറ പിന്നിൽ ഈ രാജ്യത്തെ പ്രമുഖകമ്മ്യൂണിസ്ററമെമ്പറായ ആ ആലപ്പുഴ മെമ്പറുടെ ഉദ്ദേശം ഈ രാജ്യത്തെ കോൺഗ്രസ്സ് മിനിസ്റ്റരുടെ പേരിലുള്ള ആരോപണങ്ങൾ തെളിയിക്കുന്നതിനോ ഗവൺമെൻറിൻെറ പ്രശസ്തിയെ പരിപാലിക്കുന്നതിനോ അല്ലെന്നും അവരുടെ പ്രവർത്തനങ്ങൾക്കു കളങ്കമൊരുക്കുന്നതിനുവേണ്ടി അരാജകത്വം സൃഷ്ടിക്കുകയാണ്

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ചെയ്യുന്നതെന്നും ഞാൻ വിശ്വസിക്കുന്നുണ്ട്. ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ തിരുവിതാംകൂർ-കൊച്ചിയിലെ ഭീഷ്മാചാര്യരാണെന്ന് എനിക്കു ചിലപ്പോൾ തോന്നാറുണ്ട്. അദ്ദേഹത്തിന്റെ ധർമ്മംമൂലം കൗരവപക്ഷത്ത് നിൽക്കാതെ നിവൃത്തിയില്ലാ, അതേ അവസരത്തിൽ ഞങ്ങളെ എതിർക്കാതിരിക്കാനും നിവൃത്തിയില്ല. അദ്ദേഹം ഞങ്ങളുടെ മുഖ്യമന്ത്രിക്ക് ചിലപ്പോൾ ഉപദേശങ്ങൾ കൊടുക്കാറുണ്ടെന്ന് എനിക്കു തോന്നുന്നു. ഏതായാലും അദ്ദേഹം ഇന്ന് ഐക്യമുന്നണിക്കാരുടെ തന്ത്രങ്ങൾമൂലം ശരശയനത്തിൽ കിടക്കുകയാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീയാഭിപ്രായം എന്തുതന്നെയായാലും അത് കാൺഗ്രസ് പാർട്ടിയിൽ നിന്ന് ഭിന്നമാണ്. പ്രജാസോഷ്യലിസ്റ്റപാർട്ടിയുടെ ചെയർമാനെന്ന നിലയിൽ അദ്ദേഹത്തിന് ഈ രാജ്യത്തോട് ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വം എന്താണെന്നു ഞാൻ പറയാം. തിരുവിതാംകൂർ-കൊച്ചിയിലെ ആദ്യത്തേതും അവസാനത്തേതുമായ സോഷ്യലിസ്റ്റ ഗവൺമെന്റുണ്ടാക്കുന്നതിന് അദ്ദേഹം ആളാകരുതെന്നാണ് എനിക്കു പറയാനുള്ളത്. ഇന്ന് ഐക്യമുന്നണിക്കാർ അദ്ദേഹത്തെ മന്ത്രിയായി അഭിഷേകം ചെയ്യുന്നതിന് ഗംഗയിലെ തീർത്ഥജലമല്ല, വോൾഗാനദിയിലെ ജലമാണ് കൊണ്ടുവരുന്നത്. പ്രജാസോഷ്യലിസ്റ്റപാർട്ടിനേതാവിനെ മന്ത്രിയായി അഭിഷേകം ചെയ്യാനുദ്ദേശിക്കുന്നുണ്ടെങ്കിൽ അത് ഈ രാജ്യത്ത് ആദ്യമായി ഭാരതയുദ്ധം നടത്തുന്നതിനുള്ള ഒരു ശ്രമമാണ്. അതായത് ഭാരതത്തിനു വേണ്ടിയുള്ള യുദ്ധം. അങ്ങനെ ഈ രാജ്യത്തെ മണ്ണിൽ ഈ വിധമുള്ള കുഴപ്പങ്ങൾ വരുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കാതെ ഏതു വിധത്തിലുള്ള ബുദ്ധിമുട്ടുകൾ വന്നാലും ഡെമോക്രസിയും വ്യവസ്ഥാപിതഭരണവും നടത്താൻ ഉറപ്പുചെയ്ത അങ്ങ് ഈ തന്ത്രങ്ങളിൽപ്പെട്ടു പോകരുതെന്ന് എനിക്ക് അപേക്ഷയുണ്ട്. ഈ തന്ത്രങ്ങളിൽപ്പെട്ടുപോകരുതെന്ന് വിയ്യൂർ മെമ്പർ ശ്രീ. കരുണാകരൻ പറഞ്ഞപ്പോൾ ചിലർ ചിരിക്കുകയും കൂകിവിളിക്കുകയും ചെയ്തു. ഇവിടെ കൂകിവിളിച്ചില്ലെന്നേയുള്ളു. പുറത്തായിരുന്നെങ്കിൽ കൂകിവിളിച്ചേനെ. ഇതു പലതവണ ആവർത്തിച്ചു കഴിഞ്ഞിട്ടുണ്ട്.

സർ, ആരുടെ സിദ്ധാന്തങ്ങളാണോ ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർക്ക് പല വിധത്തിലുള്ള ഉത്തേജനങ്ങൾ നൽകുന്നത് ആ മഹാനായ ലെനിൻതന്നെ പറഞ്ഞിട്ടുണ്ട് ഞങ്ങൾക്ക് പാർലമെന്റിൽ വിശ്വാസമില്ലെന്ന്. പാർലമെന്ററി നടപടികളിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല, ബൂർഷ്വാസ്ഥാപനങ്ങളെ നശിപ്പിക്കാനുള്ള ഒരു തന്ത്രവും ആയുധവും മാത്രമാണ് അതെന്ന്. അതുകൊണ്ട് എനിക്കു പറയാനുള്ളത് ഈ അവിശ്വാസപ്രമേയം ഈ റൂളനുസരിച്ച് ഇനിമേൽ ഉണ്ടാകാതിരിക്കാനുള്ള ഒരു തന്ത്രമാണ് ഇതെന്നാണ്. റൂൾ നം ൦ എന്നു പറയുന്ന ലെജിസ്ലേറ്റീവ് റൂൾസും ഇല്ലാതിരിക്കാനുള്ള ഒരു തന്ത്രമാണിത്. ലെജിസ്ലേറ്റീവ് മര്യാദയനുസരിച്ച ശ്രീ. താണുപിള്ളയെ ഒരു മന്ത്രിയായി പ്രതിഷ്ഠിക്കുമെന്നു പറയുന്നത് താണുപിള്ളയാകുന്ന ആ സ്ഥാപനത്തെ അവസാനിപ്പിക്കാനാണ്. ഈ രാജ്യത്തുള്ള എല്ലാ പാർലമെന്ററി സ്ഥാപനങ്ങളേയും, പാർലമെന്ററി മര്യാദകളെയും അവസാനിപ്പിക്കാനുള്ള പാർലമെന്റിൽ നടത്തുന്ന പ്രായോഗികമായ ഒരു

തന്ത്രമാണിതു്. അതിനു് അന്തരീക്ഷം സൃഷ്ടിക്കുന്നതിനു വേണ്ടിയാണു് അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതും ആക്ഷേപവർഷങ്ങൾ ചൊരിയുന്നതും.

എടപ്പള്ളിക്കേസ്സിനെപ്പറ്റി പറഞ്ഞപ്പോൾ അതു സബ്ജ്യൂഡിസ് ആണെന്നാണു് അച്യുതമേനോൻ പറഞ്ഞതു്. ഇങ്ങനെ മുഖ്യമന്ത്രിയായി അഭിഷേകം ചെയ്യുകയാണെങ്കിൽ ഈ രാജ്യത്തു് ഇന്നു നടന്നുകൊണ്ടിരിക്കുന്ന വിമോചനയോഗങ്ങളുടേയും പ്രകടനങ്ങളുടേയും പിന്നിലുള്ള ശൂരനാട്ടുകേസിലെ പ്രതികളേയും വയലാർ പുന്നപ്രകേസിലെ പ്രതികളേയുമെല്ലാം നിരുപാധികം വിടേണ്ടതായിവരും. അങ്ങിനെ വിടുകയാണെങ്കിൽ ഈ രാജ്യത്തെ സ്ഥിതി എന്തായിരിക്കുമെന്നുള്ള വസ്തുത അദ്ദേഹം ധരിച്ചിട്ടില്ലായിരിക്കും. ധരിച്ചിട്ടില്ല എന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങയുടെ ഭാഗ്യഹീനതകൊണ്ടു് ഈ അവിശ്വാസപ്രമേയം പാസ്സാകുകയാണെങ്കിൽ എന്താണു് ഇവിടത്തെ നില? ഈ പ്രമേയത്തിന്റെ നില എങ്ങിനെയായാലും എന്റെ സ്വന്തനിലയ്ക്കും ഞങ്ങൾക്കെല്ലാവർക്കും ഒരു ചുക്കും വരാൻപോകുന്നില്ല. നേരേമറിച്ചു് ഇന്നത്തെ നിലയിൽ ശൂരനാട്ടുകേസിലെ പ്രതികളേയും വയലാർ പുന്നപ്രകേസിലെ പ്രതികളേയും എടപ്പള്ളി കേസിലെ പ്രതികളേയും വിടേണ്ടതായി വരികയുംഇവിടെ നിയമസമാധാനങ്ങൾ പാലിക്കുന്നതിനു് അസാദ്ധ്യമായിതീരുകയും ചെയ്യുന്നതാണു്. അതിനുവേണ്ടിയാണു് അവർ ഒരുമിച്ചു് ഈ അവിശ്വാസപ്രമേയവുമായി വന്നിരിക്കുന്നതു്. അതു സ്വീകരിക്കുവാൻ സന്നദ്ധനാണു് അങ്ങു് എന്നു വിശ്വസിക്കുവാൻ എനിക്കു നിവൃത്തിയില്ല.

ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിൽക്കൂടിയും ഭൂരിപക്ഷാഭിപ്രായത്തോടുകൂടിയും ഒരു മന്ത്രിസഭയിൽ വരുന്നതിനെ ഞങ്ങൾ സന്തോഷിക്കും. ഈ രാജ്യത്തെന്നും കാൺഗ്രസ്സ് ഭരിച്ചുകൊള്ളണമെന്നില്ല. പ്രജാമസ്ദൂർപാർട്ടി ഭരിച്ചാലും കൊള്ളാം ഒരു നല്ല ഭരണം നടത്തണമെന്നേയുള്ളു. ഇന്നു് പ്രജാസോഷ്യലിസ്റ്റുപാർട്ടിനേതാവായ ശ്രീ. താണുപിള്ളയുടെ കൂടെ ശ്രീ. ജയപ്രകാശ്നാരായണൻ ഉണ്ടു്. അതുകൂടാതെ എട്ടൊൻപതു .പേർകൂടി അദ്ദേഹത്തിന്റെ പാർട്ടിയിലുണ്ടു്. എന്നാൽ തിരുവിതാംകൂർ–കൊച്ചിയുടെ ഇന്നത്തെ പരിതഃസ്ഥിതി അനുസരിച്ചു് ഞങ്ങളോടും ഞങ്ങളുടെ പാർട്ടിയോടും കാൺഗ്രസ്സിനോടും തന്നെ എന്തെല്ലാം വിപരീതാഭിപ്രായമുണ്ടായിരുന്നാൽകൂടിയും ഒരു ധാർമ്മികമായ പിൻതുണയോടുകൂടി ഈ അവസരത്തിൽ കാൺഗ്രസ്സ് ഗവണ്മെൻറിനു വേണ്ടി നിങ്ങൾ അനുകൂലിക്കേണ്ടതാണു്. ഇതു ഞാൻ പറയുന്നതു് കാൺഗ്രസ്സുപാർട്ടിക്കുവേണ്ടിയോ കാൺഗ്രസ്സിനുവേണ്ടിയോ ജാണിനു് വേണ്ടിയോ അല്ല. സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു.

Shri A. Thanu Pillai: Sir, a very, very important matter is being debated and, so far as I am concerned, a little too much of irrelevant personal matter, I regret to say, has been introduced into the debate far, far beyond the necessities of the situation. Before going into that, Sir, let me begin my speech with what I consider to be a very important aspect of the matter which should be borne in mind when we deal with the question.

[Shri A. Thanu Pillai]

Here is a motion of no-confidence in the ministry. What are the attendant circumstances? I want my friend Mr. Panampilli Govinda Menon to dispel from his mind all thoughts about me personally in regard to this matter. What has he to tell me about the way in which leading members of his own party feel about this matter? I put the question categorically to Mr. John and to Mr. Panampilli Govinda Menon whether some leading members of the Party did not want this ministry, as it is, to be dissolved or to be reshuffled? He is shaking his head. I ask him whether leading members of his party did not require the Chief Minister to reshuffle the present ministry? Is Mr. John bold enough to deny that? Is Mr. Govinda Menon bold enough to deny that? If they are bold enough to deny that, what does that indicate? What is the feeling among the members in regard to the situation that has arisen as a result of the allegations against some of the ministers, as a result of the policy that they have been pursuing, as a result of the actions taken in violation of their undertakings to the people. What is the situation in the Congress Party, I ask. He may accuse me, of course, either as cowardly or as having fallen into the snare and trap of communists. Sir, I can assure him, I can assure all the people of Travancore-Cochin, that I am the last man to fall into such snares. I am not the man to be deflected from the straight path by offers of ministership and Chief ministership. Mr. Ramaswami Pillai tried to allege that I am after ministership or Chief ministership. There is the open book of my services in this country for wellnigh forty years which will show any reasonable man what sort of man I am. I am not ashamed of my past. I am not ashamed of my future. I am not troubled about my present. I know the communists ; I know my party ; I know the Congress. (*Hear, hear.*) I know what I should do.

Now, Sir, I want a definite answer. Is there not a demand from leading members of the Congress party, like Messrs. G. Chandrasekhara Pillai and C. Kesavan, for a reshuffing of the ministry? When there is a demand for reshuffling from the party itself that means that the affairs of the Government are not being properly attended to, that the Ministers are not above-board, that the country's affairs cannot be safely allowed to continue in their hands. That is the feeling, Sir. That is the basis of their demand for a reshuffling of the ministry.

Sir, if that is the feeling among the members of their own party that has resulted from their activities, from their behaviour, from their conduct and character am I not right in asking that this party should go out of office? If party men want particular members to go out of office, am I not right in asking that the party itself should go out of office? That is democracy, Sir. All the members are troubled to set right matters. I, outside the Congress feel convinced that the best thing is that the party should go out of office. (*Hear, hear.*) And that is the motion

that is now placed before this House. I do not trouble myself that the motion is brought forward by a Communist member. The motion is here. I am a Member of this House ; I must do my duty to the country and I must ask my followers also to do their duty. That is the position in the which I stand.

Certain statements were made which were intended to show that I was after some chief ministership.

Shri Panampilli Govinda Menon: No, Sir. My intention was to show that the resolution cannot be taken to be a *bona fide* one. Please dispel such impressions if I have created any.

Shri A. Thanu Pillai: I thank him. But I must tell Mr. Ramaswami Pillai that it is his ignorance of parliamentary proprieties that made him allege things with which I have nothing to do.

Shri P. Ramaswami Pillai: No, Sir. Then why did he come to Nagercoil to attend some summons made by Mr. Nesamony?

Shri A. Thanu Pillai: Mr. Nesamony is not here. I do not want to give those reasons in his absence. Anyway, now probably you may expect me to say why I made statements in the Press that I would, if necessary, in the interests of the State, form a Government provided I got adequate support to run a Government in accordance with the principles and policies of my party. Whether it is possible or not, whether it is probable or not, whether it is feasible or not, is another matter. I ask the Congress Benches whether it has not been my consistent stand ever since the elections were over that being not really a majority party, the Congress should not accept power and the legislature should be dissolved and fresh elections should take place. Even today that is my stand. But these Congressmen, with what may be described as an unholy alliance with the Tamil Nad Congress, have strengthened themselves and got into power. I may tell Mr. Ramaswami Pillai that if I was after Chief Ministership, then probably I could have become Chief Minister soon after the elections. But I was not for any ministership or Chief Ministership. I want to see how this party after their practical defeat in the elections as a result of the way in which they misgoverned the State for 3½ years, this party would carry on the administration. I did not want to put obstacles in their way if I could avoid it. I waited. The congressmen also waited. Now I am disillusioned thoroughly and many congressmen, I am sure, are also disillusioned. I feel that this Congress will not be able to attend to the affairs of the State properly in the interests of The State. They would not be functioning in such a way that democratic ideals and ideas would be promoted. On the contrary their continuance in office would eventually lead to utter lack of faith in democracy itself.

I now come to some of the charges against the Government. Many of my friends had asked me: 'in the circumstances in which the country is placed why don't you form a Government?' Many congressmen themselves have expressed their views in the Press that if I form a Government that would be welcomed. I thought it my duty to do my best in the circumstances in which the

[Shri A. Thanu Pillai]

country is placed. You may say that it is due to the old man's vanity, the old man's avarice. Whatever that be, Sir, I stand before the representatives of 92 lakhs of people of the State. I assure you, Sir, that none of those motives ever impelled me to make the statement that I made. All that I want to see is that the administration goes on. It is not a pleasure to take part in any manner in attacks against the character of individuals much less against persons who were working with me or with whom I was working for long periods. It is the tragic

4 P. M. part, Sir, of a public man's life, when duty calls upon him, to take part in attacks against persons who may be dearest to his heart. But one has to do one's duty. Now here are attacks against some of my friends. Sir, in regard to the allegations against the Ministers, I wish to say a word. Here, Mr. Govinda Menon tried to explain away the charges without adequate evidence. Mr. Govinda Menon knows, Mr. Varghese and Mr. John know—you, know, Sir,—that I am not the man to make an allegation. I do not say that Mr. Varghese took money or the Ministers took money. At the same time, Sir, there is an aspect of the matter which the Ministers ignore, and wrongly ignore. As was stated here, who was the accuser? He might be a comparatively young man, but he is a person who has a place in the public life of the country. As was stated here, he represents one-sixth of the entire State of Travancore-Cochin. He makes a categorical allegation that a Minister here took bribes. Beyond that, what statement is needed, Sir? Now, do you expect all details to be furnished here? It was stated that these persons who are alleged to have parted with money have issued a statement that they have not paid any money. Can any same person be expected to make a different statement, Sir? All that I want to impress upon this House is that it is not the way to deal with a matter of this kind. If the accuser is not able to give details, if the accuser is not in possession of evidence, he suffers. He suffers soon, and the charge against him will be easily proved. Why not the Government take it upon themselves to adopt that course, I ask. You cannot say, here is a loafer, a man of no consequence, a nobody, that makes the charge. He is a Member of the Parliament of India, returned by the votes of one-sixth of the population of our State. Now, is it not the right view, Sir, the democratic view, to meet the charge correctly? Is it enough to say, "no, no, it is all for party purposes, for propaganda. The elections are coming, the village panchayat elections, the municipal elections, are all coming, the *Aikya Munnani* people want support for their party in the elections and so these allegations are made." That is not clearly, Sir, according to me, the way to deal with this matter.

Shri N. P. Varghese: Do you personally believe in the *bona fides* of the allegation?

Shri A. Thanu Pillai: That is beside the point. I told you definitely that I did not say that Mr. Varghese received money, but that there was an allegation which demands a proper enquiry. That is what I said. This House knows that I am the last man, and not even the last man—I would never—make an accusation unless I have evidence that the accusation is true. That is how the matter stands.

Then there are charges of nepotism in State Service. You heard mention being made of appointments in the police and so forth. Then again, there are charges of timber being assigned away at a very low rate. All these misdeeds are interwoven with allegations of nepotism, favouritism, corruption, etc. These are there. It is in these circumstances that the Members of the party themselves say that the Ministry should be reshuffled. We cannot take things in isolation, Sir. In matters of this kind, we cannot take Shri Srikantan Nair's allegation separately, the Kulathupuzha contract separately, the police appointments separately. There are many other things. We must view these things together. I take it that it is a comprehensive view of these things that have led the congress members themselves to take the stand they have taken.

Sir, even though press reports are not quite relevant here, I gather that one Member of Parliament who is a Congress Member has even approached Pandit Nehru, the Prime Minister of India, with an allegation of corruption, nepotism and so forth, leading probably to the collapse of the Congress in this country. What does this show, Sir? Is it enough to say, as Mr. Panampilli Govinda Menon tried to do, "Oh, as for the Shertallai—Ambalapuzha people, the workers who suffer will be given relief. We have been doing something." We are in a motion of this kind, dealing not with small things, not one failure here, nor one misdeed there. What is the general impression in the country today? How are things managed and what impression does that management produce? Is it enough that Congress members with the majority here tell us 'It is nothing. We are quite all right'. It is not the attitude that we should take. That is the first point that I have to urge before this House.

It is not enough to say that the rice mill affair is a small matter.

Shri Panampilli Govinda Menon: I didn't say so. I said it was a big matter.

Shri A. Thanu Pillai: Mr. Govinda Menon produced in me the impression that he thought that the rice mills were a small matter.

Then, he referred to some "ഷാവ്വതിങ്ങൾ സംപ്രദായം." I did not quite understand that. Whatever that be, that has no connection with corruption and bribery. The allegations of corruption and bribery, nepotism, favouritism, and so on, the allegations that have been made here bear very little resemblance to the

[Shri A. Thanu Pillai]

"[illegible]." The allegations are much more substantial. There are allegations that go to the root of the matter, that affect the interests of the 90 lakhs of people of the State. To explain away by saying in the manner he did, is not, to my mind, the proper attitude to be shown in this matter. Well, Sir, a person who is well read in our 'puranas', may be able to get similes and metaphors and illustrations and anecdotes and so on, but we are dealing with matters which are much more dry, practical, and by all means serious. I do not know how evidence could have been brought here for Shri Srikantan Nair's allegation. I do not think, for my part, that this is the forum where such evidence should be brought in by Members. Here is a clear allegation. That should be dealt with on a democratic basis. Who will see to the evidence? How can that be taken? I do not know. Mr. Menon again referred to Mr. T. V. Thomas and Thanu Pillai's *'mantri sabha'* and asked how these people expected that Thanu Pillai would be able to do now things which he was not able to do four years ago. All these things are irrelevant, Sir. Then he said that as the leader of the Praja Socialist Party, I have certain duties. Sir, I am the leader of the Praja Socialist Party because the members of the Praja Socialist Party know that I know my duties. (*Cheers*). From his speech, it would appear that "അങ്ങയെ സ്നേഹിക്കുകയും അഭിഷേകം ചെയ്യുകയും." He must know that he was dealing with a man who cannot be influenced by such "*abhishekam.*" (Laughter.)

Shri Panampilli Govinda Menon: I was referring to Mr. Thomas' speech who said that "as a part of the no confidence motion, we have made these arrangements" and that also will go to show their *bona fides* in the matter. So, I was referring to this in answer to him.

Shri A. Thanu Pillai: He did not say: "അഭിഷേകം."

Mr. Speaker: That is flowery language. (*Laughter.*)

Shri A. Thanu Pillai: That is the bane of our public men—flowery language divorced from truth, divorced from reality, divorced from effectiveness, divorced from simplicity.

Mr. Speaker: But there is freedom of speech.

Shri A. Thanu Pillai: There is certainly freedom of speech, and something more. (*Laughter.*) Even now, I ask these Ministers, in consideration of all these facts that have been set forth and many others of a like nature, let them advise the Rajpramukh to dissolve the Legislature and have another election. It is failing that—it is because these Congressmen stand in the way of that democratic course—that I was induced to say, "Well, if sufficient support will be forthcoming on my own terms, consistently with the principles and policies of my party, I will try to form a Government." How far it will be possible—Mr. Panampilli may laugh—I myself may have my own misgivings—

Shri Panampilli Govinda Menon: I am only smiling (*Laughter.*)

Shri A. Thanu Pillai: But then, in the most extraordinary situation in which I feel the country is placed today, it is not a small thing. Sir, at first I refused to form a Ministry now, but then my condition is this; that is, in an extraordinary situation, probably an extraordinary course will have to be adopted. I may fail, but if there is good sense in this Legislature, I might succeed. I know that probably when the new Government is formed—

Mr. Speaker: The hon. Member himself made the remark earlier that all these were irrelevant in the present discussion.

Shri A. Thanu Pillai: You allowed those statements to be made here. Otherwise, I do not want to make any reference to that matter at all. But those statements were allowed to be made. So, if I do not answer them, probably the country will misunderstand me. That is why I dwell at some length on this aspect of the matter, Sir. Of course, if it is possible, let us carry on. If it is not possible today, you will have it sometime. That is the position. Because of the extraordinary situation that exists today, I was compelled to refer to these matters. The demand of the Congress party itself to reshuffle the Ministry, and the discussions that were going on among the members of the Congress party—all these clearly show that the Congress is not fit to continue in office. Yet they do not advise dissolution.

Then, an extraordinary course does not mean that I am going to fall a prey to the machinations of the communists. Mr. Govinda Menon may be quite sure—I am very firm in that—and he may have noticed from some of the statements of Mr. T. V. Thomas that I am much more firm in my stand, much more firm in my resolution to advance democratic ideals and domocratic methods and democratic government than some of those who sit in the Treasury Benches today. You will not be able to point out a single instance and say. "Well, Mr. Thanu Pillai, you have deviated from that. Here is the Congress, and it is over." If Mr. Govinda Menon will join my Ministry, I will readily take him in, in the light of the extraordinary situation in which the country finds itself today. (Cheers.)

Shri Panampilli Govinda Menon: Thank you very much.

Shri A. Thanu Pillai: We should all take it in the right spirit. So, let the country be led aright. The communists will not mislead it because they know me in this matter. Let not congressmen try to mislead the country in regard to my position.

In regard to certain other matters, I wish to say this: this Government has no settled policy. Have the Government any settled policy in regard to prohibition? Have the Government a settled policy in regard to land? Now, Sir, for prohibition,

[Shri. A. Thanu Pillai]

you go from Quilon to the frontier of Chirayinkil taluk. You can return drunk. If in your drunkenness you take one step in the Chirayinkil territory, you become a culprit. I ask how long is this state of affairs to continue.

Shri Panampilli Govinda Menon: In case we survive this, what would the Member advise us ?

Shri A. Thanu Pillai: I would advise you to enforce prohibition throughout the State because I am for that. I have never taken an ounce of alcohol during 67 years of my life and I do not think it is necessary even. That ruinous liquor should be expelled from our State ; that is my definite stand.

With regard to land, the Government have been making very many promises. Look at the confusion in the country as regards that. There is Satyagraha going on in the matter of *Otti kudiyan;* we hear a good deal about *kudiyirakku.* There is immense difficulty in getting back lands. I seriously ask, why all such difficulties are created by this Government ? The Congress Government brought in a temporary measure as early as 1948 in respect of this problem. What have they done till now? More than full 4 years have elapsed and nothing has been done in that line. Again, this Government have no policy in education. Where is the subject of compulsory education scheme and what progress has been made by this Government ? Then, Sir, about the incapacity to deal with urgent and important problems affecting the country and the consequent all-round deterioration prevalent here, I have to say many things. My friend referred to the Police. We hear that there are conflicts, very unwholesome and unseemly conflicts, between the Inspector-General of Police and some of the Ministers. Sir, I do not know anything about the merits of that. If these conflicts continue, the state of affairs will be unhappy. Already there is complaint that the entire Police Force does not function properly. Further there is no feeling of safety in the country. Recently I heard that a number of thefts have taken place in the City. Such things have happened before the very eyes of the Ministers and the I. G. of Police. Are we to suffer such hardships, I ask ? Probably the Police are getting out of control. It is alleged that some of the Police ranks are involved in such things as high handedness and robbery. The morale of the Police will go down. It will be one of the greatest disasters in the country if the morale of the Police falls and there is every tendency that it is falling. Then, what about the Sabarimala case ? How long is it since that happened ? Is there any chance of detection, I ask. Is it to be easily said that there is no evidence, no information on that ?

Mr. Speaker: Half an hour has already been taken by the hon. Member.

Shri A. Thanu Pillai: I may be given 5 minutes more. If you, Sir, want me to sit down, I will do so now itself.

Then, Sir, there is all round deterioration. People's demands are totally ignored by this Government. I may say even this House and you, Mr. Speaker, are insulted by this Government. Is it a light matter in which we can deal with such a state of affairs? See how lightly the Ministry has dealt with the High Court Amendment Bill? It was introduced here. Then objection was raised that it is not within the competence of this House to bring such a measure. Sir, you as Mr. Speaker, gave a definite ruling that this House was competent to deal with that Bill. Next, the Chief Minister assured us in the House that Government would bring in a measure with regard to the shifting of the High Court, I mean a branch of it at least, from Ernakulam to Trivandrum. We agreed that it would be enough if a Bench consisting of a single Judge be shifted here. The Government have taken shelter without implementing the promise. Sir, a definite promise was made on the floor of the House, if there is another meeting of the Travancore-Cochin Assembly, the High Court Bill will be ushered in. This Government made us understand that a Bill would be brought in by them for providing a Bench in Trivandrum, at the next meeting of the Legislature. On that definite promise, Sir, the Congress Members who voted for the introduction of the measure in this House at the first stage voted with Government and we lost the motion to refer the Bill to the Select Committee. With respect to that promise on the floor of the House, again I ask, Sir, where is that promise now? I find nothing about it from the agenda supplied to me. I do not find any mention of that anywhere. But I understand that some of the Ministers were definitely opposed to that measure even at the beginning. What is it they have done, I have a right to know. They want us to believe from Press reports and interviews that the Government of India's lawyers are of the view that the question of introducing a Bill will not be considered here. Sir, here is a definite question; you, Mr. Speaker, ruled in the Legislative Assembly that the Bill could be considered by this House. When your ruling is there, who authorised these Ministers to consult some other lawyers with respect to your ruling? Is it not an insult offered to the Speaker of the Legislative Assembly? (*Hear, hear.*) I say, this is not a light matter. If any mistake is made by this House, that can be corrected, if at all, only by the Supreme Court. When we pass a legislation here and the Government of India objects, it goes before the Supreme Court. Who else has got the right to decide? Who is that Sharma they have consulted? Just like this Government the Government of India too may have one like him or somebody else. Whoever he be, what right has he to say that the Travancore-Cochin Legislature has no power to legislate on a Bill of that kind? What right has he to interfere with your ruling? Is not that an insult offered to you, Mr. Speaker? What is the answer of Government on this matter? They say that somebody said so. If somebody says so, why are we here? We represent the people of the State and we have a duly constituted legislative body. Why should this

[Shri A. Thanu Pillai]

Government say that it is the advice given by somebody. I ask who authorised the Government to seek that advice? If so, do they say that they have made arrangements to bring in a Bill of this kind? In this connection, I would bring to the notice of the House one fact. Some time back this House passed a measure here. Some provisions of that were impeached before the local court to the effect that the Legislature has no power to deal with a particular measure. A Division Bench consisting of two Judges dealt with the matter and ruled that the exercise of jurisdiction over Rs. 5,000 and upwards must be dealt with elsewhere. But the High Court ruled that the Legislature has jurisdiction to enact a law of the kind and accordingly the law was made valid. Now, Sir, here is an instance where the Government have violated all principles in dealing with the demands of the people. The Government have shown great disrespect to you, Mr. Speaker, and gross discourtesy to this House. I ask, are the Ministers to continue? Whenever a genuine demand is put before them, they say that the sanction of the Government of India is necessary even at the last stage of it and that they feel helpless and so on and so forth. I will go one step further. Have they seen that the Bill will be introduced there itself? I have no information. I ask, is this the way to deal with this matter of such importance affecting the country at large. I also hear another thing, and it is a fact. The Municipal Councillors and the President of Colachel have resigned in a body. Why: because the Ministers have interfered with the legitimate duties of the Colachel Municipal Council. That is the kind of Government we have. I expect a categorical answer for the doings of this Government in respect of this matter.

Shri Alexander Manuel Simon: Does the hon. Member know that the houses were built for the poor which the Municipality has demolished?

Shri A. Thanu Pillai: I do not yield. I have no time.

Then, Sir, it was mentioned that such things were done to strengthen the party position. I wish to bring to the notice of the House that such things will give rise to demoralisation. In regard to the land question also, there is much to be said. But I do not want to take more time. In every important problem affecting the country, this Government has been responsible for an all-round demoralisation. With regard to service integration, they have been very inefficient in dealing with it. In their view, they have done things not at all acceptable. In departments where they say integration has been effected, the principle is that promotions in Cochin will be for Cochin people and that in Travancore for Travancore people. This is the kind of integration brought about. Sir, this Ministry is absolutely incapable of dealing with the affairs of the State. On these grounds, I support the motion.

Mr. Speaker: Usually the discussion will come to a close at 4-30. In view to the promise I have made, I will extend the time up to 5 p. m. today.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. ഈ പ്രമേയത്തെ എതിർത്തു സംസാരിച്ച കാൺഗ്രസ്സ് മെംബർമാർ പറയുമായിരിക്കാം ഞങ്ങൾ അവിശ്വാസികളായതുകൊണ്ടാണു് ഈ പ്രമേയത്തെ അനുകൂലിക്കുന്നതെന്നു്. അതേസമയം ഇന്നത്തെ മന്ത്രിസഭ ചെയ്തിട്ടുള്ള ഗുണങ്ങളെപ്പററി ഞങ്ങൾ ഒന്നും പറഞ്ഞിട്ടില്ലായെന്നു പറയുകയുണ്ടായി. മന്ത്രിസഭ ഞങ്ങൾക്കു വേണ്ടി ചെയ്തിട്ടുള്ള ഗുണങ്ങളെപ്പററി ഞങ്ങളെ ബോദ്ധ്യപ്പെടുത്താൻ ശ്രീമാൻ കരുണാകരൻ ഇൻഡ്യ മുഴുവൻ ഒന്നു് ഓടിനോക്കി. ശ്രീ. രാജഗോപാലാചാരി മദ്രാസ്സിൽ കൈത്തറിനെയ്ത്തു പുനരുദ്ധാരിക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പററി, അതുപോലെ മററു സ്റ്റേററുകൾ സ്വാതന്ത്ര്യലബ്ധിക്കു ശേഷം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെപ്പററിയും ശ്രീ. ജവഹർലാൽനെഹ്റു ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെപ്പററിയും പറയുകയുണ്ടായി. ഇതൊന്നും പോരാഞ്ഞിട്ടു് അദ്ദേഹം ചെക്കോസ്ലോവോക്കിയായിൽ പോയി, ഹംഗറിയിൽപോയി, അങ്ങനെ മററു യൂറോപ്യൻ രാജ്യങ്ങളിലെല്ലാം പര്യടനം നടത്തി. സർ, എന്നാലും ഞങ്ങൾക്കു് അറിയേണ്ടതു് ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം ഇവിടത്തെ ജനങ്ങൾക്കുവേണ്ടി എന്തുചെയ്തിട്ടുണ്ടെന്നാണു്. ചേർത്തല, അമ്പലപ്പുഴ താലൂക്കിലെ റിലീഫ് പ്രവർത്തനത്തെയും കയററുവ്യവസായപുനരുദ്ധാരണത്തെയുംപററി ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ പറയുകയുണ്ടായി അദ്ദേഹവും അദ്ദേഹത്തിന്റെ ഗവണ്മെൻറും വളരെയൊക്കെ ഇതിനുവേണ്ടി പരിശ്രമിക്കുന്നുണ്ടെന്നു്. കാൺഗ്രസ്സ് മന്ത്രിസഭതന്നെ അധികാരത്തിൽ വരുന്നതിനു വേണ്ടി ഏററവും കൂടുതൽ കഷ്ടപ്പാടുകളും ഏററവും കൂടുതൽ ക്ലേശങ്ങളും അനുഭവിക്കുകയും വളരെ ജീവൻതന്നെ ബലികഴിക്കുകയുംചെയ്തിട്ടുള്ള ഒരു നാടാണു് ചേർത്തല താലൂക്കു്. കയററുപിരിയും കയററുനെയ്ത്തും കൊണ്ടുമാത്രമാണു് ആ താലൂക്കിലെ ഭൂരിപക്ഷം ജനങ്ങളും ജീവിക്കുന്നതു്. കുറച്ചുകാലമായി ഈ വ്യവസായത്തിന്റെ മാന്ദ്യതമൂലം ഉണ്ടായിട്ടുള്ള തൊഴിലില്ലായ്മമൂലം അവിടെയുള്ള സാധുക്കൾ മിക്കവാറും പട്ടിണിയിലാണു് കഴിഞ്ഞുകൂടുന്നതു്. ആ പ്രദേശം മിക്കവാറും ഒരു ക്ഷാമബാധിതപ്രദേശമായിത്തീർന്നുകഴിഞ്ഞു. ഗവണ്മെൻറു് ഈ ജോലി ഇല്ലാതായിത്തീർന്നവർക്കു വേണ്ടി എന്തു ചെയ്യുവെന്നാണു് ഞങ്ങൾക്കു് അറിയേണ്ടതു്. സർ, ചേർത്തലതാലൂക്കിൽ പട്ടിണിയെന്നുള്ളതു് ഒരു പുതുമയല്ല. കയററുവ്യവസായം അധഃപതിച്ചിട്ടുള്ള അവസരങ്ങളിലെല്ലാംതന്നെ പട്ടിണി അവിടെ സാധാരണയാണു്, തിരുവിതാംകൂറിൽ എന്നെല്ലാം തന്നെ പട്ടിണി ബാധിച്ചിട്ടുണ്ടു്; എന്നെല്ലാം ക്ഷാമം ബാധിച്ചിട്ടുണ്ടു് അന്നെല്ലാം കൂടുതൽ ക്രൂരത അനുഭവിച്ചിട്ടുള്ളതു് അവരാണു്. ൧൧൯-ലെ ക്ഷാമകാലത്തു ചേർത്തല താലൂക്കിലെ ദുരിതനിവാരണപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു കാൺഗ്രസ്സ് അന്നു പറയുകയുണ്ടായി ഈ പട്ടിണിക്കു് ഒരു ശാശ്വതമായ പരിഹാരമുണ്ടാകണമെങ്കിൽ കാൺഗ്രസ്സിനെ അധികാരത്തിൽ കൊണ്ടുവരണമെന്നു്. അങ്ങനെ പറഞ്ഞിട്ടുള്ളവരിൽ ചിലർ ഇന്നീ ട്രഷറിബെഞ്ചുകളിൽ ഇരിപ്പുണ്ടു്. എന്നാൽ

[ശ്രീമതി. കെ. ആർ. ഗൗരി.]

കാൺഗ്രസ്സ് അധികാരത്തിൽ വന്നു് അഞ്ചുവർഷങ്ങൾ കഴിഞ്ഞിട്ടും ആ താലൂക്കിന്റെ സ്ഥിതിയിൽ എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോ? ഇല്ല. എന്നുമാത്രമല്ല ആ നാട്ടിലെ പ്രധാന വ്യവസായം തകർന്നു, തൊഴിലില്ലായ്മ വർദ്ധിച്ചു, മേയാത്ത വീടുകളുടെ എണ്ണംകൂടി, പട്ടിണിമരണങ്ങൾ തന്നെ സംഭവിച്ചു. ഈ വ്യവസായത്തിന്റെ തകർച്ച പെട്ടെന്നുണ്ടായതല്ല. രണ്ടുമൂന്നുകൊല്ലമായി ഇതു സംഭവിച്ചു കൊണ്ടിരിക്കുകയാണു്. ഇതിനെപ്പററി നിവേദനം നടത്തിയപ്പോൾ ഇന്നത്തെ മന്ത്രിസഭ ഇങ്ങനെ ഒരു സ്ഥിതി അവിടെ ഇല്ലെന്നു പറഞ്ഞു് അതു നിഷേധിക്കുകയാണുണ്ടായതു്. ഇന്നു നാട്ടിന്റെ അങ്ങോളമിങ്ങോളം വളർന്നുവന്ന പ്രക്ഷോഭണത്തിന്റെയും ദുരിതനിവാരണപ്രവർത്തനത്തിന്റെയും ഫലമായി ആ നാട്ടിൽ പട്ടിണിയുണ്ടെന്നും തൊഴിലില്ലായ്മയുണ്ടെന്നും ചീഫ്മിനിസ്റ്റർക്കു് പ്രസ്താവിക്കേണ്ടതായിവന്നു. ഇപ്പോൾ പറയുന്ന ഈ വ്യവസായം പുനരുദ്ധരിക്കുന്നതിനു കൃഷ്ണമാചാരി വരുന്നു എന്നു്. കേന്ദ്രഗവണ്മെന്റിൽനിന്നു് ഈ വ്യവസായം പുനരുദ്ധരിക്കുന്നതിനു വേണ്ടി മുപ്പത്തി രണ്ടുലക്ഷം രൂപാ തരാമെന്നു പറഞ്ഞിട്ടു് ഈ ഗവണ്മെന്റിന്റെ അലസതമൂലം ആ തുക നഷ്ടപ്പെട്ടുവെന്നുള്ള ആരോപണം ഞാൻ ആവർത്തിക്കുകയാണു്. ഈ ആരോപണം ഞാൻ മാത്രമല്ല ഉന്നയിച്ചിട്ടുള്ളതു്. മുൻമന്ത്രിയായ ശ്രീമാൻ കുഞ്ഞുരാമനും ഉന്നയിച്ചിട്ടുള്ളതാണു്. വിദേശവ്യാപാരത്തെ ആശ്രയിച്ചാണു് ഈ വ്യവസായം നിലനിൽക്കുന്നതെന്നും വിദേശവ്യാപാരബന്ധം ഭരണഘടനാപ്രകാരം കേന്ദ്രഗവണ്മെന്റിനാണെന്നും മന്ത്രി പറഞ്ഞു. എന്നാൽ നമ്മുടെ ഗവണ്മെന്റിനു വ്യവസായികരിച്ചു കയറുൽപ്പന്നങ്ങൾ എടുക്കുന്ന രാജ്യത്തിനു മാത്രമേ മോട്ടോർ സൈറവപോലുള്ള സാധനങ്ങൾ കൊടുക്കുകയുള്ളു എന്നു നിർബന്ധിക്കുവാൻ ഭരണഘടനയൊന്നും വേണ്ട കാഷ്മീരിലെ ഷേക്കു്അബ്ദുള്ളയുടെ കാൺഗ്രസ്സ് ഗവണ്മെന്റ കാണിച്ചിട്ടുള്ള ധീരതയെങ്കിലും ഈ ഗവണ്മെന്റിനു കാണിക്കാൻ സാധിക്കുമോ? ഇല്ല. നമ്മുടെ ഗവണ്മെന്റ് ഇതിനു വേണ്ട നടപടികൾ തക്കസമയത്തു ചെയ്യാത്തതുകൊണ്ടു് പല ഒഴിവുകഴിവുകളും പറഞ്ഞു് സമാധാനിക്കുകയാണു്. ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനു ശേഷം കയറിനു വില കൂടികിട്ടുന്നതിനു പകരം അതിന്റെ വില കുറഞ്ഞുകൊണ്ടുവരികയാണു്. ജനങ്ങൾക്കു കൂടുതൽ ബുദ്ധിമുട്ടു് ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. ടെറിഫ്കമ്മീഷനെ നിയമിച്ചു, കൃഷ്ണമാചാരിവന്നു. എന്നാൽ ഇന്നു് അനുഭവത്തിൽ ജനങ്ങൾക്കു് ഒരു റാട്ടുവച്ചു പിരിക്കുന്നവർക്കുപോലും ലൈസൻസുഫീസ്സ് കൊടുക്കണമെന്നാണു വന്നിരിക്കുന്നതു്. അതു് ഈ മന്ത്രിസഭയാണു് ചെയ്തതു്.

ശ്രീമാൻ പനമ്പിള്ളി പറയുകയുണ്ടായി ചേർത്തല താലൂക്കിൽ ഇന്നു കൂടുതൽ റേഷൻ ആളുകൾ വാങ്ങിക്കുന്നുണ്ടെന്നു്. അതിൽ അദ്ദേഹത്തിനു പരാതിയാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പരാതിയല്ല പ്രസ്താവനയാണു്.

ശ്രീമതി കെ. ആർ. ഗൗരി : അതെ, പ്രസ്താവനയാണ്, സമ്മതിച്ചു. റേഷൻ കൂടുതൽ വാങ്ങണമെങ്കിൽ ജീവിതനിലവാരം കൂടണം; വരവു കൂടണം. ഒരു പൈസയെങ്കിലും ജനങ്ങളുടെ വരവിൽ കൂട്ടുവാൻ ഈ ഗവണ്മെൻറിനു സാധിച്ചിട്ടുണ്ടോ? ഇല്ല. അതു സാരമായി കുറയുകയാണു ചെയ്തിട്ടുള്ളതു്. കയറുപിരികൊണ്ടുമാത്രം കഴിയുന്നതു് ൻ൦ ശതമാനവും സ്ത്രീകളാണ്. കൈകൊണ്ടു കയറു പിരിക്കുന്നവരാണ് അവരിൽ ഭൂരിഭാഗവും. തൊണ്ടിൻെറ വില കുറയാത്തതുകൊണ്ടും കയറിൻെറ പിണി കൂട്ടിയിടേണ്ടിവന്നതിനാലും വൈകുന്നതുവരെ ജോലി ചെയ്താൽ മൂന്നണയാണു കിട്ടുന്നതു്. ഇങ്ങനെയായാൽതന്നെ ഇന്നു കയറിനു മാർക്കററില്ല. പിന്നെ എങ്ങനെയാണു റേഷൻ പഴയതിനെക്കാളും കൂടുതൽ വാങ്ങുന്നതു്? ഇതു പറഞ്ഞാൽ ശ്രീ. പനമ്പിള്ളി റിക്കാർഡുകൾ ആവശ്യപ്പെടും. അല്ലെങ്കിൽ ഞങ്ങളോടു പറയും. റിക്കാർഡുകൾ ഹാജരാക്കാൻ സാധിച്ചില്ലെങ്കിൽ അദ്ദേഹം പറ്റുന്ന സത്യവിരുദ്ധമായ സംഗതി പറഞ്ഞാലും ഞങ്ങൾ സമ്മതിച്ചുകൊടുക്കുകയും വേണം. ഈയവസരത്തിൽ കഴിഞ്ഞ ബഡ്ജററു പ്രസംഗത്തിൽ ഇൻഡസ്ട്രിയൽ ഹൈജീൻ ആഫീസക്കു പേഴ്സനൽ സ്റ്റേയിൽ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലാത്തതിനാൽ അങ്ങനെ ചെയ്യാത്തതിനെപ്പററി ചോദിച്ചപ്പോൾ മന്ത്രി പറയുകയുണ്ടായി, അങ്ങനെയൊരു പേഴ്സനൽ സ്റ്റേയിൽ ഇല്ലെന്നു്. എന്നാൽ രണ്ടുവർഷത്തിനു മുൻപുള്ള ഒരു ബഡ്ജററു എടുത്തുനോക്കിയപ്പോൾ പേഴ്സനൽ സ്റ്റേയിലാണതെന്നു് എനിക്കു മനസ്സിലായി. ഇതുപോലെയാണു് ബാക്കിയെല്ലാസംഗതികൾക്കും ഈ മന്ത്രിമാർ ഞങ്ങൾക്കു മറുപടി തരുന്നതു്.

കയർവ്യവസായം പുനരുദ്ധരിക്കുന്നതിനു വേണ്ടി വിദേശ മാർക്കററു വേണം. പുതിയ മാർക്കററുകൾ കണ്ടുപിടിക്കുന്നതിനു് കേന്ദ്രഗവണ്മെൻറിനു മാത്രമെ സാധിക്കുകയുള്ളു. എന്നാൽ ഈ വ്യവസായത്തിൻെറ തകർച്ചമൂലം ജോലിയില്ലാതായിത്തീർന്നവർക്കുവേണ്ടി റിലീഫ്പ്രവർത്തനങ്ങൾ കൊടുക്കാൻ ഈ ഗവണ്മെൻറിനു സാധിക്കുകയില്ലേ? അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ വ്യവസായ തകർച്ചമൂലം ജോലിയില്ലാതായിത്തീർന്നവരുടെ ശരിയായ കണക്കു പറയുവാൻ എന്നെക്കൊണ്ടു സാദ്ധ്യമല്ല. പക്ഷെ ഒരു കാര്യം വ്യക്തമാണു്. കോൺഗ്രസ്സുകാർതന്നെ ചീഫ്മിനിസ്റ്റേഴ്സ്ഫണ്ടു് വിതരണം നടത്തുവാൻ എടുത്ത കണക്കിൽ ൮൦൦൦ വീട്ടുകാർ ചേർത്തലയിൽ തന്നെ സൗജന്യറേഷൻ അർഹിക്കുന്നവരുണ്ടെന്നു പ്രസ്താവിച്ചിട്ടുണ്ടു്. ഈ ൮൦൦൦ വീട്ടുകാരിൽ ഓരോ വീട്ടിനും ഓരാൾക്കുവീതമെങ്കിലും ജോലികൊടുക്കുന്നതിനു് ഈ ഗവണ്മെൻറിനു സാധിച്ചിട്ടുണ്ടോ? കൊടുത്തിട്ടില്ല. ഗവണ്മെൻറു് ഇതിൽ കുററകരമായ അനാസ്ഥയാണു് ഇന്നും കാണിച്ചുകൊണ്ടിരിക്കുന്നതു്. സർ സി. പി. യുടെ കാലത്തു ക്ഷാമം ഇത്രയും കൊടുംപിരികൊണ്ടിട്ടില്ലാതിരുന്നപ്പോൾ മൂന്നും നാലും മാസം തുടർച്ചയായി അയ്യായിരം പേർക്കു റിലീഫ്വേല കൊടുത്തിട്ടുണ്ടു്. ഈ ഗവണ്മെൻറു് എന്തെങ്കിലും ഒരു അഞ്ഞൂറുപേർക്കെങ്കിലും തികച്ചു ജോലി കൊടുത്തിട്ടുണ്ടോ?

ചേർത്തല ടി. ബി. യിൽവച്ചു ചീഫ്മിനിസ്റ്റർ വിളിച്ചുകൂട്ടിയ കോൺഫ്റൻസിൽ അദ്ദേഹം പറയുകയുണ്ടായി ചേർത്തല ആലപ്പുഴത്തോടു വെട്ടിത്തീർക്കുന്നതിനു് ഈ ഗവണ്മെൻറു തീരുമാനിച്ചിരിക്കുകയാണെന്നും,

[ശ്രീമതി. കെ. ആർ. ഗൗരി]

അതിലേയ്ക്കായി ഗവണ്മെൻറ ൨ ലക്ഷം രൂപ നീക്കിവച്ചിരിക്കുകയാണെന്നും. അതിനുശേഷം മാസം രണ്ടുകഴിഞ്ഞു. ഇനിയും ആ തോടു അല്പംപോലും പുരോഗമിച്ചിട്ടില്ല. ഗവണ്മെൻറ ഭാഗത്തുനിന്നും മറുപടി പറഞ്ഞപ്പോൾ ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ പറയുകയുണ്ടായി, ഈ നാട്ടിലെ ഭക്ഷണാവശ്യത്തിനായി ഓരോ കൊല്ലവും ഏഴുകോടിരൂപാവീതം ഇവിടത്തെ ഭണ്ഡാഗാരത്തിൽനിന്നും ചെലവാക്കുന്നുണ്ടെന്നു്. എന്നാൽ അതിൽനിന്നും ഒരു തുച്ഛമായ സംഖ്യയെടുത്തു ഇതോടു ഒന്നു വെട്ടിക്കൂടെയോ ? ഈ തോടും അതിനോടനുബന്ധിച്ച ഇടതോടുകളും വെട്ടിത്തീരുകയാണെങ്കിൽ ചേർത്തലത്താലൂക്കിൻെറ കിഴക്കേവശം പന്ത്രണ്ടുമൈൽ നീളത്തിൽ രണ്ടുമൈൽ വീതിയിൽ അസൽ നിലങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും.

ശ്രീ. കളത്തിൽ വേലായുധൻനായർ : ജോലി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണു്. അതിലേയ്ക്കു് രണ്ടുലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി : അതെ. തോടുവെട്ടു കണ്ടിട്ടുതന്നെയാണു ഞങ്ങൾ ഇങ്ങോട്ടുപോന്നതു്. ഇതിനുമുൻപു് ചീഫ്മിനിസ്റ്റർ ചേർത്തല വന്നപ്പോൾ പറഞ്ഞു ൨ ലക്ഷം രൂപ ഇതിനു നീക്കിവച്ചിട്ടുണ്ടെന്നു്. എന്നാൽ ഈ തോടുവെട്ടുന്നതിനു് ഇരുപത്തയ്യായിരം രൂപായിൽ കൂടുതൽ ഗവണ്മെൻറ മുടക്കിയിട്ടില്ല. ഈ തോടു വെട്ടിത്തീർത്തു കിട്ടണമെന്നു് ആ നാട്ടിലെ എല്ലാ ജനങ്ങളും ആഗ്രഹിക്കുന്നുണ്ടു്. ഈ കാര്യത്തിൽ തൊഴിലാളിയെന്നോ, മുതലാളിയെന്നോ കർഷകനെന്നോ, ജന്മിയെന്നോ, ഇടനിലക്കാരനെന്നോ, കാൺഗ്രസ്സെന്നോ കമ്മ്യൂണിസ്റ്റെന്നോ വ്യത്യാസമില്ല. സാമുദായിക സംഘടനയായ എസ്സ്. എൻ. ഡി. പി. വരെ ഈ തോടുവെട്ടണമെന്നു നിവേദനം സമർപ്പിച്ചിട്ടുണ്ടു്. പ്രത്യക്ഷത്തിൽ ഇതിനെതിരു ആരും ഉള്ളതായി ഞങ്ങൾക്കാർക്കും അറിവില്ല. തോടു പൂർത്തിയാകുമെങ്കിൽ ആ നാടിൻെറ സ്ഥിതിതന്നെ മാറും. തെങ്ങിനു വെള്ളം കോരേണ്ടതായ ഇന്നത്തെ സ്ഥലം ഫലഭൂയിഷ്ഠമായിത്തീരും. കഴിഞ്ഞ ൧൯-ാംതീയതി ചേർത്തലത്താലൂക്കിലെ മുഴുവൻ വിഭാഗം ജനങ്ങളും ഒന്നിച്ചുചേർന്നു ഈ തോടുവെട്ടി പൂർത്തിയാക്കണമെന്നും അങ്ങനെ തൊഴിലില്ലാതായവർക്കു ജോലികൊടുക്കണമെന്നും താലൂക്കുവ്യാപകമായിതന്നെ റിലീഫ്വേലകൾ തുടങ്ങണമെന്നും ഇങ്ങനെ ഗവണ്മെൻറിനു സാധിക്കുകയില്ലെങ്കിൽ ജോലിയില്ലാതായ ജനങ്ങൾക്കു സൗജന്യറേഷൻ കൊടുക്കണമെന്നും പറഞ്ഞു ഒരു ദിനം ആചരിക്കുകയുണ്ടായി. അന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ച ഈ പ്രശ്നത്തിനു പിന്നിൽ ആ നാട്ടിലെ ജനങ്ങളെല്ലാം ഉണ്ടെന്നു്. ഇനിയും ഈ തോടു നാലുമൈൽമാത്രമെ വെട്ടി പൂർത്തിയാക്കുവാനുള്ളു. സർ, കാൺഗ്രസ്സിൻെറ തന്നെ വേറൊരു ഗവണ്മെൻറ ഇവിടെ ഇരുന്നപ്പോൾ രണ്ടുമാസംകൊണ്ടു അഞ്ചുമൈൽ വെട്ടിത്തീർത്തിട്ടുണ്ടു്. ഈ ഗവണ്മെൻറുതന്നെ ഈ തോടു വെട്ടിത്തീർക്കാമെന്നു അഞ്ചുമാസം മുൻപു പറഞ്ഞുവെങ്കിലും ഇതുവരെ അരമൈൽപോലും വെട്ടിത്തീർത്തിട്ടില്ല. ഈ താലൂക്കിലെ മുഴുവൻ ജനങ്ങൾക്കും ഉപകാരപ്രദവും ഒററയാളിനുപോലും ഉപദ്രവമില്ലാത്തതുമായ ഈ തോടു

പൂർത്തിയാക്കുകയാണെങ്കിൽ ചേർത്തല മുട്ടത്തുപള്ളിയുടെ കുറച്ചുസ്ഥലത്തിനു കിട്ടുന്നതായ വാടക കിട്ടാതെവരും. ഈ ഒററക്കാര്യം കൊണ്ടാണു് ഈ തോടു വെട്ടിത്തീർക്കാതിരിക്കുന്നതു്. തോടുവെട്ടുന്നതിനു ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടു്. അദ്ദേഹത്തിനു ഇതേവരെ ഒരു സ്റ്റാഫു പോലും കൊടുത്തിട്ടില്ല. ആരോ പറഞ്ഞതുപോലെ മതഭ്രാന്തന്മാർ ഭരിക്കുന്ന ഒരു നാട്ടിൽ ഈ തോടു വെട്ടിത്തീരണമെന്നുണ്ടെങ്കിൽ മുട്ടത്തുപള്ളിയുടെ ആ സ്ഥലവും കെട്ടിടവുമെല്ലാം ഗവണ്മെൻറു ചെലവിൽ തോടിൻെറ വക്കത്തേക്കു നീക്കേണ്ടിവരും.

ശ്രീ. കരുണാകരൻ സംസാരിച്ചപ്പോൾ പറഞ്ഞു കാൺഗ്രസ്സ് ഗവണ്മെൻറു ചെയ്യുന്ന റിലീഫ് പ്രവർത്തനങ്ങൾ കണ്ടു നിൽക്കക്കൊള്ളിയില്ലാതായിത്തീർന്ന കമ്മ്യൂണിസ്ററുകാർ മുനിസിപ്പൽ തെരഞ്ഞെടുപ്പു നേരിടുന്നതിനുവേണ്ടി എടുത്ത ഒരടവുമാത്രമാണുപോലും ഈ അവിശ്വാസപ്രമേയം എന്നു്. ചേർത്തലയെ സംബന്ധിച്ചിടത്തോളം ഞാൻ മുൻപു പറഞ്ഞതാണു് അവിടത്തെ നില. ചീഫ്മിനിസ്റ്റേഴ്സു ഫണ്ടു് ഇതുവരെയും അവിടെ വിതരണം ചെയ്തിട്ടില്ല. കഴിഞ്ഞ [illegible]-ാംനു ജനങ്ങളുടെ പ്രകടനം കണ്ടു അമ്പരന്നു കുറച്ചു കോതമ്പുമാവു അവിടെ വിതരണം ചെയ്തിട്ടുണ്ടു്. പത്തിരുപതു വീട്ടുകാർക്കു മാത്രമേ അതു കൊടുത്തിട്ടുള്ളു. പത്രത്തിൽ കാണുകയുണ്ടായി പതിനയ്യായിരംരൂപ ചേർത്തലയ്ക്കു അലോട്ടു ചെയ്തിട്ടുണ്ടെന്നു എണ്ണായിരം വീട്ടുകാർ സൗജന്യറേഷൻ അർഹിക്കുന്നുണ്ടെന്നു കാൺഗ്രസ്സുകാർതന്നെ പറയുന്നു. ഒരു വീട്ടുകാർക്കു രണ്ടു രൂപപോലും തികയാത്ത ഒരു സംഖ്യ. എന്നിട്ടു മന്ത്രി പറയുകയാണു്, കഴിഞ്ഞമാസത്തെക്കാളും അവിടെ ഈ മാസം റേഷൻ കൂടുതൽ വാങ്ങിയിട്ടുണ്ടെന്നു്. ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു അരി കടത്തിക്കൊണ്ടുപോകാനുള്ള അനുവാദം കൊടുത്തതിനുശേഷമാണു് ഗവണ്മെൻറു് ഇതു പറയുന്നതു്. ഈ വിധത്തിൽ പൊറുതിമുട്ടിയ നാട്ടുകാർക്കു സ്വൈരമായി ജീവിക്കാനുള്ള അവകാശംപോലും ഗവണ്മെൻറു നിഷേധിച്ചിരിക്കുകയാണു്. വ്യവസായത്തിൽനിന്നും പുറംതള്ളപ്പെട്ട തൊഴിലാളികൾ കാർഷികരംഗത്തേക്കു് പുറപ്പെട്ടപ്പോൾ അവിടെ ട്രാക്ടർവന്നു. അവിടെ അങ്ങനെയും ജോലിയില്ലാതെവന്നു് കരയ്ക്കു കയറി നിൽക്കുകയാണു്.

പോലീസുമർദ്ദനത്തെപ്പററി പരാതിപ്പെട്ടപ്പോൾ മന്ത്രി പറയുകയുണ്ടായി, ഉദാഹരണങ്ങൾ എടുത്തു ചൂണ്ടിക്കാണിക്കുകയെന്നു്. ഈ അടുത്ത കാലത്തു എൻെറ നിയോജകമണ്ഡലത്തിൽ ഒരു സംഭവമുണ്ടായി. കൊയ്ത്തിനു ഇറങ്ങിയ തൊഴിലാളികൾക്കു ദിവസത്തീർപ്പു കിട്ടണമെന്നുള്ള അടിസ്ഥാനത്തിൽ ഒരു ദിവസത്തേക്കു സമാധാനപരമായ ഒരു ടോക്കൺ പണിമുടക്കു നടത്തുകയുണ്ടായി. ജനങ്ങളെ പ്രകോപിപ്പിക്കുന്നതിനുവേണ്ടി അതിൻെറ മുൻപിൽനിന്ന പ്രവർത്തകരെ യാതൊരു കാരണവുംകൂടാതെ ജനങ്ങളുടെ മുമ്പിൽ ഇട്ടടിച്ചു. പക്ഷെ തൊഴിൽത്തർക്കം ഒത്തുതീർപ്പിലെത്തി. എന്നാൽ ഇന്നു ഇതുസംബന്ധിച്ചു ഒരു കേസു നിലവിലുണ്ടെന്നാണു പറയുന്നതു്. ഞാൻ അതിൽ ഒന്നാംപ്രതിയാണെന്നാണു് പറയുന്നതു്. നാട്ടുകാരെ ലക്കും ലഗാനുമില്ലാതെ കൂട്ടത്തോടെ അറസ്ററു ചെയ്യുകയാണു്. പോലീസിൻെറ മുഴുവൻ [illegible] അവിടെ കൂട്ടിക്കൂട്ടുന്നുണ്ടു്. അങ്ങനെ ജന്മികളുടെയും സ്ഥാപിതതാൽപര്യക്കാരുടെയും

[ശ്രീമതി. കെ. ആർ. ഗൗരി]

സാമൂഹ്യവിരുദ്ധശക്തികളുടെയും മാത്രമായി ഈ ഗവണ്മെൻറ അധഃപതിച്ചിരിക്കുകയാണ്. ഈയവസരത്തിൽ ചീഫ്മിനിസ്റ്റർ അവിടെ വന്നപ്പോൾ ഞങ്ങൾ എല്ലാംചേൎന്നു ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായി. ഒരു മഞ്ചേപ്പറമ്പിൽ പ്രഭാകരൻ രണ്ടു സഖാക്കളെ പച്ചയോടെ കുത്തിക്കൊന്നു. ആ സ്റ്റേഷനിലെ വളരെക്കാലമായ റൗഡിലിസ്റ്റിലെ ഒരു വ്യക്തിയാണയാൾ. എന്നിട്ടും പോലീസു അയാളെ അറസ്റ്റചെയ്യാൻ കൂട്ടാക്കിയില്ല. പക്ഷെ, അറസ്റ്റചെയ്തു കഴിഞ്ഞതിനുശേഷം ജാമ്യം കൊടുക്കുന്നതിനു പോലീസിനു വിരോധമില്ലെന്നു പറഞ്ഞു് കീഴ്കോടതിയിൽനിന്നുതന്നെ ജാമ്യം കൊടുത്തു പുറത്തുവിട്ടിരിക്കുകയാണ്. കമ്മ്യൂണിസ്റ്റ വിരുദ്ധമുന്നണിക്കാൎക്കു സംഘടനാസ്വാതന്ത്ര്യം കൊടുക്കുന്നതിൽ ഞങ്ങൾ എതിരില്ല. പക്ഷെ ഈ സംഘടനാസ്വാതന്ത്ര്യം ജനങ്ങളുടെ ജീവൻ പന്താടുന്നതിനുള്ള സ്വാതന്ത്ര്യം ആകരുതു്. യോഗം കലക്കുന്നതിനുള്ള സ്വാതന്ത്ര്യമാകരുതു്. കല്ലെറിയുന്നതിനുള്ള സ്വാതന്ത്ര്യമാകരുതു്. ഇന്നു പൊതുവെ ജനമദ്ധ്യത്തുള്ള സംസാരമാണു ഈ സാമൂഹ്യവിരുദ്ധമുന്നണിക്കു മുഴുവൻ പിൻതുണയും കൊടുക്കുന്നതു്, ഈ ഗവണ്മെൻറാണെന്നു്. ഇതു ശ്രീ. പനമ്പിള്ളി ശരിവയ്ക്കുകയാണു ചെയ്യുന്നതു് ഇങ്ങനെയുള്ള ഒരു മന്ത്രിസഭയുടെപേരിൽ, ഞങ്ങളുടെ നാട്ടുകാരുടെ പേരിൽ അവിശ്വാസം രേഖപ്പെടുത്തുന്ന ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ടി. വി. തോമസ് : ഇന്നുകാലത്തു ഞാനിവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെപ്പററി ചില വാദങ്ങൾ ഉന്നയിച്ച സ്നേഹിതന്മാൎക്കു മറുപടി പറയുവാൻ മാത്രമാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ഇതിനെ സംബന്ധിച്ചു് പല വാദഗതികളും ഇവിടെയുണ്ടായി. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ ചില ആരോപണങ്ങൾക്കു മറുപടിയെന്ന നിലയിൽ ഇവിടെ കുറെ കണക്കുകൾ എടുത്തു കാണിക്കുകയുണ്ടായി. അതിൽ ആദ്യത്തെഭാഗം ചേൎത്തല താലൂക്കിൽ റേഷൻകടയിൽനിന്നുമുള്ള വിതരണത്തിൽ കാൎയ്യമായ കുറവൊന്നും സംഭവിച്ചിട്ടില്ലെന്നും അതുകൊണ്ടു് അവിടത്തെ ദുരിതത്തിന്നൊരാശ്വാസം വന്നിട്ടുണ്ടെന്നും തെളിയിക്കാനുള്ള കണക്കാണ് ഇതുകേൾക്കുമ്പോൾ ഡിക്കൻസിലെ പിക്കവിക്കിനെപ്പററിയാണ്. എനിക്കു ഓൎമ്മവന്നതു്. വളരെ മഠയനായ ഒരാൾ അതിബുദ്ധിമാനായി നടിക്കുന്ന ഒരു കഥാപാത്രം. ഏതോ ഒരവസരത്തിൽ ഒരു ഇഷ്ടികക്കഷണം തൻെറ കയ്യിൽ കിട്ടിയതു വച്ചുകൊണ്ടു് ൧൨,൦൦൦ കൊല്ലങ്ങൾക്കു മുമ്പുള്ള വിവരങ്ങളെപ്പററി അനുമാനങ്ങൾ പറയാൻ തുടങ്ങുകയാണ്. അയൽവക്കത്തെ ചില കുട്ടികൾ ഏതോ ചിലതു എഴുതിയതാണെന്നു പറയുമ്പോഴാണ് വിവരങ്ങൾ ഗ്രഹിക്കാൻ സാധിച്ചതു്.

ചേൎത്തല താലൂക്കിൽനിന്നു മററുതാലൂക്കുകളിലേക്കു ഭക്ഷണസാധനങ്ങൾ യാതൊരു തടസ്സവുംകൂടാതെ കൊണ്ടുപോകുവാൻ സാദ്ധ്യമാണെന്നു് അദ്ദേഹം മനസ്സിലാക്കിയിരിക്കേണ്ടതാണ്. ചേൎത്തലതാലൂക്കിലും അമ്പലപ്പുഴ മുതലായ തീരപ്രദേശങ്ങളിലുമുള്ള സ്ഥലങ്ങളിൽനിന്നും

നെല്ലും അരിയും മററ താലൂക്കിലെ ആളുകൾ വാങ്ങിക്കൊണ്ടുപോകുന്ന കാഴ്ച ഞങ്ങൾക്കെല്ലാം അനുഭവപ്പെട്ടിട്ടുള്ളതാണ്.

അങ്ങിനെയുള്ള ഒരു പരിതഃസ്ഥിതി നിലവിലിരിക്കെ, അതു മനസ്സിലാക്കാതെ ചേർത്തലതാലൂക്കുകാർക്കു ദുരിതത്തിന് ഇപ്പോൾ ആശ്വാസം ഉണ്ടായിട്ടുണ്ടെന്നു—

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്നു ഞാൻ പറഞ്ഞില്ല.

ശ്രീ. ടി. വി. തോമസ്: കുറച്ചു ക്ഷമിക്കണം. കഴിഞ്ഞ ആഴ്ചയിൽതന്നെ അദ്ദേഹത്തിൻെറ നേതാവായ—നേതാവെന്നു പറയുന്നതിൽ അദ്ദേഹം ക്ഷമിക്കണം—ശ്രീ എ. ജെ. ജാൺ ഒരു പ്രസ്താവനപുറപ്പെടുവിക്കുകയുണ്ടായി. അതിൽ പറഞ്ഞിരിക്കുന്നതു് ചേർത്തല—അമ്പലപ്പുഴ താലൂക്കുകളിലെ സ്ഥിതി വളരെ ഗുരുതരമായനിലയിൽ എത്തിക്കഴിഞ്ഞിരിക്കയാണെന്നു്. ശ്രീ. എ. ജെ. ജാണിൻെറ മന്ത്രിസഭ ദുരിതനിവാരണത്തിനുവേണ്ടി എന്തു പരിശ്രമം നടത്തിയെന്നുള്ളതാണ് യഥാർത്ഥത്തിൽ പെട്ടെന്നു രണ്ടുമൂന്നുലക്ഷം രൂപ ചെലവിട്ട് കയർ വ്യവസായത്തിൻെറ പേരിൽ ഏതാനും ചില ജോലികളെല്ലാം അവിടെ നടത്തിയിട്ടുണ്ട്എന്നു ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ പറയുകയുണ്ടായതു്. അങ്ങനെ രണ്ടോ മൂന്നോ ലക്ഷം രൂപാമാത്രം ചെലവാക്കിയാൽ ദുരിതനിവാരണമാകുമെന്നു അദ്ദേഹം വിശ്വസിക്കുന്നുവെങ്കിൽ, അമ്പലപ്പുഴ—ചേർത്തല താലൂക്കിലെ തീരപ്രദേശങ്ങളിലുള്ള പത്തുപന്ത്രണ്ടുലക്ഷം ആളുകളെ നിലനിർത്തിപോയ ഒരു വ്യവസായത്തിൻെറ നാശത്തിൻെറ ദുരിതനിവാരണത്തിനും രണ്ടോ മൂന്നോ ലക്ഷം രൂപാമാത്രം മതിയെന്നു് അദ്ദേഹം വിശ്വസിക്കുന്നുണ്ടെങ്കിൽ അതു് ഈ മന്ത്രിസഭയുടെ കഴിവുകേടാണെന്നുള്ള സംഗതി അദ്ദേഹം മറച്ചുവയ്ക്കുകയാണ്. അമ്പലപ്പുഴ—ചേർത്തല താലൂക്കിൽ പട്ടിണിയില്ലെന്നു അദ്ദേഹം പറയുന്നതിൻെറ ഉദ്ദേശമെന്താണെന്നു ഞങ്ങൾക്കറിയാം. കഴിഞ്ഞ ൯ മാസങ്ങളായി അവിടെ ക്ഷാമപ്പിശാച് നൃത്തം ചെയ്യുകയാണ്. ഈ ഒൻപതുമാസങ്ങളായിട്ടും അവിടെ ദുരിതാശ്വാസത്തിനുവേണ്ടിയുള്ള യാതൊരു നടപടികളും ഇന്നത്തെ മന്ത്രിസഭ നടത്തിയിട്ടില്ലെന്നുള്ള ആരോപണം ഈ മന്ത്രിസഭയുടെ പേരിൽ ഞാൻ വീണ്ടും ആവർത്തിക്കുന്നു.

രണ്ടാമത്തെ ആരോപണം ഈ സ്റ്റേററിൻെറ അധികാരവും സ്വാധീനവും ഉപയോഗിച്ചുകൊണ്ടു് കാൺഗ്രസ്പാർട്ടി ചില പ്രചരണങ്ങളെല്ലാം നടത്തുന്നുണ്ടു് എന്നുള്ളതാണ്. അതു അത്ര വലിയ കാര്യമല്ലെന്നും, ഞാനിവിടെ ചില രേഖകൾ ഹാജരാക്കുന്നുണ്ടെന്നു പറഞ്ഞതുപോലെ ഹാജരാക്കാത്തതുകൊണ്ടു് ഈ വിധ ആരോപണങ്ങൾക്കു യാതൊരു വിലയുമില്ലെന്നുമാണ് അദ്ദേഹം പറയുന്നതു്. രേഖകളില്ലാത്തതുകൊണ്ടു് ആരോപണങ്ങൾ പരിഗണനാർഹമല്ലെന്നു പറയുന്നതു ഭീരുത്വമാണ്. രേഖ കൊണ്ടുവരാത്തതുകൊണ്ടു് ഈ ആരോപണങ്ങൾ പരിഗണനാർഹമല്ലെന്നു പറയുന്നതു തെററാണ്. ഇവിടത്തെ പോലീസുമന്ത്രിയുടെ പേരിൽ വളരെ ഗുരുതരമായ ആരോപണങ്ങളുണ്ടായി. അദ്ദേഹത്തിൻെറ നിരപരാധിത്വം തെളിയിക്കുവാൻ ഉള്ള ചുമതല ഞങ്ങൾ രേഖകൾ സമർപ്പിച്ചാൽ മാത്രമെ നിർവഹിക്കേണ്ട ആവശ്യമുള്ളു എന്നു പറയുന്നതു് വിചിത്രമായ ഒരു വാദഗതിമാത്രമാണ്.

[ശ്രീ. ടി. വി. താമസ്]

ബഹുജനങ്ങൾ ഈ ആരോപണങ്ങൾ ശരിയാണെന്നു വിശ്വസിച്ചിട്ടുണ്ടെന്നു ശ്രീ. പനമ്പിള്ളിയും മന്ത്രിസഭയും അറിഞ്ഞിരിക്കേണ്ടതാണ്. ശ്രീകണ്ഠൻ നായരെപ്പോലെയുള്ള ഉന്നതനായ ഒരു വ്യക്തി ചെയ്ത പ്രസ്താവന അടിസ്ഥാനരഹിതമാണെന്നു വിശ്വസിക്കുന്ന ആളുകൾ വളരെ ചുരുക്കമായിരിക്കും. ശ്രീ. പനമ്പിള്ളി പറയുകയുണ്ടായി ഗുണ്ടാ പോലീസു ആക്രമണങ്ങൾ എവിടെനിന്നുണ്ടായാലും പ്രതിഷേധാർഹമാണെന്ന്. കൊല്ലം കാൺഫറൻസിൽവച്ച് ശ്രീ. പനമ്പിള്ളി കൂടി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ അടുക്കൽ നിവേദനം നടത്തിയ അവസരത്തിൽ ഞങ്ങൾ കണ്ടിട്ടുള്ള ഈ ആദർശവാദത്തിന്റെ പോക്ക് ഇവിടെ വന്നു വളരെ ആദർശശാലിയായി വാദിക്കുകയും അവിടെ വളരെ വേദന തോന്നുന്ന നില സ്വീകരിക്കുകയും ചെയ്ത ശ്രീ. പനമ്പിള്ളിയുടെ മനോഭാവത്തെപ്പററി ഞാൻ ഖേദിക്കുന്നു. കൊല്ലത്തു തൊഴിലാളികൾക്കു യോഗം ചേരുന്നതിനു എസ്. എൻ. കാളേജിലെ ഒരു വിദ്യാൎത്ഥി സൗകര്യം ചെയ്തുകൊടുത്തു. അതാണ് അയാൾ ചെയ്ത ഒരു വലിയ തെററ്. അതിനു അന്നു രാത്രി പോലീസുകാർ അയാളുടെ ഭവനത്തിൽ കയറി അയാളുടെ കഴുത്തിനു ചുററിപ്പിടിച്ച് പുറത്തുകൊണ്ടുവന്നു അയാളെ ദേഹോപദ്രവം ചെയ്തു. അയാളുടെ കഴുത്തിൽ നഖത്തിൻ പാടുകൾ ഞാൻ കണ്ടു. ഈ വസ്തുത ശ്രീ. ടി. എം. വറുഗീസിന്റെ മുമ്പിലും, ശ്രീ. പനമ്പിള്ളിയുടെ മുമ്പിലും, ശ്രീ. എ. ജെ. ജാണിന്റെ മുമ്പിലും വച്ച് ഞങ്ങൾ സംസാരിക്കുകയുണ്ടായി. നിങ്ങൾക്ക് അതിനെപ്പററി നടപടിയെടുക്കുവാൻ എന്തുകൊണ്ടു കഴിഞ്ഞില്ലെന്നു ചോദിച്ചപ്പോൾ വീരനായ പോലീസുമന്ത്രി പറഞ്ഞതു് പൂച്ച മാന്തിയാലും ഇങ്ങനെയുള്ള ഒരു അടയാളം ഉണ്ടാകുമെന്നാണ്.

ശ്രീ. ടി. എം. വറുഗീസ്: പൂച്ചമാന്തിയാലും അങ്ങിനെ ഒരടയാളം വരുമെന്നു ഞാൻ പറഞ്ഞില്ല.

ശ്രീ. ടി. വി. താമസ്: ഈ നിലയ്ക്കു. അദ്ദേഹം പണം വാങ്ങിയില്ലെന്നു് പറയുന്നതിൽ അൎത്ഥമില്ല. നേരെനോക്കി ഇതുപോലെ കള്ളം പറയുന്ന ഒരാൾക്ക ചില കുഴപ്പംപിടിച്ച തെളിവുകളെ അടിസ്ഥാനപ്പെടുത്തിട്ടുള്ള ആരോപണങ്ങളെപ്പററി എന്തു വേണമെങ്കിലും പറയാമല്ലോ?

ശ്രീ. ടി. എം. വറുഗീസ്: ഞാൻ കള്ളം പറഞ്ഞോയെന്നു അവിടെയുണ്ടായിരുന്ന മററുള്ള ആളുകൾക്ക് അറിയാം.

Mr. Speaker: Please don't use the word 'കള്ളം'.

ശ്രീ. ടി. വി. താമസ്: നേരിട്ടു സംസാരിച്ച ഒരു കാൎയ്യത്തെപ്പററി ഇതുപോലെയുള്ള ഒരു നില അദ്ദേഹത്തിനു എടുക്കാമെങ്കിൽ കുഴപ്പം പിടിച്ച ഒരു കേസ്സിൽ എന്തുനിലയാണ് അദ്ദേഹം സ്വീകരിക്കുകയെന്നു് ഊഹിക്കുകയായിരിക്കും നല്ലതു്.

ചീഫ് മിനിസ്റ്ററുടെ ഫണ്ട് കാൺഗ്രസ്പാർട്ടിയുടെ പ്രചരണത്തിനുവേണ്ടി ചെലവാക്കുന്നുവെന്ന ആരോപണം ഗുരുതരമല്ലെന്നാണോ നിങ്ങൾ പറയുന്നതു്? ഇതിൽക്കൂടുതൽ ഒരു രാഷ്ട്രീയവഞ്ചന അധികം

രത്തിൽ ഇരിക്കുന്ന ഒരു പാർട്ടി ചെയ്യുവാനുണ്ടോ? ചീഫ്മിനിസ്റ്റേഴ്സ് ഫണ്ട് കാൺഗ്രസിന്റെ മൂന്നാം മണ്ഡലംവഴിയാണ് വിതരണംചെയ്യുന്നതു്. ഞങ്ങൾക്കു് വ്യക്തമായ ആരോപണം സഭയുടെ മുമ്പിൽ വയ്ക്കുവാനുള്ളതു് കാൺഗ്രസ്പാർട്ടി സ്വന്തം പാർട്ടിതാൽപ്പര്യങ്ങൾക്കുവേണ്ടി ചീഫ്മിനിസ്റ്റേഴ്സ്ഫണ്ട് ചെലവാക്കുന്നു എന്നാണ്. അതു ശരിയാണെങ്കിൽ ഈ മന്ത്രിസഭയ്ക്കു് തുടർന്നു ഭരിക്കുവാൻ അവകാശമുണ്ടോ? ഈ സഭയിലെ പ്രതിപക്ഷത്തിന്റെ പേരിൽ ഉത്തരവാദിത്വത്തോടുകൂടി ഞാൻ ഒരു ആരോപണം ഇവിടെ വയ്ക്കുകയാണ്. മന്ത്രിസഭ അവരുടെ സ്വാധീനശക്തിയും അധികാരശക്തിയും ചെലവഴിച്ചു് ചീഫ്മിനിസ്റ്റേഴ്സ്ഫണ്ടിലേയ്ക്കു് പണം പിരിക്കുന്നുണ്ട്. ആ ഫണ്ട് കാൺഗ്രസിന്റെ പ്രചരണത്തിനുവേണ്ടി ചെലവാക്കുന്നുണ്ട്. രണ്ടാമത്തെ ആരോപണം കൈക്കൂലിയാണ്. മൂന്നാമത്തെ ആരോപണം ലക്കുംലഗാനമില്ലാതെ പോലീസ് ഗുണ്ടാകളുടെ മർദ്ദനനടപടികൾ അഴിച്ചുവിട്ടിരിക്കുന്നു എന്നാണ്. വ്യക്തമായ തെളിവുകൾ കൊടുത്താൽ ഇതിനെസംബന്ധിച്ചു നടപടി നടത്താമെന്നു പറയുന്നു. പോലീസ് മന്ത്രിയുടെ മേൽ എത്ര വ്യക്തമായ തെളിവുകൾ കൊടുത്താലും പ്രയോജനമില്ലെന്നു വന്നാൽ പിന്നെ എന്താണ് ഈവക പറച്ചിലുകളുടെ അർത്ഥം? കൊല്ലത്തു നടന്ന സംഭവങ്ങളെപ്പററി വിശദമായ തെളിവുകൊടുക്കാൻ ഞങ്ങൾ തയാറാണ്. നടപടി നടത്തുവാൻ പോലീസ്മന്ത്രി തയാറാണോ? നടപടി നടത്തുന്നതിനു് കുറെ കാലതാമസം നേരിടുമെന്നു അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ മകനെ തല്ലിയ ഒരു പോലീസ്കാരന്റെ മേൽ രണ്ടു മണിക്കൂറിനുള്ളിൽ നടപടിനടത്തി.

ശ്രീ. ടി. എം. വർഗ്ഗീസ് : ഒരിക്കലും എന്റെ മകനെ പോലീസ് തല്ലിയിട്ടില്ല.

ശ്രീ. ടി. വി. താമസ് : ഇങ്ങനെയുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കാലതാമസം പറഞ്ഞു ഒഴിയുന്നതു് ശരിയല്ല.

ശ്രീ. ടി. എം. വർഗ്ഗീസ് : ഞാൻ അതു് നിഷേധിക്കുന്നു.

ശ്രീ. ടി. വി. താമസ് : ഏതായാലും ഈ സഭയുടെ മുമ്പിൽ ഒരു വസ്തുത വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ. വർഗ്ഗീസിനു് രാഷ്ട്രീയ ജീവിതത്തിൽ ഒരു ചരിത്രമുണ്ട്. അദ്ദേഹത്തെപ്പോലെ ഇല്ലെങ്കിലും എനിക്കും രാഷ്ട്രീയജീവിതത്തിൽ ഒരു ചരിത്രമുണ്ട്. ഞാൻ പറയുന്നതാണോ ശരി ശ്രീ. വർഗ്ഗീസ് പറയുന്നതാണോ ശരി എന്നു നിങ്ങൾ ധരിച്ചുകൊള്ളുക. ഞാൻ ഒരു സംഗതി ശരിയാണെന്നു പറഞ്ഞാൽ അതിൽ പരമാർത്ഥമുണ്ടെന്നു് വിശ്വസിക്കുന്ന കുറെ ആളുകൾ എന്റെ പിന്നിലുണ്ടെന്നു് എനിക്കറിയാം.

ശ്രീ. ടി. എം. വർഗ്ഗീസ് : പൊതുജനങ്ങളുടെ മുമ്പിൽ വയ്ക്കാൻ ഞാൻ തയാറാണ്.

ശ്രീ. ടി. വി. താമസ് : വ്യക്തമായ നാലു് ആരോപണങ്ങളാണ് ഇവിടെയുള്ളതു്. ഒന്നാമതു് കൈക്കൂലിയും അഴിമതിയും. രണ്ടാമതു് പോലീസ്മർദ്ദനം. മൂന്നാമതു് സ്റ്റേററിന്റെ അധികാരവും സ്വാധീനവും

[ശ്രീ. ടി. എം. താമസ്]

പാർട്ടിപ്രചരണത്തിനു ഉപയോഗിക്കുക. നാലാമതു് ഈ സഭയുടെ മുമ്പിൽതന്നെ ചെയ്ത വാഗ്ദാനങ്ങൾ ലംഘിക്കുക. ഈ നാലു് ആരോപണങ്ങളുടെ ഗൗരവം മനസ്സിലാക്കി ഈ പ്രമേയം അവതരിപ്പിച്ചതിലുള്ള ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നതിൽ കാര്യമായ കഴമ്പില്ലെന്നു മനസ്സിലാക്കി, ഈ പ്രമേയത്തെ എല്ലാവരും അനുകൂലിക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ചില സ്നേഹിതന്മാർ ചെയ്ത പ്രസ്താവനകളെക്കുറിച്ചു് ഗവണ്മെന്റിനു് പറയാനുള്ള ചില സംഗതികൾ പറയാമെന്നു് ഞാൻ വിചാരിക്കുന്നു. ബഹുമാനപ്പെട്ട തുറവൂർ മെംബർ ശ്രീമതി ഗൗരി പറഞ്ഞതിനെ നിഷേധിച്ചു എന്നു് പറയുന്നതിൽ കാര്യമുണ്ടെന്നു തോന്നുന്നില്ല. 1948-ലും, 1950-ലും കയറിനു് ലൈസൻസ് ചുമത്തുവാൻ പാടില്ലെന്നു്, അന്നത്തെ കയറുവ്യവസായമന്ത്രിമൂലം ലൈസൻസ് ഫീസ് ചുമത്തരുതെന്നു്, ഒരു സ്റ്റേ ആർഡർ ഇഷ്യൂചെയ്യുകയാണു് ഈ ഗവണ്മെന്റു് ചെയ്തിരിക്കുന്നതു്.

ശ്രീ. ടി. എ. മജീദ് : ലൈസൻസ് ഫീസ് ചുമത്തണമെന്നു് ആർഡർ ഈ ഗവണ്മെന്റു കൊടുത്തിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പണ്ടു് കൊടുത്തിരുന്നു. അതു് നിറുത്തിവച്ചു. കയർവ്യവസായത്തെപ്പറ്റി എനിക്കു് ശ്രീ. താമസിനോടു പറയുവാനുള്ളതു് കയർവ്യവസായകാര്യത്തിൽ ധൃതിതമില്ലെന്നു് ഞാൻ പറഞ്ഞിട്ടില്ല എന്നാണു്. ദയവുചെയ്തു ആ വിധത്തിൽ ധരിക്കണമെന്നും ആ വിധത്തിൽ മാത്രമാണു് ഞാൻ പറഞ്ഞിട്ടുള്ളതെന്നും ഓർമ്മിപ്പിച്ചുകൊള്ളുന്നു. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ശ്രീ. താണുപിള്ളയും, ശ്രീ. നടരാജപിള്ളയും വേറെ രണ്ടു് അംഗങ്ങളും ലാൻറ് പാളിസിയെപ്പറ്റി പറഞ്ഞു. കഴിഞ്ഞ ബഡ്ജററ സെഷൻകാലത്തു് പറഞ്ഞതു്, സ്റ്റേ ആഫ് എക്സിക്യൂഷൻ ആക്ററ് ഇനി നീട്ടേണ്ടിവരികയില്ല അതിനു മുമ്പു് ലാൻറ് പാളിസി ലജിസ്ലേഷൻ വരുമെന്നാണു്. ലാൻറ് പാളിസിയെപ്പറ്റി ഇത്രമാത്രം വ്യഗ്രതയുള്ള പ്രജാസോഷ്യലിസ്ററ പാർട്ടിയിലെ അംഗങ്ങൾ ഹൈക്കോടതിയുടെ കാര്യത്തിൽ ഒരു ബിൽ കൊണ്ടുവന്നതുപോലെ ലാൻറ പാളിസിയുടെ കാര്യത്തിൽ ഒരു ബിൽ കൊണ്ടുവരാത്തതു് എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. എ. താണുപിള്ള : അതു് തള്ളിപ്പോകും. അതുകൊണ്ടാണു കൊണ്ടുവരാത്തതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മറെറാരുകാര്യം പറയുകയാണെങ്കിൽ കാൺസ്റ്റിററ്യൂഷൻ അനുസരിച്ചു് പാർലമെൻറും പ്രാദേശിക നിയമസഭകളും തമ്മിലുള്ള അധികാരവിഭജനം പരസ്പരം ചെയ്യുന്ന വാദങ്ങളെക്കൊണ്ടോ, അവകാശങ്ങളെക്കൊണ്ടോ നീക്കാവുന്നതല്ലെന്നു് ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ശ്രീ. താണുപിള്ള ധരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഹൈക്കോടതിയെപ്പററി അതിൽ കൂടുതൽ ഒന്നും എനിക്കു പറയുവാനില്ല. പാലസ് ഗാർഡിനെപ്പററി ബഹുമാനപ്പെട്ട

തിരുവനന്തപുരം മെംബർ പറയുകയുണ്ടായി. അതിനെപ്പററി ഒന്നിലധികം തവണ ഗവൺമെൻറ് വെളിവാക്കിയിട്ടുള്ളതാണ്. പാലസ് ഗാർഡിലെ രണ്ടു ഉദ്യോഗസ്ഥന്മാരുടെ നാമധേയത്തിൽ വരുത്തിയ ഒരു വ്യത്യാസമല്ലാതെ അവരുടെ ഗ്രേഡിലൊ ശമ്പളത്തിലൊ യാതൊന്നും ഈ ഗവൺമെൻറ് വ്യത്യാസം വരുത്തിയിട്ടില്ല. അപ്രകാരം ചെയ്തതുകൊണ്ടു് പോലീസിലെ മററ ഉദ്യോഗസ്ഥന്മാരുടെ അവകാശങ്ങളിൽ ഒരു തടസ്സവും വരികയില്ല. അതായതു് പോലീസ് ഡിപ്പാർട്ടുമെൻറിലുള്ള മററുദ്യോഗസ്ഥന്മാരുടെ യാതൊരു വിധത്തിലുള്ള അവകാശങ്ങളും അവർക്കുണ്ടാകുന്നതല്ലെന്നു് ആർഡറിൽ പ്രത്യേകം കാണിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: അവരെ പാലസ്ഗാർഡിൽ അല്ലാതെ മററ ഡിപ്പാർട്ടുമെൻറിലേയ്ക്കു് മാററുകയില്ലെന്നു ഒരു ഉറപ്പുതരാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മാററുകയില്ല. പിന്നെ ഫാറസ്ററ കൺട്രാക്ററിനെപ്പററി പറഞ്ഞു. ഈവക കാര്യങ്ങളെപ്പററി ശരിയായിട്ടു മനസ്സിലാക്കാതെ ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബറെപ്പോലെയുള്ള ഒരു ആൾ ഒന്നും പറയരുതു്. ഇതു് ഗൗരവമേറിയ ആരോപണങ്ങളല്ലേ? ഒരു മന്ത്രിയെപ്പററിയുള്ള ആരോപണങ്ങളല്ലേ? നാളെ തിരുവനന്തപുരം മെംബറും ഈ സ്ഥാനത്തുവരികയില്ലേ? ഇങ്ങനെയൊക്കെയിരിക്കുമ്പോൾ ഇതൊക്കെ വളരെ ആലോചിച്ചു് പറയണം. അടുത്തതായി ഫാറസ്ററ വിട്ടുകൊടുക്കുന്ന കാര്യത്തെപ്പററി പറയുകയാണെങ്കിൽ ഇവിടെ പറഞ്ഞതുപോലെ യാതൊന്നും ഉണ്ടായിട്ടില്ല.

Shri P. S. Nataraja Pillai: Sir, was not the contract for the sale of it stayed and then the stay raised by the Minister?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണ് പറഞ്ഞതു് ഈ വിഷയങ്ങളെപ്പററി അത്ര ഗംഭീരമായ ഒരു അബദ്ധമാണ് പററിയിട്ടുള്ളതു് എന്നു്. ൧൧൨൭-ാമാണ്ടിൽ അന്നത്തെ തിരുവി-

5 P. M. താംകൂർ ഗവൺമെൻറ് അഞ്ഞൂറിൽചില്വാനം ഏക്കർ സ്ഥലം ഒരു വ്യക്തിക്കു് തീറുകൊടുത്തിരുന്നു. അതിൽ നിന്നു തടി മുറിച്ചതിനെപ്പററിയാണ് കേസ്. ഈവക കാര്യങ്ങളെപ്പററി ഉത്തരവാദബോധത്തോടുകൂടി വിവരങ്ങൾ ശേഖരിച്ചറിയാതെ പത്രങ്ങളിൽ കാണുന്ന വാർത്തകൾ വച്ചുകൊണ്ടു് ഇങ്ങനെ ആവർത്തിക്കുന്നതു് വലിയ തെററാണ്.

ശ്രീ. എ. താണുപിള്ള: എന്താണ് നടന്നിട്ടുള്ളതെന്നു പറയാമോ?

Mr. Speaker: I shall allow a short notice question if it is put.

Shri Panampilli Govinda Menon; Whether as a result of this voting we continue here or sit there, the facts can be known. If we sit there, you can have all the facts in your hands. If you continue there, I shall see that we give a detailed statement on the matter.

തിരുവനന്തപുരം മെംബർ അദ്ദേഹത്തിൻെറ സ്റ്റേററമെൻറിൽ പറയുകയുണ്ടായി ചില സാഹചര്യങ്ങളിൽ അദ്ദേഹം ഇവിടെ ഒരു മന്ത്രിസഭ രൂപീകരിക്കാൻ തയ്യാറായതാണെന്നും അതോടുകൂടി ഞങ്ങൾ വീണ്ടും ജനങ്ങളുടെയിടയിൽ പോകുകയാണ് വേണ്ടതെന്നും. അതു ശരിയാണെന്നു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

ഞാൻ വിചാരിക്കുന്നു. അങ്ങിനെയാണെങ്കിൽ ഈ നാട്ടിലെ ജനങ്ങളുടെ ഇടയിൽ പോയി അവർക്കു ഞങ്ങളെ വിശ്വാസമുണ്ടോ എന്നു അറിയേണ്ടി വന്നാൽ തീർച്ചയായും ഞങ്ങൾ അതിനു മടിക്കയില്ലെന്നും എന്നാൽ ഈ വിധത്തിലുള്ള പിത്തലാട്ടങ്ങൾകൊണ്ടും അടിസ്ഥാനരഹിതമായ-യാതൊരു കാര്യകാരണങ്ങളുമില്ലാത്ത-സംഗതികൾക്കുവേണ്ടി ജനങ്ങളുടെ അടുക്കൽ അപ്പീൽ പോകേണ്ട ആവശ്യമില്ലെന്നും അദ്ദേഹത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എ. താണുപിള്ള : കോൺഗ്രസ്സ് ക്യാബിനററ് ഒന്നു് റീഷഫിൾ ചെയ്യണമെന്നു് അതിലെ ചില പ്രമുഖ മെംബർമാർ മുഖ്യമന്ത്രിയോടാവശ്യപ്പെട്ടിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ഉണ്ടായിട്ടുള്ളതു ശരിയാണെങ്കിൽത്തന്നെ അതിനെത്രയോ മുമ്പാണു് താങ്കളുടെ പ്രസ്താവന പുറപ്പെട്ടിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള : അതു് പരമാർത്ഥമാണോ എന്നാണറിയേണ്ടതു്.

Mr. Speaker : Now, the no-confidence motion moved by the Leader of the Opposition is before the House. I propose to put that motion to the vote of the House.

The motion was put and lost.

Shri M. M. Abdul Khader ; I demand a poll.

A poll was taken when the House divided as follows ;

AYES 46.

1. Shri M. M. Abdul Khader
2. ,, A. Achyuthan
3. ,, C. Achyutha Menon
4. ,, P. V. Avira Tharakan
5. ,, C. C. Ayyappan
6. ,, Baby John
7. ,, K. Balakrishna Menon
8. ,, P. Bhaskaran Nair
9. ,, T. K. Divakaran
10. ,, R. Gangadharan
11. ,, M. Gopalan Nair
12. ,, E. Gopalakrishna Menon
13. ,, P. Govinda Pillai
14. ,, M. N. Govindan Nair
15. Shrimati K. R. Gouri
16. Shri Kambisseril Karunakaran
17. ,, Kochukunju
18. ,, E. Krishnan Nair
19. ,, T. K. Krishnan
20. Shri K. V. Krishnankutty Warrier
21. ,, K. K. Kumara Pillai
22. ,, C. K. Kumara Panicker
23. ,, K. Kuttappan
24. ,, T. A. Majeed
25. ,, Chengarappally P. Narayanan Potti
26. ,, P. S. Nataraja Pillai
27. ,, N. Nilakantaru Pandarathil
28. ,, K. P. Prabhakaran
29. ,, N. Raghava Kurup
30. ,, N. Rajagopalan Nair
31. ,, Ramakrishnan
32. ,, T. S. Ramaswami
33. ,, P. Ravindran
34. ,, C. G. Sadasivan
35. ,, K. Sadanandan
36. ,, A. Samraj
37. ,, C. Sankar

38. Dr. N. S. Pillai
39. Shri K. Sattanatha Karayalar
40. „ V. Sridharan
41. „ C. P. Srivallabha Menon
42. Shri R. Sugathan
43. „ A. Thanu Pillai
44. „ T. V. Thomas
45. „ C. K. Viswanathan
46. „ Prakkulam Bhasi

NOES 61.

1. Shri P. C. Athichan
2. „ Alexander Parambitharayil
3. „ K. K. Ayyappan
4. „ K. Bhanu
5. „ A. C. Chacko
6. „ P. Chacko
7. „ G. Chandrasekhara Pillai
8. „ K. M. Chandy
9. „ A. K. Chelliah
10. „ K. K. Chellappan Pillai
11. „ Cheriyan J. Kappan
12. „ M. V. Cheriyan
13. „ A. Chidambaranatha Nadar
14. „ S. G. Deviappan
15. „ Ambat Eachara Menon
16. „ Ganapathy
17. „ K. M. George
18. „ Panampilli Govinda Menon
19. „ A. L. Jacob
20. „ James Tharayil
21. „ A. J. John
22. „ Joseph Vazhappilly
23. „ K. Karunakaran
24. „ C. Kesavan
25. „ Nedumangad R. Kesavan Nair
26. „ R. Kesava Pillai
27. „ T. T. Kesavan Sastri
28. „ K. M. Korah
29. „ K. Kochukuttan
30. „ K. P. Krishna Menon
31. Shri V. R. Krishnan Ezhuthassan
32. „ A. Kunjan Nadar
33. „ Kunjithommen
34. „ V. Madhavan
35. „ K. Madhavan Unnithan
36. „ M. K. Mathai
37. „ M. C. Mathew
38. „ J. T. Moraes
39. „ O. C. Ninan
40. „ N. A. Noor Muhammad
41. „ Pareethu Rowther
42. „ R. Ponnappa Nadar
43. „ L. M. Pylee
44. „ P. K. Ramachandra Das
45. „ P. Ramaswami Pillai
46. „ P. Sadasivan Pillai
47. „ Alexander Manuel Simon
48. Dr. M. Sivaraman Nair
49. Shri K. J. Thomas
50. Dr. P. T. Thomas
51. Shri M. P. Varghese
52. „ E. P. Varghese
53. „ N P. Varghese
54. „ T. M. Varghese
55. „ V. V. Varkey
56. „ Varunny Pulikkal
57. „ Vasudevan Pillai
58. „ Kalathil Velayudhan Nair
59. „ K. I. Velayudhan
60. „ M. William
61. „ Anthonie Andrew Daniel Luiz

Neutrals — Nil.

The motion was declared lost.

PAPERS LAID ON THE TABLE

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**),

Sir, under Article 213 (2) read with Article 238 of the Constitution of India, I lay on the table the Travancore Medical Practitioners (Amendment) Ordinance, 1952 (Ordinance III of 1952) promulgated by His Highness the Rajpramukh on the 11th October 1952.

Chief Minister (**Shri A. J. John**)

I beg to lay on the table the Regulation framed under the proviso to Article 320 (3) of the Constitution of India excluding appointments the terms of which are governed by contract from the purview of the Public Service Commission.

Mr. Speaker: Order, Order. The House will now adjourn and meet again tomorrow at 11'o clock.

The Assembly adjourned at 5-10 P. M. to meet again at 11 A. M. on Friday, the 31st October, 1952.

—

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1952

Friday, the 31st October, 1952.

Vol. VII. OFFICIAL REPORT No. 3.

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 31st October, 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

ORAL ANSWERS

റേഷൻ.

*നം. [1] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) അമ്പലപ്പുഴ-ചേർത്തല ദുരിതമനുഭവിക്കുന്നവർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനുവേണ്ടി ആലപ്പുഴ ട്രേഡ്‌യൂണിയൻ സംഘടനകൾക്ക് ഗവൺമെന്റിൽനിന്നും വിലയ്ക്കു നൽകിയ അരിക്ക് ചാക്കൊന്നിന് എന്തു വില വാങ്ങിയിട്ടുണ്ട്;

(ബി) അതേസമയം റേഷൻവിതരണത്തിന് നൽകുന്ന അരിക്ക് ചാക്കൊന്നിന് എന്തു വിലവച്ചാണ് ഗവൺമെന്റ് വിററത്;

(സി) നാടൻ അരിക്ക് അന്ന് കമ്പോളവില എന്തായിരുന്നു;

(ഡി) റേഷൻ വിലയേക്കാളും കമ്പോളവിലയേക്കാളും കൂടിയ തുക ട്രേഡ്‌യൂണിയൻ സംഘടനകളോട് ഈടാക്കിയെങ്കിൽ അതിന് പ്രത്യേക കാരണങ്ങളുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ. ബി. ഡി.) റേഷൻകാർഡ്പ്രകാരമല്ലാതെ സ്പെഷ്യലായി അനുവദിക്കുന്ന അരിക്ക് കാസ്ററ്പ്രൈസ് വസൂലാക്കുകയാണ് പതിവ്. റേഷൻകാർഡ്പ്രകാരം വിതരണം ചെയ്യുന്നത് കാസ്ററ്പ്രൈസിനെക്കാൾ താഴ്ത്തിയാണ്. കാസ്ററ്പ്രൈസിനെക്കാൾ താഴ്ത്തിവിൽക്കുന്നത്

ചാക്കൊന്നിന് 33 രൂപ 1 അണയായിട്ടാണ്. സ്പെഷ്യൽസപ്ലൈ ആയി വിൽക്കുന്നത് 50 രൂപവച്ചാണ്. അമ്പലപ്പുഴ-ചേർത്തല താലൂക്കിൽ സൗജന്യവിതരണം ചെയ്യുന്നതിന് ട്രേഡ്യൂണിയൻ സംഘടന ചെയ്ത അപേക്ഷയനുസരിച്ച് ഈ വിലപ്രകാരം 20 ചാക്ക് അരി അവർക്ക് കൊടുത്തിട്ടുണ്ട്.

(സി) നാടൻ അരിക്ക് അന്ന് കമ്പോളവില എന്തായിരുന്നെന്ന് അറിവില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: എന്നാണ് ഈ 20 ചാക്ക് അരി വിററിട്ടുള്ളതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുകൂടാതെ അതിന്റെ തീയതി പറയാൻ നിവൃത്തിയില്ല. രണ്ടുമൂന്നുമാസം മുമ്പാണെന്നാണ തോന്നുന്നത്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഓണക്കാലത്താണോ അതു കൊടുത്തതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആയിരിക്കാം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അമ്പലപ്പുഴ-ചേർത്തല താലൂക്കിൽ ഒരു പതിനായിരം കുടുംബങ്ങൾക്ക് ഗവണ്മെന്റിൽനിന്നും സൗജന്യറേഷൻ നൽകണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എത്ര കുടുംബങ്ങൾക്കാണെന്നറിവില്ല. സൗജന്യറേഷൻ വേണമെന്നു നിവേദനം കിട്ടിയിട്ടുണ്ട്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഓണത്തിന് ഒരാഴ്ചക്കാലത്തേക്കു സൗജന്യറേഷൻ വേണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സൗജന്യറേഷൻ വേണമെന്നു നിവേദനം ഉണ്ടായിട്ടുണ്ട്. ഓണക്കാലത്തേക്ക് പ്രത്യേകം സൗജന്യറേഷൻ വേണമെന്നുള്ളതിലേക്ക് നിവേദനം കിട്ടിയിട്ടുണ്ടോ എന്നുള്ളത് ഇപ്പോൾ ഓർമ്മയില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഈസ്റ്റർ, റംസാൻ മുതലായ പ്രത്യേക ആവശ്യങ്ങൾക്ക് അരി കൊടുക്കുമ്പോൾ കൂടുതൽ വില ഈടാക്കുന്ന പതിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു കൊല്ലമായിട്ടുള്ള ആർഡർ- കാസ്ററപ്രൈസിനു മാത്രമേ സ്പെഷ്യലാവശ്യങ്ങൾക്ക് അരി കൊടുക്കുകയുള്ളു എന്നാണ്. മുമ്പ് മററുവിധത്തിൽ ഉണ്ടായിരുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇപ്പോൾ അങ്ങനെ ഒരു ആർഡർ ഉണ്ടാകുന്നതിനുള്ള കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റേഷൻ അനുസരിച്ച് വിതരണം ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ള സബ്സിഡി മററുവിധത്തിൽ ചെലവാകാതിരിക്കാനാണ് അങ്ങനെ ചെയ്തിരിക്കുന്നത്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അനിതരസാധാരണമായ ഒരു സ്ഥിതി അമ്പലപ്പുഴ-ചേർത്തല താലൂക്കിൽ ഉണ്ടെന്നു ഗവണ്മെന്റിന് അറിയാമായിരിക്കെ ഈ തുച്ഛമായ തുകപോലും സൗജന്യമായി അനുവദിച്ചുകൊടുക്കാൻ ഗവണ്മെന്റ തയ്യാറാകാഞ്ഞത് എന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ താലൂക്കിൽ ഏതെങ്കിലും റിലീഫ് പ്രവർത്തനം ചെയ്യുന്ന ആളുകൾക്ക് അവിടെ ഉള്ളവരുടെ റേഷൻകാർഡുകൾ കളക്റ്റ്ചെയ്തു ചുരുങ്ങിയ വിലയ്ക്ക് അരി വാങ്ങാം. അല്ലെങ്കിൽ പണം ശേഖരിച്ച് കാർഡ് അനുസരിച്ചുള്ള അരി വാങ്ങാമായിരുന്നു. റേഷൻകാർഡിനു പുറമെ കിട്ടേണ്ട സപ്ലൈ ആണ് സ്പെഷ്യലായി ചോദിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: ഈ വ ാ ചാക്ക് അരിയും തൊഴിലാളികൾക്കുതന്നെ വിതരണം ചെയ്തിട്ടുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : അങ്ങനെ ചെയ്തിട്ടുണ്ടാകുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. എം. ഗോപാലൻ നായർ: അന്നത്തെ കമ്പോളവില അറിവില്ലെന്ന് പറഞ്ഞത് എന്തുകൊണ്ടാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: കമ്പോളവില എന്നു പറയുന്നത് ഫ്രീ മാർക്കറ്റിൽ ഉള്ള വിലയാണ്. അന്ന് ടെക്നിക്കലായി നിയമവിരുദ്ധമായ ഒരു മാർക്കറ്റാണത്.

ശ്രീ. എം. ഗോപാലൻനായർ : ഗസററിൽ അതാതുകാലം പരസ്യം ചെയ്യുന്ന വില കമ്പോളവിലയല്ലേ ?

ശ്രീ പനമ്പിള്ളി ഗോവിന്ദ മേനോൻ : അത് പ്രൊക്യൂവർമെൻറ പ്രകാരമുള്ള വിലയാണ്.

ശ്രീ. എം. ഗോപാലൻ നായർ : ഗോതമ്പിന് ഏതു നിരക്കിലാണ വില ഈടാക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : ഗോതമ്പിൻെറ വില ഇപ്പോൾ കുറച്ചിട്ടുണ്ട്.

ശ്രീ. ടി. വി. താമസ് : മററുള്ള കമ്മിററികൾക്ക് സ്പെഷ്യൽ സപ്ലൈയായി അരി കൊടുക്കുമ്പോൾ എന്തു വിലയാണ് ഈടാക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അതും കാസ്ററ പ്രൈസാണ്.

ശ്രീ. ടി. വി. താമസ് : ചീഫ്മിനിസ്റ്റർ തുടങ്ങിയിട്ടുള്ള ആലപ്പുഴ കമ്മിററി റേഷൻവിലയ്ക്കാണ് അരി വാങ്ങി വിതരണം ചെയ്യുന്നതെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ഞാൻ നോക്കാം.

ശ്രീ. ടി. വി. താമസ് : അങ്ങനെ ചെയ്യുന്നതു ശരിയാണെന്നു വിചാരിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : അങ്ങനെയൊരു വ്യത്യസ്ഥത കാണിക്കുന്നതു ശരിയല്ലെന്നാണ് ഗവണ്മെൻറിൻെറ അഭിപ്രായം.

ശ്രീ. എൻ. രാജഗോപാലൻനായർ : കാസ്ററപ്രൈസിൽ കുറച്ച് അരി സപ്ലൈ ചെയ്തിട്ടുള്ളതായി അറിവില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : മുമ്പ് അങ്ങനെയുണ്ടായിരുന്നു. ആ ആർഡർ ഇപ്പോൾ നിലവിലില്ല. റേഷനു പുറമേ കിട്ടേണ്ടതിനാണ് കാസ്ററപ്രൈസ് വച്ചിട്ടുള്ളത്.

കേന്ദ്ര ഭക്ഷ്യകാര്യമന്ത്രി തിരുവനന്തപുരത്തുവച്ചു നടത്തിയ പ്രസ്സ് കാൺഫറൻസ്.

* ൻ ൪. [൨] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭക്ഷ്യകാര്യമന്ത്രിയായ ശ്രീ. കിദ്വായി തിരുവനന്തപുരത്തുവച്ചു നടത്തിയ പ്രസ്സ്കാൺഫറൻസിൽ തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങൾ ഗോതമ്പുതിന്നു് പരിശീലിക്കണമെന്നു് ഉപദേശിച്ചിരിക്കുന്നതു് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനായി എന്തെങ്കിലും പദ്ധതികൾ ഈ ഗവൺമെൻറ് രൂപീകരിച്ചിട്ടുണ്ടോ;

(സി) ഇതിൽനിന്നും അരി ലഭിക്കാനുള്ള സാദ്ധ്യതയ്ക്കു് കുറവുള്ളതായി ഗവൺമെൻറിനു് മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കേന്ദ്ര ഭക്ഷ്യകാര്യമന്ത്രി ശ്രീ. കിദ്വായി തിരുവനന്തപുരത്തു വച്ചു നടത്തിയ പ്രസ്സ്കാൺഫറൻസിൽ തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങൾ ഗോതമ്പു ഭക്ഷിച്ചു ശീലിക്കുന്നതു് നന്നായിരിക്കുമെന്നു ഉപദേശിച്ചതായി ഓർമ്മിക്കുന്നുണ്ടു്.

(ബി) ഈ രാജ്യത്തു ഭക്ഷ്യധാന്യനിയന്ത്രണം ഏർപ്പെടുത്തിയ കാലംമുതൽ അരിയുടെകൂടെ കുറേശ ഗോതമ്പും മററു ധാന്യങ്ങളും റേഷനിൽ കൊടുത്തുവന്നിരുന്നു. ഗോതമ്പു ഭക്ഷിച്ചു ജനങ്ങൾ പരിചയിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടി രണ്ടു് ഔൺസു ഗോതമ്പു് നിർബന്ധമാക്കിയും വച്ചിരുന്നു. അതുകൊണ്ടു് സാമാന്യജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടെന്നു തോന്നിയതുകൊണ്ടു് ആ നിർബന്ധം എടുത്തുകളഞ്ഞു. ഇപ്പോൾ ഗോതമ്പിൻെറ വില സാരമായി കുറച്ചിരിക്കുകയാണു്.

(സി) അരി ലഭിക്കുന്നതിനുള്ള സാദ്ധ്യത കുറയുമെന്നു ശ്രീ. കിദ്വായിയുടെ സ്റ്റേറ്റുമെൻറിൽനിന്നും ഊഹിക്കാം. പക്ഷെ അങ്ങനെ ഊഹിച്ചുകൊള്ളണമെന്നു നിർബന്ധമില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം അരിയുടെ വില കൂട്ടാനും ഗോതമ്പിൻെറ വില കുറയ്ക്കാനു ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗോതമ്പിൻെറ വില കുറച്ചിട്ടുണ്ടു്. അരി വില കൂട്ടാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ചവറ ഉപതിരഞ്ഞെടുപ്പു്.

* ൻ ൫. [൩] ശ്രീ. എം. എൻ. ഗോവിന്ദൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ ഉപതിരഞ്ഞെടുപ്പിൽ ഗവൺമെൻറുവക ധനം കാൺഗ്രസ്സ് പ്രചരണത്തിനുവേണ്ടി ചെലവഴിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) മന്ത്രിമാരുടെ കാറുകൾ തിരഞ്ഞെടുപ്പു പ്രചരണത്തിനു പയോഗിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഗവണ്മെൻറുവക കടലാസ് കാൺഗ്രസ്സ് പ്രചരണാർത്ഥമുള്ള നോട്ടീസുകൾ പ്രചരിപ്പിക്കുന്നതിനുപയോഗിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഇല്ല. പക്ഷെ മന്ത്രിമാർ നിയോജകമണ്ഡലത്തിൽ പോകുമ്പോൾ ഗവണ്മെൻറുവക കാറിൽ പോയിട്ടുണ്ടാകാം.

(സി) ഇല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കൊല്ലത്തുള്ള എ. എ. റഹിം, അസീസ് പ്രിൻേറഴ്സിൽ അച്ചടിച്ച നോട്ടീസ് സർക്കാർ കടലാസിലാണെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഇല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർക്കാരിൻെറ മാർക്കുള്ള കടലാസിലാണ് ആദ്യത്തെ നോട്ടീസ് അച്ചടിച്ചതെന്നു ഗവണ്മെൻറു മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: മനസ്സിലാക്കിയിട്ടില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അങ്ങനെയാണെന്നു പറഞ്ഞാൽ വിശ്വസിക്കാൻ തയാറുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: പരിശോധിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: യാദൃശ്ചികമായി ഗവണ്മെൻറു കടലാസിൽ വാൾപോസ്റ്റർ അടിച്ചുപോയി എന്ന് മി. സ്റ്റീഫൻ ഒരു യോഗത്തിൽ വച്ചു സമ്മതിച്ചിട്ടുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഇല്ല. മാത്രമല്ല അങ്ങനെയൊരു സമ്മതം നൽകാനുള്ള അവകാശം മി. സ്റ്റീഫനില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഗവണ്മെൻറിനു വേണ്ടിയല്ല പറഞ്ഞത്. കാൺഗ്രസ്സ് യോഗത്തിൽ അങ്ങനെ പ്രസംഗിച്ചിട്ടുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അത് ഗവണ്മെൻറിൻെറ അറിവിൽ പെട്ടിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഗവണ്മെൻറിൻെറ കഴിവുകൾ ഗവണ്മെൻറുവക ധനമായി കരുതാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ആ ചോദ്യം കഴിവ് എന്നുള്ള വാക്കിലും, ധനമെന്നുള്ള വാക്കിലും എന്തർത്ഥമാണ് ഉദ്ദേശിച്ചിരിക്കുന്നതെന്നുള്ളതിനെ അനുസരിച്ചിരിക്കും.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഗവണ്മെൻറിൻെറ അധികാരം ഗവണ്മെൻറുവക ധനമാണെങ്കിൽ ഗവണ്മെൻറ് അധികാരഭീഷണി നടത്തി വോട്ടുപിടിച്ചിട്ടുണ്ടെന്ന് അറിയാമോ ?

Mr. Speaker: Question disallowed.

ശ്രീ. സി. ജി. സദാശിവൻ: ഗവൺമെന്റ കാറുകളിൽ അല്ലാതെ ഏതെങ്കിലും പ്രൈവറ്റ് കാറുകളിൽ ഏതെങ്കിലും മന്ത്രി അവിടെ പോയിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. കെ. കെ. കുമാരപിള്ള: ഗവൺമെന്റവക കാറുകളിൽ സമ്മതിദായകന്മാരെ പോളിംഗ്ബൂത്തിൽ കൊണ്ടിറക്കിയതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു കാറിലും സമ്മതിദായകന്മാരെ പോളിംഗ്ബൂത്തിൽ കൊണ്ടുപോയി ഇറക്കുന്നതു ശരിയല്ല. അതു് നിയമപ്രകാരം തെറ്റാണ്. അങ്ങനെയുള്ള തെറ്റുകൾ ചവറ തിരഞ്ഞെടുപ്പിൽ ഏതെങ്കിലും കക്ഷി ചെയ്തിട്ടുണ്ടോ എന്നറിവില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: വോട്ടിംഗ് ദിവസം പോളിംഗ്ബൂത്തിന്റെ ൨൦൦ വാരയ്ക്കകം ഗവൺമെന്റവക കാറുകളിൽ മന്ത്രിമാർക്ക് സഞ്ചരിക്കാൻ അവകാശമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. കെ. കെ. കുമാരപിള്ള: പോളിംഗ്ബൂത്തിൽ ക്യാൻവാസിംഗ് നടത്താൻ മന്ത്രിമാർക്ക് അവകാശമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആർക്കും അതിന് അധികാരമില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: അങ്ങനെ ചില മന്ത്രിമാർ ചെയ്തതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

Medicinal Herbs.

*96. [4] **Shri K. Bhanu**: Will the Minister for Medicine and Public Health be pleased to state:

(a) whether Government have formulated any scheme for the survey and scientific research of indigenous medicinal herbs found in various parts of our State; and

(b) if so, what the broad outlines of the scheme are, when it will be put into operation and what is the estimated cost thereof?

Minister for Medicine and Pub ic Health (**Shri V. Madhavan**):

(a) No.
(b) The question does not arise.

Telephone Connection.

*97. [5] **Shri K. Bhanu**: Will the Minister for Works and Transport be pleased to state the number of District Sub-Divisional and Taluk Head-quarters in our State which are at present without telephone connection?

Minister for Works and Transport **(Shri Kalathil Velayudhan Nair):** District Nil.

Sub-divisional Head-quarters 1.

Taluk Head-quarters 2.

Shri K. Bhanu: Are the Government aware of the difficulties experienced by the people due to the absence of telephone connection ?

Mr. Speaker: Order, order. That is a general question.

Kharif Crop.

*98. [6] **Shri K. Bhanu:** Will the Minister for Civil Supplies be pleased to state :

(a) whether the figures of the produce of kharif crop during the current year have been received from different parts of our State ;

(b) the names of the places in which there is food shortage ; and

(c) the quantity of food shortage this year in different parts of our State ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** (a) Yes. Figures of the produce of kharif crop during the current year have been received from different parts of the State.

(b) and (c) The food shortage is usually estimated for the whole State and not with reference to particular-localities. On account of drought conditions there is short-fall in production from the Kanni crop in some parts of the State.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ ഖരിഫ് ക്രോപ്പ് എന്നു പറയുന്നത് എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു സാധാരണയായി ജൂലൈ മുതൽ ഒക്ടോബർ ൧൫-ാംതീ വരെ നടത്തുന്ന കൃഷിക്കാണ് പറയുന്നത്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ചിറ്റൂരും നെമ്മാറയും ഉണക്ക മൂലം കൃഷിനാശം സംഭവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടേയും കൃഷിക്ക് വർഷപാതമില്ലാത്തതുമൂലം നാശമുണ്ടായി എന്നറിഞ്ഞിട്ടുണ്ട്.

Shri P. Ramaswami Pillai: Has any relief been given to the cultivators in those places ?

Shri Panampilli Govinda Menon: No, to my knowledge.

Shri N. A. Noor Muhammad: Does the Government propose to give any relief ?

(സി) ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി ഗവണ്മെന്റ് എടുക്കുകയുണ്ടായിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ.) അടയ്ക്കായുടെ വിലക്കുറവിനു കാരണം അനിയന്ത്രിതമായ ഇറക്കുമതി വർദ്ധനവു ആയിരിക്കാമെന്നു അനുമാനിക്കുന്നു.

(ബി) ഉണ്ട്. പഴിഞ്ഞിക്കാട്ടുകാമ്പാൻ കോൺഗ്രസ് പഞ്ചായത്തുകളുടെ വൃ-ൻ-ഒ ഫ-ൽ കൂടിയ സംയുക്തയോഗത്തിൽ പാസ്സാക്കിയ ഒരു പ്രമേയവും മെമ്പർ ശ്രീ. ടി. കെ. കൃഷ്ണൻ (കുന്നംകുളം) അയച്ച ഒരു നിവേദനവും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വിലയിടിവ് തടയുന്നതിനുവേണ്ട നടപടികൾ എടുക്കുന്നതിന് ഇൻഡ്യൻ സെൻട്രൽ അരക്കനട്ട് കമ്മററിയുമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

കയർ ഫാക്ടറികൾ.

※ ൧൩൨. [൪൬] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

൧൯൪൯-ൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് എത്ര കയർ ഫാക്ടറികൾ ഉണ്ടായിരുന്നു; ൧൯൫൨ ആദ്യമാസത്തിൽ എത്ര കയർ ഫാക്ടറികൾ ഉണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

൧൯൪൯-ൽ ൨൧൩ കയർ ഫാക്ടറികൾ ഉണ്ടായിരുന്നു. ൧൯൫൨ ആദ്യമാസത്തിൽ ൧൨൩ കയർ ഫാക്ടറികളാണുണ്ടായിരുന്നത്.

Rice Mills.

※ **133.** [47] **Shri R. Kesava Pillai** : Will the Minister for Finance and Civil Supplies be pleased to state :

(*a*) the number of licenses issued to mills for husking paddy in the State since 25-7-1-52; and

(*b*) the number of licenses issued in each of the revenue districts in the State and the address of the individuals for whom such licenses have been issued?

Minister for Civil Supplies and Finance (**Shri Panampilli Govinda Menon**) :

(*a*) No license has been issued since 25-7-1952.

(*b*) The question does not arise in view of answer to part (*a*).

കരിനിലങ്ങൾക്ക് ചുററും ചിറ.

※ ൧൩൪. [൪൮] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തൃക്കാട്ട് പകുതിയിൽ ൧൧൨൭-ൽ കൃഷിചെയ്ത കരിനിലങ്ങൾക്ക ചുററും എത്ര അടി നീളത്തിൽ ബണ്ട് ഇട്ടിരിക്കുന്നു;

(ബി) ബണ്ട് ഇട്ടതു സംബന്ധിച്ച് ഒരടിക്ക് എന്തു ചെലവായിട്ടുണ്ട്;

(സി) ൧൯൫൧-ൽ ഇട്ട ബണ്ട് ഇക്കൊല്ലത്തെ (൧൯൫൨-ലെ) കൃഷിക്കും ഉപയുക്തമായിരിക്കുന്നുവോ;

(ഡി) ഇല്ലെങ്കിൽ അവയുടെ അററകുററപ്പണികൾക്കായി ഇക്കൊല്ലം എത്ര രൂപ ചെലവായിരിക്കുന്നു, ഇനി എത്ര രൂപ ചെലവാക്കണം എന്ന് കണക്ക് എടുത്തിരിക്കുന്നു;

(ഇ) ൧൯൫൨-ലെ ബണ്ട പണിക്ക് ശരാശരി ഒരടിക്ക് എത്ര രൂപ എന്ന ചെലവിലാണ് കോൺട്രാക്ട് നൽകിയിരിക്കുന്നത് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൪൩,൬൨൦ അടി.

(ബി) ശരാശരി രൂപ ൪ അണ ൧൫ ചെലവായി.

(സി) ഉപയുക്തമായിരിക്കുന്നു. പക്ഷെ ചില്ലറ അററകുററപ്പണികൾ വേണ്ടിവന്നു.

(ഡി) അററകുററപ്പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുവരെ ഒന്നും ചെലവായിട്ടില്ല. പക്ഷെ ൨൨൦൦ രൂപായുടെ എസ്റ്റിമേററ് അനുവദിച്ചിട്ടുണ്ട്.

(ഇ) ൩ രൂപാ ൧൩ അണ.

തൊഴിലാളികളുടെ കുറഞ്ഞകൂലി.

* ൧൩൬. [൬൦] ശ്രീ. ടി. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) കർഷകതൊഴിലാളികളുടെ ഏററവും കുറഞ്ഞകൂലി നിശ്ചയിക്കുന്നതിന് ഇൻഡ്യാ ഗവണ്മെൻറിൽനിന്നും നിയമിച്ചിരുന്ന എൻകൃയറി കമ്മററി സംസ്ഥാനത്ത് ഏതെല്ലാം കേന്ദ്രങ്ങളിൽ അന്വേഷണം നടത്തുകയുണ്ടായി ;

(ബി) സംസ്ഥാനത്തു നടത്തിയ അന്വേഷണത്തെ സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തീട്ടുണ്ടോ ;

(സി) കർഷകതൊഴിലാളികളുടെ കുറഞ്ഞകൂലി നിശ്ചയിക്കുന്നതിന് സംസ്ഥാന ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്നുമുതൽക്ക് ഈ കുറഞ്ഞകൂലി നടപ്പിലാകും ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇൻഡ്യാ ഗവണ്മെൻറിൽനിന്നും നിയമിച്ചിരുന്ന അഗ്രികൾച്ചർ എൻകൃയറികമ്മററി ഈ സംസ്ഥാനത്ത് അന്വേഷണം നടത്തിയ കേന്ദ്രങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ഡിസ്ട്രിക്ട്.

താലൂക്ക്	പകുതി	ഗ്രാമങ്ങൾ
അഗസ്തീശ്വരം	ധർമ്മപുരം	താമരക്കുറിവിള
കൽക്കുളം	ആറന്നൂർ	തൊളിച്ചൽ
വിളവൻകോട്	കുളിയൽ	പുലിയൂർശ്ശാല
നെയ്യാറ്റിൻകര	പെരുങ്കടവിള	കീഴാറൂർ
തിരുവനന്തപുരം	ഉള്ളൂർ	ചെഞ്ചേരിമറി

കൊല്ലം ഡിസ്ട്രിക്ട്.

താലൂക്ക്	പകുതി	ഗ്രാമങ്ങൾ
അമ്പലപ്പുഴ	മാരാരിക്കുളം തെക്ക്	ചെട്ടികാട്
പത്തനംതിട്ട	പത്തനംതിട്ട	ആലൂർ
തിരുവല്ല	ആല	പെണ്ണുക്കരവടക്ക്
കൊട്ടാരക്കര	മൈലാം	പെരുംകുളം

കോട്ടയം ഡിസ്ട്രിക്ട്.

താലൂക്ക്	പകുതി	ഗ്രാമങ്ങൾ
ദേവികുളം	കീഴാംതൂർ	കീഴാംതൂർ
വൈക്കം	മുള്ളിക്കുളം	പുഴികോട്ട
മീനച്ചൽ	കൊണ്ടൂർ	മേലുകാവ

തൃശ്ശൂർ ഡിസ്ട്രിക്ട്.

താലൂക്ക്	പകുതി	ഗ്രാമങ്ങൾ
ചിററൂർ	....	കൈരാടി
തൃശ്ശൂർ	....	വിൽവട്ടം
മുകുന്ദപുരം	....	ചെങ്ങാലൂർ
തലപ്പിള്ളി	....	ഇളനാട്

(ബി) ഇല്ല.

(സി) വേണ്ടനടപടി എടുത്തുവരികയാണ്.

(ഡി) ൧൯൫൩ ഡിസംബർ ൩൧-ാം തീയതിക്കു മുമ്പ് കുറഞ്ഞകൂലി നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ഹോട്ടൽ തൊഴിലാളികൾ.

* ൧൩൭. [൭൧] ശ്രീ. ററി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തെ ഹോട്ടൽ തൊഴിലാളികൾ ൧൯൫൨ ആഗസ്റ്റ് ൨൭-ാംനു- മുതൽ ആരംഭിച്ച സമരപരിപാടികൾക്കുശേഷം എത്ര തൊഴിലാളികളെ ഹോട്ടലുകളിൽനിന്നും പിരിച്ചുവിടുകയുണ്ടായി ;

(ബി) സ്ഥലം പോലീസ് ഇൻസ്പെക്ടർ ഇടപെട്ടു് ഏതെങ്കിലും തൊഴിലാളികളെ പിരിച്ചുവിടീച്ചതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(സി) ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് തൊഴിലാളികൾ സമരത്തിൽ പെട്ടിരുന്നതു് ;

(ഡി) ലേബർ ഡിപ്പാർട്ടുമെൻറ് ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ടോ;

(ഇ) പ്രശ്നപരിഹാരത്തിനു ലേബർകമ്മീഷണർ എന്തു നിർദ്ദേശമാണ് ഗവൺമെൻറിനു നൽകിയതു് ;

(എഫ്) ഈ നിർദ്ദേശം എന്നു നൽകി ; എന്നു നടപ്പിൽവരുത്തി?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൯ തൊഴിലാളികളെ പിരിച്ചുവിട്ടതായി ൨൩-൧൦-൫൨-ൽ ഒരാക്ഷേപം കിട്ടിയിട്ടുണ്ടു്. അന്വേഷണത്തിൽ ഇരിക്കുന്നു.

(ബി) ഇല്ല.

(സി) താഴെ പറയുന്ന ആവശ്യങ്ങളാണ് തൊഴിലാളികൾ ഉന്നയിച്ചിരുന്നതു്.

൧. പാചകം ൬൦ രൂപാ, ചായ ഒഴിപ്പ് ൫൦ രൂപാ, സപ്ലയർ ൩൫ രൂപാ, വെള്ളംകോരു് അരിയാട്ട് ൩൦ രൂപാ, ക്ലീനിംഗ് ൨൫ രൂപാ ഈ ക്രമത്തിൽ അടിസ്ഥാനശമ്പളം വ്യവസ്ഥചെയ്യുക. ഈ ശമ്പളം ജോലിദിവസങ്ങളിലേയ്ക്കും ആഴ്ചയിലെ ഒരു ദിവസത്തെ അവധി ദിവസങ്ങളിലെയും ആഹാരം കൂടാതെയാകുന്നു.

൨. ഓരോ തൊഴിലാളിക്കും അവധിദിവസങ്ങളിൽ ശമ്പളത്തിനു പുറമെ ആഹാരഅലവൻസായി ദിവസം ഒന്നിനു് ൧ രൂപ ൧൨ അണ അനുവദിക്കുകയും ൧൯൫൧-ലേയും ൧൯൫൨-ലേയും ശമ്പളത്തോടു കൂടിയ അവധി അനുവദിക്കുകയും ചെയ്യുക.

൩. വാർഷികബോണസ്സായി ആഹാരഅലവൻസുൾപ്പെടെയുള്ള മൊത്ത വരുമാനത്തിൻെറ ൨൫ ശതമാനം അനുവദിക്കുക.

൪. ഓരോ തൊഴിലാളിക്കും ജോലിക്കാവശ്യമായ ഡ്രസ്സുകളോ ഡ്രസ്സലവൻസിനത്തിൽ ൨൫ രൂപയോ അനുവദിക്കുക.

൫. തൊഴിലാളികൾക്കു് താമസസൗകര്യത്തിനും വിശ്രമത്തിനും ഉതകുന്ന ഫ്രീ ക്വാർട്ടേഴ്സും അനുവദിക്കുക.

൬. സിക്കലീവിനു് ആയുർവ്വേദ ഏ ക്ലാസ്സ് വൈദ്യന്മാരുടെ സർട്ടിഫിക്കററ് അംഗീകരിക്കുക.

൭. ജോലിയിൽനിന്നും പിരിയേണ്ടിവരുന്ന അവസരത്തിൽ ഒരു വർഷത്തെ സർവ്വീസിനു് ഒരുമാസത്തെ ആഹാരച്ചെലവുൾപ്പെടെയുള്ള ശമ്പളം ഗ്രാററുവിററിയായി നൽകുക.

(ഡി) ഉണ്ടു്.

(ഇ) പ്രസ്തുത തൊഴിൽതർക്കം സബ്ജുഡിക്കേഷന വിടണമെന്നു ലേബർ കമ്മീഷണർ ശുപാർശചെയ്തിരുന്നു.

(എഫ്) ഈ നിർദ്ദേശം ൨൬-൨-൫൧ൽ നൽകി. എന്നാൽ പ്രത്യക്ഷസമരം അവസാനിപ്പിക്കാതെ തർക്കം സബ്ജുഡിക്കേഷന വിടാൻപാടില്ല എന്നു് ഗവൺമെൻറ തീരുമാനിച്ചു.

സ്വരാജ് കമ്പനിക്കാരുടെ ബസ്സുകൾ.

※ ൧൩൭. [൫൩] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വരാജ് കമ്പനിക്കാരുടെ ബസ്സുകൾ എത്ര എണ്ണം ഈയിടെ അറസ്ററുചെയ്യുകയുണ്ടായി;

(ബി) അവയെ അറസ്ററുചെയ്യുവാനുണ്ടായ കാരണമെന്തു്;

(സി) ഇതേകുററംചെയ്ത മററു കമ്പനിക്കാരുടെ ബസ്സുകൾ അറസ്ററുചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം;

(ഡി) ഈ അറസ്ററുതുടരാതെ പിന്നീടു്, നിർത്തിവയ്ക്കാൻ ഗവൺമെൻറിൽ നിന്നും ഓർഡർ ഉണ്ടായോ; അതിന കാരണമെന്തു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ൧൭ ബസ്സുകൾ.

(ബി) പതിനാലു ബസ്സുകൾ പരിശോധനസർട്ടിഫിക്കററു് ഇല്ലാതേയും മൂന്നെണ്ണം പെർമിററില്ലാതേയും ഓടിച്ച കുററത്തിനു്.

(സി) ഉണ്ടു്. ൯ എണ്ണം പിടിച്ചിട്ടുണ്ടു്.

(ഡി) ടെസ്ററുചെയ്യേണ്ട സമ്പ്രദായത്തെപ്പററി അധികൃതരും ബസ്സുടമസ്ഥരും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസത്തെത്തുടർന്നു് ടെസ്റ്റിംഗ് നടത്തുന്നതിനു് ബസ്സുടമസ്ഥർ വിസമ്മതിച്ചു. ഈ സംഗതി അവസാനമായി തീരുമാനിക്കുകയും അക്ടോബർ ൧-൦൩൧-ാമാണ്ടു ഗവൺമെൻറ നിർദ്ദേശിച്ച രീതിയിൽ ടെസ്റ്റിംഗ് നടത്തണമെന്നു് നിഷ്കർഷിക്കുകയും, അതുവരെ ബസ്സുകൾ അറസ്ററുചെയ്യുവാൻ പാടില്ലെന്നു് ഉത്തരവിടുകയും ചെയ്തു. ഈ ഉത്തരവു് പെർമിററില്ലാതെ ഓടിയകുററത്തിനു് അറസ്ററുചെയ്ത ബസ്സുകൾക്കു ബാധകമല്ല.

Milling Paddy.

※ 138. [54] **Shri K. Balakrishna Menon:** Will the Minister for Civil Supplies be pleased to state whether permits are insisted upon being had for milling paddy by private individuals?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

Yes. In the erstwhile Cochin State permits are insisted upon for the milling of paddy by private individuals.

കപ്പയുടെ നിയന്ത്രണം.

✻ ൧൩൯. [൫൫] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കപ്പയുടെ നിയന്ത്രണം ഇനിയും തുടരണമെന്ന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അതെന്നത്തേക്കു നീക്കം ചെയ്യുമെന്നു പറയാമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല; കപ്പപ്പൊടി നിർമ്മാണത്തിനുള്ള നിരോധനവും കപ്പപ്പൊടിയും കപ്പയിൽനിന്നുണ്ടാക്കുന്ന മററു വ്യവസായോല്പന്നങ്ങളും സ്റേററിനു വെളിയിൽ കൊണ്ടുപോകുന്നതിനുള്ള നിയന്ത്രണവും ഗവൺമെൻറ് നീക്കം ചെയ്തിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ലേബർ ഡിപ്പാർട്ടുമെൻറ കാൺഫറൻസിനു ഹാജരാകാത്ത മുതലാളിമാർ.

✻ ൧൪൦. [൬൨] ശ്രീ. സി. കെ. കുമാരപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

ലേബർഡിപ്പാർട്ടുമെൻറിൽനിന്നും കാൺഫറൻസിനു ക്ഷണിച്ചാൽ ഹാജരാകാത്ത മുതലാളിമാരുടെ മേൽ എന്തു നടപടിയാണ് എടുത്തത്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഒരു നടപടിയും എടുക്കാറില്ല.

Export of Spurious goods.

✻141. [63] Shri N. P. Varghese: Will the Minister for Commerce be pleased to state:

(a) whether it is a fact that our export trade is getting dull day by day;

(b) are Government aware that Americans are refusing our pepper and the low countries are refusing our coir mats as the goods we supply do not tally with the samples;

(c) have Government taken any steps to ensure that goods supplied to foreign countries tally with the samples and that spurious goods are not exported; and

(d) have Government any proposal to have trade agents in foreign countries to help increase of volume of exports?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

a) It is seen in the press reports that there has been a dull in the export trade for some time past.

(*b*) Paper reports show that United States Government have detained a consignment of pepper as not conforming to the standards of quality prescribed by that Government. As regards the export of coir mats, a complaint has been received that a certain Firm at Alleppey has supplied coir mats and matting to a Firm in United Kingdom which were substantially of a low standard.

(*c*) Steps in this direction are being taken.

(*d*) No. It is not within the scope of the State Government.

എക്സൈസ് ഗാർഡന്മാർ.

* ൧൪൨. [൩൬൬] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) എക്സൈസ് ഗാർഡന്മാരുടെ ശമ്പളസ്കെയിലും കുറഞ്ഞ പരീക്ഷായോഗ്യതയും എന്ത്;

(ബി) പോലീസ് കാൺസ്റ്റബിളിന്റെ കുറഞ്ഞ പരീക്ഷായോഗ്യതയും ശമ്പളസ്കെയിലുമെന്താണ്;

(സി) എക്സൈസ് ഗാർഡന്മാരുടെ ശമ്പളസ്കെയിൽ പോലീസിനോടു തുല്യമാക്കേണ്ടതാണെന്ന് ഗവണ്മെന്റു കരുതുന്നുണ്ടോ;

(ഡി) മുമ്പ് ഇരുകൂട്ടരുടേയും ശമ്പളസ്കെയിൽ തുല്യമായിരുന്നില്ലേ;

(ഇ) സെൻട്രൽ എക്സൈസിൽ ഉൾപ്പെട്ടിട്ടുള്ള ഗാർഡന്മാർക്ക് പ്രതിമാസം എന്തു പ്രതിഫലം കിട്ടുന്നു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) മൂന്നു ഗ്രേഡിലുള്ള എക്സൈസ്ഗാർഡന്മാർക്ക് യഥാക്രമം ൨൫-ം ൨൨-ം ൨൦-ം രൂപ ശമ്പളം നൽകുന്നുണ്ട്. ഗാർഡായി നിയമിക്കപ്പെടുന്നതിനു നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരീക്ഷായോഗ്യത ൫-ാം ക്ലാസ്സ് ജയിച്ചിരിക്കണം എന്നുള്ളതാണ്.

(ബി) നാലു ഗ്രേഡിലുള്ള പോലീസ് കാൺസ്റ്റബിൾമാർക്ക് യഥാക്രമം ൩൫-ം ൩൧-ം ൨൮-ം ൨൫-ം രൂപ ശമ്പളം നൽകുന്നുണ്ട്. കാൺസ്റ്റബിളായി നിയമിക്കപ്പെടുന്നതിനുള്ള കുറഞ്ഞ പരീക്ഷായോഗ്യത സാക്ഷരതം അതായത് എഴാംക്ലാസ്സോ, തേഡ്ഫാറമോ വരെ പഠിച്ചിരിക്കുകയെന്നുള്ളതാണ്. എന്നാൽ പിന്നാക്കസമുദായത്തിൽപെട്ടവരുടേയും സർവ്വീസിൽനിന്നും വിരമിച്ചതോ മരിച്ചുപോയതോ ആയ പോലീസുസിൽബന്തികളുടെ പുത്രന്മാരുടേയും സംഗതിയിൽ കുറഞ്ഞ പരീക്ഷായോഗ്യത ൪-ാം ക്ലാസ്സ് ജയിച്ചിരിക്കണമെന്നുള്ളതുമാത്രമാണ്.

(സി) ഇല്ല. എന്നാൽ ഇവരുടെ ശമ്പളവർദ്ധനവുകാര്യം പര്യാലോചനയിൽ ഇരിക്കുകയാണ്.

(ഡി) തിരുവിതാംകൂർ പ്രദേശത്ത് മുമ്പ് ഇരുകൂട്ടർക്കും ഒരുപോലെയായിരുന്നു. എന്നാൽ കൊച്ചിപ്രദേശത്തു മുമ്പും പോലീസ് കാൺസ്റ്റബിൾമാർക്കുതന്നെയായിരുന്നു കൂടുതൽ ശമ്പളം.

(ഇ) അവക്കു് ൩൦-൦-൨൫ രൂപ സ്കെയിലിൽ ശമ്പളം ലഭിക്കുന്നുണ്ടു്. കൂടാതെ സിററിയിൽ ൪൫ രൂപയും ഉൾപ്രദേശങ്ങളിൽ ൪൦ രൂപയും ഡീയർനെസ്സ് അലവൻസ് ലഭിക്കുന്നതായും അനൗദ്യോഗികമായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്.

Rice Mills.

*143. [71] **Dr. N. S. Pillai**: Will the Minister for Food and Industries be pleased to state:

(*a*) the names of persons to whom licenses were issued for milling paddy in Travancore part of the State during 1952;

(*b*) whether it was after a Cabinet decision that the policy of issuing licenses for husking paddy in mills was adopted;

(c) whether the policy of issuing licenses to rice mills has been approved by the Congress Parliamentary Party;

(*d*) if the answer to part (*b*) is in the affirmative, whether the Cabinet decision has been changed and if so to what extent;

(*e*) if the answer to part (*d*) is in the affirmative, why the policy has been changed; and

(*f*) is it the accepted views of Government that husking paddy should always be a cottage industry?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) 1. Shri Nallaperumal Pillai, Sivan Pillai
2. ,, V. K Rajah Pillai
3. ,, Rm. Subbiah Panicker
4. ,, N. K. Nagamoney
5. ,, K. M. Abraham

(*b*) Yes.

(*c*) This is a matter entirely affecting the Party and I do not wish to give any answer.

(*d*) The scheme of licensing rice mills in the Trivandrum District has been ordered to be kept in abeyance.

(*e*) Government have come to understand from various sources that the people of the Trivandrum District are not in any way interested in the introduction of rice mills.

(*f*) Government have at present no accepted policy in the matter. Their future policy will be formulated according to popular demand.

Procurement and Movement of Foodgrains.

*144. [72] **Dr. N. S. Pillai**: Will the Minister for Food and Industries be pleased to make a statement regarding the proposed change in the procurement and movement of foodgrains in the State?

Minister for Finance and Civil Supplies: (**Shri Panampilli Govinda Menon**):

Attention of the member is invited to the Press Note dated 8-10-1952 and the Notification No. Fd. 5—4356|52|Fd. D. dated 8-10-1952 published in Gazette Extraordinary dated 8-10-1952.

Executive Engineers.

※145. [73] Shri A. Samraj: Will the Minister for Works and Transport be pleased to state:

(a) the number of Executive Engineers in the Travancore Section of the State at present; and

(b) the number of Executive Engineers ten years ago when there was the Kodayar Division.

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(a) Twelve (12)
(b) Nine (9)

തൊഴിൽരഹിതരായവരുടെ സ്ഥിതിവിവരക്കണക്ക്.

※ ൧൪൬. [൭൮] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ, കയ്ത്തറിനെയ്ത്ത്, കശുവണ്ടി, ചെത്ത്, മററു വ്യവസായശാലകൾ, പെതിഞ്ഞാലകൾ, പീച്ചി ഇവിടങ്ങളിൽ തൊഴിൽ എടുത്തിരുന്നവരിൽ ഇന്നു തൊഴിൽ ഇല്ലാതായിതീർന്നിട്ടുള്ളവരുടെ കണക്ക് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഇല്ലെങ്കിൽ എടുക്കുമോ;

(ഡി) കൃഷിരംഗമുൾപ്പെടെ നമ്മുടെ സംസ്ഥാനത്തെ തൊഴിൽ ഇല്ലാത്തവരുടെ ആകെ സംഖ്യയുടെ ഏകദേശകണക്കെങ്കിലും ഗവണ്മെന്റിനറിയാമോ; അറിയാമെങ്കിൽ എത്ര?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യം ഇല്ല.

(സി) സാധാരണമായി ഇത്തരം സ്ഥിതിവിവരക്കണക്കുകൾ എംപ്ലോയിമെന്റ് എക്സ്ചെയിഞ്ചുകളിലെ രജിസ്ട്രേഷനിൽ നിന്നുമാണ് എടുക്കുന്നത്. എന്നാൽ ഇവിടെ ഈ വ്യവസായങ്ങളിൽ തൊഴിലില്ലാതാകുന്നവർ എക്സ്ചെയിഞ്ചുകളിൽ മിക്കവാറും രജിസ്റ്റർ ചെയ്യാൻപോയി കാണുന്നില്ല. അവർ രജിസ്റ്റർ ചെയ്യുന്നപക്ഷം ഈ കണക്കുകൾ ശേഖരിക്കാവുന്നതാണ്.

(ഡി) അറിയില്ല. ചോദ്യം ഉദിക്കുന്നില്ല.

Vilathara Lift Irrigation Scheme.

※ 147. [77] **Shri R. Ponnappa Nadar**: Will the Minister for Public Works be pleased to state:

(a) why is the revised estimate for the Vilathara Lift Irrigation Scheme pending sanction for so long a time?

(b) are the Government earnest about its execution;

(c) will it materialise in the near future ?

(*Minister for Works and Transport* (**Shri Kalathil Velayudhan Nair**)

(*a*) The Scheme is being carefully examined from the point of view of expenditure and expected benefits.

(*b*) Yes, if it is found economic.

(*c*) A decision will be taken soon.

Motor Vehicles Insurance.

✻ 148. [78] **Shri R. Ponnappa Nadar:** Will the Minister for Finance be pleased to state:

(*a*) whether any money has been paid to private persons on account of risk from the fund remitted by the owners of motor vehicles by way of insurance; and

(*b*) what is the purpose of this insurance?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): (*a*) Yes.

(*b*) The purpose of this insurance is to indemnify motor vehicle owners against any legal claims made by third parties on them for wrongful acts.

Irregular Supply of Current.

✻149. [79] **Shri R. Ponnappa Nadar:** Will the Minister for Electricity be pleased to state:

(*a*) Whether there are complaints by the consumers of electricity in the Nagercoil town because of the irregular supply of current and frequent failures;

(*b*) if so, what action has been taken by Government; and

(*c*) will the supply be taken over by Government?

Minister for Works and Transport (**Shri Kalathil Velayudhan Nair**): (*a*) Yes.

(*b*) Government tried to purchase the distribution system by paying reasonble compensation. Since the Licensee was unreasonable in his demand for compensation, Government are resorting to the provisions of the Indian Electricity Act to revoke the License and to take over the distribution system.

(*c*) Yes.

Milling of Paddy.

✻150. [80] **Shri C. Sankar:** Will the Minister for Finance and Civil Supplies be pleased to state:

(*a*) the total quantity of paddy procured by the Government throughout the State and the total quantity that was got milled by rice mills during 1951 and 1952 respectively;

(*b*) what rate of charge has been fixed for milling the paddy; and

(c) what proportion of the quantity of rice to that of paddy is supplied by the mill owners for the last Kanni and Kumbham crop and this Kanni crop respectively?

Minister for Finance and Civil Supplies. **(Shri Panampilli Govinda Menon)** : (a) The total quantity of paddy

procured in 1951	....	1,23,33,163 paras
Do. in 1952	......	91,33,121 ,,
Quantity milled in 1951	......	42,45,000 ,,
Do. in 1952	......	37,88,033 ,,

(b) The rate fixed is one anna per para of paddy milled in Travancore area and 9½ annas per 10 paras of paddy milled in Cochin area.

(c) The proportion of rice for the paddy varies from 47·5% to 52·5% for each crop and each Taluk, depending upon the variety and quality of the paddy supplied to the mills.

Rice Mills.

*151. [81] **Shri C. Sankar**: Will the Minister for Finance and Civil Supplies be pleased to state:

(a) the number of rice mills that have been given licenses for milling Government's and private paddy respectively in each District of Travancore and Shencottah Taluk; and

(b) whether license was issued to any new mills in Agasteeswaram Taluk since July last; if so the number of such mills?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon)** : (a) Trivandrum District:

Mills handling Government procured paddy alone	....	5
Mills handling private paddy	....	Nil
Quilon District	....	Nil
Kottayam District	....	Nil
Shencottah Taluk	....	Nil

(b) No.

മണൽക്കമ്പനികൾ.

*൧൫൨. [൮൨] ശ്രീ. കെ. കെ. കുമാരപിള്ള : താഴെക്കാണുന്ന ചോദ്യത്തിനു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

ചവറയിലെ മണൽക്കമ്പനികൾ കേന്ദ്രഗവണ്മെന്റ് ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്നതായി ഈ സർക്കാരിനു് അറിവു കിട്ടിയിട്ടുണ്ടോ ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഇല്ല.

ഭക്ഷ്യോൽപ്പാദന പദ്ധതികൾക്കായി അനുവദിച്ചിരുന്ന ഗ്രാന്റ്.

*൧൫൩. [൮൩] ശ്രീ. കെ. ജെ. തോമസ്സ് : താഴെ പറയുന്ന ചോദ്യത്തിനു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

൧൯൪൯—൫൦-ൽ ഇൻഡ്യാഗവണ്മെൻറിൽനിന്നും തിരുവിതാംകൂർ-കൊച്ചിക്ക് ഭക്ഷ്യോൽപ്പാദനപദ്ധതികൾക്കായി അനുവദിച്ചിരുന്ന ഗ്രാൻറുകൾ നൽകുവാൻ സാദ്ധ്യമല്ലെന്ന് ഇൻഡ്യാഗവണ്മെൻറ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

ഇല്ല.

ഭക്ഷ്യോൽപ്പാദനപദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള
൫൦ ശതമാനം ഗ്രാൻറ്.

* ൧൫൪. [൭൬] ശ്രീ. കെ. ജെ. താമസ്സ് : താഴെ പറയുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

൧൯൪൯—൫൦, ൧൯൫൧—൫൨ ഈ വർഷത്തിൽ ഇവിടത്തെ ഗവണ്മെൻറ ആവിഷ്ക്കരിച്ചിട്ടുള്ള ഭക്ഷ്യോൽപ്പാദനപദ്ധതികളുടെ വിശദമായ വിവരങ്ങളും കണക്കുകളും കേന്ദ്രഗവണ്മെൻറിനെ അറിയിക്കാതിരുന്നതുമൂലം ആ വർഷങ്ങളിലേയ്ക്കു് അനുവദിച്ചിട്ടുള്ള ൫൦ ശതമാനം ഗ്രാൻറ് അനുവദിക്കുന്നതല്ലെന്ന് ഇൻഡ്യാഗവണ്മെൻറിൽനിന്നും ഈ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ) :

ഇല്ല.

കശുഅണ്ടി ഫാക്ടറികൾ.

* ൧൫൫. [൭൮] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണത്തിനുശേഷം നിരവധി കശുഅണ്ടി ഫാക്ടറികൾ പൂട്ടിയിട്ടിരിക്കുന്നതായി ഗവണ്മെൻറിനറിയാമോ ;

(ബി) അസംസ്കൃതസാധനമായ തോട്ടണ്ടിയുടെ അഭാവമാണോ ഈ പൂട്ടിയിടലിനു കാരണം?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൧൬ ഫാക്ടറികൾ പൂട്ടിയിട്ടുണ്ട്.

(ബി) അതേ.

സീതാറാംമിൽ മാനേജുമെൻറിനെസംബന്ധിച്ചുള്ള ആക്ഷേപങ്ങൾ.

* ൧൫൬. [൭൭] ശ്രീ. കെ. കരുണാകരൻ : താഴെ കാണുന്ന ചോദ്യത്തിനു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സീതാറാംമിൽ മാനേജുമെൻറിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ അന്വേഷിച്ച് ഗവണ്മെൻറിലേക്ക് റിപ്പോർട്ടുചെയ്യുവാൻ നിയമിച്ച ഉദ്യോഗസ്ഥന്മാർ അന്വേഷണം ആരംഭിച്ചുവോ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഉവ്വ്; ആഗസ്റ്റ് ൮-ാംനു.

തൊഴിലാളികൾക്ക് റേഷൻകാർഡ്.

★ ൧൫൬. [൮൯] ശ്രീ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തോട്ടം തൊഴിലാളികൾക്ക് മററുള്ളവരെപ്പോലെ റേഷൻ കാർഡ് അനുവദിക്കണമെന്ന് വല്ല നിവേദനവും ഗവണ്മെൻറിലേയ്ക്ക് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) എയുടെ ഉത്തരത്തിൽനിന്നും ഇതു് ഉദിക്കുന്നില്ല.

പ്രസവാനുകൂല്യനിയമം.

★ ൧൫൭. [൯൦] ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി പ്രസവാനുകൂല്യ നിയമം ൧൯൫൨- ഏതു തീയതിമുതലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതു്;

(ബി) ഇതേവരെയും നടപ്പിലാക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇക്കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

(ബി) പ്രസ്തുതബില്ലിനു് concurrent ലിസ്റ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളുമായി ബന്ധമുള്ളതിനാൽ പ്രസിഡൻറിൻെറ അംഗീകാരം ആവശ്യമായിരുന്നു. പ്രസിഡൻറിൻെറ അംഗീകാരത്തിനായി കേന്ദ്രഗവണ്മെൻറിനു അയച്ചിരുന്ന ബില്ല് പ്രസിഡൻറിൻെറ അംഗീകാരത്തോടുകൂടി തിരിച്ചു കിട്ടിയിട്ട് ഏതാനും ദിവസങ്ങൾ മാത്രമേ ആയിട്ടുള്ളു. തുടർന്നു ഊർജ്ജിതനടപടി എടുത്തുവരുന്നു.

Highways.

★159. [91] **Dr. P. T. Thomas**: Will the Minister for Works be pleased to state:

(*a*) how many of the Highways in the State have been concreted, colcreted or tarred;

(*b*) the total lengths of each Highway concreted, colcreted or tarred?

Minister for Works and Transport (**Shri Kalathil Velayudhan Nair**): (*a*) Ten (10);

(*b*) The statement is given below:

National Highways and West Coast Road.

	Colcreted in miles.	Concreted in miles.	Tarred in miles.
I NATIONAL HIGHWAYS AND WEST COAST ROAD.			
1. West Coast road ..	...	46	42·5
2. National Highways 47 ..	..	0·5	12·25
II PROVINCIAL HIGHWAYS.			
1. Main Central Road ..	2-5	20·5	14·5
2. Quilon-Shencottah road ..	..	...	8·0
3. Kottayam-Kumili road ..	..	..	2·5
4. Alwaye-Munnar-Chinnar road ...	..	..	12·5
5. Kothamangalam-Trippunithura road ..	..	...	2·0
6. Ettumanoor-Ernakulam road ...	..	...	5·5
7. Chalakudi-Anamalai road...	..	..	1·0
8. Crangannoor-Shoranoor road ..	..	..	1·0

X-ray in hospitals.

*160. [94] **Shri O. C. Ninan**: Will the Minister for Medicine be pleased to state:

(*a*) in what all hospitals X-ray machine has been fitted up;

(*b*) is there an X-ray expert in all these hospitals;

(*c*) what is the amount of fees collected from patients for X-ray photo and other form of treatment by X-ray;

(*d*) what is the proportion given to doctors out of this amount;

(*e*) why is it such remuneration is given to doctors;

(*f*) will the Government be pleased to take steps to fit up X-ray machine in all hospitals in this State?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) 1. General Hospital, Trivandrum.

2. T. B. Centre, Trivandrum.

3. T. B. Hospital, Nagercoil.

4. District Hospital, Quilon.
5. District Hospital, Kottayam.
6. District Hospital, Ernakulam.
7. Maharajah's Hospital, Palluruthy.
8. T. B. Clinic, Palluruthy.
9. Government Hospital, Trichur.
10. Keralavarma Sanatorium, Mulakunnathukavu.

(*b*) Yes.

(*c*) About Rs. 35,000 annually.

(*d*) Nil.

(*e*) No answer is necessary in view of answer to (*d*).

(*f*) It is not practicable to start X-ray work in all hospitals in the near future.

ആയുർവ്വേദ ആശുപത്രികൾ.

* ൧൩൧. [൯൬] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഗവണ്മെൻറു നടത്തുന്ന എത്ര ആയുർവ്വേദആശുപത്രികൾ ഉണ്ട്;

(ബി) ഇതിൻെറ മേൽഭരണം ഡയറക്ടർക്ക് ആണോ;

(സി) തിരുവനന്തപുരം ആയുർവ്വേദ ആശുപത്രിയുടെ മേൽഭരണം മാററുന്നതിന് എന്തെങ്കിലും കാരണം ഉണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറുവക ൧൧ ആയുർവ്വേദ ആശുപത്രികൾ ഉണ്ട്.

(ബി) തിരുവനന്തപുരം ആയുർവ്വേദ ആശുപത്രിയുടേതൊഴിച്ചുള്ള മററു ൧൦ സ്ഥാപനങ്ങളുടേയും ഭരണം ഇൻറിജീനസ്സ് മെഡിസിൻ ഡയറക്ടർക്കാണ്. തിരുവനന്തപുരം ആയുർവ്വേദആശുപത്രിയുടെ ഭരണം ആയുർവ്വേദകാളേജ് പ്രിൻസിപ്പാൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(സി) ആയുർവ്വേദകാളേജ് വിദ്യാർത്ഥികളുടെ പ്രായോഗികപരിശീലനത്തിന് വേണ്ടത്ര സൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിന് തിരുവനന്തപുരം ആയുർവ്വേദആശുപത്രി ആയുർവ്വേദകാളേജ് പ്രിൻസിപ്പാളിൻെറ കീഴിലായിരിക്കണമെന്ന് ബോദ്ധ്യമായതുകൊണ്ട്.

QUESTIONS POSTED FOR ANSWER ON 29-10-1952. *

ബസ്സുകളിലേക്കുള്ള ടിക്കററുകൾ.

൧൩. [൧] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* As the meeting of the Assembly proposed to be held on 29-10-1952 was cancelled, the starred and unstarred questions entered for that day are printed here as unstarred questions in accordance with the procedure prescribed by the Speaker.

(എ) ട്രാൻസ്പോർട്ട ബസ്സുകളിലേയ്ക്കുള്ള ടിക്കററുകഠം അച്ചടിക്കുന്നതിനായി ഒരു പ്രത്യേക മെഷീൻ ഗവണ്മെൻറിൽനിന്നും വരുത്തിയിട്ടുണ്ടോ:

(ബി) എന്നാണ് വരുത്തിയതു്, എത്ര രൂപാ വിലയായി;

(സി) അതു് ഇപ്പോഠം ഉപയോഗത്തിൽ ഇരിക്കുകയാണോ? ഇല്ലെങ്കിൽ എന്തുകൊണ്ടു്;

(ഡി) ടിക്കററുകഠം ഇന്നു എവിടെയാണു് അച്ചടിക്കുന്നതു്; അതിനായി എത്ര രൂപ പ്രതിവർഷം ചെലവു വരുന്നുണ്ടു്?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ടിക്കററുകഠം അച്ചടിക്കുന്നതു തിരുവനന്തപുരത്തു ശ്രീരാമവിലാസം പ്രസ്സിലാണു്. പ്രതിവർഷം ശരാശരി ൪൯,൦൦൦ രൂപ ചെലവുവരുന്നുണ്ടു്.

നെയ്യാററിൽ മീൻമുട്ടി ഡാം.

൧൪. [൨] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങഠംക്കു വർക്ക്സ് ആൻഡ് ട്രാൻസ്പോർട്ടവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാററിൽ മീൻമുട്ടി ഡാം കെട്ടുന്നതിനായി ഇന്നു തിരഞ്ഞെടുത്തിരിക്കുന്ന സ്ഥലം അനേകായിരം കുടികഠംക്കു ഉപദ്രവകരമാണെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇന്നു തിരഞ്ഞെടുത്തിരിക്കുന്ന, ഗിള്ളയാററിൽനിന്നും ഒന്നരമൈൽ കിഴക്കുള്ളതും മീൻമുട്ടി എന്നറിയപ്പെടുന്നതും റിസർവ്വിനുള്ളിലായതുകൊണ്ടു് ഉപദ്രവമില്ലാത്തതുമായ ഒരു സ്ഥലമായിരുന്നു ആദ്യകാലത്തു ഈ അണ കെട്ടുന്നതിനു തിരഞ്ഞെടുത്തിരുന്നതെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) ഇല്ല.
(ബി) ഇല്ല.

അഡൈ്വസറി ബോർഡ്.

൧൫. [൩] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങഠംക്കു ട്രാൻസ്പോർട്ടവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ട്രാൻസ്പോർട്ട അഡൈ്വസറിബോർഡിലുള്ള അംഗങ്ങഠം ആരെല്ലാം; ഇതു പുനഃസംഘടിപ്പിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഒരു മുഴുവൻസമയം പ്രവർത്തിക്കുന്ന സെക്രട്ടറിയെ ഈ ബോർഡു നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ ശമ്പളക്രമമെന്ത്; ഇതിനു മുമ്പ് അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്ന ശമ്പളമെന്ത്?

ഉത്തരം.

(എ) Standing Advisory Committee of the Legislature to the Ministry of Transport എന്ന ഒരു അഡ്വൈസറി കമ്മിറ്റി ഉണ്ടായിരുന്നു. അതിന്റെ കാലാവധി ഇപ്പോൾ തീർന്നിരിക്കുകയാണ്. അതിലെ അംഗങ്ങൾ പഴയ എഴു അസംബ്ലിമെമ്പറന്മാർ ആയിരുന്നു. ഈ കമ്മിറ്റി പുനഃസംഘടിപ്പിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇപ്പോൾ ഇല്ല.

(സി) ബി—യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

Sub-Divisional and Taluk Head-quarters.

16 [4]. **Shri K. Bhanu**: Will the Minister for Works and Transport be pleased to state the number of sub-divisional and Taluk headquarters in our State which are at present without telegraph offices?

Answer.

Sub-divisional headquarters—Nil.
Taluk headquarters — 2.

Supply of Milk.

17 [5]. **Shri K. Bhanu**: Will the Minister for Medicine and Public Health be pleased to state:

(a) the total number of children who were supplied with milk in our State during this year up to the end of September 1952;

(b) the total cost of the same; and

(c) the amount received as aid from the foreign countries for the purpose?

Answer.

(a) 20,21,395 children were supplied with milk powder in Travancore-Cochin State from 1st January to the end of September, 1952.

(b) The milk powder so far received is a gift donated by the "Unicef" and by the Swiss Government for free distribution.

(c) No financial aid has been so far received except the free consignment of milk powder.

W. E. Staff of the Transport Department.

18 [8]. **Shri P. S. Nataraja Pillai**: Will the Minister for Works and Transport be pleased to state:

(a) whether the Government have decided to declare the personnel of the work establishment and contingency staff

of the Transport Department as members of pensionable service;

(b) the number of persons who have been thus taken over to pensionable service; and

(c) whether their past service will count for pension?

Answer.

(a) The question is engaging the attention of Government.

(b) & (c) Do not arise in view of the answer to (a).

Kodayar Project Area.

19 [9]. **Shri P. S. Nataraja Pillai**: Will the Minister for Works and Transport be pleased to state:

(a) what is the investigation now (1952-53) done by the staff for investigation and improvement in Kodayar Project area;

(b) how long was this staff engaged in this work;

(c) has any report been submitted as a result of the investigation;

(d) has any improvement been done on the basis of the report or of investigation, if so, what are they; and

(e) has the Kodayar Irrigation System failed to protect the August-September paddy crop in the Kodayar Project area; if so the extent of land so affected.

Answer.

(a) Pechipara Puthen Channel is now being investigated.

(b) From 2-8-1950.

(c) Yes.

(d) Yes. Improvements of Thickanamcode channel miles 1 and 2, 3 and 4, 5 to 9|6 and Thovala channel miles 15 and 16 and 17 to 19.

(e) Yes, 10,000 acres.

ക്ഷയരോഗം.

൨൦. [൭൦] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി മറുപടിയായി ഉത്തരം പറയുമോ:

(എ) ഈ സംസ്ഥാനത്തിലെ പ്രധാനപ്പെട്ട പട്ടണങ്ങളിൽ ക്ഷയരോഗം വർദ്ധിച്ചുവരുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം ടൗണിന്റെ പല ഭാഗങ്ങളിലും ക്ഷയരോഗം മൂലമുള്ള മരണങ്ങൾ വർദ്ധിക്കുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവണ്മെന്റ് രോഗം പകരാതിരിക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം.

(എ) ക്ഷയരോഗം വർദ്ധിച്ചുവരുന്നതായി ഗവണ്മെന്റിന് ബോധ്യമായിട്ടില്ല. പുതിയ അപഗ്രഥനരീതികളും പരീക്ഷണസമ്പ്രദായ

ങ്ങളും improved methods of examination and diagnosis കൈക്കൊള്ളുന്നതുകൊണ്ടു് കൂടുതൽ ററി. ബി. കേസുകൾ (T. B. Cases) കണ്ടുപിടിച്ചുവരുന്നുണ്ടു്.

(ബി) ഇല്ല.

(സി) പക്ഷെ കൊല്ലത്തു് ഒരു ക്ഷയരോഗക്ലിനിക്കു് സ്ഥാപിക്കുന്ന കാര്യം ആലോചനയിൽ ഇരിക്കയാണു്. കൂടാതെ പ്രധാന പട്ടണങ്ങളിൽ വിപുലമായ തോതിൽ ബി. സി. ജി. വാക്സിനേഷൻ നടത്തിവരികയാണു്.

ട്രാൻസ്പോർട്ട് അതാറിററി.

൨൧. [൧൨] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ട്രാൻസ്പോർട്ടു് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് അതാറിട്ടിയിൽ അനൌദ്യോഗികാംഗങ്ങളെ നിയമിക്കുന്ന കാര്യത്തിൽ ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്തു്;

(ബി) ട്രാൻസ്പോർട്ട് അതാറിട്ടി അംഗങ്ങളുടെ ഉദ്യോഗകാലാവധി എന്തു്?

ഉത്തരം.

(എ) ഇൻഡ്യൻമോട്ടോർ വിഹിക്കിൾസ് ആക്ററ് സെക്ഷൻ ൪൪ (൨)-ൽ പറഞ്ഞിട്ടുള്ള മാനദണ്ഡം.

(ബി) സെൻട്രൽബോർഡിലുള്ള അനൌദ്യോഗികാംഗങ്ങളുടെ കാലാവധി ഒരു കൊല്ലത്തേക്കോ അല്ലെങ്കിൽ വേറെ അംഗങ്ങളെ ഗവണ്മെൻറു നിശ്ചയിക്കുന്നതുവരെയോ ആണു്. റീജിയണൽബോർഡുകളിലുള്ള അംഗങ്ങളുടെ കാലാവധി നിശ്ചയിച്ചിട്ടില്ല.

P. W. Works Committee.

22. [13] **Shri K. Madhavan Unnithan:** Will the Minister for Works and Transport be pleased to state:

(a) whether it is a fact that P. W. Works Committees are not in existence in many of the P. W. D. sub-divisions and;

(b) is there any reason for the delay in constituting such Committees.

Answer.

(a) No.

(b) Does not arise in view of answer to (a).

Profession Tax.

23. [14] **Shri E. P. Varghese:** Will the Minister for Local Self Government be pleased to state:

Whether profession tax is being realised from a person by the Municipality and the Village Panchayat?

Answer.

Yes.

Electrical Department Transport of Materials.

24 [15] **Shri E. P. Varghese:** Will the Minister for Works and Transport be pleased to state :

(a) the date on which the tenders for the transport of materials for 1952—'53 were invited by the Electrical Chief Engineer;

(b) when was the tender accepted;

(c) whether the bulk of the transport during 1952-'53 is by land or water;

(d) who had the contract for the transport of materials for 1951-'52; and

(e) whether teak poles for the Electric department were transported by lorry from Shencotta to Trivandrum in 1951-'52.

Answer.

(a) 12-2-1952.

(b) 23-6-1952.

(c) The volume of transport is expected to be greater on water.

(d) Messrs. The Trivandrum Transport Ltd., Trivandrum.

(e) Yes.

Development of Rural Communications.

25. [16] **Shri O. C. Ninan:** Will the Minister for Works be pleased to state:

(a) was any publication made by the Officer appointed to prepare the scheme for development of Rural Communications in the Gazette inviting information about the existing roads;

(b) if so kindly state the date and page of the Gazette;

(c) has the Government or the Chief Engineer received complaints that the author of the report has not considered all the roads then existing;

(d) is it a fact that he did not consider even the roads completed and opened by the Chief Minister even before the appointment of the Officer on Special duty; and

(e) will the Government be pleased to direct the Chief Engineer to look into the question as to whether there were several omissions of roads already existing long before the report?

Answer.

(a) No.

(b) Does not arise.

(c) No.

(d) There was no necessity for considering the roads already completed and opened.

(e) Government will consider.

Rural road development fund.

26. [17] **Shri O. C. Ninan:** Will the Minister for Works be pleased to state:

(a) whether a non-lapsable rural development fund has been created as stated at page 8 of the S. D. R. C. Report: if so from which year;

(b) What is the total amount of such funds now available; and

(c) Whether any portion of such fund can be made available for the construction and maintenance of new village roads?

Answer.

(a) Yes, from 1950-'51.

(b) Eleven lakhs.

(c) This fund is utilised for the construction and improvements of Village Roads enumerated in Appendix (f) of the Budget for 52-53.

Village Roads.

27. [18] **Shri O. C. Ninan:** Will the Minister for Works be pleased to state:

(a) what is the minimum width of formation required for Village Road as prescribed by Government;

(b) what is the desirable formation width agreed upon for Village Roads at the Nagpur Conference of Chief Engineers; and

(c) is it the policy of the Government to extend the village roads as much as possible for the development of the villages; what is the action taken by Government in 1951?

Answer.

(a) 16 ft.

(b) 16 ft.

(c) Yes. Two five-year plans were sanctioned by Government for the same and started throughout the State in 1951.

Damages to Bridges.

28. [20] **Shri N. P. Varghese:** Will the Minister for Works be pleased to state:

(a) Whether the P. W. D. has responsibility for keeping and maintaining bridges and repairing them when damages occur;

(b) who is the officer immediately responsible for safeguarding and maintaining a Government bridge;

(c) are Government aware that the bridge across the Thodupuzha river at Moovattupuzha is damaged, its railings and foot-boards destroyed, parapet walls broken and is in a condition of serious danger to pedestrians and vehicles;

(d) are Government aware that though this fact was brought to the notice of the various officers ranging from the Section Officer to the Chief Engineer before six months, no action has been taken; and

(e) are Government aware that if immediate repair works are not done, the bridge will have to be closed for traffic soon in the interests of public safety?

Answer.

(a) Yes.

(b) The P. W. D. Section Officer.

(c) The bridge has damages, but it is not in a condition of serious danger to pedestrians and vehicles.

(d) Action has been taken to carry out the necessary repairs to the bridge.

(e) The bridge need not be closed for traffic. The repairs will be done shortly.

Anti Filarial work at Eraniel.

29. [21] **Shri P. Ramaswami Pillai:** Will the Minister for Medicine and Public Health be pleased to state:

(a) whether any representation has been made to make a survey regarding filarial conditions at Eraniel;

(b) if so what action has been taken in the matter; and

(c) will the Government be pleased to take up anti-filarial work at Eraniel at the earliest convenience?

Answer

(a) Yes, a representation dated 23-8-52 from Shri S. Parameswaran and others has been received requesting to adopt anti-filarial measures in Eraniel.

(b) There is a proposal to carry out a State wide filariasis survey during this year. Eraniel is also included in the list of places to be taken up for the survey. After completion of the survey, anti-filarial measures will be started.

(c) Please see answer to (b).

Maintenance of roads.

30 [22] **Shri P. Ramaswami Pillai:** Will the Minister for Works and Transport be pleased to state:

(a) has the ten lakhs of rupees set apart by the Transport Department for the maintenance of roads been handed over to the P. W. D., for the said purpose;

(b) if not why not;

(c) does the Government intend making use of the amount for effecting road maintenance through the Transport Department itself?

Answer

(a) and (b) Already a rough programme for maintenance of roads to be carried out by the P. W. D. has been approved and attached to the printed budget for 1952-53 voted by the Assembly.—*vide* App. G. No formal handing over of funds by the Transport Department to the P. W. D. is necessary for the said purpose. These works are being taken up one by one and the expenditure incurred will be debited finally to Receipts from Transport Schemes—Working Expenses (XLV A) (a) iii operating expenses".

(c) No.

Finance Commission.

31 [23] **Shri Avira Tharakan:** Will the Minister for Works and Transport be pleased to state:

(a) whether the Government had reserved the travellers' bungalow, Trivandrum, for the stay of the Finance Commission;

(b) where did the Finance Commission stay while they were at Trivandrum;

(c) whether they were State Guests?

Answer

(a) No.

(b) At the State Guest House.

(c) No; they were paying guests.

Sea erosion at Chellanam.

32. [24] **Shri Avira Tharakan:** Will the Minister for Works and Transport be pleased to state:

(a) what are the steps taken by the Government in this year to prevent the sea erosion at Chellanam and other places;

(b) whether the Government have made any representation to the Union Government to get financial and technical aids in this matter;

(c) if so what is the result?

Answer

(a) Scattered and dislocated stones at Manassery Palluruthy etc. were repacked. Arrangements are also being made for repairing and raising the damaged groynes at Chellanam. Steps are being taken to construct new groynes at South Chellanam. Action is also being taken for constructing groynes at Pallithode in Shertalai taluk.

(b) No.

(c) Does not arise in view of answer to (b).

Non-pensionable Employees of the State Transport Department

33 [25] **Shri A. Kunjan Nadar:** Will the Minister for State Transport be pleased to state:

(a) what is the gain or loss to the Government involved in giving pension to the non-pensionable employees of the State Transport;

(b how many employees will have to go out of service on pension if the scheme comes into effect immediately; and,

(c) do the Government know that a good number of the employees think that their present condition of service is far better than pensionable service?

Answer

(a) The Scheme of converting the non-pensionable Employees to Pensionable Category is being considered in all its details, and it is not possible at this stage to furnish definite replies to the points (a) and (b).

(c) No.

Suicide in the Hospital premises.

34. [26] Shri A. Kunjan Nadar: Will the Minister for Medicine be pleased to state:

(a) Whether a patient of the General Hospital, Trivandrum committed suicide in the Hospital premises in August, 1952;

(b) who is responsible for this suicide;

(c) whether any action has been taken against them; and

(d) if so what is the action?

Answer

(a) Yes.

(b) The man who committed suicide is responsible for the act.

(c) Do not arise and

(d) The matter was reported to the Police.

Fire Engine.

35. [27] Shri A. Kunjan Nadar: Will the Minister be pleased to state:

(a) whether there is any fire engine in the Nagercoil Municipality? and

(b) if not, why?

Answer.

(a) There is no fire engine maintained by the Nagercoil Municipality, but there is one fire engine maintained by the Reserve Police.

(b) As fire accidents have been few and as the finance of the Municipality do not permit the incurring of the initial expenditure for the purchase and maintenance, fire fighting equipment has not been purchased by the Municipality.

പീച്ചി അണക്കെട്ട്.

൩൬. (൨൮) ശ്രീ. വാറുണ്ണി പള്ളിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചി അണക്കെട്ടിന്റെ ഒറിജിനൽ പ്ലാനിൽനിന്നും അണക്കെട്ട് പൊക്കം കുറച്ച് പണി അവസാനിപ്പിക്കുവാൻ ഉദ്ദേശ്യം തീർച്ചയാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര അടി ഉയരം കുറയ്ക്കുവാനാണ് തീർച്ചപ്പെടുത്തിയിട്ടുള്ളത്;

(സി) അതുകൊണ്ട് അതിലെ ശേഖരത്തിൽ എത്ര ക്യുബിക്കടി വെള്ളം കുറവുവരുമെന്നാണ് കണക്കാക്കപ്പെടുന്നത്?

ഉത്തരം.

(എ) ഇല്ല.

(ബിയും സിയും) ചോദ്യം ഉദിക്കുന്നില്ല.

വില്ലേജുയൂണിയനുകൾക്കുള്ള റേഡിയോ സെററുകൾ.

നം. ൧. [൨൯] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചിസംസ്ഥാനത്ത് എത്ര വില്ലേജുയൂണിയനുകൾക്ക് സർക്കാരിൽനിന്നും റേഡിയോകൾ കൊടുത്തിട്ടുണ്ട്;

(ബി) അവയിൽ എത്രയെണ്ണം കേടില്ലാത്തതുണ്ട്;

(സി) ഇപ്പോൾ റേഡിയോകൾ ഉള്ള വില്ലേജുയൂണിയനുകൾ ഏതെല്ലാം;

(ഡി) കീരിക്കാട്ട കണ്ടല്ലൂർ വില്ലേജുയൂണിയൻ റേഡിയോ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതുവരെയും കൊടുക്കാതിരിക്കുന്നതിനുള്ള കാരണമെന്ത്?

ഉത്തരം

(എ) ൯൩ പഞ്ചായത്തുകൾക്ക് സർക്കാരിൽനിന്നും റേഡിയോ കൊടുത്തിട്ടുണ്ട്.

(ബി) ൧൫ എണ്ണം കേടില്ലാത്തതു് ഉണ്ട്.

(സി) ലിസ്ററ മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(ഡി) ആവശ്യപ്പെട്ടതായി കാണുന്നില്ല.

(ഇ) ഉപചോദ്യത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യത്തിന് പ്രസക്തിയില്ല.

മിഡൈ്വഫറി കേന്ദ്രങ്ങൾ.

നം. ൨. [൩൫] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് ആകെ ഇപ്പോൾ എത്ര മിഡൈ്വഫറി കേന്ദ്രങ്ങൾ ഉണ്ട്;

(ബി) ൧൧൨൫-ൽ പുതുതായി എത്ര മിഡൈ്വഫ് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) തിരുവനന്തപുരം താലൂക്കിൽ പുതുതായി ഏതെങ്കിലും സ്ഥലത്ത് മിഡൈ്വഫ് കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ) ൨൦൪.
(ബി) ൨൦.
(സി) ഇല്ല.

അപകടമരണം.

നം. ൩. [൩൨] ശ്രീ. വി. ശ്രീധരൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† Please See Appendix I.

(എ) ൧൯൫൨ സെപ്റ്റംബർ ൧൫-ാംനു കഴക്കൂട്ടത്തു വൈദ്യുതാഘാതമേറ്റ് ഒരു പിഞ്ചു കുഞ്ഞും മൂന്നു സ്ത്രീകളുമുൾപ്പെടെ നാലു പേർ മരണമടഞ്ഞിട്ടുള്ളതായി ഗവൺമെന്റിനു അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അത്യാഹിതത്തിനു് ഇടയാക്കിയ പരിതഃസ്ഥിതികൾ എന്തെല്ലാം?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഈ അത്യാഹിതത്തിനു് ഇടയാക്കിയ പരിതസ്ഥിതികൾ താഴെ പറയുന്നവയാണു്.

ഇലക്ട്രിക്ക ലൈനിൽനിന്നും ഏകദേശം ൧൫ അടി ദൂരെ ഒരു തെങ്ങു് ചാഞ്ഞു നിന്നിരുന്നു. പ്രസ്തുത വൃക്ഷത്തിന്റെ ഉടമസ്ഥൻ ഒരു കമ്പികൊണ്ടു് ആ തെങ്ങു് ഒരു പുളിമരത്തിൽ ബന്ധിച്ചിരുന്നു. എന്നാൽ കമ്പി പുളിമരത്തിൽനിന്നും പൊട്ടി തെങ്ങിൽനിന്നു നേരെ കീഴ്പ്പോട്ടേക്കു തൂങ്ങിക്കിടക്കുവാൻ ഇടയായി. ഒരു വയലിന്റെ സമീപത്തുള്ള പുരയിടമാകയാൽ വിശാലമായ വയലിൽനിന്നും ഊക്കൻ കാറ്റു് അടിക്കമൂലം ആ കമ്പി ഇലക്ട്രിക്കു് ലൈനിൽ ഉരസാനുള്ള സകല സാദ്ധ്യതകളും ഉണ്ടായിരുന്നു. ആ പുരയിടത്തിന്റെ ഉടമസ്ഥൻ സംഭവദിവസം അവിടെ പോകുകയും ആ കമ്പിയിൽ തൊടുകയും വൈദ്യുതാഘാതമേറ്റു നിലം പതിക്കുകയും ചെയ്തു. തൂങ്ങിക്കിടന്നിരുന്ന കമ്പി കാറ്റുകൊണ്ടോ ഇയ്യാൾ യാദൃച്ഛികമായി വലിച്ചുകൊണ്ടു പോയിട്ടോ വൈദ്യുത കമ്പികളിൽ മുട്ടിയതായിരിക്കണം ഇതിനു ഹേതു. വയലിൽ ജോലിചെയ്തിരുന്ന കുറെ ആളുകൾ അദ്ദേഹത്തെ ഉടൻതന്നെ ആശുപത്രിയിലേക്കു മാറ്റി. വളരെ ആളുകൾ ഇതിനെ തുടർന്നു് അവിടെ കൂടിയെങ്കിലും പ്രസ്തുത അപായത്തിനുള്ള കാരണം ആരും കണ്ടുപിടിക്കായ്കയാൽ കഴക്കൂട്ടത്തുള്ള ഇലക്ട്രിക്കൽ ഉദ്യോഗസ്ഥന്മാർക്കു് യാതൊരു അറിവും അവർ നൽകിയില്ല. കുറേനേരം കഴിഞ്ഞു് മൂന്നു സ്ത്രീകൾ (അവരിൽ ഒരാൾ ഒരു കുട്ടിയേയും എടുത്തിട്ടുണ്ടായിരുന്നു) മുൻ സംഭവസ്ഥലത്തു എത്തുകയും ഉടൻതന്നെ വൈദ്യുതാഘാതമേറ്റു് എല്ലാപേരും മൃതിയടയുകയുമാണു് ഉണ്ടായതു്. അവരുടെ മൃതദേഹങ്ങൾ പരസ്പരം അടുത്തും ഇലക്ട്രിക്കു് ലൈനിന്റെ വടക്കുവശത്തുള്ള തെങ്ങിനോടു് അടുത്തും കാണപ്പെടുകയാൽ തൂങ്ങിക്കിടന്ന കമ്പി എടുത്തുമാറ്റാൻ അവരിൽ ഒരാൾ ശ്രമിക്കവെ അവൾക്കു് അപകടം പറ്റുകയും അവരെ സഹായിക്കുവാനായി ബാക്കിയുള്ളവർ കൂടി എത്തുകയും ചെയ്തപ്പോൾ ആയിരിക്കണം ഈ അത്യാഹിതമുണ്ടായതെന്നു് ഊഹിക്കപ്പെടുന്നു.

ഈ സംഭവത്തെപ്പറ്റി കൂടുതൽ അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കയാണു്.

വാട്ടർ സപ്ലൈ.

൪൦. [൩൩] ശ്രീ. പി. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മുനിസിപ്പൽടൌണിൽ വാട്ടർ സപ്ലൈ നടപ്പാക്കണമെന്നു കാണിച്ചു് മുനിസിപ്പൽ കൗൺസിലിൽനിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) അതേപ്പറ്റി എന്തെങ്കിലും പ്രാരംഭാന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ ഫലമെന്തു്?

ഉത്തരം.

(എ) ഉണ്ടു്.

(ബി) പ്രാരംഭാന്വേഷണം നടത്തിക്കഴിഞ്ഞു. വിശദമായ അന്വേഷണങ്ങൾ നടത്തിയതിനുശേഷമേ ഫലം പ്രഖ്യാപിക്കുവാൻ സാദ്ധ്യമാവൂ.

ജായിന്റ ടെസ്റ്റിംഗ്.

൪ എ. [നം ൪] ശ്രീ. എൻ. രാഘവക്കുറുപ്പു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ജായിന്റ് ടെസ്റ്റിംഗ് എന്നറിയപ്പെടുന്ന ബസ്സ് ടെസ്റ്റിംഗ് സമ്പ്രദായം എന്നു് നടപ്പിൽ വരുത്തി;

(ബി) ആ സമ്പ്രദായം നടപ്പിൽവരുത്താൻ കാരണം എന്തു്;

(സി) ആ സമ്പ്രദായം ഇപ്പോഴും നടപ്പിലുണ്ടോ; ഇല്ലെങ്കിൽ എന്നു നിറുത്തൽ ചെയ്തു; നിറുത്തൽചെയ്തതിനുള്ള കാരണങ്ങൾ എന്തൊക്കെ?

ഉത്തരം.

(എ) ൰-൩-൧൧൨൫ മുതൽ ആരംഭിച്ചു.

(ബി) കർശ്ശനമായും കൂടുതൽ കാര്യക്ഷമമായും ടെസ്റ്റിംഗ് നടത്തുവാൻ സാധിക്കുമെന്നു് ഇൻസ്പെക്ടർ ജനറൽ ആഫ് പോലീസ് അഭിപ്രായപ്പെട്ടതുകൊണ്ടു്.

(സി) ഇല്ല. ൧-൧-൧൧൨൫ മുതൽ, റൂളിനു വിരോധമാകകൊണ്ടും ബസ്സുടമസ്ഥന്മാർക്കുള്ള അസൌകര്യംകൊണ്ടും.

കുഴൽ കിണറുകൾ.

൪ ബി. [നം ൫] ശ്രീ. എൻ. രാഘവക്കുറുപ്പു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തേക്കു അനുവദിച്ചിട്ടുള്ള കുഴൽ കിണറുകൾ ഏതൊക്കെ സ്ഥലങ്ങളിലാണു്;

(ബി) അവയ്ക്കു Priority നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്തു്;

(സി) ഈ വർഷത്തെ Priority അനുസരിച്ചുള്ള ലിസ്റ്റ് പറയുമോ?

ഉത്തരം.

(എ) തെക്കു്, തറയിൽക്കടവു് വടക്കു് തൃച്ചിറക്കര (പുറക്കാട്ടു് പകുതിയിൽ) പല്ലന, കനകക്കുന്നു്, കള്ളിക്കാട്ടു് കിടപുറംമറി (മൺറോത്തുരുത്തു പകുതിയിൽ) കായംകുളം, കുമരകം, കൈനകരി.

(ബി) ശുദ്ധജല ദൌർലഭ്യത്തിന്റെ കൂടുതൽ കുറവ്.

(സി) എ-യിൽ കാണുന്നതുതന്നെ.

കുഴൽകിണറുകൾ.

൪൩. [൩൬] ശ്രീ. കുമ്പിളുരുത്തിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) സംസ്ഥാനത്തു കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു മുൻഗണനാലിസ്റ്റ് (Priority list) തയ്യാറാക്കിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ആ ലിസ്റ്റനുസരിച്ച് ൧൯൫൨-൫൩-ൽ മൊത്തം എത്ര കുഴൽ കിണറുകൾ സ്ഥാപിക്കുവാനുദ്ദേശിക്കുന്നുവെന്നും പ്രയോറിറ്റി അനുസരിച്ചു അവ ഏതേതു സ്ഥലങ്ങളിലാണെന്നും പ്രസ്താവിക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) പ്രയോറിറ്റിലിസ്റ്റിലെ ആദ്യത്തെ കുഴൽകിണറായ മഹാദേവിക്കാട്ടിന് പുറമെ നാലെണ്ണംകൂടി ചെയ്തുതീർക്കാനുദ്ദേശിക്കുന്നു. തറയിൽ കടവു തെക്ക്, തറയിൽ കടവ് വടക്ക്, തൃച്ചിറക്കര (പുറക്കാട്) പല്ലന.

ട്രാൻസ്പോർട്ട് ബസ്സുകൾ.

൪൪. [൩൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വർക്ക്സ് ആന്റ് ട്രാൻസ്പോർട്ട് മന്ത്രി ദയവായി മറുപടി പറയുമോ:

(എ) ൧൯൫൨ മാർച്ച് മാസത്തിനു ശേഷം സംസ്ഥാനത്തെ ട്രാൻസ്പോർട്ട് റൂട്ടുകളിൽ എത്ര ബസ്സുകൾ കൂടുതലായി സർവ്വീസിന് ഇറക്കിയിട്ടുണ്ട്;

(ബി) കൊല്ലം-തിരുവനന്തപുരം റൂട്ടിൽ പ്രസ്തുത മാസത്തിനു ശേഷം സർവ്വീസിന് ഇറക്കിയിട്ടുള്ള കൂടുതൽ ബസ്സുകളുടെ എണ്ണം എത്ര?

ഉത്തരം.

(എ) ൩൭ ബസ്സുകൾ.

(ബി) ഒരു ബസ്സ്.

പെരിയാർ ജലസേചനപദ്ധതി.

൪൫. [൩൯] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) മദ്രാസുഗവൺമെന്റ് പെരിയാർജലം ജലസേചനപദ്ധതികൾക്കായി ഉപയോഗിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു കരാറിന് വിപരീതമല്ലേ;

(സി) പ്രസ്തുത വിഷയത്തെ സംബന്ധിച്ചു മദ്രാസ് ഗവൺമെന്റുമായി നടന്ന ചർച്ചകളുടെ ഫലമെന്താണ്?

ഉത്തരം.

(എ) ഉണ്ട്.
(ബി) അല്ല.
(സി) ഉദിക്കുന്നില്ല.

Bonus.

46. [40] **Shri T. S. Ramaswami:** Will the Minister for Works and Transport be pleased to state:

(*a*) whether any memorandum for the enhancement of the bonus of the Transport workers was received by the Government;

(*b*) if so, what was the nature of their demand;

(*c*) whether the Government acceded to their demand or not; and,

(*d*) if not, why not?

Answer

(*a*) Yes.

(*b*) To raise the present rate of bonus of 7½% of the profit to 25% of the total yearly earnings of each employee irrespective of profit or loss.

(*c*) Did not accede.

(*d*) Because the Government considered the demand unreasonable.

Co-operative Societies.

47. [42] **Shri T. S. Ramaswami:** Will the Minister for Local Self Government be pleased to state:

(*a*) the number of Palm Gur Workers Co-operative Societies in South Travancore;

(*b*) the help given to palm gur workers through these societies by the Government for the supply of firewood.

Answer.

(*a*) In South Travancore, ten Palm Gur Co-operative Societies have already been registered. Five more are being registered.

(*b*) Government have accepted the principle of distributing fuel to palm gur manufacturers through Co-operative Societies. The North Kalkulam Palm Gur Co-operative Society Ltd., 3173, Chenkody, has been given the right to extract firewood from an area of 63 acres of State Forests at a concessional rate of Rs. 300 per acre for distribution to Palm Gur manufacturers.

പെൻഷൻ.

൪൮. [൪൩] ശ്രീ. കെ. സദാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതു സംബന്ധിച്ച് അടിസ്ഥാനമായി സ്വീകരിച്ചിട്ടുള്ള തത്വമെന്താണ്;

(ബി) ഇതു സംബന്ധിച്ച് തൊഴിലാളിപ്രതിനിധികളും സർക്കാരും തമ്മിൽ ഏതെങ്കിലും കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിലെ വ്യവസ്ഥകൾ എന്തെല്ലാം?

ഉത്തരം

(എ) ഈ സംഗതി ആലോചനയിൽ ഇരിക്കുന്നതേയുള്ളു. ഇന്നേവരെ ഒരു തത്വവും സ്വീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മരുന്നുകളുടെയും മററു പ്രാഥമിക സൌകര്യങ്ങളുടെയും കുറവ്.

൪൯. [൪൮] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തെ മിക്ക ആശുപത്രികളിലും മരുന്നും മററു പ്രാഥമിക സൌകര്യങ്ങളും ലഭിക്കുന്നില്ലെന്ന് പരാതിയുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്നിനും കിടക്കകൾക്കും മററുമായി ഈ വർഷത്തിൽ ഇതുവരെ ചെലവാക്കിയ തുകയെന്ത്;

(സി) കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം രോഗികളുടെ എണ്ണം കൂടുതലായിരിക്കുമെന്നു ഗവണ്മെൻറ് നേരത്തെ കണ്ടിരുന്നോ?

ഉത്തരം

(എ) ചില ആശുപത്രികളിൽ മരുന്നുകളും മററും ശരിയായി ലഭിക്കുന്നില്ലെന്ന് പരാതിഹർജികൾവഴിയും പത്രറിപ്പോർട്ടുകൾ വഴിയും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ വർഷത്തിൽ ഇതുവരെ മരുന്നിനും കിടക്കകൾക്കും മററുമായി ൩,൨൩,൯൦൦ രൂപാ ചെലവായിട്ടുണ്ട്.

(സി) ഇല്ല. മുൻകൂട്ടി കാണുന്നതിന് സാധിക്കുന്നതല്ല.

പ്രൈവററ് ബസ്സുകളിലെ കൂലിനിരക്ക്.

൫൦. [൪൯] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവററ് ബസ്സുകളിലെ കൂലിനിരക്ക് വളരെ കൂടുതലായതുകൊണ്ട് കുറയ്ക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു കാണിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇന്നത്തെ കൂലിനിരക്ക് കുറയ്ക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഇല്ല.
(ബി) എ-യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.
(സി) ഇല്ല.
(ഡി) ഇപ്പോഴുള്ള കൂലിനിരക്കു് കൂടുതലാണെന്നു് ഗവണ്മെന്റിനു് തോന്നുന്നില്ല.

വേൾഡ് ഹെൽത്തു് ആർഗനൈസേഷൻ.

ഐ. എ. [൮൪] ശ്രീ. സി. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേൾഡ് ഹെൽത്തു് ആർഗനൈസേഷൻ (W. H. O.) ഡൽഹിയിൽ വെച്ചു നടത്തുന്ന നഴ്സുമാരുടെ റിഫ്രെഷർ കോഴ്സിനു് തിരുവിതാംകൂർ-കൊച്ചിയിൽനിന്നു് ആരെയെങ്കിലും തിരഞ്ഞെടുത്തു് അയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ ആരെല്ലാം; അവർ എവിടെ (ഏതു് ആശുപത്രികളിൽ) ജോലി ചെയ്യുന്നവരായിരുന്നു;

(സി) ഇതിനെ സംബന്ധിച്ചു് ൧൨-൩-൧൯൫൨-ൽ സർജൻ ജനറൽ അയച്ച കല്പന ഭേദപ്പെടുത്തി ൪-൬-൧൯൫൨-ൽ വേറൊരു കല്പന അയയ്ക്കുകയുണ്ടായിട്ടുണ്ടോ;

(ഡി) അതിൽ ആദ്യത്തെ കല്പനപ്രകാരം തിരഞ്ഞെടുത്ത ഒരു നഴ്സിന്റെ തിരഞ്ഞെടുപ്പു് റദ്ദു ചെയ്യുകയുണ്ടായോ; അതു് ആരുടെയാണു്;

(ഇ) ഇപ്രകാരം ചെയ്വാൻ കാരണമെന്തു്; അതിനുപകരം തിരഞ്ഞെടുത്ത ആളിന്റെ പേരും വിവരവും എന്തു്?

ഉത്തരം

(എ) ഉണ്ടു്.

(ബി) ശ്രീമതി വി. എം. മേരി. ഇവർ കൊല്ലം ഡിസ്ട്രിക്ടിൽ പബ്ലിക്കു് ഹെൽത്തു് നഴ്സ് ആയി ജോലി നോക്കുകയായിരുന്നു.

(സി, ഡി, ഇ) മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽനിന്നു് ഈ കോഴ്സിനു് ആരെയും അയച്ചിട്ടില്ലാത്ത സ്ഥിതിക്കു് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

കാളറാ.

ഐ. എ. [൮൯] ശ്രീ. സി. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൽ ഇക്കഴിഞ്ഞ രണ്ടുമാസത്തിനകത്തു് ഏതെല്ലാം സ്ഥലങ്ങളിൽ കാളറാ ബാധിച്ചിട്ടുണ്ടു്;

(ബി) ആകെ ബാധിച്ചവരുടെ എണ്ണമെത്ര; എത്ര പേർ മരിച്ചു;

(സി) രോഗത്തിന്റെ കാരണത്തെപ്പറ്റി എന്താണു് റിപ്പോർട്ടു്;

(ഡി) ഗവണ്മെന്റു് എന്തു നിവാരണനടപടികൾ നടത്തി?

ഉത്തരം

(എ) ഒരിടത്തും കാളറാ ബാധിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി, ഡി) പല്ലൂർ, ചിറമേൽ എന്നീ സ്ഥലങ്ങളിൽ കാളറായുടെ ചില ലക്ഷണങ്ങളുള്ള ഒരു രോഗം ചിലക്ക് ബാധിച്ചു. തിരുവനന്തപുരം Public Health Laboratory-യിൽ പരിക്ഷണം നടത്തിയതിന്റെ ഫലമായി ആ രോഗം കാളറായല്ലെന്നു ബോദ്ധ്യമായി. അതു Gastro-enteritis എന്ന ഒരു തരം രോഗമാണെന്നു വിചാരിക്കുന്നു. ഈ രോഗത്തിന്റെ കാരണം ഭക്ഷണത്തിലുള്ള ക്രമക്കേടാണു്. എങ്ങിനെയായാലും കാളറാ വരാതിരിക്കുവാനുള്ള പ്രതിരോധനടപടികൾ കൈക്കൊണ്ടിട്ടുണ്ടു്.

ഹോസ്പിററൽ സർവന്റ് അസോസിയേഷൻ.

൫൩. [൫൦] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖിലകൊച്ചി ഹോസ്പിററൽ സർവന്റ് അസോസിയേഷനിൽനിന്നു ൧൧൨൭-ൽ ൭-ാം൯ൽ അവരുടെ ആവശ്യങ്ങൾ കാണിച്ചു് ഒരു മെമ്മോറാണ്ടം ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) അതിൽ അവർ ആവശ്യപ്പെട്ടിട്ടുള്ളതു് എന്തെല്ലാമാണു്;

(സി) പ്രസ്തുത മെമ്മോറാണ്ടത്തിന്റെ കാര്യത്തിൽ ഗവണ്മെന്റ് എന്തു ചെയ്തു?

ഉത്തരം

(എ) ഉണ്ടു്.

(ബി) ൧. പ്രതിമാസം ൩൦ രൂപ ശമ്പളം.
൨. കൂടുതൽ രണ്ടു ജോടി ഉടുപ്പുകൾ.
൩. പ്രതിമാസം ൪ രൂപ ധോബി അലവൻസ്.
൪. ജോലിസമയം കുറച്ചു്, നിജപ്പെടുത്തുക.
൫. ക്വാർട്ടേഴ്സ് അല്ലെങ്കിൽ പ്രതിമാസം ൫൦ രൂപ വീട്ടുവാടക അലവൻസ്.

(സി) പ്രസ്തുത മെമ്മോറാണ്ടം ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

Facilities for paddy cultivation.

54. [51] Dr. N. S. Pillai: Will the Minister for Works and Transport be pleased to state:

As a general prevention to drought due to the failure of rains will the Government take immediate steps;

(a) to repair and renovate the old tanks in my (Attingal) constituency; and

(b) introducing pumping facilities in different areas of paddy cultivation?

Answer.

(*a*) Improvements to the tanks are being carried out under the Grow More Food Campaign.

(*b*) Pumping sets can be used for irrigating the paddy fields lying near the Vamanapuram and Mamom rivers. The area benefited will be comparatively very small as the yelah slopes towards the rivers.

Peechi Reservoir.

55. [53] **Shri V. R. Krishnan Ezhuthassan:** Will the Minister for Works and Transport be pleased to state:

(*a*) whether there is a proposal to reduce the height of the dam of the Peechi Reservoir;

(*b*) if so, what is the reason for the reduction;

(*c*) what is the capacity of the dam according (a) Original height and (b) according to the reduced height as proposed; and

(*d*) is it a fact that Shri Sathyanarayanamoorthy who was in charge of the scheme during the first three years of its working had reported to Government that there would be ampel water to fill the dam even if its height were increased to 140 ft?

Answer.

(*a*) Yes.

(*b*) The main reason is that there will not be sufficient storage to justify the height originally proposed. There is also the reason that by lowering the height of the dam it would be possible to avoid the necessity of deviating the Veniampara road and acquiring about 200 acres of double crop lands on both sides of the road for the water spread which will result in a total saving of about 40 lakhs of rupees in the estimated cost of the works.

(*c*) 3900 million Cft.

(*b*) 2900 ,,

(*d*) No. Shri Sathyanarayanamoorthy had proposed a height of 130 ft. for the dam to store 3900 million Cft.

Peechi Reservoir.

56. [54] **Shri V. R. Krishnan Ezhuthassan:** Will the Minister for Works and Transport be pleased to state:

(*a*) what is the recorded average rainfall in the catchment area of the Peechi Reservoir during the past twenty years;

(*b*) what is the amount of water which will be available for the reservoir from the above recorded rainfall; and

(*c*) what is the quantity of water discharged by the river at Peechi during the years 1947 to 1952 both years inclusive and what was the rainfall during these years?

Answer.

(*a*) During the year 1924 to 1943 the average rainfall of the catchment has been computed as 115·40 inches.

(*b*) After deducting losses by way of percolation, transpiration, evaporation etc., a flow of 7365. M. Cft. can be normally expected at the site of the dam in a year of average rainfall.

(*c*) No regular measurements have been taken as regards discharge. The following are the available rainfall records at Peechi.

1949 August to December	46·56"
1950 ,,	126·85"
1951 ,,	91·01"
1952 January to July	72·12"

Thripparappu Dam.

57. [57] **Shri N. P. Varghese**: Will the Minister for Works be pleased to state:

(*a*) when was the Thripparappu dam work begun;

(*b*) what is the amount already spent;

(*c*) what is the area proposed to be benefited by it and the area actually irrigated by it now;

(*d*) Have the channels been completed; and

(*e*) why is the work stopped now?

Answer.

(*a*) In 1945.

(*b*) Rs. 13,08,779 to end of 9|1952.

(*c*) About 5000 acres—Out of this 800 acres of wet lands and 50 acres of conversions are benefited by the portions of channels already completed.

(*d*) No.

(*e*) Work has not been stopped. On the other hand it is progressing according to schedule.

Rest Houses.

58. [59] **Shri K. K. Chellappan Pillai:** Will the Minister for Works and Transport be pleased to state:

(*a*) who is responsible for catering in the Rest Houses at Quilon, Kottayam, Nagercoil, Trivandrum and Trichur;

(*b*) the income if any derived by Government on account of the above;

(*c*) whether the Accounts Department have objected to the system of catering in the Government Rest Houses now in vogue; if so what action has been taken thereon?

Answer.

(*a*) The butler attached to the Rest House.

(*b*) No income is derived by Government.

(*c*) No.

Irrigation Tanks..

59. [60] **Shri A. Samraj**: Will the Minister for P. W. D. be pleased to state:

(*a*) whether the Government is aware that practically all the irrigation tanks of Nanjinad are dried up in this season;

(*b*) if so what steps are taken by the Government to dig or do maintenance work in these tanks.

(*c*) whether any tank is improved till now. If so the percentage of the tanks so improved ?

Answer.

(*a*) Yes; but only for a short duration.

(*b*) As the tanks are full no work can be done now.

(*c*) Yes, about 40%

Minister's Tour.

60. [61] **Shri A. Samraj:** Will the Minister for Local Self Government be pleased to state :

(*a*) whether the Minister for Local Self Government toured Agastiswaram taluk along with the Minister for Forests from 27th to 29th September 1952 ;

(*b*) what is the purpose of the tour ;

(*c*) whether the said tour is intimated to any M. L. A., other than the T. T. N. C. M. L. As.?

Answer.

(*a*) Yes. The Minister for Local Self Government and the Minister for Revenue visited certain places in South Travancore from 26th to 27th September 1952.

(*b*) Inspection of certain sites.

(*c*) The Minister for Local Self Government did not draw up a programme as the tour was fixed without notice. Hence the tour programme was not communicated to anybody.

വഴികൾക്കുള്ള ശുപാർശ.

൬൧. [൬൨] ശ്രീ. സി. സി. അയ്യപ്പൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻവിഭാഗത്തിൽ വഴികൾക്കുവേണ്ടി ഭൂമി അക്വയർ ചെയ്യുന്നതിനുള്ള ശുപാർശകൾ അയയ്ക്കുവാൻ പാടില്ലെന്നോ ആളെ കുറയ്ക്കണമെന്നോ പഞ്ചായത്തു ഓവർസിയർമാർക്ക് പഞ്ചായത്തു ഡയറക്ടർ കല്പന അയച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേലിൽ ഈ വകയ്ക്കു ചെലവാക്കേണ്ട സംഖ്യ പഞ്ചായത്ത് ഫണ്ടിൽനിന്ന് എടുക്കേണ്ടിവരുന്നതുകൊണ്ട് ഓരോ പഞ്ചായത്തിന്റെയും ധനസ്ഥിതി അനുസരിച്ചുമാത്രമേ പുതിയതായി ഭൂമി അക്വയർ ചെയ്യുവാൻ സാധ്യമാകയുള്ളു.

കെ. കെ. റോഡിൽനിന്നും മാർക്കറ്റിലേയ്ക്കുള്ള വഴിയിൽ ലോറികൾ കൊണ്ടു ഇട്ടിരിക്കുന്നതിനെപ്പറ്റിയുള്ള ഹർജ്ജികൾ.

൬൨. [൬൩] ശ്രീ. എം. സി. മാത്യു: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടൗണിൽ കെ. കെ. റോഡിൽനിന്നും മാർക്കറ്റിലേയ്ക്കുള്ള വഴിയിൽ രണ്ടു വശവും ലോറികൾ ദിവസവും, പ്രത്യേകിച്ചു ചന്തദിവസങ്ങളിൽ രാവിലെ മുതൽ രാത്രിവരെ ഇട്ടുകൊണ്ടിരിക്കുന്നതിനെ തടയണമെന്ന് ഐ. ജി. ക്കും, ഡി. എസ്സ്. പി. ക്കും ഹർജ്ജികൾ ലഭിച്ചിട്ടുണ്ടോ;

(ബി) അങ്ങനെ അയച്ച ഹർജ്ജികളിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽ പറഞ്ഞ സ്ഥലങ്ങളിൽ ദിവസവും രാവിലെ ൭ മണി മുതൽ ൧൧ മണി വരെയും വൈകുന്നേരം ൪ മണി മുതൽ ൭ മണി വരെയും ലോറികൾ റോഡരുകിൽ ഇട്ടുകൊണ്ടിരിക്കുന്നതിനെ തടയാനായിട്ടും അപ്രകാരം പ്രവർത്തിക്കുന്ന ഡ്രൈവർമാരെ പ്രോസിക്യൂട്ടു ചെയ്യുന്നതിനും സ്ഥലം പോലീസിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

Karingal Water Supply Scheme.

*63. [64] **Shri R. Ponnappa Nadar**: Will the Minister for Public Works be pleased to state:

(*a*) is the estimate for the Karingal Water Supply scheme prepared;

(*b*) what is the estimate amount;

(*c*) has the work been sanctioned; and

(*d*) when would above work be executed?

Answer

(*a*) The estimate is being prepared.

(*b*) Does not arise.

(*c*) No.

(*d*) After the estimate now under preparation is sanctioned and necessary funds provided in the budget.

Pattanam Kal.

*64. [65] **Shri R. Ponnappa Nadar**: Will the Minister for Public Works be pleased to state:

(*a*) what is the estimate amount for Pattanam Kal in Kalkulam and Vilavancode taluks;

(*b*) has any benefit been conferred on the Vilavancode taluk by the Kodayar and Perunchani Schemes,

(*c*) are Government prepared to execute the work immediately;

(*d*) would not the execution of the above work solve the centre shortage of drinking water in this taluk; and

(*e*)) would not the execution of this work solve the famine in Vilavancode taluk due to failure of crops and unemployment?

Answer

(*a*) Rs. 81·2 lakhs.
(*b*) Yes.
(*c*) The question of opening the Pattanam Kal is under the consideration of Government.
(*d*) Yes, in certain Pakuthies of Vilavancode taluk.
(*e*) Yes, to some extent.

Nagercoil Municipality.

*65. [67] **Shri C. Sankar:** Will the Minister for Local Self Government be pleased to state:

(*a*) when do the Government propose to hold elections of new councillors for the Nagercoil Municipality;

(*b*) whether delimitation of new wards on the basis of population has been completed; and

(*c*) if not will the elections be postponed till the delimitation of new wards is completed?

Answer

(*a*) Elections to the Nagercoii Municipality are tentatively fixed to be held in December 52.

(*b*) The Delimitation of the wards has been completed.

(*c*) In view of answers to (b) above the question does not arise.

<u>ബസ്സുകളുടെ പെർമിററ്.</u>

൬൬. [൬൯] ശ്രീ. കെ. താമസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം—മുണ്ടക്കയം, കോട്ടയം—കുമിളി ഈ ലൈനുകളിൽ ഒരു കമ്പനിക്കാരുടെ ബസ്സുകൾക്ക് മാത്രമെ സ്ഥിരം പെർമിററ് നൽകി കിയിട്ടുള്ളോ;

(ബി) ഈ ലൈനുകളിൽ അടുത്തകാലത്തു മറേറതെങ്കിലും കമ്പനിക്കാർക്ക് താൽക്കാലിക പെർമിററ് നൽകുകയുണ്ടായോ; ഉണ്ടെങ്കിൽ അവ പിന്നീട് ക്യാൻസൽ ചെയ്തോ?

ഉത്തരം

(എ) അല്ല.
(ബി) ഉണ്ട്. ക്യാൻസൽ ചെയ്തു.

<u>സ്വരാജ് കമ്പനിവക ബസ്സുകൾ.</u>

൬൧. [൧൦] ശ്രീ. കെ. ജെ. താമസ്സ്; താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സെപ്റ്റംബർ, അക്ടോബർ മാസങ്ങളിൽ സ്വരാജ് കമ്പനിവക എത്ര ബസ്സുകൾ പോലീസ് അറസ്റ്റു ചെയ്തു ;

(ബി) എന്തിനുവേണ്ടിയായിരുന്നു ഈ ബസ്സുകൾ അറസ്റ്റു ചെയ്തത് ;

(സി) ഗവണ്മെന്റുത്തരവിനു വിപരീതമായി ഐ. ജി. നൽകിയ നിർദ്ദേശങ്ങൾ അനുസരിച്ചാണോ ഈ ബസ്സുകൾ നടന്നത് ?

ഉത്തരം

(എ) ൧൪ ബസ്സുകൾ.

(ബി) പതിനാലു ബസ്സുകൾ പരിശോധനാസർട്ടിഫിക്കറ്റു ഇല്ലാതെയും ഒരെണ്ണം പെർമിറ്റില്ലാതെയും ഓടിച്ച കുറ്റത്തിനു്. ടി പതിനാലു ബസ്സുകളിൽ ഒരെണ്ണം തെറ്റായ നമ്പർ പ്ലേറ്റു വച്ചിട്ടുണ്ടായിരുന്നതായിട്ടാണ് റിപ്പോർട്ട്.

(സി) അങ്ങിനെയൊരു പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണത്തിലിരിക്കുന്നു.

Public Wells.

*68. [71] **Shri M. V. Cheriyan:** Will the Minister for Medicine and Public Health be pleased to state:

(*a*) the number of public wells (taluk-war) in the State maintained at present by the Public Health Department:

(*b*) are all such wells drained annually and kept in neat and hygienic conditions;

(*c*) the number of public wells maintained by the Land Revenue Department;

(*d*) which Department is responsible for the upkeep of wells in the markets; and

(*e*) the number of positions received by the Director of Public Health regarding the maintenance of wells during the year and the steps he has taken in the case of *bonafide* complaints?

Answer.

(*a*) A taluk-war list is appended.*

(*b*) No. All wells in Trichur District are drained once a year. In the Travancore area all wells are chlorinated at least once a year; and all wells requiring urgent maintenance are drained and cleaned.

(*c*) 78. They are in Trivandrum District.

(*d*) The Revenue Department in Travancore area and the Public Health Department in Cochin area.

(*e*) The exact No. of petitions is not available, but it is reported that the Director of Public Health has taken prompt action in the case of all *bonafide* complaints.

Channel.

15 *69. [72] **Shri M. William:** Will the Minister for Works be pleased to state:

* See Appendix II

(*a*) whether the investigation of Kulasekharam Pattanam channel is completed;

(*b*) whether the shortest route with the greatest height has been traced; if so what is its extent;

(*c*) what is the estimated cost of the scheme; and

(*d*) will the Government implement the scheme forthwith in view of the completion of the Perunchani Scheme and in view of the failure of crops in Vilavancode every year?

Answer.

(*a*) Yes.

(*b*) The shortest route with the greatest height has not been followed throughout in view of prohibitive cost involved. Contour line has been followed as far as possible and the length of channel so investigated is 26 3|8 miles.

(*c*) Rs. 81.2 lakhs.

(*d*) This will be considered after the investigation report and estimates are received.

ഹൈഡ്രോ ഇലക്ട്രിക്ക് പ്രോജക്റ്റ്.

൭൦. [൭൫] ശ്രീ. ഗണപതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഇലക്ട്രിസിറ്റി, പി. ഡബ്ല്യു. ഡി. എന്നീ വകുപ്പുകളിലുള്ള എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരെ സ്ഥിരം സർവീസിലെടുക്കുവാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൽ ഹൈഡ്രോ ഇലക്ട്രിക്ക് വർക്ക് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാരും ഉൾപ്പെടുമോ ?

ഉത്തരം

(എ) ഉണ്ട്.
(ബി) ഉൾപ്പെടുകയില്ല.

Pallivasal Current.

71. [76] **Shri Ganapathi**: Will the Minister for P. W. D. answer the following questions:

(*a*) how much current is being got from Pallivasal at present;

(*b*) if the Madupatty Dam and the new Power House at Sengulam are completed, how much current will then be generated;

(*c*) is not current being supplied from Pallivasal to Kanyakumari which is 250 miles south?

Answer.

(*a*) 32,500 K. W.
(*b*) 85,500 K. W.
(*c*) Yes.

Advisory Committee.

72. [77] **Shri A. K. Chelliah :** Will the Minister for Local Self-Government be pleased to state :

(*a*) when was the Advisory Committee for the administration of the department for the Advancement of Backward Communities constituted after this Ministry took charge ;

(*b*) how many meetings were held so far ;

(*c*) if no meeting was held so far, the reason for the same ?

Answer.

(*a*) On 31st July 1952.

(*b*) No meeting was held.

(*c*) There was no necessity for holding the meeting till now as there are no subject for discussion.

കല്ലടയാററിലെ അശുദ്ധജലം.

൭൩. [൭൮]. ശ്രീ. എൻ. രാജഗോപാലൻ നായർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ മുതൽ കല്ലടവരെയുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന പൊതുജനങ്ങൾക്ക് കല്ലടയാററിലെ അശുദ്ധജലംകൊണ്ടു് ഉണ്ടാകുന്ന ദൂഷ്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടു് എത്ര കാലമായി;

(ബി) ആ വെള്ളം പരിശോധിച്ചിട്ടുണ്ടോ ;

(സി) പരിശോധിച്ചവെള്ളം എവിടെനിന്നു് എടുത്തു; എങ്ങിനെ കിട്ടി ;

(ഡി) ഉടനടി ഇതിനു് പരിഹാരം കാണാൻ ഗവണ്മെൻറു് എന്തു നടപടി എടുത്തിട്ടുണ്ടു് ;

(ഇ) പുനലൂർ പേപ്പർമിൽ അധികാരികളെ ഇക്കാര്യത്തിൽ ഗവണ്മെൻറു് നിർബന്ധിച്ചിട്ടുണ്ടോ ;

(എഫ്) ആ അശുദ്ധജലം വീണ്ടും പരിശോധിക്കാൻ ഗവണ്മെൻറു് കൂട്ടാക്കുമോ ?

ഉത്തരം

(എ) മൂന്നുകൊല്ലത്തിൽപരമായി.

(ബി) ഉണ്ടു്.

(സി) ഫാക്ടറിയിൽനിന്നും നിർഗ്ഗമിക്കുന്ന മലിനജലം നദീജലവുമായി സന്ധിക്കുന്ന സ്ഥാനത്തുനിന്നു്, അതിനു് ഒരു ഫർലാംങ്ങ് മുകളിൽനിന്നു്, ഒരു ഫർലാംങ്ങ് താഴെനിന്നു്, എന്നിങ്ങനെ മൂന്നു സ്ഥാനങ്ങളിൽനിന്നു് വെള്ളമെടുത്തു് പരിശോധിച്ചിട്ടുണ്ടു്.

(ഡി) മലിനജലം ശുദ്ധീകരിച്ചു് നിരുപദ്രവകരമാക്കാതെ ആററിലേയ്ക്കു് വിടരുതെന്നു് ഫാക്ടറി അധികൃതൎക്കു് കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്.

(ഇ) ഉണ്ടു്.

(എഫ്) തിരുവിതാംകൂർ സർവ്വകലാശാലയിലെ Central Research Institute നോട് അനുബന്ധിച്ച് Applied Chemistry വകുപ്പിലെ Water Analyst, കൽക്കട്ടായിലെ All India Institute of Hygien and Public Health എന്ന സ്ഥാപനത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ എന്നിങ്ങിനെ രണ്ടു വിദഗ്ദ്ധന്മാരുടെ പരിശോധനയ്ക്കു ശേഷം ഇനിയും ഒരു പരിശോധന വേണമെന്നു തോന്നുന്നില്ല.

പബ്ലിക്ക് റോഡ്.

൭൪. [വ്യ ഫ] ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ നന്നാക്കുമ്പോൾ അതു കാൺക്രീററ ചെയ്യണോ, ടാർക്രീററചെയ്യണോ, സർഫസിംഗ് മാത്രം ചെയ്യണമോ എന്നു തീരുമാനിക്കുന്നത് എന്തെല്ലാം പരിഗണനകൾ വച്ചാണ്;

(ബി) അതാതു റോഡുകളിൽക്കൂടിയുള്ള വാഹനഗതാഗതത്തിന്റെ കാഠിന്യം പരിഗണിക്കാറുണ്ടോ;

(സി) പുനലൂർ പട്ടണത്തിലെ റോഡ് ഏതു രീതിയിൽ നന്നാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ആ തീരുമാനത്തിലെത്താൻ കാരണങ്ങളെന്ത്?

ഉത്തരം

(എ) അതാതു റോഡിലെ വാഹനഗതാഗതത്തിന്റെ കാഠിന്യം, നന്നാക്കുന്നതിനു മുമ്പുള്ള റോഡിന്റെ അവസ്ഥ മുതലായായ പല സംഗതികൾ പരിഗണിക്കാറുണ്ട്.

(ബി) ഉണ്ട്.
(സി) "സെമിഗ്രൌട്ട്" ചെയ്യാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.
(ഡി) എ-യിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിഗണിച്ചാണ്.

Extension of Electric Line.—from Parur to Varapuzha.

75. [2] **Shri E. P. Varghese:** Will the Minister for works be pleased to state:

(*a*) When the extension of the electric line from Parur to Varapuzha began;
(*b*) How far has the line reached;
(*c*) When will it be extended to Varapuzha;
(*d*) When can the people of the locality get the current;
(*e*) Whether the work is in the hands of the Lift Irrigation Section?

Answer.

(*a*) In June 1951.
(*b*) Up to Chettibhagom.
(*c*) and (*d*) Within two months.

(*e*) No; the work is being done by a separate Construction Section Officer under Lift Irrigation Sub-Division Officer, Alwaye.

Kadapara toddy shop No. 52.

76. [3] **Shri O. C. Nainan:** Will the Minister for Excise and Public Health be pleased to state:

(*a*) is it a fact that Kadapara toddy shop No. 52 of Puthencavoo range is located at Pullad; is it in Kadapara muri;

(*b*) are the schools and churches close to the present site of the shop;

(*c*) what is the distance to this shop from the church and school;

(*d*) why is it that Kadapara shop is located at Pullad;

(*e*) will the Government be pleased to remove the shop from the present site to an unobjectionable place?

Answer

(*a*) First part of the question: Yes.
Second part of the question: No.
(*b*) Yes.
(*c*) About two furlongs.
(*d*) For want of a proper site in the Kadapara muri.
(*e*) Action is being taken for the removal of the shop from the present site to an unobjectionable site.

ആറാട്ടുകടവ് തൊടിയൂർതോട്.

൭൭. [൫] **ശ്രീ. കെ. കുട്ടപ്പൻ:** താഴെ പറയുന്ന ചോദ്യത്തിന് പി. ഡബ്ലിയു. ഡി. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ആറാട്ടുകടവിൽനിന്നും തുടങ്ങി തൊടിയൂർ കായലിൽ അവസാനിക്കുന്ന "ആറാട്ടുകടവ് തൊടിയൂർതോട്" ൧൧൨൮-൨൯ വർഷത്തിൽ പണി ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

ഈ പണിക്ക് ആവശ്യമുള്ള പണം ബഡ്ജറ്റിൽ ഇല്ലാത്തതുകൊണ്ട് ൧൧൨൮-൨൯ വർഷത്തിൽ പണി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

൭൮. [൬] **ശ്രീ. കെ. കുട്ടപ്പൻ:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മാവേലിക്കരതാലൂക്കിൽ ചുനക്കരപകുതിയിൽ ഒരു ഹരിജന പ്രയർസ്കൂൾ ഉണ്ടോ;

(ബി) അവിടെ എത്ര ക്ലാസുകൾ നടത്തുന്നു;

(സി) ഇപ്പോൾ നടത്തുന്ന ക്ലാസുകൾ കൂടാതെ മററു ക്ലാസുകൾക്ക് അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കൊടുക്കാതിരുന്നതിനുള്ള കാരണമെന്ത്?

ഉത്തരം.

(എ) ഉണ്ട്.
(ബി) ഒരു ക്ലാസ്സ്.
(സി) ഉണ്ട്.
(ഡി) ഈ വിഷയം ഗവണ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കുകയാണ്.

മുനിസിപ്പാലിററിയിലെ വോട്ടറന്മാർ.

൧൯. [൧] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:
കായംകുളം മുനിസിപ്പാലിററിയിൽ ഇപ്പോഴുള്ള ആകെ വോട്ടറന്മാർ എത്ര; അതിൽ പട്ടികജാതിക്കാർ എത്ര?

ഉത്തരം.

ആകെ വോട്ടർമാർ ൩൭൩൧. പട്ടികജാതിവോട്ടർമാർ ൨൧൦.

കക്കൂസും വാട്ടർസപ്ലൈയും.

൨൦. [൪൦] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പട്ടണത്തിലുള്ള കുന്നുകുഴി റോമൻകത്തോലിക്കാതെരുവിലും, ഇണ്ടകാട്ടുകാളനിയിലും കക്കൂസുകളോ, വാട്ടർസപ്ലൈസോ ഇല്ലെന്നുള്ള വിവരം ഗവണ്മെൻറിന് അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ സ്ഥാപിച്ചുകൊടുക്കുന്നതിന് ഗവണ്മെൻറ് വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഈ സ്ഥലങ്ങളിൽ ഇപ്പോൾ പൊതുകക്കൂസുകൾ ഇല്ല. ഇണ്ടകാട്ട് ഹരിജൻകാളനിയുടെ വടക്കുവശവും കുന്നുകുഴി പള്ളിയിലേക്ക് നയിക്കുന്ന പാലത്തിൻെറ സമീപവും വാട്ടർസ്റ്റാപ്പുകൾ ഇപ്പോഴുണ്ട്.
(ബി) ഒരു പൊതുകക്കൂസ് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

ആനയററോഡും കുളത്തൂർറോഡും.

൨൪. [൪൪] ശ്രീ. കെ. സദാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ആനയററോഡും കുളത്തൂർറോഡും തമ്മിൽ യോജിപ്പിച്ച് ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനു സർക്കാർ ഉടനടി വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) റോഡിൻെറ ആവശ്യത്തിലേക്ക് സ്ഥലം സർവ്വേ ചെയ്തുകഴിഞ്ഞിട്ട് എത്ര കാലമായി?

ഉത്തരം.

(എ) ഉവ്വ്.
(ബി) ഉദ്ദേശം ഒരു കൊല്ലത്തിനു മുൻപ് പ്രാരംഭസർവ്വേ നടത്തി.

മുനിസിപ്പൽ പാർക്ക്.

൮൨. [൧൨] ശ്രീ വാറുണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മുനിസിപ്പൽ പാർക്ക് പണിയുന്നതിന് ഇരുമ്പുസാമാനങ്ങൾക്ക് സ്റ്റോർപർച്ചേസ് അധികാരികളുടെ അടുക്കൽ പണം അടച്ചിട്ട് എത്ര കാലമായി;

(ബി) ഇരുമ്പുസാമാനങ്ങൾ കിട്ടാത്തതുകൊണ്ട് ടി പണി നിറുത്തി വച്ചിട്ട് എത്ര കാലമായി;

(സി) ഇനി പണി തുടങ്ങുന്നതിന് അടുത്ത കാലത്ത് സാദ്ധ്യമാകുമോ?

ഉത്തരം.

(എ) ൨൨-൨-൧൨-ലും, ൧-൩-൧൨-ലും പണം അടച്ചിട്ടുണ്ട്.

(ബി) ഒരു കൊല്ലത്തിൽ അധികമായി.

(സി) പണിക്ക് ആവശ്യമായ എല്ലാ ഇരുമ്പുസാമാനങ്ങളും കിട്ടിയതിനുശേഷം മാത്രമേ പണി തുടങ്ങുന്നതിന് സാധിക്കുകയുള്ളു.

ഗതാഗതതടസ്സം.

൮൩. [൧൪] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷ്ണൻകോട്ട പുല്ലൂറ്റബണ്ടിന്റെ ഇടയ്ക്കുള്ള ഗ്യാപ്പിൽ കുറെ സ്ഥലം ഏതെങ്കിലും സ്വകാര്യവ്യക്തിക്ക തൊണ്ടു മൂടുന്നതിനുവേണ്ടി ഏല്പിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) ഇതുമൂലം ആ ഗ്യാപ്പിൽക്കൂടിയുള്ള വള്ളങ്ങളുടെ ഗതാഗതം അപകടകരമായിത്തീർന്നിരിക്കുന്നു എന്നു കാണിച്ചു എന്തെങ്കിലും നിവേദനം ഗവണ്മെന്റിലേക്ക് കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം.

(എ) ഇല്ല.
(ബി) ഇല്ല.
(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

തോടുവെട്ട്.

൮൪. [൧൫] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

ചേർത്തലയിൽ റിലീഫ് പ്രവർത്തനത്തിന്റെ പേരിൽ ആരംഭിച്ച വാരനാട്-പൂത്തോട്ട തോടുവെട്ടുന്നതിന് ഗവണ്മെന്റിൽനിന്നും അനുവദിച്ചിട്ടുള്ള തുക എത്ര; തോടുവെട്ട് പി. ഡബ്ലിയു. ഡി. ഡിപ്പാർട്ടുമെന്റിൽനിന്നും നേരിട്ടു ചെയ്യിക്കാതെ കൺട്രാക്ററു കൊടുത്തതിന്റെ കാരണമെന്ത്?

ഉത്തരം.

൧. ൭൫ ലക്ഷം രൂപാ. (ഒരുലക്ഷത്തി എഴുപത്തിയയ്യായിരം രൂപാ.)

എത്രയും വേഗം ജോലി ആരംഭിച്ച് നടത്തണമെന്നുദ്ദേശിച്ചതിനാൽ.

Ayurveda Pharmacy at Trichur.

85. [17] **Shri K. Balakrishna Menon:** Will the Minister for Medicine and Public Health be pleased to state:

(*a*) why production was restricted in the Kerala Varma Ayurvedic Pharmacy at Trichur;

(*b*) when it was done; and

(*c*) if the Government are incurring any loss on account of the restricted production?

Answer.

(*a*) To avoid overstocking.
(*b*) On 29-1-1949.
(c) No.

റോഡുപണികൾ.

൮൬. [൧൮] ഡാക്ടർ എൻ. എസ്സ്. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആററിങ്ങൽ നിയോജകമണ്ഡലം ഗതാഗതസൗകര്യം വളരെ കുറഞ്ഞ ഒരു പ്രദേശമാണെന്നുള്ളതു പരമാർത്ഥമാണോ;

(ബി) ഇവിടെ തുടങ്ങിയിട്ടുള്ള ചില റോഡുകൾ നിറുത്തിവച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണമെന്ത്?

ഉത്തരം.

(എ) ഇല്ല.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

Dam at Korattumula.

87. [19] **Dr. N. S. Pillai:** Will the Minister for Works and Transport be pleased to state:

(*a*) how long is it since representations were made to Government for the construction of a dam at Korattumula Kavalayoor, Chirayinkil Taluk;

(*b*) is it fact that there is frequent failure of crops in Kavalayoor Ela since the dam has not been constructed; and

(*c*) if the answer to (a) and (b) are in the affirmative. what action is proposed to be taken in this matter ?

Answer.

(*a*) Petitions were being received since 1124 M. E.

(*b*) Occasionally of crops due to floods washing away the earthen dams put up by the ryots.

(*c*) An estimate for the construction of a dam has been prepared and further action will be taken in consultaton with the Food Production Board.

പാലംപണി.

൮൮. [൨൦] ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പൊളിഞ്ഞുകിടക്കുന്ന 'തിരുവാഴിയാട്' പാലം പുതുക്കി പണിയാനുള്ള നടപടികൾ ഗവണ്മെൻറ് എടുക്കുന്നുണ്ടോ;

(ബി) എന്നാണ് ഈ പണി നടക്കുമെന്നു ഗവണ്മെൻറ് പ്രതീക്ഷിക്കുന്നതു്;

(സി) ഈ പാലം എത്ര കാലമായി ഗതാഗതയോഗ്യമല്ലാതായിട്ട്?

ഉത്തരം.

(എ) ഉണ്ട്.
(ബി) കഴിയുന്നതും വേഗം.
(സി) രണ്ടുവർഷത്തോളമായി.

ആലപ്പുഴ-ചേർത്തല തോടുവെട്ട്.

൮൯. [൨൧] ശ്രീ. സി. കെ. കുമാരപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

ആലപ്പുഴ-ചേർത്തല തോടുവെട്ട് തുടങ്ങാതിരിക്കുവാൻ കാരണമെന്ത്?

ഉത്തരം.

൨൪-൯-൧൨ മുതൽ തോടുവെട്ട് വീണ്ടും തുടങ്ങിയിട്ടുണ്ട്.

Dispensary.

90. [25] **Shri K. Madhavan Unnithan:** Will the Minister for Medicine and Public Health be pleased to state :

(*a*) whether Government have received representations from the public for opening a dispensary in Suranadu, Kunnathur Taluk ;

(*b*) have the public undertaken to provide a building and accessories pending the building of a permanent building by the people themselves; and

(*c*) what action has been taken?

Answer.

(*a*) The Surgeon General has received a petition.

(*b*) The people are willing to donate a site and building for a dispensary.

(*c*) The matter is under correspondence.

Dispensary.

91. [29] **Shri E. Krishnan Nair:** Will the Minister for Medicine and Public Health be pleased to state:

(*a*) whether the Government have received any representation from the public of Kottarakara to raise the grade of the present dispensary at Kottarakara to that of a District Hospital;

(*b*) if so what action the Government have taken in the matter;

(*c*) whether the Government intend raising the dispensary to the grade of a District Hospital?

Answer.

(*a*) No.
(*b*) Does not arise.
(*c*) No.

Dispensary.

92. [31] **Shri R. Kesava Pillai:** Will the Minister for Medicine and Public Health be pleased to state:

(*a*) how far the sanction accorded to the opening of a dispensary at Oyoor of Velinalloor pakuthi of Kottarakara taluk has been given effect to;

(*b*) whether the dispensary can be begun on 1-1-1953?

Answer.

(*a*) The proposal is to open the dispensary in the Forest Range Office building at Oyoor. Sri P. Vasudevan of Velinalloor has agreed to put up a separate building to be used as Forest Guard Quarters. As soon as this building is ready arrangements will be made to start the dispensary.

(*b*) It depends on the time Sri Vasudevan will take to put up the building.

Hospital.

93. [33] **Shri C. Sankar:** Will the Minister for Medicine and Public Health be pleased to state:

(*a*) the total number of beds provided for in the Nagercoil Government Hospital;

(*b*) the total number of inpatients under treatment in it on the first and last day of last July, August and September?

Answer.

(a) 48.
(b) On 1st July 1952 54
On 31st July 1952 47
On 1st August 47
On 31st August 34
On 1st September 34
On 30th September 52

കുഴൽ കിണർ

൯൪. [൩൪] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ പരീക്ഷണാർത്ഥം സ്ഥാപിക്കാൻ തീരുമാനിച്ച കുഴൽകിണറിന്റെ പണി ആരംഭിച്ചോ;

(ബി) ഇല്ലെങ്കിൽ എന്നു മുതൽ തുടങ്ങും?

ഉത്തരം.

(എ) ഇല്ല.

(ബി) സംസ്ഥാനത്തു സ്ഥാപിക്കുവാനുദ്ദേശിക്കുന്ന കുഴൽ കിണറുകളുടെ പ്രയാറിറ്റിലിസ്റ്റിൽ അവസാനത്തെ രണ്ടെണ്ണമായിട്ടാണ് ഇവയെ ഉൾപ്പെടുത്തിയിരിക്കുന്നതു്. അതുകൊണ്ടു് ആദ്യത്തെ ഒൻപതെണ്ണവും തീർന്നശേഷം ഇവയുടെ പണി ആരംഭിക്കുന്നതാണ്.

ഭ്രാന്താശുപത്രി.

൯൫. [൩൫] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കടയിൽ ഉള്ള മെൻറൽ ആശുപത്രി സ്ഥാപിച്ചിട്ട് ഇപ്പോൾ എത്ര വർഷമായി;

(ബി) എത്ര രോഗികൾ ഇപ്പോൾ അവിടെ ചികിത്സയിലുണ്ട്;

(സി) ഏതെല്ലാം രീതിയിലുള്ള ചികിത്സാ സമ്പ്രദായങ്ങൾ അവിടെ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഒരുവർഷം എന്തു തുക ആ ആശുപത്രിക്കു ചെലവാകുന്നു?

ഉത്തരം.

(എ) ൫൨ വർഷമായി.

(ബി) ഇപ്പോൾ ൨൧൨ രോഗികൾ (in patients) അവിടെയുണ്ട്.

(സി) താഴെ പറയുന്ന രീതിയിലുള്ള ചികിത്സാസമ്പ്രദായങ്ങൾ അവിടെ സ്വീകരിച്ചിട്ടുണ്ട്.

(൧) ഷോക്ക്തെറാപ്പി. (Shock therapy) (ഇലക്ട്രിക്കൽ)
(൨) ഇൻസുലിൻ. (insulin-shock therapy)

(ഡി) ഒന്നേകാൽ ലക്ഷം രൂപ ചിലവുണ്ട്.

കുഴൽകിണറുകൾ.

൯൩. [൪൧] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ പറയക്കടവിലും ആയിരംതെങ്ങിലും സ്ഥാപിച്ചിട്ടുള്ള കുഴൽകിണറുകൾ ഇപ്പോൾ ഉപയോഗശൂന്യമായ മട്ടിലാണെന്നു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറിൻെറ പക്കലുള്ള "എയർകംപ്രസർ" എന്ന യന്ത്രമുപയോഗിച്ചു് അവ നന്നാക്കാമോ എന്നു പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എന്നത്തേയ്ക്കു്?

ഉത്തരം.

(എ) ഉണ്ടു്. വെള്ളത്തിനു് കുറവുവന്നിട്ടുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.
(ബി) അവ നന്നാക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

ആയുർവേദവൈദ്യശാല.

൯൧. [൭൫] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ താലൂക്കു് പുള്ളു് വില്ലേജിൽ ഗവണ്മെൻറു് പണികഴിച്ചിട്ടുള്ളതും വളരെ കാലമായി ദുരുപയോഗമായി കിടക്കുന്നതുമായ കോ-ഓപ്പറേറ്റീവു് ബിൽഡിംഗ്സിൽ സർക്കാർവക ഒരായുർവ്വേദ വൈദ്യശാല ഏർപ്പെടുത്തിക്കൊടുക്കാനാവശ്യപ്പെട്ടുകൊണ്ടു് ആ നാട്ടുകാരുടെ വല്ല നിവേദനവും ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പററി എന്തു നടപടി എടുത്തു?

ഉത്തരം.

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

QUESTIONS POSTED FOR ANSWER ON 30-10-1952†

൯൮. [൫] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് വനംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കുളത്തൂപ്പുഴ ഒരു മി: എ. പി. നൈനാനു് അദ്ദേഹത്തിൻെറ പതിവിലുള്ള സ്ഥലത്തു നിന്നും സർക്കാർ തടികൾ ഏക്കറിനു് എത്ര രൂപാ വച്ചു് റായൽട്ടി നൽകി വെട്ടിക്കൊള്ളുന്നതിനാണു് അനുവദിച്ചിരുന്നതു്;

(ബി) മേൽപ്പറഞ്ഞ സ്ഥലത്തുനിന്നും ഫാറസ്ററുകൺസർവേററർ ഏക്കറിനു് എത്ര രൂപ വച്ചു് ഈടാക്കേണ്ടതാണെന്നാണു് ശുപാർശ ചെയ്തി

† As the Assembly decided not to take up questions on 30-10-1952, the questions entered for that day are printed here as unstarred questions,

രുന്നതു്; കൺസർവേററുടെ ശുപാർശയിൽ കുറച്ചാണോ അനുവാദം നൽകിയതു്;

(സി) ആണെങ്കിൽ അതിൻെറ ഫലമായി ഗവണ്മെൻറിനു് എന്തു നഷ്ടം വന്നിട്ടുണ്ടു്?

ഉത്തരം.

(എ) ഇരുന്നൂറു് (൨ ൦ ൦) രൂപ വച്ചു്.

(ബി) പൊതുതാൽപ്പര്യത്തെ പരിഗണിച്ചു് പറയുവാൻ സാദ്ധ്യമല്ല.

(സി) ഗവണ്മെൻറിനു നഷ്ടമില്ല.

എക്സ്സർവ്വീസുകാർ.

൯൯. [൨] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧-൧൧-൪൬ മുതൽ ൧൪ എക്സ്സർവ്വീസുകാരെ ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിൽ വനം സംരക്ഷണത്തിനായി നിയമിച്ചിട്ടുണ്ടായിരുന്നോ;

(ബി) ഇവക്കു് എന്തെങ്കിലും പ്രത്യേകപരിശീലനം നൽകപ്പെട്ടിരുന്നോ;

(സി) ഇവരുടെ ജോലി എന്തായിരുന്നു;

(ഡി) ഇവരെ സർവ്വീസിൽ നിന്നും ഇപ്പോൾ പിരിച്ചുവിട്ടിരിക്കയാണോ;

(ഇ) പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ എന്നാണു് പിരിച്ചുവിട്ടതു്;

(എഫ്) പിരിച്ചുവിട്ടതിനു ശേഷം ഈ ഡിപ്പാർട്ടുമെൻറിൽതന്നെ മററൊഴിവുകളിൽ ഇവരെ നിയമിക്കുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ടോ;

(ജി) ഇവരെ സർവ്വീസുകമ്മീഷണരുടെ ശുപാർശ അനുസരിച്ചാണോ നിയമിച്ചിരുന്നതു്;

(എച്ചു്) ആണെങ്കിൽ ഏതു തുറയിലാണു് നിയമിക്കുവാൻ ശുപാർശ ചെയ്തിരുന്നതു്;

(ഐ) അതിൽ എന്തെങ്കിലും ഭേദഗതി ഡിപ്പാർട്ടുമെൻറു മേധാ

ഉത്തരം.

(എ) ഉണ്ടായിരുന്നു.

(ബി) നൽകിയിരുന്നു.

(സി) വനസംരക്ഷണം.

(ഡി) ആണു്.

(ഇ) ൧൯൪൯ ഡിസംബർമാസത്തിൽ.

(എഫ്) പബ്ലിക്ക്സർവ്വീസുകമ്മിഷൻെറ ഉപദേശാനുസരണം ഇവരിൽ രണ്ടുപേരെ വീണ്ടും ഫാറസ്ററ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുണ്ടു്. കൂടാതെ രണ്ടുപേരെ കുടിയിറക്കു സംബന്ധിച്ചു് ഗാർഡുമാരായി നിയമിച്ചിട്ടുണ്ടു്.

(ജി) അതേ.

(എച്ച്) ഷാംസ്റ്റൊർഡുകളായി.
(ഐ) ഇല്ല.

Sarvodaya Centres

100. [5] **Shri K. Bhanu:** Will the Chief Minister be pleased to state:

(*a*) the number of Sarvodaya Centres opened or proposed to be opened in our State and the grant given by the Government of India to each centre;

(*b*) the steps taken by this Government to open more centres in the near future?

Answer.

(*a*) Government have no information.
(*b*) No steps have been taken.

Civil list.

101. [6] **Shri K. Bhanu:** Will the Chief Minister be pleased to state:

(*a*) when the Civil List of this State Government was last published; and
(*b*) why this publication was stopped?

Answer.

(*a*) No Civil List of the integrated State has been published so far. The latest editions of the erstwhile Travancore Civil List and the Cochin Civil List were published on 1-10-1124 and 1-1-1124 respectively.

(*b*) Integration of the two States took place on 1-7-1949| 17-11-1124 and so Government considered it desirable to publish the Civil List after completing the services integration.

കൊച്ചി മഹാരാജാവിന്റെ കൊട്ടാരങ്ങളും എസ്റ്റേറ്റുകളും.

൧൦൨. [൭] ശ്രീ. ഐ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മഹാരാജാവിന്റെ വകയായി സംസ്ഥാനത്തിനു പുറത്തുണ്ടായിരുന്ന കൊട്ടാരങ്ങളും എസ്റ്റേറ്റുകളും ഇപ്പോൾ ആരുടെ കൈവശമാണ്;

(ബി) നീലഗിരിയിലുള്ള "സ്പ്രിംഗ്ഫീൽഡ്" കൊട്ടാരവും എസ്റ്റേറ്റുകളും ആർക്കെങ്കിലും പാട്ടത്തിനു കൊടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ആർക്ക്, എന്തു തുകയ്ക്ക്, എത്ര കാലത്തേക്കാണ് കൊടുത്തിട്ടുള്ളത്?

ഉത്തരം.

(എ) കുന്നൂരുള്ള സ്പ്രിങ്ങ്ഫീൽഡ് കൊട്ടാരവും മദ്രാസിലെ ട്രൂലക്ക് ഗാർഡൻസും (സർവ്വാധികാര്യക്കാരുടെ ഓഫീസ്, ദിവാൻ ബംഗ്ലാവ്, മഹാരാജാവിന്റെ ശവകുടീരം ഇവ ഉൾപ്പെടുന്ന മൂന്നു ഏക്കർ

ഭൂമി കഴിച്ചു ബാക്കി) ഗവണ്മെന്റിന്റെ അധീനത്തിലാണ്. കന്നൂരിലെ എൽക്കിൽ കൊട്ടാരം മഹാരാജാവിന്റെ അധീനത്തിലാണ്.

(ബി) ഉണ്ട്.

(സി) കന്നൂരിലുള്ള സ്പ്രിങ്ങ്ഫീൽഡ് കൊട്ടാരവും അതിനടുത്ത എസ്റ്റേറ്റുകളും, ചാലക്കുടിയിലുള്ള ആനമല ടിമ്പർ ട്രസ്റ്റിലെ ശ്രീ. ഇ. ജോൺകുരുവിളയ്ക്കു കൊല്ലത്തിൽ ൩൦൦൧ രൂപ വീതം ൧൨ കൊല്ലത്തേക്ക പാട്ടത്തിന കൊടുക്കുവാൻ കല്പനയായിട്ടുണ്ട്.

Lands at Vandanmettu and Aiyappancoil.

103. [8] **Shri P. S. Nataraja Pillai:** Will the Minister for Revenue be pleased to state:

(*a*) the number of acres under cultivation from the forest reserve area and poramboke lands respectively at Vandanmettu and Aiyappancoil;

(*b*) the number of acres authorised by Government to be cultivated from the forest reserve and poramboke respectively at Vandanmettu and Aiyappancoil;

(*c*) the number of persons who are in possession of these lands;

(*d*) the number of dwellings in these lands and the number of families who live there; and

(*e*) whether any steps have been taken to evict unauthorised occupation if any and if so, when and the area resumed and number of persons evicted.

Answer.

(*a*) Vandanmettu 3,500 acres.
Aiyappancoil 15,000 acres.

(*b*) Vandanmettu 4,000 acres.
Aiyappancoil 3,000 acres.

(*c*) Vandanmettu 1050.
Aiyappancoil 1,550.

(*d*) Vandanmettu 1948 dwellings—1100 families.
Aiyappancoil 2000 dwellings—1560 families.

(*e*) Steps are being taken as per Government Press Note dated 13-9-1952.

Kuthagapattom lessees.

104. [9] **Shri P. S. Nataraja Pillai:** Will the Minister for devenue be pleased to state:

(*a*) whether Government proposes to give permanent occupancy rights to Kuthagapattom lessees; if so on what conditions;

(*b*) whether permanent improvements such as constructing houses, planting fruits trees like cocoanut, jack etc., are being done by Kuthagapattom lessees on kuthagapattom Government lands; and

(*c*) what action is proposed to be taken against kuthagapattom lessees who make permanent improvements on kuthagapattom lands?

Answer.

(*a*) No.

(*b*) Yes, in certain cases with the previous permission in writing of the officer or authority who sanctioned the lease.

(*c*) If permanent improvements are made without permission, the lease is liable to be cancelled.

Audit of Chitties.

105. [10] **Shri P. S. Nataraja Pillai:** Will the Minister for Revenue be pleased to state:

(*a*) who is authorised to audit the accounts of chitties in the State under the Chitties Act;

(*b*) are they Government Officers or qualified auditors;

(*c*) whether there are complaints that the present managements for auditing chitty accounts are not satisfactory and cause unnecessary hardship to people?

Answer.

(*a*) Chitty auditors appointed by Government.

(*b*) Government Officers.

(*c*) No.

ഭൂമി പതിവ്.

൧൦൬. [൧൧] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) രാഷ്ട്രീയ യാതനക്കാർക്ക് ഭൂമി പതിച്ചു് കൊടുക്കുന്ന നയം ഗവൺമെൻറ് ഇപ്പോഴും അനുവർത്തിച്ചുവരുന്നുണ്ടോ;

(ബി) യാതനാവേതനമായി ഭൂമി മേലാൽ പതിച്ചുകൊടുക്കുകയില്ലെന്നു് ഗവൺമെൻറ് എപ്പോഴെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) മീനാട്ടുപകുതിയിൽ കല്ലുവാതുക്കൽ ഉള്ള റിസർവ്വ് ഭൂമി ൧൯൫൨ സെപ്റ്റംബർ മാസത്തിൽ കാൺഗ്രസ്സിലെ യാതനക്കാർക്കായി പതിച്ചുകൊടുത്തിട്ടുണ്ടോ;

ഉത്തരം.

(എ) യാതനക്കാർക്ക് ഭൂമി ഒരിക്കലും പതിച്ചു (Registry) കൊടുത്തിരുന്നില്ല, കുത്തകപ്പാട്ടമായാണ് ഭൂമി കൊടുത്തുവന്നിരുന്നതു്. യാതനക്ക് ഭൂമി കൊടുക്കുന്ന നയം ഇപ്പോൾ ഗവൺമെൻറ് തുടരുന്നില്ല.

(ബി) യാതനക്ക് ഭൂമി പതിച്ചോ പാട്ടമായോ മേലാൽ കൊടുക്കുകയില്ലെന്നു് ഗവൺമെൻറ് ഈയിടെ പ്രഖ്യാപിച്ചിട്ടുണ്ടു്.

(സി) അങ്ങനെ പതിച്ചുകൊടുത്തിട്ടില്ല. എന്നാൽ മേൽപറഞ്ഞ തീരുമാനം ഗവൺമെൻറ് എടുക്കുന്നതിനു് കുറച്ചുമുൻപു് ചില യാതനക്കാർക്ക കുത്തകപാട്ടമായി കൊടുക്കുവാൻ ഉത്തരവായ മീനാട്ട് പകുതിയിലുള്ള ഭൂമി അതിൽ ചിലക്ക് ൧൯൫൨ സെപ്റ്റംബർ മാസത്തിൽ കൈവശം കൊടുത്തതായി റിപ്പോർട്ടു് ലഭിച്ചിട്ടുണ്ടു്.

പോലീസ് ഇടപെടൽ.

൧൦൭. [൧൧] ശ്രീ പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതു ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ കുഴപ്പങ്ങളിൽ പോലീസ് ഇടപെടുന്നതു് ലേബർ വകുപ്പിൽനിന്നും ആവശ്യപ്പെടുന്നതനുസരിച്ചാണോ;

(ബി) എല്ലാ തൊഴിൽകുഴപ്പങ്ങളിലും പോലീസിനെ ഇടപ്പെടുത്തുന്നതു് ഗവണ്മെൻറിൻെറ നയമാണോ;

(സി) തൊഴിലാളികളെ അറസ്റ്റുചെയ്തു് മൂന്നും നാലും ദിവസം റിമാൻറ ചെയ്യാതെ അനധികൃതമായി കസ്റ്റഡിയിൽ വച്ചിരുന്നതായി കൊല്ലം പോലീസിനെപ്പററി പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

ഉത്തരം.

(എ) (ബി) തൊഴിൽ കുഴപ്പങ്ങളിൽ പോലീസ് ഇടപെടുന്നില്ല. എന്നാൽ തൊഴിൽകുഴപ്പംമൂലം സമാധാനലംഘനം ഉണ്ടാകാൻ ഇടയുള്ള സന്ദർഭങ്ങളിൽ സമാധാനപരിപാലനത്തിനുവേണ്ടി പോലീസ് ഇടപെടേണ്ടതായിവരും.

(സി) ഉണ്ടു്;

(ഡി) അന്വേഷണത്തിൽ പരാതി അടിസ്ഥാനരഹിതമാണെന്നു അറിവാകയാൽ നടപടി ഒന്നും നടത്തിയിട്ടില്ല.

Disciplinary action by the Director of Public Instruction.

108. [13] **Shri E. P. Varghese:** Will the Minister for Education be pleased to state:

(*a*) the number of petitions for cancelling the orders of disciplinary actions taken by the Director of Public Instruction against teachers in aided private schools received by the Minister since the formation of the present Ministry;

(*b*) the number disposed of; and

(*c*) the number pending for the receipt of the report of the Director of Public Instruction?

Answer.

(*a*) Two petitions were received.

(*b*) One.

(*c*) One. Report of the Director of Public Instruction was received. But the matter is under further reference to him.

Survey plans.

109. [15] **Shri O. C. Ninan:** Will the Minister for Revenue be pleased to state:

(*a*) is the Government aware that no survey plans are now kept in the pakuthi offices;

(*b*) is it a fact that till recently survey plans were kept in the pakuthi offices also;

(c) will the Government be pleased to take steps to keep a copy of the pakuthi survey plans including measurement plans in each of the pakuthies; and

(d) has it come to the notice of Government that much delay and trouble is caused to the public and to commissioners in civil courts for the execution of their work owing to the absence of survey plans in pakuthi offices?

Answer.

(a) There are survey plans in all the villages of the erstwhile Cochin area. In some pakuthies of the erstwhile Travancore area survey plans are not available.

(b) No, as regards the Travancore area.

(c) Original Field Measurement sketches are kept in Taluk Offices. Duplicate copies were supplied to the pakuthi offices. But due to long and frequent use, the records in some of the pakuthies have become unfit for use. Action has already been taken for copying down the damaged original field measurement sketches and also for reprinting the village maps which have become out of stock.

(d) No.

Survey Department.

110. [16] **Shri O. C. Ninan:** Will the Minister for Revenue be pleased to state:

(a) have the Survey Superintendent inspected the survey operations in all the taluks in 1951;

(b) is the Survey Superintendent inspecting the work of the Revenue Supervisors attached to each taluk;

(c) whether any action has been taken to bring down the arrears in all the taluks; if so what action; and

(d) what is the total amount realised by the Government in 1951 for replanting survey stones?

Answer.

(a) No. The Superintendent of Travancore Survey has inspected the work in respect of 18 Taluks in the Travancore area. There are no survey operations in the erstwhile Cochin State. But the Superintendent of Survey and Land Records has inspected all the Taluks of Cochin.

(b) Yes.

(c) Yes, stringent instructions have been issued to the officers concerned to clear off the arrears as expeditiously as possible.

(d) Rs. 6,154-10-4.

Commissioners in Civil Courts.

111. [17] **Shri O. C. Ninan:** Will the Minister for Home Affairs be pleased to state:

(a) who all are entitled to be appointed as Commissioners n Civil Courts;

(b) is there any qualification prescribed for the so-called special Commissioners; and

(c) who appoints them?

Answer.

(a) & (b) The rules on the subject are placed on the table. *

(c) They are appointed by the District Judges in the District Courts and by the Munsiffs in the Munsiffs Courts.

Staff of Taluk Cutcherries.

112. [19] **Shri N. P. Varghese**: Will the Minister be pleased to state:

(a) whether the reorganisation of the Treasuries has resulted in experienced hands being promoted and drafted to the treasuries;

(b) are subordinates for such vacancies being provided in Taluk Cutcherries;

(c) are Government aware that work in Taluk Cutcherries is suffering for want of adequate and experienced staff; and

(d) have Government any proposal for reorganising Taluk Cutcherries and making them up-to-date and efficient by providing selected staff, equipments, typewriters, etc?

Answer.

(a) Yes, to some extent.

(b) Yes, excepting in a few vacancies in the lower grades. Advice on recruitments of the Public Service Commission is awaited.

(c) Yes, to some extent for want of adequate staff.

(d) Steps are in progress to fill up the vacancies, to supply typewriters etc.

Tamil Publication in the Gazette.

113. [22] **Shri P. Ramaswami Pillai**: Will the Chief Minister be pleased to state:

(a) have the Government issued any order not to publish notifications, proceedings of Government and other matters in Tamil in the Government Gazette;

(b) if not why is it that no Tamil publication is made; and

(c) if the answer to part (a) is in the affirmative, what are the reasons for such an order?

Answer.

(a) No.

(b) Tamil translations of such matters are published in copies of the Gazette supplied to the Tamil area, comprising the four taluks in the South; Shencottah, and to the other offices and persons who require them.

(c) In view of the answer to part (a) this question does not arise.

---

* Please see appendix III.

Acts and Proclamations.

114. [23] **Shri P. Ramaswami Pillai:** Will the Minister be pleased to state;

(*a*) is there any authorised compilation of all the existing laws of this State;

(*b*) if not, does the Government propose taking any steps for the publication of the laws as that of the Regulations and Proclamations;

(*c*) are the Government aware that the public are put to much inconvenience for want of such a volume?

Answer.

(*a*) Authorised compilations of Travancore Laws have been published up to the end of 1120. Similar compilation have been published in Cochin up to the end of 1123. The laws passed by Travancore-Cochin from 1-6-1950 to 31-12-1950 have been published in book form and are available for sale. Volumes containing the laws passed by Travancore-Cochin in 1951 have been printed and will be shortly published.

Volumes for 1952 are also being printed.

Over and above the annual volumes the enactments passed after integration having application thorughout the State are being printed as a State Code.

The Central Laws applicable to the State cannot be compiled by the State for sale. Government have made arrangements with the Central Government to make the Central laws available in the State and Government Press is having stock of such Central Government publications on an agency basis.

(*b*) Does not arise in view of the answers to (a).

(*c*) Yes. Steps have already been taken to remove the inconvenience, if any.

Occupation of Government land.

115. [24] **Shri P. Ramaswami Pillai:** Will the Minister for Land Revenue be pleased to state:

(*a*) what is the total extent of Government land in Devicolam taluk occupied by private individuals without any authority;

(*b*) has any such individual been evicted this year;

(*c*) if so how many of them and the extent of eviction;

(*d*) is it a fact that such occupants are mostly people residing outside the Devicolam taluk?

Answer.

(*a*) About 20,000 acres.

(*b*) Yes.

(*c*) 261 encroachers were evicted from an extent of 216 acres 8 cents.

(*d*) No.

കുടിയിറക്ക്.

൧൧൬. [൨൬] ശ്രീ. പി. ഭാസ്കരൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ൧൯൫൨ ജൂലൈ ആഗസ്റ്റ്മാസങ്ങളിൽ അയ്യപ്പൻകോവിൽ കൃഷിസ്ഥലങ്ങളിൽ താമസിച്ചിരുന്ന എത്ര കുടുംബത്തെ കുടിയിറക്കി;

(ബി) അവരുടെ കൃഷിസ്ഥലങ്ങളിൽ നിന്നിറക്കിവിടുകയും കാവലിനു ആളില്ലാതെ വരികയും ചെയ്യാൽ കാട്ടാനകയറി നെൽകൃഷി ഒട്ടേറെ നശിപ്പിച്ചു എന്ന വസ്തുത ഗവണ്മെൻറ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) അയ്യപ്പൻകോവിൽ കുടിയിറക്കപ്പെട്ട കൃഷിക്കാരിൽ എത്ര പേർ അഞ്ചേക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവരായിരുന്നു;

(ഡി) മറെറാരിടത്തും ഒരിഞ്ചു ഭൂമിപോലും സ്വന്തമില്ലാത്തവർ കുടിയിറക്കപ്പെട്ടവരിൽ എത്രപേർ ഉണ്ടെന്നു സക്കാർ അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അന്വേഷിക്കുമോ ?

ഉത്തരം.

(എ) മൂന്നു കുടുംബങ്ങളെ കുടിയിറക്കി എങ്കിലും ഗവണ്മെൻറ് നിർദ്ദേശപ്രകാരം അവരെ വീണ്ടും കുടിപാർപ്പിക്കുകയും ചെയ്തു.

(ബി) ഇല്ല.

(സി) സ്ഥിതി വിവരക്കണക്കുകൾ ഇപ്പോൾ ഇല്ല. ഇതിനായി നിയമിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽ സ്റ്റാഫ് സെൻസസ് എടുത്തു തീർത്തിട്ടില്ല.

(ഡി) അന്വേഷിച്ചിട്ടില്ല. അന്വേഷിപ്പാൻ വിരോധമില്ല.

Construction of the Community Project Office.

117. [27] **Shri A. Kunjan Nadar:** Will the Chief Minister be pleased to state:

(a) whether tenders were invited for the construction of the Community Project Office and its approach road at Aralumood ;

(b) if so, how and where were they published ;

(c) the amounts for which these works were given ; and

(d) whether the works were given to the contractors within the project area or outside it ?

Answer.

(a) Yes.

(b) Tender notices inviting quotations were put up at the office of the Project Executive Officer in Trivandrum.

(c) 1. The estimate amount for the construction of office was Rs. 4830|-and the work was entrusted to the contractor for Rs. 4511|-

2. The estimate for approach roads, gates and wire fencing is Rs. 8, 575|- The works were entrusted for Rs. 8088|-

(d) The Contractors belong to the Project area.

മജിസ്ട്രേട്ടന്മാരുടെ നിയമനം.

൧൧൮. [൨൮] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ൧൯൫൨ ജനുവരിക്കുശേഷം മജിസ്ട്രേട്ടന്മാരായി (പരിശീലനത്തിനോ, നിയമനത്തിനോ) അപേക്ഷകൾ ക്ഷണിച്ചിരുന്നോ;

(ബി) ക്ഷണിച്ചിരുന്നു എങ്കിൽ എത്രപേർ അപേക്ഷിച്ചിരുന്നു; എത്ര പേരെ സെലക്ട് ചെയ്തു;

(സി) അപേക്ഷകരിൽ പട്ടികജാതിക്കാർ എത്ര;

(ഡി) സെലക്ട് ചെയ്തത് എത്ര;

(ഇ) സെലക്ഷനു ഉണ്ടായിരിക്കേണ്ട യോഗ്യതകൾ എന്തെല്ലാം?

ഉത്തരം.

(എ) പരിശീലനത്തിനു അപേക്ഷകൾ ക്ഷണിച്ചു. പിന്നീട് ആ പരസ്യം പിൻവലിക്കയും ചെയ്തു.

(ബി) സി. ഡി. ഇ. എ. വിഭാഗത്തിലെ ഉത്തരം അനുസരിച്ച് ഇവ ഉദിക്കുന്നില്ല.

തൊഴിലില്ലായ്മയും പട്ടിണിയും.

൧൧൯. [൩൦] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ തൊഴിലില്ലായ്മയും പട്ടിണിയും ഉള്ളതായി സർക്കാരിനു ബോദ്ധ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പരിഹാരാർത്ഥം സർക്കാർ ചെയ്ത നടപടികളെന്താണെന്നു വ്യക്തമാക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) തൊഴിൽ കൊടുക്കാനായി ചില മരാമത്തു ജോലികൾ ആരംഭിച്ചിട്ടുണ്ട്. പട്ടിണി പരിഹാരാർത്ഥം കുട്ടികൾക്ക് ഉച്ചഭക്ഷണം സൗജന്യമായി കൊടുക്കുകയും ചീഫ് മിനിസ്റ്ററുടെപേരിൽ ഒരു ഫണ്ട് തുറന്നു ഇതിലേക്ക് ധനശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്.

പട്ടിണി ജാഥയുടെ നേരെ ആക്രമണം.

൧൨൦. [൩൧] ശ്രീ. ടി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ലേബർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൨ സെപ്റ്റംബർ ൨൧-ാം നെയ്യാറ്റിൻകര താലൂക്കിലെ നെയ്ത്തു തൊഴിലാളികൾ നടത്തിയ പട്ടിണിജാഥയുടെ മേൽ, നെയ്യാറ്റിൻകര പെരിങ്ങമ്മല എന്ന സ്ഥലത്തുവച്ച് ഏതാനും ഗൗഡികൾ ആക്രമണം നടത്തിയതായി ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അക്രമികളുടെ പേരിൽ ഗവർമ്മെന്റ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ഉത്തരം.

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ടൈപ്പിസ്ററുകളുടെ ശമ്പളം.

൧൨൧. [ന. ൪] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സർക്കാരിന്റെ കീഴിൽ ജോലി നോക്കുന്ന ടൈപ്പിസ്ററുകളുടെ ശമ്പളം വർദ്ധിപ്പിക്കണമെന്ന് കാണിച്ച് വല്ല മെമ്മോറാണ്ഡവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ടൈപ്പിസ്റ്റന്മാരുടെ മാത്രം ശമ്പളപരിഷ്കാരം ഭാഗികമായി തീർച്ചചെയ്യാൻ നിവൃത്തിയില്ല. സംസ്ഥാനത്തെ സാമ്പത്തികസ്ഥിതിയെ അടിസ്ഥാനപ്പെടുത്തി പൊതുവെ ശമ്പളം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

പത്തുമലതോട്ടം വെടിവയ്പ്.

൧൨൨. [ന. ൫] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെപറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തുമലതോട്ടത്തിൽ ൧൯൫൨ ഏപ്രിൽ ൨൨-ാംനു നടന്ന വെടിവയ്പിനെ സംബന്ധിച്ചോ മററു ക്രമക്കേടുകൾ സംബന്ധിച്ചോ തൊഴിലാളികളുടെമേൽ എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്;

(ബി) ആ കേസുകൾ ഏതു മജിസ്ത്രേട്ടു വിചാരണ ചെയ്യുന്നു? ആ കേസുവിചാരണ ചെയ്യുന്ന മജിസ്ത്രേട്ടു തന്നെയാണോ തൊഴിലാളികളുടെമേൽ വെടിവയ്ക്കുന്നതിനു പോലീസിനു ഉത്തരവു കൊടുത്തതു്?

ഉത്തരം.

(എ) ൩ കേസുകൾ.

(ബി) കേസുകൾ പീരുമേട് ഒന്നാംക്ലാസ് മജിസ്ത്രേട്ടു കോടതിയിൽ ഫയൽചെയ്തു. വിചാരണ തുടങ്ങിയിട്ടില്ല. കേസിന്റെ വിചാരണയ്ക്കും മററം ഏർപ്പാടുകൾ ചെയ്യുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നു.

കൈക്കൂലി.

൧൨൩. [ന. ൬] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

തിരുവിതാംകൂർ-കൊച്ചി മന്ത്രിസഭയിലെ ഒരംഗത്തിന്റെ മേൽ തിരുവിതാംകൂർ-കൊച്ചിയിലെ ഒരു പാർലമെൻറ മെമ്പർ കൈക്കൂലിക്കുററം ആരോപിച്ചു് ഒരു പ്രസ്താവന ചെയ്തിരിക്കുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം.

ഉണ്ട്.

സൎവ്വീസ് സംയോജനം.

൧൨൪. [൩൧] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരംപറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സൎവ്വീസ് സംയോജനം പൂൎത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, സംയോജനം നടന്നിട്ടില്ലാത്ത ഡിപ്പാർട്ടുമെൻറുകൾ ഏതെല്ലാമെന്നും ഈ താമസത്തിനു കാരണമെന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം.

(എ) എല്ലാം ഡിപ്പാർട്ടുമെൻറിലും പൂൎത്തിയായിട്ടില്ല.

(ബി) ഇൻഷ്വറൻസ്, എക്സൈസ്, ലെജിസ്ലേച്ചർ സെക്രട്ടറിയേററ്, സെക്രട്ടറിയേററ് ലാ ഡിപ്പാർട്ട്മെൻറ്, അഡ്വക്കേററ്ജനറൽസ് ആഫീസ്, റീസെററിൽമെൻറ് എംപ്ലോയിമെൻറ് എക്സ്ചെയിഞ്ച് എന്നീ വകുപ്പുകളിലെ സൎവ്വീസ് സംയോജനം പൂൎത്തിയായി. പബ്ലിക്ക് ഹെൽത്ത്, മ്യൂസിയം ആൻറ് സൂ, മെഡിക്കൽ, ആഗ്രിക്കൾച്ചർ, പബ്ലിക്ക് റിലേഷൻസ്, പിന്നോക്കസമുദായോദ്ധാരണം എന്നീ വകുപ്പുകളുടെ സൎവ്വീസ് സംയോജനസ്റ്റേററമെൻറുകൾ പബ്ലിക്ക്സൎവ്വീസ് കമ്മീഷനു അയച്ചിട്ടുണ്ട്. മററു വകുപ്പുകളിലെ സൎവ്വീസ് സംയോജനനടപടികൾ നടന്നുകൊണ്ടിരിക്കുകയാണു്.

ഞാൻ മുമ്പൊരിക്കൽ പറഞ്ഞിട്ടുള്ളതുപോലെ സൎവ്വീസ് സംയോജനം സംബന്ധിച്ചു വൈഷമ്യമേറിയ പല പ്രശ്നങ്ങളും ഉള്ളതുകൊണ്ടാണു് അതു പൂൎത്തിയാകുവാൻ താമസം നേരിടുന്നതു്.

ഭക്ഷ്യോൽപ്പാദന പദ്ധതികൾക്കായി അനുവദിച്ചിരുന്ന തുക.

൧൨൫. [൩൨] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യോൽപ്പാദനപദ്ധതികൾക്കായി ൧൯൪൯-൫൦-ലേയ്ക്കും, ൧൯൫൦-൫൧-ലേയ്ക്കും, ൧൯൫൧-൫൨-ലേയ്ക്കും ഗ്രോ മോർ ഫുഡ് ഗ്രാൻറ് ഇനത്തിൽ ഇൻഡ്യാഗവണ്മെൻറ അനുവദിച്ചിരുന്ന ഏതെങ്കിലും തുക ലാപ്സായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ യഥാക്രമം എത്രരൂപ വീതം;

(സി) ഇപ്രകാരം തുകകൾ ലാപ്സാകാൻ കാരണമെന്തു്?

ഉത്തരം.

(എ) ഇല്ല. അനുവദിച്ചിട്ടുള്ള ഗ്രാൻറ് അഡ്ജസ്ററ് ചെയ്യുന്നതു സംബന്ധിച്ചു് ചില സാങ്കേതികതടസ്സങ്ങൾ ഉന്നയിച്ചിട്ടുള്ളതിന്മേൽ എഴുത്തുകുത്തു് നടന്നുകൊണ്ടിരിക്കയാണു്.

(ബി) എ-യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

സാമിൽ തൊഴിലാളി സമരം.

൧൨൬. [൪൦] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) "കൊല്ലത്തെ സാമിൽ തൊഴിലാളി സമരം തകർക്കാൻ ആഭ്യന്തരമന്ത്രി ഉപദേശം നൽകിയിട്ടുണ്ട്. കൊല്ലത്തെ സാമിൽ ഉടമസ്ഥന്മാരുടെ പക്കൽനിന്നും, മി. ടി. എം. വറുഗീസ് പണം വാങ്ങിയിട്ടുണ്ടെന്നുള്ളതിന് വിശ്വാസയോഗ്യമായ തെളിവുകൾ കൊടുക്കുവാൻ ഞാൻ തയാറാണ്" എന്ന് സ: എൻ. ശ്രീകണ്ഠൻനായർ എം. പി. ചെയ്ത പ്രസ്താവന അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം.

(എ) ഉണ്ട്.

(ബി) ആരോപണം അവ്യക്തമെന്നു മാത്രമല്ല സത്യവിരുദ്ധവും നിരുത്തരവാദപരവുമാണ്. കൂടാതെ നികൃഷ്ടമായ രാഷ്ട്രീയോദ്ദേശത്തോടുകൂടി പ്രയോഗിച്ചിട്ടുള്ള ഒരായുധവും കൂടിയാണെന്നു ഗവണ്മെന്റിനു ബോദ്ധ്യമുണ്ട്. അവഗണനമാത്രം അർഹിക്കുന്ന ഈ ആരോപണം അവഗണിക്കുകമാത്രം ചെയ്യേണ്ട ആവശ്യമേ ഉള്ളു എന്നു ഗവണ്മെന്റു കരുതുന്നു.

ചവറ ഉപതെരഞ്ഞെടുപ്പ്.

൧൨൭. [൪൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ ഉപതെരഞ്ഞെടുപ്പ് സംബന്ധിച്ച് നടന്ന പ്രചരണയോഗങ്ങളിൽ മന്ത്രിമാർ പങ്കു കൊണ്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്തിയത് സ്റ്റേറ്റുകാറുകളിലായിരുന്നോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) അതെ.

Failure of crops.

128. [45] **Shri T. S. Ramaswami:** Will the Chief Minister be pleased to state:

(*a*) whether the Government is aware of the total failure of crops during the last season in thousands of acres of paddy lands in South Travancore and the acute distress caused by the failure of rains and drought conditions in South Travancore; and

(*b*) what steps the Government have taken or are in the contemplation of the Government to give relief measures to the peasants and landless workers of South Travancore in this period of extraordinary distress?

Answer.

(*a*) There was a partial failure of crops in South Travancore. A total area of 8498 acres 42 cents in the Taluks of Thovala, Agastiswaram, Kalkulam and Vilavancode was affected by drought.

(*b*) Two feet depth of water from the Mudakkal Reservoir was drawn and supplied to areas affected by drought for irrigation purposes. The question of granting remission of tax is being enquired into.

Palace Guards.

129. [46] **Shri T. S. Ramaswami** : Will the Minister for Home Affairs be pleased to state :

(*a*) the number and names of officers taken from the Palace Guards in the Police Departments and their grade ;

(*b*) whether it is a fact that officers senior to them are still in a lower grade ; and

(*c*) if so, why so ?

Answer.

(*a*) D. S. P.—1 (Rs. 350-20-450)

P. Viswanatha Pillai Rs. 350-450

A. S. Ps.—3 (Rs. 225-10-325)

C. V. Mathews	Rs. 275-325.
M. V. M. Menon	do.
T. N. Madusudanan Nair	do.

Circle Inspectors.—2. Rs. 175-10-225.

T. K. Sridharan Nair	do,
S. Kesavan Nair	do.

(*b*) No.

(*c*) Does not arise.

കൈക്കൂലി വാങ്ങിച്ച ആരോപണം.

൧൩൦. [൪൧] ശ്രീ. കെ. സദാനന്ദൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

നിയമസമാധാനവകുപ്പുമന്ത്രി ശ്രീ. ടി. എം. വറുഗീസ് കൊല്ലത്തെ ഏതാനും മുതലാളിമാരിൽനിന്നും കൈക്കൂലി വാങ്ങിച്ചുവെന്ന് കേന്ദ്ര പാർലമെൻറിലെ ഒരു മെംബർ ഉന്നയിച്ച ആരോപണം സക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം.

ഉണ്ട്.

സ്റ്റോർപർച്ചസ് വകുപ്പ്.

൧൩൧. [൪൨] ശ്രീ. വാറുണ്ണി പുളിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റോർ പർച്ചേസു വകുപ്പിൽ അപേക്ഷയനുസരിച്ചു കൺട്രാക്ടർമാക്കും മററും സാമാനങ്ങൾ കൊടുക്കുവാൻ സാധിക്കാതെ എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) താമസം വരുന്നുണ്ടെങ്കിൽ അതിനുള്ള കാരണമെന്തു്;

(സി) പല ഗവണ്മെൻറ പണികളും സ്റ്റോർ പർച്ചേസുവകുപ്പിൽ നിന്നും സാമാനങ്ങൾ കിട്ടുവാനുള്ള താമസംമൂലം ഇടക്കാലത്തുവച്ചു് നിറുത്തേണ്ടിവന്നിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം.

(എ) സിക്രട്ടറിയേററു് സ്റ്റോർപർച്ചേസുവകുപ്പു് സാമാനങ്ങൾ ശേഖരിച്ചു വയ്ക്കുകയോ, കൺട്രാക്ടർമാക്കും മററും കൊടുക്കുകയോ ചെയ്യുന്നില്ല. അതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ബി), (സി) ചോദ്യം ഉദിക്കുന്നില്ല.

മണിയംകരം കമ്മിററി.

ഫ. ന. വ. [൪൯] ശ്രീമതി കെ. ആർ. ഗൗരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയംകരംകമ്മിററി എന്നൊരു കമ്മിററി ഗവണ്മെൻറിൽ നിന്നും നിയമിച്ചിട്ടുണ്ടോ;

(ബി) ആ കമ്മിററിയിലെ അംഗങ്ങൾ ആരൊക്കെയുണ്ടു്;

(സി) അസംബ്ലിയിലെ എല്ലാ കക്ഷികൾക്കും ഇതിൽ പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) കമ്മിററിയിലെ അംഗങ്ങൾ താഴെ പേർ പറയുന്നവരാണു്

1. Shri A. S. Damodaran Asan, Retired First Member, Board of Revenue, Chairman.
2. ,, P. S. Nataraja Pillai, M. L. A. Trivandrum.
3. ,, K. B. Perumal Pillai, Kadukkara.
4. ,, P. Ramaswamy Pillai, M. L. A., Eraniel.
5. ,, R. Ponnappa Nadar, M. L. A., Nagercoil.
6. ,, G. Chandrasekhara Pillai, M. L. A.
7. ,, Thaikad N. Subramonia Aiyar, Advocate General.
8. ,, S. Vaidyanatha Aiyar, Private Secretary to H. H. the Rajpramukh.
9. ,, T. R. Krishna Aiyar, Executive Officer, Shri Padmanabhaswami Temple.

(സി) പ്രാതിനിധ്യകാര്യം ഈ കമ്മററിയുടെ നിയമനത്തിൽ പരിഗണിച്ചിട്ടില്ല.

കുടിയിറക്കൽ.

൧൩൩. [൫൧] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറംപോക്കു സ്ഥലങ്ങളിൽനിന്നും കുടിയിറക്കുന്നതു സംബന്ധിച്ചുള്ള ഗവൺമെൻറിൻെറ പരിപാടി അനുസരിച്ച് ഇതിനകം എത്ര ആളുകളെ കുടിയിറക്കിയിട്ടുണ്ട്;

(ബി) ഇങ്ങനെ കുടിയിറക്കപ്പെട്ടവരിൽ പുറംപോക്കിൽ പുരവച്ചു താമസിച്ചിരുന്നവർ എത്ര?

ഉത്തരം.

(എ), (ബി) പുറമ്പോക്കുസ്ഥലത്തിൽ അനധികൃതമായി പ്രവേശിച്ചിട്ടുള്ളവരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഇറക്കിവിടുന്ന പതിവ് ആളരെ മുമ്പിനാലെയുള്ളതാണ്. അങ്ങിനെ ഇറക്കിവിട്ടിട്ടുള്ളവരുടെ കണക്ക് എടുത്തിട്ടില്ല.

പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ.

൧൩൪. [൫൩] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ പ്രൈവറ്റസ്കൂൾ പ്രൈമറി അദ്ധ്യാപകന്മാർ ആകെ എത്ര; ഗവണ്മെൻറസ്കൂൾ പ്രൈമറിഅദ്ധ്യാപകന്മാർ ആകെ എത്ര;

(ബി) പ്രൈവററ്സ്കൂൾ പ്രൈമറി അദ്ധ്യാപകന്മാർ തിരുവിതാംകൂർ വിഭാഗത്തിലെത്ര; കൊച്ചി വിഭാഗത്തിലെത്ര?

ഉത്തരം.

(എ)	പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ	൧൧,൪൦൭
	ഗവണ്മെൻറ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ....	൧൫,൬൪൬
(ബി)	തിരുവിതാംകൂർ വിഭാഗത്തിൽ പ്രൈവററ് പ്രൈമറിസ്കൂൾഅദ്ധ്യാപകന്മാർ	൭,൬൩ ൨
	കൊച്ചി വിഭാഗത്തിൽ പ്രൈവററപ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ	൩,൭൭൭

വയലുകളിൽ വെള്ളം വററിക്കുമ്പോൾ മീൻപിടിക്കുന്ന സമ്പ്രദായം.

൧൩൫. [൫൪] ശ്രീ. സീ. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) വയലുകളിൽനിന്ന് എൻജിൻവച്ച് വെള്ളം വററിക്കുമ്പോൾ എൻജിൻ മുഖത്ത് വലകെട്ടി മീൻപിടിക്കുന്ന സമ്പ്രദായം നിരോധിക്കേണ്ടതാണെന്നു ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ;

(ബി) ഈ സമ്പ്രദായം നിരോധിച്ചില്ലെങ്കിൽ പല ഇനം മത്സ്യങ്ങളുടേയും വംശനാശം വന്നുപോകുമെന്ന് മത്സ്യവിദഗ്ദ്ധന്മാരിൽ ആരെങ്കിലും ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) ഇക്കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുകയാണ്.

(ബി) ഇതു ഡിപ്പാർട്ടുമെൻറിനു് അറിവുള്ള സംഗതിയാണ്.

കടപ്പുറത്തു് പുറമ്പോക്കു പതിവ്.

൧൩൬. [൬൬] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യത്തിനു് റവന്യുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കടപ്പുറത്തു പുറമ്പോക്കു് പതിച്ചുകൊടുക്കുമ്പോൾ സ്വന്തം ഉപജീവനത്തിനു് കടപ്പുറത്തുതന്നെ താമസിക്കേണ്ട മത്സ്യത്തൊഴിലാളികൾക്കു് മുൻഗണന കൊടുക്കുമോ?

ഉത്തരം.

ഭൂമി പതിച്ചു കൊടുക്കുന്ന സമ്പ്രദായം നിർത്തിവച്ചിരിക്കുകയാണ്. കുത്തകപ്പാട്ടമായാണു് ഇപ്പോൾ ഗവണ്മെൻറ് ഭൂമി കൊടുത്തുവരുന്നതു്. കടപ്പുറത്തുള്ള പുറമ്പോക്കുസ്ഥലങ്ങൾ കൊടുക്കുമ്പോൾ മത്സ്യത്തൊഴിലാളികളുടെ കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്.

Auction of Teak Saplings at the Veapuram Depot.

137. [59] **Shri Chengarappally P. Narayanan Potti:** Will the Minister for Forests & Revenue be pleased to state:

(*a*) was an auction of teak saplings collected at the Veapuram Depot, conducted by the Divisional Forest Officer, Konni, on 16th August 1952;

(*b*) what was the total number of saplings auctioned on that date;

(*c*) is it a fact that only those few individuals who had formerly submitted tenders for the purchase of those saplings were informed of that auction.

(*d*) what was the average price one sapling fetched at that auction;

(*e*) is the Government aware that the average price one sapling fetched at that auction was lower than the rates submitted by most of the tenderers;

(*f*) has the Government fixed any tariff price for a teak sapling;

(*g*) has the Government received any representation from anybody to cancel that auction "among the tenderers" and to make available those teak saplings for piecemeal purchase by the ryots of Kuttanad?

Answer.

(*a*) Yes.
(*b*) About 4,200 III Class and 8700 IV Class saplings.
(*c*) Yes.
(*d*) Rs. 2-4-6 for III Class and Rs. 1-0-6 for IV Class saplings.

(*e*) The average price per sapling in each class fetched at that auction was higher than the rates submitted by all the tenderers.

(*f*) Yes.
(*g*) Yes.

ലേഡീ വില്ലിംഗ്ഡൺ സ്കാളർഷിപ്പ്.

൧൩൮. [൬൧] ശ്രീ. സീ. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലേഡീ വില്ലിംഗ്ഡൺ സ്കാളർഷിപ്പിനു കൊച്ചീ വിഭാഗത്തിൽനിന്നുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള ഗസററപരസ്യം എന്നാണ് ഗസററിൽ വന്നത്;

(ബി) അപേക്ഷകൾക്ക് നിശ്ചയിച്ചിട്ടുള്ള അവസാനത്തീയതി എന്നായിരുന്നു;

(സി) കൃത്യദിവസത്തിനകത്തു എത്ര അപേക്ഷകൾ കിട്ടി; എത്ര അനുവദിച്ചു?

ഉത്തരം.

(എ) ആദ്യമായി ൯-൯-൧൧൨൭-ന്നു അവസാനത്തീയതി മാററിയപ്പോൾ ൧-൧൦-൧൧൨൭-ന്നു ഗസററിൽ വന്നു.

(ബി) ആദ്യമായി നിശ്ചയിച്ചതു് ൧൦-൯-൧൧൨൭-ന്നു പിന്നീട് അതു് ൩൦-൧൦-൧൧൨൭-ന്നു ആണ്.

(സി) അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാനത്തീയതി ആയിട്ടില്ല.

First Member, Board of Revenue.

139. [64] **Dr. N. S. Pillai:** Will the Chief Minister be pleased to state:

(*a*) why the First Member of the Board of Revenue, took leave in June 1952 and for what purpose;

(*b*) is it a fact that he has been asked by the Chief Minister to take leave and retire;

(*c*) is it a fact that the First Member was involved in a drunken brawl and debauchery at the Cape in June 1952;

(*d*) what is the age of the Officer; and

(*e*) do the Government propose to dissolve the Board of Revenue and send away the present Members of the Board?

Answer.

(*a*) First Member, Board of Revenue, has not taken leave in June 1952.

(*b*) No.

(*c*) Government have no information.

(*d*) He will be attaining the superannuation age of 55 years on 21-10-52.

(*e*) No.

സെക്കൻഡറി വിദ്യാഭ്യാസപദ്ധതി.

൨൪൦. [൩൩] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പ്രൈവറ്റ് സെക്കൻഡറി അദ്ധ്യാപകന്മാരുടെ ശമ്പളത്തെ ബാധിക്കുന്ന സെക്കൻഡറി വിദ്യാഭ്യാസപദ്ധതി ആദ്യമായി എന്ന് നടപ്പിൽ വരുത്തി;

(ബി) ആദ്യം നടപ്പിൽവരുത്തിയ പദ്ധതി അനുസരിച്ച് എത്ര സ്കൂളുകൾ ചേർന്നിട്ടുണ്ട്;

(സി) ഇതിൽ എത്ര സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ ശമ്പളങ്ങൾ ഇതിനകം തിട്ടപ്പെടുത്തിയിട്ടുണ്ട്;

(ഡി) ശമ്പളം തിട്ടപ്പെടുത്തുന്നതിന് ഇത്രതാമസം നേരിടുന്നതു എന്തുകൊണ്ട്?

ഉത്തരം.

(എ) തിരുവിതാംകൂർ വിഭാഗത്തിൽ ൧—൯—൫൦ മുതൽക്കും കൊച്ചി വിഭാഗത്തിൽ ൧—൧൦—൫൦ മുതൽക്കും.

(ബി) ൫൨൦.

(സി) ൪൪൦.

(ഡി) ശമ്പളം തിട്ടപ്പെടുത്തുന്നതു സംബന്ധിച്ചുള്ള നിയമങ്ങൾ പൂർത്തിയാക്കുന്നതിന് വേണ്ടിവന്ന കാലതാമസവും അതിനു ശേഷം അദ്ധ്യാപകന്മാരുടെ സർവീസ് യോഗ്യത മുതലായ വിവരങ്ങളെപ്പററി ചില മാനേജർമാർ സമർപ്പിക്കേണ്ട വിവരങ്ങൾ യഥാകാലം കൊടുക്കാതിരുന്നതുകൊണ്ടും, കൊടുത്ത വിവരങ്ങൾതന്നെ അപൂർണ്ണവും തെററും ആയിരുന്നതുകൊണ്ട് അവ വീണ്ടും മാനേജർമാക്ക് അയച്ച് തിരുത്തി വാങ്ങിക്കുന്നതിനും മററും വേണ്ടിവന്നിട്ടുള്ള കാലതാമസവും കാരണം ചില സ്കൂളുകളിലെ ശമ്പളക്രമീകരണത്തിന് താമസം നേരിട്ടു. നിയമങ്ങൾ ഇപ്പോൾ പൂർത്തിയായിട്ടുണ്ട്. ശമ്പള ക്രമീകരണം സംബന്ധിച്ച് സത്വര നടപടികൾ എടുത്തുവരുന്നു.

വണ്ടൻമേട്ടിൽ കുടിയേറിയവർ.

൨൪൧. [൩൧] ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ലാൻഡ് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വണ്ടൻമേട്ടിൽ കുടിയേറിപ്പാർത്തിട്ടുള്ള ആളുകളുടെ എന്തെങ്കിലും കണക്കുകൾ ഗവണ്മെൻറിൻെറ പക്കലുണ്ടോ;

(ബി) ഇവിടെ ജനങ്ങൾ കുടിയേറിപ്പാർത്തിട്ടുള്ളതു് മുൻ പ്രധാന മന്ത്രിയായ ശ്രീ. ടി. കെ. നാരായണപിള്ളയുടേയും ഫുഡ്പ്രൊഡക്ഷൻ ചെയർമാനായ ശ്രീ. ഈ. ഇക്കണ്ടവാര്യരുടേയും ആഹ്വാനമനുസരിച്ചാണോ;

(സി) ഇവിടെ കുടിയേറിപ്പാർത്തിട്ടുള്ള ജനങ്ങളെ ഒഴിപ്പിച്ചു വിടുവാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വണ്ടൻമേട്ടിൽ ൩,൦൦൦ ഏക്കർ ഭൂമി, അഞ്ചേക്കർ ബ്ലോക്കുകളായിതിരിച്ചു് ൬൦൦ ആളുകൾക്കു് അലാട്ടുചെയ്തു കൊടുത്തിട്ടുണ്ടു്. ൩൦൦-ത്തോളം ആളുകൾ ഉദ്ദേശം ൧൪൦൦ ഏക്കർ ഭൂമിയിൽ അനധികൃതമായി പ്രവേശിച്ചതിനു് അവരുടെ മേൽ പുറമ്പോക്കു കേസ്സു് ഫയൽ ചെയ്തിട്ടുണ്ടു്.

(ബി) ഇതു സംബന്ധിച്ചു് ഗവണ്മെൻറിനു് അറിവൊന്നുമില്ല.

(സി) അനധികൃതമായി ഗവണ്മെൻറ ഭൂമിയിൽ പ്രവേശിച്ചിട്ടുള്ളവരുടെ പേരിൽ പുറമ്പോക്കു കേസെടുത്തു ഒഴിപ്പിക്കുന്നതാണു്.

ജയിൽ പരിഷ്കാരങ്ങൾ.

൧൪൮. [൬൧] ശ്രീ എം. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രാസ് ഗവണ്മെൻറിൽനിന്നും ആ സംസ്ഥാനത്തെ ജയിലുകളിലെ സ്ഥിതിഗതികളെപ്പററി അന്വേഷിക്കുന്നതിനായി നിയമിച്ച കമ്മീഷൻ നൽകിയ റിപ്പോർട്ടു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ റിപ്പോർട്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ജയിൽപരിഷ്കാരങ്ങൾ ഇവിടെയും നടപ്പിൽ വരുത്തുവാൻ ഗവണ്മെൻറു് ശ്രമിക്കുമോ;

(സി) ഇല്ലെങ്കിൽ അതിൻെറ കാരണം വ്യക്തമാക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) അക്കാര്യം ഗവണ്മെൻറു് ആലോചിക്കുന്നതാണു്.

(സി) ചോദ്യം ഉദിക്കുന്നില്ല.

പരിയാരം കൊലക്കേസ്സു്.

൧൪൯. [൭൦] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യത്തിനു ആഭ്യന്തരകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരിയാരം കൊലക്കേസ്സിനെ തുടർന്നു പരിയാരത്തും പരിസരപ്രദേശങ്ങളിലും പോലീസ് നടത്തിയ അഴിമതികളെപ്പററി ഒരു നിഷ്പക്ഷാന്വേഷണം നടത്തണമെന്നപേക്ഷിച്ചുകൊണ്ടു് എത്ര പ്രമേയങ്ങൾ പൊതുജനങ്ങളിൽ നിന്നു ഗവണ്മെൻറിനു് കിട്ടുകയുണ്ടായിട്ടുണ്ടു്?

ഉത്തരം.

അങ്ങനെ ഒരു അപേക്ഷയോ, പ്രമേയമോ കിട്ടിയിട്ടില്ല.

ഭാരത് സേവകസമാജപ്രവർത്തനം

൧൪൪. [൭൧] ശ്രീ വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേററിൽ ഭാരത് സേവക്സമാജത്തിന്റെ പ്രവർത്തനം സംഘടിപ്പിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധമായി ഇതിനകം ഗവണ്മെന്റു വല്ല നടപടികളും എടുത്തിട്ടുണ്ടോ;

(സി) മററു പല സ്റ്റേററുകളിലും ഈ സംഘടനയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നതായി ഗവണ്മെന്റിനറിയാമോ?

ഉത്തരം.

(എ) സമാജമാണ് അതിന്റെ പ്രവർത്തനം സംസ്ഥാനത്തിൽ സംഘടിപ്പിക്കേണ്ടതു്, അല്ലാതെ ഗവണ്മെന്റ് സമാജത്തിനുവേണ്ടി പ്രവർത്തിക്കുകയല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇതിന്റെയോ മററു സംസ്ഥാനങ്ങളിലുള്ള മറേറതെങ്കിലും സമാജത്തിന്റെയോ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഗവണ്മെന്റു സൂക്ഷിക്കുന്നില്ല.

Draftsmen in Survey Department.

145. [74] Shri K. K. Chellappan Pillai: Will the Minister be pleased to state:

(*a*) whether the Government is aware that there are hands qualified for the post of Computor Draftsman among the peons attached to the Survey Department;

(*b*) if so, whether their claims have been considered in appointments to the said posts?

Answer.

(*a*) There are no peons in the Survey Department with the qualifications prescribed for the post of Computor Draftsmen.

(*b*) This question does not arise in view of the answer to (a) above.

Enhancement of grants.

146. [76] Shri E. Krishnan Nair: Will the Chief Minister be pleased to state:

(*a*) whether the Government have received any memorandum from private primary school teachers praying for enhancement of grant in aid that they now get; and

(*b*) if so whether the Government intend raising the grant in view of the fact that teachers in private schools do the same amount of work as those in departmental schools ?

Answer.

(*a*) Yes.

(*b*) This is being considered.

Plans.

147. [77] **Shri E. Krishnan Nair:** Will the Minister for Revenue be pleased to state :

(*a*) whether it is a fact that plans of pakuthies are not available for sale in the Survey Office and even those that are kept in the office for reference are old and unfit for use ;

(*b*) whether there are good survey plans in the Taluk Office which will serve any useful purpose ; and

(*c*) if not what steps the Government have taken or intend taking for the preparation of fresh plans ?

Answer.

(*a*) Plans in respect of 186 pakuthies (villages) are not available for sale in the Survey Office. Some of the available maps are old, but they are not unfit for use.

(b) Yes, except the plans of 186 villages.

(c) Action has already been taken to reprint and make available maps of the villages for which maps are not available now.

തേഡ്ഫാറം പരീക്ഷ.

൧൪൮. [൧൯] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തേഡ്ഫാറം പരീക്ഷസംബന്ധിച്ചു എന്തെങ്കിലും പുതിയ സ്കീം ഏർപ്പെടുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ സ്കീം എന്താണ്;

(സ) മുമ്പ് ഉണ്ടായിരുന്ന വിധം തേഡ്ഫാറത്തിൽ സ്കൂൾഫൈനൽ പോലെ പബ്ലിക്ക് പരീക്ഷ ഏർപ്പെടുത്തുന്നതു കൂടുതൽ പ്രയോജനകരമായിരിക്കുമെന്നു ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഡിസ്ട്രിക്ട്തോറും പൊതുപരീക്ഷ നടത്താനാണ് ഉദ്ദേശം.

(സി) ഇല്ല.

സറണ്ടർചെയ്ത സ്കൂളുകളിലെ അദ്ധ്യാപകന്മാർ.

൧൪൯. [൮൦] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ;

(എ) പ്രൈവറ്റ പ്രൈമറിസ്കൂളുകൾ സറണ്ടർ ചെയ്യുകാലത്തു് പരിഹരിക്കേണ്ടിയിരിക്കുന്ന കണ്ടീഷൻ ഉടൻ പരിഹരിച്ചിട്ടില്ലെങ്കിൽ സറണ്ടർചെയ്യ അത്തരം സ്കൂളുകൾ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള മാനേജ്മെൻറസ്കൂളുകളായി കരുതപ്പെടുമെന്നും പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്കു് പ്രൈവറ്റസ്കൂളുകളിലെ ശമ്പളം മാത്രമെ നൽകുകയുള്ളുവെന്നും കാണിച്ചു് ഒരു നോട്ടീസു് അയച്ചിട്ടുണ്ടോ ;

(ബി) കണ്ടീഷൻ പരിഹരിക്കേണ്ടതാരാണു് ;

(സി) ഇക്കാര്യത്തിൽ അദ്ധ്യാപകർക്കു് എന്തെങ്കിലും ഉത്തരവാദിത്വമുണ്ടോ; അദ്ധ്യാപകർ ശമ്പളനഷ്ടം സഹിക്കുന്നതെന്തിനു് ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) സ്കൂൾ വിട്ടുകൊടുത്ത മാനേജർ.

(സി) അദ്ധ്യാപകർക്കു് നേരിട്ടു് ഉത്തരവാദിത്വം ഇല്ല. അവർക്കു് ശമ്പളനഷ്ടം ഉണ്ടെന്നു പറയാവുന്നതുമല്ല. എന്തെന്നാൽ സറണ്ടർ സ്കൂളുകളെ ഗവൺമെൻറ സ്കൂളുകളായി പരിഗണിക്കുന്നെങ്കിൽ മാത്രമേ അവിടത്തെ അദ്ധ്യാപകർക്കു് ഗവൺമെൻറ നിരക്കനുസരിച്ചുള്ള ശമ്പളത്തിനു് അർഹതയുള്ളു. സോപാധികമായി ഏറെറടുത്തിട്ടുള്ള സ്കൂളുകളിൽ ക്ളിപ്ത സമയത്തിനുള്ളിൽ വ്യവസ്ഥയനുസരിച്ചുള്ള കാര്യങ്ങൾ നടത്തിയില്ലെങ്കിൽ അത്തരം സ്കൂളിനെ ഗവൺമെൻറ സ്കൂളായി ഗണിക്കാൻ വഴിയില്ല. ആ സ്ഥാപനങ്ങളിലെ അദ്ധ്യാപകരെ മാനേജ്മെൻറിലെ അദ്ധ്യാപകരെന്നു പരിഗണിച്ചു് അതനുസരിച്ചുള്ള ശമ്പളം കൊടുക്കാനാണു് ഇപ്പോൾ വ്യവസ്ഥചെയ്തിട്ടുള്ളതു്.

പുതിയ സെക്കൻഡറിസ്കൂൾ.

൧൫൦. [വ്യ.ഫ] ശ്രീ ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പുതിയ സെക്കൻഡറിസ്കൂൾ പദ്ധതി അനുസരിച്ചു് ശമ്പളസ്കെയിൽ തിട്ടപ്പെടുത്തിയപ്പോൾ മുമ്പ് ഈ സ്കെയിലിൽ കൂടുതൽ ശമ്പളം വാങ്ങിയിരുന്നവരിൽ നിന്നും അവർ അധികമായി വാങ്ങിയിരുന്ന ആ തുക ഒരുമിച്ചു് ഗവൺമെൻറ് തിരികെ ഈടാക്കിയിട്ടുണ്ടോ;

(ബി) പുതിയ സ്കെയിൽ അനുസരിച്ചു് ശമ്പളം കൂടുതൽ കിട്ടേണ്ടവരുടെ കുടിശ്ശിക രണ്ടു വർഷമായിട്ടും കൊടുത്തിട്ടില്ലെന്നറിയാമോ;

(സി) അതിനു് കാരണമെന്തു് ;

(ഡി) ഉടൻ കൊടുക്കാൻ ഏർപ്പാടു ചെയ്യുമോ ?

ഉത്തരം.

(എ) പദ്ധതി നടപ്പിലാക്കിയപ്പോൾ കൊടുത്തിരുന്ന ശമ്പളം താൽക്കാലികവും പദ്ധതിക്കു് വിധേയമായി ശമ്പളം തിട്ടപ്പെടുത്തുമ്പോൾ വ്യത്യാസപ്പെടുമെന്നുള്ള വ്യവസ്ഥയിലുമായിരുന്നു. ശമ്പളം തിട്ടപ്പെടുത്തിയതിൽ താൽക്കാലികമായി വാങ്ങിയിരുന്ന ശമ്പളം നിയമപ്രകാരം കിട്ടാവുന്നതിൽ കൂടുതലാണെന്നു കാണപ്പെട്ടിട്ടുള്ള സന്ദർഭങ്ങളിൽ അപ്രകാരം കൂടുതലായി വാങ്ങിയിട്ടുള്ള തുക തിരിച്ചു ഈടാക്കിയിട്ടുണ്ടു്.

(ബി. സി & ഡി) കുടിശ്ശികശമ്പളം മുഴുവൻ കൊടുത്തു തീക്കുന്നതിനു് ആഡിറ്റു നിയമങ്ങൾ പൂർത്തി ആകാത്തതുകൊണ്ടു് സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ചു് സത്വരനടപടികൾ എടുത്തുവരുന്നു.

Community Projects.

151. [83] **Shri K. Sattanatha Karayalar:** Will the Minister for General Administration be pleased to state :

(*a*) whether a budget has been prepared for the Community. Projects ;

(*b*) if so whether a copy may be placed on the table ?

Answer.

(*a*) Yes.

(*b*) Copies of the Budget Estimates for the to projects are placed on the table.*

Article published in Apna Desh.

152. [87] **Shri R. Kesava Pillai:** Will the Minister be pleased to state :

(*a*) whether the Government has taken notice of an article published in "അപ്നാദേശ്" Apna Desh of 24-9-52 under the caption "ചേർത്തലക്ഷാമം ഇല്ലാത്ത ക്ഷാമം";

(b) whether on the basis of this article Government has made any investigation at ചേർത്തല with regard to the correctness of the above Statement ; and

(*c*) if any investigation was made, what action was taken thereon ?

Answer.

(*a*) Yes.

(b) No investigation was made on the basis of this article.

(c) Does not arise.

മുൻസിഫന്മാർ.

൧൫൩. [൯൦] ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസിഫന്മാരുടെ ഉദ്യോഗത്തിനു ൧൯൫൧-ൽ പബ്ലിക്കു് സർവ്വീസ് കമ്മിഷൻ എത്രപേരെ തിരഞ്ഞെടുത്തു ;

(ബി) അതിൽ എത്രപേരെ നിയമിച്ചു ;

(സി) ൧൯൫൧-ൽ മുൻസിഫ് ഉദ്യോഗാർത്ഥികളെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുത്തതിനുശേഷം അതിൽപ്പെടാത്തവരെ എങ്കിലും മുൻസിഫ്മാരായി നിയമിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേകകാരണമെന്താണു് ?

ഉത്തരം.

(എ) ൧൯൫൦-ൽ (൧൯൫൧-ൽ അല്ല) ൧൨ പേരെ തിരഞ്ഞെടുത്തു.

---

* Placed on the Library Table.

(ബി, സി, ഡി) മെംബറുടെ ശ്രദ്ധയെ ൪൩-ാം ൧൧൩-ാം നൽകിയിട്ടുള്ള ഉത്തരങ്ങളിലേയ്ക്കു് ക്ഷണിച്ചുകൊള്ളുന്നു.

മജിസ്ട്രേട്ടന്മാർ.

൧൭൪. [൩൧] ശ്രീ. സി. സി. അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ വിഭാഗത്തിൽ എവിടെ എല്ലാം എത്രവീതം ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടന്മാർ ഉണ്ടു്; അവരുടെ അധികാരാതിർത്തി എതെല്ലാം;

(ബി) കൊച്ചിൻവിഭാഗത്തിൽ ഓരോ സ്ഥലങ്ങളിലും ഉള്ള രണ്ടാം ക്ലാസ്സ് മജിസ്ട്രേട്ടുകോടതികൾ ൧൯൫൦-ലും ൧൯൫൧-ലും എത്രവീതം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്; എത്രവീതം കേസുകൾ വിചാരണ കഴിച്ചിട്ടുണ്ടു്;

(സി) വടക്കാഞ്ചേരിയിൽ ഒരു ഒന്നാംക്ലാസു് മജിസ്ട്രേട്ടുകോടതി സ്ഥാപിച്ചുകിട്ടുന്നതിനു് നാട്ടുകാരുടെ വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ; വടക്കാഞ്ചേരി ബാർഅസോസിയേഷൻ ഇതിനെസംബന്ധിച്ചു വല്ല പ്രമേയവും പാസ്സാക്കി അയച്ചിട്ടുണ്ടോ?

ഉത്തരം.

(എ) കൊച്ചിവിഭാഗത്തിൽ രണ്ടു് ൧-ാംക്ലാസു് മജിസ്ട്രേട്ടന്മാർ ഉണ്ടു്. അവ അഞ്ചുകൈമൾ ഡിസ്ട്രിക്ടിന്റെ അധികാരാതിർത്തിയോടു കൂടിയ എറണാകുളം ഒന്നാംക്ലാസു് മജിസ്ട്രേട്ടും, മറ്റതു് തൃശ്ശൂർഡിസ്ട്രിക്ടിന്റെ അധികാരാതിർത്തിയോടുകൂടിയ തൃശ്ശൂർ ഒന്നാംക്ലാസു് മജിസ്ട്രേട്ടുമാണു്.

(ബി) വേണ്ട വിവരം അടങ്ങിയ പട്ടിക അടിയിൽ ചേർത്തിട്ടുണ്ടു്.

മജിസ്ട്രേട്ടു കോടതിയുടെ പേർ	1950-ൽ		1951-ൽ	
	ഫയലാക്കിയ കേസുകൾ	വിചാരണ കഴിഞ്ഞ കേസുകൾ	ഫയലാക്കിയ കേസുകൾ	വിചാരണ കഴിഞ്ഞ കേസുകൾ
കൊച്ചി	623	555	656	678
എറണാകുളം	1157	1233	866	890
കൊടുങ്ങല്ലൂർ	185	180	239	216
മുകുന്ദപുരം	662	659	1054	1078
തൃശ്ശൂർ	1345	1245	1651	1483
തലപ്പിള്ളി	928	855	1403	1137
ചിററൂർ	443	396	631	651

(സി) നാട്ടുകാരുടെ നിവേദനമൊന്നും കിട്ടിയിട്ടില്ല. ബാർ അസോസിയേഷന്റെ ഒരു നിവേദനം കിട്ടിയിട്ടുണ്ടു്. അതിനെപ്പററി ഗവണ്മെന്റു് അന്വേഷണം നടത്തുന്നുണ്ടു്.

കൃഷിക്കുകൊടുത്ത സ്ഥലങ്ങളുടെ പാട്ടം.

൧൭൭. [൯൨] ശ്രീ. എം. സി. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രോമോർഫുഡ് പദ്ധതി അനുസരിച്ച് പീരുമേട് വണ്ടൻമേട്ട താലൂക്കുകളിൽനിന്നും കൃഷിക്കുകൊടുത്ത സ്ഥലങ്ങളുടെ പാട്ടംവക എത്ര രൂപാ ൧൯൫൫, ൧൯൫൬, ൧൯൫൭, ൧൯൫൮ ഈ വർഷങ്ങളിൽ ഈടാക്കിയിട്ടുണ്ട്;

(ബി) പിഴയായിട്ടും നഷ്ടംവകയിലും എത്ര രൂപാ വീതം ൧൯൫൫, ൫൬, ൫൭, ൫൮ ഈ വർഷങ്ങളിൽ ഈടാക്കിയിട്ടുണ്ട്;

(സി) ജനങ്ങൾക്ക് കൃഷിക്കുകൊടുത്തസ്ഥലത്ത് പുരവച്ചു കൃഷിചെയ്തു എന്ന കാരണത്താൽ വല്ലവരുടേയും പേരിൽ ഫാറസ്റ്റ ഡിപ്പാർട്ട്മെൻറിൽനിന്നും കേസ് എടുക്കുമെന്ന് നോട്ടീസ് അയച്ചിട്ടുണ്ടോ;

(ഡി) വല്ലവരുടേയും പേരിൽ കേസ് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസ് എടുത്തിട്ടുണ്ട്;

(ഇ) കേസ് ചാർജ്ജ് ചെയ്യാതെ വല്ലവരുടേയും പുരപൊളിച്ചുകളയുകയും കൃഷിസ്ഥലത്തുനിന്നും ഇറക്കിവിടുകയും ചെയ്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എത്ര പേരെ;

(ജി) ഒരാളിന്റെ കൈവശമിരിക്കുന്ന സ്ഥലത്തെ സംബന്ധിച്ചു തന്നെ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും പാട്ടവും പിഴയും മററും ഈടാക്കിയിട്ടുണ്ടോ?

ഉത്തരം.

(എ) ൧൯൫൫—൫൬-ൽ ൧൭,൩൭൩ ഉറുപ്പിക.
൧൯൫൬—൫൭-ൽ ൨൫,൫൩൭ ,,
൧൯൫൭—൫൮-ൽ ൫൫,൫൩൩ ,,

(ബി) ൧൯൫൫-ൽ ൩൦ ഉറുപ്പിക.
൧൯൫൬-ൽ ൫൮൯ ,,
൧൯൫൭-ൽ ൩൯൯ ,,
൧൯൫൮-ൽ ൯൩൮ ,,

(സി) ഈ പ്രത്യേക കാരണത്തിന് കേസ് എടുക്കുമെന്നു നോട്ടീസു കൊടുത്തിട്ടില്ല.

(ഡി) ഇല്ല.

(ഇ) വനഭൂമിയിൽ പ്രവേശിക്കരുതെന്ന് നിർദ്ദേശം ഉണ്ടായിരുന്നിട്ടും അതിന് വിപരീതമായി സർക്കാർ ഭൂമിയിൽ പ്രവേശിച്ച് പുരയും മററും വച്ച ചിലരുടെ പേരിൽ നടപടികൾ എടുത്തിട്ടുണ്ട്.

(എഫ്) മൂന്ന്.

(ജി) ഇങ്ങനെ ഒരേ സ്ഥലത്തെ സംബന്ധിച്ച് രണ്ടു ഡിപ്പാർട്ട്മെൻറുകൾ പിഴയും പാട്ടവും ഈടാക്കിയതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

Buch Committee Report.

156. [93] **Shri R. Ponnappa Nadar:** Will the Minister for General Administration be pleased to state:

(*a*) whether the Buch Committee Report was ever published;

(*b*) will the copy of that report be supplied to the members of the Legislature; and

(*c*) is it a confidential report or a public report?

Answer.

(*a*) No.

(*b*) No. As there are not sufficient number of copies.

(*c*) It is not a confidential report.

Community Project.

157. [95] **Shri R. Ponnappa Nadar:** Will the Minister for planning be pleased to state:

(*a*) what is the amount which is to be spent in the Vilavancode and Neyyattinkara Community Project area this year;

(*b*) what are the pakuthies in Vilavancode taluk chosen for this year;

(*c*) what is the basis for selection if any; and

(*d*) will any amount be diverted from the funds of the Community Project for the opening of the Pattanamkal in Vilavancore taluk which would benefit more than fifteen thousand acres of land for cultivation?

Answer.

(*a*) Rs. 22,53,816 according to the provisional budget estimates.

(*b*) Painkolam and Kollamcode.

(*c*) Convenience.

(*d*) The proposal will be examined.

Failure of Kanni crop.

158. [96] **Shri C. Sankar:** Will the Chief Minister be pleased to state:

(*a*) Are the Government aware of the facts that due to scarcity of water the present Kanni crops failed in a vast area of land and that the agriculturists met with great loss in Thovala, Agasteeswaram, Kalkulam and Vilavancode Taluks;

(*b*) If so what is the acreage of the failure of crops in each Taluk? What deficiency has occurred in production;

(*c*) Have the Government issued orders for the remission of water tax and basic tax on the lands where such failure of crops occurred and for exemption from procurement.

(*d*) What steps are proposed by Government to be taken for preventing this kind of failure of crops due to water scarcity in future?

Answer.

(*a*) Government are aware that due to scarcity of water the Kanni crop failed in parts of Thovala, Agasteeswaram, Kalkulam and Vilavancode Taluks.

(*b*) Thovala approximately 1200 acres.

Agasteeswaram	approximately	4000	acres.
Kalkulam	do.	400	,,
Vilavancode	do.	2700	,,

The actual deficiency in production is being ascertained.

(*c*) Basic tax, being only a token tax cannot be remitted. The question of remission of water tax in the localities concerned is being considered, Regarding exemption from procurement also, remission of levy is being granted in deserving cases.

(*d*) The completion of the Perinchani Dam and the restoration and renovation of all minor irrigation tanks will help to tide over the crisis. For emergencies however, Government would do all that is possible in the circumstances of each case by lending pumpsets, giving electric connections for pumping etc.

<u>പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ.</u>

൧൬൯. [൧൦൧] <u>ശ്രീ. കെ. കെ. കുമാരപിള്ള</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സക്കാർ പ്രൈമറിസ്കൂളുകളിലെ അദ്ധ്യാപകന്മാക്ക് അനുവദിച്ചിരിക്കുന്ന ശമ്പളവും, മററാനുകൂല്യങ്ങളും പ്രൈവററ പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാക്കും കിട്ടുന്നതിനു വ്യവസ്ഥചെയ്തിട്ടുണ്ടോ?

ഉത്തരം.

ഇല്ല.

<u>ശ്രീ. എൻ. ശ്രീകണ്ഠൻനായരുടെ യോഗം.</u>

൧൩൦. [൧൦൨] <u>ശ്രീ. കെ. ജെ. തോമസ്സ്</u> : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ആഗസ്റ്റ്മാസത്തിൽ മുണ്ടക്കയം മുപ്പത്തഞ്ചാം മൈലിൽവച്ച് ശ്രീ. എൻ. ശ്രീകണ്ഠൻനായർ എം. പി. യുടെ അദ്ധ്യക്ഷതയിൽ കൂടാൻ തുടങ്ങിയ ഒരു യോഗം ചില ഗുണ്ടാകളുടെ വിക്രിയകൾ മൂലം പിരിച്ചുവിടേണ്ടിവന്നതായി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത യോഗസ്ഥലത്തു നാട്ടിയിരുന്ന ചെങ്കൊടി ആ ഗുണ്ടാകൾ തീവച്ചു നശിപ്പിക്കുകയുണ്ടായോ?

ഉത്തരം.

(എ) ഇല്ല.
(ബി) ഇല്ല.

Lemon grass.

161. [105] **Shri M. V. Cheriyan**: Will the Chief Minister be pleased to state:

(*a*) are the Government aware that there is a deplorable fall in the price of lemon grass oil;

(*b*) would the Government be pleased to correspond with the Central Government and try to keep as far as possible a steady price for the above oil?

Answer.

(*a*) There has been a steep fall in the price of lemon grass oil.

(*b*) The price of lemon grass oil in India depends upon the world price of lemon grass oil which are governed by the supply and demand for the oil in the different markets of the world. India by itself can do little to raise the price of a commodity which is governed by world factors. Steps are however, being taken to raise the quality standards of the oil which may ensure better prospects for the export trade in this commodity.

Salary bills of Teachers of Acceded Schools.

162. [107] **Shri M. V. Cheriyan**: Will the Minister for Education be pleased to state:

(*a*) will the Government be pleased to enquire the cause for the inordinate delay in the sanction of salary bills to the teachers of acceded schools;

(*b*) are the Government aware of the fact that salary bills of acceded schools are very often returned to the managers on flimsy grounds thereby causing difficulties for teachers;

(*c*) is there any truth in the fact that it is due to want of necessary staff in the subordinate departmental offices;

(*d*) is there any requisition from the Division Inspector of Schools, Muvattupuzha for additional staff since accession; and

(*e*) what is the number of clerks provided in the offices of the Division Inspectors in the State since accession for the purpose of disbursement of the salaries of the teachers under the acceded scheme?

Answer.

(*a*) Government have made necessary enquiries. The delay in most part was due to delay in submission of statements in proper form by the managers. Necessary instructions have been issued to the managers and stringent instructions to the officers concerned not to cause any delay in the matter.

(*b*) Government are not aware of that.

(*c*) No.

(*d*) Yes.

(*e*) 13 clerks in all on Rs. 30-45 have been allowed to the offices of the Chief Inspecting Officers in connection with the Private Secondary School Scheme.

സമൂഹ്യവികസനപദ്ധതിയിലേയ്ക്കുള്ള നിയമനങ്ങൾ.

൧൬൩. [൧൦൯] ശ്രീ. കെ. കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സാമൂഹ്യവികസനപദ്ധതി (കമ്മ്യൂണിററിപ്രൊജക്ററ്) യിലേക്കുള്ള നിയമനങ്ങൾ എന്തു തത്വം വച്ചുകൊണ്ടാണ് നടത്തിയിട്ടുള്ളതു്;

(ബി) വയോജനവിദ്യാഭ്യാസ പരിശീലനം കഴിച്ചവരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമിക്കാതിരിക്കുവാൻ വല്ല കാരണവുമുണ്ടോ?

ഉത്തരം.

(എ) പരീക്ഷായോഗ്യതയും പ്രാപ്തിയും.

(ബി) നിയമിച്ചിട്ടുണ്ടു്. അതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

Eviction of Peasants.

164. [110] **Shri Ganapathy:** Will the Minister for Revenue be pleased to state:

(*a*) whether the Government will stop further eviction of peasants who have cultivated lands in the High Ranges;

(*b*) are the Government aware that these cultivators have converted grass lands into beautiful gardens raising paddy, ragi, tapioca, plantations and other food crops; and

(*c*) if there are any irregularities in the allotment of lands in the High Ranges will the Government consider the appointment of a commission to go into the question impartially?

Answer.

(*a*) Eviction of peasants from the High Ranges is not contemplated. Those who have encroached upon Government reserve forest lands are to be evicted after the present crop is harvested as per Press Note recently issued by Government.

(*b*) Government are aware that the cultivators have raised food crops there.

(*c*) An investigation is being undertaken by the special staff appointed for the purpose. A census is also being arranged to be taken. The appointment of a commission is not necessary now.

അദ്ധ്യാപകശമ്പളം.

൧൬൫. [൧൧൧] ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) അദ്ധ്യാപകർക്ക് 1951 ഡിസംബർമുതൽ പരിഷ്കരിച്ചു നടപ്പിലാക്കിയിട്ടുള്ള പദ്ധതി അനുസരിച്ചുള്ള ശമ്പളം 11 മാസക്കാലമായിട്ടും കണക്കാക്കപ്പെടുത്തിയിട്ടില്ലാത്തതിന്റെ കാരണമെന്തു്;

(ബി) അദ്ധ്യാപകർക്ക് ആ സംഗതിയിലുള്ള സംശയനിവാരണത്തിനായി കഴിയുന്നത്രയും വേഗം ടി ജോലി പൂർത്തിയാക്കുന്നതിനു വിദ്യാഭ്യാസ ഡയറക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിന് ദയവുണ്ടാകുമോ;

(സി) പുതിയ പദ്ധതിയിൽ അദ്ധ്യാപകരുടെ അവകാശാവധി സംബന്ധിച്ചുള്ള ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതാണെന്നു കാണിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ഇതുവരെ പ്രസിദ്ധീകരിക്കാതിരുന്നതിന്റെ കാരണമെന്തു്;

(ഡി) ടി വ്യവസ്ഥകൾ പ്രസിദ്ധീകരിക്കാത്തതിനാൽ പലവിധമായ വിഷമതകൾ അദ്ധ്യാപകർ അനുഭവിക്കുന്നതിനാൽ അതു് ഉടനെ പ്രസിദ്ധീകരിക്കാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) അദ്ധ്യാപകരുടെ മുൻസർവീസ് വിവരങ്ങൾ ചില മാനേജർമാരിൽനിന്നും യഥാകാലം കിട്ടാതിരുന്നതുകൊണ്ടും കിട്ടിയ വിവരങ്ങൾ തന്നെ അപൂർണ്ണമോ തെറേറാ ആയിരുന്നതുകൊണ്ടും അവ തിരിച്ചയച്ചു് ന്യൂനത പരിഹരിക്കേണ്ടിവന്നതുകൊണ്ടുംമററും അല്പം കാലതാമസം ഉണ്ടായിട്ടുള്ളതാണു്.

(ബി) നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്.

(സി) നിയമങ്ങൾ പൂർത്തി ആയിട്ടില്ല. ഉടനെ പൂർത്തിയാകുന്നതാണു്.

(ഡി) വേണ്ട നടപടികൾ എടുത്തുവരുന്നു.

അദ്ധ്യാപകർ.

൧൬൬. [൧൧൯] ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല മാനേജരന്മാരും അദ്ധ്യാപകരെ അകാരണമായി പിരിച്ചുവിടുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ മാതിരി പരാതികൾ കേട്ടു തീരുമാനിക്കുന്നതിനു് വളരെയധികം കാലതാമസമുണ്ടാകുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ മാതിരി പരാതികളിന്മേൽ ഉണ്ടാകുന്ന ഗവണ്മെന്റു് തീരുമാനം ചില മാനേജരന്മാർ സ്വീകരിക്കാതിരുന്നതായിട്ടു് ഗവണ്മെന്റിനറിയാമോ;

(ഡി) ഗവണ്മെന്റുതീരുമാനം അനുസരിക്കാത്ത മാനേജരന്മാരുടെമേൽ എന്തു നടപടി നടത്തിയിട്ടുണ്ടു്;

(ഇ) ഈ മാതിരിയുള്ള കാര്യങ്ങളിൽ തീരുമാനമുണ്ടാക്കേണ്ടതു് അടിയന്തിരമാകയാൽ ഒരു ട്രിബ്യൂണൽ ഏർപ്പെടുത്താൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) ചില മാനേജരന്മാർ അകാരണമായി ചില അദ്ധ്യാപകന്മാരെ പിരിച്ചുവിട്ടിട്ടുള്ളതായി ഗവണ്മെന്റു് ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

(ബി) ചില പരാതികളെ സംബന്ധിച്ചു് കാലതാമസമുണ്ടാകുന്നതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

(സി) അറിയാം.

(ഡി) ഈ കാര്യം ആലോചനയിൽ ഇരിക്കുന്നു.

(ഇ) ട്രിബ്യൂണൽ ഏർപ്പെടുത്തേണ്ട ആവശ്യമുണ്ടെന്ന് ഗവൺമെന്റിനു തോന്നുന്നില്ല.

Poramboke.

167. [115] Shri A. K. Chelliah: Will the Minister for Revenue answer the following questions:

(*a*) will the Government be pleased to help the poor people, by assigning or giving under Kuthagapattom poramboke lands to them;

(*b*) what is the reason for the eviction of agriculturists from poramboke lands, even after the recovery of Prohibitory Assessment and fine, and giving the same to rich persons under Kuthagapattom; and

(*c*) are the Government aware that rich persons are taking away by force poramboke lands in the possession of poor people belonging to Backward Communities?

Answer.

(*a*) In the Travancore area available poramboke lands are leased to poor people without auction under rule 24 (ii) of Kuthagapattom rules, subject to a maximum of 3 acres to a single family. In the Cochin area also members of depressed classes are eligible for assignment of available poramboke lands without auction subject to a maximum of 10 cents in the backwater areas and sea-board villages and 50 cents in other villages to a single family. Further, under the settlement scheme taken on hand by Government suitable poramboke lands which are available for assignment are being utilised for providing house sites for the houseless people.

(*b*) There is no such case of eviction of agriculturists from poramboke lands and grant of such lands to rich persons on Kuthagapattom, to the knowledge of Government.

(*c*) Government are not aware.

ഗാഡ്ഗിൽകമ്മററി റിപ്പോർട്ട്.

൧൬൮. [൧൧൭] ശ്രീ. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷാമബത്താ ശമ്പളത്തിൽ ലയിപ്പിക്കുന്നതിനെ സംബന്ധിച്ച് ഇൻഡ്യാഗവൺമെന്റിനു സമർപ്പിച്ച ഗാഡ്ഗിൽകമ്മററിറിപ്പോർട്ട് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ടി കമ്മററിക്ക് ഈ ഗവൺമെന്റ് അഭിപ്രായം അയച്ചുകൊടുത്തിട്ടുണ്ടോ;

(സി) ആ റിപ്പോർട്ടിലെ തീരുമാനങ്ങൾ ഈ സംസ്ഥാനത്തിൽ അംഗീകരിക്കുന്നതിനെസംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) പത്രദ്വാരാ ഇങ്ങനെ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി അറിയാം. ഔദ്യോഗികമായി ഇൻഡ്യാഗവൺമെന്റിൽനിന്നും യാതൊരു എഴുത്തുകുത്തും ഇല്ല.

(ബി) ഇല്ല. കമ്മററി ആവശ്യപ്പെട്ട ചില വിവരങ്ങൾമാത്രമേ ശേഖരിച്ചുകൊണ്ടുവന്നിട്ടുള്ളു.

(സി) ഇല്ല. കമ്മററിയുടെ ശുപാർശയിന്മേലുള്ള ഇൻഡ്യാഗവണ്മെൻറിൻെറ തീരുമാനം ഈ ഗവണ്മെൻറിന് ഔദ്യോഗികമായി ലഭിച്ചിട്ടില്ല. അതു ലഭിച്ചതിൽപിന്നെ എന്തു വേണമെന്നുള്ളതു് ആലോചിക്കുന്നതാണു്. ഇങ്ങിനെയുള്ള കാര്യത്തിൽ മററുള്ള സ്റ്റേററുകൾ എടുക്കുന്ന നടപടികളും നോക്കേണ്ടതാണു്.

Unstarred Questions Posted for Answer on 30-10-1952.

കുടിയിരിപ്പുകേസുകൾ.

൧൩൯. [൧] ശ്രീ. പി. രവീന്ദ്രൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൧൨൦-നുശേഷം പൊന്നുംവില കേസുകളിൽപ്പെട്ട സ്ഥലം സക്കാർ കൈവശപ്പെടുത്തിയതിനുശേഷവും ഇതുവരെ അവാർഡു് പാസ്സാക്കാത്ത എത്ര കുടിയിരിപ്പുകേസുകൾ ഓരോ ഡിസ്ട്രിക്ടിലുമുണ്ടു്;

(ബി) അവാർഡു് പാസ്സായതിനുശേഷം കക്ഷികൾ അപേക്ഷിച്ചിട്ടു് ഇതുവരെ പണം കൊടുക്കാത്ത എത്ര കേസുകൾ ഉണ്ടു്;

(സി) അങ്ങനെ ഓരോ ഡിസ്ട്രിക്ടിലും കൊടുക്കാതെയുള്ള തുക എത്ര;

(ഡി) ഡിസ്ട്രിക്ററുകോർട്ടിൽ അയക്കാതെ എത്ര പൊന്നുംവില റഫറൻസ് അപേക്ഷകൾ കളക്ടറന്മാരുടെ ആഫീസുകളിൽ കിടപ്പുണ്ടു്;

(ഇ) കൊല്ലം ഡിസ്ട്രിക്ററ് കളക്ടരുടെ ആഫീസിൽ പൊന്നുംവില കേസുകൾ സംബന്ധിച്ചു് ക്രമത്തിലധികം കാലതാമസം നേരിടുന്നതായി ഗവണ്മെൻറിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം.

(എ) തിരുവനന്തപുരം — ൭൩.
കൊല്ലം — ഇല്ല.
കോട്ടയം — ൬൦.
തൃശ്ശൂർ — ൮൧.

(ബി) തിരുവനന്തപുരം — ൨൪.
കൊല്ലം — ൩൬.
കോട്ടയം — ൨,
തൃശ്ശൂർ — ൧൯൧.

(സി) തിരുവനന്തപുരം—രൂ. ൮൨൪൧-൮-൦.
കൊല്ലം—രൂ. ൧൨൩൯൬-൧൨-൦.
കോട്ടയം—രൂ. ൯൧൪-൨൦-൧൮.
തൃശ്ശൂർ—രൂ. ൧൯൨൬ ൦-൦-൦

(ഡി) തിരുവനന്തപുരം — ൯.
കൊല്ലം — ൧൨.
കോട്ടയം — ൨൪.
തൃശ്ശൂർ — ഇല്ല.

(ഇ) ലഭിച്ചിട്ടില്ല.

വിജയികളായ വിദ്യാർത്ഥികളുടെ എണ്ണം.

൫൧൦. [൩] ശ്രീ. പി. വി. അബ്രാഹം രകൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസപകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സ്കൂൾവർഷത്തിൽ എത്ര പേർ തേഡ്ഫാറത്തിൽനിന്നും ജയിച്ചിട്ടുണ്ട്;

(ബി) എത്ര വിദ്യാർത്ഥികൾ ഈ കൊല്ലം ഫോർത്തുഫാറത്തിൽ പഠിക്കുന്നുണ്ട്?

ഉത്തരം.

(എ) ൩൯൫൦൯ വിദ്യാർത്ഥികൾ കഴിഞ്ഞ കൊല്ലം തേഡ്ഫാറത്തിൽ പഠിച്ചിരുന്നു. അതിൽ ൭൦ ശതമാനത്തോളം കുട്ടികൾ ജയിക്കുകയുംചെയ്തു.

(ബി) ഈ കൊല്ലം ഫോർത്തുഫാറത്തിൽ ൩൨൭൨൦ വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

ലാക്കപ്പുമർദ്ദനം

൫൧൫. (൧) ശ്രീ. കെ. സദാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. കടയ്ക്കാവൂർ യു. നീലകണ്ഠനെ വക്കല പോലീസ്ലാക്കപ്പിൽവച്ച് മർദ്ദിച്ചതിനെപ്പററിയുള്ള സക്കാരിന്റെ അന്വേഷണം പൂർത്തിയായോ;

(ബി) തിരുവനന്തപുരം റൂറൽ എ. എസ്സ്. പി. അദ്ദേഹത്തോട് സാക്ഷികളെ ഹാജരാക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) മർദ്ദനം നടന്നതായി പറയുന്ന ദിവസം ലാക്കപ്പിൽ മററാരെങ്കിലും ഉണ്ടായിരുന്നതായി സക്കാരിനറിയാമോ?

ഉത്തരം.

(എ) ഈ പരാതിയെക്കുറിച്ച് തിരുവനന്തപുരം റൂറൽ പോലീസ് അസിസ്റ്റൻറ് സൂപ്രണ്ട് അന്വേഷണം നടത്തുകയുണ്ടായി.

(ബി) തിരുവനന്തപുരം റൂറൽ എ. എസ്സ്. പി. സാക്ഷികളെ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ശ്രീ. നീലകണ്ഠനെ ലാക്കപ്പിൽ സൂക്ഷിച്ചിരുന്ന ദിവസം അവിടെ ആരും ഉണ്ടായിരുന്നില്ല.

പാഠപുസ്തകങ്ങൾ.

൫൧൬. [൭] ശ്രീ. വാവുണ്ണി പുളിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാലയവർഷത്തിൽ സ്കൂൾതുറന്നിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും പാഠപുസ്തകങ്ങൾ കിട്ടിയിരുന്നില്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) താമസം വന്ന പുസ്തകങ്ങൾ ഇന്നതെന്നും എത്ര താമസം വന്നു എന്നും മററും ഓരോ സ്കൂൾഹെഡ്മാസ്റ്റർമാർമുഖാന്തിരവും ഒരു സ്ഥിതിവിവരക്കണക്കു വരുത്തി ഈ സഭമുമ്പാകെ വയ്ക്കാമോ;

(സി) അപ്രകാരം ഒരു സ്ഥിതിവിവരക്കണക്കിൽനിന്നും കാര്യകാരണങ്ങൾ മനസ്സിലാക്കി, വരുന്ന വിദ്യാഭ്യാസവർഷത്തിൽ ഇപ്രകാരം വരാതിരിക്കാൻ വേണ്ട നടപടികൾ ഇപ്പോൾതന്നെ എടുക്കുമോ ?

ഉത്തരം.

(എ) ഇല്ല.

(ബി) സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാൻ വേണ്ടിവരുന്ന ശ്രമവും സമയവും അനുസരിച്ചുള്ള ഫലം അതുകൊണ്ടു് ഉണ്ടാകാനിടയില്ലാത്തതുകൊണ്ടു് അങ്ങിനെ ഒരു കണക്കെടുക്കാൻ ഒരുങ്ങുന്നില്ല.

(സി) വേണ്ട നടപടികൾ മുൻപു് എടുത്തിട്ടുള്ളതാണു്. ഇനി മേലും എടുക്കുന്നതായിരിക്കും.

School at Kadakkal.

173. [11] Shri R. Kesava Pillai : Will the Minister for Education be pleased to state:

(*a*) how far is the location of the Government Middle School of Kadakkal from the Government High School of Kadakkal;

(*b*) whether the Government is aware of the fact that the two schools are under the control of one Headmaster and that it affects the discipline of both the schools; and

(c) whether Government would be pleased to appoint two different Headmasters for the better administration and management of the two schools ?

Answer.

(*a*) There is no separate Middle School at Kadakkal but the Middle School section of the High School is housed in a building about 4 furlongs away from the High School.

(*b*) No instance of indiscipline has been reported.

(c). The question will be looked into separately.

ക്ലാർക്കന്മാരുടെ സ്ഥലംമാററം.

൧൭൪. [൧൨] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മുൻസിഫ് കോർട്ടിലേയ്ക്കും വടക്കാഞ്ചേരി മുൻസിഫ് കോർട്ടിലേയ്ക്കും ൩൦—൪൫ ഗ്രേഡിൽ ഓരോ ക്ലാർക്കന്മാരെ തിരുവിതാംകൂർ ഭാഗത്തുനിന്നും അടുത്ത അവസരത്തിൽ മാററുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അവർക്കോരോരുത്തർക്കും എത്ര സർവ്വീസുണ്ടു്; അവരെ എന്തെങ്കിലും ഗ്രേഡിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ?

ഉത്തരം.

(എ) ഉവ്വു്.

(ബി) ഒരാൾക്കു് ൧ കൊല്ലം ൩ മാസവും മറെറാരാൾക്കു് ൨ കൊല്ലം ൨ മാസവും. അവരെ സ്ഥിരപ്പെടുത്തിയിട്ടില്ല.

Construction of Bunds in Kari lands.

൧൭൬. [൧൨] ശ്രീ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ താലൂക്കിൽ പുറക്കാട്ട പകുതിയിൽ ഈ വർഷവും കഴിഞ്ഞ വർഷവുമായി എത്ര മൈൽനീളം ബണ്ട് ഇട്ടിട്ടുണ്ട്;

(ബി) ഏതെല്ലാം സാധനങ്ങൾ ഉപയോഗിച്ച് ബണ്ട് ഉണ്ടാക്കണമെന്നാണ് കൺട്രാക്റ്റ് വ്യവസ്ഥ;

(സി) കൺട്രാക്ടറന്മാർ വ്യവസ്ഥ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ രണ്ടുവർഷത്തെയും കൺട്രാക്ടറന്മാരുടെ പേരുവിവരം;

(ഇ) ഓരോരുത്തരും എന്തു തുകയ്ക്കുള്ള വർക്ക് പിടിച്ചിട്ടുണ്ട്;

(എഫ്) എത്ര ഏക്കർ നിലത്തിന് ഈ ബണ്ടുകൊണ്ട് പ്രയോജനമുണ്ടായിട്ടുണ്ട്;

(ജി) മൈൽ ഒന്നിന് എന്തു തുക ചെലവാകുന്നു;

(എച്ച്) കൃഷിക്കാരിൽനിന്നും ഏക്കറിന് എന്തു തുകവീതം ഈടാക്കുന്നു;

(ഐ) കഴിഞ്ഞ വർഷം ഇട്ട ബണ്ടിന്റെ മെയിൻറനൻസിനായി ഈ വർഷം ഏക്കറിന് എന്തുതുക വീതം കൃഷിക്കാരിൽനിന്നും ഈടാക്കുന്നു;

(ജെ) ഒറിജിനൽ വർക്കിനും മെയിൻറനൻസിനും ആയി ചെലവാകുന്ന പണംകൊണ്ട് ഈ ബണ്ട് മുഴുവൻ കരിങ്കൽകെട്ടുന്നതിന് മതിയാകുമായിരുന്നില്ലേ?

ഉത്തരം.

(എ) കഴിഞ്ഞ വർഷം. ൨൰.൨൩ മൈൽ.

ഈ വർഷം. ൧൮.൬൧ മൈൽ.

(ബി) ചെളി, വയ്ക്കോൽ, ചവർ, തെങ്ങുംകുററി, ഓല, മുള മുതലായവ.

(സി) ഉണ്ട്.

(ഡി) കഴിഞ്ഞ വർഷം.

൧ ജോസഫ് തോമസ്, നേരിയമ്പറമ്പിൽ.
൨. ലിയോൺ നിറോണാ.
൩. എൻ. നീലകണ്ഠപ്പിള്ള.

ഈ വർഷം.

൧. ഏ. സി. ശങ്കരൻ നമ്പൂതിരി.
൨. ജോസഫ് തോമസ്, നേരിയമ്പറമ്പിൽ.
൩. ഫ്രാൻസിസ് നൊറോണാ.
൪. ചാക്കൊ തൊമ്മി.
൫. പാണ്ടവത്തു് ശങ്കരപ്പിള്ള.

(ഇ) കഴിഞ്ഞവർഷം.

൧. ജോസഫ് തോമസ്, നേരിയമ്പറമ്പിൽ, ൧,൫൬,൨൭൮ രൂപ.

൨. ലിയോൺനൊറോണ ൩൩,൩൨൭ രൂപ.

൩. എൻ. നീലകണ്ഠപ്പിള്ള ൫,൨൪൦ രൂപ.

ഈവർഷം.

൧. എ. സി. ശങ്കരൻനമ്പൂതിരി ൩൩,൭൬൫ രൂപ.

൨. ജോസഫ് തോമസ്, നേരിയമ്പറമ്പിൽ ൧,൪൪,൨൫൦ രൂപ.

൩. ഫ്രാൻസിസ് നൊറോണ ൯൫,൫൭൩ രൂപ.

൪. ചാക്കോ തൊമ്മി ൯൦,൫൭൩ രൂപ.

൫. പാണ്ടവത്തു് ശങ്കരപ്പിള്ള ൩൨,൨൦൦ രൂപ.

(എഫ്) ഏകദേശം ൫,൬൬൦ ഏക്കർ നിലത്തിനു്.

(ജി) ൨൩,൯൩൦ രൂപയോളം ചെലവു വരും.

(എച്ച്) ഇക്കാര്യം സർക്കാരിന്റെ ആലോചനയിലിരിക്കുകയാണു്, അവസാനതീരുമാനമായിട്ടില്ല.

(ഐ) ഏക്കർ ഒന്നിനു് മൂന്നുരൂപാ വീതം തൽക്കാലം ഈടാക്കുന്നു. ബാക്കി കൊയ്ത്തുസമയത്തു് ഈടാക്കുന്നതാണു്.

(ജെ) ഇല്ല.

മുണ്ടക്കയം സബ്ബ് ഇൻസ്പെക്ടർ.

൧൭൮. [൧൯] ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയത്തെ ഇപ്പോഴത്തെ സബ്ബ് ഇൻസ്പെക്ടർ ആരാണു്;

(ബി) അടുത്തകാലത്തു് അദ്ദേഹത്തെ കുത്താട്ടുകുളത്തിനു് സ്ഥലം മാററി പകരം മി. ശങ്കരൻനായരെ അങ്ങോട്ടു നിയമിച്ചു് ഒരുത്തരവു് ഇടുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ ഉത്തരവു് ഇട്ടതു് എന്നാണു്;

(സി) പിന്നീടു് ഈ സ്ഥലംമാററ ഉത്തരവു് റദ്ദുചെയ്യുകയുണ്ടായോ; ഉണ്ടെങ്കിൽ എന്നു്?

ഉത്തരം.

(എ) ശ്രീ. ആർ. ജോസഫ് ചെല്ലധുരരാജ്.

(ബി) ഉവ്വ്. സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയുക്തനായിരുന്ന സബ്ബ് ഇൻസ്പെക്ടർ ശ്രീ. ശങ്കരൻനായരെ ടി ജോലിക്കുശേഷം ൧൮-൬-൧൯൫൨ൽ മുണ്ടക്കയത്തേക്കും, ശ്രീ. ജോസഫ് ചെല്ലധുരരാജിനെ കുത്താട്ടുകുളത്തേക്കും മാററി.

(സി) ഉവ്വ്. ടി ഉത്തരവിനെ പൊതുതാല്പര്യത്തെ ലാക്കാക്കി റദ്ദു ചെയ്യുകയും ശ്രീ. ശങ്കരൻനായരെ കുത്താട്ടുകുളത്തേക്കു് നിയമിക്കുകയും ചെയ്തു. റദ്ദുചെയ്തതു് ൨൦-൬-൧൯൫൨ൽ ആണു്.

Fee concession.

177. [22] **Shri O. C. Ninan:** Will the Minister for Education be pleased to state:

(*a*) has the Government received any representation regarding fee concession to pupils of Pentecost and Brothren Missions;

(*b*) when were they received;

(*c*) has the Government taken any action on them;

(*d*) will the Government be pleased to state the action taken in the matter; and

(*e*) will it be possible for the pupils to get any concession this year?

Answer.

(*a*) Yes.

(*b*) This year. A few representations together with a report from the Director of Public Instruction were received on 12-4-52 and a representation from the members of the Brothren Mission and Pentecostal Church was received on 10-9-1952.

(*c*) Yes.

(*d*) The question is under consideration.

(*e*) Government are taking prompt action for awarding the concession.

അറബി അദ്ധ്യാപകന്മാർ.

൧൭൮. [൨൩] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിവിഭാഗത്തിൽ സെൻട്രൽ ഡിവിഷൻസ്കൂൾ ഇൻസ്പെക്ടരുടെ കീഴിലുള്ള സ്കൂളുകളിൽ ൭൧ അദ്ധ്യാപകന്മാരുടെ ഒഴിവിലേയ്ക്കു് താൽക്കാലിക നിയമനങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) ഈ നിയമനങ്ങളിൽ അവർണ്ണരിൽ എത്രപേരെ തിരഞ്ഞെടുത്തു; സവർണ്ണരിൽ എത്രപേരെ;

(സി) സാമുദായികപ്രാതിനിധ്യം അനുസരിച്ചാണോ ഈ നിയമനങ്ങൾ നടത്തിയതു്;

(ഡി) ഈ നിയമനങ്ങൾ നടത്തുന്നകാര്യം വല്ല പത്രങ്ങളിലും പരസ്യപ്പെടുത്തിയിരുന്നുവോ;

(ഇ) ൩൦-൧൨-൧൧൨൭-ലെ എക്സ്പ്രസ്സിൽ (തൃശ്ശൂർ) പ്രസിദ്ധീകരിച്ച ഇതേപ്പററിയുള്ള ക്രമക്കേടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ക്രമക്കേടുകൾക്കുത്തരവാദിയായ ഉദ്യോഗസ്ഥൻെറ പേരു്;

(ജി.) ആ ഉദ്യോഗസ്ഥൻെറ പേരിൽ എന്തു നടപടി എടുത്തു?

ഉത്തരം.

(എ) ഉണ്ടു്.

(ബി) സവർണ്ണരെന്നും അവർണ്ണരെന്നുമുള്ള ഭേദം ഇപ്പോൾ ഇല്ല. നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക താഴെ പറഞ്ഞിരിക്കുന്നപ്രകാരമാണ്.

നായർ	൩൨
പട്ടാരിയ	൪
സാരസ്വതബ്രാഹ്മണൻ	൧
ചാക്യാർ	൧
കളരിക്കുറുപ്പ്	൨
ഈഴവ	൭
വാര്യർ	൧
ക്രിസ്ത്യാനികൾ	൮
അമ്പലവാസി	൧൧
ക്ഷത്രിയർ	൧
മലയാളബ്രാഹ്മണൻ	൧
തമിഴ്ബ്രാഹ്മണൻ	൩
വെള്ളാളൻ	൬
പുലയൻ	൨
നാടാർ	൧
മുസ്ലീം	൨
ആകെ	൯൨

(സി) ഇല്ല.
(ഡി) പത്രങ്ങളിൽ പരസ്യപ്പെടുത്തിയില്ല.
(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(എഫ്) ശ്രീ. ആർ. വെങ്കിടാചലയ്യർ, ഡിവിഷൻ ഇൻസ്പെക്ടർ ആഫ് സ്ക്കൂൾസ്, ഇരിങ്ങാലക്കുട.
(ജി) ഉദ്യോഗസ്ഥനെ താക്കീതുചെയ്തിട്ടുണ്ട്.

Adult Education Scheme.

179. [29] Shri **Ganapathi**: Will the Minister for Education answer the following questions;

(*a*) is there any Adult Education Scheme working in our State as in the Madras State;

(*b*) if so, in how many places it is being conducted;

(*c*) of these, how many are being conducted in a good manner;

(*d*) is there any place of the Estate area in which this institution is being conducted;

(*e*) if not, why; and

(*f*) can the Government establish this kind of Educational Institution in the State area?

Answer.

(*a*) Yes.
(*b*) 177.
(*c*) All of them are reported to be working satisfactorily.

(*d*) No.

(*e*) As the Estate areas have not been brought under the Scheme.

(*f*) This will be considered.

Milk Improvement Scheme.

180. [30] **Shri Ganapathi:** Will the Chief Minister be pleased to state:

(*a*) whether the Government will arrange to introduce a Milk Improvement Scheme in the State; and

(*b*) whether the Government is aware of the fact that the countries like Australia, England, Canada, etc., are getting large income on account of such a scheme.?

Answer.

(*a*) This will be considered.

(*b*) Yes.

Erection of Buildings on lands given on Kuthagapattam.

181. [32] **Shri Ganapathi:** Will the Minister for Revenue and Forests be pleased to state:

(*a*) has the Government any objection for erecting permanent buildings on lands given on kuthagapattom basis in Devicolam taluk; and

(*b*) if not, is the Government aware of the fact that Forest Department is raising objection for digging wells and erecting strong houses etc ?

Answer.

(*a*) Yes.

(*b*) Does not arise.

Unstarred Questions posted for answer on 31-10-1952.

Head Tanks.

182. [1] **Shri K. Madhavan Unnithan:** Will the Minister for Finance and Civil Supplies be pleased to state:

(*a*) whether Government are aware that most of the head tanks in the paddy fields in Kunnathur taluk have been either encroached upon or have been filled up with silt; and

(*b*) will the Government initiate urgent steps to make such tanks useful for irrigation ?

Answer.

(*a*) No complaints have been received regarding encroachments. Five tanks in the taluk were silted up.

*171. [10] **Shri O. C. Ninan**: Will the Minister for Revenue be pleased to state:

(*a*) how many private markets are there in this State;

(*b*) the total amount of licenee fees realised in the years 1950 and 1951;

(*c*) what is the amount of fees allowed to be collected for head loads by the licensees;

(*d*) is there any account kept by the licensees for the total amount realised by them;

(*e*) is there any auditing or checking or supervision of these accounts by the Government;

(*f*) what is the total amount realised by the licensees in 1950 and 1951 and what is the proportion Government got out of it?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) There are 454 private markets in the State;
(*b*) In the year 1950, Rs. 4,890; in the year 1951, Rs. 4,250;
(*c*) No fee is allowed to be collected for head loads;

(*d*) Government have no knowledge about the matter;

(*e*) No;

(*f*) No information is available with Government.

Shri O. C. Ninan: Do the Government think that they should make it a condition in the licence that the amount realised by the licensee also should be returned to the Government?

Shri A. Chidambaranatha Nadar: Government can consider the matter.

Shri O. C. Ninan: Is there power for the Government to ask the licensee to keep an account of the licence fee collected by them?

Shri A. Chidambaranatha Nadar: No definite answer can be given now.

Shri O. C. Ninan: Are the Government aware that huge amounts are collected by way of licence fee?

Shri A. Chidambaranatha Nadar: There are complaints.

Shri O. C. Ninan: Will the Government consider the question of converting the private markets into public markets so that the income of the Government may be increased?

Shri A. Chidambaranatha Nadar: If the Government find it absolutely indispensable, they have no objection.

Shri O. C. Ninan: There is no question of objection. Will the Government consider the question of converting these private markets into public markets so that the income of the Government may be increased?

Shri A. Chidambaranatha Nadar: Government can consider it.

ശ്രീ. എ. കുഞ്ഞൻനാടാർ: പ്രൈവറ്റ്മാർക്കറ്റുകളിൽ കരംപിരിക്കുന്നതിന് ബോർഡുവച്ചിട്ടില്ലെന്നുള്ള വിവരമറിയാമോ?

Shri A. Chidambaranatha Nadar: Government know it.

ശ്രീ. എ. കുഞ്ഞൻനാടാർ: ഇങ്ങനെ കണക്ക സൂക്ഷിക്കാതെ പിരിവുനടത്തുന്നതുമൂലം ഇൻകംടാക്സ് കൊടുക്കാതെ കഴിക്കുന്നുണ്ടെന്നറിയാമോ?

Shri A. Chidambaranatha Nadar: Government do not know.

ശ്രീ. എൻ. രാജഗോപാലൻനായർ: ഇങ്ങനെ ലൈസൻസു വകയിൽ മൊത്തം തുക ഗവണ്മെൻറിനു ലഭിച്ചു?

Shri A. Chidambaranatha Nadar: I want notice.

Sub-Registrars.

*172. [11] **Shri P. Ramaswami Pillai**: Will the Minister for Registration be pleased to state:

(*a*) how many Sub-Registrars are there in Cochin area;

(*b*) what is the average number of documents that were got registered in a Sub-Registrar's office in Cochin area in 1949, 1950 and 1951;

(*c*) what is the corresponding figure in Travancore area;

(*d*) how many Sub Registrars are there in the Travancore area;

(*e*) what is the scale of pay of Sub Registrars in Cochin area and Travancore area;

(*f*) is there any prospect of integration being effected in this department in the near future;

(*g*) will the Government take immediate steps to equalise the pay of Sub Registrars both in Cochin and Travancore?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) There are 28 Sub Registrars in the Cochin area;

(*b*) 2,301 documents in 1949, 2,549 in 1950 and 2,475 in 1951;

(*c*) 5,274 documents in 1949, 5,364 in 1950 and 5,637 in 1951;

(*d*) there are 91 Sub-Registrars in the Travancore area;

(*e*) Sub Registrars in the Cochin area are placed on three grades, namely, Rs. 80—125, 100—150 and 150—200, and those in the Travancore area are on two grades, namely, Rs. 80—100 and Rs. 100—150;

(*f*) Government are taking the necessary steps to effect the integration of services as early as possible;

(*g*) action is being taken in the matter.

Shri P. Ramaswami Pillai: When will the integration be completed?

Shri A. Chidambaranatha Nadar: It will be completed as early as possible.

പഞ്ചായത്തു വാർഡുകൾ.

* ൧൯൩. [൧൨] ശ്രീ. പി. വി. അവിരാത്തരകൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) പഞ്ചായത്തു വാർഡുകൾ വിഭജിച്ചിട്ടുള്ളതു് ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തിയാണോ;

(ബി) ഒരു വാർഡിലെ കുറഞ്ഞ വോട്ടറന്മാരുടെ സംഖ്യയെത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്തുവാർഡുകൾ വിഭജനം നടത്തിയതു് ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തിയാണു്. കൂടാതെ പ്രകൃതിദത്തമായ അതിരുകളേയും റവന്യൂ കരങ്ങളേയും ഇതിനു മാനദണ്ഡമായി എടുത്തിട്ടുണ്ടു്.

(ബി) ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ പഞ്ചായത്തുവാർഡുവിഭജനം സംബന്ധിച്ചു് എല്ലാ സ്ഥലത്തു നിന്നും പരാതികൾ വന്നിട്ടുള്ള സ്ഥിതിക്കു് അതേപ്പററി പുനഃപരിശോധന ചെയ്യുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ വാർഡുവിഭജനം സംബന്ധിച്ചു് എല്ലാ സ്ഥലത്തുനിന്നും പരാതി വന്നിട്ടുണ്ടെന്നു പറഞ്ഞതിനെ ഞാൻ നിഷേധിക്കുന്നു. ചില സ്ഥലങ്ങളിൽ നിന്നും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. അതേപ്പററി പുനഃപരിശോധന ചെയ്യുന്നതാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: പഞ്ചായത്തുവാർഡു് നിശ്ചയിക്കുന്നതു് അവിടത്തെ പ്രധാന കേന്ദ്രത്തെ ആസ്പദമാക്കിയാണോ അതോ മററു പരിഗണനകൾ വച്ചാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പഞ്ചായത്തുവാർഡുവിഭജനം നടത്തിയതു് അതാതു സ്ഥലത്തെ എം. എൽ. എ. മാരോടും പഞ്ചായത്തു മെമ്പറന്മാരോടും മററു അധികാരികളോടും ആലോചിച്ചാണു്. അതിനു വല്ല ആക്ഷേപവുമുണ്ടെങ്കിൽ പുനഃപരിശോധന ചെയ്യാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: പ്രകൃതിദത്തമായ സൗകര്യങ്ങൾകൂടി കണക്കാക്കിയല്ലേ വാർഡു നിശ്ചയിക്കുന്നതു് അതോ പ്രത്യേക വ്യക്തികളുടെ സ്വാധീനംകൂടി പരിഗണിച്ചിട്ടാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രത്യേക പരിഗണനകളൊന്നുമില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: പത്തനംതിട്ട താലൂക്കിൽ ഏത്രർ പകുതിയിൽ ഒരു പഞ്ചായത്തു വാർഡു നിശ്ചയിച്ച കൂട്ടത്തിൽ കുളപ്പുഴ കേന്ദ്രമാക്കിയതു ശ്രീമാൻ എ. പി. നൈനാന്റെ സ്വാധീനത്തെക്കൂടി പരിഗണിച്ചിട്ടാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രകൃതിരമണീയതയേയും മററും ആസ്പദമാക്കിയല്ല ഹെഡ്ക്വാർട്ടേഴ്സ് നിശ്ചയിച്ചിരിക്കുന്നതു്. മററുതരത്തിലുള്ള പ്രത്യേക പരിഗണനകളും നോക്കുന്നതല്ല.

ശ്രീ. കെ. ജെ. താമസ്: വാർഡു് വിഭജനക്കമ്മററിയിൽ എക്സ് എം. എൽ. എ. മാരെയാണോ അതോ ഇപ്പോഴത്തെ എം. എൽ. എ. മാരെയാണോ ഉൾപ്പെടുത്തിയിരുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോഴത്തെ എം. എൽ. എ. മാരെത്തന്നെ.

ശ്രീ. കെ. ജെ. താമസ്: ഇപ്പോഴത്തെ വാർഡുവിഭജനത്തിൽ ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചിലയിടങ്ങളിൽ ആക്ഷേപം ഉണ്ടായിട്ടുണ്ടു്. അതിനു വേണ്ട പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുമുണ്ടു്.

ശ്രീ. കെ. ജെ. താമസ്: എങ്ങനെയാണു് ഈ ആക്ഷേപങ്ങൾ പരിഹരിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിലേയ്ക്കു പ്രത്യേകം അധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ടു്. പഞ്ചായത്തുവാർഡുവിഭജനം ചെയ്തിട്ടുള്ള ലിസ്ററും മററു വിവരങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ടു്. ആക്ഷേപമുള്ളവർക്കു് ഈ അധികാരികളെ കണ്ടു് ചെയ്യാവുന്ന മാററങ്ങൾ ചെയ്തു് അവരുടെ പരാതികൾക്കു പരിഹാരമുണ്ടാക്കാവുന്നതാണു്.

ശ്രീ. കെ. ജെ. തോമസ്: പഞ്ചായത്തുവാർഡുകൾ വിഭജനം ചെയ്തിട്ടുള്ള ലിസ്റ്ററുകളും മററും ജനപ്രതിനിധികൾക്ക് അയച്ചുകൊടുക്കാതിരിക്കാൻ വല്ല കാരണവുമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആ ലിസ്ററ് പ്രസിദ്ധപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ ആഫീസിലോ, ഡെ. ഡയറക്ടറന്മാരുടെ ആഫീസിലൊ അന്വേഷിച്ചാൽ വിവരമറിയാവുന്നതാണ്.

ഡാ: എൻ. എസ്. പിള്ള: ആററങ്ങൽ പകുതിയിലെ വാർഡുവിഭജനം ചെയ്തപ്പോൾ അവിടത്തെ എം. എൽ. എ. യുമായി ആലോചിച്ചുവോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇങ്ങനെ ഓരോരുത്തരുടെയും കാര്യം പ്രത്യേകം പ്രത്യേകം ചോദിച്ചാൽ മറുപടി പറയുവാൻ നിവൃത്തിയില്ല.

നിയമനങ്ങൾ.

* ൧൭൮. [൧൩] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി, നെയ്യാററിൻകര എന്നിവിടങ്ങളിൽ സമാരംഭിക്കുന്ന കമ്മ്യൂണിററി പ്രോജക്ററിന് വില്ലേജ് ലെവലേഴ്സായി ൪൦ ഉദ്യോഗസ്ഥന്മാരെ നിയമിച്ചതിൽ മാർത്താണ്ഡം വൈ. എം. സി. എ. യിലും ശ്രീ. പി. എം. മാണിയുടെ ആലുവായിലെ കാർഷികകാളേജിലും പരിശീലനം നടത്തിയവർക്ക് പ്രാഥമികപരിഗണന നൽകുകയുണ്ടായോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പരിശീലനം നേടിയിട്ടുള്ള ആളുകൾ മാത്രം അപേക്ഷിച്ചാൽ മതിയെന്നു നിർദ്ദേശം വല്ലതും നൽകിയിരുന്നോ;

(സി) പട്ടത്ത് ഈ ഗവണ്മെൻറ് നടത്തിവരുന്ന വയോജനവിദ്യാഭ്യാസഗവേഷണ പരിശീലനകേന്ദ്രത്തിൽ നിന്നു ട്രെയിനിംഗ് നേടിയവരുടെ അപേക്ഷ ഈ ഉദ്യോഗനിയമനത്തിൽ വിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്;

(ഡി) മാർത്താണ്ഡം വൈ. എം. സി. എ. യിലും, ആലുവാ കാർഷികകാളേജിലും നൽകുന്ന പരിശീലനകോഴ്സ് ഏതെല്ലാം വിഷയങ്ങളെ ആസ്പദമാക്കി സാധാരണ എത്ര കാലംകൊണ്ടു പൂർത്തിയാക്കുന്നതാണെന്നു ഗവണ്മെൻറിനറിയാമോ;

(ഇ) പ്ലാനിംഗ് കമ്മീഷൻെറ നിർദ്ദേശാനുസരണം കമ്മ്യൂണിററി സെൻററുകൾ ആരംഭിക്കുന്നതിനു സേവനോത്സുകരായ യുവാക്കന്മാർക്കു പരിശീലനം നൽകാൻ ഉദ്ദേശിച്ചാണോ പട്ടത്തെ വയോജനവിദ്യാഭ്യാസപരിശീലനകേന്ദ്രം ആരംഭിച്ചതു്;

(എഫ്) പട്ടത്തെ വയോജനവിദ്യാഭ്യാസകേന്ദ്രത്തിൽ നിന്നു പരിശീലനം കിട്ടിയവർക്ക് ഉദ്യോഗനിയമനകാര്യത്തിൽ പോരായ്മകളുണ്ടെങ്കിൽ എന്താണെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) മാർത്താണ്ഡം വൈ. എം. സി. ഏ-ക്ക് പ്രാഥമികപരിഗണന നൽകുകയുണ്ടായില്ല. ആലുവായിൽ ഒരു കാർഷിക കാളേജ് ഇല്ല.

(ബി) യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല.

(സി) ഇല്ല.

(ഡി) അന്വേഷിച്ചിട്ടില്ല.

(ഇ) അല്ല.

(എഫ്) പോരായ്മ ഉള്ളതായി കണ്ടിട്ടില്ല.

ശ്രീ. എം. കെ. മത്തായി: പട്ടത്തുള്ള വയോജനവിദ്യാഭ്യാസ കേന്ദ്രത്തിൽ പരിശീലനം നടത്തിയിട്ടുള്ളവരിൽ നിന്നു കമ്മ്യൂണിററി പ്രോജക്റ്റിനുവേണ്ടി എത്രപേരെ നിയമിച്ചിട്ടുണ്ട്?

ശ്രീ. ഏ. ജെ. ജാൺ: 4 പേരെ എടുത്തിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇതിലേക്ക് ആകെ എത്രപേരെ ആണ് നിയമിച്ചിട്ടുള്ളത്?

ശ്രീ. ഏ. ജെ. ജാൺ: നാൽപ്പത്തുപേരെ. ചാലക്കുടിയിലേക്ക് ൨൦ പേരെയും നെയ്യാററിൻകരയിലേക്ക് ൨൦ പേരെയും.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇതിൽ മാണിയുടെ കാർഷിക കാളേജിൽ നിന്നും എത്രപേരെ നിയമിച്ചു?

ശ്രീ. ഏ. ജെ. ജാൺ: അങ്ങനെയൊരു കാളേജില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ:- ഒല്ലൂർ കാളേജിൽ നിന്നു ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അതിൻെറ വിവരം എൻെറ കൈവശം ഇല്ലാ. പിന്നീട് നോക്കി പറയാം.

ശ്രീ. ടി. കെ. ദിവാകരൻ: പട്ടം വയോജനവിദ്യാഭ്യാസകേന്ദ്രത്തിൽ നിന്നും ഇതിലേക്ക് എത്ര അപേക്ഷകരുണ്ടായിരുന്നു?

ശ്രീ. ഏ. ജെ. ജാൺ: ഇരുപതിരുപത്തഞ്ചുപേർ ഉണ്ടായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: അതിലെത്രപേരെ നിയമിച്ചു?

ശ്രീ. ഏ. ജെ. ജാൺ: 4 പേരെ അതിലേക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള യോഗ്യതകൾ ഉള്ളവരെ മാത്രമെ നിയമിക്കാൻ നിവൃത്തിയുള്ളു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: പട്ടം വയോജന വിദ്യാഭ്യാസത്തെ സംബന്ധിച്ച് നിയമിച്ചിട്ടുള്ള ബോർഡിൽ ആരെല്ലാമാണ് അംഗങ്ങൾ എന്നു പറയാമോ?

ശ്രീ. ഏ. ജെ. ജാൺ: വിദ്യാഭ്യാസ ഡയറക്ടർ, ഇതിലേക്കുവേണ്ടി നിയമിച്ചിട്ടുള്ള സ്പെഷ്യലാഫീസർ, പഞ്ചായത്തു ഡയറക്ടർ മുതലായവരാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഗവണ്മെൻറിന്റെ മേൽനോട്ടം വഹിക്കുന്ന ഒരു സ്ഥാപനമാണിതെന്നു കാണുന്ന നിലയ്ക്കു് അവിടെ പരിശീലനം നടത്തുന്നവർക്കു് പ്രോത്സാഹനവും മുൻഗണനയും നൽകാതിരുന്നതു് എന്തുകൊണ്ടാണു്.

ശ്രീ. എ. ജെ. ജാൺ : അവിടെ പരിശീലനം നടത്തുന്ന എല്ലാവർക്കും നിയമനത്തിനാവശ്യമുള്ള യോഗ്യതയില്ലെന്നു കണ്ടിട്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : വിദ്യാഭ്യാസകേന്ദ്രത്തിൽ പരിശീലനം നടത്തുകയെന്നുള്ളതു് ഇങ്ങനെയുള്ള നിയമനത്തിന്റെ ഒരു യോഗ്യതയാണെന്നു കണ്ടിട്ടല്ലേ ഈ സ്ഥാപനങ്ങളെ ഏർപ്പെടുത്തിയതു്?

ശ്രീ. എ. ജെ. ജാൺ : അവർക്കു് യോഗ്യതയില്ലെന്നല്ല പറയുന്നതു് എന്നാൽ കമ്മ്യൂണിററി പ്രോജക്ററിനു വേണ്ടിയുള്ള നിയമനത്തിനു വേണ്ടത്ര യോഗ്യത ഉള്ളതായി തോന്നിയില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ആ നിയമനത്തിനു വേണ്ട യോഗ്യതയെന്താണു്?

ശ്രീ. എ. ജെ. ജാൺ : അതിനാവശ്യമുള്ള യോഗ്യതകൾ എന്താണെന്നു ഗവണ്മെൻറ നോട്ടിഫിക്കേഷൻ ചെയ്തിട്ടുണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : അതനുസരിച്ചുള്ള സ്ഥലബന്ധുല്ലയോ പട്ടം വയോജനവിദ്യാഭ്യാസകേന്ദ്രത്തിലും ഏർപ്പെടുത്തിയിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ : അതുകൊണ്ടുമാത്രമായില്ലാ. പരീക്ഷായോഗ്യത മാത്രമല്ല, മാനദണ്ഡമായി എടുത്തിട്ടുള്ളതു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ഈ നോട്ടിഫിക്കേഷൻ അനുസരിച്ചുള്ള യോഗ്യത നോക്കാതെയും യാതൊരു പരിശീലനവും ഇല്ലാതെയും ഉള്ള ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : പരീക്ഷായോഗ്യത മുഴുവനായിട്ടു് ഇല്ലാത്ത നാലുപേരെ നിയമിച്ചിട്ടുണ്ടു്. അവർ അദ്ധ്യാപകന്മാരാണു്. അവർക്കു് മുമ്പു് ഇപ്പോൾ കൊടുത്തുവരുന്നതിനേക്കാൾ കൂടുതൽ ശമ്പളം കിട്ടിക്കൊണ്ടുമിരുന്നു.

ശ്രീ. എം. കെ. മത്തായി : അവരുടെ യോഗ്യതയെന്താണു്?

ശ്രീ. എ. ജെ. ജാൺ : ഹയർപരീക്ഷ പാസ്സായിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള : പട്ടത്തു നിന്നും ആളുകളെ എടുക്കാതിരിക്കുവാനുണ്ടായ കാരണം ജോലി ചെയ്യുന്നതിനുള്ള അപ്രാപ്തിയാണെന്നോ യോഗ്യതക്കുറവാണെന്നോ ഒക്കെ പറഞ്ഞു. ആളുകളുമായി ഇടപെട്ടു് ഇത്തരം ജോലികൾ ചെയ്യുന്നതിനല്ലയോ ഇവരെ പരിശീലിപ്പിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : അതിനും വ്യത്യാസമുണ്ടു്. ഈ നിയമനത്തിനു് ഇവർ പ്രായേണ അപ്രാപ്തരാണെന്നു ബോർഡുതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ടു്. മാത്രമല്ല, അവരുതന്നെ ഇൻറർവ്യൂ നടത്തിയാണു് ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളതും.

ശ്രീ. എ. താണുപിള്ള: അപ്പോൾ പട്ടണത്തിനിന്നു ലഭിക്കുന്ന പരിശീലനം കൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നാണോ പറയുന്നത്?

ശ്രീ. എ. ജെ. ജാൺ: അവരെക്കൊണ്ട് ചെയ്യിക്കാവുന്ന പ്രയോജനത്ത [illegible] ലി [illegible] വേറെ പലതുമുണ്ട്.

ശ്രീ. എ. താണുപിള്ള: കമ്മ്യൂണിറ്റി പ്രോജക്ടിൽ ചെയ്യേണ്ട [illegible] ളിൽ ചെന്നാലും മികവായും ചെയ്യേണ്ടത്?

ശ്രീ. എ. ജെ. ജാൺ: ഏകദേശം അതുതന്നെയാണ്.

ശ്രീ. എ. താണുപിള്ള: ആ നിലയ്ക്ക് മേലാലെങ്കിലും ഈമാതിരി നിയമനങ്ങൾ നടക്കുമ്പോൾ ഇതുപോലെ പരിശീലനം സിദ്ധിച്ചവരെ നിയമിക്കുന്നതിൽ ഗവണ്മെൻറ കൂടുതലായി ശ്രദ്ധിക്കുമോ?

ശ്രീ. എ. ജെ. ജാൺ: നോക്കാം.

Rice Mill.

*175. [14] **Shri A. Kunjan Nadar:** Will the Minister for General Administration be pleased to state:

(*a* the number of applications received by the Government for rice mill;

(*b* how many are sanctioned; the places where they are sanctioned and the persons to whom they are sanctioned;

(*c*) did the Government receive any representation that rice mill should not be sanctioned in South Travancore;

(*d*) what is the latest policy of the Government regarding the establishment of rice mill in South Travancore;

(*e*) what is the number of persons employed in rice milling cottage industry in South Travancore and in the rest of Travancore-Cochin;

(*f*) whether any statistics are available; and

(*g*) if not, will the Government collect correct statistics before granting licence for rice mill?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): (*a*) For milling private paddy—496

For milling Government paddy—107

(*b*) Five applications for milling Government paddy have been sanctioned in Thovala, Agasteeswaram and Trivandrum Taluks.

1. Shri E. Sivan Pillai, Puthen Veedu, Edalakudi.
2. Shri V. K. Raja Pillai, Proprietor, V. K. R. Rice Mill, Nagercoil.
3. Shri Rm. Subbiah Panicker, Vakayadi Street, Kottar.

4. Shri N. K. Nagamony, Proprietor, V. N. K. Rice Mill, Nagercoil.

5. Shri K. M. Abraham, Proprietor, The Oriental Flour and Oil Mills, Trivandrum.

(c) Reports were received by Government that no rice mill should be introduced in the State and if they are proposed to be introduced, at least in Trivandrum District, that should not be done.

(*d*) On account of public opinion which asserted itself for and against these rice mills, Government have kept in abeyance the whole scheme and have appointed a committee to look into the question and give a report to Government.

(*e*) Government have no information regarding the number of persons employed in the so called cottage industry of rice milling in South Travancore or in the rest of Travancore-Cochin.

(*f*) No statistics are available.

(*g*) The question of granting licences for rice mills will come up only after the report of the committee referred to above is received, and Government are sure that the committee in making its recommendations wil look into all aspects of the question.

<u>ശ്രീ. എ. കുഞ്ഞൻ നാടാർ</u> : ഈ 5 ലൈസൻസു കൊടുത്തിട്ടുള്ളതിൽ കഴിഞ്ഞ അസംബ്ലിക്കുശേഷം ഏതെങ്കിലും ലൈസൻസു കൊടുത്തിട്ടുണ്ടോ ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : ഇല്ലെന്നാണ് എന്റെ അറിവ്.

<u>ശ്രീ. എ. കുഞ്ഞൻ നാടാർ</u> : ശരിയായിട്ടുള്ള സ്റ്റാറ്റിസ്റ്റിക്സ് എടുക്കാതെ ഇങ്ങനെയുള്ള കാര്യത്തിൽ ഗവണ്മെന്റ് ഒരു തീരുമാനം ചെയ്യുന്നതു ശരിയാണോ ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : ഗവണ്മെന്റ ഒരു തീരുമാനവും ചെയ്തിട്ടില്ല. ഈ സഭയുടെ പല ഭാഗങ്ങളിൽനിന്നും, അതുപോലെ നാട്ടിന്റെ നാനാഭാഗങ്ങളിൽനിന്നും ഇതിനെസംബന്ധിച്ച് ചില ഒച്ചപ്പാടുണ്ടായപ്പോൾ ജനപരിചയം ഉള്ളവരും, ഈ വക കാര്യങ്ങളെപ്പറ്റി അന്വേഷിച്ച് ഗവണ്മെന്റിന് ഒരു റിപ്പോർട്ടു തരാൻ ശക്തിയുണ്ടെന്ന് ഗവണ്മെന്റിനു ബോദ്ധ്യമുള്ളവരും, ഒരുപക്ഷെ ഒരു സ്റ്റാറ്റിസ്റ്റിക്സ് കൂടി തരാൻ കഴിവുള്ളവരും ആയ ആളുകളെ ചേർത്തു ഒരു കമ്മിറ്റി രൂപീകരിച്ച് അവരോട് എത്രയും വേഗത്തിൽ ഒരു റിപ്പോർട്ടു തരാൻ ആവശ്യപ്പെട്ടിട്ടുണ്ട്

ശ്രീ. എ. കുഞ്ഞൻ നാടാർ: നാഗർകോവിലിൽ ലൈസൻസ് എടുത്തിട്ടുള്ള മില്ലുകൾക്കു പുറമെ പ്രൈവറ്റ് മില്ലുകളിൽകൂടി നെല്ലുകുത്തുന്നുണ്ടെങ്കിൽ അതു ആക്ഷേപമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ കുത്തുന്നുണ്ടെങ്കിൽ അതാക്ഷേപമാണ്. പക്ഷെ, അതേപ്പറ്റി അന്വേഷണം നടത്തിയതിൽ അങ്ങനെ കുത്തുന്നതായി തെളിവു കിട്ടിയിട്ടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇങ്ങനെ കുത്തുന്നതിനെ നിയന്ത്രിക്കുവാൻ ഗവണ്മെന്റു എന്തെങ്കിലും ഏർപ്പാടു ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പറ്റി ആലോചിക്കാം.

Shri C. Sankar: I wish to draw the attention of the Minister to one fact. In the proceedings dated **11th July 1952**, in answer to the question, "if the Government have issued licences for any mills for husking paddy in Travancore, the number of mills that have been given licences already in Travancore area and in each of the taluks of Thovala, Agasteeswaram, Kalkulam Vilavancode and Neyyattinkara," the answer given by the Food Minister then, and who is also the Food Minister today was, as follows: "The number of mills that have been given licenses already in the Travancore area is four; they are

Thovala—1
Agasteeswaram—2
Trivandrum—1".

In that background, the answer given by the Food Minister to the present question is that licences have been issued to five mills. How is that ?

Shri Panampilli Govinda Menon: That is the information in the possession of Government.

Shri C. Sankar: Is the Minister aware that while discussing the No-Confidence motion on the 30th October, 1952, he made a statement to the effect that no new licences have been issued to the rice mill since 11th July, 1952.

Mr. Speaker: The total number given is 5.

Shri C. Sankar: My point is that only four licences were issued out of which two were for Agastiswaram. Since July last the position was that. In today's answer, it is given as five. How is that ?

Mr. Speaker: Order, order. The time for interpellations is over. The hon. Member can get his answer in some other manner as provided in the rules.

WRITTEN ANSWERS.

ചന്തകളിലെ ബോർഡുകൾ.

*൧൭൬. [൧൫] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ പല പബ്ലിക് ചന്തകളിലും ബോർഡുകൾ ഇല്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണിക്കാവു പകുതിയിൽ പള്ളിക്കൽ കോയിക്കൽചന്തയിൽ ബോർഡ് ഉണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥ നാടാർ):

(എ) ഉണ്ട്.

(ബി) ഇല്ല. ബോർഡ് സ്ഥാപിക്കുന്ന കാര്യത്തിൽ നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്.

ഹരിജൻ കാളനികൾ.

*൧൭൭. [൧൩] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ൧൯൫൧-൫൨-ൽ എത്ര പുതിയ ഹരിജനകാളനികൾ തുടങ്ങി;

(ബി) അവ എവിടെയെല്ലാമാണ്;

(സി) ൧൯൫൨-൫൩-ാം വർഷത്തിൽ എത്ര ഹരിജൻകാളനികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്;

(ഡി) അവയുടെ ആവശ്യത്തിനായി സ്ഥലം എടുത്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എവിടെ; എത്ര ഏക്കർ സ്ഥലം?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) നാല്.

(ബി) ൧. തിരുവില്വാമല

൨. വെള്ളറക്കാട്

൩. വരവൂർ

൪. വയലാത്തറ.

(സി) ൩൧ ഹരിജൻ കാളനികൾ തുടങ്ങുന്നതിനെപ്പറ്റി ആലോചനയിൽ ഇരിക്കുന്നു.

(ഡി) പാണ്ടനാട്ടുപകുതിയിൽ ൩ ഏക്കർ ൧൧ സെൻറ സ്ഥലം എടുത്തിട്ടുണ്ട്. മററു കാളനികൾക്ക് ആവശ്യമുള്ള സ്ഥലത്തെപ്പററി നടപടികൾ എടുത്തുവരുന്നു.

(ഇ) പാണ്ടനാട്ടുപകുതി സർവെ ൧൯൨/൨-ൽ ൩ ഏക്കർ ൧൧ സെൻറ്.

വനഭൂമി പതിച്ചുകൊടുക്കൽ.

* ൧൭൮. [൧൭] ശ്രീ. കെ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ലാൻഡ് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൪൯-നു ശേഷം തിരുവിതാംകൂർ-കൊച്ചിയിലെ നിയമസഭാ സാമാജികന്മാരിൽ ആർക്കെങ്കിലും വനഭൂമി പതിച്ചു കൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരുടെ പേർക്കാണ് ; എത്ര ഏക്കർ സ്ഥലമുണ്ട് ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥ നാടാർ) :

(എ) ഉണ്ട്.

(ബി)	൧.	ശ്രീ.	എസ്സ്. എ. മജീദ്	൧൦ ഏക്കർ
	൨.	,,	എം. പപ്പു	൫ ,,
	൩.	,,	ററി. വി. തേവൻ	൩ ,,

ഭൂനികുതി ഏകീകരണം.

* ൧൭൯. [൧൮] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള വ്യത്യസ്ഥങ്ങളായ ഭൂനികുതിസമ്പ്രദായങ്ങൾ ഏകീകരിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥ നാടാർ) :

(എ) ഈ സംഗതിയെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യുവാൻ നിയമിച്ചിരുന്ന ലാൻഡ് ടാക്സ് എൻക്വയറി കമ്മിററി അവരുടെ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടു ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്. ഈ റിപ്പോർട്ടിന്മേൽ വേണ്ട തീരുമാനങ്ങൾ കഴിയുന്നത്ര വേഗം എടുക്കുന്നതാണ്.

(ബി) അടിസ്ഥാനനികുതിസമ്പ്രദായത്തിൻെറ പരിധിയിൽ പെടാത്തതും മേൽ പറഞ്ഞ റിപ്പോർട്ടിൽ ചർച്ച ചെയ്യിട്ടില്ലാത്തതുമായ മൂന്നിനം വസ്തുക്കൾ ഉണ്ട്. അവ ശ്രീപണ്ടാരവക, കണ്ടുകൃഷി, ശ്രീപാദം ഇവയാണ്. ശ്രീപണ്ടാരവക ഭൂമികളെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ടു ചെയ്യുവാൻ ഒരു കമ്മിററിയെ ഈയിടെ നിയമിച്ചിട്ടുണ്ട്. ആ കമ്മിററിയുടെ റിപ്പോർട്ട് താമസിയാതെ ലഭിക്കുന്നതാണ്. കണ്ടുകൃഷി വസ്തുക്കളെ സംബന്ധിച്ച് ലാൻഡ് കമ്മിററി റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിന്മേൽ തീരുമാനം താമസംവിനാ എടുക്കുന്നതും അപ്പോൾ ഈ വസ്തുക്കളെ സംബന്ധിച്ചും ഒരു തീരുമാനം ഉണ്ടാകുന്നതുമാണ്. ശ്രീപാദം വസ്തുക്കളുടെ കാര്യവും ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു. തിരുവിതാംകൂർ വിഭാഗത്തു് നിലവിലുള്ള അടിസ്ഥാന നികുതിസമ്പ്രദായം കൊച്ചീവിഭാഗത്തിലേയ്ക്കുകൂടി നടപ്പാക്കാനുള്ള ബിൽ ഈ നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്.

ജന്മിക്കരം.

* ൧൮൦. [൨൦] ശ്രീ. പി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ട മിച്ചവാരംവക വസ്തുക്കൾ കൈവശം വച്ചനുഭവിക്കുന്ന കർഷകരിൽനിന്നും ഈടാക്കുന്ന ജന്മിക്കരത്തിന്റെ ആകെത്തുകയെന്ത്;

(ബി) ഇതിൽ ഗവണ്മെന്റിന് ലഭിക്കുന്ന കമ്മീഷൻ എത്ര;
(സി) ബാക്കിത്തുക എന്തു ചെയ്യുന്നു?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥ നാടാർ):

(എ) ൧൦,൩൪,൨൭൪ രൂപ ൨ അണ ൮ പൈസ.
(ബി) ൨൬,൮൬൩ രൂപ ൧൩ അണ ൮ പൈസ.
(സി) ഏതു ജന്മികൾക്കു വേണ്ടിയാണോ ജന്മിക്കരം പിരിച്ചു വരുന്നത് ആ ജന്മികൾക്ക് ബാക്കിത്തുക കൊടുത്തുവരുന്നു.

കൃഷിപ്പിഴ.

* ൧൮൧. [൨൧] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാകാലങ്ങളിൽ മഴയില്ലാത്തതുകൊണ്ട് ഈ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വരൾച്ചയും തന്മൂലം കൃഷിനാശവും സംഭവിച്ചിട്ടുള്ളതായി ഗവണ്മെന്റിന് അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൃഷിനാശം തടയുന്നതിനു ഗവണ്മെന്റ് ഇതിനകം എന്തെങ്കിലും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥ നാടാർ):

(എ) ഉണ്ട്.
(ബി) ഉണ്ട്.

Mysore Rajpramukh's Visit.

182. [22] **Shri N. Raghava Kurup**: Will the Chief Minister be pleased to state:

(*a*) whether any amount was spent on the visit of the Mysore Rajpramukh to our State;

(*b*) if so what is the amount;

(*c*) is any amount lost by way of the preparatian for his visit?

Chief Minister **(Shri A. J. John)**: (*a*) Yes.

(*b*) **Rs. 5,110.**

(Rupees Five thousand one-hundred and ten only

(*c*) **Rs. 2,279-4.**

(Rupees Two thousand two hundred and seventy-nine and annas four only).

വിദേശ ബഹുമതി.

* ൨൱൯. [൨൯] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇൻഡ്യൻ ഭരണഘടനാനിയമത്തിലെ വ്യവസ്ഥകൾക്കു വിപരീതമായി ഈ സംസ്ഥാനത്തെ ചില പൌരന്മാർ "ഷവലിയർ" എന്ന വിദേശ ബഹുമതി സ്വീകരിച്ചു വരുന്നതായി ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഭരണഘടനാനിയമത്തിലെ വ്യവസ്ഥകൾക്കു വിപരീതമായി വിദേശബഹുമതി സ്വീകരിച്ചുവരുന്നതായി അറിവില്ല.

(ബി) ഉദിക്കുന്നില്ല.

ഇൻഡ്യൻ ഭരണഘടനാനിയമം ൩൨൩ (൨) വകുപ്പു പ്രകാരം ഉള്ള റിപ്പോർട്ട്.

* ൨൱൰. [൨൰] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി ഉത്തരം പറയുമോ:

(എ) ഇൻഡ്യൻ ഭരണഘടനാനിയമം ൩൨൩ (൨) വകുപ്പു പ്രകാരം എന്തെങ്കിലും റിപ്പോർട്ടു തിരുവിതാംകൂർ-കൊച്ചി പബ്ലിക്ക് സർവീസ് കമ്മീഷൻ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ തീയതികളിൽ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) ൧൯-൨-൧൯൫൦ മുതൽ ൩൧-൩-൧൯൫൦ വരെയുള്ള കാലത്തെ സംബന്ധിക്കുന്ന റിപ്പോർട്ട് ൧൬-൯-൧൯൫൧-ലും, ൧-൪-൧൯൫൦ മുതൽ ൩൧-൩-൧൯൫൧ വരെയുള്ള കാലത്തെ സംബന്ധിക്കുന്ന റിപ്പോർട്ട് ൧൪-൧-൧൯൫൨-ലും ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചു.

മന്ത്രിമാരുടെ സഞ്ചാരപ്പടി.

* ൨൱൰൧. [൨൰൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തെ മന്ത്രിമാർ സഞ്ചാരപ്പടി ഇനത്തിൽ ഓരോ മാസത്തിലും അല്ലെങ്കിൽ കൊല്ലത്തിലും ഇത്ര തുകയിൽ കൂടുതൽ ചെലവാക്കാൻ പാടില്ലെന്നു വല്ല നിർദ്ദേശങ്ങളുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ തുക എന്താണ്;

(സി) സംസ്ഥാനത്തിനു വെളിയിൽ പോകുന്ന മന്ത്രിമാരുടെ സഞ്ചാരപ്പടി കണക്കാക്കുന്നതു് എങ്ങിനെയാണ്;

(ഡി) ൧൯൫൨ മാർച്ച് ൨൦-ാം തീയതി മുതൽ ൧൯൫൨ സെപ്റ്റംബർ അവസാനംവരെയുള്ള കാലഘട്ടത്തിൽ ഓരോ മന്ത്രിമാരും സഞ്ചാരപ്പടി ഇനത്തിൽ എത്ര രൂപാ വീതം ചെലവാക്കിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഇല്ല.
(ബി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.
(സി) ൧൯൫൧-ലെ പതിന്നാലാം ആക്റ്റും പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്ത ൧൯൫൨-ലെ പതിന്നാലാം ആക്റ്റും അനുസരിച്ചാണ് കണക്കാക്കുന്നത്.

		രൂപ	അണ	പൈസ
(ഡി)	മുഖ്യമന്ത്രി	൧൭൫൯	൧൦	൦
	ആഭ്യന്തരവകുപ്പുമന്ത്രി	൨൬൮൭	൪	൦
	ധനകാര്യവകുപ്പുമന്ത്രി	൩൫൨൭	൪	൦
	ഗതാഗതവകുപ്പുമന്ത്രി	൧൪൮൯	൮	൦
	തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി	൧൩൮൦	൦	൦
	ആരോഗ്യവകുപ്പുമന്ത്രി	൬൯൦	൦	൦
	റവന്യൂവകുപ്പുമന്ത്രി	൧൦൯൫	൦	൦

റൈസ് മില്ല്.

* ൧൮൬. [൨൮] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ :

(എ) റൈസ്മിൽ പ്രവർത്തനത്തിനുള്ള അനുവാദത്തിനായി എത്ര അപേക്ഷകൾ ൧൯൫൨ ജൂലായ് മാസത്തിനുശേഷം കിട്ടിയിട്ടുണ്ട്;

(ബി) അപേക്ഷകന്മാർ ആരെല്ലാമാണ്;
(സി) എത്ര അപേക്ഷകൾ അനുവദിച്ചു?

ധനകാര്യവും, സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ൫൦൦.
(ബി) അപേക്ഷകരുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു. †
(സി) ൧൯൫൨ ജൂലായ്മാസത്തിനുശേഷം യാതൊരു അപേക്ഷയും അനുവദിച്ച് ലൈസൻസു നൽകിയിട്ടില്ല.

Radio Sets.

187. [30] *Shri T. S. Ramaswami : Will the Minister for Local Self Government be pleased to state :

(*a*) the number of radio sets purchased by the Director of Panchayats during 1951-52 for distribution to the Village Panchayats ; and

† Please See Appendix, I

(b) the number and the places to which distributed ?

Minister for local Self Government (**Shri K. Kochukuttan**) :

(a) 36 A. C. Sets.

(b) Number distributed is 35.

Trivandrum District.

1. Eraniel Panchayat.
2. Nedumangad Panchayat.
3. Aramboli ,,
4. Thovala ,,
5. Parassala ,,

Quilon District.

6. Bharanikavu Panchayat.
7. Kadapra ,,
8. Adoor ,,
9. Chengannur ,,
10. Mayyanad ,,
11. Paravoor ,,
12. Champakulam ,,
13. Punaloor ,,
14. Kozhencherry ,,
15. Peringara ,,

Kottayam District.

16. Thodupuzha Panchayat.
17. Kothamangalam ,,
18. Piravom ,,
19. Panachikad ,,
20. Ramapuram ,,
21. Kanjirapalli ,,
22. Chirakadavu ,,
23. Neendoor ,,
24. Kumarakom ,,
25. Ettumanoor ,,

Trichur District.

26. Thiruvankulam Panchayat.
27. Rayamangalam ,,
28. Kizhmad ,,
29. Kalady ,,
30. Kothakulangara ,,
31. Adat ,,
32. Ayyanthole ,,
33. Koorkancherry ,,
34. Trikkur ,,
35. Vyttila ,,

Reserve Forests.

188. [31] **Shri T. S. Ramaswami:** Will the Minister for Revenue be pleased to state:

(*a*) the total area of encroachments made in the Reserve Forests in the State which was brought to the notice of the Government during 1952;

(*b*) the area of encroachments in the Vandanmedu and Aiyappancoil Reserves;

(*c*) what action the Government have taken on the encroachers; and

(*d*) are the large scale encroachers evicted?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) About 17,484 acres.

(*b*) About 15,000 acres.

(*c*) Regular cases are being booked under the provisions of the Forest and Land Conservancy Acts. Special staff has been appointed to detect the encroachments. Further steps are taken as per the Government Press Note dated 13-9-1952.

(*d*) No eviction is insisted on till the end of December 1952, if the parties concerned pay up the penal rental on the encroached areas.

Political Organisations.

189. [32] **Shri T. S. Ramaswami:** Will the Chief Minister be pleased to state whether the Government is aware of the active work of a secret political organisation sponsored and aided by American Financial Aid especially in South Travancore?

Minister for Home Affairs (**Shri T. M. Varghese**): No. Government have no information to that effect.

സർക്കാർ ഭൂമി കയ്യേറ്റം.

*൧൯൦. [൩൩] ശ്രീ. കെ. സദാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭൂനികുതിവകുപ്പു മന്ത്രി സദയം മറുപടി പറയുമൊ:

(എ) വണ്ടൻമേട്ടിൽ സർക്കാർവക ഭൂമി കയ്യേറിയിട്ടുള്ളതു് എത്ര പേരാണു്;

(ബി) അവർ ആരെല്ലാമാണു്;

(സി) ആകെ എത്ര വിസ്തീർണ്ണം വരും;

(ഡി) ഇപ്പോൾ എത്ര ഏക്കർ ഭൂമി സർക്കാർ വീണ്ടെടുത്തു?

റെവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ഉദ്ദേശം ൯൦൦ ആളുകൾ.

(ബി) അവരുടെ പേരുവിവരം ശേഖരിച്ചിട്ടില്ല.

(സി) ഉദ്ദേശം ൧൫൦൦൦ ഏക്കർ ഭൂമി.

(ഡി) കണക്കുകൾ ശേഖരിച്ചുവരുന്നു.

കൃഷിപ്പിഴ.

* ഫൻ ഫ. [ന ൩] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർതാലൂക്കിൽ ഇക്കൊല്ലത്തെ കാലവർഷത്തിന്റെ അഭാവം നിമിത്തം കൃഷി ഏറിയഭാഗവും ഉണക്ക ബാധിച്ച് നശിച്ചുപോയിരിക്കുന്നതായി ഗവണ്മെന്റിന് അറിയാമോ;

(ബി) ഇതു സംബന്ധിച്ച് ആ ഭാഗത്തിലെ കൃഷിക്കാരിൽനിന്നും എന്തെങ്കിലും നിവേദനം ഗവണ്മെന്റിലേക്ക് കിട്ടിയിട്ടുണ്ടോ;

(സി) കൃഷിപ്പിഴമൂലം വിഷമം നേരിട്ടിരിക്കുന്ന കർഷകർക്ക് എന്തെങ്കിലും രക്ഷ നൽകുന്നതിന് ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ?

റവന്യൂവകുപ്പു മന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ഇല്ല.
(ബി) ഉണ്ട്.
(സി) അന്വേഷണത്തിൽ ഇരിക്കുന്നു.

വനംകൃഷി പദ്ധതി.

* ഫൻ വ. [ൻ ന] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യോൽപ്പാദനപദ്ധതി അനുസരിച്ച് കൃഷിക്കു കൊടുത്തിരുന്ന വനംവക ഭൂമികളുടെ പാട്ടക്കാലാവധി ൧൧൨൮-നു ശേഷം നീട്ടുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

ഇക്കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

അദ്ധ്യാപകശമ്പളപരിഷ്കരണം.

* ഫൻ ബ. [ന ന] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അദ്ധ്യാപക ശമ്പളപരിഷ്കരണത്തെ സംബന്ധിച്ച് അദ്ധ്യാപകസംഘടനകളിൽ നിന്നു എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിലുകളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പുതിയ അദ്ധ്യാപക ശമ്പളപരിഷ്കരണത്തെ സംബന്ധിച്ചു അദ്ധ്യാപകസംഘടനകളിൽ നിന്ന് ചില നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി) ഇക്കാര്യം ആലോചനയിൽ ഇരിക്കുന്നു.

മത്സ്യംപിടിത്ത പരിശീലനം.

*൧൯൪. [൩൮] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

൧൯൫൧-ൽ ഇൻഡ്യാ ഗവൺമെന്റിന്റെ Fishery Development Adviser ടെ നിർദ്ദേശമനുസരിച്ച് തിരുവിതാംകൂർ കൊച്ചിയിൽ നിന്നു മത്സ്യംപിടിത്തപരിശീലനത്തിനായി രണ്ടുപേരെ മലയായിലേയ്ക്കു അയച്ചിരുന്നില്ലേ; അവർ വല്ലതെങ്കിലും റിപ്പോർട്ട് ഗവൺമെന്റിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുമോ?

മുഖ്യമന്ത്രി (ശ്രീ എ. ജെ. ജാൺ):

മലയായിലെ Ring Net Fishing സമ്പ്രദായ പരിശീലനത്തിനായി ഗവൺമെന്റിൽനിന്നും ൧൯൫൧-ൽ, അന്നത്തെ സീനിയർ റിസർച്ച് ആഫീസർ ആയിരുന്ന കെ. ഗോപിനാഥപിള്ളയേയും ശംഖുംമുഖത്തുള്ള സൈമൺ ഡിക്രൂസ് എന്ന ഒരു മത്സ്യത്തൊഴിലാളിയേയും മലയായിലേയ്ക്കു അയച്ചിരുന്നു. ഗവൺമെന്റിലേയ്ക്കു സമർപ്പിച്ച റിപ്പോർട്ടിന്റെ ഒരു കാപ്പി മേശമേൽ വച്ചിട്ടുണ്ട്. (Placed on the Library table).

എക്സ്പ്രസ്സ് പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന വാർത്ത.

*൧൯൫. [൪൨] ശ്രീ. സി. അച്യുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശിവപേരൂരിൽ നിന്നും പുറപ്പെടുന്ന എക്സ്പ്രസ്സ് പത്രത്തിന്റെ ൪-൧൧-൧൯൫൨-ലെ ലക്കത്തിൽ രണ്ടാം പേജിൽ "അറിവില്ലെങ്കിൽ പറഞ്ഞുതരാം" എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന വാർത്ത ഗവൺമെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിൽ പേർപറയുന്ന ഉദ്യോഗസ്ഥന്മാർ ഉദ്യോഗത്തിലിരുന്നു ശമ്പളം വാങ്ങിക്കൊണ്ടുതന്നെ കാളേജിൽപഠിച്ചുവന്നിരുന്നുവെന്ന വാർത്ത ശരിയാണോ;

(സി) ആണെങ്കിൽ ഈ ഓരോ ഉദ്യോഗസ്ഥന്മാരുടെ പേരിലും ഗവൺമെന്റ് എന്തു നടപടി എടുത്തു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.
(ബി) ഒരാൾമാത്രം അപ്രകാരം പഠിച്ചുവന്നിരുന്നു.
(സി) ആ ഒരാളെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്.

Samprathies, Treasury Officers, etc.

*196. [43] Shri C. Achyutha Menon: Will the Minister for Revenue be pleased to state:

(a) what were the special qualifications and conditions prescribed in erstwhile Cochin for appointments as Samprathies Treasury Officers etc., in the Revenue Department;

(*b*) what was their scale of pay;

(*c*) how many Officers were there with the required qualification and fulfilling the required conditions at the time of the recent re-organisation of the Treasuries in the State of Travancore-Cochin in Trichur District;

(*d*) how many of them were undergraduates and what was the length of service of these undergraduates;

(*e*) does the new rule require that only graduates can be appointed as treasury officers;

(*f*) how many raw graduates with no special training or qualification for treasury work have been appointed to these posts in Trichur District; and how many former undergraduates with special qualifications have been depromoted on account of this; and

(*g*) does the Government propose to do anything to remedy this injustice?

Minister for Revenue (**Shri A. Chidambaranatha Nadar**):

(*a*) Graduation, Revenue and Account Tests, Account training, Security of Rs. 1,000.

(*b*) Samprathies on Rs. 100-125 and Rs. 125-150; Asst. Samprathies on Rs. 80-125.

(*c*) Six, three being under graduates exempted from graduate qualifications.

(*d*) Three. (1) Shri U. K. Antony. Total service 21 years 5 months and 21 days (total service in treasury and revenue line together), (2) Shri K. P. Narayana Menon. Total Service in treasury and revenue line together 30 years 1 month and 27 days. (3) Shri V. K. Achutha Marar (Total service in treasury and revenue line together 17 years 6 months and 27 days.)

(*e*) No.

(*f*) Nil.

(*g*) This question does not arise in view of the answer to (f).

<u>മന്ത്രി പണംവാങ്ങിയ ആരോപണം.</u>

* ൨൯൧. [൪൯] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോന്‍: താഴെ പറയുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) തിരുവിതാംകൂര്‍-കൊച്ചിയിലെ ഒരു മന്ത്രി കൊല്ലത്തെ ഒരു വ്യവസായപ്രമുഖന്റെ പക്കല്‍നിന്നും പണം വാങ്ങിയിട്ടുണ്ടെന്ന ഒരാരോപണം 'സഖാവ്' എന്‍ ശ്രീകണ്ഠന്‍നായര്‍, എം. പി. പുറപ്പെടുവിച്ചിട്ടുള്ളതു് ഗവണ്മെന്റിന്റെ ശ്രദ്ധയില്‍ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഈ ആരോപണത്തെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുകയുണ്ടായോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉവ്വ്.

(ബി) ആരോപണം സത്യവിരുദ്ധവും ദുരുപദിഷ്ടവുമാണ്. ഒരന്വേഷണം നടത്തേണ്ട കാര്യം ഇതിലില്ലായെന്ന് ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ട്.

അടയ്ക്കാ കൃഷി.

*൧൯൮. [൩൦] ശ്രീ ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പ്രധാനമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ അടയ്ക്കാകൃഷിയുടെ കേന്ദ്രങ്ങൾ ഏവ;

(ബി) ഈ കേന്ദ്രങ്ങളിൽ അടയ്ക്കാകൃഷി സംരക്ഷിക്കുന്നതിനുള്ള വളം, മഹാളിമരുന്ന് ഇവ ആവശ്യക്കാർക്ക് നൽകുന്നതിനു ഗവണ്മെന്റ് വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) തൃശ്ശൂർ ഡിസ്ട്രിക്റ്റിൽ തലപ്പിള്ളി, തൃശ്ശൂർ, മുകുന്ദപുരം, എന്നീ താലൂക്കുകളിലും കോട്ടയം ഡിസ്ട്രിക്റ്റിൽ മൂവാറ്റുപുഴ താലൂക്കിലും തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ നെടുമങ്ങാട്ടുതാലൂക്കിലും അടയ്ക്കാകൃഷി ധാരാളമുണ്ട്.

(ബി) അടയ്ക്കാകൃഷിക്കാർക്ക് മരുന്നും വളവും വിതരണം ചെയ്യുന്നതിനുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തു വരുന്നു.

Village Level Workers.

*199. [53] **Shri V. R. Krishnan Ezhuthassan:** Will the Chief Minister be pleased to state:

(*a*) with reference to the Notification No. CP2.7065|52|DD. dated 26th July 1952 published in the Gazette dated 12th August 1952 inviting applications for appointment of Village Level Workers in the Community Project areas in the State, the purpose for which the same was published in the Gazette;

(*b*) in view of the fact that the last date for receipt of applications was the 12th of August how could the above Notification have benefitted intending applicants;

(*c*) is any official publicity given to such invitations for applications for appointment other than publication in the Gazette, and

(*d*) how many days after the recorded date of publication of the Gazette do the copies of the same actually reach the hands of subscribers and other persons on the mailing list?

Chief Minister **(Shri A. J. John):** (*a*) To advertise the posts.

(*b*) The Gazette dated 12-8-1952 was the Second Gazette in which the notification was published. It was also published in the preceding Gazette dated 5-8-1952.

(c) The notification was published in the following newspapers dated 29th, 30th and 31st July 1952:

The Express, Trichur,

The Kerala Kaumudi, Trivandrum,

& The Thyaganad, Nagercoil.

(d) The Gazette is generally despatched from the Press on Wednesdays. The date of receipt by subscribers will depend on various factors.

Bu lding etc., given to the Central Government.

***200. [56] Shri N. P. Varghese:** Will the Minister for Integration Problems be pleased to state:

(*a*) whether the buildings, building sites and equipments handed over to the Central Government in connection with the accession on Integration of Anchal, Telephone, Broadcasting and Military have been given on lease or outright sale;

(*b*) is the State of Travancore-Cochin Government receiving any amount in that behalf as rent, if so how much;

(c) if no terms were incorporated in the agreement with the Central Government on Integration accession, are we at liberty to demand the price of the buildings land etc. or rent;

(*d*) have Government made any representations to the Central Government in this matter and if so what is the result?

Minister for Works and Transport **(Shri Kalathil Velayudhan Nair):** (*a*) with the taking over of the Federal Departments by the Government of India the buildings wholly in use by the Departments become the property of the Central Government.

(*b*) does not arise in view of answer to (*a*).

(*c*) does not arise in view of answer to (*a*).

(*d*) does not arise in view of answer to (*a*).

Grazing land.

***201. [57] Shri N. P. Varghese:** Will the Minister for Agriculture be pleased to state;

(*a*) whether public grazing lands for cattle are under the control of the Agricultural department or Revenue Department;

(*b*) whether Government have any scheme for improving grazing lands by planting of suitable grass and fencing it and restricting admission of cattle;

(c) have Government received a representation for setting apart 300 acres of forest land near Thattakad in Neriamangalam Range for cattle grazing in 1124 Dhanu and whether Government have called for reports from the Forest, Veterinary and Agricultural Departments;

(*d*) what steps have been taken to implement the order to open a grazing block of 300 acres from forest land near Thattakad?

Chief Minister (Shri A. J. John): (*a*) Grazing lands are under the control of the Revenue Department.

(*b*) A scheme for setting up an experimental station for improving the fodder resources of the State is being considered.

(c) Yes.

(*d*) A scheme prepared by the Director of Animal Husbandry for the purpose is under consideration.

Supernumerary teachers in private schools.

* **202.** [58] **Shri O. C. Ninan :** Will the Minister for Education be pleased to state :

(*a*) have the Director of Public Instruction sent a circular regarding the appointment of supernumerary teachers in private schools on 20-6-51 ;

(*b*) what is the purport of the circular ;

(*c*) has the Director fixed the number of teachers that could be appointed at the beginning of every school year ;

(*d*) has he included the supernumerary teachers also in that list as provided in the circular ;

(*e*) is it a fact that there is no uniformity in the matter of approval by the Division Inspectors of these supernumerary teachers ;

(*f*) will the Government take early steps for the approval of all such supernumerary teachers and bring about uniformity ?

Chief Minister (Shri A. J. John) : (*a*) Yes.

(*b*) A copy of the Circular is placed on the table. †

(*c*) Yes.

(*d*) Yes.

(*e*) No. The staff is fixed by the Director of Public Instruction and not by the Inspecting Officers.

(*f*) Does not arise as there is uniformity now.

ഫാറസ്റ്റ്ഗാർഡുകൾ.

* ൨൦൩. [൫൯] ശ്രീ. കെ. റ്റി. വേലായുധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ നിയമപ്രകാരം ഫാറസ്റ്റർമാരുടെ ശമ്പളവും അവരുടെ ക്വാളിഫിക്കേഷനം എന്ത് ;

(ബി) കൊച്ചിയിലെ ഗാർഡുകളുടെ ശമ്പളവും അവരുടെ പരീക്ഷായോഗ്യതയുമെന്ത് ;

(സി) അവരിൽ തിരുവിതാംകൂർ ഫാറസ്റ്റർമാരെ കൊച്ചിയിലേക്ക മാററിയിട്ടുണ്ടോ ?

(ഡി) തിരുവിതാംകൂർ ഗാർഡുകളുടെ ശമ്പളവും പരീക്ഷായോഗ്യതയും എന്ത് ?

† See Appendix II.

വനവ്യവസായമന്ത്രി (ശ്രീ. റ്റി. ചിദംബരനാഥനാടാർ) :

ഉദ്യോഗസ്ഥന്മാർ.	ശമ്പളം.	നേരിട്ടുള്ള നിയമനത്തിനുവേണ്ട പരീക്ഷായോഗ്യത.
ഫോറസ്റ്റർ I ഗ്രേഡ്	രൂ. ൩൦	ബോട്ടണി, സുവോളജി, കെമിസ്ട്രി, ഫിസിക്സ്, മാത്തമാറ്റിക്സ് ഇവയിൽ ഏതെങ്കിലുമൊന്നിൽ ബിരുദവും നല്ല ആരോഗ്യസ്ഥിതിയും.
II ഗ്രേഡ്	രൂ. ൨൧	ബിരുദവും നല്ല ആരോഗ്യസ്ഥിതിയും.
III ഗ്രേഡ്	രൂ. ൨൪	ഇന്റർമീഡിയറ്റ പരീക്ഷായോഗ്യതയോ അല്ലെങ്കിൽ ഇ. എസ്. എൽ. സീ-യും നല്ല ആരോഗ്യവും.

(ബി) രൂ. ൩൦-൩൫ എസ്. എസ്. എൽ. സി.

(സി) ഉണ്ട്.

(ഡി) രൂ. ൨൦ വി. എസ്. എൽ. സി. അല്ലെങ്കിൽ ഫോർത്തുഫാറവും, ഫിസിക്കൽ ഫിറ്റ്നസ്സും.

റേഞ്ചർമാർ.

✻ ൨൦൪. [൬൦] ശ്രീ. കെ. റ്റി. വേലായുധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും റേഞ്ചർമാരുടെ ജോലികൾ തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ ;

(ബി) ഓരോ വിഭാഗത്തിലും എത്ര ഡെപ്യൂട്ടി റേഞ്ചർമാരുണ്ട് ;

(സി) അവരുടെ ശമ്പളം എത്ര ?

വനവ്യവസായമന്ത്രി (ശ്രീ. റ്റി. ചിദംബരനാഥനാടാർ) :

( ) ഇല്ല.

(ബി)	തിരുവിതാംകൂർ	൨൦
	കൊച്ചി	൯
(സി)	തിരുവിതാംകൂർ	൪൫-൧൫
	കൊച്ചി	൬൦-൭൦

Lands for Harijans.

✻ 205 [61] **Shri E. Krishnan Nair :** Will the Minister for Local Self Government be pleased to state :

(*a*) whether it is a fact that lands were set apart in all the pakuthies in the State as per a Government Circular issued in the year 1112 for distribution among Harijans;

(*b*) If so, whether the lands so set apart have all been distributed among them ;

(c) if not what has happened to the lands intended for the purpose ;

(d) whether there are such lands now available for distribution in the pakuthies of Kulakada, Kottarakara and Ezhukone ; and

(e) if so what is the extent of land available in each of the above pakuthies ?

Minister for Local Self Government (**Shri K. Kochukuttan**) :

(a) Lands were set apart in some of the Pakuthies of the Taluks in the erstwhile Travancore area.

(b) Some of the lands have been distributed.

(c) Out of the lands not distributed some are under encroachments and some are not fit for occupation.

(d) Yes.

(e) Kulakada Pakuthy : 153 acres 12 cents
Kottarakara „ : 213 „ 12 „
Ezhukone „ : 290 „ 93 „

വാണിയവൈശ്യസമുദായം.

* ൮൦൩. [൩൨] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പിന്നോക്കസമുദായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വിദ്യാഭ്യാസപരമായും സാമ്പത്തികമായും വളരെ പിന്നോക്കം നില്ക്കുന്ന വണികവൈശ്യസമുദായത്തെ (വാണിയ) പിന്നോക്കസമുദായ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നു മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടോ; അതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഈ സമുദായത്തിനു ഇപ്പോൾ എന്തെങ്കിലും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത്?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) മെമ്മോറാണ്ടം കിട്ടിയിട്ടുണ്ട്. വിദ്യാഭ്യാസസൗജന്യങ്ങൾക്കായി മററു പിന്നോക്കസമുദായ ലിസ്റ്റിൽ പുതുതായി ആരേയും ഉൾപ്പെടുത്തേണ്ടതില്ലെന്നു തീരുമാനിച്ചു.

(ബി) വണികവൈശ്യസമുദായത്തിൽപ്പെട്ട സ്ത്രീകൾക്ക് മുഴുവൻ ഫീസ് സൗജന്യവും പുരുഷന്മാരിൽ ഏഴരശതമാനം വിദ്യാർത്ഥികൾക്ക് പകുതിഫീസ് സൗജന്യവും കൊടുത്തുവരുന്നു.

മണിയംകരം കമ്മിററി.

* ൮൦൯. [൩൪] ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയംകരം കമ്മിററിയുടെ അന്വേഷണപരിധിയിൽ നാവായിക്കുളം, കിളിമാനൂർ, നഗരൂർ മുതലായ സ്ഥലങ്ങളിലുള്ള ദേവസ്വം വസ്തുക്കളെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്;

(സി) ചിറയിൻകീഴ് താലൂക്ക് കർഷകസംഘത്തിൽ നിന്നും ദേവസ്വം വക വസ്തുക്കളേയും മററുംപററി ഒരു മെമ്മോറാണ്ടം ലഭിച്ചിട്ടുണ്ടോ;

(ഡി) അതിനെപ്പററി എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

റവന്യൂവകുപ്പു മന്ത്രി (ശ്രീ. റ്റി. ചിദംബരനാഥൻ നാടാർ):

(എ) ഇല്ല.

(ബി) മണിയംകരം കമ്മിററിയുടെ അന്വേഷണപരിധി ശ്രീപണ്ടാരവക വസ്തുക്കളെ സംബന്ധിച്ചുമാത്രമായതുകൊണ്ടു്.

(സി) ഉണ്ടു്.

(ഡി) അതിനെപ്പററി അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു.

Tour of Ministers.

*208. [66] **Shri A. Samraj**: Will the Chief Minister be pleased to state:

(a) whether the Chief Minister toured South Travancore in the month of August 1952 along with the Minister for Forest.

(b) what was the purpose of tour; and

(c) whether the representatives of South Travancore in the Legislature were previously informed of the tour?

Chief Minister (**Shri A. J. John**): (a) Yes.

(b) Inspection of some of the tanks in the Vilavancode, and Kalkulam Taluks and Agasteeswaram.

(c) No. But most of the M. L. As. were present.

Professor of Sanskrit.

*209. [69] **Shri R. Kesava Pillai**: Will the Chief Minister be pleased to state:

(a) who is the present Professor for Sanskrit in the University College, Trivandrum.

(b) what is his monthly salary; has he got any other emolument;

(c) who appointed him and at whose instance?

Chief Minister (**Shri A. J. John**): (a) Dr. P. K. Narayana Pillai.

(b) Rs. 450 in the scale of Rs. 450-750. He has no other emolument.

(c) Government appointed him on the recommendation of the University.

Water Cess

*210. [74] **Shri R. Ponnappa Nadar**: Will the Minister for Land Revenue be pleased to state:

(*a*) whether Government intended to stop the levy of water cess in South Travancore : and

(*b*) will it be reduced at least this year when the crops have completely failed ?

Minister for Revenue (**Shri A. Chidambaranatha Nadar**): (*a*) There is no such proposal.

(*b*) There is no water cess in the Taluks of Neyyattinkara, Trivandrum, Nedumangad and Chirayinkil. In other Taluks the applications received from land owners for remission of tax and water cess due to " Karivu " are under enquiry. The question of granting remission will be decided on the merits of each case.

Irrigation Pumps.

* 211. [78] **Shri C. Sankar** ; Will the Minister for Agriculture be pleased to state :

(*a*) did the agriculturists of Thovala, Agastheeswaram, Kalkulam and Vilavancode taluks apply for irrigation pumps for pumping water to their fields with a view to avert the failure of the Kanni crops ;

(*b*) if so, how many persons did apply for pumps ; how many were supplied with pumps on what condition were they supplied?

Chief Minister (**Shri A. J. John**) : (*a*) Yes.

(*b*) 23 persons applied for pumps, and all of them were supplied with pumps on the usual hire terms, viz., on a security deposit of Rs. 50 for each engine and on payment of Rs. 4 per diem as hire charges. The transport of the pumpsets was undertaken by the applicants themselves.

The taluk-wise statement of the number of applicants is given below : —

	Number.
Thovala	1
Agastheeswaram	11
Kalkulam	9
Vilavancode	2
	23

കൃഷിനാശം.

* ൨൧൨. [൧൯] ശ്രീ. ഒ. ടി. കൃഷ്ണൻകുട്ടി നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴയില്ലായ്മയും വരൾച്ചയും മൂലം ഈക്കൊല്ലം സംസ്ഥാനത്തിലെ കൃഷിക്ക് ഗണ്യമായ നാശം സംഭവിച്ചിട്ടുള്ളതായി ഗവണ്മെന്റിന് ബോദ്ധ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നാശത്തിൽനിന്നും കൃഷിക്കാർക്ക് ആശ്വാസം നൽകാൻ എന്തെല്ലാം നടപടികളാണ് ഗവണ്മെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) കൃഷിക്ക് ദോഷം സംഭവിക്കുന്നതായി ബോദ്ധ്യമുണ്ട്.

(ബി) ഇലക്ട്രിസിററി ഡിപ്പാർട്ടുമെൻറും ആഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെൻറും പി. ഡബ്ല്യു. ഡിപ്പാർട്ടുമെൻറും മുഖാന്തരം പമ്പിങ്ങ് സൌകര്യങ്ങൾ കൊടുക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

മ്യൂസിയം ഡിപ്പാർട്ടുമെൻറ്.

* ൨൧൩. [വ്യ ൦] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പ്രധാനമന്ത്രി സദയം മറുപടി പറയുമോ:

(എ) നമ്മുടെ മ്യൂസിയം കാമ്പൌണ്ടിൽ എത്ര ഡിപ്പാർട്ടുമെൻറുകൾ (independent) ആയി പ്രവർത്തിച്ചു വരുന്നുണ്ട്;

(ബി) ഓരോ ഡിപ്പാർട്ടുമെൻറ് മേലധികാരിക്കും എന്തു തുക വീതം ശമ്പളം നൽകുന്നു;

(സി) ഈ ഓരോ ഉദ്യോഗസ്ഥനും ഉണ്ടായിരിക്കേണ്ട ക്വാളിഫിക്കേഷൻ എന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) മ്യൂസിയംകാമ്പൌണ്ടിൽ ഇപ്പോൾ മൂന്നു ഡിപ്പാർട്ടുമെൻറുകൾ പ്രവർത്തനം നടത്തുന്നുണ്ട്.

൧. കാഴ്ചബംഗ്ലാവും മൃഗശാലകളും

൨. ആർട്ട് മ്യൂസിയം

൩. ശ്രീ ചിത്രാലയം.

(ബി) ൧. ഡയറക്ടർ, മ്യൂസിയം ആൻറ് സൂസ് രൂ. ൧൯൫-൨൨൫

൨. ആഫീസർ ഇൻചാർജ്ജ്, മ്യൂസിയം പ്രത്യേകശമ്പളം ഇല്ല.

൩. ആഫീസർ ഇൻചാർജ്ജ്, ചിത്രാലയം. രൂ. ൨൨൫-൨൯൫ (ഇപ്പോഴത്തെ ആഫീസർക്ക് രൂ. ൩൫൦-൪൫൦)

(സി) ഈ ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ച് മേലധികാരികൾക്കുണ്ടായിരിക്കേണ്ട ക്വാളിഫിക്കേഷൻ നിർണ്ണയിച്ചില്ല. എന്നാൽ അതാതു വിഷയങ്ങളിലുള്ള പ്രത്യേക യോഗ്യതയും പരിചയവും നോക്കിയാണ് നിയമനം നടത്തുന്നത്.

അദ്ധ്യാപകശമ്പളം.

* ൨൧൪. [വ്യ ൧] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്കൻഡറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് സർക്കാരിന് ഉദ്ദേശം ഉണ്ടോ;

(ബി) വ്യക്തമായ ഏതെങ്കിലും പദ്ധതി ഇതിലേക്ക് രൂപീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) തൽക്കാലം ഇല്ല.

(ബി) പദ്ധതി അനുസരിച്ചാണു് ശമ്പളനിരക്കു് അനുവദിച്ചിട്ടുള്ളതു്.

ഭൂവുടമ.

✱ ൨൭൮. [൩൨] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിനു് ഭൂനികുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂവുടമ പരിഷ്കരിക്കുന്നതിനു് ഗവമെന്റു് വല്ല കൂടുതൽ നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

ഭൂനയകമ്മിററി റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ ഒന്നു് ഭൂവുടമയെ സംബന്ധിച്ചാണു്. കമ്മിററിയുടെ റിപ്പോർട്ടു് ഗവമെന്റിന്റെ പരിഗണനയിൽ ഇരിക്കുന്നു. ഈ റിപ്പോർട്ടിന്മേൽ തീരുമാനങ്ങൾ ഉടനെ എടുക്കുന്നതും ആ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ഭൂനയബിൽ താമസിയാതെ അവതരിപ്പിക്കുന്നതുമാണു്.

വണ്ടൻമേട്ടിൽ കുടിയേറിപ്പാർക്കുന്നവർ.

✱ ൨൭൯. [൩൩] ശ്രീ. കെ. ജെ. താമസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വണ്ടൻമേട്ടിൽ കുടിയേറിപ്പാർക്കുന്നവരെ ഇറക്കിവിടാൻ തന്നെയാണോ ഗവമെന്റു നിശ്ചയിച്ചിട്ടുള്ളതു്;

(ബി) രണ്ടു വർഷത്തിൽ കൂടുതൽ കാലമായി നിരോധനക്കരവും കൊടുത്തു [illegible] ഗൃഹബന്ധങ്ങൾ ചെയ്തു താമസിക്കുന്നവരെയും ഇറക്കിവിടാൻ ഉദ്ദേശിക്കുന്നു[illegible]

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബര[illegible]):

(എ) അനധികൃതമായി കുടിയേറിപ്പാർക്കുന്നവരുടെമേൽ നടപടി നടത്താൻ നിശ്ചയിച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്. 12-9-52-ലെ ഗവമെന്റു പ്രസ്സുനോട്ടിലെ ചില പ്രത്യേക വ്യവസ്ഥയിന്മേൽ.

അനധികൃതമായി വനംവെട്ടിത്തെളിച്ചു് കൃഷിചെയ്തിട്ടുള്ളവർ.

✱ ൨൮൦. [൩൪] ശ്രീ. കെ. ജെ. താമസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) അനധികൃതമായി വനം വെട്ടിത്തെളിച്ചുകൃഷിചെയ്തിട്ടുള്ളവരെയെല്ലാം ഇറക്കിവിടാൻ ഗവമെന്റു നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇതുവരെ അങ്ങനെയുള്ള എത്ര പേരെ ഇറക്കിവിട്ടു;

(സി) ഇങ്ങനെ കൃഷിചെയ്തിട്ടുള്ളവരിൽ കിടപ്പിടവും മററു കൃഷിഭൂമിയും ഇല്ലാത്തവർക്കെങ്കിലും അവർ പ്രവേശിച്ചു വെട്ടിത്തെളിച്ചു കൃഷിചെയ്തിട്ടുള്ള സ്ഥലം പതിച്ചുകൊടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ഗവണ്മെൻറിന്റെ F 4-5731/52/DD Dated 13 9-52-ലെ പ്രസ്സ്നോട്ടിൻപ്രകാരം, അനധികൃതമായി വനഭൂമി വെട്ടിത്തെളിച്ചു കൃഷി ചെയ്യുന്നവരെയെല്ലാം 1952-അവസാനത്തിൽ ഇറക്കിവിടാൻ നിശ്ചയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രസ്സ്നോട്ടിനുമുമ്പായി 174-പേരെ ഇറക്കിവിട്ടിട്ടുണ്ട്.

(സി) പ്രസ്സ്നോട്ടിൻപ്രകാരം, കിടപ്പിടവും മററുകൃഷിഭൂമിയും ഇല്ലാത്തവർക്ക് സ്ഥലംകൊടുക്കുന്ന കാര്യം 1952 അവസാനത്തിലുള്ള വിളവെടുപ്പിനുശേഷം ആലോചിക്കുന്നതാണ്.

<u>അലോട്ടുനുസരിച്ചു ഭൂമി ലഭിച്ചിട്ടുള്ളവർ.</u>

* ചോദ്യ. [96] ശ്രീ. കെ. ജെ. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) അലോട്ടുനുസരിച്ച് ഭൂമി ലഭിച്ചിട്ടുള്ളവർ കൂടുതലായി കയ്യേറി എടുത്തിട്ടുള്ള സ്ഥലം ഒഴിപ്പിക്കുവാൻ ഗവണ്മെൻറിന് വല്ല പ്ലാനുമുണ്ടോ;

(ബി) അലോട്ട് കൈമാററം വാങ്ങി അനുഭവിക്കുന്നവരെ ഒഴിപ്പിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥനാടാർ):

(എ) ഉണ്ട്.

(ബി) ഗവണ്മെൻറിന്റെ [illegible]ടുകൂടി കൈമാററം വാങ്ങി അനുഭവിക്കു[illegible] ഒഴിപ്പിക്കുന്നതല്ല. അനധികൃതമായി കൈമാ[illegible] അനുഭവിക്കുന്നവരെ ഒഴിപ്പിക്കുന്നതാണ്.

State Guests.

***219. [87] Shri M. V. Cher'yan:** Will the Chief Minister be pleased to state: (*a*) the number and names of State Guests during June, July, August and September 1952; and

(*b*) the average expenditure incurred by the State per day per guest?

Chief Minister **(Shri A. J. John):** (*a*) A statement is placed on the table.†

(*b*) The average expenditure for catering for a State Guest varies from Rs. 12—to Rs. 15—per day. The expenditure in res-

† Please see Appendix III.

pect of use of State cars will vary widely from guest to guest in proportion to the distances covered by them by cars, and hence, an average figure in this case would bear no approximation to the actuals.

Integration of Serv'ce in the Registration Department.

*220. [89] **Shri M. Willam :** Will the Minister for Registration be pleased to state :

(*a*) whether integration of service has been effected in the Registration Department ;

(*b*) if not, the reason for the delay ;

(*c*) whether the Government are aware of the fact that graduate head clerks who have put in more than seven years of service are not yet confirmed ; and

(*d*) whether the Government are aware of the fact that they are still on Rs. 30-45 scale ?

Minister for Revenue **(Shri A. Chidambaranatha Nadar) :**

(*a*) No.

(*b*) Several complicated problems crop up in the process of integration of the service personnel of the two Travancore and Cochin branches of the Department. The delay is due to the time taken for arriving at a settlement of these problems.

(*c*) Yes.

(*d*) Yes.

അദ്ധ്യാപകശമ്പളബിൽ.

*൨൨൧. [൯൧] ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകശമ്പളബിൽ പാസ്സാക്കിക്കിട്ടുന്നതിന് പല ഇൻസ്പെക്ടി[illegible]കളിലും വളരെ കാലതാമസമുണ്ടാകുന്നതായി പരാതികൾ കിട്ടിയിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പ്രൈവറ്റ് സെക്കൻഡറി സ്കൂളുകളിൽനിന്നും ചില പരാതികൾ കിട്ടിയിട്ടുണ്ട്.

(ബി) യാതൊരു കാരണവശാലും ബില്ലുകൾ താമസിച്ചുപോകരുതെന്ന് കാണിച്ച് എല്ലാ ഇൻസ്പെക്ടിംഗ് ആഫീസർമാർക്കും വിദ്യാഭ്യാസഡയറക്ടർ ഉത്തരവ് അയച്ചിട്ടുണ്ട്.

പഞ്ചായത്ത് വാർഡുവിഭജനം.

*൨൨൨. [൯൨] ശ്രീ. എം. സി. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) അകലക്കുന്നം പകുതിയെ എത്ര പഞ്ചായത്തുകളായി വിഭജിച്ചിരിക്കുന്നു; ഓരോന്നിലേയും വോട്ടറന്മാരുടെ എണ്ണവും ജനസംഖ്യയും എത്ര വീതമാണ്;

(ബി) ഓരോ പഞ്ചായത്തും എത്ര വാർഡുകളായി വിഭജിച്ചിരിക്കുന്നു; ഓരോ വാർഡിലുമുള്ള വോട്ടറന്മാരുടെ എണ്ണവും ജനസംഖ്യയും എത്ര വീതമാണ്?

(സി) കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിനുവേണ്ടി തയ്യാറാക്കിയിരുന്ന വോട്ടേഴ്സ് ലിസ്റ്റിൻപ്രകാരം ഇപ്പോഴത്തെ ഓരോ പഞ്ചായത്തുവാർഡിലും എത്ര വോട്ടറന്മാർ വീതമുണ്ടായിരുന്നു;

(ഡി) ഓരോ വാർഡിലേയും ജനസംഖ്യ കഴിയുന്നിടത്തോളം സമമായിരിക്കത്തക്കവിധമാണോ വാർഡു വിഭജനം നടത്തിയിരിക്കുന്നതു്;

(ഇ) അല്ലെങ്കിൽ അതിന് കാരണമെന്തു്;

(എഫ്) ഓരോ പഞ്ചായത്തിലേയും ജനങ്ങൾക്ക് തുല്യപ്രാതിനിധ്യം ലഭിക്കത്തക്കവണ്ണമാണോ വാർഡ് വിഭജനം നടത്തിയിരിക്കുന്നതു്;

(ജി) അല്ലെങ്കിൽ അപ്രകാരം തുല്യപ്രാതിനിധ്യം കിട്ടത്തക്കവിധം വാർഡുകൾ പുനർവിഭജനം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) അകലക്കുന്നം പകുതിയെ മൂന്നു പഞ്ചായത്തുകളായി വിഭജിച്ചിരിക്കുന്നു. ഓരോന്നിലേയും വോട്ടറന്മാരുടെ എണ്ണവും ജനസംഖ്യയും താഴെ കൊടുത്തിരിക്കുന്നു.

(൧) അകലക്കുന്നം. വോട്ടറന്മാർ ൮,൨൩൬. ജനസംഖ്യ ൧൩,൨൧൯.

(൨) അകലക്കുന്നം—ഞാറക്കാട്ട്. വോട്ടറന്മാർ [illegible] ൯. ജനസംഖ്യ ൧൩,൧൦൪.

(൩) എലിക്കുളം വോട്ടറന്മാർ ൨,൫൦൯. ജനസംഖ്യ ൧൫,൨൯

(ബി) ഓരോ പഞ്ചായത്തുകളിലേയും വാർഡുകളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു:—

൧. അകലക്കുന്നം ൮ വാർഡുകൾ.

(൧)	മററക്കര	൧	വോട്ടർമാരുടെ എണ്ണം	൯൧൨.
(൨)	,,	൨	,,	൯൪൦
(൩)	,,	൩	,,	൧,൦൯൪
(൪)	,,	൪	,,	൧,൧൭൦
(൫)	പൂവത്തിളപ്പ്		,,	൧,൩൬൬
(൬)	കാഞ്ഞിരമററം		,,	൯൬൩
(൭)	ചെങ്ങളം		,,	൫൨൪
(൮)	മററക്കൽ		,,	൧,൨൬൭

൨. അകലക്കുന്നം—ആനിക്കാട്. ൮ വാർഡുകൾ.

(൧)	ആനിക്കാട്ടുകിഴക്ക് വോട്ടർമാരുടെ	എണ്ണം	൫൩൬
(൨)	പുളുപ്പിള്ളിഭാഗം	,,	൬൮൨
(൩)	ആനിക്കാട് വടക്ക്	,,	൫൭൫
(൪)	പള്ളിക്കൽ തോട്ട്	,,	൭൬൦
(൫)	ആനിക്കാട് നടുഭാഗം	,,	൯൮൩
(൬)	ആനിക്കാട് തെക്ക്	,,	൯൩൨
(൭)	ഇളംവള്ളി വടക്ക്	,,	൩൩൭
(൮)	ഇളംവള്ളി തെക്ക്	,,	൫൧൪

൩. എലിക്കുളം ൧൦ വാർഡുകൾ.

(൧)	ഇളംകുളം വടക്ക് വോട്ടർമാരുടെ	എണ്ണം	൧൫൦൯
(൨)	കാരാലിഭാഗം	,,	൪൩൪
(൩)	ഇളംകുളം തെക്ക്	,,	൧,൦൩൪
(൪)	പനമറ്റം വടക്ക്	,,	൧,൨൫൭
(൫)	പനമറ്റം തെക്ക്	,,	൪൬൨
(൬)	എലിക്കുളം വടക്ക്	,,	൧,൧൬൫
(൭)	എലിക്കുളം തെക്ക്	,,	൬൯൮
(൮)	മല്ലികശ്ശേരി	,,	൮൫൧
(൯)	ഉരുളിക്കുന്നം പടിഞ്ഞാറ്	,,	൩൫൩
(൧൦)	ഉരുളിക്കുന്നം കിഴക്ക്	,,	൭൪൬

൧൯൫൧-ലെ ജനസംഖ്യ കണക്കുകൾ അറിയാത്തതിനാൽ ഓരോ വാർഡിലേയും ജനസംഖ്യ എത്രയാണെന്നു പറയുവാൻ നിവൃത്തിയില്ല.

(സി) കഴിഞ്ഞ അസംബ്ലി തിരഞ്ഞെടുപ്പിൽ തയ്യാറാക്കിയിരുന്ന വോട്ടേഴ്സ് ലിസ്റ്റാണ് പഞ്ചായത്തുതിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്നതു്. വാർഡു് തിരിച്ചുള്ള വോട്ടറന്മാരുടെ എണ്ണം, (ബി) ചോദ്യത്തിന്റെ ഉത്തരത്തിൽ അടങ്ങിയിട്ടുണ്ടു്.

(ഡി) കഴിയുന്നത്ര അതിലേയ്ക്കു ശ്രമിച്ചിട്ടുണ്ടു്.

(ഇ) ചില വാർഡുകളിലെ വോട്ടറന്മാരുടെ എണ്ണം താരതമ്യേന കുറഞ്ഞും ചിലതിലേതു് കൂടിയും കാണാം. ഓരോ വാർഡിലേയും ജനസംഖ്യ കഴിയുന്നിടത്തോളം സമമായിരിയ്ക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും സാധിക്കാതെ പോയതു് താഴെ പറയുന്ന കാരണങ്ങളാലാണ്.

(൧) വാർഡുകൾ വിഭജിച്ചിട്ടുള്ളതു് ൧൯൪൧-ലെ ജനസംഖ്യ ആസ്പദമാക്കിയാണ്. ൧൯൫൧-ലെ ജനസംഖ്യ കണക്കുകൾ ലഭ്യമായിട്ടില്ല.

(൨) സെൻസസ്സ് യൂണിററ് ഒരു കരയാണ്. കരകൾ മുറിച്ചു് വാർഡുകൾ മുറിക്കേണ്ടിവന്നിട്ടുണ്ടു്. അങ്ങിനെയുള്ളപ്പോൾ ജനസംഖ്യ കണക്ക് ഊഹിക്കുന്നതിനേ മാർഗ്ഗമുള്ളു. അങ്ങിനെ ജനസംഖ്യ കണക്കാക്കിയ സ്ഥലങ്ങളിൽ വോട്ടറന്മാരുടെ സംഖ്യയിലും ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ടു്.

(ഇ) ഓരോ വാർഡിനും പ്രകൃതിസിദ്ധമായ അതിരുകൾ ഉണ്ടായിരിക്കുന്നതു് ഉചിതമാണെന്നു് കരുതിയതിനാൽ അപ്രകാരമുള്ള അതിരുകൾക്കനുസരണമായി വാർഡു തിരിച്ചിട്ടുണ്ടു്. അങ്ങിനെ ചില വാർഡുകൾ താരതമ്യേന ചെറുതോ വലുതോ ആയിട്ടുണ്ടു്.

(എഫ്) മുകളിലത്തെ ഉത്തരത്തിൽ അടങ്ങിയിരിക്കുന്നു.

(ജി) ഇപ്പോഴത്തെ വാർഡു് വിഭജനം പുനഃപരിശോധന നടത്തി വേണ്ട വ്യത്യാസങ്ങൾ വരുത്തുന്നുണ്ടു്.

പിന്നോക്കസമുദായോന്നമനക്കമ്മിഷണർ.

* ൨൨൩. [൬൩] ശ്രീ. പി. കെ. രാമചന്ദ്രദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കസമുദായസംരക്ഷണഡിപ്പാർട്ടുമെൻറു് അദ്ധ്യക്ഷനായി യോഗ്യതയുള്ള ഒരു പട്ടികജാതിക്കാരനെ നിയമിക്കണമെന്നു പട്ടികജാതി സമുദായസംഘടനാപ്രതിനിധികളും, നിലവിലിരിക്കുന്ന അസംബ്ലിയിലെ പട്ടികജാതി മെമ്പറന്മാരും ഗവണ്മെൻറിലേക്കു നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ടു്.

(ബി) ഈ വിഷയം ഗവണ്മെൻറിൻെറ പര്യാലോചനയിലിരിക്കുകയാണു്.

ദേവസ്വം കൊട്ടാരങ്ങൾ.

* ൨൨൪. [൬൫] ശ്രീ. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം കൊട്ടാരങ്ങൾ ദേവസ്വംബോർഡിനു തിരിച്ചു കിട്ടുന്നതു സംബന്ധിച്ചു മെമ്മോറിയലുകൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഗവണ്മെൻറധീനതയിൽപ്പെട്ടുപോയ ദേവസ്വം കൊട്ടാരങ്ങൾ തിരിയെ കൊടുക്കുന്നതു സംബന്ധിച്ചു ഗവണ്മെൻറു എന്തു നടപടികൾ നടത്തിയിട്ടുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ഉണ്ടു്.

(ബി) ദേവസ്വം ബോർഡിൻെറ അവകാശവാദങ്ങളെക്കുറിച്ചു് അന്വേഷണങ്ങൾ നടത്തുകയാണു്.

UNSTARRED QUESTIONS.

സ്ഥലം പതിവു്

൨൦൪. [൧] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴ റേഞ്ചിൽ ടി. എസ്സ്. റോഡിൽ ൪ ഫ. ൪ ഫ.൦൦ മൈലുകൾക്കു കിഴക്കുവശമുള്ള ഇരുന്നൂറു് ഏക്കർ സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെ പേരിലാണ് പതിച്ചുകൊടുത്തിട്ടുള്ളത്;

(സി) സഹകരണസംഘത്തിനാണെങ്കിൽ ആ സംഘത്തിന്റെ സെക്രട്ടറിയാര്; അദ്ദേഹത്തിന്റെ സ്വദേശം എവിടെ?

ഉത്തരം.

(എ) പതിച്ചുകൊടുത്തിട്ടില്ല. എന്നാൽ കൃഷിക്കു പാട്ടത്തിനു കൊടുത്തിട്ടുണ്ട്. ഇതു് അഞ്ചൽ റെയിഞ്ചിൽ കുളത്തൂപ്പുഴ എന്ന സ്ഥലത്താണ്.

(ബി) പത്തനാപുരം താലൂക്ക് എക്സ് സർവീസ് സഹകരണസംഘ (നമ്പർ ൨,൩൭൧)ത്തിനാണ് പാട്ടത്തിനു കൊടുത്തിരിക്കുന്നതു്.

(സി) സെക്രട്ടറി ശ്രീ. കെ. ഐ. ഉണ്ണുണ്ണിയാണ്. സ്വദേശം അറിവില്ല.

റിസർവ്വ് വനം.

൨൧൦. [൨] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുലശേഖരത്തുള്ള ൧൦ ഏക്കർ റിസർവ്വവനത്തിൽ ഡാക്ടർ മത്തിയാസ് എന്നൊരാൾ പ്രവേശിച്ചിട്ടുള്ളതായി ഗവണ്മെന്റിനു അറിവു ലഭിച്ചിട്ടുണ്ടോ;

(ബി) അവിടെനിന്നും തടി വെട്ടിക്കൊള്ളുന്നതിന് അദ്ദേഹത്തിന് ഗവണ്മെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(സി) അദ്ദേഹം ആ സ്ഥലത്തു പ്രവേശിച്ചിട്ടുണ്ടെങ്കിൽ അതു് ഗവണ്മെന്റ് അനുമതിയോടുകൂടിയാണോ;

(ഡി) അല്ലെങ്കിൽ എന്തു നടപടി നടത്തി?

ഉത്തരം.

(എ) ഇല്ല.

(ബി) ഇല്ല.

(സി) പ്രശ്നം ഉദിക്കുന്നില്ല.

(ഡി) പ്രശ്നം ഉദിക്കുന്നില്ല.

Cattle Wealth.

*211. [5] Shri K. Madhavan Unnithan: Will the Chief Minister be pleased to state: (a) Have the Government received applications from Associations or individuals in the Kunnathur taluk requesting for State-aid and facilities for improving the cattle wealth and cattle breed;

(b) Are there any Veterinary hospitals or cattle breeding centres in the agricultural areas of Central Travancore; and

(c) Will the Government take steps to extend the Cattle Improvement Schemes to such places?

Answer.

(*a*) Yes; a representation has been received by the Director of Animal Husbandry from the Kunnathunad Agricultural and Industrial Association, Adoor.

(*b*) There is a Veterinary hospital at Mavelikara and a Veterinary Dispensary at Haripad; but no cattle breeding centre.

(*d*) It is the idea of Government to Extend the Cattle Improvement Schemes to all parts of the State step by step.

Basic Training School at Cherpu.

212. [7] Shri E. P. Varghese: Will the Minister for Education be pleased to state: (*a*) the number and names of teachers including the Headmaster in the Basic Training school at Cherpu;

(*b*) their qualifications;

(c) the pay of each of them on 10-7-52, the date of the Government Order on unification of salaries; and

(*d*) the pay each of them is receiving as a result of the above-mentioned order?

Answer.

(*a*) and (*b*) Six including the Headmaster.

Name and Qualifications.

1. Shri E. P. Padmanabha Menon, Headmaster, B. A. B. T., Wardha Trained.
2. Sry. P. Sarojini Amma, Instructor, B. A. B. T., R. B. V., Wardha Trained.
3. ,, T. Bhanumathy Amma, Instructor, B. A. B. T., Wardha Trained.
4. ,, N. Bhanumathy Amma do.
5. Shri C. P. Ramadas, Instructor, B. SC., B. T., Wardha Trained.
6. ,, T. Sekhara Warrier do.

(c) Headmaster: Rs. 80-125 plus Rs. 25 D. A.
Instructors: 80-125.

(d) Headmaster: Rs. 175-225.
Instructors: Rs. 125-175.

പേട്ടക്കട അഞ്ചുമടകോളനി.

൨൧൩. [൮] **ശ്രീ. കെ. കുട്ടപ്പൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവനന്തപുരം പേട്ടക്കട-അഞ്ചുമട ഹരിജൻ കോളനിയിലെ വാർഡൻ ആരാണ്; അദ്ദേഹത്തെ എന്നു നിയമിച്ചു; എന്താണ് ശമ്പളം;

(ബി) വാർഡൻ ജോലിക്കു പുറമെ അദ്ദേഹത്തിനു വല്ല ജോലിയും ഉണ്ടോ; ഉണ്ടെങ്കിൽ എന്താണ്;

(സി) അദ്ദേഹത്തെ സംബന്ധിച്ച് വല്ല പരാതിയും കാളനി നിവാസികൾ സർക്കാരിനു അയച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം.

(എ) ശ്രീ. വി. കെ. പാപ്പൻ. ൧൦-൪-൪ മുതൽ നിയമിച്ചു. ൩൫ രൂപ അലവൻസ്.

(ബി) അറിവില്ല.

(സി) ഉണ്ട്.

(ഡി) അന്വേഷണത്തിലിരിക്കുന്നു.

Encroachment.

214. [10] Shri T. S. Ramaswami: Will the Minister for Revenue be pleased to state: (*a*) the number of cases taken against one Sri S. Kumaraswami for encroachment of revenue and forest lands in South Travancore; and

(*b*) whether the said person was evicted from the encroached land?

Answer.

Revenue—24.
Forest—Nil.

Evicted in five cases; the remaining cases are under enquiry and eviction proceedings.

പുളുക്കാട്ട് പുത്തൻകുളം.

൨൧൫. [൧൧] ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമീണവികസനമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളുക്കാട്ട് അങ്ങാടിയ്ക്കു് അടുത്ത് (മുകുന്ദപുരം താലൂക്ക്) പുത്തൻകുളം എന്നൊരു പ്രൈവറ്റുകുളം, ടി. അങ്ങാടിനിവാസികൾക്ക് കുളിക്കുളം കെട്ടുന്നതിനുവേണ്ടി പഞ്ചായത്ത് ഡിപ്പാർട്ടുമെൻറിൽനിന്നും സംയോജനത്തിനുമുൻപ് അക്വയർ ചെയ്തിട്ടുള്ള വിവരം ഗവണ്മെൻറിനു അറിവുണ്ടോ?

(ബി) ടി കുളം പൊതുജനങ്ങൾക്ക് കുളിക്കുവാൻ സൌകര്യമാകത്തക്കവിധത്തിൽ നന്നാക്കുമോ?

ഉത്തരം.

(എ) അറിവുണ്ട്.

(ബി) പൊതുജനങ്ങൾക്ക് കുളിക്കുവാൻ പറ്റിയ രീതിയിൽ ടി കുളം നന്നാക്കുന്നതിന് ഡിപ്പാർട്ടുമെൻറിൻെറ ധനസ്ഥിതി അനുവദിക്കാതിരുന്നതുകൊണ്ട് ഇതുവരെയും അതു കുളിക്കുവാൻ പറ്റിയ രീതിയിൽ നന്നാക്കിയിട്ടില്ല. സാമ്പത്തികസ്ഥിതി അനുസരിച്ച് ഭാവിയിൽ ടി കുളം പരിഷ്കരിക്കുന്നതാണ്.

പഞ്ചായത്തുഡിപ്പാർട്ടുമെൻറിലെ പണികൾ.

൨൧൬. [൧൨] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുഡിപ്പാർട്ടുമെൻറിൽ പണികൾ ചെയ്തുകഴിഞ്ഞാൽ അവസാനത്തെ ബില്ലു കൊടുക്കുന്നതിന് അതാതു പഞ്ചായത്ത് പ്രസിഡൻറുമാരുടെ **letter of satisfaction** വാങ്ങണമെന്നു വല്ല നിബന്ധനയുമുണ്ടോ;

(ബി) ഇതിന് കരാറുകാർ പണിയേല്ക്കുന്ന കച്ചീട്ടിൽ വല്ല വ്യവസ്ഥയുമുണ്ടോ;

(സി) ഇപ്രകാരം **letter of satisfaction** വാങ്ങാത്തതുമൂലം ബില്ലു കൊടുക്കാത്ത വല്ല സംഭവങ്ങളുമുണ്ടോ?

ഉത്തരം.

(എ) പണ്ടത്തെ കൊച്ചി പഞ്ചായത്തുകളിൽ നടത്തുന്ന പണികളെ സംബന്ധിച്ചിടത്തോളം അങ്ങിനെ ഒരു നിബന്ധനയുണ്ട്.

(ബി) ഇല്ല.

(സി) ഉള്ളതായി അറിവില്ല.

Applications for measuring properties.

217 [13] **Dr. N. S. Pillai**: Will the Minister for Revenue be pleased to state:

(*a*) how many applications have been received from land holders in the Trivandrum Taluk Office for measuring properties in the said taluk, sub-dividing or re-fixing boundaries and planting stones from the year 1120 (M. E.) till date;

(*b*) in how many of such applications measurements have been made;

(*c*) in how many of such applications plans have been prepared;

(*d*) in how many of such applications no steps have been taken; and

(*e*) the dates of five (5) older—oldest applications in which measurements have not been made yet?

Answer.

(*a*) 1189.

(*b*) 1111.

(*c*) 490.

(*d*) 78.

(*e*) **28-10-1122**
29-3-1123
4-9-1121
16-9-1122
14-6-1123

Applications for measuring properties.

218 [14] **Dr. N. S. Pillai:** Will the Minister for Revenue be pleased to state:

(a) Will the Government be pleased to lay on the table a date-war statement containing the following informations regarding the applications in question No. 217 (13);

Serial No.	Date of application.	Date of calling for fees.	Date of issuing notice of measurement.	Date of measurement.	Date of payment.	Date of preparing plan.	Date of approval of D. O.	Date of disposal.	Remarks.

(b) the names of Revenue Supervisors who were in charge of this work and the period during which each of them was in such charge?

Answer.

(a) A date-war statement is placed on the table (placed on the Library table.)

(b) Sri	M. K. Damodaran Pillai	1-1-1120	to	6-3-1120
„	T. N. Kesava Pillai	7-3-1120	to	12-6-1121
„	P. Padmanabha Pillai	23-6-1121	to	21-2-1122
„	T. N. Kesava Pillai	23-2-1122	to	25-12-1124
„	A. Devadasan	1-1-1125	to	5-10-1949
„	P. K. Vasu Pillai	13-10-1949	to	19-3-1950
„	T. N. Kesava Pillai	20-3-1950	to	8-3-1951
„	P. K. Vasu Pillai	9-3-1951	continues till date	

കന്നുകാലി മേച്ചിൽസ്ഥലം.

൨൧൯. [൧൫] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആനിമൽ ഹസ്ബൻഡറി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ താലൂക്കിൽ കുട്ടമംഗലം പകുതി കീരമ്പാറ കരയിൽ തട്ടേക്കാട്ട് എന്ന സ്ഥലത്തു് കന്നുകാലിമേച്ചിലിനായി ൨൦൦ ഏക്കർ സ്ഥലം അനുവദിക്കണമെന്നു് ഒരപേക്ഷ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറിൽനിന്നും എന്തു നടപടി സ്വീകരിച്ചു;

(സി) അപേക്ഷപ്രകാരം സ്ഥലം അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവയെന്തു് ?

ഉത്തരം.

(എ) കിട്ടിയിട്ടുണ്ടു്.

(ബി) മലയാററൂർഡിവിഷനിൽ തട്ടേക്കാട്ടു് റിസർവ്വ് ഫോറസ്റ്റിൽനിന്നും ൩൦൦ ഏക്കർ സ്ഥലം കന്നുകാലി മേച്ചിലിനായി ഒഴിച്ചിടപ്പെട്ടിട്ടുണ്ടു്. ഈ സ്ഥലം കന്നുകാലിമേച്ചിലിനു കൊടുക്കാനുള്ള നിർദ്ദേശങ്ങളെ സംബന്ധിച്ച അവസാന തീരുമാനം ആയിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

Vadacode Middle School.

220 [18] **Shri M. M. Abdul Khader:** Will the Chief Minister be pleased to state:

(*a*) if any application was received to raise the Vadakode Middle School, Thrikkakara to a High School;

(*b*) what action was taken on it and why; and

(*c*) what is the policy of the Government in this regard?

Answer.

(*a*) Yes, in the Educational year 1951-52 for raising the school during 1952-53.

(*b*) The request was not granted as the application did not come within the scope of general principle followed in the matter of sanctioning starting of new schools.

(*c*) Sanction is accorded to the opening of new schools taking into consideration—

(1) educational needs of the locality.

(2) Financial capacity of the applicant.

(3) Proximity to and availability of accommodation in neighbouring schools etc.

Primary School, Kannadiyurump, Palai.

221 [20] **Shri K. M. Chandy:** Will the Minister for Education be pleased to state:

(*a*) whether the Government have received any petition from the Manager, St. Joseph's Primary School, Kannadiyurump, Palai, requesting sanction to raise it to a Middle School;

(*b*) how many years is it since the manager has been applying for sanction to raise it to a Middle School;

(*c*) whether the manager has not agreed to fulfil the conditions laid down by the Government ;

(*d*) whether the Government will be pleased to sanction the same at least this year ?

Answer.

(*a*) Yes, in the school year 1951-52.

(*b*) No information is available.

(*c*) Yes, in the application referred to in (a) above.

(*d*) There are already 2 Middle Schools and 2 High Schools with Middle School Sections within a range of 1 3|4 miles of the St. Joseph's Primary School, Kannadiyurump with enough accommodation and so there is no necessity for another Middle School in the locality.

Primary School at Urulikunnam, Kottayam.

222 [21] **Shri K. M. Chandy**: Will the Minister for Education be pleased to state :

(*a*) whether the Government have received any application for sanction to start a primary school at Urulikunnam, Anikad pakuthy, Kottayam taluk ;

(*b*) whether the Government will be pleased to enquire the necessity of the same at Urulikunnam and if found necessary sanction the same this year ?

Answer.

(*a*) Yes,

(*b*) The matter is under consideration.

Land for Primary School.

223 [24] **Shri R. Ponnappa Nadar**: Will the Minister for Education be pleased to state :

(*a*) is the land acquisition for Mankunnuvila primary school in Vilavancode complete ;

(*b*) which is the survey number in Midalam pakuthi which was originally fixed ;

(*c*) is there any proposal to change the original site ;

(*d*) did not the owners of survey No. 3935 petition that survey No. 3795 be fixed for the location of the school ; and

(*e*) did not the then Division Inspector of schools make local inspection and fixed upon survey No. 3795 ?

Answer.

(*a*) No. The matter is under correspondence.

(*b*) Survey No. 3795.

(*c*) Yes.

(*d*) Yes. The owner of S. No. 3935 petitioned against the acquisition of his site and suggested that the original site in S. No. 3795 may be fixed.

(*e*) The Division Inspector of schools referred to, inspected the locality but did not fix up S. No. 3795. He suggested alternative sites.

Jute Production.

224 [32] **Shri Ganapathy**: Will the Minister for Agriculture answer the following questions:

(*a*) will Government be pleased to consider the carrying out of the jute production scheme by themselves; and

(*b*) are Government aware that the State Governments of Assam and West Bengal are deriving large revenues from Jute?

Answer.

(*a*) No.

(*b*) Government have no information.

Point of Order *re* Announcements by Ministers.

ശ്രീ. കെ. കെ. കുമാര പിള്ള: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. കഴിഞ്ഞ ദിവസത്തെ അവിശ്വാസപ്രമേയത്തെക്കുറിച്ചുള്ള ചർച്ചാവേളയിൽ
12 NOON
വ്യവസായവകുപ്പുമന്ത്രി പറയുകയുണ്ടായി, കയർ വ്യവസായത്തിന്റെ മാന്ദ്യത്തെപ്പററി അന്വേഷിക്കാൻമാത്രമാണ് കേന്ദ്രഗവണ്മെന്റിൽ നിന്നും ശ്രീ. കൃഷ്ണമാചാരി ഇവിടെ വന്നിരുന്നതെന്ന്. ചോദിച്ചപ്പോഴും അദ്ദേഹം പറഞ്ഞതു്. ഞാൻ കയർവ്യവസായത്തെ സംബന്ധിച്ചു അന്വേഷിക്കാൻ മാത്രമല്ല, മററു വ്യവസായങ്ങളുടെ കാര്യങ്ങളെക്കുറിച്ചും അന്വേഷിക്കാനാണ് വന്നിട്ടുള്ളതു് എന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിപ്രസംഗം ഈവിധത്തിൽ സാമാജികന്മാരെ തെററിദ്ധരിപ്പിക്കുകയാണ് ചെയ്തിട്ടുള്ളതു്. ഈ രീതിയിലുള്ള പ്രസ്താവന മന്ത്രിസഭയിൽ നിന്നും പുറപ്പെടുന്നതുതന്നെ ശരിയല്ല. സംഗതികളുടെ വാസ്തവസ്ഥിതി അറിയിക്കാതെ പൊടിപ്പും തൊങ്ങലും വച്ചു് അതിശയോക്തിപരമായി മറുപടി പറഞ്ഞു് തെററിദ്ധരിപ്പിക്കുന്നതു് അസംബ്ലിയുടെ വിലയേറിയ സമയത്തെ പാഴാക്കുകയാണ് ചെയ്യുന്നതു്. സമയത്തെ വൃഥാ പാഴാക്കരുതെന്നു സ്പീക്കർതന്നെ പ്രസ്താവിച്ചിട്ടുള്ളതാണ്.. ഒരു വ്യവസായത്തിന്റെയോ, ഫാക്ടറിയുടെയോ കാര്യങ്ങളെ സംബന്ധിച്ചു് ചോദ്യങ്ങൾ ചോദിച്ചാൽ വിശദവിവരങ്ങൾ പറയാതെ ഒരുമാതിരി വാചകകസർത്തു ചെയ്തു മറയുകയാണ് ചെയ്യുന്നതു്. ഈ വിദ്യ മേലാൽ തുടരാതിരിക്കുന്നതിന് ഒരു റൂളിംഗ് ഉണ്ടാകണമെന്നാണ് എന്റെ പായിന്റ് ഓഫ് ആർഡർകൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്.

Mr. Speaker: Even if I treat it as a point of order, it is very difficult for me to give a ruling. I am aware that the Minister has made a statement as was suggested by the hon. Member. But what the Commerce Minister of the Central Government

has said, I do not know, and I have no materials before me to gather the same. There are certain rules laid down regulating the business of the House. If the hon. Member follows the procedure and gives me the material, I shall give a ruling.

Point of Order *re* Disposal of Questions.

ശ്രീ. എൻ. രാജഗോപാലൻനായർ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഇതിനു മുമ്പിൽ നടന്ന അസംബ്ലിയിൽ ഉത്തരം പറയാനായി ഞാൻ അയച്ചിട്ടുണ്ടായിരുന്ന എല്ലാ ചോദ്യങ്ങൾക്കും മറുപടി കിട്ടിയിട്ടില്ല. മറുപടി പറയാൻ സാധിക്കാത്ത ചോദ്യങ്ങൾക്ക് അവയുടെ ഉത്തരം സാധാരണയായി, മേശപ്പുറത്തു വയ്ക്കുകയാണു പതിവ്. ഉത്തരം കിട്ടാത്ത എൻെറ ചോദ്യങ്ങൾക്ക് മേശപ്പുറത്ത് ഉത്തരം കാണുമെന്നു വിചാരിച്ച് അന്വേഷണം നടത്തിയതിൽ വിഫലമാകുകയാണു ചെയ്തത്. അതിൽനിന്നും ഞാൻ മനസ്സിലാക്കുന്നത് ആ ചോദ്യങ്ങളുടെ ഉത്തരം പറയാതെ മന്ത്രിമാർ ഒഴിയുകയാണെന്നാണ്. സർ, അതുപോലെ തന്നെ, ൨൮-൨൦-൩൨-ൽ ഉത്തരം പറയാനായി ഞാൻ മൂന്നു ചോദ്യങ്ങൾ അയയ്ക്കുകയുണ്ടായി. എന്നാൽ ഏററവും പ്രധാനപ്പെട്ട ഒരു ചോദ്യത്തിൻെറ ഉത്തരം പറഞ്ഞില്ലെന്നു മാത്രവുമല്ല മേശപ്പുറത്തു നോക്കിയതിൽ ഉത്തരം കാണുമാനും ഇല്ലായിരുന്നു. സർ, പത്തനാപുരം താലൂക്കിലെ അഭ്രഖനന വ്യവസായത്തിൻെറ വിവരം അറിയാനാണ് ചോദ്യം അയച്ചിരുന്നത്. ഏകദേശം ൭൦൦-ൽപ്പരം കുടുംബങ്ങൾ ഉപജീവനം കഴിച്ചുവരുന്ന ഒരു തൊഴിൽശാലയാണ് അത്.

Mr. Speaker: When a point of order is raised, the Member must confine himself to the point raised, and not make a speech.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, ഈ ചോദ്യത്തിന് ക്ലിപ്തത്തിൽ ഉത്തരം പറയാവുന്നതേയുള്ളു. കഴിഞ്ഞ അസംബ്ലിയിലും ഈ തൊഴിൽശാലയെസംബന്ധിച്ചുതന്നെയായിരുന്നു ചോദ്യം അയച്ചിരുന്നത്. കഴിഞ്ഞതവണ ഉത്തരം കിട്ടാത്ത സ്ഥിതിയ്ക്ക് ഇത്തവണയെങ്കിലും ഉത്തരം കിട്ടുമെന്നു പ്രതീക്ഷിച്ചിരുന്നു. അതുകൊണ്ട് എനിക്കു പറയുവാനുള്ളത്, അതാതുദിവസം മറുപടി പറയുവാനുള്ള ചോദ്യങ്ങൾക്കു അതാതുദിവസംതന്നെ ഓറലായിട്ടോ റിട്ടണായിട്ടോ മറുപടി പറയാൻതക്കവണ്ണം ഒരു വ്യവസ്ഥ ഉണ്ടാക്കണമെന്നാണ്.

Mr. Speaker: I would just invite the attention of the hon. Members to the Legislative Assembly Manual in their hands, Appendix IV, item 11:

> Disposal of questions when meeting is cancelled or adjourned: When a meeting of the Assembly is cancelled or adjourned without transacting any business, all the questions both starred and unstarred, originally entered in the list of questions for the day will be treated as unstarred questions for the next meeting, and will be printed along with their answers in the official, report of the latter day.

[Mr. Speaker,]

This is the provision now in force. I can appreciate the importance of the matter raised in the Point of Order, and also the concern of the hon. Member, because that question has not come up, in spite of its having been repeated over and over again. But the House did not reach the question and the Ministers are not bound to answer the question. If the answer is ready, it would have been placed on the table. Now the answer has not been placed evidently because the answer is not ready. When a Minister says that an answer is not ready, there is an end of the business so far as the Speaker is concerned. But I may appeal to the Leader of the House to see that all the questions are answered as far as possible.

Adjournment Motion re: closing down of the Titanium Factory at Trivandrum—Motion admitted.

Mr. Speaker: I have received an adjourment motion from Shri P. S. Nataraja Pillai, regarding the closing down of the Titanium Factory. May I ask whether the hon. Minister has anything to say on the matter?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** The Factory is closed. I also think that it is a very important matter. I do not object to a discussion on the matter, because Government would like to enlighten the House and the public as to what the situation is with respect to the matter.

Mr. Speaker: The motion is in order. It reads thus: "I move for the adjournment of the business of the House to discuss a definite matter of urgent public importance, namely, the closing down of the Titanium Products Factory at Trivandrum." The motion is not opposed. The adjournment motion will come up for discussion at 4 o'clock to day.

Papers laid on the Table.

Chief Minister **(Shri A. J. John):** I beg to lay on the table, (placed on the Library Table) under Article 323 (2) of the Constitution, a copy of the Report on the working of the Travancore-Cochin Public Service Commission for the year 1950-51, together with a memorandum explaining, as respects the cases, where the advise of the Commission was not accepted, and the reasons for such non-acceptance.

Minister for Public Works and Transport **(Shri Kalathil Velayudhan Nair):** I beg to lay on the table (placed on the Library Table) the Travancore-Cochin Motor Vehicles Rules, 1952 as required under Section 133 (3) of the Motor Vehicles Act, 1939 (Central Act IV of 1939).

Motion under Rule 43 *re* Public Debt of the State.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) : Sir, on that motion, I had a conversation with the hon. Member from Trivandrum, and we would like to have a discussion on that matter. In the circumstances, if the House would agree, I propose that the subject may be taken up some other day during this session, preferably on the 5th of this month.

Shri A. Thanu Pillai : Why not on the 7th or the 8th ?

Shri Panampilli Govinda Menon : On the 7th and the 8th, there is some inconvenience for me, on account of official business. Will not the 5th be convenient ? There is five days, time.

Mr. Speaker : That is agreed to. This motion will be taken up for discussion on the 5th November.

Shri Nedumangad R. Kesavan Nair : Sir, among the papers laid on the table, No. 2 is not placed on our tables. The other papers are there.

Mr. Speaker : It is placed on the table of the House.

Travancore Medical Practitioners' Act (Amendment) Bill.

Minister for Medicine and Public Health (**Shri V. Madhavan**) : I beg to introduce the Travancore Medical Practitioners Act (Amendment) Bill.

Minister for Local Self Government (**Shri K. Kochukuttan**) : I second it.

Mr. Speaker : The Bill stands introduced.

Shri V. Madhavan : I move that the Bill be taken up for consideration at once.

Shri K. Kochukuttan : I second it.

The motion was put and carried.

<u>ശ്രീ. വി. മാധവൻ;</u> സർ, ട്രാവൻകൂർ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് ൧൧൨൩ ഒന്നുണ്ടായിരുന്നു. ആ ആക്ടിന്റെ ൯-ാം വകുപ്പു അനുസരിച്ച് ൩ കൊല്ലം കാലാവധിയാണ് വ്യവസ്ഥ ചെയ്തിരുന്നതു്. എന്നാൽ അതിലെ ഒരു പ്രൊവൈസോ അനുസരിച്ച് ഗവണ്മെന്റിനു വേണ്ടിവന്നാൽ ൨ വർഷംകൂടി കാലാവധി നീട്ടാനുള്ള അധികാരം കൊടുത്തിരുന്നു. ആ അധികാരത്തെ വിനിയോഗിച്ച് ൨ വർഷം കൂടി ഈ ആക്ടിന്റെ കാലാവധി നീട്ടുകയുണ്ടായി. എന്നാൽ ൧൩-൧൦-൧൯൫൨-ൽ അവസാനിക്കുന്നതായ ഈ കാലാവധിക്കിടയിൽ തിരുവിതാംകൂർ-കൊച്ചി സംയോജനവ്യവസ്ഥയനുസരിച്ച് ഈ ആക്ട് സഭയിൽ അവതരിപ്പിച്ച് പാസ്സാക്കാൻ സാധിച്ചില്ല. അതു കൊണ്ട് ഒരുവർഷത്തെ കാലാവധികൂടി നീട്ടിക്കിട്ടുന്നതിനുവേണ്ടി ഒരു

[ശ്രീ. വി. മാധവൻ.]

ആർഡിനൻസ് പാസ്സാക്കി അതു് നിയമമാക്കുന്നതിനാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഈ സഭ ഇതു അംഗീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഈ ബില്ലിൽ ചില മാററങ്ങൾ വരുത്തേണ്ടതുണ്ടു്.

Mr. Speaker: This is the Travancore Medical Practitioners' Act (Amendment) Bill. As there are no amendments to the Bill, I shall put the clauses of the Bill to the vote of the House.

The question that Clauses 1, 2 and 3 stand part of the Bill was put and carried.

Clauses 1, 2 and 3 were added to the Bill.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri V. Madhavan: Sir, I move that the Bill be passed.

Shri K. Kochukuttan: I second it.

The motion that the Bill be passed was put and carried.

The Bill was passed.

The Travancore-Cochin Medical Practitioners Bill.

Minister for Medicine and Public Health (**Shri V. Madhavan**): Sir, I beg to introduce the Travancore-Cochin Medical Practitioners Bill.

Minister for Local Self Government (**Shri K. Kochukuttan**): I second it.

Mr. Speaker: The Bill stands introduced.

ശ്രീ. വി. മാധവൻ: ഈ ബില്ലു് ഒരു സെലക്ററ കമ്മിററിക്കു അയയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ ബില്ലിൻെറ ഉദ്ദേശങ്ങളെപ്പററി ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു. സംയോജനത്തിനു ശേഷം തിരുവിതാംകൂർ-കൊച്ചി എന്നീ രണ്ടു വിഭാഗങ്ങളേയും സംബന്ധിക്കത്തക്കവണ്ണം ഒരു നിയമം ഉണ്ടാക്കേണ്ട ആവശ്യമുള്ളതുകൊണ്ടാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതു്.

ഹോമിയോപ്പതി ഡാക്ടർമാക്കും അലോപ്പതി ഡാക്ടർമാക്കും കൂടിയുള്ള ഒരു മെഡിക്കൽ കൗൺസിൽ ഉണ്ടാക്കേണ്ടതു് ആവശ്യമാണെന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടതിയതനുസരിച്ചാണ് അതിലേയ്ക്കുള്ള ഒരു വ്യവസ്ഥ ഈ ബില്ലിൽ ചേർത്തിട്ടുള്ളതു്. അങ്ങനെയൊരു പ്രത്യേക വ്യവസ്ഥയുടെ ആവശ്യത്തെ സംബന്ധിച്ചു് സെലക്ററകമ്മിററിയിൽ വച്ചു് തീരുമാനിക്കണമെന്നും, അതിനാൽ ഈ ബിൽ താഴെ പറയുന്ന

അംഗങ്ങളടങ്ങിയ ഒരു സെലക്റ്റ് കമ്മിററിക്കയക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

1. ശ്രീ. അലക്സാണ്ടർ പറമ്പിത്തറ.
2. ഡോക്ടർ പി. ടി. താമസ്.
3. ശ്രീ. എൽ. എം. പൈലി.
4. ,, ഇ. പി. വർഗ്ഗീസ്.
5. ,, ആർ. പൊന്നപ്പനാടാർ.
6. ,, ആർ. ഗംഗാധരൻ.
7. ,, കാമ്പിശ്ശേരിൽ കരുണാകരൻ.
8. ,, നെടുമങ്ങാട്ട് ആർ. കേശവൻനായർ.
9. ,, ഡോക്ടർ എൻ. എസ്സ്. പിള്ള.
10. ,, വി. മാധവൻ.

കോറം ൪ ആയിരിക്കുന്നതും ഇതിൻെറ റിപ്പോർട്ട് സാധാരണ ഗതിയിൽ കിട്ടിയാൽ മതിയാകുന്നതുമാണ്.

ശ്രീ. സി. അച്യുതമേനോൻ: സർ, മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിൻെറ സാമാന്യമായ തത്വത്തോട് ഞാൻ യോജിക്കുകയാണു ചെയ്യുന്നതു്. നാട്ടിൽ അനവധി മെഡിക്കൽ പ്രാക്ടീഷണേഴ്സുണ്ട്. അവരിൽ എല്ലാംപേക്കുംതന്നെ മതിയായ പരീക്ഷായോഗ്യത, അല്ലെങ്കിൽ രോഗികളെ ചികിത്സിക്കുന്നതിനുള്ള പാടവം ഇല്ലെന്നുള്ളതു് ഒരു പരമാർത്ഥമാണ്. അങ്ങനെയുള്ള മുറിവൈദ്യന്മാരെക്കൊണ്ട് പലപ്പോഴും ഗുണത്തെക്കാൾ അധികം ദോഷമാണു സംഭവിച്ചിട്ടുള്ളതെന്നുള്ളതും ഒരു പരമാർത്ഥമാണ്. അതു് തടയുകയും, പൊതുവെയുള്ള ചികിത്സാസൗകര്യങ്ങളേയും ചികിത്സകരേയും നിയന്ത്രിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണ്. ആ ഉദ്ദേശത്തെ പുരസ്കരിച്ചുകൊണ്ടുവന്നിട്ടുള്ള ഈ ബില്ലിൻെറ തത്വത്തോട് ഞാൻ സാമാന്യമായി യോജിക്കുന്നു. എന്നാൽ ഒരു സംഗതി, ചികിത്സകരെ നിയന്ത്രിക്കുന്ന അവസരത്തിൽ നമ്മുടെ രാജ്യംപോലെയുള്ള ഒരു രാജ്യത്തെ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അതെന്താണെന്നുവച്ചാൽ, രോഗം ഇവിടെ ധാരാളമായി പടർന്നുപിടിച്ചിട്ടുണ്ട്. രോഗികളുടെ സംഖ്യയും വളരെ വർദ്ധിച്ചിട്ടുണ്ട്. പ്രത്യേകിച്ചും സാമ്പത്തിക തകർച്ചയാലും തൊഴിലില്ലായ്മയാലും ജനങ്ങളുടെ ആരോഗ്യം വളരെയധികം അധഃപതിച്ചുപോയിട്ടുണ്ട്. ഇതു് വിദഗ്ദ്ധന്മാർതന്നെ സമ്മതിച്ചിട്ടുള്ള അഭിപ്രായമാണ്. എന്നാൽ അതിനെയൊക്കെ നേരിടത്തക്കവണ്ണമുള്ള ചികിത്സകരുടെ എണ്ണവും നമ്മുടെ നാട്ടിൽ കുറവാണ്. എൻെറ ഓർമ്മ ശരിയാണെങ്കിൽ ഈ രാജ്യത്തു ൩൦,൦൦൦ ആളുകൾക്കു് ഒരു ഡാക്ടർ മാത്രമേ ഉള്ളുവെന്നാണ് ഞാൻ ധരിച്ചിരിക്കുന്നതു്. അത്രമാത്രം അപര്യാപ്തമാണ് നമ്മുടെ രാജ്യത്തെ വൈദ്യന്മാരുടെയും ഡാക്ടർമാരുടെയും എണ്ണമെന്നുള്ളതു് ഇന്നത്തെ ചികിത്സാപരിമിതികൊണ്ട് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. അതുകൊണ്ടുവരുന്ന ദോഷം ചില്ലറയല്ല. രോഗം പിടിപെടുമ്പോൾ പെട്ടെന്നുള്ള സൗകര്യംനോക്കി രോഗികളെ അടുത്തുള്ള വൈദ്യന്മാരുടെ അടുക്കൽ കൊണ്ടുചെല്ലാൻ നോക്കും. തല്ക്കാല സമാധാനത്തിനുവേണ്ടി എന്തെങ്കിലും ഒരു ചികിത്സ ചെയ്യുവാനാണ്

[ശ്രീ. സി. അച്യുതമേനോൻ,]

ആദ്യമായി നോക്കുന്നതു്. അതുകൊണ്ടു് അതിനുള്ള പ്രതിവിധികൾകൂടി ചെയ്യുന്നതിനു ഈ ബില്ല് സെലക്ടുകമ്മിററിയിൽ കൊണ്ടുവരുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഇന്നത്തെനിലയിൽ ഇവിടത്തെ ചികിത്സാസൗകര്യങ്ങൾ രോഗികളുടെ ആവശ്യത്തിനു തക്കവണ്ണം ഉപയോഗപ്പെടുത്തുവാൻ അസാദ്ധ്യമായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു് ഈ ബില്ലിൽ ഇതിലേയ്ക്കാവശ്യമായ നിയന്ത്രണംകൂടി വളരെ ബുദ്ധിപൂർവ്വമായും കരുതലോടുകൂടിയും ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്.

എനിക്കുതന്നെ അടുത്തു് ഒരു അനുഭവമുണ്ടായി. എന്റെ ബന്ധുത്വത്തിൽപ്പെട്ട ഒന്നരവയസ്സുമാത്രം പ്രായമായ ഒരു കുട്ടിക്കു് രോഗം ബാധിച്ചു. ആ പ്രദേശത്തുള്ള ഗവണ്മെൻറഡാക്ടരെ സമീപിച്ചപ്പോൾ— ഇതു സംഭവിച്ചതു് ഒരു ദിവസം രാത്രി ഏഴുമണിസമയത്താണു്— ഡാക്ടർ വന്നില്ല. രണ്ടുതവണപോയി ഡാക്ടരെ കണ്ടുപറഞ്ഞിട്ടും ഡാക്ടർ ആ വീട്ടിലേയ്ക്കു് വരുകയോ കുഞ്ഞിനെ പരിശോധിക്കുകയോ ഉണ്ടായില്ല. ഉ രപാദപ്പെട്ട ഒരു ഡാക്ടർക്കു് ഫീസുകൊടുക്കുവാൻകൂടി കഴിവുള്ള ഒരു വീട്ടിൽപോയി രോഗിയെ നോക്കുവാൻ കഴിയുകയില്ലെങ്കിൽ പിന്നെ എന്താണു് ഈ രാജ്യത്തെ ചികിത്സാസൗകര്യത്തിന്റെ സ്ഥിതിയെന്നു് ആലോചിക്കണം. ഒടുവിൽ വൈദ്യസഹായം കിട്ടാതെ ആ കുട്ടി മരിച്ചുപോകയാണുണ്ടായതു്. ഡാക്ടർമാർക്കു് ഫീസുകൊടുത്തു വരുത്തുവാൻ കഴിവുള്ള വീടുകളിൽപോലും ഡാക്ടർമാർ പോകുന്നില്ലെങ്കിൽ ഇപ്രകാരം ഡാക്ടർമാരുടെ സേവനം ലഭിക്കാതെ എത്ര രോഗികളാണു് കഷ്ടപ്പെടുന്നതെന്നു് ആലോചിച്ചുനോക്കുക. അതു കാരണമാണു് രോഗം പിടിപ്പെട്ടാൽ ഓടി അടുത്തുള്ള മുറിവൈദ്യന്മാരുടെ അടുക്കൽ ചെല്ലുന്നതു്. നല്ല ചികിത്സാമാർഗ്ഗങ്ങൾ രാജ്യത്തുള്ള എല്ലാ ആളുകൾക്കും ഉണ്ടാക്കിക്കൊടുക്കുന്നതോടൊപ്പം കൂടുതൽ ഡാക്ടർമാരെ വച്ചു് ചികിത്സാസൗകര്യം കൂടുതൽ വർദ്ധിപ്പിക്കുന്നതോടൊപ്പംവേണം നിയന്ത്രണം ഏർപ്പെടുത്തുന്നതു്. ഈ ബില്ലിന്റെ തത്വത്തോടു യോജിച്ചുകൊണ്ടു് ഒന്നുരണ്ടു സംഗതികൾകൂടി പറയണമെന്നു ഞാൻ വിചാരിക്കുന്നു.

ഒന്നു് ഹോമിയോപ്പതിയുടെ കാര്യത്തെപ്പററിയാണു്. മോഡേൺ മെഡിക്കൽ കൗൺസിലിൽ ൧൧ അംഗങ്ങൾ ഉള്ളതിൽ ഹോമിയോപ്പതിക്കു രണ്ടു പ്രതിനിധികളാണുള്ളതു്. ഹോമിയോപ്പതി ഡാക്ടർമാർക്കു് അലോപ്പതി ഡാക്ടർമാരുടെ മനോഭാവത്തെ സംബന്ധിച്ചിടത്തോളം ന്യായമായ ചില ആശങ്കകൾ ഉണ്ടു്. അതു മിക്കവാറും അവരുടെ അനുഭവത്തിൽനിന്നുതന്നെ ഉണ്ടാകുന്നതാണു്. പ്രായേണ അലോപ്പതി ഡാക്ടർമാർക്കെല്ലാംതന്നെ ഹോമിയോപ്പതിയുടെമേൽ പ്രിജുഡീസ് ഉണ്ടു്. ഹോമിയോപ്പതി ശരിയായിട്ടുള്ള ഒരു ചികിത്സാസമ്പ്രദായമല്ല, അതുകൊണ്ടു് അതു നിറുത്തിക്കളയണമെന്ന മനോഭാവം അലോപ്പതി ഡാക്ടർമാർക്കുണ്ടു്. അങ്ങനെയുള്ള മനോഭാവത്തോടുകൂടിയുള്ള അലോപ്പതി ഡാക്ടർമാരുടെ ഭൂരിപക്ഷമുള്ള മെഡിക്കൽ കൗൺസിലിൽനിന്നു ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തിനു ശരിയായ പ്രോത്സാഹനം കിട്ടുമോ എന്ന ആശങ്ക അവർക്കു ന്യായമായി ഉണ്ടാകാ

വുന്നതാണ്. അതുകൊണ്ട് അവർ പറയുന്നതു ഹോമിയോപ്പതിക്കു പ്രത്യേകമായി ഒരു ബോർഡ് വേണമെന്നാണ്. ഈ കാര്യം ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ ഗവൺമെൻറിനെ അറിയിക്കുന്നു. ഹോമിയോപ്പതി ഡോക്ടർമാരെ നിയന്ത്രിക്കുന്നതിനു പ്രത്യേകം ഒരു ബോർഡു് ഉണ്ടാക്കണമെന്ന അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. സെലക്റ്റ്കമ്മിററിയിൽ അതിനെപ്പററി ആലോചിക്കാമെന്നു പറഞ്ഞിട്ടുള്ളതു് സ്വാഗതാർഹമാണ്.

മെഡിക്കൽകൌൺസിലിൻെറ നിയന്ത്രണത്തെ സംബന്ധിച്ച് മറെറാരു സംഗതി എനിക്കു പറയുവാനുണ്ട്. വളരെ അധികം നിയന്ത്രണം ചുമത്തുന്ന രീതിയിലാണ് ഈ ബില്ലിൽ വ്യവസ്ഥകൾ കൊള്ളിച്ചിരിക്കുന്നതു്. ഒരു മെഡിക്കൽ കൌൺസിൽ സെററപ്പ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്നയിന്ന പ്രകാരത്തിൽ മെഡിക്കൽ കൌൺസിലിലെ അംഗങ്ങളെ തിരഞ്ഞെടുക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങിനെയൊക്കെ ചെയ്തിട്ടുണ്ടെങ്കിലും ആദ്യത്തെ മെഡിക്കൽ കൌൺസിലിലേക്കുള്ള അംഗങ്ങളെ ഗവൺമെൻറ് നോമിനേററ് ചെയ്യുകയായിരിക്കും ചെയ്യുന്നതു്. ആ മെഡിക്കൽ കൌൺസിലിൻെറ പ്രസിഡൻറിനേയും ഗവൺമെൻറ് നോമിനേററ് ചെയ്യും. ഇങ്ങിനെ ഗവൺമെൻറ് ചെയ്യുകയാണെങ്കിൽ പിന്നെ എന്തിനുവേണ്ടിയാണ് ഈ വ്യവസ്ഥകൾ കൊള്ളിച്ചിരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. മെഡിക്കൽ കൌൺസിലിലേക്കുള്ള അംഗങ്ങളെ ഇലക്റ്റ്ചെയ്യുവാൻ അനുവദിക്കാത്തതിൻെറ കാരണമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. എല്ലാ മെംബർമാരേയും ഗവൺമെൻറിൽനിന്നു നോമിനേററ്ചെയ്തു് അത്രമാത്രം ഒരു നിയന്ത്രണം ഈ കൌൺസിലിൻെറമേൽ ചെലുത്തേണ്ട ആവശ്യമെന്താണെന്നു മനസ്സിലാകുന്നില്ല. മെഡിക്കൽ പ്രാക്ടീഷ്ണേഴ്സിൻെറ രജിസ്ട്രേഷനെസംബന്ധിച്ചതന്നെ ചില വ്യവസ്ഥകൾ ഇതിലുണ്ട്. രജിസ്ട്രേഷനുവേണ്ട റെഗുലേഷൻസു് ഉണ്ടാക്കുന്നതിനു കൌൺസിലിൽനിന്നു ഒരു കമ്മിററിയെ നിയമിക്കും. ആ കമ്മിററി റെഗുലേഷൻസു് ഉണ്ടാക്കി കൌൺസിലിലേക്കു സമർപ്പിക്കും. കൌൺസിൽ അതു പാസ്സാക്കി കഴിഞ്ഞതിനുശേഷം ഗവൺമെൻറിലേക്ക് അയച്ചു് ഗവൺമെൻറിൻെറ അപ്രൂവൽ വാങ്ങിക്കണം. ഒരു കൌൺസിൽ ഉണ്ടാക്കാൻ നിശ്ചയിച്ചതിനുശേഷം എന്തിനാണ് അതിനെ ഇത്രമാത്രം അവിശ്വാസത്തോടുകൂടി വീക്ഷിക്കുന്നതെന്നു മനസ്സിലാക്കാൻ പ്രയാസമാണ്. ഏതായാലും ചുരുക്കത്തിൽ എനിക്കു തോന്നുന്നതു് ഗവൺമെൻറ് ഈ കൌൺസിൽ ഒക്കെ ഉണ്ടാക്കുന്നുണ്ടെങ്കിലും അതു് ഒരു ആട്ടോണമസ്സ് ബോഡിയായി പ്രവർത്തിക്കുവാൻ ഗവൺമെൻറ് അനുവദിക്കുന്നില്ല എന്നാണ്. ഈ ബില്ലിൽ ഇങ്ങിനെയുള്ള ചില വകുപ്പുകൾക്കു സാരമായ ഭേദഗതികൾ ആവശ്യമാണെന്നാണ് എൻെറ അഭിപ്രായം. ഇത്രയും പറഞ്ഞുകൊണ്ടും ബില്ലിനെ പൊതുവെ അനുകൂലിച്ചുകൊണ്ടും ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പ്രാക്കുളം ഭാസി: സർ, ഈ ബില്ലിൻെറ തത്വത്തെ അനുകൂലിച്ചുകൊണ്ടു ചില സംഗതികൾ ഈ സഭയുടെ മുമ്പിൽ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെൻറ് ചോപ്രാ കമ്മിററിയുടെ

[ശ്രീ. പ്രാക്കുളം ഭാസി.]

റിപ്പോർട്ട് പഠിച്ചിട്ടുണ്ടെങ്കിൽ ഈ ബില്ലിൽ അവതരിപ്പിച്ചിട്ടുള്ളതു് നമ്മുടെ നാട്ടിലെ വൈദ്യസംപ്രദായങ്ങളെ ഒരു ഏകീകൃതരൂപത്തിൽ ശരിപ്പെടുത്തുന്നതിനല്ലെന്നു് വ്യക്തമാകും. ഇന്നു നിലവിലിരിക്കുന്ന മെഡിക്കൽ പ്രാക്ടീഷ്ണേഴ്സ് നിയമം അനുസരിച്ചു് ആയുർവ്വേദത്തിനും അലോപ്പതിക്കും സിദ്ധവൈദ്യത്തിനും യൂനാനിക്കും മറ്റെല്ലാറ്റിനുംകൂടി ഒരു കൌൺസിലാണുള്ളതു്. ഈ ബില്ലുകൊണ്ടു അലോപ്പതിക്കും ഹോമിയോപ്പതിക്കും ദന്തവൈദ്യത്തിനുംകൂടി ഒരു കൌൺസിലും ആയുർവ്വേദത്തിനും സിദ്ധത്തിനും മറ്റെല്ലാറ്റിനുംകൂടി ഒരു ബോർഡും വയ്ക്കാനാണു് ഉദ്ദേശിക്കുന്നതു്. പാശ്ചാത്യ ചികിത്സാസംപ്രദായങ്ങളെ ഗവണ്മെൻറ് കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിൽ എനിക്കു് പരാതിയില്ല. പക്ഷെ, അതേസമയം നാട്ടുചികിത്സാസംപ്രദായങ്ങളോടു് ഒരു ചിറ്റമ്മനയമാണു് ഗവണ്മെൻറ് ഇന്നു അനുവർത്തിക്കുന്നതു്. നമ്മുടെ നാട്ടിലെ സാമ്പത്തികനിലയ്ക്കും, ശീതോഷ്ണാവസ്ഥയ്ക്കും ജീവിതക്രമത്തിനും അനുയോജ്യമായ ഒരു ഏകീകൃതവൈദ്യസംപ്രദായമാണു് ഇവിടെ വേണ്ടതു് എന്നു ചോപ്രാ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഈ ബില്ലിൽ കൌൺസിൽ എന്നും ബോർഡു് എന്നും ഉള്ള വ്യത്യാസങ്ങൾ എടുത്തുകളഞ്ഞു് ഓരോന്നിനും ഓരോ കൌൺസിൽ ആയാൽകൊള്ളാമെന്നു് എനിക്കഭിപ്രായമുണ്ടു്. ശ്രീ. അച്യുതമേനോൻ, ഹോമിയോപ്പതിക്കാരെ അലോപ്പതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിൽ അവർക്കു വളരെ ആശങ്കകളുണ്ടു് എന്നു പറഞ്ഞു. ഹോമിയോപ്പതിയ്ക്കും അലോപ്പതിയ്ക്കും ഓരോ കൌൺസിലും ആയുർവ്വേദത്തിനും സിദ്ധത്തിനുംമററും കൂടിയുള്ള ബോർഡും കൂടി ഓരോ കൊൺസിലാക്കിയാൽ ഹോമിയോപ്പതിക്കാരുടെ അവശതകൾ പരിഹരിക്കുവാൻ സാധിക്കുന്നതാണു്.

മെഡിക്കൽ പ്രാക്റ്റീഷ്ണേഴ്സിൻെറ രജിസ്ട്രേഷനു് ഇന്നു നിലവിലുള്ള ഫീസു് ൧൦ രൂപയാണു്. ഈ ബില്ലിൽ അതു ൨൦ രൂപയാക്കിയിട്ടുണ്ടു്. മദിരാശിയിൽപോലും ൧൫ രൂപയേ ഫീസുള്ളു. ഈ വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു.

ബോർഡിനെ സംബന്ധിച്ചാണെങ്കിൽ ഈ ബോർഡിൽ മുന്നൂറോളം വരുന്ന ഗ്രാൻറവൈദ്യന്മാർക്കു് യാതൊരു സ്ഥാനവും കൊടുത്തിട്ടില്ല. ഈ നാട്ടിലെ ഗ്രാൻറവൈദ്യന്മാർക്കും അതിൽ സ്ഥാനം കൊടുക്കണം. ഇരുപതോളം അംഗങ്ങളുള്ള ആയുർവേദഫാക്കൽടിക്കും, ൧൦-ൽ താഴെയുള്ള ആയുർവേദകാളേജ്സ്റ്റാഫംഗങ്ങൾക്കും ഇതിൽ പ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടു്. അലോപ്പതിയുടെ കാര്യത്തിൽ ഡിപ്പാർട്ടുമെൻറിൽനിന്നു പ്രതിനിധികളെ എടുക്കേണ്ടതു് ആവശ്യമാണെന്നാണു് എൻെറ അഭിപ്രായം. നൂറിൽപരം വരുന്ന ഡിപ്പാർട്ടുമെൻറിലുള്ള വൈദ്യന്മാരുടേയും പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടില്ല.

വൈദ്യന്മാരുടെ ഒരു പരാതികൂടി സഭയുടെ മുമ്പിൽ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവർക്കു മരുന്നുണ്ടാക്കുന്നതിനു് കറപ്പു്, ഗഞ്ചാവു് മുതലായ സാധനങ്ങൾ ഇന്നു് കിട്ടുന്നില്ല. ഇതു് അവർ ഗവണ്മെൻറിലുൻ്റ

അടുത്തു പരാതിപ്പെട്ടിട്ടുള്ളതാണു്. എന്നാൽ ആ പ്രക സാധനങ്ങൾ അവക്കു കൊടുക്കുന്നതിനു് ഗവൺമെൻറു് ഒരു നടപടിയും എടുത്തിട്ടില്ല. നിയമം കൊണ്ടുവന്നു് അവരുടെ മേൽ നിയന്ത്രണം നടത്തുന്നതോടൊപ്പം അവക്കു വേണ്ട ആനുകൂല്യംകൂടി ചെയ്തുകൊടുക്കണമെന്നും അതു് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ആർ. കേശവപിള്ള: സർ, ഇപ്പോൾ നിലവിലുള്ള മെഡിക്കൽപ്രാക്ടീഷ്ണേഴ്സു് ആക്ടനുസരിച്ചു് അലോപ്പതിക്കും, ആയുർവേദത്തിനും, ഹോമിയോപ്പതിക്കും മററെല്ലാററിനുംകൂടി ഒരു ബോർഡേ ഉള്ളൂ. എന്നാൽ ഈ ബിൽ അനുസരിച്ചു് അലോപ്പതിക്കും ഹോമിയോപ്പതിക്കുംകൂടി ഒന്നും ആയുർവേദത്തിനും സിദ്ധവൈദ്യത്തിനും മററുംകൂടി ഒന്നും ആണു് നിർദ്ദേശിക്കുവാൻ പോകുന്നതു്. മദിരാശിയിലെ ആക്ടിലെ തത്വം അനുസരിച്ചും ഇപ്പോൾ തിരുവിതാംകൂർ-കൊച്ചിയിൽ നിലവിലിരിക്കുന്ന ആക്ടനുസരിച്ചും ഉള്ളതുപോലെ ഒരു ബോർഡു് പോരേ എന്നു ഗൗരവമായി ചിന്തിക്കേണ്ട ഒരു സംഗതിയാണു്. മദിരാശി സംസ്ഥാനം നമ്മുടെ സംസ്ഥാനത്തേക്കാൾ വളരെ വിപുലമായ ഒരു സംസ്ഥാനമാണു്. അവിടെ ഒരു ബോർഡേ ഉള്ളൂ. ആ സ്ഥിതിക്കു് ഇവിടെ രണ്ടോ മൂന്നോ ബോർഡു സൃഷ്ടിക്കേണ്ട ആവശ്യമുണ്ടോ എന്നുള്ളതു് നാം ചിന്തിക്കേണ്ടതാണു്. ഇപ്പോൾ ഈ ബില്ലിലെ വ്യവസ്ഥ പ്രകാരം അലോപ്പതിക്കു് ൧൧-ം, ആയുർവേദത്തിനു് ൧൧-ം, ഹോമിയോപ്പതിക്കു ൧൧-ം, ഇങ്ങിനെ ൩൩ അംഗങ്ങളുള്ള ൩ ബോർഡുകൾ വന്നാൽ അതു് ഈ സ്റ്റേററിൻെറ ഫൈനാൻസിനെ സാരമായി ബാധിക്കും. മോഡേൺ സിസ്റ്റം ആഫു് മെഡിസിൻ എന്നു പറയുന്നതു് അലോപ്പതിയെ ഉദ്ദേശിച്ചാണു്. മൂന്നു ബോർഡുകൾ സൃഷ്ടിക്കുകയാണെങ്കിൽ ഓരോ ബോർഡിലും ൧൧ അംഗങ്ങളെ നിശ്ചയിക്കേണ്ടതുണ്ടു്. ഓരോ ബോർഡിലും ൧൧ അംഗങ്ങൾ എന്നുള്ളതു് ഒന്നുകൂടി ചുരുക്കി ഏഴു് അംഗങ്ങൾ എന്നാക്കിയാൽ കൊള്ളാം. ഏഴിൽകൂടുതൽ ആക്കുന്നതു് ഒരിക്കലും ആശാവഹമായിരിക്കുകയില്ല.

രണ്ടാമതായി ബോർഡിലെ അംഗങ്ങൾക്കു് ചില യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടു്. ഒരു യോഗ്യത പറയുന്നതു് അവർ സ്ഥിരബുദ്ധിയുള്ളവരായിരിക്കണമെന്നാണു്. അതിനു പകരം **Unsound mind and stands so declared by a competent courts** എന്നുള്ള പദം ഇതിൽ ചേർക്കേണ്ട ആവശ്യമില്ലായിരുന്നു. കോർട്ടു് പറഞ്ഞേ അസ്ഥിരബുദ്ധിയുള്ളവനായി പരിഗണിക്കൂ എന്നുള്ളതു് ശരിയല്ല.

മൂന്നാമതായി എനിക്കു പറയുവാനുള്ളതു് ബോർഡിൻെറ അധികാരപരിധി കുറെക്കൂടി വിപുലമാക്കാമായിരുന്നു എന്നാണു്. മദിരാശിയിൽ ഈ കൌൺസിലിനു് കാളേജിൽ വൈദ്യന്മാർക്കു് സർട്ടിഫിക്കററു് കൊടുക്കുന്ന ബോഡിയുടെ അടുത്തുനിന്നു് റിപ്പോർട്ടു് വരുത്തുവാനുള്ള അവകാശമുണ്ടു്. നമ്മുടെ ആക്ടിൽ ഈ അവകാശം കാണുന്നില്ല. മദിരാശിയിലെ ൧൯൧൪-ലെ ൪-ാം ആക്ടിലെ ൨൧-ാം വകുപ്പു് ഇങ്ങിനെയാണു്.

[Shri R. Kesava Pillai.]

"The Council shall have power to call on the governing body or authorities of any University, Medical College or School included in or desirous of being included in the Schedule,—

(*a*) To furnish such reports, returns or other information as the Council may require to enable it to judge of the efficiency of the instruction given therein in medicine and surgery and midwifery; and

(*b*) To provide facilities to enable any member of the Council deputed by the Council in this behalf to be present at the examinations held by such a University, College or School.

If the said body or authorities refuse to comply with any such demand, the (Provincial Government) may, upon report by the Council, remove such University, College or School from the Schedule or refuse to include it in the Schedule."

ഈ വിധത്തിലുള്ള അധികാരം കൊടുത്തിട്ടുണ്ടു്. ഇങ്ങിനെയുള്ള ഒരധികാരവും ഈ കൌൺസിലിനു കൊടുക്കേണ്ടതായിരുന്നു. അതു് ഈ ബില്ലിലില്ല. ഈ കൌൺസിൽ വളരെ അധികാരമുള്ള ഒന്നായിരിക്കണം. അല്ലെങ്കിൽ യോഗ്യത ഇല്ലാത്ത ആളുകളെ ചിലപ്പോൾ രജിസ്റ്റർ ചെയ്യാൻ ഇടയാകും. അതുകൊണ്ടാണു് ഇങ്ങിനെയുള്ള അധികാരംകൂടി കൌൺസിലിനു കൊടുക്കണമെന്നു് ഞാൻ പറയുന്നതു്. ഈ ബിൽ രൂപീകരിച്ചതായ അവസരത്തിൽ മററു സംസ്ഥാനങ്ങളിലുള്ള നിയമങ്ങൾകൂടി നോക്കിയിരുന്നെങ്കിൽ പല സംഗതികളുംകൂടി ഇതിൽ ചേർക്കേണ്ടതായി ഉണ്ടാകുമായിരുന്നു. മദിരാശിയിലെ ആക്ററിൽ ഒരു കൌൺസിൽ ഉണ്ടു്. അതുകൊണ്ടു് അതേ രീതിയിൽ ആ നിയമം ഇവിടെ പകർത്തണമെന്നല്ല ഞാൻ പറയുന്നതു്. പല സംഗതികളും ആ ആക്ടിൽ നിന്നു ഈ ബില്ലിൽ പകർത്തേണ്ടതു് ഉണ്ടായിരുന്നു എന്നാണു് ഞാൻ പറയുന്നതു്. അതു് ചെയ്തിട്ടില്ല. മദിരാശിയിലെ ആക്ററിലെ ൧൯-ാം വകുപ്പിൽ പറയുന്നതു് ഇങ്ങിനെയാണു്.

"No act done in the exercise of any power conferred by this Act on the (Provincial Government) or the Council or the Registrar shall be questioned in any Civil Court."

ഇങ്ങിനെ ഒരു വകുപ്പു് ഈ ബില്ലിൽ കൊണ്ടുവരേണ്ടതു് അത്യാവശ്യമാണു്. ബോർഡു് ചെയ്യുന്ന കാര്യങ്ങളെപ്പററി സിവിൽകോർട്ടിനു ചോദ്യം ചെയ്യുവാൻ പാടില്ല. അതിനുവേണ്ടിയുള്ള ഒരു സേവിംഗ് ക്ലോസു് വേണ്ടതായിരുന്നു. ഈ കൌൺസിലിന്റെ എക്സിക്യൂട്ടീവ് ഹെഡ് രജിസ്ട്രാർ ആണു്. രജിസ്ട്രാർ തെററു ചെയ്താൽ അതിനെക്കുറിച്ചു് ബോർഡിൽ അപ്പീൽ കൊടുക്കാം. പിന്നീടു് ഗവൺമെന്റിലേക്കും അപ്പീൽ കൊടുക്കാം. ഗവൺമെന്റു് അപ്പീൽ സ്വീകരിക്കുന്നതു് കൌൺസിലിന്റെ തീരുമാനം കഴിഞ്ഞതിനുമേലാണു്. അപ്പീൽ സ്വീകരിച്ചതിനുശേഷം ഗവൺമെന്റു് അതു തിരിയെ കൌൺസിലിലേക്കു അഭിപ്രായത്തിനു അയക്കുക എന്നുള്ളതു് വളരെ നല്ലതായിട്ടുള്ള ഒരു കാര്യമല്ല. ഈ വിധത്തിൽ ചില ദോഷങ്ങൾ ഈ ബില്ലിലുണ്ടു്. ഈ ദോഷങ്ങൾ പരിഹരിച്ചതിനുശേഷം ഈ ബിൽ പാസ്സാക്കേണ്ടതാണു്.

ஸ்ரீ. பி. ராமஸ்வாமி பிள்ளை : ஸர், திருவிதாங்கூரிலிருக்கும் சித்த வைத்தியர்களின் சில குறைகளைப்பற்றிச் சொல்லத்தான் இப்பொழுது எழுந்திருக்கிறேன். சித்த வைத்தியம் என்பது மிகப் புராதனமான ஒரு வைத்திய சிகிச்சையாகும். அது, ஆயுர்வேதத்தைவிட பழமை மிகுந்ததாகும் என்று நான் சொல்லவேண்டிய தேவையில்லை. அலோப்பதிக்கு எவ்வளவு தூரம் நம் நாட்டினர் ஒரு முக்கியத்துவம் கொடுக்கிறார்களோ, ஆயுர்வேதத்திற்கு எவ்வளவு தூரம் முக்கியத்துவம் கொடுக்கிறார்களோ அதுபோலவே சித்தவைத்தியத்திற்கும் ஒரு முக்கியத்வம் கொடுக்கவேண்டுமென்று நான் வற்புறுத்திக்கூற ஆசைப்படுகிறேன். அலோப்பதி ஆஸ்பத்திரிகள் கைவிட்ட எத்தனையோ கேஸ்களை சித்தவைத்தியர்கள் சித்த வைத்தியச் சிகிச்சையினால் குணப்படுத்தியிருக்கிறார்களென்பதற்கு எனக்கு அத்தாட்சிகள் சொல்ல முடியும். சித்தவைத்தியத்தினால் குணப்படுத்தப்பட்ட கேஸ்களுக்கு, எத்தனை அத்தாட்சிகள் வேண்டுமானாலும் காட்ட முடியும். இந்த ஆக்டில் சித்த வைத்தியம் செய்பவர்களுக்கு எந்தவித உரிமைகள் அளிக்கப்பட்டிருக்கிறது என்று பார்த்தால் மிக மிகக் குறைவான சலுகைகள் தான் அளிக்கப்பட்டிருக்கிறது. இந்த ஆக்டில், சித்த வைத்தியத்தை ஆயுர்வேத வைத்தியத்தோடு கூட்டி இணைத்து ஒரு போர்ட் நிறுவும்படி போட்டிருக்கிறது. அந்த போர்டில் 11 அங்கத்தினர்கள் இருப்பதாகச் சொல்லப்படுகிறது. அந்த போர்டில் சித்த வைத்தியத்திற்குக் கொடுத்திருக்கும் இடம் மூன்று. ஏழு இடங்கள் ஆயுர்வேதத்திற்கு அளிக்கப்பட்டிருக்கின்றன. தொன்று தொட்டே ஆயுர்வேதமும் சித்தவைத்தியமும் ஒன்றிற்கொன்று விரோதமாகும். ஆயுர்வேதம், சித்தவைத்தியத்தை அடக்கியாள வேண்டுமென்று நினைத்து வருவதை எல்லோரும் அறிவார்கள். ஆயுர்வேதத்திற்கு முக்கியத்துவம் கொடுத்து சித்தவைத்தியத்தை ஒரு சிறுபான்மையாக வைத்தால் சித்தவைத்தியர்களின் தொழிலை அவர்கள் நசுக்கி ஒழித்துவிடுவார்கள் என்று சித்த வைத்தியர்கள் அஞ்சுகிறார்கள். ஹோமியோபதிக்கென்று ஒரு தனி மகாண்ஸிலும், ஆயுர்வேதத்திற்கென்று தனியாக ஒரு போர்டும், அலோபதிக்கென்று ஒரு தனி போர்டும் நிறுவும்போது ஏன் சித்த வைத்தியத்திற்கும் ஒரு தனி போர்ட் இருக்கக்கூடாதென்று தான் நான் கேட்க ஆசைப்படுகிறேன். எல்லாவித வைத்தியர்களையும் சேர்ந்ததொரு போர்ட் இருக்குமானால் சித்தவைத்தியர்களுக்கும் அதில் ஓர் பங்கிருப்பதில் ஆக்ஷேபமில்லை. ஆனால் இன்று அப்படி ஒரு போர்டில்லை. இந்த ஆக்டில் சொல்லப்பட்டிருக்கும் சில விவரங்களைப் பார்த்தால் சித்த வைத்தியத்தை அடக்கி ஒடுக்க வேண்டுமென்ற நோக்கம் இருப்பதாகத் தான் தெரிகிறது. ரெஜிஸ்டர் செய்யும்போது பரீட்சை யோக்கியதை என்ன இருக்கவேண்டுமென்று சொல்லுமிடத்தில் இரண்டாவது ஷெடியூலிலுள்ள Recognised qualifications A–ல் Qualification for Ayurvedic & Siddha systems என்பதின் கீழ் முதலாவதாக Certificate or Diploma granted by His Highness The Maharaja's Ayurvedic College, Trivandrum, or the Government

[ஸ்ரீ. பி. ராமஸ்வாமி பிள்ளை.]

of Travancore-Cochin, என்றும் இரண்டாவதாக The Benares Hindu University, Benares, என்றும்; அதுவும் ஆயுர்வேத காலேஜ் தான், மூன்றாவது Mysore Government Ayurvedic Vidyalaya, Mysore, என்றும் காண்கிறது. நாலாவதாக, சித்தவைத்தியத்தைப் பற்றிக் கூறப்படுகிறது. The All Travancore Siddha Vaidya Sanghom, Munchira, before the last day of May 1947. என்று சொல்வது மிகவும் சங்கடகரமான ஒரு நிலைமையாகும். 1947 மே மாதத்திற்கு முன்னால் பெற்றுள்ள சர்டிபிக்கேட்டுகள் மட்டுந்தான் சித்தவைத்தியத்தைப் பொறுத்த மட்டில் ஒப்புக் கொள்வோம் என்று சொன்னால் அதற்கப்புறம் வரும் சித்த வைத்தியர்களுக்கு இங்கு இதில் இடமிருக்கிறதா என்று கேட்கிறேன். 1947 மே மாதத்திற்கு அப்புறம் வரும் சித்தவைத்தியர்களை வேண்டாமென்று சொல்வதுபோல்தான் தெரிகிறது. அது மிகவும் பாரபட்சமானதொரு முறையாகும். ஆகவே அதை மாற்ற வேண்டுமென்று நான் உங்களிடம் கேட்டுக்கொள்கிறேன். சென்னை அரசாங்கத்தை எடுத்துக்கொண்டால், மதராஸ் கவர்ன்மென்டிலிருந்து சித்த வைத்தியத்திற்கென்று தனியாக டிப்ளமா கொடுத்து வருகிறார்கள். அதேபோல்தான் கொளம்போ யூனிவேர்ஸிட்டியிலிருந்தும் சித்தவைத்தியத்திற்கென்று தனியாக டிப்ளமா கொடுத்து வருகிறார்கள். கவர்ன்மென்ட் ஆப் மெட்ராஸிலிருந்து யூனானி வைத்தியத்திற்குக் கொடுக்கும் சர்ட்டிபிக்கேட்டை இங்கு ஒப்பு கொள்கிறார்கள். அதேபோல் டில்லி காலேஜ் டெல்லியிலிருந்தும், ஆலிகார் யூனிவேர்ஸிட்டியிலிருந்தும் கொடுக்கிற சர்டிபிக்கெட்களையும் ஒப்புக் கொள்கிறார்கள். அதே மாதிரி சித்தவைத்தியத்திற்காக மதராஸ் கவர்ன்மென்டிலிருந்தும் சிலோன் கவர்ன்மென்டிலிருந்தும் கொடுக்கும் சர்டிபிக்கெட்டுகளையும் ஒப்புக்கொள்ள வேண்டுமென்றும் அதற்கான திருத்தங்களைச் செய்யவேண்டுமென்றும் செலக்ட்கமிட்டி அங்கத்தினர்களை நான் கேட்டுக்கொள்கிறேன். எல்லா வைத்தியர்களுக்கும் கொடுக்கும் சலுகைகளை சித்தவைத்தியர்களுக்கும் கொடுக்க வேண்டுமென்று கேட்டுக்கொண்டு நான் எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. കാമ്പിശേരിൽ കരുണാകരൻ: സർ, നിസ്സാരമെന്നു ആദ്യം തോന്നാമെങ്കിലും വളരെ പ്രധാനമായ, അതായതു് മൗലികമായ ഒരു സംഗതിയെപ്പററിയാണു് ഒന്നാമതായി എനിക്കു ഇവിടെ പറയുവാനുള്ളതു്. ഈ ബില്ലിനകത്തു ചില ശ്രദ്ധേയമായ പദപ്രയോഗങ്ങൾ ഉണ്ടു്. ആയുർവ്വേദം, യൂനാനി, സിദ്ധം ഇവയെ 'ഇൻഡിജിനസ്' സിസ്റ്റം എന്നും അലോപ്പതി, ഡൻഡിസ്ട്രി, ഹോമിയോപ്പതി ഇവയെ മോഡേൺ സിസ്റ്റം എന്നുമാണു് ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതു്. മോഡേൺ എന്ന പദത്തിനു് Chamber's 20th Century Dictionary-യിലുള്ള അർത്ഥം "limited to the present or recent time, not ancient" എന്നാണു. അതുകേട്ടാൽ ഒന്നു പുതിയ സമ്പ്രദായവും മററതു് പഴയ സമ്പ്രദായവു

മാണെന്നു തോന്നിപ്പോകും. ആധുനികവൈദ്യസമ്പ്രദായത്തിലുൾപ്പെട്ടിരിക്കുന്ന അലോപ്പതി ഡൻറിസ്ട്രി മുതലായവ സൈൻറിഫിക്കും പുരാതനമെന്നു പറയപ്പെടുന്ന സ്വദേശിവൈദ്യത്തിലുൾപ്പെടുത്തിയിട്ടുള്ള ആയുർവ്വേദം, യൂനാനി, സിദ്ധം മുതലായവ സൈൻറിഫിക്കല്ലെന്നും ഒരു ധ്വനി ഇതിലുണ്ട്. ഇതു ഞാൻ പറയുന്നതു് അടിസ്ഥാനമില്ലാതെയല്ല. ആയുർവ്വേദക്കാർക്കും യൂനാനിക്കാർക്കും മററും ഇതിൽ പരാതിയുണ്ട്. നാം ഒരു നിയമമുണ്ടാക്കുമ്പോൾ ആർക്കും ഒരു ദോഷവും ഇല്ലാത്തരീതിയിൽ, ആർക്കും ഒരു മനഃക്ഷീണവുമില്ലാത്തരീതിയിൽ നിയമം സൃഷ്ടിക്കണമെന്നാണു് എൻെറ അഭിപ്രായം.

20th century dictionary–യിൽ 'ഇൻഡിജിനസ്' എന്നതിൻെറ അർത്ഥം **Native born or originating in, produced naturally in a country, opposite to exotic** എന്നാണു്. ഈ വകുപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്ന യൂനാനിസമ്പ്രദായം വളരെ കാലത്തിനു മുൻപു ഇൻഡ്യയ്ക്കു പുറത്തുനിന്നും വന്നിട്ടുള്ളതാണെന്ന സംഗതികൂടി കാണണം. ആ നിലയിൽ അതിനെക്കൂടിച്ചേർത്തു 'സ്വദേശവൈദ്യമെന്നു' പറയുന്നതു് ശരിയാകാനിടയില്ല. ഈബില്ലിൽ പ്രയോഗിച്ചിട്ടുള്ള ഇൻഡിജിനസ്, മോഡേൺ എന്ന പദങ്ങൾക്കു പകരം 'ഓറിയൻറൽ' എന്നും 'വെസ്റ്റേൺ' എന്നും ആക്കിയാൽ കൊള്ളാമെന്നാണു എൻെറ അഭിപ്രായം.

പിന്നൊന്നു പറയുവാനുള്ളതു് ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തെപ്പററിയാണു്. ഇന്നു വളരെ അധികം ആളുകളും ഹോമിയോപ്പതിയെ ആശ്രയിച്ചു കഴിയുന്നുണ്ട്. വിശേഷിച്ചും ധനശേഷി കുറഞ്ഞ ആളുകളും നാട്ടിൻപുറക്കാരും ഇതുകൊണ്ടു് പ്രയോജനപ്പെടുന്നവരാണു്. മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിനെപ്പററി, അഭിപ്രായം പറയുവാനുള്ള അർഹത ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട മെംബറന്മാരെക്കാൾ കൂടുതലായി എനിക്കാണുള്ളതെന്നു ഞാൻ വിചാരിക്കുന്നു. കാരണം എൻെറ അനാരോഗ്യം തന്നെ. പണമില്ലാത്ത അനേകം രോഗികൾക്കു് ഇന്നു മററു ഡാക്ടർമാരെ സമീപിക്കാൻ സാദ്ധ്യമല്ല. നാട്ടിൻപുറങ്ങളിലുള്ള അനേകം സാധുക്കളും കൃഷിക്കാരും മററും അലോപ്പതി ഡാക്ടർമാരെ സമീപിക്കാൻ സാധിക്കാതെ, ഹോമിയോപ്പതി ഡാക്ടർമാരെയൊ, ആയുർവ്വേദവൈദ്യന്മാരെയൊ ആണു് സമീപിക്കുന്നതു്. ന്യൂമോണിയാ, ടൈഫോയിഡു് മുതലായ രോഗങ്ങൾക്കു ഹോമിയോപ്പതി ചികിത്സ വളരെ ഫലപ്രദമായി കാണുന്നുണ്ട്. അതിനാൽ ജനങ്ങൾക്കു സൗകര്യപ്രദമായിട്ടുള്ള ഹോമിയോപ്പതിക്കുംകൂടി പ്രാധാന്യംകൊടുക്കണം.

മോഡേൺ മെഡിസിൻ എന്നു പറഞ്ഞിരിക്കുന്ന വിഭാഗത്തിൽ അലോപ്പതി ഡാക്ടർമാരാണു് അധികമുള്ളതു്. ഹോമിയോപ്പതിയും അലോപ്പതിയും ചികിത്സാസമ്പ്രദായങ്ങൾ അടിസ്ഥാനപരമായി വളരെയേറെ വൈരുദ്ധ്യമുള്ളവയാണു്. ഉദാഹരണമായി, മോർഫിയ എന്ന മരുന്നു് രോഗികൾ ഉറങ്ങുവാനായിട്ടാണു അലോപ്പതിക്കാർ കൊടുക്കുന്നതു്. ഹോമിയോപ്പതിക്കാരാകട്ടെ ഉന്മേഷത്തിനും ഉണർവിനുമാണു് ആ മരുന്നുപയോഗിക്കുന്നതു്. ഒരു സുപ്രസിദ്ധ അലോപ്പതി ഡാക്ടരായിരുന്ന സാമുവൽഹനിമാനാണു് ഹോമിയോപ്പതിയുടെ ഉപജ്ഞാതാവു്. അലോപ്പതി സമ്പ്രദായത്തിൻെറ ദൂഷ്യവശങ്ങൾ പരിഹരിക്കാൻവേണ്ടി

[ശ്രീ. കാമ്പിൽശ്ശേരി കരുണാകരൻ]

യാണ് താനിതു കണ്ടുപിടിച്ചിട്ടുള്ളതെന്ന് അദ്ദേഹം വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇങ്ങനെ അടിസ്ഥാനപരമായി പരസ്പരവൈരുദ്ധ്യമുള്ള ഈ രണ്ടു സമ്പ്രദായങ്ങൾക്കുംകൂടി ഒരു കൗൺസിൽ ഉണ്ടാക്കാതെ, ഹോമിയോപ്പതിക്കു പ്രത്യേകം ഒരു കൗൺസിൽ ഉണ്ടാക്കണമെന്നാണെന്റെ അഭിപ്രായം.

ഒരു ബഹുമാനപ്പെട്ട മെംബർ ഇവിടെ പ്രസ്താവിച്ചു, ഇങ്ങനെ ഓരോന്നിനും പ്രത്യേകം പ്രത്യേകം കൗൺസിൽ ഉണ്ടാക്കുവാൻ തുടങ്ങിയാൽ എവിടെ ചെന്നവസാനിക്കുമെന്ന്. അത്തരം ഒരു ഭീതിയുടെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല, അലോപ്പതി, ഡൻറിസ്ട്രി, മുതലായവ ഉൾപ്പെട്ട വെസ്റ്റേൺ മെഡിസിൻ ആയുർവ്വേദം, യൂനാനി സിദ്ധം മുതലായവ ഉൾപ്പെട്ട ഓറിയൻറൽ മെഡിസിൻസ്, ഹോമിയോപ്പതി എന്നിങ്ങനെ മൂന്നു കൗൺസിലുകൾ ഉണ്ടായിരിക്കണമെന്നാണ് എന്റെ അഭിപ്രായം

The House rose for lunch at 1 p. m. and reassembled at 2 p. m. with Mr. Speaker in the Chair.

2 P. M.]

ശ്രീ. കാമ്പിശേരിൽ കരുണാകരൻ: സർ, ബില്ലിലെ സെക്ഷൻ ൩. ൧ അനുസരിച്ചു ഒരു പ്രയാസം ഇന്നത്തെ സ്ഥിതിക്കു ജനങ്ങൾക്കുണ്ടാകാനിടയുണ്ട്. കാരണം, പത്തുകൊല്ലത്തെ റെഗുലർ പ്രാക്ടീസ് ഉള്ളവർക്കു മാത്രമെ ലൈസൻസിനു അർഹതയുള്ളു എന്നാണ് ഇതിനകത്തുനിന്നു വരുന്നത്. ഇൻഡ്യാഗവണ്മെൻറ നിയമിച്ച ഭോർകമ്മിററി ഒരു സംഗതി അവരുടെ ശുപാർശയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായതു് ഇൻഡ്യയിലെ ജനപ്പെരുപ്പത്തിനൊപ്പം ഡാക്ടറന്മാർ ഇല്ലെന്നുള്ളതാണതു്. കുറേപ്പേർ ഉണ്ടെങ്കിൽ തന്നെ അവർ ഉൾനാട്ടുകളിലേക്കു പോകാൻ തയാറാകുന്നില്ല. ഏതായാലും ഉൾനാട്ടുകളിൽ വൈദ്യസഹായം കിട്ടാനുള്ള സാദ്ധ്യത വളരെ കുറവായിട്ടാണു കാണുന്നതു്. അതിനാൽ ഈ വകുപ്പിനു് ചില അയവുകൾ വരുത്തേണ്ടതുണ്ട്. അതിന്റെ വെളിച്ചത്തിലാണ് ഹോമിയോപ്പതിയെപ്പററി ഞാൻ പറയുന്നതു്. ഇവിടെയാണെങ്കിൽ ഹോമിയോപ്പതിക്കു് ഒരു കാളേജോ സ്കൂളോ ഒന്നും ഉണ്ടായിരുന്നില്ല. അങ്ങനെ നോക്കുമ്പോൾ ക്വാളിഫൈഡ് ആയിട്ടുള്ള ആളുകളും ഇവിടെ വളരെ വിരളമാണ്. ക്വാളിഫിക്കേഷനെ സംബന്ധിച്ചു ബില്ലിന്റെ അനുബന്ധത്തിൽ പറയുന്നതിങ്ങനെയാണ്. 'All qualifications which should be recognised by the Government of India or any State in India or by the Medical Council of India'. ഈ നിലയിൽ, ഹോമിയോപ്പതിയെ ഇവിടെ റെക്കഗ്നൈസ് ചെയ്യുന്ന പ്രശ്നം തന്നെ ഉദിച്ചിട്ടില്ല. അപൂർവം ചിലക്കു് റെക്കഗ്നിഷൻ കിട്ടിയിരിക്കാം. ഇവിടെയാണെങ്കിൽ അനേകം ഹോമിയോ ഡാക്ടറന്മാർ ഉണ്ട്. അക്കൂട്ടത്തിൽ ഈ ബില്ലിലുദ്ദേശിക്കുന്ന യോഗ്യതകൾ ഇല്ലാത്തവരും കാണും. ഒരു പ്രൊഫഷനെന്നുള്ളനിലയിൽ റെഗുലറായി പത്തുകൊല്ലം സേവനം നടത്തിയിട്ടുള്ളവരായിരിക്കണമെന്നാണ് ഇതിൽ പറയുന്നതു്, സാധാരണയായി ബുദ്ധിജീവികളിൽ ഒരു വിഭാഗമാണ് ഹോമിയോ പ്രാക്ടീഷണേഴ്സായി തീരുന്നതു്. ഇവിടെ തന്നെ ഏററവും വിദഗ്ദ്ധനായ ഒരു ഹോമിയോ പ്രാക്ടീഷണർ ഉണ്ട്. ഗവെണ്മെൻറ പ്രസ്സിലെ

സൂപ്രണ്ടായിരുന്ന ശ്രീ. ശങ്കരസുബ്ബയ്യരാണ് അദ്ദേഹം. നമ്മുടെ ചീഫ്മിനിസ്റ്റർ തന്നെ അദ്ദേഹത്തിന്റെ ചികിത്സാപാടവത്തെ അഭിനന്ദിച്ച് സർട്ടിഫിക്കററ് കൊടുത്തിട്ടുണ്ട്. അങ്ങനെയുള്ളവരെ റഗുലർ പ്രാക്ടീഷണേഴ്സ് ആയി പരിഗണിക്കാനുള്ള വിവേചനാധികാരം ഉണ്ടായിരിക്കണം. ഇന്നത്തെ പ്രത്യേക പരിതഃസ്ഥിതിവച്ചുകൊണ്ടാണ് ഞാൻ ഇതു പറയുന്നത്. ഇന്നാണെങ്കിൽ രോഗികളുടെ സംഖ്യ ഏറിവരികയും ഡാക്ടറന്മാരുടെ സംഖ്യ കുറഞ്ഞിരിക്കുകയും ചെയ്യുന്നു. ഭോർകമ്മിററിയുടെ ഉപാശയനുസരിച്ചാണെങ്കിൽ എം. ബി. ബി. എസ്., എൽ. എം. പി. മുതലായ പരീക്ഷ പാസ്സായാലുടൻ ഇ കൊല്ലത്തേയ്ക്കു ഗ്രാമപ്രദേശങ്ങളിൽ അവരെ അയച്ച് ജോലി ചെയ്യിപ്പിക്കാനുള്ള ചുമതല ഗവണ്മെൻറ് ഏറെറടുക്കണമെന്നാണ് കാണുന്നത്. ആ നിലയിൽ നാട്ടിൻപുറത്തുള്ളവർ ഗുഹപ്പിഴക്കാരായിത്തീരുമെന്നാണ് എനിക്കു പറയാനുള്ളത്. നല്ലപോലെ ശിക്ഷണം കിട്ടാത്തവർ എന്നുമെന്നും നാട്ടുംപുറത്ത് സേവനം നടത്തുമ്പോൾ അതിന്റെ ദോഷഫലം അനുഭവിക്കേണ്ടിവരുന്നത് നാട്ടിൻപുറത്തുകാരാണ്. മറെറാന്ന് പട്ടണങ്ങളിലെ ആവശ്യത്തിനുതന്നെ ഡാക്ടറന്മാർ തികയാതിരിക്കുകയാണ്. ആ നിലയിൽ എങ്ങനെയാണ് ഇവരെ നാട്ടിൻപുറത്തേയ്ക്കു അയയ്ക്കാൻ സാധിക്കുന്നതെന്നുള്ളതും ആലോചിക്കേണ്ടതുണ്ട്. ഹോമിയോപ്പതിയെപ്പററിയാണെങ്കിൽ വളരെയേറെ ശിക്ഷണമില്ലാത്ത ആളുകളെ ഗ്രാമപ്രദേശങ്ങളിൽ അയച്ചാൽ തന്നെയും പ്രായേണ ദോഷം കുറവായിരിക്കും. എന്തെന്നാൽ ചുരുക്കം ചില മരുന്നുകൾ ഒഴിച്ച് ഹോമിയോ മരുന്നുകൾക്ക് അവ തെററിക്കൊടുത്താലും ചീത്തയായ റീയാക്ഷൻ കാണുകയില്ല. ആ വീക്ഷണത്തിൽ, അശിക്ഷിതനായ ഒരു അലോപ്പതി ഡാക്ടറെയോ ആയുർവേദ വൈദ്യനെയോക്കാളും തീർച്ചയായും ഹോമിയോ ഡാക്ടരെയായിരിക്കും ഗ്രാമപ്രദേശങ്ങളിൽ നിയോഗിക്കാൻ എല്ലാംകൊണ്ടും കഴിയുന്നതു്. അതിനാൽ അതിനുള്ള വിവേചനാധികാരം ഈ കൗൺസിലിനുണ്ടായിരിക്കണം.

മറെറാന്നു പറയുവാനുള്ളതു്, നമ്മുടെ ബിൽ ചില വൈദ്യസമ്പ്രദായങ്ങളെപ്പററി പറഞ്ഞുകാണുന്നില്ലെന്നുള്ളതാണ്. ഒന്നുകിൽ ഈ രാജ്യത്ത് ആ ചികിത്സാസമ്പ്രദായങ്ങൾ നടത്താൻ പാടില്ലെന്നു പറയണം. അല്ലെങ്കിൽ അവകൂടി അംഗീകരിക്കണം. ആ സമ്പ്രദായങ്ങളെല്ലാം പൂർണ്ണങ്ങളാണെന്നും ഞാൻ പറയുന്നില്ല. അപൂർണ്ണതയാണ് ഏററവും ആപത്തുവരുത്തുന്നതു്. അവ പൂർണ്ണമാണെങ്കിൽ ആ കാരണംകൊണ്ട് അവയെ ഉൾപ്പെടുത്തുകയും അപൂർണ്ണമാണെങ്കിൽ അവയെ നിരുത്സാഹപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഉദാഹരണമായി ഹെർബോമിനറൽസ്, നാച്ചുറോപ്പതി, എന്നിവതന്നെ എടുക്കാം. ഇവയെല്ലാം ഹോമിയോപ്പതിയുടെ കൂടെ ചേർക്കാമെന്നു തോന്നുന്നു. പക്ഷെ, അതു് ഈ ബില്ലിൽ പ്രത്യേകം പറഞ്ഞിട്ടില്ല. കരുനാഗപ്പള്ളിയിൽ ഒരു നാച്ചുറോപ്പതി ഡാക്ടരുണ്ട്. അവിടെ രോഗികൾ ചികിത്സിക്കപ്പെടുകയും ചെയ്യുന്നു. ഇവിടെ, ഇപ്പോൾ ഉത്സവം നന്നായി, ഗണപതിയെ മറന്നുപോയി എന്ന നിലയാണ് കാണുന്നതു്. മഹാത്മാഗാന്ധി നാച്ചുറോപ്പതി ചികിത്സാസമ്പ്രദായത്തെയാണ് കൂടുതൽ ഇഷ്ടപ്പെട്ടിരുന്നതു്. അങ്ങനെ നോക്കുമ്പോൾ ആ സമ്പ്രദായം തള്ളത്തക്കതാണോ എന്നും ആലോചിക്കേണ്ടതുണ്ട്. അദ്ദേഹത്തിനു വളരെ വിശ്വാസമുള്ള ഒരു സംഗതിയാണതു്. അതു

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ]

കൊണ്ടു് ഒന്നുകിൽ ഇതു് മററു് വൈദ്യസമ്പ്രദായങ്ങളുടെ ഏതെങ്കിലും ഭാഗമായെങ്കിലും സ്വീകരിക്കണം. അല്ലാത്ത പക്ഷം പ്രത്യേകമായി നില നിൽക്കാൻ അർഹതയില്ലെങ്കിൽ, അതു തുടരാൻ അനുവദിച്ചുകൂടാ. അതാണു് യുക്തി. ഒരു ഹെർബോമിനറൽസ്‌കാരനു് ബില്ലനുസരിച്ചു് ലൈസൻസു് എടുക്കാൻ അവകാശമില്ല. ടിഷ്യൂറെമഡിസിന്റെ കഥയും വ്യത്യസ്തമല്ല. അതിനെപ്പററിയെല്ലാം സെലക്ട്കമ്മിററി കാര്യമായി ആലോചിക്കേണ്ടതാണു്. ഈ പുതിയ സമ്പ്രദായങ്ങളെല്ലാം ഒന്നിന്റെ അല്ലെങ്കിൽ മറെറാരു സിസ്റ്റത്തിൽകൂടെചേർന്നു നിൽക്കാനെങ്കിലും അനുവദിക്കേണ്ടതാണു്.

ബില്ലിൽ ഡ്രഗ്സ് ആക്ടിനെപ്പററി ഒന്നും പറയുന്നില്ല. ഡ്രഗ്സ് ആക്ട് കർശനമായി അനുസരിക്കാത്തപ്പോൾ ഒരു മെഡിക്കൽ പ്രാക്ടീഷണർ അയോഗ്യനാകുമെന്നു് ഇതിനകത്തു പ്രത്യേകം പറയേണ്ടതാണു്. ഉദാഹരണത്തിനു്, ചില ആയുർവേദക്കാരാണെങ്കിൽ ദശമൂലാരിഷ്ടമെന്നു പറഞ്ഞു് എന്തെല്ലാമാണു് ഇടിച്ചുകലക്കിവയ്ക്കുന്നതെന്നു് ഒരു നിശ്ചയവുമില്ല. അതു കുടിച്ചു് പല രോഗങ്ങളും ഉണ്ടാകുന്നതിനും ഇടയായേയ്ക്കാം. അതുപോലെതന്നെ എണ്ണകൾ കാച്ചിവയ്ക്കുന്നതും ഏതെല്ലാം തരത്തിലാണെന്നു് നിശ്ചയിക്കാൻ വഴിയില്ല. ഡ്രഗ്സ് ആക്ട് കർശനമായി പാലിക്കുന്നതിനു വ്യവസ്ഥചെയ്യണം.

ഹോമിയോപ്പതിക്കാർക്കു് പ്രത്യേകം ഒരു കൗൺസിൽ കൊടുക്കുക തന്നെവേണം. മദ്ധ്യപ്രദേശത്തും ബോംബെയിലും അങ്ങനെ ചെയ്തിരിക്കുന്നുവെന്നാണു് അറിവു്.

ശ്രീ. ഈ. പി. വറുഗീസ്: ബാംബെയിൽ ഹോമിയോപ്പതി ആക്ട് എന്നൊരു ആക്ററുതന്നെയുണ്ടു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ആ നിലയിൽ അവരെ അവഗണിക്കാൻ പാടില്ല.

ഏററവും നല്ല ഒരു വൈദ്യസമ്പ്രദായമാണു് സിദ്ധവൈദ്യമെന്നു് ആയുർവേദക്കാർക്കുപോലും അഭിപ്രായമുണ്ടു്. ആയുർവേദത്തെ ഒരിക്കലും സിദ്ധവൈദ്യത്തിന്റെ ശത്രുപക്ഷത്തു കാണരുതു്. വടക്കെ ഇൻഡ്യയിൽ നിന്നുവന്ന ആര്യന്മാരിൽനിന്നാണു് ആ സമ്പ്രദായം ഉണ്ടായിട്ടുള്ളതെന്നാണു് എന്റെ അറിവു്. അഗസ്ത്യമഹർഷിയാണു് അതു് ഇവിടെ പ്രചരിപ്പിച്ചതെന്നാണു് ഐതിഹ്യം. അദ്ദേഹം തെക്കോട്ടു കടന്നു്, തെക്കൻ തിരുവിതാംകൂറിൽ മരുത്വാമലയിൽ, മരുന്തുവാഴുംമലയിൽ, താമസിച്ചുവെന്നും അദ്ദേഹമാണു് ഈ സമ്പ്രദായത്തെ പ്രത്യേകം പുഷ്ടിപ്പെടുത്തിയതെന്നും പറയപ്പെടുന്നു. സിദ്ധവൈദ്യം ആയുർവേദത്തിൽനിന്നും സാമാന്യം വ്യത്യസ്ഥമാണു്. പക്ഷെ അടിസ്ഥാനപരമായല്ല. ചോപ്രാ കമ്മിററിയുടെ അഭിപ്രായവും അതാണെന്നാണു് തോന്നുന്നതു്. ആയുർവേദക്കാർ അതിനെ തങ്ങളുടേതെന്നു് അവകാശപ്പെടുന്നുണ്ടു്. ഇതിനെല്ലാത്തിനുംകൂടി ഒരു കൗൺസിൽ മാത്രമാകുന്നതുകൊണ്ടു് ഒരു തകരാറും ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ വൈദ്യവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ആൾക്കാർതന്നെ മാനസികമായി ഒരു ക്ഷീണത പററാതെ നോക്കണം

കഴിഞ്ഞ നാലഞ്ചുകൊല്ലക്കാലമായിട്ട് ചില ആയുർവേദവൈദ്യന്മാരും ചില അലോപ്പതിവൈദ്യന്മാരും തമ്മിൽ പത്രങ്ങളിൽ നടത്തിയിട്ടുള്ള സമരം നമുക്കറിയാമെന്നുള്ളതാണ്. മുണ്ടും തോർത്തും ധരിക്കുന്നതുകൊണ്ട് നാട്ടുവൈദ്യൻ മോശക്കാരനാണെന്നോ, ഷൂസും ഹാററും ധരിക്കുന്നതുകൊണ്ട് അലോപ്പതി ഡാക്ടർ കേമനാണെന്നോ വിധിക്കുന്നത് ശരിയല്ല. എന്നാൽ വാസ്തവമെന്താണ്? തങ്ങൾക്ക് എന്തോ കുറവുകളുണ്ടെന്ന് ഒരു ഇൻഫീരിയാറിററി കോംപ്ലക്സ് ചിലരെ ബാധിച്ചിട്ടുണ്ടെങ്കിൽ, അതു ഒഴിവാക്കാൻ നാം ശ്രമിക്കണം. അവർക്കു് അർത്ഥമുണ്ട്. അതില്ലെന്ന് നാം കരുതരുത്. വെസ്റ്റേൺ മെഡിസിൻസ് എന്ന് അലോപ്പതി മുതലായവയും ഓറിയൻറൽ മെഡിസിൻസ് എന്ന് ആയുർവേദം മുതലായവയും പറയണം. അല്ലെങ്കിൽ പല തെററിദ്ധാരണകൾക്കും കാരണമുണ്ട്. ഇപ്പോൾ ഇൻഡിജനസ് മെഡിസിൻ എന്നാക്കിയിരിക്കുകയാണ്. മററതു് മാഡേൺ ആയിട്ടാണ് നിൽക്കുന്നത്. അലോപ്പതിക്ക് 'കൗൺസിലാ'ണെങ്കിൽ ആയുർവേദത്തിനു 'ബോർഡാ'ണ്. അതുപോലെതന്നെ കൗൺസിലിനു 'രജിസ്ട്രാർ' ആകുമ്പോൾ ബോർഡിനു 'സെക്രട്ടറി'യാണുള്ളതു്. ഈ മാതിരിയുള്ള വ്യത്യാസങ്ങളുണ്ട്. ഇതെല്ലാം കൊണ്ട് ആയുർവേദക്കാർ കുറച്ചു് വിഷമിക്കുന്നില്ലേ എന്നും സംശയമുണ്ട്. ഏററവും പ്രയോജനകരമായ വിധത്തിൽ ഈ വൈദ്യസമ്പ്രദായങ്ങളെയെല്ലാം എങ്ങനെ ഉപയോഗപ്പെടുത്താമെന്നതാണ് നമ്മുടെ നോട്ടം. ഈ രാജ്യത്തു ഏററവും കൂടുതലായി സേവനം നടത്തുന്നതു് നാട്ടുവൈദ്യസമ്പ്രദായങ്ങളാണ്. ഒരു പക്ഷെ ഏററവും ആധുനികമായ കണ്ടുപിടിത്തങ്ങൾ ഇവയ്ക്കു് ഇല്ലെന്നു വന്നേയ്ക്കാം. അതു ഭാവിയിൽ പരിഹരിക്കാം, അഥവാ, ഇന്ന് കണ്ടുപിടിത്തങ്ങൾ നടത്തിയില്ലെങ്കിൽതന്നെ എന്തു ദോഷമാണുള്ളതെന്നാലോചിക്കണം. ആയുർവേദത്തെ അങ്ങേ അററം പരിഹസിക്കുകയും വിമർശിക്കുകയും ചെയ്യുന്ന ഒരാൾ പോലും ചിന്നാമുക്കിയും കടുക്കായും കഷായം വച്ചു കുടിച്ചാൽ അയാളുടെ വയറിളകുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. അതുപോലെതന്നെ ഗന്ധീരം ഉപയോഗിച്ചാൽ മഹോദരം മാറുകതന്നെ ചെയ്യും. എല്ലാത്തിനും ശാസ്ത്രീയമായ അടിസ്ഥാനമുണ്ട്. ആധുനികമായി എന്തെങ്കിലും കണ്ടുപിടിച്ചോ എന്നുള്ളതല്ല പ്രശ്നം.

അവയുടെ ആധുനികസ്വഭാവത്തെപ്പററിയും പ്രയോജനത്തെപ്പററിയും നിർണ്ണയിക്കുവാനുള്ള അധികാരം വൈദ്യന്മാർക്ക് നാം വിടുകതന്നെ വേണം. നാം ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നതു് നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആരോഗ്യത്തെ രക്ഷിക്കുന്നതിന് വൈദ്യസഹായം ഫലപ്രദമായി ലഭിക്കണമെന്നാണ്. അതിന് ഇതിൽ ഏതെങ്കിലും ചികിത്സാസമ്പ്രദായത്തെ സപ്രസ് ചെയ്യുകയല്ല വേണ്ടതു്. ഒരു സമ്പ്രദായം മാത്രം പോരെ എന്നു ചോദിച്ചേക്കാം. പലർക്കും പല രീതിയിലുള്ള വൈദ്യസമ്പ്രദായം ഫലപ്രദമായി വന്നേക്കാം. ചിലർക്ക് അലോപ്പതിസമ്പ്രദായം ഫലപ്പെടാതെ വന്ന് ആയുർവേദംകൊണ്ട് ഫലസിദ്ധിയുണ്ടായിട്ടുണ്ട്. അതുപോലെതന്നെ ഹോമിയോപ്പതിയും സിദ്ധവൈദ്യവും. അവയ്ക്കെല്ലാം ശാസ്ത്രീയമായ അടിസ്ഥാനവുമുണ്ട്. അതെല്ലാം നാം സ്വീകരിക്കേണ്ടതുമാണ്. ഇന്ന് അലോപ്പതിക്കാണ് നമ്മുടെ ഗവൺമെൻറ് ഏററവും പ്രാധാന്യം കൊടുത്തിരിക്കുന്നതു്. അതാണ്, ഇന്ന് ഏററവും

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ]

കാര്യക്ഷമമമെന്നു് എല്ലാവരും സമ്മതിക്കുന്നുമുണ്ടു്. പക്ഷെ അതു് എല്ലാവർക്കും കിട്ടുന്നതു് അല്ല. ഇവിടത്തന്നെ ഒരു ജനറൽ ആശുപത്രിയുണ്ടു്. നല്ല ഏതാനും ഡാക്ടർമാരുണ്ടെന്നിരിക്കട്ടെ. എന്നാലും, എല്ലാവർക്കും ജനറലാശുപത്രിയിൽ വരാൻ സാധിക്കുമോ? ഇപ്പോഠം തന്നെ കൊല്ലത്തു് ഒരു എക്സ്റേ വരുത്തിയിട്ടു് ഒന്നൊന്നരക്കൊല്ലമായി. ഇതു ഞാൻ പ്രാസംഗികമായി പറയുകയാണു്. അവിടെ ഒരു കെട്ടിടം പണിയാത്തതുകൊണ്ടു് അതു അവിടെ സ്ഥാപിച്ചു പ്രവത്തനം നടത്തുന്നില്ല. ഇങ്ങനെ അപൂർവമായ പരിതഃസ്ഥിതികളാണു് നമ്മുടെ നാട്ടിലുള്ളതു്. അതുപോലെതന്നെ നമ്മുടെ നാട്ടിൽ ഡിസ്പൻസറികളും വളരെ പരിമിതമാണു്. അതുകൊണ്ടു് അലോപ്പതിയെപ്പോലെതന്നെ മററു വൈദ്യസമ്പ്രദായങ്ങളും നമ്മുടെ ഗവണ്മെൻറു് പ്രോത്സാഹിപ്പിക്കേണ്ടതാണു്, ഇന്നത്തെ അത്യാവശ്യം. അതുകൊണ്ടു് ഏതെങ്കിലും സമ്പ്രദായത്തെ നിരുത്സാഹപ്പെടുത്താവുന്ന യാതൊന്നും നാം ചെയ്യുന്ന പാടില്ല. അലോപ്പതിയുടെ ഡോമിനേഷൻ ഭയപ്പെടുന്ന ഹോമിയോപ്പതിക്കാർക്കു് ഒരു പ്രത്യേകം കൗൺസിൽ അനുവദിക്കണം. കൗൺസിലെന്നും, ബോർഡെന്നും, രജിസ്ട്രാരെന്നും സെക്രട്ടറിയെന്നും മററുമുള്ള നിസ്സാരപദങ്ങളുടെ വ്യത്യാസംമൂലം ആവശ്യമില്ലാതെ നാം ആരുടേയും മനസ്സിനു് ഒരു ക്ഷീണം വരുത്തിയെന്നു വരാൻപാടില്ല. ഇതിനെപ്പററിയെല്ലാം സെലക്ററ കമ്മിററി ആലോചിക്കേണ്ടതാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ ബില്ലിന്റെ തത്വത്തോടു വളരെ ഏറെ യോജിച്ചുകൊണ്ടുതന്നെയാണു് ഞാൻ ഒരു സംഗതി പറയാൻപോകുന്നതു്. കാരണം, ഈ ബില്ലിന്റെ പൊതുവായ ഉദ്ദേശം തന്നെ ഈ നാട്ടിലെ ഡാക്ടർമാരായിട്ടും വൈദ്യന്മാരായിട്ടും ചികിത്സ നടത്തുന്നവരെ നിയന്ത്രിക്കുക എന്നതാണു്. അതിന്റെ വിശദാംശങ്ങളിലേയ്ക്കു് ഞാൻ കടക്കുന്നില്ല. യാതൊരർഹതയുമില്ലാതെ, ഒരു കുപ്പിയിൽ കുറച്ചു മരുന്നുമായി ഡാക്ടർമാരെന്നുള്ള ബോർഡുംവച്ചു് ജനങ്ങളുടെ ആരോഗ്യത്തെ നശിപ്പിക്കുന്ന ഒരുകൂട്ടരെ നിയന്ത്രിക്കുന്നതിനു് ഈ ബിൽ പര്യാപ്തമാകുമെന്നാണു് എന്റെ വിശ്വാസം. അല്ലാതെ മററു ബില്ലുകളെപ്പോലെ ഫോർമലായിട്ടു് തിരുവിതാംകൂറിലേയും കൊച്ചിയിലേയും നിയമങ്ങഠം ഏകീകരിക്കുന്നതിനുവേണ്ടികൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലല്ല ഇതു്. ഈ ബില്ലിനു ഒരു പ്രത്യേകതയുണ്ടു്. ആ നിലയ്ക്കു് ഈ ബില്ലിന്റെ പൊതുവായ ഉദ്ദേശത്തോടു് അനുകൂലിക്കുകയും അതു സാധിതപ്രായമാകുന്നതിനു് ഒരു കാര്യംകൂടി സൂചിപ്പിക്കുകയും ചെയ്തുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം.

ഇവിടെ അലോപ്പതി മാത്രമല്ല, എല്ലാ വൈദ്യസമ്പ്രദായങ്ങളേയും പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും, അതേ അവസരത്തിൽ അലോപ്പതി ചികിൽസാസമ്പ്രദായം ജനങ്ങഠംക്കു് ലഭ്യമാകുന്നതിനുള്ള വൈഷമ്യത്തേയും സഖാവു് കാമ്പിശ്ശേരിൽ കരുണാകരൻ പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുള്ളതാണു്, ആശുപത്രികഠം ആവശ്യമുള്ളവർ അതിലേയ്ക്കു ആവശ്യമുള്ള സ്ഥലംവാങ്ങി ഗവണ്മെൻറിനെ ഏല്പിക്കണമെന്നു്. ഗവണ്മെൻറിനു് ഫണ്ടില്ലാത്തതുകൊണ്ടോ, മനസ്സില്ലാത്തതുകൊണ്ടോ എന്തു

കൊണ്ടാണെന്നു അറിയുന്നില്ല ഒരാണ്ടിൽ എട്ടു പുതിയ ആശുപത്രികൾ മാത്രമെ അനുവദിക്കുകയുള്ളുവെന്നും പറഞ്ഞിട്ടുണ്ടു്. ഇങ്ങനെയുള്ള നിയമങ്ങൾ നിലവിലുള്ളതുകൊണ്ടു് ഈ നാട്ടിൽ എല്ലാ സ്ഥലത്തും വൈദ്യസഹായം ലഭിക്കുന്നതിനു് ആവശ്യമായ ഡാക്ടർമാരും ആശുപത്രികളും ഇല്ല. അലോപ്പതി ഡാക്ടർമാരെക്കൊണ്ടാണു് ഈ നാട്ടിനു് മുഴുവൻ വൈദ്യസഹായം ലഭിക്കുന്നതു് എന്നൊരു ധാരണ ഗവണ്മെൻറിനുണ്ടെന്നു എനിക്കു തോന്നുന്നില്ല. നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ആളുകൾ ആയുർവേദ ചികിൽസാസമ്പ്രദായമാണു് കൂടുതലായി ഉപയോഗപ്പെടുത്തിവരുന്നതു്. എനിക്കു പറയാനുള്ളതു് ആയുർവേദത്തെപ്പററി മാത്രമല്ല അലോപ്പതിയേയുംപററിയാണു്. ഇന്നു് ഏതു സമ്പ്രദായമായാലും അതിൽ വൈദഗ്ദ്ധ്യമില്ലാത്ത ആളുകൾ കൂടുതലുള്ളതുകൊണ്ടാണു് ജനങ്ങൾക്കു് കൂടുതൽ ഉപദ്രവമുണ്ടാകുന്നതു്. കാരണം ഞാൻ പറയാം. ഇന്നു് സാധാരണയായി കമ്പൗണ്ടർമാർ, മരുന്നെടുത്തുകൊടുക്കുന്നവർ ഈ രീതിയിലുള്ളവർ ഗ്രാമങ്ങളിൽ പട്ടണങ്ങളിലുള്ളതിനെക്കാൾ അധികം ഡാക്ടർ 'So and So' എന്ന ബോർഡും എഴുതിയിട്ടുകൊണ്ടു ഏതു സുഖക്കേടുകാരൻ വന്നാലും ശരി ഇൻജക്‌ഷനും മററും നടത്തിവരുന്നുണ്ടു്. ഏതു സുഖക്കേടായാലും ഇന്നു ഇൻജക്‌ഷനാണു്. അതു മിക്കവാറും പെനിസിലിൻ ആയിരിക്കും. ഈ രീതിയിലുള്ളവരാണു് ഇന്നു ആയുർവേദത്തിലും അലോപ്പതിയിലും ധാരാളമായി കാണുന്നതു്. ഇവരെ നിയന്ത്രിക്കേണ്ടതു് ഏററവും അത്യാവശ്യമായിട്ടുള്ള ഒരു കാര്യമാണു്.

അതുപോലെ ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ചു് പത്തു കൊല്ലം പ്രാക്ടീസുള്ള ഒരാളെ ഈ കൗൺസിലിനു് രജിസ്റ്റർചെയ്യാമെന്നു പറയുന്നുണ്ടു്. ഞാൻ മുമ്പു പറഞ്ഞതരത്തിലുള്ള ആളുകൾ ബോർഡുംവച്ചു് ഓരോ കൊല്ലം ഓരോ പട്ടണത്തിലോ, ഗ്രാമപ്രദേശത്തിലോ കഴിച്ചുകൂട്ടി പത്തുകൊല്ലം കഴിയുമ്പോൾ രജിസ്ട്രേഷനു് അർഹരായിത്തീരുന്നു. ഇങ്ങനെ കൗൺസിൽ രജിസ്ട്രേഷൻകൊണ്ടുമാത്രം അവർ ഡാക്ടറന്മാരായിത്തീരുകയില്ല. ഈ കൗൺസിലിനെക്കാൾ ജനങ്ങളാണു് പരമാധികാരികളായി വിധികല്പിക്കേണ്ടതു്. അവർ ഈ ഡാക്ടർമാരുടെ വൈദഗ്ദ്ധ്യത്തെക്കുറിച്ചു് വിധികല്പിച്ചുകൊള്ളും. ഇങ്ങനെയുള്ളവരെ രജിസ്റ്റർചെയ്യുന്നതുകൊണ്ടു ഒരു നിയന്ത്രണവും ഇല്ലാതായിത്തീരുന്നതാണു്. ഈമാതിരി ആളുകൾ സാധാരണയായി ഓരോകൊല്ലം ഓരോ സ്ഥലത്താണു പ്രാക്ടീസുനടത്തുന്നതു്. ഇങ്ങനെ പത്തുകൊല്ലത്തെ പ്രാക്ടീസുണ്ടെങ്കിൽ അവർ രജിസ്ട്രേഷനു അർഹരായി. അങ്ങനെ രജിസ്റ്റർചെയ്താൽ അതു വലുതായ ഒരാപത്താണു്.

ഇനി മറെറാരു ഉദാഹരണം പറയാം. അതു് ലേബർ മന്ത്രിയുടെ വകുപ്പിൽപ്പെട്ടതാണു്. അതായതു് തോട്ടങ്ങളിൽ പ്രാക്ടീസുനടത്തുന്ന ഡാക്ടർമാരെപ്പററി. അവരെല്ലാവരും ഇത്തരക്കാരാണെന്നു ഞാൻ പറയുന്നില്ല. അവരിൽ ഒരു അഞ്ചു ശതമാനം നല്ല യോഗ്യതയുള്ളവർ കാണുമെന്നു് വേണമെങ്കിൽ ഞാൻ സമ്മതിക്കാം. പക്ഷെ, തിരുവിതാംകൂർ–കൊച്ചിയിൽ ഉള്ള തോട്ടങ്ങളിൽ, ൯൦ ശതമാനവും അത്തരക്കാരാണു്. ഈ തോട്ടങ്ങളിൽ നൂറുകണക്കിനും ആയിരക്കണക്കിനുമുള്ള തൊഴിലാളികളുടേയും മററുള്ളവരുടേയും ആരോഗ്യസംരക്ഷണം നടത്തേണ്ടതു് ഈ കമ്പൗണ്ടർമാരും ആശുപത്രി കണ്ടിട്ടുള്ളവരുമാണു്. ഈ തോട്ട

[ശ്രീ. എൻ. രാജഗോപാലൻ നായർ]

ങ്ങളിലും വ്യവസായസ്ഥാപനങ്ങളിലും യഥാർത്ഥത്തിൽ ഇന്നു രോഗികൾക്കു ആവശ്യമായ ശുശ്രൂഷ ലഭിക്കുന്നില്ല. ഇങ്ങനെ പത്തുകൊല്ലക്കാലം പ്രാക്ടീസുനടത്തിയിട്ടുള്ളവരും രജിസ്ട്രേഷനു അർഹരാണു്. ഉദാഹരണമായി പുനലൂർ പേപ്പർമില്ലിൽ പത്തുകൊല്ലമായി പ്രാക്ടീസുനടത്തിയ ഒരു ഡാക്ടരെ ബില്ലിലെ വ്യവസ്ഥയനുസരിച്ചു രജിസ്റ്റർചെയ്താൽ എന്തു പ്രയോജനമാണു് അതുമൂലം ജനങ്ങൾക്കുണ്ടാകുന്നതെന്നാണു് ഞാൻ ചോദിക്കുന്നതു്. അയാളെ അപ്രകാരം രജിസ്റ്റർചെയ്തു് ജനങ്ങൾക്കു വൈദ്യസഹായംചെയ്തു അവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനു പകരം അതു ജനങ്ങളുടെ ഇടയിൽ ഒരാപത്തായിത്തീരും. അതിനു് ഞാൻ നിർദ്ദേശിക്കുന്ന ഉപാധി എന്താണെന്നുവച്ചാൽ, ഈ ബിൽ എന്തുദ്ദേശത്തോടുകൂടിയതാണോ ഇവിടെകൊണ്ടുവന്നിരിക്കുന്നതു്, അതു ഫലവത്തായിത്തീരുന്നതിനു് I appeal to you ഈ പത്തുകൊല്ലം പ്രാക്ടീസുചെയ്തിരിക്കണമെന്നുള്ളതു്, മൂന്നോ നാലോ കൊല്ലം ഒരുസ്ഥലത്തുതന്നെയിരുന്നു പ്രാക്ടീസുചെയ്തിരിക്കണമെന്നുള്ള വ്യവസ്ഥകൂടി ചേർക്കണമെന്നാണു്. അല്ലാതെ ഓരോ കൊല്ലവും മാറിമാറി പ്രാക്ടീസുചെയ്തു് പ ൦ കൊല്ലം മുഴുവനാക്കുന്നവരെ രജിസ്റ്റർചെയ്യരുതു്. ഇതായിരിക്കണം പൊതുനിയമം. ഇൻഡിവിഡുവൽ കേസസ്സു് പ്രത്യേകം പരിഗണിക്കാം. ഞാൻ മുൻപു പറഞ്ഞ മാതിരിയുള്ള ഡാക്ടർമാർ ഞങ്ങളുടെ നാട്ടിൽ ധാരാളമുണ്ടു്. അതുകൊണ്ടാണു് ഞാൻ ഇതു പറയുന്നതു്. അങ്ങു മെഡിക്കൽ മന്ത്രിയെന്നനിലയിൽ ഔദ്യോഗികമായി ഇതുവരെയും ഞങ്ങളുടെ നാട്ടിൽ വരുന്നതിനു് സൗകര്യം ലഭിച്ചിട്ടില്ല. ഞാൻ ഇവിടെവച്ചു് അദ്ദേഹത്തെ ക്ഷണിക്കുന്നതും ശരിയല്ല. അതു് മറ്റൊരവസരത്തിലാകാമെന്നു വിചാരിക്കുന്നു. ഇന്നു് എന്റെ നാട്ടിൽത്തന്നെ പത്തോ പന്ത്രണ്ടോ ഡാക്ടർമാരുണ്ടു്. കഷ്ടിച്ചു മൂന്നോ നാലോ പേരൊഴിച്ചാൽ മററുള്ളവർ ഒരു Social danger തന്നെയാണു്. ഞാൻ അവരോടു വിരോധമുള്ളതുകൊണ്ടു പറയുകയല്ല. പക്ഷെ ഡാക്ടർമാർ എന്നുള്ള നിലയിൽ പ്രാക്ടീസു ചെയ്യാൻ അവർ അനുവദിക്കപ്പെടരുതു്. അങ്ങനെയുള്ളവർക്കു് പത്തുകൊല്ലം ഒരു സ്ഥലത്തു പ്രാക്ടീസുനടത്താൻ സാദ്ധ്യമല്ല. പുനലൂർ ആണെങ്കിൽ ഒട്ടും സാദ്ധ്യമല്ലെന്നു എനിക്കറിയാം. ഈ നിലയിൽ പത്തുകൊല്ലത്തെ പ്രാക്ടീസുണ്ടെങ്കിൽ രജിസ്ട്രേഷനു അർഹനാണെന്നു് വ്യവസ്ഥചെയ്തിരിക്കുന്നതു ശരിയല്ല. ഇതു ഞാൻ വെറുതെ എതിർക്കാൻവേണ്ടി പറയുന്നതല്ല. ഇക്കാര്യങ്ങൾകൂടി സെലക്റ്റകമ്മിററി പര്യാലോചിക്കണം. തോട്ടങ്ങളിലെ ഡാക്ടർമാരുടെ കാര്യം ലേബർമന്ത്രി മെഡിക്കൽമന്ത്രിയെ ധരിപ്പിച്ചു് അതിനൊരു പ്രതിവിധിയുണ്ടാക്കുമെന്നും ഈ ദോഷകരമായ പ്രാക്ടീസ് അംഗീകരിക്കാതിരിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. എ. കുഞ്ഞൻനാടാർ : ബഹുമാനപ്പെട്ട തിരുവട്ടാർ മെംബർ പറഞ്ഞ സിദ്ധാന്തത്തെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. ബില്ലിൽ 'Last day of May 1947' എന്നു പറഞ്ഞിട്ടുണ്ടു്. ഇതിൽ ൧൯൪൭ മെയ്മാസത്തിൽ അവസാനദിനം എന്നു പറഞ്ഞിരിക്കുന്നതു് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണു്. കാരണം ആ തീയതിക്കുശേഷം സിദ്ധാ

വൈദ്യം പഠിപ്പിക്കുവാൻ ഒരു സ്ഥാപനവും ഈ രാജ്യത്തു് ഇല്ലെന്നുള്ളതാണു്. മുമ്പു് മുഞ്ചിറയിൽ സിദ്ധവൈദ്യം പഠിപ്പിക്കുന്നതിലേക്കു് ഒരു സന്യാസിയുടെ നേതൃത്വത്തിൽ ഒരു സ്ഥാപനമുണ്ടായിരുന്നു. സർ സി. പി. യുടെ കാലത്തു് അതിനു നല്ല ഗ്രാൻറ നൽകി പ്രോത്സാഹിപ്പിച്ചുകൊണ്ടുമിരുന്നു. എന്നാൽ ജനകീയഗവണ്മെൻറ വന്നതോടുകൂടി ആ സ്ഥാപനം നശിക്കുകയാണുണ്ടായതു്. നശിക്കുകയല്ല, ജനകീയഗവണ്മെൻറ് അതിനെ നശിപ്പിക്കുകയാണുണ്ടായതു്. അലോപ്പതി ചികിത്സാസമ്പ്രദായം എത്രത്തോളം നല്ലതായിരുന്നാലും തിരുവിതാംകൂറിലെ സാധുജനങ്ങൾ വിശേഷിച്ചും ഗ്രാമങ്ങളിലുള്ള ജനങ്ങൾ കൂടുതലായി ആശ്രയിക്കുന്നതു് സിദ്ധവൈദ്യത്തെയും ആയുർവേദത്തെയുമാണു്. സിദ്ധം എന്നു പറഞ്ഞാൽ ധാതുദ്രവ്യങ്ങൾ എന്നാണർത്ഥം. ആയുർവേദത്തെക്കാൾ പ്രാധാന്യമേറിയതും പഴക്കമുള്ളതുമായ ഒരു വൈദ്യമാണു് സിദ്ധവൈദ്യം. ചില രോഗികൾക്കു് സിദ്ധവൈദ്യത്തെ ജയിക്കാൻ മററൊരു ചികിത്സാസമ്പ്രദായത്തിനും സാധിച്ചിട്ടില്ല. ഉദാഹരണമായി വാതം, ജ്വരം തുടങ്ങിയ സുഖക്കേടുകളാണു്. ചോപ്രാ കമ്മിററി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്, സിദ്ധവൈദ്യം മററെല്ലാവൈദ്യത്തോടും കിടനിൽക്കുന്ന ഒരു വൈദ്യസമ്പ്രദായമാണു് എന്നു്. എന്നാൽ ഇതു് ആയുർവേദത്തിൻെറ ഒരു പിരിവാണെന്നു ചിലർ ധരിച്ചിട്ടുണ്ടു്. അതു തെററാണു്. തെക്കൻ തിരുവിതാംകൂറിൽ വളരെ സിദ്ധവൈദ്യന്മാർ ഉണ്ടു്. മൻ ൪ ൭-നു മുമ്പു് മുഞ്ചിറ സ്കൂളിൽനിന്നും സർട്ടിഫിക്കററ് വാങ്ങിയിട്ടുള്ളവർ ആയിരക്കണക്കിനുണ്ടു്. ഇന്നു് സിദ്ധവൈദ്യം പഠിപ്പിക്കുന്നതിനു് ഒരു സ്ഥാപനവും ഇല്ലാത്തതുകൊണ്ടു് പുതിയ വൈദ്യന്മാരായി ലൈസൻസെടുക്കുന്നതിനു് ആർക്കും സാധിക്കുന്നില്ല. അതുകൊണ്ടു് സിദ്ധവൈദ്യത്തിനു് ഒരു പ്രത്യേക ബോർഡുതന്നെ ഉണ്ടായിരിക്കേണ്ടതാണു്.

ശ്രീ. ഒ. സി. നൈനാൻ: സിദ്ധവൈദ്യമെന്നുവെച്ചാൽ എന്താണെന്നു വ്യക്തമാക്കുമോ?

ശ്രീ. എ. കുഞ്ഞൻനാടാർ: അതു രോഗം ശമിപ്പിക്കുന്ന ഒരു ചികിത്സാസമ്പ്രദായം ആണു്.

ആയുർവേദത്തിനു് ഗവണ്മെൻറ് ലക്ഷക്കണക്കിനു രൂപ ചെലവാക്കുന്നുണ്ടു്. അതിലേക്കു കാളേജുകൾ ഉണ്ടു്. വിദ്യാർത്ഥികൾ പഠിക്കാൻ പോകുന്നുമുണ്ടു്. പക്ഷെ സിദ്ധവൈദ്യത്തിനാകട്ടെ, തിരുവിതാംകൂറിൽ യാതൊരു പ്രോൽസാഹനവും ലഭിക്കുന്നില്ല. സിദ്ധവൈദ്യത്തിനുള്ള ഗ്രന്ഥങ്ങൾ എല്ലാം തമിഴിലാണു്. അതുകൊണ്ടു് സിദ്ധവൈദ്യം ആയുർവേദകാളേജിൽപോയി പഠിക്കാൻ സാദ്ധ്യമല്ല. ആയുർവേദഗ്രന്ഥങ്ങൾ മലയാളത്തിലും സംസ്കൃതത്തിലുമാണു്. തമിഴർക്കു് ആയുർവേദം പഠിക്കാനും സാധിക്കുന്നതല്ല. അതിനാൽ സിദ്ധവൈദ്യത്തെപ്പററിയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിനും ലൈസൻസുകൾ കൊടുക്കുന്നതിനും ഈ ബില്ലിനാൽതന്നെ നിയുക്തമായിട്ടുള്ള മൂന്നുപേരടങ്ങിയ ഒരു ബോർഡെങ്കിലും ഉണ്ടായിരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ഈ. പി. വർഗ്ഗീസു്: സിദ്ധവൈദ്യം പഠിപ്പിക്കാൻ സ്കൂളുകളോ കാളേജുകളോ ഉണ്ടോ?

ശ്രീ. എ. കുഞ്ഞൻനാടാർ: ഇല്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള: മദ്രാസ് പ്രസിഡൻസിയിലില്ലേ?

ശ്രീ. ഏ. കുഞ്ഞൻനാടാർ: മദ്രാസിലുണ്ടു്. ഞാൻ തിരുവിതാംകൂർ കൊച്ചിയിലെ കാര്യമാണു പറഞ്ഞതു്. മുമ്പ് ഞാൻ പറഞ്ഞതുപോലെ കുഴിത്തുറ ആറിന്റെ തീരത്തു്, മുഞ്ചിറയിൽ ഒരു കുന്നിന്റെ പുറത്തു് വളരെയധികം പണം ചിലവാക്കി ഒരു സ്കൂൾ നടത്തിക്കൊണ്ടിരുന്നു. എന്നാൽ അതിന് യാതൊരു പ്രോത്സാഹനവും ലഭിക്കാതെ ഫൗണ്ടർ മെയ് അവസാനിച്ചതോടുകൂടി അതു നടത്തിക്കൊണ്ടിരുന്ന സന്യാസി സ്ഥലംവിടുകയാണുണ്ടായതു്. ആ സ്ഥാപനം ഇപ്പോഴും അവിടെയുണ്ടു്. തിരുവിതാംകൂർ തമിഴ്നാട്ടിലെ ജനങ്ങളിൽ ൯൦ ശതമാനംപേക്കും വിശേഷിച്ചും ആശുപത്രികളിൽ പോകുന്നതിന് കാർ എടുക്കുന്നതിനോ, ഡാക്കുറന്മാക്കു പണം കൊടുക്കുന്നതിനോ നിവൃത്തിയില്ലാത്ത ആളുകൾ സിദ്ധവൈദ്യത്തെയാണാശ്രയിക്കുന്നതു്. സിദ്ധവൈദ്യത്തെപ്പോലെതന്നെ തമിഴരുടെ ഇടയിൽ പ്രസിദ്ധമായ ഒരു ചികിത്സാസമ്പ്രദായമുണ്ടു്. അതാണ് മമ്മചികിത്സ. അതിനും പ്രോത്സാഹനം നൽകണം.

അതുകൊണ്ടു് ഞാൻ മുമ്പു പറഞ്ഞതുപോലെ സിദ്ധവൈദ്യത്തിന് ഒരു പ്രത്യേക ബോർഡു് ഉണ്ടാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ബില്ലിന്റെ തത്വത്തോടു യോജിക്കുന്നു.

Shri P. S. Nataraja Pillai: Sir, this Bill is for the registration of Medical Practitioners and for developing the indigenous and modern systems of medicine as set out in the preamble. Utility of this Bill can be had only when there is legislation to standardise the manufacture of drugs and the sale thereof. After the Medical Practitioners Act came into force, as a matter of fact people who vend Ayurvedic medicines have become medical practitioners as well. After the Prohibition Act came into force, I regret I have to say that a very large number of Ayurvedic medicine vendors are manufacturing spirituous liquors and sell them in the market. That has become a real danger to the country. If it is an allopathic drug there is a standardisation fixed up and though there is no legislation in this country to regulate the sale and control of the drug, yet by the existing law in other parts of the world, the kind of drugs that can be marketed are of a standardised specification. The danger therefore is less in that kind of drug. But in the sale of Ayurvedic drug, any man can manufacture any drug and sell it in the market. The manufacture and sale is free. In course of time, that man becomes a medical practitioner as well. Unless we take steps to have legislation to control it, the result that we anticipate from this Bill cannot be had. Therefore, as a preliminary remark, I would invite the attention of the Treasury Bench to this aspect of the matter and to examine whether Government can undertake a legislation to control the manufacture and sale of Ayurvedic drugs as well.

ശ്രീ. കാമ്പിശേരിൽ കരുണാകരൻ: ആയുർവ്വേദമരുന്നുകളെല്ലാം ഈ തരനെ തയ്യാറാക്കിവയ്ക്കാനൊക്കുകയില്ല.

Shri P. S. Nataraja Pillai : I am coming to that. I know there is difficulty for it. There may be real difficulty in knowing all the ingredients of a particular kind of drug in that system. The reason for that is this. We know that Ayurvedic or indigenous systems of treatment were fostered and practised by families from generation to generation. Certain knowledge they had acquired was kept as a close secret and as such the ingredients are not available to the ordinary medical practitioner. The medicine that a particular family has found useful for treating a kind of disease is kept as a close secret even today and that individual family transmits orally that system of specifiation from generation to generation. Such being the case especification for that medicine may not easily be available to other practitioners of the same system. I know there are difficulties of that type. All the same what I would suggest is, whether we cannot think of a Board that will examine scientifically all drugs and come to a conclusion whether they are injurious or not and then issue a certificate in that behalf. In other words, medicines duly certified by such a Board should alone be marketed. In my honest opinion, some such system will have to be enforced or else we will be allowing ourselves to be treated not only by the registered practitioners but by actual manufacturers of medicine too. As a matter of fact we find in most of the Ayurvedic vaidyasalas Arishtam popularly so-called, which is after all a spirituous liquor, another name in the place of arrack that was being sold in the country after paying legitimate duty to Government. Arishtam is manufactured by Ayurvedic practitioners thereby making illicit profit for themselves and bringing about incalculable harm to the country. Unless such manufacture and sale are prohibited by legislation, the danger will increase so far as Ayurvedic system of treatment is concerned. That is an aspect of the matter and whether the Select Committee will be able to consider it in the course of its deliberations or whether it is a separate matter for legislation, is a matter which the Member in charge of the Bill will have to think of.

Shri Ambat Eachara Menon : Are not essences in the allopathic system of treatment sold in the market ?

Shri P. S. Nataraja Pillai : I do understand the point. The essences are certified to contain a percentage of alcohol so far as the allopathic system of treatment goes. But in the Ayurvedic essence, the quantum of alcohol cannot be easily ascertained by the prohibition officers. But if the officers are honest and want to prohibit such medicines they can do so in the usual course. In the case of English system of treatment, selling of essences is done with the connivance of police and prohibition officers. That is my opinion.

Now, Sir, as far as the indigenous and modern systems of medicine are concerned, so much has been stated here and I agree with some of the remarks. Whether one should be called modern or Western, Eastern or indigenous, perhaps it is better to accept a name which will have distinction but at the same time will not denote difference. The systems that are in vogue have certain values and as such must be recognised without difference in rank. I will just point out an instance. There is a system of treatment called bone-setting. I do not know whether bone-setting is a branch of study in the Ayurveda College curriculum. I was not able to find it out. I think it is not included. Bone-setting or "Thirumal" is a very important branch of Ayurvedic medicine in these parts. Here I may state an experience which I have had. One of my relatives had his arm broken and he was taken to the Trivandrum General Hospital and admitted there. He was under the charge of the Surgeon General who was kind enough to give the best attention to him. He was in the hospital for full nine months with Plaster of Paris on. And there was also a suggestion that his hand would have to be amputated. Somehow or other that idea did not appeal to us. Then one Ayurveda 'Thirumukaran' said he would treat the patient. I removed the relative to the Vaidyan's and in a short time, he was cured. After that he was able to lift his hands, and he also used to eat with his hand. He lived for four or five years after that. Well, this is an experience which I had had of the modern Allopathic system of medicine, in the premier medical institution of the State. What I am adverting to is this: a person who specialises in bone-setting has to be registered within one year of this Bill, with ten years' experience and all that, and after there is no chance for new entrants into the line. This will result in some difficulties. I will illustrate. Suppose there s a bone-setting Vaidyan whose family is specialising in that treatment. There are families like that in Kerala. The father registers himself. But the boy, who is under the tuition of his father, cannot enrol himself under the Act, after acquiring an experience in medicine for ten years. Therefore, will not this provision shut out good practitioners in the field?

ഡാക്ടർ എൻ. എസ്. പിള്ള: സർ, ഹരിജനമന്ത്രിയും ഹരിജന നേതാവും സഭയിൽ ഇരുന്ന് ഉറങ്ങുന്നത് അനുവദിക്കത്തക്കതാണോ?

(ഉത്തരമില്ല)

Shri P. S. Nataraja Pillai: The position should be the other way. We should not shut out by legislation any branch of science which may be useful. There must be a provision or we must devise some administrative arrangement by which this kind of specialised knowledge may continue. If the Ayurveda curriculum will include that and make provision for teaching that branch, I think this difficulty can be obviated; but so far as my knowledge goes, there is no provision for that, and as long as that provision does not exist, there is a difficulty.

Dr. N. S. Pillai: Is it your idea to exempt them from the scope of this Bill ?

Shri P. S. Nataraja Pillai: That is a matter for the gentlemen in the Select Committee to think of. I am only anxious that such knowledge and experience should not be lost to humanity. Why should this experience gained through generations of specialisation be denied to us ?

Shri N. P. Varghese: What is the remedy ?

Shri P. S. Nataraja Pillai: I think Shri Varghese for asking me to suggest remedies. But my present object is only to point out the difficulties.

Now, in regard to the Siddha system of medicine, it is a system of medicine, the texts of which are in Tamil language. But I believe it is only one of the branches of the Indian or Ayurveda system. It is an indigenous system, and is extensively practised. It does not require the recognition of anybody, neither of this Legislature nor of the Government, for it is a recognised form of medical practice, which has stood the test of time for over a thousand years now. In a word, it is a well-recognised system. There are very great experts and capable practitioners. But the tragedy of the whole thing is that the provision relating to it in the Bill give ground for grave doubts. In schedule 2, as qualification for registration, they have put the certificate of an institution which has become non-existent. My charge against the mover of the Bill is that he did not exercise sufficient care and interest to enquire into the matter whether there are institutions which teach Siddha system and issue certificates. He was kind enough to enquire into the details in regard to the Unani system, and even went to Delhi to fix up an institution to include it. But he did not show that kindness and sympathy to a system which is in existence on the other side of the ghats. This neglect of the Siddha system is not justified.

There is a provision in the Bill regarding representation of the systems on the Board. I may be permitted to read Clause 39:

* * * * *

"Provided that if there are not at least twenty five registered practitioners in any of the indigenous systems of medicine, the Government shall nominate a member in respect of that system from among the registered practitioners in any of the indigenous systems of medicine to be elected from among them."

Having provided in the schedule, for the certificate of a none existent institution, thus shutting out all the Siddha qualified people, and then to provide that the Board may continue even without representatives of the system, shows that it is the intention of the Bill to exclude Siddha Practitioners from the Board. There will be a time when there will not be qualified practitioners. Yet the Board should continue. That seems to be the conception—I am deliberately not using the word, motive—behind this provision.

Shri N. P. Varghese: Should you not accept the principle of the survival of the fittest even in these cases ?

Shri P. S. Nataraja Pillai: That is exactly what we are against here. If the survival of the fittest is the principle to go by, then you will not need this Bill. The best practitioner will survive. But here it is an attempt to put a prohibition against the survival of the fittest.

Shri Nedumangad R. Kesavan Nair: Could the hon. Member say the exact or approximate number of Siddha Vaidyans in the State ?

Shri P. S. Nataraja Pillai: I am not able to say that. In the Medical Council in 1120 or 1121, there was a lot of trouble about this. There was a petition sent to the Medical Council by the practising Siddha Vaidyans, and the signatories numbered about 300. At that time, there was practically a battle in the Medical Council between the practitioners of the indigenous and allopathic systems.

3 P. M.]

Shri Nedumangad R. Kesavan Nair: Are there institutions imparting education in the *Siddha* system ?

Shri P. S. Nataraja Pillai: Yes, there are institutions that issue certificates in Madras, Virudunagar and Trichinopoly. And they are recognised by the Madras Government.

Shri Nedumangad R. Kesavan Nair: What about *Visha Vaidyans* ?

Shri P. S. Nataraja Pillai: I think that is a branch of study in the Ayurveda College. If I understand it aright and if I remember correctly, it is a branch of study in the Ayurveda College and there is a certificate issued by them. That is the practice now. If it is not, certainly, it must come in.

I do not want to accept community or class as a privilege for anything. As far as I am concerned, it is the capacity and the knowledge that is important.

Then, Sir, there is a distinction. It is only the registered qualification under 'A' that is recognised. A registry under qualification 'A' will be able to get representation in the Board. That is the provision. Unless he gets the qualification prescribed under schedule 'A', that is, examination qualification, he would not be entitled to be in the Board. There are two kinds of registration: one on the basis of qualification and institutional education, and the other on the basis of practice and experience. Only the people with educational qualification and certificates will be entitled to be elected as members of the Board. Thereby, I feel, a certain distinction is made. Traditionally in our country, the Ayurvedic *Vaidyans* have not sought instruction in educa-

tional institutions. Is it seriously suggested that one of the Ashta *Vaidyans*, because he did not get a degree from the Ayurveda College is not fit to be in the indigenous Board? Why should there be that distinction? There are reputed families, the members of which are learned in Ayurveda system of medicine. Is any Vaidyan superior to the senior man of, say, of the *Moose's* family of *Vaidyans*? The old chief of the family evolved a particular system, but they cannot be in the Board. Why should there be that invidious distinction? Are they forgetting facts? I am not a *Vaidyan* myself. I am not learned on that aspect of the matter. But I have heard that they—the Ashta Vaidyans of Kerala—have evolved a particular system of Ayurvedic medicine with its *thailams*, *pizhichil* and so on. That developed into a family traditional system. They are called the Ashta Vaidyans. The senior member of that family who practises that system is to be excluded from the Board simply because he did not get a certificate from our well-conducted Ayurveda College. That is a point which I cannot understand. Why should there be this distinction? Whoever has practised in a responsible way and who has brought substantial knowledge in any field of medicine by his own practice and experience should be included in this Board. Why should the Board be made the refuge of all the products from the Ayurveda College? That, I would seriously request the Members of the Select Committee to consider.

Then, Sir, there is a point about Section 23. My friend the hon. Member for Pathanapuram was saying about the people who practise modern system of medicine. Here, in Section 23, there is the provision which applies to the persons who practise modern medicine. Should it be made applicable for Allopathy? We have ever so many recognised institutions in different grades. Why should the actual practice of allopathic system be made the ground for qualification? As it is any one who has not undergone regular study in a recognised institution can be brought in. In the Ayurvedic System, all those following it attend on the teacher and learn by experience. Is it possible for any man to understand modern medicine by following the old method of following the Guru and the experience alone? Why should we include them? We have a number of institutions to give them good training. They must be forced to sit for an examination, a test to be conducted by the medical agency—not this Council, but preferably, the Medical College. That College may be asked to test them.

Shri N. P. Varghese: Do you mean to say that even Vaiskara Moosu should sit for the examination?

Shri P. S. Nataraja Pillai: I said that they can come in without an examination, because they had no system of educational, institutional studies. It was something like knowledge transmitted as a *Gurukula* system. It is the Eastern practice of imparting knowledge. But that is not so in the case of modern medicine. There is a curriculum of study and syllabus.

If by empirical knowledge and some years of experience one has attained proficiency in the use of allopathic drugs, he must be asked to sit for an examination or a test which should be conducted by the Medical authorities. Unless you register, simply because they were practising somewhere, they should not, as my friend the hon. Member for Pathanapuram explained, come in. Therefore, that requires a radical change.

Shri N. P. Varghese : Does the hon. Member think that those who have no degree or diploma should not be permitted to practise ?

Shri P. S. Nataraja Pillai : I do not say that. He must satisfy a competent Board about his knowledge and his ability to practise. Simply because he arranges three or four bottles in front of his room, he should not become a Doctor. What I say is that the penalty enforced for false degrees and diplomas must be very severe according to me. There need be no sympathy towards one trading in false colours.

Sir, then about the constitution of the Board. The hon. Member for Chadayamangalam was saying that the number fixed for the Board was too much for the State of Travancore-Cochin. We must be very careful in creating Boards. Whatever may be that, I am not afraid of creating Boards for three or four systems. But as far as Homeopathy is concerned, there seems to be unanimity of opinion, almost from every quarter of the House, that it requires a separate Board. If that be so, and if it will benefit the system, I have no objection. But what I would say is, if it is necessary in the interests of that system to have a separate Board, well, it is good. But if you can make better provision for better representation in this Council if that will satisfy the necessity of better representation for that system in the Council, I think it may be done. But, at any rate, we should not give room for any rivalry between these systems. Homeopathy seems to be a poor man's drug. It is efficacious. It is not only the effectiveness of the medicines, but its easy availability which should be the determining factors in a country like Travancore-Cochin. This system must therefore get the same support from the Government, and the Select Committee revising the Bill must so revise it as to satisfy the preamble of the Bill, *i. e.*, "To encourage the study and spread of those branches of knowledge and be of real use to the country."

ஸ்ரீ. ஆர். பொன்னப்ப நாடார்: ஸர், சித்த வைத்தியத்தைப் பற்றி ஒரு சில வார்த்தைகள் சொல்ல ஆசைப்படுகிறேன். சித்த வைத்தியத்தையும் இந்த ஆக்டில் உட்படுத்தியிருக்கிறீர்கள். அதை நான் முழு மனதுடன் வரவேற்கிறேன். ஆனால் இந்த சித்த வைத்தியத்திற்கென்று தனியாக ஒரு போர்டு வேண்டும். ஏனென்றால், இன்று தென் திருவிதாங்கூரில் இந்த வைத்திய முறையை

ஞானமானவர்கள் கையாண்டு வருகிறார்கள். இந்த வைத்தியத்தில் வர்ம சிகிச்சை தான் அதிகம். தென் திருவிதாங்கூரில் வைத்தியர்கள் அநேகரும் இந்த சித்த வைத்தியத்தில் தான் ஈடுபட்டிருக்கிறார்கள். மற்ற வைத்திய முறைக்கு அரசாங்கம் அளிக்கும் உதவியைப்போல் இந்த சித்த வைத்தியத்திற்கும் அளித்தால், சித்த வைத்தியம் வளரும். சித்தவைத்தியர்களும் சற்று உயர்வார்கள். தென் திருவிதாங்கூரில் ஆயிரக்கணக்கான நோயாளிகளுக்கு சித்த வைத்தியர்கள் சரியான முறையில் வைத்தியம் செய்து கொண்டு வருகிறார்கள். நல்ல குணமும் அடைந்து வருகிறார்கள். ஜனங்களுக்கும் இந்த முறையில் நம்பிக்கையும் உண்டு. ஸார், இந்த சித்த வைத்தியமுறை அகஸ்திய முனிவரால் ஜனங்களுக்கு கற்பித்துக் கொடுக்கப்பட்டது. மதறாஸ், சிலோன் முதலிய இடங்களில் சித்த வைத்தியத்திற்கு அந்த அரசாங்கங்கள் பலவிதமான உதவிகள் அளித்துக் கொண்டிருக்கிறார்கள். திருவிதாங்கூரிலும் மிஞ்சிரை என்ற ஸ்தலத்தில் சித்த வைத்தியத்தைக் கற்பித்துக் கொடுக்க ஒரு பாடசாலையிருந்தது. சித்த வைத்தியத்தில் கைதேர்ந்த ஒரு ஸ்வாமியார் இக்கலூரியை நடத்திக்கொண்டிருந்தார். மற்ற ஊர்களில் சித்தவைத்தியத்திற்கு அளிக்கப்படும் உதவி இந்நாட்டில் சித்த வைத்தியத்திற்கு வழங்கப்படவில்லை. 1947 மே மாதம் வரை அப்போதுள்ள அரசாங்கம் ஒருவித உதவி அளித்தது. இந்த பாடசாலையும் நடந்து வந்தது. அதுவரை இந்த கலாசாலை சர்ட்டிபிக்கேட்டும் வழங்கி வந்தது. 1947 மே மாதம் முதல் தேதிக்குப் பின் இந்த கலாசாலைக்கு முன்பிருந்துவந்த அந்த உதவியையும் அளிக்கப்படவில்லை. இந்த இடத்திலேயே-மிஞ்சிரையிலேயே இனியும் இது நடந்துகொண்டுதானிருக்கிறது. இந்த மிஞ்சிரை கலாசாலையில் 1947 வரை படித்து சர்ட்டிபிக்கட்டு வாங்கினவர்கள் இந்த ஆக்ட் பிரகாரம் தங்கள் பேரை ரெஜிஸ்தர் செய்து ரெஜிஸ்தரேஷன் சர்ட்டிபிக்கட்டு வாங்க ரொம்ப கஷ்டப்படுகிறார்கள். 119-ம் ஆண்டிலுள்ள ஆக்ட் இந்தக் கலாசாலையால் அளிக்கப்படும் சர்ட்டிபிக்கட்டும் ரெஜிஸ்ட்ரேஷனுக்கு தகுதியானவை என்று சொல்லப்பட்டிருந்தது. ஆனால் அது தற்போது இல்லை. ஆனால் மதறாஸில் ஏதாவது சித்த வைத்திய கலாசாலை இருப்பதாகவோ, சர்ட்டிபிக்கட்டு வழங்குவதாகவோ தெரியவில்லை. அதனால் மிஞ்சிரை சித்தவைத்தியசாலையில் படித்து, அங்கு வழங்கப்படும் சர்ட்டிபிக்கட்டையும் தகுதியுள்ளவை என்றும், அவர்களின் பேர்களையும் ரெஜிஸ்தர் செய்யவேண்டுமென்றும் மதிப்புக்குரிய இந்த சபையில் சொல்லிக்கொள்ள விரும்புகிறேன். இந்தக் கலாசாலையில் படித்தவர்களையும் ரெஜிஸ்ட்ரேஷன் செய்யவேண்டுமென்று அரசாங்கத்திலிருந்து ஒரு உத்தரவு பிறப்பித்தார்கள். ஆனால் ஒன்றும் இதுவரை நடந்ததாகத் தெரியவில்லை. அந்த உத்தரவுதான் என்னவாயிற்று என்றும் தெரியவில்லை. அவர்கள் பெயர்களை ரெஜிஸ்தர் செய்யவுமில்லை அவர்கள் ஒரு டெப்புடேஷனாக இங்கு வந்தார்கள். இதைக் குறித்துப் போன அசம்பிளியில் நான் ஒரு கேள்வி கேட்டிருந்தேன்.

ஸார், இவ்வளவு காலமாக இதற்கு ஒரு முடிவும் காணவில்லை. 1947 மே மாதத்திற்குப் பின் இந்தக் கலாசாலை சர்ட்டிபிக்கட்டு வழங்குவதையும் நிறுத்திவிட்டது. அநேக வருஷங்களாக இந்த முறையைக் கையாண்டுவந்து நல்ல தேர்ச்சி பெற்ற சித்த வைத்தியர்களும் தென் திருவிதாங்கூரில் இருக்கிறார்கள். அவர்களுக்கும் சர்ட்டிபிக்கட்டு அளிக்கும் விஷயத்தில் அரசாங்கம் என்ன செய்யப்போகிறது? அதற்காகத்தான் சித்த வைத்தியத்தில் நன்றாகப் பயின்றவர்களின் ஒரு போர்டும் இருக்கவேண்டுமென்று சொல்ல விரும்புகிறேன். சித்தவைத்தியம் ஒரு வர்ம முறை என்பதை முன்பே கூறினேன். ஸார், இன்னும் இது ஒரு குடும்ப வைத்தியம் என்று சொல்லிக் கொள்கிறேன். ஒரு குடும்பத்தில் ஒருவருக்குத்தான் இந்த வர்ம சிகிச்சை தெரியும். அவர் அதை தன் குடும்பத்திலுள்ள ஒருவருக்குத் தான்—மகனுக்கு—படிப்பித்துக் கொடுப்பது வழக்கம். குடும்ப பாரம்பரியமாக படிப்பித்துக் கொண்டு வருகிறார்கள். அப்பேர்ப்பட்ட ஒரு சித்த வைத்தியத்திற்கு இந்த ஆக்டினால் அரசாங்கம் முட்டுக்கட்டையிடுகிறது. இவர்களுக்கு எப்படி ரெஜிஸ்ட்ரேஷன் சர்டிபிக்கட்டு கொடுக்க முடியும் என்று சொல்வது ஆச்சரியமாயிருக்கிறது. இதற்கும் போதிய ஆதரவும், உதவியும் அளிக்க வேண்டுமென்றும், தமிழ் வைத்திய முறையாகிய சித்த வைத்தியத்திற்கு நல்ல முறையில் இந்த அரசாங்கம் உதவியளிக்க வேண்டுமென்றும் கேட்டுக்கொண்டு எனது சிற்றுரையை முடித்துக் கொள்கிறேன்.

ശ്രീ. പി. ഭാസ്കരൻനായർ: സർ, ഈ ബില്ലിന്റെ പൊതുതത്വത്തോട് ഞാൻ യോജിക്കുന്നു. ഈ സംസ്ഥാനത്ത് ശരാശരി ൩൨,൪൦൦ പേർക്ക് ഒരു ആശുപത്രിയോ ഒരു ഡിസ്പെൻസറിയോ മാത്രമേ ഉള്ളു എന്നാണ് കഴിഞ്ഞ അസംബ്ലികാലത്ത് ഒരു ചോദ്യത്തിനുത്തരമായി ഇവിടെ ഗവണ്മെന്റ പറഞ്ഞത്. ഇപ്പോൾ നമുക്കു വൈദ്യന്മാരും ഡാക്ടർമാരും വാസ്തവത്തിൽ വളരെ കുറവാണ്. അതുകൊണ്ടു മെഡിക്കൽ പ്രാക്ടീഷ്ണേഴ്സിന്റെ രജിസ്ട്രേഷൻ വളരെ കർശനമാക്കരുത് എന്നു ചില ബഹുമാനപ്പെട്ട അംഗങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. കർശനമാക്കാതിരിക്കുന്നതു കൊള്ളാം. എന്നാൽ, ഇന്നു അലോപ്പതിയുടെ പേരിലും ആയുർവ്വേദത്തിന്റെ പേരിലും മററു ചില വൈദ്യശാസ്ത്രത്തിന്റെ പേരിലും വൈദ്യന്മാരും ഡാക്ടറന്മാരുമായി ചമയുന്നവർ വാസ്തവത്തിൽ രോഗികളെ വളരെ അധികം ക്ലേശിപ്പിക്കുന്നുണ്ട്. ചിലരുടെ ജീവനേയും അവർ അപഹരിക്കുന്നുണ്ട് എന്നുള്ള വസ്തുത നാം വിസ്മരിക്കരുത്. ശ്രീ. രാജഗോപാലൻനായർ പറഞ്ഞതുപോലെ ഇന്നു തോട്ടങ്ങളിൽ വൈദ്യസഹായത്തിന് ഏർപ്പെട്ടിരിക്കുന്നവരിൽ ഭൂരിപക്ഷവും കമ്പൗണ്ടർ ജോലിനോക്കി മരുന്നു എടുത്തുകൊടുത്തിട്ടുള്ള പരിചയം മാത്രം ഉള്ളവരാണ്. അവരെ പണ്ട് അപ്പോത്തിക്കിരിമാർ എന്നു അവിടത്തെ തൊഴിലാളികൾ വിളിച്ചിരുന്നു. ഇന്ന് അവർ ഡാക്ടർമാരാണ്. ഒരു തോട്ടത്തിലെ ഡോക്ടർ നാമധാരിയായ ഒരാൾ ചികിത്സ ചെയ്തിട്ടുണ്ടായ ദുരന്ത

സംഭവങ്ങൾ എനിക്കു നേരിട്ടറിയാം. അലോപ്പതി മരുന്നുകളിൽ വിഷാംശങ്ങളുള്ള ചില മരുന്നുകൾ എല്ലാം അവരുടെ അറിവില്ലായ്മകൊണ്ടു് രോഗികൾക്കു് കൊടുത്തു് വളരെയധികം കുഴപ്പങ്ങൾ തോട്ടങ്ങളിലെ തൊഴിലാളികളുടെ ഇടയ്ക്കു ഈ കമ്പൌണ്ടർ ഡാക്ടർമാർ ഉണ്ടാക്കുന്നുണ്ടു്. പഴയ തിരുവിതാംകൂർ ഗവർമ്മെൻറു് മെഡിക്കൽപ്രാക്ടീഷ്നേഴ്സിൻെറ രജിസ്ട്രേഷനു് നിയമമുണ്ടാക്കിയപ്പോൾ മെഡിക്കൽ പ്രാക്ടീസ് ചെയ്തിരുന്നവരെയെല്ലാം രജിസ്റ്റർചെയ്യുകയുണ്ടായി. ചില തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം എനിക്കു ഒന്നു പറയുവാനുള്ളതു അവിടെ മെഡിക്കൽപ്രാക്ടീഷനേഴ്സായി രജിസ്റ്റർ ചെയ്തിരിക്കുന്നവരുടെ കാര്യം ഒന്നു പുനഃപരിശോധനചെയ്യണമെന്നാണു്. തോട്ടങ്ങളിൽ ഇന്നു മെഡിക്കൽ പ്രാക്ടീഷ്നേഴ്സായി ഇരിക്കുന്നവർ പരമാർത്ഥത്തിൽ ജനങ്ങളെ സേവിക്കുകയല്ല; ജനങ്ങളുടെ ജീവനെ അപഹരിക്കുകയാണു് ചെയ്യുന്നതു്. അങ്ങനെയുള്ളവരുടെ രജിസ്ട്രേഷൻ ഒന്നു് പുനഃപരിശോധിച്ചു് അവരെ അവിടെനിന്നു പറഞ്ഞയച്ചാൽ അതു് ഒരു ജനസേവനമായിരിക്കും എന്നു് എനിക്കു് ബോദ്ധ്യമുണ്ടു്. സെലക്റ്റ് കമ്മററിയിൽ ഈ കാര്യം കാര്യമായി ആലോചിക്കണമെന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ഡാക്ടർ എൻ. എസ്സ്. പിള്ള: സർ, ഈ ബില്ലിനെ അനുകൂലിക്കുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്. പത്തിരുപതിഅഞ്ചു വർഷങ്ങൾക്കുമുമ്പു് ഇതുപോലെ ഒരു ബിൽ വരണമെന്നു് ആശിച്ചുകൊണ്ടിരുന്ന ഒരാളാണു് ഞാൻ. എന്നാൽ അന്നത്തെ ഗവണ്മെൻറു വേറെ പല കാര്യങ്ങളിലും ഏർപ്പെട്ടു പ്രവർത്തിച്ചിരുന്നതുകൊണ്ടു് ഈ സംഗതിയെപ്പററി ആലോചിക്കുവാൻ ഗവണ്മെൻറിനു് സമയമുണ്ടായിരുന്നില്ല. ൧൧൨൩-ാമാണ്ടിലാണെന്നുതോന്നുന്നു ഈ ബിൽ തിരുവിതാംകൂറിൽ ആദ്യമായി കൊണ്ടുവന്നതു്. ഈ പരിഷ്കാരത്തിനുമുമ്പു് ഇവിടെയുണ്ടായിരുന്ന സകലരേയും ഈ ബില്ലിൻെറ പരിധിയിൽ കൊണ്ടുവരണമെന്നാണു് എൻെറ ആശ. ഈ ബിൽ വളരെ വേഗത്തിൽ ഒന്നു് ഓടിച്ചുനോക്കിയപ്പോൾ പല പിശകുകളും ഇതിൽ കാണുവാൻ എനിക്കു സാധിച്ചു. ബിൽ സെലക്ട്കമ്മിററിയിൽ വരുമ്പോൾ ആ തെററുകൾ തീർക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഒന്നാമതായിട്ടു ഇതിൻെറ പേരു് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷനേഴ്സ്ബിൽ എന്നാണു്. മെഡിക്കൽ പ്രാക്ടീഷനേഴ്സിൻെറ കൂട്ടത്തിൽ ദന്തവൈദ്യത്തിനു് ചേർക്കാൻ പാടില്ല. സാധാരണ എല്ലാ രാജ്യങ്ങളിലും മെഡിക്കൽപ്രാക്ടീഷനേഴ്സ് ആൻഡു് ഡന്റിസ്റ്റ് എന്നാണു് പറയുന്നതു്. ഇവിടത്തെ ലാമന്ത്രിയുടെ ബുദ്ധിശക്തികൊണ്ടാണോ മെഡിക്കൽ പ്രാക്ടീഷനേഴ്സിൻെറ കൂട്ടത്തിൽ ദന്തവൈദ്യത്തിനു് കൊണ്ടുവന്നതു് എന്നു് എനിക്കറിഞ്ഞുകൂടാ. ഇതിൻെറ ഡെഫിനിഷനിൽതന്നെ ഫണ്ടമെൻറൽ റൈററ്സിനെ ബാധിക്കുന്ന ധാരാളം കാര്യങ്ങൾ ഉണ്ടു്. അതിൽ ഒന്നു പറയാം.

> "Medical work" means practice of the healing art for human ailments of any sort by any measures by administration of medicines by natural channels."

ഈ കൂട്ടത്തിൽ മനഃപൂർവ്വം പ്രാക്ടീസ് ചെയ്യണമെന്നു് ഉദ്ദേശിക്കാത്ത ചിലരെ ചില മരുന്നുകൊടുത്തു എന്നുപറഞ്ഞു് ൧൫൦ രൂപാ ഫൈൻ

[ഡാക്ടർ എൻ. എസ്സ്. പിള്ള]

ഉണ്ടാകാം. ബഹുമാനപ്പെട്ട സ്പീക്കർക്ക്, സ്പീക്കർ ഇലക്ഷൻ വന്നപ്പോൾ കാൽ വയ്യാതായിരുന്നു. അദ്ദേഹം നല്ല ഡാക്ടറന്മാരെക്കൊണ്ടു ചികിത്സിച്ചു എങ്കിലും കാലിന്റെ സുഖക്കേടു ഭേദമായി എന്നു അദ്ദേഹത്തിനു പൂർണ്ണബോദ്ധ്യം വന്നില്ല. ഡാക്ടരുടെ ചികിത്സ കഴിഞ്ഞു തെക്കൻതിരുവിതാംകൂറിലുള്ള ഒരു തടവുവിദഗ്ദ്ധനെക്കൊണ്ടു തടവിപ്പിച്ചു സുഖക്കേടു ഭേദമാക്കി. അദ്ദേഹത്തിനു രജിസ്ട്രേഷൻ ഉണ്ടോ എന്നു അറിഞ്ഞുകൂടാ. അങ്ങനെയുള്ള ഒരാളിന്റെ അടുക്കൽപോയി ചികിത്സചെയ്യു എന്നാണെങ്കിൽ ഈ റഗുലേഷൻപ്രകാരം അതു കുറ്റകരമാണു. ചികിത്സിച്ചു എന്ന കുറ്റത്തിനു അയാളെ ചാർജ്ജുചെയ്യാം. ചില ആളുകൾ പാരമ്പര്യമായി ചില മരുന്നുകൊടുക്കുവാൻ പ്രസിദ്ധിയുള്ളവരാണു. ചിലർക്കു ചില പ്രത്യേക സുഖക്കേടിന്റെ ചികിത്സയ്ക്കു ചില ഉപദേശങ്ങൾ കിട്ടിയിരിക്കും. ആ ഉപദേശങ്ങൾ വച്ചാണു അവർ ചികിത്സിക്കുന്നതു. പല കുടുംബത്തിലും ഇങ്ങനെ ഉപദേശപ്രകാരം ചികിത്സിക്കുന്ന സ്ത്രീകളുണ്ടു. ഇക്കൂട്ടത്തിൽ കൊട്ടാരത്തിൽ ഉള്ള സ്ത്രീകളും കാണും. ചില മുസല്മാന്മാരുടെ കുടുംബത്തിൽ ഇങ്ങനെയുള്ളവർ കാണും. അവർക്കു അവരുടെ അമ്മയും അമ്മൂമ്മയും ഉപദേശിച്ചിട്ടുണ്ടായിരുന്ന ഒരു മരുന്നുകൊണ്ടാണു അവർ ചികിത്സ നടത്തുന്നതു. അവരുടെ മരുന്നുകൊടുത്താൽ ഏതു സുഖക്കേടും തീർച്ചയായും ഭേദമാകുമെന്നു ഒരു പൊതു വിശ്വാസമുണ്ടു. വളരെ വലിയ സുഖക്കേടുകൾ മാറി എന്നുവരും. അങ്ങനെയുള്ളവരുടെ ചികിത്സയെ നിരോധിച്ചുകൊണ്ടുള്ള വകുപ്പുകൾ ഇതിൽ ഉണ്ടു. അവരുടെ, ചികിത്സ പൊതുജനങ്ങൾക്കു നഷ്ടപ്പെടുന്നതു കഷ്ടമായിരിക്കും. അതുകൊണ്ടു എന്റെ അഭിപ്രായത്തിൽ ആദായം വാങ്ങിക്കാതിടത്തോളം അങ്ങനെയുള്ളവർക്കു ചികിത്സചെയ്യാം എന്നാക്കിയാൽ ആ കുഴപ്പം തീരുമെന്നാണു തോന്നുന്നതു.

ഈ ബില്ലിൽ "മെഡിക്കൽവർക്ക്" എന്നതിനെ നിർവചിക്കുന്നിടത്തു

"by any measures by administration of medicine by natural channels for gain"

എന്നുകൂടി വരുമ്പോൾ കുഴപ്പം തീരും.

ഈ രജിസ്ട്രേഷൻ പൊതുവേ വന്നതിനുശേഷം തിരുവിതാംകൂർ ഗവണ്മെന്റിന്റെ ആശുപത്രികളിൽ മരണം നന്നായിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. തിരുവിതാംകൂറിലെ മെഡിക്കൽ അഡ്മിനിസ്ട്രേഷനെ നന്നാക്കുവാൻ സാധിച്ചില്ലെങ്കിൽപിന്നെ എന്തിനാണു ഈ ബിൽ? നല്ല ഡാക്ടർമാരെ അവിടെ നിയമിച്ചിട്ടുണ്ടു. ഈ പട്ടണത്തിലെ ഒരു ആശുപത്രിയായ തൈക്കാട്ടു ആശുപത്രിയിൽ കഴിഞ്ഞ വർഷത്തിൽ സ്ത്രീത്വത്തേയും ഡാക്ടർത്വത്തേയും അവമാനിക്കുന്ന പ്രവൃത്തിക്കുന്നു എന്നു ഞാൻ ഈ സഭയിൽ പറഞ്ഞപ്പോൾ അതിനെപ്പറ്റി മെഡിക്കൽമന്ത്രിയോ മന്ത്രിസഭയോ ശ്രദ്ധിച്ചു എന്നു എനിക്കു തോന്നുന്നില്ല.

ഈ മാസം ൧൪-ാംനു-യോ, ൧൫-ാംനു-യോ ആണെന്നു തോന്നുന്നു, തൈക്കാട്ടു ആശുപത്രിയിൽ ഭയങ്കരമായ ഒരു സംഭവം ഉണ്ടായി. ബഹുമാ

നപ്പെട്ട മെഡിക്കൽമന്ത്രി ഒരു പാർലമെന്റ മെമ്പർ മുഖേന ഈ വിവരം അറിഞ്ഞിട്ടുണ്ടെന്നു എനിക്കറിയാം.

Mr. Speaker : Are you pausing for an answer ? Any how you have referred to it.

ഡാക്ടർ എൻ. എസ്. പിള്ള : തൈക്കാട്ടാശുപത്രിയിൽ എട്ടുമാസം ഗർഭിണിയായ ഒരു സ്ത്രീ ചികിത്സയ്ക്കായി ചെന്നു. ആ അവസരത്തിൽ ആശുപത്രിയിൽ മരുന്നൊന്നും ഇല്ലെന്നാണു അവിടത്തെ ഡാക്ടർ ആ സ്ത്രീയോടു പറഞ്ഞതു്.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ : തൈക്കാട്ടാശുപത്രിയിൽ പുരുഷ ഡാക്ടർമാർ ഉണ്ടോ ?

ഡാക്ടർ എൻ. എസ്. പിള്ള : അവിടെ ആണുങ്ങളും പോകും. അവിടെ പോകുന്ന സർജൻ ജനറൽ പെണ്ണുന്നാണോ മെമ്പറുടെ വിചാരം ? അതിനുശേഷം ആ സ്ത്രീക്കു ഒരു മരുന്നുവാങ്ങുന്നതിനു് എഴുതി കൊടുത്തു. അതിന്റെകൂടെ ഒരു സൂചികൂടി വാങ്ങിക്കാൻ ആവശ്യപ്പെട്ടിരുന്നു. ആ സ്ത്രീയുടെ ഭർത്താവിന്റെ കൈവശം പണം ഉണ്ടായിരുന്നതുകൊണ്ടു സൂചികൂടി വാങ്ങിക്കൊടുത്തു. ഈ അവസരത്തിൽ ആ ഡാക്ടരോടു് "പ്രിയപ്പെട്ട മാതാവേ, എനിക്കു പട്ടണ ഇതിനു് ചെലവാക്കാൻ സാധിക്കും. തീരെ സാധുക്കൾ ആരെങ്കിലും ചികിത്സയ്ക്കു വരുമ്പോൾ സൂചി വാങ്ങിക്കണമെന്നു ആവശ്യപ്പെട്ടാൽ അവർ എന്തുചെയ്യും ?" എന്നു വളരെ മര്യാദയോടുകൂടി ആ ഗർഭിണിയുടെ ഭർത്താവു ചോദിച്ചു. ഉടൻ ആ മനുഷ്യൻ ഒരു കമ്മ്യൂണിസ്റ്റാണോ എന്നു ചോദിക്കുകയും 'ഇവർക്കു മരുന്നിനു കുറിച്ചുകൊടുക്കണ്ട, വല്ല ഗുളികയും ഉണ്ടെങ്കിൽ കൊടുത്തേരു" എന്നു തന്റെ കീഴ്സിൽബന്തിയോടു ഏർപ്പാടുചെയ്യുകയുംചെയ്തു. രണ്ടു ദിവസം ആ സ്ത്രീ അവിടെ ഒരു കട്ടിലിൽ കിടന്നു. പക്ഷെ ആ ഗർഭിണിയെ ഒന്നു തിരിഞ്ഞുനോക്കാൻപോലും ആളില്ലായിരുന്നു. മൂന്നാം ദിവസം ആ ഗർഭിണിയുടെ ഭർത്താവു ഈ വിവരങ്ങൾ അവിടെയുണ്ടായിരുന്ന പാർലമെന്റ മെമ്പറോടു സങ്കടത്തോടുകൂടി പറഞ്ഞു. അദ്ദേഹം ഇതുകേട്ടു കരഞ്ഞുപോയി. ഉടനെ അദ്ദേഹം ആരോഗ്യമന്ത്രിയെ ഫോണിൽ വിളിച്ചു. വയസ്സനായ മെഡിക്കൽമന്ത്രി ഉടനെ സർജൻ ജനറലിനെ വിളിച്ചു പറഞ്ഞു. അദ്ദേഹവും വളരെ ദേഷ്യപ്പെട്ടു. അതിനുശേഷം ആ ഗർഭിണിയെ ശുശ്രൂഷിച്ചുതുടങ്ങിയെന്നു കേട്ടു. തിരുവിതാംകൂർ-കൊച്ചിയിലുള്ള മിക്ക ഡാക്ടർമാർക്കും ഈ സ്വഭാവമാണുള്ളതു്. ഈ നിലയ്ക്കു മാററമുണ്ടാകാത്ത സ്ഥിതിക്കു് ഈ ബിൽ എന്തിനു പാസാക്കുന്നുവെന്നാണു ഞാൻ ചോദിക്കുന്നതു്.

ഇനി ഈ ബിൽ സെലക്ടു കമ്മിററിയിൽ വരുമ്പോൾ എനിക്കു പറയാനുള്ളതു പറഞ്ഞുകൊള്ളാം. ഞാൻ ഈ ബില്ലിനെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഈ ബില്ലിലടങ്ങിയിട്ടുള്ള ഒന്നുരണ്ടു കാര്യങ്ങളെപ്പററി പ്രസ്താവിക്കാനാണു ഞാൻ ഇതിനെ സപ്പോർട്ടു ചെയ്യുന്നതു്. ഹോമിയോപ്പതി സിസ്റ്റത്തിനു് ഒരു പ്രത്യേക ബോർഡു വേണമെന്നുള്ള കാര്യം ഇവിടെ പല മെമ്പറന്മാരും പറഞ്ഞു. എനിക്കും

[ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള]

ഒരു കാര്യംകൂടി പറയേണ്ടതുണ്ട്. പല ഹോമിയോപ്പതി വൈദ്യന്മാർ ഗവണ്മെൻറ സർവ്വീസിൽ പല ജോലികളിലായി ഇരിക്കുന്നവരിലുണ്ട്. അവർക്ക് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടനുസരിച്ചു രജിസ്റ്റർചെയ്യാനുള്ള സൗകര്യം ഈ ബില്ലിൽ കാണുന്നില്ല. ഈ ബില്ലിൽ ഈ സംഗതിയെപ്പററി പറയുന്ന ൨൬-ാം വകുപ്പിൽ ഇതിലേക്കു വേണ്ട വ്യവസ്ഥ കൂടി ചേർക്കണമെന്നാണു സെലക്ടുകമ്മിററിയോടു പറയുവാനുള്ളത്.

അതുപോലെ പാരമ്പര്യമായി ചികിത്സയ്ക്കു പ്രസിദ്ധിനേടിയിട്ടുള്ള പല കുടുംബത്തിൽപ്പെട്ട ആളുകൾക്കും രജിസ്റ്റർചെയ്യാനുള്ള വ്യവസ്ഥ ഈ ബില്ലിലെ ൩൯-ാംവകുപ്പിൽ ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഇനി ഈ ബില്ലിൽ പറഞ്ഞിട്ടുള്ളവയല്ലാതെ പലവിധ ചികിത്സാസമ്പ്രദായങ്ങളും ഇവിടെയുണ്ട്. അവയെ എല്ലാം പ്രായോഗികമാക്കാൻ ശ്രമിക്കുന്നുമുണ്ട്. ആകയാൽ എല്ലാ ചികിത്സാസമ്പ്രദായങ്ങൾക്കും മാന്യത പാലിക്കാൻ വ്യവസ്ഥചെയ്യണം.

ഒരു നിർദ്ദേശംകൂടി എനിക്കു ഈ ബില്ലിനെ സംബന്ധിച്ചിട്ടുണ്ട്. അതായതു ബ്രിട്ടീഷുമാതൃകയിൽ, ഒരു സെൻട്രൽ കൗൺസിൽ ഉണ്ടാക്കുകയും അതിൻെറ കീഴിൽ ആവശ്യമുള്ള പ്രത്യേക ബോർഡുകൾ സൃഷ്ടിക്കുകയും ചെയ്യുന്നപക്ഷം ഈ ചികിൽസാസമ്പ്രദായക്കാരുടെ മൽസരം ഒഴിവാക്കാൻ സാധിക്കുമെന്നാണെൻെറ അഭിപ്രായം. ചോപ്രാ കമ്മററിറിപ്പോർട്ടിലും ഈ അഭിപ്രായമാണുള്ളത്.

ശ്രീ. വി. മാധവൻ: ഈ ബില്ലിനെപ്പററി ബഹുമാനപ്പെട്ട മെംബറന്മാർ വളരെ വിജ്ഞാനപ്രദമായ പല സംഗതികളും ഇവിടെ പ്രസ്താവിച്ചതു ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ ബിൽ, മുൻപെ തന്നെ തിരുവിതാംകൂറിൽ നിലവിലിരുന്ന ഒരു ബില്ലിൻെറ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു രൂപീകരിച്ചിട്ടുള്ളതു. ഇതുപോലെയൊരു നിയമം കൊച്ചിപ്രദേശത്തു ഇല്ലാത്തതുകൊണ്ടു രണ്ടു വിഭാഗത്തെയും ഒരുപോലെ ബാധിക്കുന്ന ഒരു നിയമം ഇവിടെ അവതരിപ്പിക്കുകയെന്നുള്ളതാണ് ഇതിൻെറ ഉദ്ദേശം. എന്നാൽ ഇന്നു ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളെ ഇവിടെ പരാമർശിച്ചുകഴിഞ്ഞു. പല വൈദ്യസംപ്രദായങ്ങളും പരിഷ്ക്കരിക്കുന്നതിനു ആവശ്യപ്പെട്ടുകൊണ്ടുള്ള ചർച്ചകൾ ഇവിടെ നടന്നിട്ടുണ്ട്. അതെല്ലാംതന്നെ വളരെ ഉപകാരപ്രദമായിട്ടുള്ളവയാണ്. അതിൽ ഒന്നുരണ്ടു വൈദ്യശാഖകളെ സംബന്ധിച്ചിടത്തോളം പ്രത്യേക കൗൺസിൽതന്നെ വേണമെന്ന് ചില ബഹുമാനപ്പെട്ട മെംബറന്മാർ പറയുകയുണ്ടായി. ഹോമിയോപ്പതിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതിന് ഒരു പ്രത്യേക കൗൺസിൽ വേണമെന്ന് ഹോമിയോപ്പതി ഡാക്ടർമാരിൽനിന്നും പല നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. ഗവണ്മെൻറിൻെറ നിലയും അതിനനുകൂലംതന്നെയാണ്. ഈ സംഗതിയെ സംബന്ധിച്ച് ഞാൻ ഈ ബില്ലവതരിപ്പിച്ച സന്ദർഭത്തിൽതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ബിൽ അച്ചടിച്ചു പരസ്യംചെയ്തിരിക്കുന്ന നിലയ്ക്ക് ഇനി സെലക്ററുകമ്മിററിയിൽ

ചർച്ചചെയ്യുന്ന സന്ദർഭത്തിലല്ലാതെ ഇതിൽ ഏതെങ്കിലും ഭേദഗതി വരുത്തുവാൻ സാദ്ധ്യമല്ല. ആ സന്ദർഭത്തിൽ ഈ സംഗതി പര്യാലോചിക്കാമെന്നു് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

തമിഴ്‌നാട്ടിലെ ചില സ്നേഹിതന്മാർ സിദ്ധവൈദ്യസമ്പ്രദായത്തിനും ഒരു പ്രത്യേക ബോർഡോ, കൗൺസിലോ ആവശ്യമാണെന്നു് ഇവിടെ പ്രസ്താവിച്ചു. എന്റെ സ്വന്തനിലയിൽ എനിക്കുള്ള അഭിപ്രായം പറയുകയാണെങ്കിൽ, ഈ സിദ്ധം എന്നും ആയുർവ്വേദമെന്നും പറയുന്നതു് പരസ്പരം ബന്ധപ്പെട്ടിട്ടുള്ള വൈദ്യസമ്പ്രദായങ്ങളായിട്ടാണു്, ഈ രണ്ടു സമ്പ്രദായങ്ങളിലുമുള്ള വൈദ്യന്മാരുമായി എനിക്കുള്ള സമ്പർക്കത്തിൽ നിന്നും ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. തമിഴ്സംസ്കാരത്തെപ്പററി പറയുവാൻ അവകാശമുള്ള ഈ സഭയിലെ ഒരു പ്രമുഖാംഗം സിദ്ധവൈദ്യത്തെപ്പററി ഇവിടെ പ്രസംഗിച്ചതിലും ഈ അഭിപ്രായം ബലപ്പെടുത്തുകയാണു ചെയ്തതെന്നു് എനിക്കു തോന്നി. അതിനാൽ ഇവയ്ക്കു രണ്ടിനും പ്രത്യേകം പ്രത്യേകം കൗൺസിൽ രൂപീകരിക്കുന്നതു ഒരുപക്ഷെ ഒന്നായി സംരക്ഷിക്കേണ്ട ചികിൽസാസമ്പ്രദായങ്ങളെ അകററിനിറുത്താനല്ലേ ഇടയാക്കുന്നതെന്നു ഞാൻ സംശയിക്കുന്നു. ഏതായാലും ഈ സംഗതിയും സെലക്ററകമ്മിററിയിൽ ചർച്ചാവിഷയമാക്കാവുന്നതാണു്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ സംഗതിയെസംബന്ധിച്ചു് സിദ്ധവൈദ്യന്മാരുടെ അഭിപ്രായം ആരായുന്നതിൽ തെററുണ്ടോ?

ശ്രീ. വി. മാധവൻ: സിദ്ധവൈദ്യന്മാരുടെ അഭിപ്രായം അതിനൊരു പ്രത്യേക ബോർഡു വേണമെന്നായിരിക്കും. തെക്കൻതിരുവിതാംകൂറിലും മററും അധികവും മിനറൽസ്കൊണ്ടുള്ള നീററും വാററും നടത്തിയ മരുന്നുകളാണുള്ളതു്. ആയുർവേദം അതിനെ നിഷേധിക്കുന്നതായിട്ടു് ആയുർവേദക്കാരുമായിട്ടുള്ള സംഭാഷണത്തിൽനിന്നോ സിദ്ധവൈദ്യന്മാരുമായിട്ടുള്ള സംഭാഷണത്തിൽനിന്നോ അറിയാൻ കഴിഞ്ഞിട്ടില്ല. ആയുർവേദവൈദ്യന്മാർ പല നീററമരുന്നുകളും വാററമരുന്നുകളും ഉപയോഗപ്പെടുത്തിവരുന്നതായി നമുക്കു് അനുഭവസിദ്ധമാണു്.

ശ്രീ. എ. കുഞ്ഞൻനാടാർ: കഴിഞ്ഞ നാലുകൊല്ലത്തെ അനുഭവം ദനാക്കിയാൽ ആയുർവേദഡിപ്പാർട്ടുമെൻറു് സിദ്ധവൈദ്യത്തെ ശ്വാസംമുട്ടിക്കുന്നുവെന്നല്ലാതെ മററതരത്തിൽ അറിവില്ല.

ശ്രീ. വി. മാധവൻ: ഞാൻ ആയുർവേദശാഖ എന്നുമാത്രമേ അതിനു പറയുന്നുള്ളു. അങ്ങനെ സിദ്ധവൈദ്യത്തെ ശ്വാസംമുട്ടിക്കുന്നുവെന്നു പരാതിയുണ്ടെങ്കിൽ അതു നീക്കംചെയ്യുകയല്ലാതെ രണ്ടിനേയും തരംതിരിക്കാൻ പാടില്ലെന്നുള്ള കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

പല കാര്യങ്ങളും ബഹുമാനപ്പെട്ട മെംബറന്മാർ ഇവിടെ പറയുകയുണ്ടായി. ബഡ്ജററു് പ്രസംഗത്തിനുള്ളമാതിരി ഒരു മറുപടി എന്നിൽ നിന്നും പ്രതീക്ഷിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇവിടെ പറഞ്ഞി

[ശ്രീ: വി. മാധവൻ]

ട്ടുള്ള എല്ലാം കാര്യങ്ങളും സെലക്ട്കമ്മിററി ചിന്തിക്കുന്നതും അതനുസരിച്ച് വേണ്ട പരിഷ്കാരങ്ങൾ വരുത്തി ബിൽ ബഹുമാനപ്പെട്ട സഭമുമ്പാകെ അവതരിപ്പിക്കുന്നതുമാണ്. ഇതിൽ കൂടുതലായി ഈയവസരത്തിൽ ഒരു മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ട് ബിൽ സെലക്ട്കമ്മിററിക്ക് അയയ്ക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker: The question is that the Travancore-Cochin Medical Practitioners' Bill be referred to the Select Committee consisting of:

1. Shri Alexander Parambithara
2. Dr. P. T. Thomas
3. Shri L. M. Pylee
4. Shri E. P. Varghese
5. Shri R. Ponnappa Nadar
6. Shri R. Gangadharan
7. Shri Kambisseril Karunakaran
8. Shri Nedumangad R. Kesavan Nair
9. Dr. N. S. Pillai, and
10. The Minister for Medicine and Public Health,

the quorum being four and the report to be submitted in due course.

The motion was put and carried.

THE INDIAN REGISTRATION ACT (TRAVANCORE-COCHIN) AMENDMENT BILL.

Minister for Revenue **(Shri A. Chidambaranatha Nadar):** I beg to introduce the Indian Registration Act (Travancore-Cochin Amendment) Bill.

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** I second it.

Mr. Speaker: The Bill stands introduced.

Shri A. Chidambaranatha Nadar: I move that the Bill be taken into consideration at once.

Shri Panampilli Govinda Menon: I second it.

Shri A. Chidambaranatha Nadar: The law regarding registration now in force in the State is the Indian Registration Act, 1908. The Indian Act does not contain any provision for licensing document writers. However, Section 64 (1) of the Travancore Registration Act had conferred on Government power to frame rules for the licensing of document writers. In exercise of this power, rules had been framed and a system of licensing of document writers had been introduced. Now that by the extension to this State of the Indian Registration Act which does

not provide for the framing of the rules for the licensing of document writers and the consequent repeal of Section 64 of the Travancore Act, the Rules already in force have ceased to have effect.

The object of the proposed amendment is to re-introduce the system of licensing of document writers. The Indian Act as in force in this State has to be suitably amended by incorporating therein a provision similar to Section 64 (1) (b) of the Travancore Registration Act. The bill is designed to achieve the above object.

Shri A. Thanu Pillai: I wish to offer a few remarks on this Bill. It proceeds on the basis that licensing of document writers has to be introduced for improving document writing in this State. The hon'ble Minister has not given any other details. We have that provision in our State. My point is only this. Are we competent to amend the Indian Registration Act? No doubt the Constitution provides that on a subject in the concurrent list we can legislate without repugnance to the Union enactment on the subject. Therefore we can bring in this provision into our law. This will not find a place in the Indian Registration Act. This can apply only in our State. Therefore to me it appears that we should call it the Travancore-Cochin Registration Act. Probably we may call it the Travancore-Cochin Supplementary Act or some such title as that. The Advocate-General is present in the House. We can get his legal opinion on this matter. Moreover here we shall have occasions to make similar amendments. We should adopt some satisfactory method of entitling those laws.

Shri O. C. Ninan: Even if we title it in a different way, will it not have the effect of amending the Indian Registration Act?

Shri A. Thanu Pillai: It will not. It is only adding a provision to our Act, which is applicable only to our State. It is not amending.

Shri O. C. Ninan: Then you also agree that this House has no power to amend the Indian Registration Act.

Shri Panampilli Govinda Menon : The hon. Member from Trivandrum has raised the question as to how these Acts should be entitled. But so far as the Provinces in India are concerned *i. e.* part A States are concerned, this sort of legislation is not new. For example in the case of the Indian Court Fees Act which is a Central Legislation the hon. Member can see that this is the way in which that Act has been amended by the various States. That is to say, there is a Central legislation coming under the concurrent list and to that legislation each State Legislature can have its own amendments. This is the accepted procedure everywhere in India and it is called amendment to the Indian Registration Act. There is nothing preventing this Legislature to amend the Indian Registration Act and to call it the Indian Registration Act (Travancore-Cochin Amend-

[Shri Panampilli Govinda Menon]

ment Act. The reason is this. This legislation under the Concurrent List and that Act which was passed in India in the year 1908 have been extended to Travancore-Cochin under the Part B States Act and that law has come into force in Travancore-Cochin from 1st April, 1951. It is as much a law of this State as any other law which was passed by the Legislature of the State. And we can certainly amend that.

The only limitation is this. If as a result of this amendment repugnancy arises, and even otherwise, the concurrence of the President of India is necessary. That is all. If this Bill will be passed it will be Indian Registration Act amended for Travancore-Cochin. That law will come into force, and that will become valid only after we receive the consent of the President of India. That is how subjects falling under the concurrent list are amended. This is the procedure usually adopted in all States in India and although we are new to it the Part A States are not new to this sort of legislation.

Shri M. Gopalan Nair : From the explanation given by the Finance Minister it is seen that we have power to amend the Indian Registration Act. On going through the Registration Act I find that there are very many sections which require amendment and which are still in force.

From 1st April 1951, it is the Indian Registration Act which is the statutory law in Travancore-Cochin. Even then I shall cite one instance. There is provision in the old Registration Act that a document can be registered in any place provided the required fee is paid. In the Indian Registration Act documents can be registered only where the lands are situated. There are some other provisions in the Act which require modification.

Shri Panampilli Govinda Menon: I submit that if any difficulty is experienced it can be looked into. Even if this amendment is passed there is nothing preventing a further amendment being postulated.

Adjournment Motion *re* closing down of Titanium Products, Ltd., Trivandrum.

4 P. M.

Mr. Speaker : Order, order. We will now proceed to discuss the adjournment motion. Mr. Nataraja Pillai.

Shri P. S. Nataraja Pillai : I move for the adjournment of the House to discuss a definite matter of urgent public importance, namely, the closing down of the Titanium Products Factory at Trivandrum.

(Mr. Deputy Speaker in the Chair.)

Sir, the company called the Titanium Products, Ltd. was started in 1946 with a capital of about Rs. 75 lakhs of which the Government have subscribed about Rs. 38.25 lakhs, according to one report, and according to another publication, about Rs. 33'28 lakhs. Government are having a controlling share over the company. The company was started by the British Titanium Products who are the managing agents of the company, and the Government have, I believe, made an agreement with the Titanium Products for the erection and management of this factory with some other conditions. The erection was completed in 1947, I believe, and the factory went into production in October, 1921. The company intended to manufacture titanium pigments, and some substance called "Anatase" is being manufactured. The productive capacity was estimated at something like five tons a day. After working for nine months, the company had to suspend work in June this year. By that time, I believe, on account of the cost of production which was said to have risen to Rs. 180 per hundredweight, the company was not able to market its products, and it has consequently accumulated a stock which could not be sold. If what I am told is correct, the company has a stock of nearly 186 tons of finished products to be marketed. When the cost of production was something like Rs. 180 per hundredweight, the product could not be sold even at the sale price of nearly Rs. 140, I believe my information is correct. Another imported variety of the paint is available at a low cost"Lithaphone" or something like that. So, on a competitive basis, this factory could not at present produce the substance which could be advantageously sold in the market. Even after the company which was floated in 1946 has worked for five years, and after having gone into production and manufactured the article the cost of production became so high that the product could not be marketed. That is the result of the working for about five years. Even after eight months' experience of manufacturing the product at a loss, matters could not be set right, and I am told that the company has now incurred a debt of nearly Rs. 14 lakhs. That is where it stands today. In the face of these difficulties, the management has closed down the factory. The matter for consideration of the House is this. Here is a company which uses the raw materials of our State , plants of which were erected with the substantial share of Government money ; the company itself controlled and directed by the Government, and it has now come to a standstill and is faced with no prospects of being worked again profitably. What is the real implication of this affair is the matter which this House has to consider. Sir, if it is a question that the cost of production is really high and the article produced cannot be marketed in a competitive market, that fact was within the cognizance of the Directorate from the very inception of the factory. That, I think, must be within the knowledge of the Government too. Government, as the major partner in the concern, should have

[Shri P. S. Nataraja Pillai.]

realized from the very outset that it was a company in which thay have invested a large amount of public money and should have known that after the erection of plant and machinery at enormous cost,it could not be profitably worked without incurring loss, unless a new plan of work was devised early. Did the Government take note of this fact in time? If so what action have they taken so far? I am told there was recently an effort to put up additional machinery, to manufacture some other product using some new process to produce another pigment. Even there, for its erection, some money has been spent. Whether adequate care was taken to assess the cost of production, whether expert advice was called for, are all matters which the people have a right to ask.

There is another aspect of the matter. As far as I understand, this industry seems to be of a highly technical nature connected as it is with the chemical industry, and I am told that because of its nature, expert knowledge is absolutely necessary to handle the factory and its production. In the terms of the contract which this Government made with the British Titanium Products, which has the managing agency of this company as well there was a provision for supplying the British Titanium Products with a particular quantity of ilmenite from our State for their own manufacture of Titanium pigments. That means the Travancore Titanium and its Managing Agents were separate manufacturers of Titanium pigments from the same raw materials, with separate interests in their respective products. One other factor is that the article produced in this factory is being distributed or, in other words, the selling agents of the products of this factory are the Imperial Chemicals, Ltd., who are marketing the other variety of the product manufactured by the Managing Agents at a lower rate. The marketing aspect or the marketing activities of this factory were not designed in such a way as to secure a hold in the market. The Imperial Chemical Industries, a worldwide organization which practically monopolises the chemical industries, is the selling agent of our products as well as the selling agent of the British Titanium Products manufactured in England, from the raw materials-I believe I am correct in saying that—supplied by the Travancore-Cochin Government in the shape of ilmenite. Thus, there is a real conflict of interests. Is it due to the conflict of these interests or is it due to other circumstances, that we find ourselves unable to sell our goods in the competitive market? These are matters that have to be enquired into.

I am told, that the cost of management is very high in this factory. How far it is true, I do not know. I verified the information which I got in this respect. I can very well appreciate expert technicians being paid very high salaries or emoluments, but I am told that the cost of management—the cost of European

as well as Indian Officers—comes somewhere near Rs. 10 to Rs. 12 thousand a month, I think the staff including the labour engaged in the factory will be nearly 300 and costs Rs. 14 thousand a month. Now, practically the closing down of this factory has resulted in the unemployment of labour engaged there. More than that, the people of this country are facing the problem of a major industry started with the people's money, being closed down and the plant lying idle. The only course that may be possible immediately will be to seek protection on the ground of severe competition. Even to seek protection, tariff protection, from the Tariff Board and the Government of India, we have to prove to the satisfaction of the authorities concerned—Tariff Board and such other authority of the Government of India—that the Travancore-Cochin Government are running the factory on rationalised lines, and that due care has been taken to bring down the cost of production and the management cost and there is unfair competition. Whether the Government are today in a position to say that and are prepared to stand scrutiny by experts is a matter which I do not know, and which Government alone can say. If we are able to get protection, perhaps we will be able to start work to continue the manufacture.

(Mr. Speaker in the Chair).

If we fail in that, the only course left open will be to stop the working of this factory and to invest further money to redesign the factory to manufacture consumer articles direct. Sir, the extent of investment we may require to re-plan and re-start the activities of the present factory is a matter that requires expert investigation and careful appraisal. Whether there are other practical methods or scientific methods or other technical devices by which we could reduce the cost of production is another matter to be examined. I am told that for the successful working of the factory we required sulphuric acid. The non-availability of this material and the high cost of it have stood in the way of manufacturing product at competitive rates from this factory. If I remember correct, when in 1946 this factory was designed for Trivandrum, simultaneously it was mooted by the authorities then in power, that a sulphuric acid plant will be erected at Kundara so that the sulphuric acid produced there could be utilised for the manufacture of titanium products at Trivandrum. I am in a position to say definitely that there was a proposition of that nature under the active consideration of Government during 1946-47. Now I understand from the statements made in this House and the stray utterances found in Government publications, that the sulphuric acid plant erected at Kundara has been shifted to Alwaye where the factory is under way, the reason being that somewhere near by the rayons factory set up will be in a position to use up all the sulphuric acid produced there. There is necessity to manufacture sulphuric acid nearby is an established fact. The titanium factory at Trivandrum will be able to procure the necessary titanium raw material, ilmenite from Chavara. It is with a view

[Shri P. S. Nataraja Pillai.]

to help this factory that the sulphuric acid plant was proposed to be put up at Kundara as also for the development of industries in general if the acid is found in sufficient quantities. That is how I understood the position there. Whatever that may be, now we are faced with this problem. The Government has to face it. Speedy methods should be devised to bring the titanium factory into working order as early as possible. Before attempting that the Government benches will have to give some information about their past, that is so far as the working of this factory is concerned. Did the Government know before hand that this new factory cannot be successfully run? After knowing that, what steps have they taken so far till the actual closing down of the factory? Were there not possibilities of anticipating a close down of the factory early enough? Why did not Government devise methods to see that the factory was not closed down? If so, what are the steps they have taken so far? How do Government justify their position so far as the closing of the factory is concerned? If the Government have neglected to assess the work of the concern and to envisage a close down, it appears, Sir, that it is a gross misappropriation and to a certain extent negligence on the part of Government to have brought about this situation. If the Government had been alert enough they would not have allowed for 'close down' of the factory, which had been set up at a huge cost. Considering all these circumstances, we have to do something now for which we have to devise methods. If the Government did not do so, then it must be their indifference or negligence. The earlier the thing is remedied and methods found out to bring the factory again in working order, the better it is for the interests of the country. I have only to say that it being one of the very important industries started here using one of our most important raw products, and that too being a rare commodity in the whole world, I would request Government to bring the factory into working order and to see that we rehabilitate it in the real sense of the term. Every effort must be made to bring about maximum production as early as possible so that the labour of our country may be engaged and the State may also be benefited as much as possible.

ശ്രീ. ടി. കെ. ദിവാകരൻ: സർ, ശ്രീ. നടരാജപിള്ള അവതരിപ്പിച്ച പ്രമേയത്തെ പിന്താങ്ങിക്കൊണ്ടു് ആ ഫാക്ടറിയിലെ തൊഴിലാളികളുടെ കാര്യം പ്രത്യേകമായി പറയുന്നതിനാണു് ഞാൻ ഇവിടെ എഴുന്നേററുനിൽക്കുന്നതു്. ഫാക്ടറിയിൽ നടക്കുന്ന തൊഴിലിനെ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ശ്രീ. നടരാജപിള്ള വ്യക്തമാക്കിയിട്ടുണ്ടു്. ൧൫ ലക്ഷംരൂപ മൂലധനത്തോടുകൂടി ആരംഭിച്ച ഈ ഫാക്ടറിയുടെ പ്രവർത്തനത്തിൽ ൧൨ ലക്ഷംരൂപയും ഗവണ്മെൻറിൻെറ വകയാണു്. ഈ കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നകാലത്തു് അതിൻെറ കെട്ടിടത്തിൻെറ പണിക്കായി ഏകദേശം ൧൩ ലക്ഷം രൂപ ചെലവു വരുമെന്നാണു് കമ്പനിയുടെ പ്രവർത്തകർ കണക്കാക്കിയിരുന്നതു്. എന്നാൽ

കമ്പനിയുടെ കെട്ടിടംപണി പൂർത്തിയാക്കിയപ്പോൾ മിക്കവാറും ൧ ൫ ലക്ഷം രൂപയും ചെലവാക്കിക്കഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാര്യമായ മൂലധനം ഒന്നും കൂടാതെതന്നെയാണ്, അതുകൊണ്ട്, ഈ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചത്. ഈ കമ്പനിയുടെ ഭൂരിപക്ഷം ഷെയറും നമ്മുടെ ഗവണ്മെൻറിനുണ്ടായിരുന്നിട്ടും അതിൻെറ മാനേജിംഗ് ഏജൻസി, ഒരു ബ്രിട്ടീഷ് ടൈററാനിയം പ്രൊഡക്ററ്സിന് നൽകിയിരുന്നു. ഈ കമ്പനിക്ക് ആവശ്യമുള്ള മിഷനറികൾ വരുത്തുന്നതും ഈ ഏജൻസിയിൽക്കൂടി മാത്രമേ പാടുള്ളൂ എന്നുള്ള ഒരു കരാർകൂടി ഉണ്ടായിരുന്നു എന്നാണ് എൻെറ അറിവ്. ഇവിടെയുള്ള വിദഗ്ദ്ധന്മാർതന്നെ ഇങ്ങനെയുള്ള ഒരു കരാറിന് എതിരായിരുന്നു. ലോകത്തുള്ള ടൈററാനിയം പ്രോഡക്ററ്സിൻെറ കുത്തകതന്നെ തങ്ങൾക്ക് പുലത്തണമെന്നാഗ്രഹിക്കുന്ന ഒരു കമ്പനിയാണ് ബ്രിട്ടീഷ് ടൈററാനിയം പ്രോഡക്ററ്സ്. അങ്ങനെയുള്ള ഒരു കമ്പനിയുടെ കയ്യിലേക്ക് മാനേജിംഗ് ഏജൻസി അർപ്പിച്ചതാണ് ഇപ്പോൾ ഈ കമ്പനിയുടെ പരാജയഹേതു എന്നു വിചാരിക്കാവുന്നതാണ്. കെട്ടിടത്തിനും മിഷനറികൾക്കുംകൂടി ൧ ൫ ലക്ഷം രൂപയോളം ചെലവായിക്കഴിഞ്ഞിരിക്കുന്നു. ഇൻഡ്യയിൽതന്നെ ൮,൦൦൦ ടൺ പിഗ്മെൻറ് ചെലവാകും എന്നുള്ള ധാരണയിലാണ് ഇവിടെ ഈ കമ്പനിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. എന്നാൽ യഥാർത്ഥത്തിൽ അത്രയും ടൺ ചെലവാകുന്നില്ലെന്നാണ് ഇപ്പോൾ ലഭിച്ചിട്ടുള്ള വിവരത്തിൽനിന്നും മനസ്സിലാകുന്നതെന്നു കമ്പനിയധികാരികൾ പറയുന്നു. കമ്പനിയുടെ ഉൽപ്പാദനശേഷി പ്രതിവർഷം ൩,൮ ൦ ൦ ടൺ ആണെങ്കിലും പ്രതിവർഷം ൮ ൦ ൦ ടൺ ഉൽപ്പാദനം ഉണ്ടാക്കാൻ സാധിക്കുമെങ്കിൽ ഈ കമ്പനി നടന്നുപോകാനുള്ള സാദ്ധ്യതയുണ്ടെന്നാണ് കമ്പനിയധികാരികളിൽനിന്നും മററ് അറിവുകളിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. ഈ കമ്പനിയിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന പ്രോഡക്ററ്സിന് മാർക്കററിൽ ടണ്ണിന് ഏകദേശം ൩,൨ ൦ ൦ രൂപയോളം വിലവരുമെന്നും അതേയവസരത്തിൽ ഈ കമ്പനിയുടെ ഏജൻറായ ബ്രിട്ടീഷ് ടൈററാനിയം പ്രോഡക്ററ്സ് ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നത്തിന്നു ടണ്ണിന് ൨,൦ ൦ ൦ രൂപവച്ച് വിററുവരുന്നുണ്ടെന്നുമാണ് അറിയുന്നത്. അങ്ങനെ ഇൻഡ്യൻ മാർക്കററിൽതന്നെ നമ്മുടെ വ്യവസായത്തിന് അതിൻെറ നടത്തിപ്പുകാരനുമായി മത്സരിക്കേണ്ടതായിട്ടുണ്ട്.

മറെറാന്ന് സൽഫ്യൂറിക്കാസിഡിൻെറ ക്ഷാമമാണ്. ഇതിലേയ്ക്കാവശ്യമുള്ള സൽഫ്യൂറിക്കാസിഡ് എഫ്. എ. സി. ററി.-യിൽനിന്നും നൽകുന്നതാണെന്നു കമ്പനിയെ ധരിപ്പിച്ചിരുന്നു. എന്നാൽ എഫ്. എ. സി. ററി. മററു പല കാര്യങ്ങളിലും പരാജയപ്പെട്ടതുപോലെ പറഞ്ഞിരുന്നപ്രകാരം സൽഫ്യൂറിക്കാസിഡ് കൊടുക്കുവാൻ കഴിഞ്ഞില്ലെന്നു മാത്രമല്ല, ഉദ്ദേശിച്ചിരുന്നതിനെക്കാൾ വമ്പിച്ച ചെലവുചെയ്ത് കമ്പനിക്കു പുറത്തുനിന്നും സൽഫ്യൂറിക്കാസിഡ് വരുത്തേണ്ടതായുംവന്നു. ഉൽപ്പാദനത്തിന് ചെലവാക്കിയിട്ടുള്ള കൂടുതൽ തുകയും ആസിഡിനുവേണ്ടിയാണെന്ന് കാണാൻ കഴിയും. നമുക്ക് ലഭിക്കുവാൻ അർഹതയുള്ള സൽഫർ ക്വോട്ടാ മുഴുവനായി ലഭിച്ചിട്ടില്ലെന്നും പരാതിയുണ്ട്. ഗവണ്മെൻറ് അതിനുവേണ്ടി വേണ്ടപോലെ ശ്രമിച്ചിട്ടില്ലെന്നുള്ളതും

[ശ്രീ. ററി. കെ. ദിവാകരൻ.]

പ്രസ്താവ്യമായ ഒരു കാര്യമാകുന്നു. അങ്ങനെ സൽഫ്യൂറിക്കാസിഡ് പ്രതീക്ഷിച്ചതുപോലെ കിട്ടാതെവരികയും ഇൻഡ്യൻ മാർക്കററിൽതന്നെ മത്സരമുണ്ടാകുകയും ചെയ്തതുകൊണ്ടാണ് ഈ ഫാക്ടറിയിലെ പ്രവർത്തനം പരാജയപ്പെട്ടിരിക്കുന്നത്. ലിത്തോഫോൺ എന്ന ഒരുതരം വെള്ള പിഗ്മിൻറ് വളരെ കുറഞ്ഞ വിലയ്ക്ക് ഇറക്കുമതിയും ആരംഭിച്ചിരിക്കുന്നു. ഗവണ്മെൻറ് ഡയറക്ടറന്മാരിൽ രണ്ടുപേർ മാനേജ്മെൻറിൽ ഉണ്ടെന്നു മനസ്സിലാകുന്നു. ഈ ഡയറക്ടറന്മാർ ശരിയായി ഈ വ്യവസായത്തിൻെറ മൂലധനത്തെയും ആ വ്യവസായത്തെ പ്രത്യേകം സംരക്ഷിക്കേണ്ട ആവശ്യത്തെയും യഥാവസരം നമ്മുടെ ഗവണ്മെൻറിനെയും അതുവഴി ഇൻഡ്യാഗവണ്മെൻറിനെയും അറിയിച്ചിരുന്നെങ്കിൽ ഈ വ്യവസായത്തിനു് ആവശ്യമുള്ള സംരക്ഷണം ഇതിനകം നമുക്കു് ലഭിക്കുമായിരുന്നു. കമ്പനിയുടെ ശ്രമഫലമായി ഇന്നു് ഓപ്പൺ ജനറൽ ലൈസൻസിൽനിന്നും ലിത്തോഫോൺ ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നും എന്നാൽ അതുകൊണ്ടും കാര്യമായ പ്രയോജനം ഉണ്ടായിട്ടില്ലെന്നുമാണ് ഞാൻ അറിയുന്നതു്.

ഈ കമ്പനിയുടെ പുനരുദ്ധാരണത്തിനുവേണ്ടി ഗവണ്മെൻറ് കുറച്ചുതുകകൂടി മുതൽമുടക്കുകയും, വരുന്ന ഡിസംബർമാസം കഴിഞ്ഞു് പുതിയതായി ഇൻഡ്യാഗവണ്മെൻറിൽനിന്നും ഇംപോർട്ട് പാളിസി നിശ്ചയിക്കുന്ന അവസരത്തിൽ ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം വേണ്ടത്ര സംരക്ഷണം നൽകണമെന്നു് ഇൻഡ്യാഗവണ്മെൻറിനോടു് ശക്തിയായി നിവേദനം നടത്തുകയും ചെയ്യുന്നതായാൽ നിശ്ചയമായും നമ്മുടെ പ്രതീക്ഷയിൽകവിഞ്ഞ പുരോഗതി ഈ വ്യവസായശാല വീണ്ടും ആരംഭിക്കുന്നതിനു് ഉണ്ടാകുന്നതാണ്. ഈ കമ്പനിയെ സംബന്ധിച്ചിടത്തോളം ആവശ്യമുള്ള മൂലധനം ഇല്ലാത്തതുകൊണ്ടു് അവർ കേന്ദ്ര ഇൻഡസ്ട്രിയൽ ഫൈനാൻസ് കാർപറേഷനോടു് സഹായധനം ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ധനസഹായം ചെയ്യാൻ അവർ വിസമ്മതിക്കുകയാണു ചെയ്തതു്. സംസ്ഥാനത്തു് ഇതുപോലെ പല വ്യവസായശാലകളും വേണ്ടത്ര മൂലധനമില്ലാത്തതുകൊണ്ടു് പ്രവർത്തനരഹിതമായിരിക്കയാണ്. ഒരു വലിയ മൂലധനം ഗവണ്മെൻറിൽനിന്നും മുതൽമുടക്കുള്ള ഈ ടൈറ്റാനിയം കമ്പനി,—ഇൻഡസ്ട്രിയൽ ഫിനാൻഷ്യൽ ആക്ട് തിരുവിതാംകൂർ-കൊച്ചിയിൽകൂടി നടപ്പാക്കുകയും വ്യവസായങ്ങൾക്കു് ധനസഹായം ചെയ്യുന്നതിനുള്ള സൗകര്യത ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തിരുന്നുവെങ്കിൽ—അടച്ചുപൂട്ടിയിടേണ്ട ഒരവസ്ഥയിലെത്തുകയില്ലായിരുന്നു. സർ, ഈ ഫാക്ടറി ഒരുദിവസംകൊണ്ടു് അടച്ചുപൂട്ടിയതല്ലെന്നു് ഫാക്ടറിയുടെ നിലപാടുനോക്കിയാൽ അറിയാം. ഏകദേശം മൂന്നു മാസങ്ങൾക്കുമുൻപു് ൽ ൦ തൊഴിലാളികളെയും, ൧ ൦ ശതമാനം സ്റ്റാഫ്ജോലിക്കാരെയും കമ്പനിപ്രവർത്തനം നഷ്ടമാണെന്നുള്ള കാരണത്തിന്മേലും റൂട്ടൈൽപിഗ്മെൻറ്പ്ലാൻറ് സ്ഥാപിക്കുവാൻ പോകുന്നുവെന്നപേരിലും പിരിച്ചുവിടുകയുണ്ടായി. ൩ മാസംവരെ തൊഴിലാളികൾക്കു് പ്രതിമാസം ൩ ൦ രൂപവീതം നഷ്ടപരിഹാരമായി കൊടുക്കുകയുംചെയ്തു. ഇങ്ങനെയിരിക്കെ, മൂന്നുമാസം കഴിഞ്ഞയുടൻതന്നെ പെട്ടെന്നു് കമ്പനി അടച്ചുപൂട്ടുകയുംചെയ്തു. കഴിഞ്ഞ നാലഞ്ചുവർഷ

മായിട്ട് അവിടെ ജോലിചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ഗ്രാററുവിററിയായി ഒരു കാശുപോലും കൊടുത്തിട്ടില്ല. ഈ കമ്പനി കക്ഷിയായിട്ടുള്ള രണ്ട് തൊഴിൽത്തർക്കകേസ്സുകൾ ഇപ്പോൾ ട്രൈബ്യൂണൽ മുൻപാകെ വിചാരണയിലാണ്. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് അനുസരിച്ച് അധികൃതമായ യാതൊരു അനുവാദവും കൂടാതെയാണ് പിരിച്ചുവിട്ടതും ഫാക്ടറി അടച്ചുപൂട്ടിയതും. അതുതന്നെ ഒരു നിയമനിഷേധമാണ്. ഈ ഫാക്ടറിയുടെ ഉത്ഭവംമുതൽക്കുതന്നെ വിദേശ ഏജൻസികൾ മുഖാന്തരമുള്ള മാത്സര്യങ്ങളും ഉണ്ടായിരുന്നു. മാത്സര്യം ഒരുവശത്തും മൂലധനക്കുറവ് മറുവശത്തും. ഇങ്ങനെയായപ്പോൾ ഫാക്ടറിയുടെ പ്രവർത്തനം ക്രമേണ അധഃപതിക്കാൻതുടങ്ങി. ഫാക്ടറി അധഃപതനത്തിലേക്കാണ് പോകുന്നതെന്ന് അതിന്റെ മാനേജ്മെന്റിനു നേരത്തെതന്നെ അറിയാമായിരുന്നിട്ടും ഗവണ്മെന്റിനെ ഈ കാര്യം മുൻകൂട്ടി ധരിപ്പിക്കാതിരുന്നത് എന്തുകൊണ്ടാണെന്നുള്ളത് പല സംശയങ്ങൾക്കും ഇടകൊടുക്കുകയാണ്. ഗവണ്മെന്റിന്റെ ന. വ്യലക്ഷം ഉറുപയോളം മുതൽമുടക്കുള്ള ഈ ഫാക്ടറിയിൽ നമ്മുടെ ഗവണ്മെന്റിനെ പ്രതിനിധീകരിക്കുന്ന രണ്ടു വ്യക്തികളുണ്ട്. ഒന്ന് ചീഫ്സെക്രട്ടറിയും മറ്റേത് ഒരു മഹാദേവനും. ഗവണ്മെന്റിന്റെ മുതൽമുടക്കുകൂടിയുള്ള ഈ ഫാക്ടറിയിലെ പ്രവർത്തനനിലപാടിനെ സംബന്ധിച്ച് പ്രതിനിധികളായ ഈ വ്യക്തികൾക്കും മുൻകൂട്ടി ഈ കാര്യങ്ങളെല്ലാം അറിയാമായിരുന്നിരിക്കണം. അതുകൊണ്ട് എനിക്ക് ഈ സഭാംഗങ്ങളോട് പറയാനുള്ളത് ഈ ഫാക്ടറിയുടെ അധഃപതനം പെട്ടെന്നു സംഭവിച്ചതല്ലെന്നും അതിന്റെ ഉത്ഭവകാലംമുതല്ലേ തുടങ്ങിയിട്ടുള്ളതാണെന്നും ആണ്. നമ്മുടെ ഗവണ്മെന്റിന്റെ പ്രതിനിധികൾതന്നെ ഈ അധഃപതനം നേരത്തെ മനസ്സിലാക്കിയസ്ഥിതിക്ക് എന്തുകൊണ്ടാണ് വേണ്ടതരത്തിലുള്ള നടപടികളെടുക്കാഞ്ഞത്, എന്നാണെങ്കിൽ, ഒന്നുകിൽ ഇവർ മാനേജ്മെന്റിന്റെ ഭാഗത്ത് ചേർന്നിരിക്കണം, അല്ലെങ്കിൽ ഗവണ്മെന്റിനെ വഞ്ചിക്കണമെന്നുള്ള ഉദ്ദേശമുണ്ടായിരുന്നിരിക്കണം. ഏതായാലും ഗവണ്മെന്റിൽനിന്നും മുടക്കിയിട്ടുള്ള തുകയ്ക്ക് ഏതെങ്കിലുംതരത്തിൽ ഹാനിയുണ്ടാകുന്നപക്ഷം അതിനുത്തരവാദികളായ വ്യക്തികളുടെമേൽ നടപടി എടുക്കേണ്ടതു് ഏററവും അത്യാവശ്യമാണ്. മാത്രമല്ല, ഈ നിയമസഭ പാസ്സാക്കിയിട്ടുള്ള ഒരു നിയമത്തിനെ ലംഘിച്ച് ഒരു പ്രഭാതത്തിൽ അനധികൃതമായി ഫാക്ടറി അടച്ചുപൂട്ടിയതിന് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി നടപടികളെടുക്കണമെന്നാണ് എന്റെ അപേക്ഷ. മാത്രമല്ല, ഈ ഫാക്ടറിയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി കുറേക്കൂടി ഉത്തരവാദബോധമുള്ള ഗവണ്മെന്റുപ്രതിനിധികളെ നിയമിക്കുകയും അതോടുകൂടി ബ്രിട്ടീഷ് ടൈററാനിയം പ്രോഡക്ററ്സിന്റെ ഏജൻസി അവസാനിപ്പിച്ച്, ഫാക്ടറി ഗവണ്മെന്റ് ഏറെറടുത്തു നടത്തുകയും ചെയ്യുന്നതു് ഉത്തമമാണെന്നാണ് എനിക്കു തോന്നുന്നത്. ഈ കാരണങ്ങളാൽ ഞാൻ പ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നു.

Shri A. Thaun Pillai: May I, at this stage, suggest that the Minister in charge may give us a fuller and probably more accurate information which would facilitate further discussion?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ അസംബ്ലിയേയും അതുവഴി നാട്ടിലെ പൊതുജനങ്ങളേയും അതുവഴി ഈ വിഷയത്തെ സംബന്ധിച്ച് (അതായത് ടൈട്ടാനിയം കമ്പനിയുടെ) ഉള്ള വിവരങ്ങൾ അറിയിക്കാനുള്ള ഒരു സൗകര്യം കിട്ടുമല്ലോ എന്നു വിചാരിച്ചാണ് ഞാൻ ഈ പ്രമേയത്തെ എതിർക്കാതിരുന്നത്. ഈ വിഷയത്തെപ്പററി പ്രമേയകർത്താവിനുവേണ്ടിടത്തോളം പരിജ്ഞാനമുണ്ടെന്നുതന്നെയാണ ഞാൻ വിചാരിക്കുന്നത്. സർ, ഈ കമ്പനി ഇവിടെ ഇൻകാർപ്പൊറേററ ചെയ്തതു് ൧൧൨൩-ൽ ആണ്. ൭൫ ലക്ഷം രൂപയുടെ മുതൽമുടക്കോടുകൂടിയാണ് പ്രവർത്തനം ആരംഭിച്ചതു്. ഇതിൽ ഏകദേശം മുപ്പത്തിയെട്ടേകാൽലക്ഷം രൂപായുടെ ഷെയർ നമ്മുടെ ഗവണ്മെൻറിനുണ്ടു്. എന്നാൽ ൧൧൨൩-ൽതന്നെ തുടങ്ങിയിട്ടുള്ള മറെറാരു കമ്പനിയും ഈ കമ്പനിയുമായി ഒരു ഏജൻസി കരാർ ചെയ്തിട്ടുണ്ടു്. ആ കമ്പനി രജിസ്റ്റർചെയ്തതു കൊല്ലത്താണ്. ൧൧൨൩-ൽ രജിസ്റ്റർ ചെയ്ത ടൈട്ടാനിയം കമ്പനി പ്രൊഡക്ഷൻ തുടങ്ങിയതു് ൧൧൨൫ അക്ടോബറിലാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: മറെറാരു കമ്പനിയെന്നു പറഞ്ഞ ബ്രിട്ടിഷ് ടൈട്ടാനിയം കമ്പനിക്ക് വേണ്ടി ഈ ഗവണ്മെൻറ് എത്ര രൂപാ മൂലധനം മുടക്കിയിട്ടുണ്ടു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മറെറാരു കമ്പനിയെന്നു പറഞ്ഞതു് ബ്രിട്ടീഷ് ടൈട്ടാനിയം കമ്പനിയല്ല. അതു് Indian Titanium products Company ആണ് ആ കമ്പനിയിൽ ഈ ഗവണ്മെൻറ് ൧൦ രൂപവീതം വിലയുള്ള ൨൩൨൩൦ ഷെയർ എടുത്തിട്ടുണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതിൽ കമ്പനിക്കാരുടെ വിദഗ്ദ്ധവിജ്ഞാനത്തിനുവേണ്ടി രൂപയായിട്ടു കണക്കാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയാണ് 1946-ലെ കരാറനുസരിച്ച് ചെയ്തിട്ടുള്ളതു്. അവരുടെ മാനേജ്മെൻറിനും അവരുടെ വിദഗ്ദ്ധവിജ്ഞാനത്തിനുമായി ൨൩൦൦൦-ൽ പരം ഷെയർ അലാട്ടു ചെയ്തുകൊടുത്തിട്ടുണ്ടു്. മിക്കവാറും ഈ സഭയുടെ രണ്ടുഭാഗത്തും അഭിപ്രായവ്യത്യാസമില്ലാത്ത ഒരു വിഷയത്തെ സംബന്ധിച്ചാണ് ഞാൻ സംസാരിക്കുന്നതു്. സർ, ഈ കമ്പനിയിലെ മാനേജിംഗ് ഏജൻസിക്കു വേണ്ടി ഗവണ്മെൻറ് ഷെയർ എടുത്തിട്ടുള്ള സ്ഥിതിക്ക് മാനേജിംഗ് ഏജൻസിക്കുവേണ്ടി ഒരു അലവൻസും കിട്ടുമെന്നുതന്നെയാണ ഞാൻ വിചാരിക്കുന്നതു്. ഗവണ്മെൻറിന് ഈ കമ്പനിയിൽ ധാരാളം ഷെയർ ഉണ്ടു് എന്നനിലയിലും ഇതു് നമ്മുടെ രാജ്യത്തെ ഒരു വ്യവസായമെന്നനിലയിലുമാണ് ഞാൻ സംസാരിക്കുന്നതു്. ൧൧൨൩-ൽ രണ്ടു കമ്പനികളുമായിട്ടുള്ള കരാർ വ്യവസ്ഥയനുസരിച്ച് ൧൧൨൫-ൽ ടൈട്ടാനിയം കമ്പനിയിൽ പ്രൊഡക്ഷൻ തുടങ്ങി.

എന്നാൽ കമ്പനി പ്രൊഡക്ഷൻ തുടങ്ങിയാൽ ഒരു പക്ഷെ കുഴപ്പങ്ങളുണ്ടാകുമെന്നു മുൻകൂട്ടി അറിയുവാൻ ഗവണ്മെൻറിനു കഴിവുണ്ടായിരുന്നില്ലേ എന്നു ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ നടരാജപിള്ള പ്രസക്തമായ ഒരു ചോദ്യം ചോദിച്ചു. ഒരു കൊല്ലം മുമ്പു നമ്മുടെ

രാജ്യത്തു ഗവണ്മെൻറ നടത്തുന്നതും ഗവണ്മെൻറിനു താൽപര്യമുള്ളതുമായ വ്യവസായങ്ങളെപ്പററി ഒരു അന്വേഷണംനടത്തി ചെയ്ത റിപ്പോർട്ടിൽ ഈ കമ്പനിയുടെ പ്രൊഡക്ഷൻ തുടങ്ങിക്കഴിഞ്ഞാൽ ഇതിന്റെ വ്യവസായത്തിനും വ്യാപാരത്തിനും വലിയ കഴപ്പമുണ്ടാകുമെന്ന കാര്യത്തെപ്പററി പറഞ്ഞിട്ടുള്ളതായി കാണുന്നില്ല. എന്നാൽ മററ പല കാര്യങ്ങളിലും പല മുൻസൂചനകൾ നൽകിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ചു് വളരെ പ്രകാശമുള്ള അഭിപ്രായമാണു് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു്. അതുകൊണ്ടു് തിരുവനന്തപുരം മെമ്പർ ശ്രീ. നടരാജപിള്ള സംശയിക്കുന്നമാതിരി ഈ കാര്യത്തിൽ ഗവണ്മെൻറിനു് ഏതെങ്കിലും വിധത്തിൽ ദോഷം വരുമെന്നു മുൻകൂട്ടി വിചാരിക്കുവാൻ അവകാശമുണ്ടായിരുന്നില്ല.

ശ്രീ. ഏ. താണുപിള്ള: മററ പല കാര്യങ്ങളിലും ചില മുൻസൂചനകൾ നൽകിയിട്ടുണ്ടെന്നു പറഞ്ഞു. ഇതും അതുപോലെ മറിച്ചുവരാമെന്നു വിശ്വസിക്കാമായിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനെപ്പററി അങ്ങിനെ തരക്കേടുകളുണ്ടെന്നും ഉണ്ടാകുമെന്നും റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല. ഇതു് ഒരുതരം സാങ്കേതികമായ വ്യവസായമാണു്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂറിൽ തുടങ്ങിയ ഒരൊററ വ്യവസായമാണിതു്. അങ്ങിനെയുള്ള കാര്യത്തിൽ വിദഗ്ദ്ധന്മാരുടെ അഭിപ്രായം നമുക്കു സ്വീകരിക്കേണ്ടതുണ്ടെന്നു ഈ സഭ മനസ്സിലാക്കണം.

ഈ കമ്പനി പ്രൊഡക്ഷൻ തുടങ്ങിയതിനുശേഷം ൧൯൪൫ ആദ്യമായി അവിടെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്കു വലിയ വിലക്കൂടുതൽ വരുമെന്നു് അറിയുവാൻ സാധിച്ചു. അതായതു് അവിടെയുണ്ടാക്കുന്ന സാധനങ്ങൾക്കു് പുറമെയുള്ളതിനേക്കാൾ വിലക്കൂടുതൽ വരുന്നുണ്ടെന്നും അവ പുറമെ കുറഞ്ഞ വിലയ്ക്കു ലഭിക്കുമെന്നും കാണുവാൻ കഴിഞ്ഞു. അങ്ങിനെ വിലക്കൂടുതൽ വരുവാനുള്ള കാരണങ്ങൾ പലതാണു്. ടൈററാനിയം കമ്പനി തുടങ്ങിയതായ ൧൯൪൩, ൪൪ ഈ കൊല്ലങ്ങളിൽ അവിടെയുണ്ടാക്കുന്ന ഉൽപന്നങ്ങളുടെ കാര്യത്തിലും അതിന്റെ ആവശ്യത്തിലും ഇൻഡ്യയിൽ വളരെയധികം മതിപ്പാണു് ഉണ്ടായിരുന്നതു്. പക്ഷെ അന്നു് ഇന്നത്തെപ്പോലെ സാധനങ്ങൾക്കു വിലയും വർദ്ധിച്ചിട്ടുണ്ടായിരുന്നില്ല. എന്നാൽ അന്നത്തെ എസ്റ്റിമേററനുസരിച്ചുള്ള ൧൨൦൦ ടൺ പ്രൊഡക്ഷൻ കപ്പാസിററിയിൽ കൂടുതൽ ആയി സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനു സാധിച്ചില്ല. ൧൯൪൫-നുശേഷം ടൈററാനിയം കമ്പനിയിലുണ്ടാക്കുന്ന സാധനങ്ങൾക്കു് അത്രയധികം ഡിമാൻറം ഇല്ലാതെയായി. അതു കാരണം നമ്മുടെ ഫാക്ടറികളിൽ ഉണ്ടാക്കുന്ന സാധനങ്ങൾ ശരിയായ വിലയ്ക്കു വിൽപ്പന നടത്തുവാൻ സാധിക്കാതെ വന്നു. പുറമെ മെറീരിയൽസ് ധാരാളമായി കിട്ടുമെന്നുള്ളതുകൊണ്ടു് ഈ കമ്പനിയിൽ കൂടുതൽ വിലയ്ക്കു് ഉണ്ടാക്കുന്ന സാധനങ്ങൾ ചുരുങ്ങിയ വിലയ്ക്കു പുറമെനിന്നു കിട്ടുവാൻ സാധിക്കുമെന്നുള്ള ഒരു ധാരണയും ഉണ്ടായി. കൂടാതെ **Sulphuric acid** ഇൻഡ്യയ്ക്കാവശ്യമുള്ളിടത്തോളം ഇവിടെനിന്നു കിട്ടാത്തതുകൊണ്ടു് ആട്ടൊമാററിക്കായിട്ടു അതു് പുറത്തുനിന്നും ഇൻഡ്യയിൽ ഇറക്കുമതി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ചെയ്യുകയും ചെയ്യുവന്നു. അങ്ങിനെയുള്ള സന്ദർഭത്തിലാണ് ഈ കാര്യത്തിൽ ഈ ഗവണ്മെൻറ ചില നടപടികളെടുത്തതു്. ഈ ഗവണ്മെൻറ ഇക്കാര്യത്തിൽ നടപടികളൊന്നും എടുത്തിട്ടില്ലെന്നു ബഹുമാനപ്പെട്ട കൊല്ലം മെംബർ ധരിച്ചിട്ടുണ്ടെങ്കിൽ അതു ശരിയല്ലെന്നു് അദ്ദേഹത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. Plutonium കാര്യത്തെ സംബന്ധിച്ചു് ഈ ഗവണ്മെൻറിൽനിന്നു ഇൻഡ്യാഗവണ്മെൻറിലേയ്ക്കു് എഴുതി അയയ്ക്കുകയുണ്ടായി. നമ്മുടെ ടൈററാനിയം പ്രൊഡക്ഷൻസിലുള്ള ഉൽപ്പന്നങ്ങൾക്കു് വിദേശങ്ങളിലെ ഉൽപ്പന്നങ്ങളുമായുള്ള മത്സരംമൂലം നഷ്ടം വരുന്നുണ്ടെന്നും അതുകൊണ്ടു് വിദേശത്തുനിന്നുള്ള സാധനങ്ങളുടെ ഇറക്കുമതി റെസ്ട്രിക്റ്റു് ചെയ്യണമെന്നും എഴുതിഅയയ്ക്കുകയുണ്ടായി. അതിന്റെ ഫലമായി ഇൻഡ്യാഗവണ്മെൻറിൽനിന്നു ആയിടയ്ക്കുതന്നെ ജൂൺ, ജൂലായി മാസങ്ങളിൽ—അയച്ചുതന്ന കത്തിലെ ഒരു ഭാഗം ഞാനിവിടെ വായിക്കാം. അതായതു്, ഓപ്പൺജനറൽ ലൈസൻസിയിൽനിന്നു്, ടൈററാനിയം ഓക്സൈഡു് ആൻറു് lithophone ആർക്കു വേണമെങ്കിലും എപ്പോൾ വേണമെങ്കിലും ഇൻഡ്യയിൽ കൊണ്ടുവരാമെന്ന വ്യവസ്ഥയിൽനിന്നു് ഇതിനെ ഒഴിവാക്കിയിരിക്കുന്നുവെന്നാണു് കേന്ദ്രഗവണ്മെൻറു് എഴുതിയിരിക്കുന്നതു്.

> "This does not, however, mean that we have decided to impose a ban on their import, and that titanium pigments produced by the Travancore factory will from now on have to be used by our paint industry to the exclusion of imported titanium oxide and lithopone. Such restrictions which we place from time to time on the import of various articles on account of the need to conserve foreign exchange should not lead Indian industry to rely on import restrictions to find a market for its products."

തൽക്കാലം അതിനു് ഒരു സഹായം ചെയ്തുകൊടുത്തിട്ടുണ്ടെന്നു വിചാരിച്ചു് എന്നും അതുണ്ടാകുമെന്നു വിചാരിക്കരുതു്. അതിനിടയ്ക്കു തന്നെ ഫാക്ടറി കൂടുതൽ ലാഭകരമായ വിധത്തിൽ നടത്തുവാൻ വേണ്ട വ്യവസ്ഥകൾ ചെയ്തുകൊള്ളണമെന്നും പറഞ്ഞിട്ടുണ്ടു്. പ്രൊഡക്ടീവു ഡ്യൂട്ടി ഇറക്കുമതിയിൽ ചുമത്തി ഇൻഡസ്ട്രിയെ സഹായിക്കണമെങ്കിൽ അതിനു നടപടി നടത്തേണ്ടതു് ഇൻഡ്യാഗവണ്മെൻറല്ല, താരിഫു് കമ്മിഷനാണു്. അതിലേയ്ക്കു് അതാതു് ഇൻഡസ്ട്രീസു് അവയ്ക്കാവശ്യമായ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടു താരിഫു് കമ്മിഷനിലേയ്ക്കു് അപേക്ഷകളയക്കണം. അങ്ങിനെ ഒരപേക്ഷ ഈ കമ്പനിയും അയച്ചിരിക്കുമെന്നു വിശ്വസിക്കുന്നു. ആ അപേക്ഷയ്ക്കുശേഷം വേറെയും ചില വിവരങ്ങൾകൂടി അയയ്ക്കേണ്ടിവരും. സൾഫ്യൂറിക്കു് ആസിഡു് ഈ കമ്പനിയിൽതന്നെ ഉണ്ടാക്കിയാൽ മാത്രമേ എക്കണോമിക്കായിട്ടു് പ്രൊഡക്ഷൻ ഉണ്ടാകുകയുള്ളു. അതിനു കമ്പനിക്കു വർക്കിംഗു് ക്യാപ്പിററൽ വേണം. വർക്കിംഗു ക്യാപ്പിററൽ കിട്ടുന്നതിനുവേണ്ടി ഇൻഡ്യയുടെ ഇൻഡസ്ട്രിയൽ ഫൈനാൻസു കോർപ്പറേഷനിലേയ്ക്കു് മാനേജുമെൻറിൽനിന്നും അപേക്ഷ അയച്ചിട്ടുണ്ടു്. അതു് ഈ ഗവണ്മെൻറ വളരെ ശക്തി

യായി ശുപാർശചെയ്തിട്ടുമുണ്ട്. നമ്മുടെ തിരുവിതാംകൂർ-കൊച്ചിയിലേക്ക മാത്രമായി ഒരു ഇൻഡസ്ട്രീയൽ ഫൈനാൻസ് കാർപ്പറേഷൻ ഉണ്ടാക്കുവാനുള്ള ഒരു ശ്രമം ഈ ഗവണ്മെൻറ നടത്തിക്കൊണ്ടിരിക്കുന്നുണ്ട് എന്ന സംഗതി ബഹുമാനപ്പെട്ട കൊല്ലം മെംബറെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഈ ഫാക്ടറിയിലുണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ Competetive മാക്കററിൽ വിൽക്കുവാൻ സാധിക്കത്തക്കവിധത്തിൽ ഫാക്ടറി വികസിപ്പിക്കണം, അതിനു വേണ്ടത്ര സാങ്കേതികപരിജ്ഞാനമുള്ളവക്കാണ് ഇതിന്റെ ചുമതല കൊടുത്തിട്ടുള്ളതു്. എന്നാൽ ഈ കമ്പനിയുടെ പ്രവത്തനം തുടങ്ങിയപ്പോൾ ഇതു ശരിയായി നടത്തിക്കൊണ്ടുപോകുവാൻ വിഷമമാണെന്നു കണ്ടാൽ ബ്രിട്ടീഷുകമ്പനിയെതന്നെ ഇതിന്റെ ഭരം ഏൽപ്പിക്കുകയോ, അല്ലാത്തപക്ഷം ഈ കമ്പനിതന്നെ ടെർമിനേററ ചെയ്യുകയോ ചെയ്യാൻ പാടില്ലായിരുന്നുവോ എന്നു ബഹുമാനപ്പെട്ട കൊല്ലം മെംബർ ചോദിക്കുകയുണ്ടായി. എന്നാൽ തുടക്കത്തിൽതന്നെ അക്കാര്യം തീർച്ചപ്പെടുത്തുവാൻ സാദ്ധ്യമാകുമോ എന്നു സംശയമാണ്. മാത്രമല്ല, ഒരു ബ്രിട്ടീഷുകമ്പനിയുമായി നമുക്ക ബന്ധം പുലത്തിക്കൊണ്ടുപോകണമെന്നുള്ള ആഗ്രഹം ഈ സഭയുടെ ഒരു ഭാഗത്തുനിന്നും ഉണ്ടാകുമെന്നു എനിക്ക തോന്നുന്നില്ല

വളരെയധികം സാങ്കേതികപരിജ്ഞാനം വേണ്ട ഒരു വ്യവസായമാണിതു്, എന്നു ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ പറയുകയുണ്ടായി. ഇൻഡ്യാഗവണ്മെൻറിന്റെ ടെക്നിക്കൽ എക്സ്പർട്ട് ആയ കസ്തൂർബായി ലാൽബായി ഇതിനെപ്പററി പരിശോധിക്കുകയുണ്ടായി. ബഹുമാനപ്പെട്ട കൊല്ലം മെമ്പർ പറയുന്നു ഇതിൽ എന്തോ ചില തകരാറുകളെല്ലാമുണ്ടെന്നു്. എനിക്കു് അതിനെപ്പററി ഒന്നും പറയുവാൻ അറിയുകയില്ല. ഇതിന്റെ യഥാർത്ഥസ്ഥിതി യെന്താണെന്നുള്ളതു് അദ്ദേഹത്തിനു് ശരിക്കറിയുവാൻ തരപ്പെട്ടിട്ടില്ലെങ്കിൽ അങ്ങിനെ ഒന്നും അറിയാതെ പറയുന്നതു ശരിയല്ലെന്നു് ധരിക്കുവാൻ അദ്ദേഹത്തോടും മറെറല്ലാ ബഹുമാനപ്പെട്ട മെമ്പർമാരോടും എനിക്കപേക്ഷയുണ്ട്. ഇൻഡ്യൻകമ്പനികളിൽ സാങ്കേതികപരിജ്ഞാനമുള്ള ഒരാളെ ഇതിന്റെ പ്രവത്തനങ്ങൾ തുടങ്ങി നടത്തുവാൻവേണ്ടി ഇൻഡ്യാഗവണ്മെൻറ അയച്ചുതരാമെന്നു സമ്മതിച്ചിട്ടുണ്ട്. ഈ കമ്പനിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾ പുറത്തു കൊണ്ടുപോയി വിൽക്കത്തക്കനിലയിൽ ഫാക്ടറി വികസിപ്പിക്കുകയും, കഴിയുന്നതും കൂടുതൽ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടിയുള്ള മൂലധനം കടമായി ഇൻഡ്യാഗവണ്മെൻറിൽനിന്നോ ഇൻഡസ്ട്രീയൽ ഫൈനാൻസ് കാർപ്പറേഷനിൽനിന്നോ നമ്മുടെ ഗവണ്മെൻറിൽനിന്നോ എടുക്കുന്നതിനും, ഈ രാജ്യത്തെ വ്യവസായത്തിന്റെ ഭദ്രതയ്ക്കും തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനുംവേണ്ടി അതുവിനിയോഗിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണെന്നു കാണുകയാൽ അതനുസരിച്ചു് പ്രവത്തിച്ചിട്ടുള്ളതല്ലാതെ ഈ സംഗതിയിൽ സാങ്കേതികമായ വിദഗ്ദ്ധോപദേശം സ്വീകരിക്കുന്ന വിഷയത്തിൽ ഗവണ്മെൻറ് അശേഷം മടികാണിക്കുകയില്ല.

ഈ കമ്പനി പൂട്ടിയിടേണ്ടിവരുമെന്നുള്ള വിവരം ഒരു വ്യവസായമന്ത്രിയെന്ന നിലയിൽ എനിക്കറിവു് കിട്ടിയപ്പോൾ ഞാൻ തന്നെ നേരിട്ടു മാനേജുമെൻറിനെ വിളിച്ചു കമ്പനി പൂട്ടിയിടുവാൻ പാടില്ല,

[ശ്രീ, പനമ്പിള്ളി ഗോവിന്ദമേനോൻ]

പ്രവൎത്തനം തുടൎന്നു നടത്തണം എന്നാണു് ആവശ്യപ്പെടുകയുണ്ടായതു്. അഥവാ പൂട്ടിയിടേണ്ടിവന്നാൽ അതിലെ തൊഴിലാളികളെ വെറുതെ പുറത്തേയ്ക്കു വിടുന്നതു് ശരിയല്ലെന്നും അവൎക്കെല്ലാം അൺഎംപ്ലായ്മെന്റ് അലവൻസു കൊടുക്കേണ്ടതാണെന്നുംകൂടി ലേബർ ഡിപ്പാർട്ടുമെന്റിൽനിന്നും എഴുതി അയയ്ക്കുകയും ചെയ്തിട്ടുണ്ടു്. അതനുസരിച്ചാണു് തൊഴിൽശാലകളിലുള്ള തൊഴിലാളികൾക്കു് അൺഎംപ്ലായ്മെന്റ് അലവൻസു കൊടുത്തുതുടങ്ങിയതു്. അങ്ങിനെ അതാതു സന്ദൎഭങ്ങളിലെ പരിതഃസ്ഥിതിയനുസരിച്ചു് എല്ലാ തൊഴിൽശാലകളിലേയും തൊഴിലാളികൾ നിരാധാരരാകാതിരിക്കുവാൻവേണ്ട നടപടികൾ ഗവൺമെന്റ് എടുത്തിട്ടുണ്ടു്. അതുപോലെ ഈ കമ്പനിയിലുള്ള ഉദ്ദേശം ൬൱൦ തൊഴിലാളികൾക്കും സ്റ്റാഫിൽപ്പെട്ട കുറച്ചാളുകൾക്കും ഈ അൺഎംപ്ലായ്മെന്റ ബെനിഫിററ് കൊടുക്കണമെന്നും തീരുമാനിച്ചു. പക്ഷെ അടുത്തകാലത്തൊന്നും കമ്പനി തുറക്കുവാൻ സാധിക്കുകയില്ലെന്നു മാനേജുമെന്റിൽനിന്നു റിപ്പോർട്ടുവന്നതുകൊണ്ടും എന്നാണു് അതു തുറക്കുവാൻ സാധിക്കുന്നതെന്നു യാതൊരു അവസാനനിശ്ചയവുമില്ലാതിരിക്കുന്നതുകൊണ്ടും ഈ അൺഎംപ്ലോയ്മെന്റ ബെനിഫിററ് അവൎക്കു കൊടുക്കണമെന്നു് ഗവൺമെന്റ് മാനേജുമെന്റിനെ ഉപദേശിച്ചില്ല. ബഹുമാനപ്പെട്ട കൊല്ലം മെമ്പർ, സാങ്കേതികമായി പരിജ്ഞാനമുള്ളവരുടെ മേൽനോട്ടം വേണ്ടപോലെ ഇതിലുണ്ടായിരുന്നുവെന്നു് ധരിച്ചിട്ടുണ്ടോയെന്നു് എനിക്കു് സംശയമുണ്ടു്. അങ്ങനെയുള്ള ഒരു നില ഇതിൽ ഉണ്ടായിരുന്നുവെന്നുള്ളതു് ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പറുടെ പ്രസംഗത്തിൽനിന്നുതന്നെ വ്യക്തമായി അറിയുവാൻ സാധിച്ചിട്ടുണ്ടു്.

സർ, എനിക്കു് ഈ സഭയിൽ ഒരു ഉറപ്പു നൽകുവാൻ സാധിക്കും. ഇൻഡ്യാഗവൺമെന്റിനെ പ്രേരിപ്പിച്ചു്, ടാരിഫ് കമ്മിഷനെ പ്രേരിപ്പിച്ചു്, ഇൻഡസ്ട്രിയൽ ഫൈനാൻസ് കാർപ്പറേഷന്റെ അടുക്കൽ നിവേദനം നടത്തി തക്കതായ വിദഗ്ദ്ധോപദേശം കിട്ടിയതിനുശേഷം ഈ കമ്പനി തുറപ്പിക്കണമെന്നും ഇങ്ങനെയുള്ള വ്യവസായം ഈ രാജ്യത്തു വീണുപോകാതെ നിലനിറുത്തണമെന്നുമാണു് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളതു്. തൊഴിലാളികൾക്കുണ്ടാകുന്ന നഷ്ടം മാത്രമല്ല, ഗവൺമെന്റിനും ഇതു തുറക്കാതിരുന്നാൽ വലിയ നഷ്ടമുണ്ടു്. അനേകലക്ഷം രൂപാ ഗവൺമെന്റിൽനിന്നും ഇതിൽ ഇൻവെസ്റ്റ് ചെയ്തിട്ടുണ്ടു്. ഈ രാജ്യത്തെ സാമ്പത്തികസ്ഥിതി ഉയൎത്തുവാൻ പററിയ ഒരു വ്യവസായമാണിതു്. പക്ഷെ, അതിനു് ഇങ്ങിനെ ഒരു അനുഭവം വന്നു. ഞാൻ മുമ്പു പറഞ്ഞതുപോലെ കസ്തൂർബായി ലാൽബായി സന്ദൎശിച്ചു പരിശോധിച്ചു അവസരത്തിൽ ഇങ്ങനെ ഒരു സംഭവവികാസം ഇവിടെ ഉണ്ടാകുമെന്നു് വിചാരിക്കുവാൻ യാതൊരു കാരണവുമുണ്ടായിരുന്നില്ല. ബഹുമാനപ്പെട്ട തിരുവനന്തപുരം 'മെമ്പർ നടരാജപിള്ള ഇതിനെ സംബന്ധിച്ചു വേണ്ട വിവരങ്ങൾ കിട്ടുവാൻ ഉദ്ദേശിച്ചുകൊണ്ടായിരിക്കാം അഡ്ജേൺമെന്റ് മോഷൻ കൊണ്ടുവന്നിട്ടുള്ളതു്. ആവിധത്തിലുള്ള എല്ലാ പ്രവൎത്തനങ്ങളും നടത്തുവാൻ ഗവൺമെന്റ് ഒരുക്കമാണെന്നു്

ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളുന്നു. അതുകൊണ്ട് ഈ **assurance** ന്റെ വെളിച്ചത്തിൽ അദ്ദേഹം ഈ പ്രമേയം പിൻവലിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എ. താണുപിള്ള : ഇവിടെ ഫാക്ടറി വർക്ക് ചെയ്തിരുന്നപ്പോൾ സൽഫ്യൂറിക്ക് ആസിഡ് എവിടെനിന്നു കിട്ടിയിരുന്നുവെന്നും ഈ കമ്പനിയിൽ ഒരു പ്ലാന്റ് സ്ഥാപിച്ച് സൽഫ്യൂറിക്ക് ആസിഡ് പ്രൊഡ്യൂസ് ചെയ്യുകയാണെങ്കിൽ എന്തു കോസ്റ്റാകുമെന്നുമുള്ള വിവരം തരാമോ?

5 P. M.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇവിടെ സൽഫ്യൂറിക്ക് ആസിഡ് പ്രൊഡ്യൂസ് ചെയ്യുകയാണെങ്കിൽ അതിനു എന്തു ചാർജ്ജ് വരുമെന്നു പറയുന്നതിനു എന്റെ കയ്യിൽ ഇപ്പോൾ രേഖയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : അതിന്റെ കൺസ്ട്രക്ഷനും പ്ലാന്റിനുംകൂടി എത്ര രൂപ ചെലവായിട്ടുണ്ട്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിന്റെ വിവരം എന്റെ കൈവശം ഇപ്പോൾ ഇല്ല.

ശ്രീ. എ. താണുപിള്ള : പ്രൊഡ്യൂസ് ചെയ്ത ടൈറ്റാനിയം ഇപ്പോൾ അവിടെ എത്രത്തോളം സ്റ്റാക്കുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്റ്റാക്ക് വളരെ അധികം ഉണ്ട്.

ശ്രീ. എ. താണുപിള്ള : എത്രത്തോളം രൂപായ്ക്കുള്ള ടൈറ്റാനിയം വരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അത് ഇപ്പോൾ നോക്കി പറയാം.

ശ്രീ. എ. താണുപിള്ള : ഇപ്പോൾ ഇരിക്കുന്ന സ്റ്റാക്ക് കുറഞ്ഞ വിലയ്ക്കു വിൽക്കുകയാണെങ്കിൽ ചെലവാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ അതു എന്തു വിലയ്ക്കു വിൽക്കുവാൻ സാധിക്കുമെന്നു പറയുവാൻ നിവൃത്തിയില്ല.

Mr. Speaker : From another point of view also, facts about the accumulated stock could not be published. It may further reduce the price in the market.

Shri A. Thanu Pillai : Closing of the factory is already published. That there is some stock will also be published. മാർക്കറ്റ് തീരെ ഇല്ലായ്കയാണോ അതോ വില കൂടുതലാണോ ഇതിനു കാരണം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടു കാരണങ്ങളും ഉണ്ട്.

ശ്രീ. എ. താണുപിള്ള: മാനേജിംഗ് ഏജൻസി എന്തു ചെയ്യണമെന്നു വല്ല റിപ്പോർട്ടും ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അവർ അവസാനമായി പറഞ്ഞതു് ഇംപോർട്ടു് റെസ്ട്രിക്ഷൻ വേണമെന്നും കൂടുതൽ പണം വേണമെന്നുമാണു്. പണത്തിനു് ഇൻഡസ്ട്രിയൽ ഫൈനാൻസു് കോർപ്പറേഷനിൽ അപേക്ഷിച്ചിട്ടുണ്ടു്. അതിനു് ഗവണ്മെൻറു് ശുപാർശ ചെയ്യണമെന്നു പറഞ്ഞു. അതു ഈ ഗവണ്മെൻറു് ശുപാർശചെയ്തു അയച്ചിട്ടുണ്ടു്. അതിനെക്കുറിച്ചു് ഇൻഡ്യയുടെ വ്യവസായമന്ത്രിയോടു ചോദിച്ചതിൽ എന്തോ കൂടുതൽ ചില വിവരങ്ങൾകൂടി കമ്പനിയോടു ചോദിച്ചിട്ടുണ്ടു് എന്നു പറഞ്ഞു.

ശ്രീ. എ. താണുപിള്ള: പണം വേണമെന്നു പറഞ്ഞതു് സൽഫ്യൂറിക്കു് ആസിഡു് പ്ലാൻറു് സ്ഥാപിക്കുവാനാണോ?

Shri Panampilli Govinda Menon: You will notice the limitations under which I am meeting this question. This is not in the administrative control of the Government. I have agreed to answer because it is in the interests of the public. It is being managed by the Managing Agency. I may be able to collect information. But on the spot, I may not be able to give information on these various points.

Shri P. S. Nataraja Pillai: May I know whether there is any agreement with the Government so as to supply the British Titanium Company with any amount of ilmenite?

Shri Panampilli Govinda Menon: I want notice.

Shri A. Thanu Pillai: Sir, the position is rather awkward. That is how I would describe it. The hon. Minister thinks that, after all, even though we have invested money in this concern, it is not a matter over which the Government have control and that it is a limited company and so Government are under a limitation. That is a very significant fact, not only in regard to this, but so far as our other industries also are concerned. Now, Sir, when we take more than fifty per cent. shares in a concern like this, the basis of that is that we would have effective control atleast over the management of that concern. But here, we are faced with the fact that practically, at any rate, to a very large extent in effect, the Government are helpless. That is a matter that has to be looked into. Even now, there is a proposal that Government should take shares in companies that are under contemplation. Of course, I want the Government to realise the difficulties in which we may allow ourselves to be placed if we pursue the same policy. When we take more than fifty per cent. shares, the impression is that we have effective control. But where is the effective control now? So, if you take more and more shares, what will be the situation? Hence the general policy will have to be reviewed. We have not got money to be sunk in concerns of this kind without adequate guarantee that our money would be well spent. The hon. Minister tells us that even when Kasthurbhai Lalbhai enquired into the difficulties of the Industries in which the Government have invested the money, he did not give any indication about any loss in regard to this Industry. I suppose I understood him correctly.

Shri Panampilli Govinda Menon: I cannot say that there is any loss. This is a temporary phase. The production began and today the condition is that they are not able to sell anything. It is not a fact that we have suffered loss just at present.

Shri A. Thanu Pillai: Anyway, the fact is that there is no more production, no sale and what we have already produced cannot be sold away. That is the situation. Whether we call it loss or not, it is immaterial. The Managers also did not give the Government any indication in time as to what was to happen. That is what I am able to gather from what the Minister said.

Shri Panampilli Govinda Menon: I want to correct one thing. Let there be no impression that our money has been lost. There is more than enough by way of capital and other investments, so far as money is concerned. What has happened is, temporarily there has been some difficulty with respect to the products, and we have to find a way out.

Shri A. Thanu Pillai: That position is clear. The building is there; the products are there. But when we have invested money and when we do not get any return, but on the other hand are faced with a situation in which the whole thing seems a failure, are we not to call it loss? What else is the meaning, then? The building is there. The concern is not going. There is a clear deadlock. Nobody knows how the factory may function. There are two difficulties. In the first place, we have not got material with which we could produce Titanium Oxide. The Company cannot function unless we get adequate supplies of sulphuric acid. How are we to get it? It is not available. If we are to install a plant, what would be the cost? How would it affect production? We have not got enough funds. That is one aspect of the matter. Then, when we produce at a high cost, we cannot get the market. That is another. Even apart from the question of cost, it appears the market has shrunk. What appeared to be a favourable feature at the time when we embarked on this venture does not continue. Everywhere the difficulty comes in. There is no ample market. Whatever market is available is not available to us, because our cost of production is too high. We cannot continue to produce because the necessary chemicals are not available. That is the situation. We have invested much more than we anticipated at the start. Now, in the case of a concern like this where we have lost money, is it not loss then? The money should be coming in, the business should go on. There should be the market; the labourers should get work. All these are now at a standstill. All these things would go to show that the Management is not handling the problem properly. Then, we should consider seriously whether we should run these factories ourselves. Have we the competent men to run and manage the business? We have been taking shares hitherto in an indifferent way. In most cases our return has not been much. There is the big FACT. Now, what is the fact about the FACT? Not very encouraging even now.

[Shri A. Thanu Pillai.]

I was told some years ago that the FACT would be able to produce adequate sulphuric acid. What has become of their sulphuric acid. ? I was given to understand that the sulphuric acid produced by them could be made available to Industries for which the Government had invested large amounts. Nowhere is there so much difficulty. Here, in regard to this industry all these difficulties are put before us. And there is no clear suggestion as to how we would be able to get out of the difficulty. It is not as though the present Ministry can deny responsibility for this state of affairs in the Company.

Mr. Speaker: Because it was started in 1946.

Shri A. Thanu Pillai: True, but we cannot say that these difficulties were now suddenly confronted with and that the present Cabinet is fully free.

Shri Panampilli Govinda Menon: May I know what the condition of the industry was in 1948?

Shri A. Thanu Pillai: The industry's working was not started when I was in charge of the Government. It was a period of pregnancy. Not even of conception. I can understand if there had been anything wrong at conception.

Shri Panampilli Govinda Menon: During conception there may be some treatment.

Shri A. Thanu Pillai: Unless a person is definitely unhealthy or ill, we do not treat pregnant person.

Mr. Speaker: The period from 1946 to 1948 was a period of industrialisation.

(എ) വിയ്യൂർ സെൻട്രൽ ജയിലിലേയ്ക്കു ഈ സംസ്ഥാനത്തു പ്രസിദ്ധീകരിക്കുന്ന ചില പത്രങ്ങളും, മാസികകളും, വാരികകളും, പുസ്തകങ്ങളും കടത്തിക്കൂടെന്ന് ഗവണ്മെന്റു വല്ല നിരോധനവും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രസിദ്ധീകരണങ്ങളാണ് ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നതു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഇല്ല. എന്നാൽ അതിനുള്ള സകല ചുമതലകളും, അപ്പോഴപ്പോൾ ഉള്ള സ്ഥിതിഗതികൾ നോക്കി തടവുകാർ ആവശ്യപ്പെട്ടിട്ടുള്ള മാസികകളും വാരികകളും പുസ്തകങ്ങളും കൊടുക്കുന്നതിനുള്ള അധികാരവും ജയിൽസൂപ്രണ്ടുമാരിൽ നിക്ഷിപ്തമാണ്.

(ബി) ഉദിക്കുന്നില്ല.

എക്സ്പ്രസ്സ് സർവ്വീസ്.

* ൨൮൪. [൯൧] ശ്രീ. പരീതുരാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടതാലൂക്കിൽ റാന്നിയോ, പത്തനംതിട്ടയോ അഥവാ, കോഴഞ്ചേരിയോ, സ്റ്റാർട്ടിംഗ് പായിന്റായി തിരുവനന്തപുരത്തേയ്ക്കു ഒരു ട്രാൻസ്പോർട്ടു് എക്സ്പ്രസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് ഗവണ്മെന്റിലേക്ക് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കുമ്പളത്തിൽ വേലായുധൻ നായർ):

(എ) ഉണ്ടു്.

(ബി) താൽക്കാലികമായി ഈ നിർദ്ദേശങ്ങൾ നിറുത്തിവച്ചിരിക്കുകയാണ്.

Crew of the Burma Shell and S. V. O. C.

* 285. [93] Shri M. M. Abdul Khader: Will the Minister for Industries and Labour be pleased to state;

(*a*) if the Government is aware that the barge crew of the Burma Shell and S. V. O. C., Ernakulam, are being made to work 12 to 16 hours a day without overtime wages and emoluments ;

(*b*) is there any statutory fixation of the working hours of the barge crew in the State ;

(*c*) if so, will the managements of the above named companies be called upon to observe the same ; and

(*d*) if not, will the Government forthwith prescribe the hours of work of such barge crew ?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) The Government are aware that the barge crew of the Burma Shell and S. V. O. C., Ernakulam, are working for more than eight hours while they are on duty. The crew does not come under the Factories Act or Shops and Establishment Act. But the Companies pay double the rate of basic wages, for work over eight hours per day when the crew are employed in the loading and unloading of tankers. When they are on runs to Alleppey or Quilon, they are given daily batta in addition to their monthly salary.

(*b*) There is no statutory fixation of the working hours for the barge crew in the State.

(*c*) The question does not arise in view of the answer given to part (*b*) above.

(*d*) Any fixation of working hours for barge crew is fraught with difficulties since they cannot leave off midstream or alongside tankers when discharging or bunkering.

Sea Erosion.

* 286 [94] **Shri E. P. Varghese:** Will the Minister for Works be pleased to state :

(*a*) whether before the integration of the States of Travancore and Cochin the coastal strip of land to the South from the Cochin Harbour to Chellanam was being protected from sea erosion by the erection of groynes ;

(*b*) what is the length of groynes so constructed ;

(*c*) how much of the groynes is still in tact ;

(*d*) what is the cost of such protective work per mile ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :**

(*a*) Yes.

(*b*) 5 miles.

(*c*) The entire length is in tact.

(*d*) About Rs. 3 lakhs.

ട്രാൻസ്പോർട്ട് കണ്ടക്ടർ സെലക്ഷൻ.

*൨൮൧. [൯൫] ശ്രീ. എ. കെ. ചെല്ലയ്യാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ട്രാൻസ്പോർട്ടു കണ്ടക്ടർ സെലക്ഷനിൽ എത്ര പേരെ എടുത്തു;

(ബി) അതിൽ ഡിപ്പാർട്ടുമെന്റിൽനിന്നും എത്രപേരെ എടുത്തു;

(സി) തെക്കൻ തിരുവിതാംകൂറിൽ നാലു താലൂക്കിൽനിന്നും എത്ര പേർ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ൧൫൦.
(ബി) ൧൩.
(സി) ൧൯.

ട്രാവൽ ബ്യൂറോ.

*൨൮൮. [൯൯] ശ്രീ. കെ. ജെ. താമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്ത് എത്ര റസ്റ്റ്ഹൗസുകൾ ട്രാവൽബ്യൂറോയ്ക്കു വിട്ടുകൊടുക്കാത്തതായി ഇനിയും ഉണ്ട്;

(ബി) ഇങ്ങനെയുള്ള റസ്റ്റ്ഹൗസുകളിൽ യാത്രക്കാർക്കുവേണ്ട എന്തെല്ലാം സൗകര്യങ്ങളാണു് ഏർപ്പാടു ചെയ്തിട്ടുള്ളതു്;

(സി) ചില റസ്റ്റ്ഹൗസുകളിൽ കസ്സേരകളും, മിക്കതിലും കിടക്കകളും ഇല്ലെന്നുള്ളവിവരം ഗവൺമെന്റിനറിയാമോ;

(ഡി) അത്യന്താപേക്ഷിതങ്ങളായ ഈ സൗകര്യങ്ങളെങ്കിലും ഉടനടി എല്ലാ റസ്റ്റ്ഹൗസുകളിലും ചെയ്തുകൊടുക്കുവാൻ ഗവൺമെന്റ് ഉത്തരവിടുമോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) മുപ്പത്തിമൂന്നു്.

(ബി) താമസസൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടു്.

(സി) എല്ലാം റസ്റ്റ്ഹൗസുകളിലും കസ്സേരസുണ്ടു്. ഒന്നാംക്ലാസ്സ് റസ്റ്റ്ഹൗസുകളിൽ കിടക്കകളുമുണ്ടു്.

(ഡി) മേല്പറഞ്ഞ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS.

ബസ്സ് സർവ്വീസുകൾ.

൨൨൭. [൨] ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മെയിൻസെൻട്രൽ റോഡിലുള്ള പന്തളം കുരമ്പാലൂത്തു ജംഗ്ഷനിലുള്ള റോഡുകൾ വർഷകാലങ്ങളിൽ പലപ്പോഴും ആററ വെള്ളം കയറി ഗതാഗതയോഗ്യമല്ലാതായിത്തീരുന്നതു നിമിത്തം കോട്ടയം, തിരുവനന്തപുരം, റാന്നി, തട്ടാരമ്പലം, കോഴഞ്ചേരി, ആലപ്പുഴ തുടങ്ങിയ ഒട്ടനവധി ബസ്സുസർവ്വീസുകൾ, വെള്ളപ്പൊക്കകാലങ്ങളിൽ മുടങ്ങിപ്പോകാറുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) അതിനെ തടയുന്നതിനുവേണ്ടി മെയിൻ സെൻട്രൽ റോഡിൻേറയും, മാവേലിക്കര പത്തനംതിട്ട റോഡിൻേറയും, ജംഗ്ഷനിലുള്ള ഭാഗങ്ങൾ ഉയർത്തുന്നതിനു ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ;

(സി) ആററിൽനിന്നും കയറിവരുന്ന വെള്ളം ഒഴിഞ്ഞുപോകുന്നതിനുവേണ്ടി ജംഗ്ഷനു സമീപമുള്ള റോഡ് ആഴത്തിലും വീതിയിലും വെട്ടുന്നതിന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ആററിൽനിന്നുള്ള വെള്ളത്തിൻെറ പ്രവാഹത്തെ നിയന്ത്രിക്കുന്നതിനുവേണ്ടി ആററരികിലുള്ള ബണ്ടുകൾ ഉയർത്തുന്നതിനും, ആവശ്യമുള്ള സ്ഥലങ്ങളിൽ ചീപ്പുകൾ ഇടുന്നതിനും ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഈ) ഗതാഗതത്തിനുള്ള അസൌകര്യത്തിനും പുറമെ റോഡുകളുടേയും തോടുകളുടേയും, ബണ്ടുകളുടേയും ഇന്നത്തെ നില തുടരുന്നതിൻെറ ഫലമായി കടക്കാട്ടു തെരുവിലുള്ള ആയിരത്തോളം മുസ്ലീമങ്ങളുടെ ഭവനങ്ങൾ വർഷംതോറും വെള്ളപ്പൊക്കകാലത്തു് വാസയോഗ്യമല്ലാതായിത്തീരാറുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) റോഡിൽ ആററവെള്ളം നിറയുന്നതുനിമിത്തം ഗതാഗതത്തിന് തടസ്സം നേരിടുന്നുണ്ടെന്നറിയാം.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) അതിവർഷവും വെള്ളപ്പൊക്കവും ഉള്ളപ്പോൾ കടയ്ക്കാട്ടുള്ള ഏതാനും ഭവനങ്ങളിൽ താമസത്തിന് അസൌകര്യമുണ്ടെന്നറിയാം. എന്നാൽ അതിനുള്ള കാരണം തോടുകളുടേയും, ബണ്ടുകളുടേയും ഇന്നത്തെ നിലയല്ല. മണ്ണിടിഞ്ഞു് ക്രമേണ ആറു നികന്നുപോകുന്നതുകൊണ്ടും പരിസരങ്ങളുടെ താഴ്ന്ന ഭൂപ്രകൃതിയുംകൊണ്ടുമാണ് അങ്ങനെ സംഭവിക്കുന്നതു്.

റോഡ് നിർമ്മാണം.

൨൨൩. [൩] ശ്രീ. ഏ. എൽ. ജേക്കബ്ബ്; താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി ഉത്തരം പറയുമോ :

(എ) എറണാകുളത്തെ ൧ ൦ അടി റോഡ് നിർമ്മാണം പകുതിയാക്കിയിട്ടിരിക്കുന്നതെന്തുകൊണ്ടാണ്;

(ബി) അതു് പൂർത്തിയാക്കി സഞ്ചാരയോഗ്യമാക്കാൻ ഗവൺമെൻറിനു് ഉദ്ദേശമുണ്ടോ ?

ഉത്തരം.

(എ) പ്രധാനമായി ബിററുമെൻ കിട്ടാത്തതിനാൽ.
(ബി) ഉണ്ടു്.

Roads.

227. [4] **Shri P. S. Nataraja Pillai:** Will the Minister for Works and Transport be pleased to state:

(*a*) the year in which the road from Aramboly Chowkey to the State Frontier was last repaired;

(*b*) the present condition of that road; and

(*c*) whether there is any estimate for repairs in this year's budget; if so the amount?

Answer

(*a*) A portion was metalled in 1949-50.
(*b*) Fair.
(*c*) No special provision.

Alwaye-Koonamavu road.

228. [5] **Shri E. P. Varghese:** Will the Minister for Works and Transport be pleased to state:

(*a*) whether any improvement has been effected to Alwaye-Koonamavu road *via* Kadingalloor and Panaikulam with the sum allotted in this year's Budget for the purpose; and

(*b*) what is the length of the road that still remains totally ungravelled?

Answer

(*a*) No.
(*b*) 16,935 Rft. of road remains to be opened and gravelled.

Tiruvattar-Tirupparappu Road.

229. [7] **Shri P. Ramaswami Pillai:** Will the Minister for Public Works be pleased to state:

(*a*) has the Government taken up the opening up of the Thiruvattar-Thirupparappu road *via* Kesavapuram;

(*b*) if so, when was it taken up;

(*c*) how far the work has progressed; and

(*d*) how long will it take to complete it?

Answer

(*a*) No.
(*b*) Does not arise in view of the answer to (*a*).
(*c*) do.
(*d*) do.

Digging of Vandichira.

230. [8] **Shri A. Kunjan Nadar:** Will the Minister for P. W. D. be pleased to state:

(*a*) whether the Government received any representation from the public for the following;

(i) for the digging of Vandichira, Neyyattinkara taluk,

(ii) for the digging of Arayoor Thodu starting from Vandichira;

(*b*) if so, what action is taken; and

(*c*) how many acres of paddy lands will be benefited by the digging of Vandichira and Arayoor Thodu?

Answer

(*a*) (i) Yes.

(ii) Yes.

(b) Estimate has been prepared for Vandichira. The Food Production Board has however, decided the work might be over for the present. As regards improvements to the Arayoor thodu, and investigation has been ordered.

(*c*) About 25,000 paras of paddy fields will be benefited.

വാടക നിയന്ത്രണം.

൨൩൧. [൯] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൺട്രോൾവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കായംകുളം ടൗണിൽ വാടകനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു വിപരീതമായി കട ഉടമസ്ഥന്മാർ വാടക തുക ഈടാക്കുന്നതായി സർക്കാരിന് അറിയാമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) അങ്ങിനെ ചില പരാതികൾ സ്ഥലം റെൻറ കൺട്രോളർക്ക് കിട്ടിയിട്ടുള്ളതായി അറിയാം.

മുൻസിഫ് കോടതി.

൨൩൨. [൧൦] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കായംകുളം ടൗണിൽ സ്ഥിതിചെയ്യുന്ന [illegible] മുൻസിഫ് കോടതി ഇപ്പോൾ അവിടെനിന്നും മാറ്റം ചെയ്യാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്?

ഉത്തരം.

(എ) ഇല്ല.

(ബി) മേൽപ്പറഞ്ഞ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി.

൨൩൩. [൭൧] ശ്രീ കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി ഉത്തരം പറയുമോ:

(എ) കായംകുളത്ത് ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി സ്ഥാപിച്ചുകിട്ടുന്നതിന് പൊതുജനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേലുള്ള ഗവൺമെന്റിന്റെ തീരുമാനം എന്ത്?

ഉത്തരം.

(എ) പൊതുജനങ്ങളുടെ നിവേദനങ്ങൾ ഒന്നും കിട്ടിയിട്ടില്ല എന്നാൽ മുനിസിപ്പൽ കൗൺസിലിൽനിന്നും ലഭിച്ച നിവേദനത്തിന്മേൽ അന്വേഷണം നടത്തിയതിൽ, തൽക്കാലം കായംകുളത്ത് ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി സ്ഥാപിക്കേണ്ട ആവശ്യമില്ലെന്ന് പ്രത്യക്ഷമായിട്ടുണ്ട്.

(ബി) (എ)-യുടെ ഉത്തരത്തിൽ അടങ്ങിയിട്ടുണ്ട്.

തോടുകളുടെ പണി.

൨൩൪. [൭൨] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

മാവേലിക്കര താലൂക്കിൽപ്പെട്ട ഏതെല്ലാം തോടുകളാണ് ൧൧൨൨—൧൧൨൩ വർഷത്തിൽ പണിതുടങ്ങുവാനുദ്ദേശിക്കുന്നത്?

ഉത്തരം.

മാവേലിക്കര താലൂക്കിൽ ൧൧൨൨-൧൧൨൩ വർഷത്തിൽ യാതൊരു തോടും പണി തുടങ്ങുവാനുദ്ദേശിക്കുന്നില്ല.

* പള്ളിക്കൽ—തൃക്കുന്നപ്പുഴറോഡ്.

൨൩൫. [൭൩] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

പള്ളിക്കൽ തൃക്കുന്നപ്പുഴറോഡ് ഗ്രാവൽ ചെയ്തിട്ട് എത്രകാലമായി; പ്രസ്തുത റോഡിന്റെ അനാഥാവസ്ഥയെ പരിഹരിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

കുറച്ചുകാലമായി. വീണ്ടും ഗ്രാവൽ ചെയ്യുന്നതിന് ഉള്ള എസ്റ്റിമേറ്റ് അനുവദിച്ചുകഴിഞ്ഞു. ഈയാണ്ടിൽതന്നെ ഒരു ഭാഗം ജോലി തീരുന്നതാണ്.

ആനതാഴ്ചിറ.

൨൩൬. [൭൪] ശ്രീ. റ്റി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ഉത്തരം പറയുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ അനന്തർക്കോണം പകുതിയിലുള്ള ആനതാഴ്ചിറ ഇപ്പോൾ മണ്ണൊലിച്ചു വീണ് നികന്നും, കരകൾ ഉടഞ്ഞും കൃഷിക്ക് വെള്ളം ലഭിക്കാൻ നിവൃത്തിയില്ലാത്തവിധത്തിലാണ് കിടക്കുന്നത് എന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ ചിറ ശരിയായി സൂക്ഷിക്കുകയാണെങ്കിൽ ഏകദേശം ഒരു ലക്ഷം പറ നിലങ്ങൾക്ക് ജലസേചനം നടത്താവുന്നതല്ലെ ;

(സി) ഈ ചിറ ഉടനടി കുഴിപ്പിക്കുന്നതിനുള്ള നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുമോ ?

ഉത്തരം.

(എ) ഇല്ല. ഊറൽ ചാലുകൾ തോണ്ടി കൃഷിക്ക് വെള്ളം ലഭിക്കത്തക്കവണ്ണം ഇട്ടിരിക്കുകയാണ്.

(ബി) ൨൪൨.൧൫ ഏക്കർ നിലങ്ങൾക്ക് ഈ ചിറകൊണ്ട് ജലസേചനം നടത്താവുന്നതാണ്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൈത്തറികൾക്ക് ലൈസൻസ്.

൨൬൧. [൧൭] ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി ഉത്തരം പറയുമോ :

(എ) കൈത്തറികൾക്ക് പുതിയ ലൈസൻസുകൾ അനുവദിക്കാതിരിക്കുക എന്നതു് ഗവണ്മെന്റിന്റെ നയമാണോ ;

(ബി) ഒരു കൊല്ലത്തിനപ്പുറം ഏതെങ്കിലും പുതിയ അപേക്ഷകർക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ടോ ;

(സി) കൊടുങ്ങല്ലൂരിൽനിന്നും എത്ര ആളുകൾ ഒരു കൊല്ലത്തിനപ്പുറം പുതുതായി ലൈസൻസിന് അപേക്ഷിച്ചു ;

(ഡി) അതിൽ എത്ര പേർക്ക് ലൈസൻസ് അനുവദിച്ചു ;

ഉത്തരം.

(എ) അല്ല.
(ബി) ഉണ്ട്.
(സി) ൧൨.
(ഡി) ൨ പേർക്ക്.

ബസ്സുസർവ്വീസ്.

൨൬൨. [൧൮] ശ്രീ. സി.ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിൽ എത്ര Private Bus routes അനുവദിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) അനുവദിച്ചിട്ടുള്ള routes-ൽ റോഡിന്റെ മോശംകൊണ്ട് സർവ്വീസുകൾ നിർത്തിവെക്കേണ്ടതായി വന്നിട്ടുണ്ടോ ;

(സി) ചേർത്തല-കുമ്പളങ്ങി ലൈനിൽ എത്ര ആളുകൾ സർവ്വീസ് മുടങ്ങിയിട്ടുണ്ട് ?

ഉത്തരം.

(എ) ൯ എണ്ണം.

൧. ചേർത്തല—കുമ്പളങ്ങി.
൨. അർത്തുങ്കൽ—വല്ലായിതോട്.
൩. തങ്കി—കണിച്ചുകുളങ്ങര.
൪. ചേർത്തല—തണ്ണീർമുക്കം.
൫. ചേർത്തല—അരൂക്കുറ്റി.
൬. അരൂക്കുറ്റി—അർത്തുങ്കൽ.
൭. അരൂക്കുറ്റി—തങ്കി.
൮. അർത്തുങ്കൽ—തണ്ണീർമുക്കം.
൯. അർത്തുങ്കൽ—ആലപ്പുഴ.

(ബി) കഠിനമായ മഴയുള്ളപ്പോൾ സർവ്വീസ് ചിലപ്പോൾ മുടക്കിയിട്ടുണ്ട്.

(സി) രണ്ടോ മൂന്നോ ദിവസം മുടങ്ങിയിട്ടുണ്ട്.

റോഡ് നിർമ്മാണം.

൨൩൯. [൭൯] ശ്രീ. എം. എൽ. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) എറണാകുളം രാജേന്ദ്രമൈതാനം ജെട്ടിമുതൽ റയിൽവെ ബ്രിഡ്ജ്‌വരെ കായലോരത്തുകൂടി ഒരു റോഡ് നിർമ്മിക്കുന്നതിനായി ഭൂമി നികത്തിയെടുത്തിട്ട് എത്ര വർഷമായി;

(ബി) മുൻ നിശ്ചയമനുസരിച്ച് അവിടെ ഒരു ടാറിട്ടറോഡു നിർമ്മിക്കുന്നതിന് ഇനി എത്ര ചിലവുവരും; എത്ര കാലതാമസം വരും?

ഉത്തരം.

(എ) നാലു വർഷം.

(ബി) ഉദ്ദേശം മൂന്നു ലക്ഷം രൂപ. ധനസ്ഥിതി അനുവദിക്കുമെങ്കിൽ രണ്ടു വർഷം.

മൂന്നാർ റോഡ്.

൨൪൦. [൨൦] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തുനിന്നും മൂന്നാററിലേക്കുള്ള പഴയ മൂന്നാർ റോഡിന്റെ മെയിന്റനൻസിനായി കഴിഞ്ഞ അഞ്ചു വർഷങ്ങളായി ഗവണ്മെന്റിൽ നിന്നും എത്ര തുക ചിലവാക്കിയിട്ടുണ്ട്;

(ബി) ഈ വർഷം ഈ ഇനത്തിലേക്കായി എത്ര തുക നിശ്ചയിച്ചിട്ടുണ്ട്;

(സി) ഈ ഇനത്തിൽ ഈ വർഷം ചിലവിടുവാൻ ഉദ്ദേശിക്കുന്ന തുക കൺട്രാക്ടറന്മാർ ന്യായമായ വിധത്തിൽ ചിലവു ചെയ്യുന്നുണ്ടോ എന്നു ഗവണ്മെന്റിൽ നിന്നും അന്വേഷിക്കുമോ;

(ഡി) മേൽപ്പറഞ്ഞ റോഡിന്റെ ഇരുവശങ്ങളിലായി അനേകം ഏക്കർ ഭൂമി കൃഷിക്കായി അനുവദിച്ചിട്ടുള്ളതിനാലും, ഈ സ്ഥലങ്ങളിൽ ജനവാസം വളരെ വർദ്ധിച്ചിട്ടുള്ളതിനാലും, ഈ റോഡ് ഇന്നത്തെ ശോചനീയമായ നിലയിൽ നിന്നും ഗതാഗതസൗകര്യപ്രദമാക്കിത്തീർക്കുവാൻ വേണ്ട നടപടി ഗവണ്മെന്റിൽനിന്നും ഉടൻതന്നെ കൈക്കൊള്ളുമോ?

ഉത്തരം.

(എ) ൩൧,൧൪൦ രൂപ.
(ബി) ൫൩,൮൫൮ രൂപ.
(സി) വേണ്ട അന്വേഷണത്തിനു ശേഷം മാത്രമേ തുക ചിലവു ചെയ്യുകയുള്ളു.
(ഡി) ഈ റോഡിന് അനുവദിച്ചുള്ള തുകക്കനുസരണമായി കഴിവുള്ളിടത്തോളം റോഡ് നന്നായി വരുന്നുണ്ട്.

പുതിയ റോഡ്.

൨൪൫. [൨൫] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ താലൂക്കിൽ കോതമംഗലത്തിനും പോത്താനിക്കാട്ടിനും മദ്ധ്യേ കോഴിപ്പിള്ളി മുതൽ അടിവാട് എന്ന സ്ഥലംവരെ ഒരു റോഡിനുള്ള സ്ഥലം ഗവണ്മെന്റിൽനിന്നും പൊന്നുംവിലയ്ക്കെടുത്ത് ഒരു പുതിയ റോഡ് തുറക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സ്ഥലവാസികളുടെ ഒരു നിവേദനം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെന്റിൽനിന്നും അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഈ റോഡ് തുറക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അതെന്താണെന്നു വ്യക്തമാക്കുമോ?

ഉത്തരം.

(എ) ഉണ്ട്.
(ബി) വേണ്ട അന്വേഷണം നടത്തി റോഡിന്റെ ലൈൻ സംബന്ധിച്ച് വർക്സ് കമ്മിറ്റിയുടെ അഭിപ്രായം അറിയുവാൻ തീരുമാനിച്ചു.
(സി) കുടികിടപ്പുകാരുടെ തടസ്സം ഹേതുവായി റോഡിന്റെ ലൈൻ തീരുമാനിച്ചിട്ടില്ല.

പാസ്പോർട്ട്.

൨൪൬. [൨൬] ശ്രീ. റ്റി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ൧൯൫൨-ൽ സിലോൺ മലയാളികൾ ആഘോഷിക്കുന്ന ശ്രീനാരായണജയന്തിയോടു സംബന്ധിച്ചു നടക്കുന്ന കേരളസംസ്കാര പ്രചാരണ സമിതിയിലെ ഒരു സമ്മേളനത്തിൽ പങ്കെടുക്കുവാനായി ശ്രീ. സി. അച്യുതക്കുറുപ്പ് (തൃശ്ശൂർ) ഒരു പാസ്പോർട്ടിന് അപേക്ഷിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഈ അപേക്ഷ അനുവദിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനു കാരണമെന്തു്?

ഉത്തരം.

(എ) അപേക്ഷിക്കുകയുണ്ടായിട്ടുണ്ടു്.

(ബി) ഇല്ല.

(സി) കാരണം വെളിവാക്കുവാൻ നിവൃത്തിയില്ല.

Electric Lights.

243. [25] **Shri E. Krishnan Nair:** Will the Minister for Works & Transport be pleased to state :

(a) Whether the Government have received petitions from the people for the supply of electric lights along all the roads and important lanes in the Kottarakkara Town, and

(b) If so, what action the Government have taken in the matter ?

Answer

(a) Petitions have been received for extension of lines along some of the roads and lanes in the town.

(b) The petitions were investigated and sanction was accorded for the execution of some of the extensions which are remunerative.

Extension of Electric Lines to Kottarakkara

244. [26] **Shri E. Krishnan Nair:** Will the Minister be pleased to state :

(a) Whether there have been representations from many villages in the Kottarakkara constituency for the extension of electric lines from Kundara in order that single crop paddy fields lying along the banks of the Kallada river may be converted into double crop fields with the introduction of the lift irrigation scheme ; and

(b) If so, what action the Government have taken in the matter.

Answer

(a) Yes.

(b) The matter will be considered in the programme of works for the next year.

ഇലക്ട്രിസിറ്റി.

൨൪൫. [൨൭] ശ്രീ. എം. സി. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) മീനച്ചൽ താലൂക്കിൽപെട്ട പൈക, കൊഴുവനാൽ ഈ സ്ഥലങ്ങളിൽ ഇലക്ട്രിസിറ്റി നൽകണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) പൈകയിലേക്കുള്ള ലൈൻ വരുമാനം തൃപ്തികരമല്ലാത്തതിനാൽ തൽക്കാലത്തേക്ക് മാറ്റിവച്ചിരിക്കുകയാണ്. കൊഴുവനാലിലേക്കുള്ള ലൈൻ പരിഗണനയിലിരിക്കുകയാണ്.

Water logging in Alenkulam.

246. [30] **R. Shri Ponnappa Nadar:** Will the Minister for Public Works be pleased to state:

(*a*) Whether Government was in receipt of a petition for relieving water logging in Alenkulam Yela in Midalam Pakuthy, Vilavancode Taluk.

(*b*) Are the Government aware that because of the neglect of the P. W. D., more than fifteen acres of paddy fields decayed.

(*c*) Will the U. T. in the above yela be repaired in the near future.

Answer

(*a*) Yes.
(*b*) No.
(*c*) Yes.

Azhinjikulam.

247. [31] **Shri R. Ponnappa Nadar:** Will the Minister for Works be pleased to state:

(*a*) What action has been taken by the P. W. D. for closing a breach and strengthening the bund for Azhinjikulam in S. No. 2327 of Midalam Pakuthy, Vilavancode Taluk;

(*b*) Will that work be immediately attended to?

Answer

(*a*) Estimate for closing the breach and protecting the bund is being prepared.

(*b*) The work will be taken up in consultation with the Food Production Board.

ക്രെഡിറ്റ് ബാങ്ക്.

൨൪൮. [൩൨] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ൧൯൫൦, ൫൧, ൫൨ ഈ വർഷങ്ങളിൽ ക്രെഡിററ ബാങ്കിൽ നിന്ന എന്തു തുക issue ചെയ്തിട്ടുണ്ട്;

(ബി) തുക വാങ്ങിയിട്ടുള്ളവരുടെ വിശദമായ പേരുവിവരം;

(സി) ഓരോരുത്തരും വാങ്ങിയിട്ടുള്ള തുക?

ഉത്തരം.

(എ)

Year ended.	Total amount of loans granted.
൩൧-൩-൧൯൫൦	൫,൯൨,൦൦൦
൩൧-൩-൧൯൫൧	൧൭,൭൪,൫൦൦
൩൧-൩-൧൯൫൨	൮,൯൨,൪൦൦

(ബി, സി) കടം വാങ്ങിയിട്ടുള്ളവരുടെ പേരുവിവരം, തുക മുതലായവ ബാങ്കു രഹസ്യമായതിനാൽ വെളിപ്പെടുത്താൻ നിവൃത്തിയില്ല.

റോഡു് നന്നാക്കൽ.

൨൪൯. [൩൭] ശ്രീ. കെ. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ—ഷൊർണ്ണൂർ റോഡും, തൃശ്ശൂർ—കുന്നംകുളം റോഡും നന്നാക്കുവാൻ (കാൺക്രീററിടാനോ, ടാറിടാനോ) ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നേയ്ക്കു് പ്രസ്തുത പ്രവൃത്തി ആരംഭിക്കും?

ഉത്തരം.

(എ) ഉണ്ടു്.

(ബി) തൃശ്ശൂർ—ഷൊർണ്ണൂർ റോഡിൽ ഉദ്ദേശം ൨ നാഴിക ഇപ്പോൾതന്നെ ടാറിട്ടു കഴിഞ്ഞു. തൃശ്ശൂർ-കുന്നംകുളം റോഡിൽ അടുത്തുതന്നെ പണി ആരംഭിക്കുന്നതാണു്.

കോട്ടയം ചുങ്കം പാലം

൨൫൦. [൪൭] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം പട്ടണത്തിന്റെ വടക്കേ അതിർത്തിയിലുള്ള ചുങ്കം പാലം ഭാരം കയററുമ്പോൾ കുലുങ്ങാറുണ്ടെന്നും, അതിന്റെ കൈവരി കമ്പി ഭാഗങ്ങൾ ദ്രവിച്ചു നശിച്ചിട്ടുണ്ടെന്നും ഗവണ്മെൻറു് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം കടക്കുമ്പോൾ വാഹനങ്ങളിൽനിന്നും വഴിയാത്രക്കാരും ഭാരവും ഇറക്കപ്പെടണമെന്നു് നിഷ്കർഷിച്ചുതുടങ്ങിയതു് എന്നു മുതലാണു്;

(സി) ചുങ്കം പാലം പുതുക്കി പണിയുവാൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നു പണി പൂർത്തിയാകും?

ഉത്തരം.

(എ) ഉണ്ട്.
(ബി) ൨-൭-൧൧൨൭ മുതൽ.
(സി) ഉണ്ട്.
(ഡി) ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Ilmenite.

251. [44] **Shri A. K. Chelliah:** Will the Minister for Finance and Civil Supplies be pleased to state:

(*a*) whether the Government received any request from the private mineral companies for the enhancement of basic cost from the present basic cost of Rs. 14-7 for Ilmenite per ton; and

(b) do the Government know that the cost of producing Ilmenite per ton will not exceed Rs. 14-7?

Answer.

(*a*) Yes.

(*b*) The matter is being examined by Government.

New Canal.

252. [45] **Shri R. Kesava Pillai:** Will the Minister for Works and Transport be pleased to state:

(*a*) whether from Vettikattu mukku (വെട്ടിക്കാട്ട് മുക്ക്) the terminus of Kottayam—Alleppey Canal, a new Canal to Kumarakom has been opened for gaining in the distance of traffic of boats and other water conveyances from Kottayam to Alleppey and *vice versa*;

(*b*) whether the Canal is secured by bunds on either side; and

(*c*) whether on account of the absence of bunds cultivators of paddy fields on either side of the Canal are unable to cultivate the paddy fields.

Answer.

(*a*) No. But a Canal has been cut from Vettikattu mukku to Mutheri mada in the interest of Irrigation.

(*b*) Bunds have been put up on either side of the Canal.

(*c*) Since the bunds put up are not sufficiently strong, the cultivators of paddy fields on either side of the Canal are put to come hardship.

Charging Stations & Magistrates' Courts.

253. [47] **Shri O. C. Ninan:** Will the Minister for Home Affairs be pleased to state:

(a) in how many Charging Police Stations there are Magistrate's Courts close by;

(b) what is the longest distance of a Police Charging Station to a Magistrate's Court at present;

(c) is the Government aware that the Magistrates' Courts and Police Charging Stations should be close by as far as possible for the safety of the people; and

(d) is the Government aware that the public experience great difficulty owing to the long distance of Magistrates' Courts from Police Charging Stations?

Answer.

(*a*) 46.

(*b*) 20 miles.

(*c*) It would be convenient if the Police Stations and Magistrates' Courts are close by.

(*d*) Magistrates' Courts are generally situated at the head quarters of each Taluk and there are more than one Police Station in each Taluk. It is not possible to have Magistrates., Courts close to all Police Stations.

Checking Stations.

254 [54] **Shri K. J. Thomas:** Will the Minister for Works and Transport be pleased to state:

(*a*) has Government received any representations from Ranni Desa Samithi members urging the necessity of locating the bus checking station at the Trunk road, *viz.* Manimala—Ranni road against the steps now taken through the influence of certain interested parties to locate the station at Petta market—a branch road, *viz*, Ranni—Vennikulam road; and

(*b*) will Government be pleased to decide this issue in consultation with the respective Village Panchayat Presidents of the surrounding villages?

Answer.

(*a*) A representation was received by the Inspector-General of Police.

(*b*) The parties will be heard by the Police authorities and the spot will be inspected by them before a decision is taken.

THE INDIAN REGISTRATION ACT (TRAVANCORE-COCHIN AMENDMENT) BILL—(*contd.*)

[12 Noon]

Mr. Speaker: The motion pending before the House is that the Indian Registration Act (Travancore-Cochin Amendment) Bill be taken into consideration.

ശ്രീ. ഒ. സി. നൈനാൻ: സർ, ഇവിടെ കൊണ്ടുവന്നിരിക്കുന്ന രജിസ്ട്രേഷൻ അമെൻഡ്മെൻറ് ബില്ലിൻെറ കാര്യത്തിൽ ആധാരമെഴുത്തുകാർക്ക് ലൈസൻസു കൊടുക്കണമെന്നുള്ള സംഗതിയെ സംബന്ധിച്ച് ചില കാര്യങ്ങൾ ഗവണ്മെൻറിനെ ഗ്രഹിപ്പിക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. അങ്ങനെ ഒരു വ്യവസ്ഥ ഇതിനു ചേർക്കുന്നതിനു കാരണമായി പറയുന്നത് മുമ്പ് തിരുവിതാംകൂറിൽ അങ്ങനെയൊരു നിയമം ഉണ്ടായിരുന്നു എന്നാണ്. ഒരു ആധാരം എഴുതുകയാണെങ്കിൽ ആ ആധാരത്തിൽ ചേർക്കുന്ന വസ്തുക്കൾ ഒരു സബ്‌രജിസ്ട്രാരുടെ അധികാരപരിധിയിൽ പെട്ടതായിരിക്കണമെന്നില്ല, ഒരു രൂപ രജിസ്ട്രേഷൻ ഫീസുകൊടുത്തു വേറെ ഏതെങ്കിലും രജിസ്ട്രാരുടെ അധികാരപരിധിയിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുവാൻ കഴിയുമെന്നാണ് ഇതുകൊണ്ടു അനുഭവപ്പെടുന്നത്. വേറെ ഏതെങ്കിലും വസ്തുവിലുള്ള ഒരു സെൻറു ഭൂമിയോ, അതിൽ നിൽക്കുന്ന ഒരുമൂട് പ്ലാവോ, മാവോ പാട്ടം എഴുതിയതായി പ്രമാണത്തിൽ ചേർത്ത് പ്രമാണങ്ങൾ രജിസ്റ്ററാക്കി വരുന്നതായി അനുഭവപ്പെടുന്നുണ്ട്. എൻെറ ഒരു വസ്തു അങ്ങനെയുള്ള ഒരു പ്രമാണത്തിൽപ്പെട്ടു വരികയാണെങ്കിൽ എനിക്ക് ആ വസ്തുവിന്മേൽ ലാൻഡുമോർട്ടുഗേജ് ബാങ്കിൽ നിന്നോ മററ് ഏതെങ്കിലും ബാങ്കുകളിൽ നിന്നോ കുറെ പണം കടം എടുക്കേണ്ടിവന്നാൽ മററു വസ്തുക്കൾകൂടി പ്രമാണത്തിൽപ്പെടുന്നുണ്ടതായി വരും. അതുകൊണ്ടു വളരെയധികം വിഷമങ്ങൾ നേരിടും. ഇങ്ങനെയുള്ള വിഷമങ്ങൾ കക്ഷികൾക്ക് മിക്കവാറും നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് പഴയ രീതിയിൽ തന്നെ പ്രമാണങ്ങൾ രജിസ്റ്റർ ആക്കുവാനുള്ള അധികാരം സബ്‌രജിസ്ട്രാർക്ക് നൽകുന്നതു നന്നായിരിക്കും. ആ അമൻറമെൻറുംകൂടി ഇതിൽ ചേർത്തുകഴിഞ്ഞാൽ വളരെ പ്രയോജനകരമായിരിക്കും എന്നാണ് എനിക്കു ചൂണ്ടിക്കാണിക്കുവാനുള്ളത്.

Mr. Speaker: May I invite the attention of the hon. Member to the fact that the present amendment Bill relates only to the matter of framing some rules for document writers? But the hon Member is referring to a matter which affects some of the Sections of the Indian Registration Act. It is not quite relevant.

ശ്രീ. ഒ. സി. നൈനാൻ: ഇതിനെ സംബന്ധിച്ച് മുൻപു ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ ചൂണ്ടിക്കാണിച്ചതിനു ഫിനാൻസ് മിനിസ്റ്റർ മറുപടി പറഞ്ഞിട്ടുണ്ട്. അതു തൃപ്തികരമാണോ എന്നെനിക്കു സംശയമാണ്. ഞാൻ മുൻപു പറഞ്ഞതുപോലെ ചില ഉപദ്രവകരമായ കാര്യങ്ങൾ കൂടിയുണ്ട്. ആ വക ന്യൂനതകൾകൂടി കണ്ടുപിടിച്ച് ഇതിൽ ചേർക്കുന്നതു നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം.

Mr. Speaker: No other speakers, I suppose. The motion before the House is that the Indian Registration Act (Travancore-Cochin Amendment) Bill be taken into consideration.

The motion was put and carried.

Clauses 1 and 2.

Mr. Speaker: As there are no amendments proposed to the Bill, the question before the House is that Clauses 1 and 2 stand part of the Bill.

The motion was carried.

Clauses 1 and 2 were added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri. A. Chidambaranatha Nadar: Sir, I move that the Bill be finally passed.

Shri Panampilli Govinda Menon: I second it.

The motion that the Indian Registration Act (Travancore-Cochin Amendment) Bill be passed into law was put and carr.ed.

The Bill was passed.

The Travancore-Cochin Land Tax Bill.

Minister for Revenue (**Shri A. Chidambaranatha Nadar**):

Sir, I beg to introduce the Travancore-Cochin Land Tax Bill and move that it may be referred to a Select Committee the members of which I shall propose later.

Shri Panampilli Govinda Menon: I second it.

Mr. Speaker: The Travancore-Cochin Land Tax Bill stands introduced.

<u>ஸ்ரீ. ஏ. சிதம்பரநாத நாடார்:</u> ஸார், நான் இந்த Bill-ஐ இந்த அஸெம்பிளியில் பிரேரித்ததற்கு ஒரே ஒரு காரணந்தானுண்டு. அதாவது, திருவிதாங்கூர் பகுதியிலுள்ள நிலங்களின் பேரில் 1121-ம் வருஷத்து The Travancore Land Tax Proclamation அனுசரித்து அடிப்படைக்கரம் வசூலித்து வரப்படுகிறது. இந்த நிர்மாணம் அனுசரித்து அடிப்படைக் கரத்தை திருவிதாங்கூரிலுள்ள எல்லா பூமிகளின் பேரிலும் வரிவசூல் செய்து கொண்டிருக்கிறோம். இங்கு நிலங்களுக்கு ஒரு சென்றுக்கு அடிப்படைக்கரம் மூன்று பைசா. இந்த வரியானது, பண்டைக்காலத்தில் எங்கெந்த நிலங்களுக்கு வரி வசூல் செய்யப்பட்டு வந்ததோ அந்த நிலங்களுக்குத்தான் கொடுக்கப்படுகிறது. இதில் ஜென்மிகரம் வாரம் உட்படாது.

[ஸ்ரீ. ஏ. சிதம்பரநாத நாடார்]

மரங்களுக்குள்ள வரி இதில் நிறுத்தப்பட்டிருக்கிறது. ஸ்ரீபண்டார வகை நிலங்கள் ஸ்ரீபாதம் நிலங்கள், கண்டுகிருஷி, இடப்பள்ளி, பூஞ்ஞார், வஞ்சிப்புழை, கிளிமானூர் முதலிய இடங்கள் இதில் உள் படாது.

Shri E. P. Varghese: May I know from the hon. Minister whether he had received several representations from the people of Edavagais that those lands also may be brought under the Basic Tax?

Shri A. Chidambaranatha Nadar: Yes, Government have received such representations.

Shri E. P. Varghese: May I know under what provisions were they rejected?

Shri A. Chidambaranatha Nadar: They were not rejected but on the other hand they are engaging the attention of Government.

Shri E. P. Varghese: May I know whether it would not have been better to have brought forward this Bill after some decision was arrived at on that point?

Shri Panampilli Govinda Menon: Sir, in order to give effect to those representations it is not intended that this Bill should be acted upon. This Bill is based on Government assessment of land tax in Travancore-Cochin. And, I know, Sir, that this has given rise to certain misconceptions. If basic tax is to be introduced with respect to the kind of lands mentioned by the hon. Member for Alangad, that won't solve the problem. What is demanded is that the dues to the Edavagais referred to may be reduced and the liabilities of these tenants and *pattadars* may be fixed at the rate of the basic tax due to Government. That is a larger question and a different question.

<u>ஸ்ரீ. ஏ. சிதம்பரநாத நாடார்</u>: ஸர், திருவிதாங்கூர்-கொச்சி ராஜ்யத்தில் கொச்சி பாகத்திலுள்ள நிலங்களுக்கு 1905 வருஷத்து Settlement அனுசரித்து வரி வசூலித்து வரப்படுகிறது. அதாவது திருவிதாங்கூரில் அடிப்படைக் கரம் அமுலுக்கு வருவதற்கு முன் னந்த முறையில் வரி வசூல் செய்யப்பட்டுவந்ததோ அந்த முறையில் தான் கொச்சியில் வரி வசூலித்து வரப்படுகிறது. திருவிதாங்கூர்-கொச்சி ராஜ்யத்தில் ஒரே மாதிரி அடிப்படையில் வரி வசூல் செய்ய வேண்டுமென்ற காரணத்திற்காக இந்த Bill கொண்டுவரப் பட்டிருக்கிறது. இதில் இரண்டு திருத்தங்கள் உண்டு. கொச்சி யிலுள்ள தேவஸ்வம் பூமிக்குள்ள தேவஸ்வம் கரத்தையும், அதே பூமிகளுக்குள்ள அரசாங்க வரியையும், சர்க்காரே வசூலித்து, இரண்டு இனங்களாக எடுக்கப்பட்டு வருகிறது. மேலால் சர்க்காருக் குக் கொடுக்கப்படும் வரி அடிப்படை வரியாக மாறும் என்று நான் சொல்லிக்கொள்கிறேன். இரண்டாவது, பாட்டங்களை, அல்லது

வேறு எந்தவிதமான Contract *முறையிலோ அல்லது வேறு முறையில் கரம் கொடுக்கவேண்டுமென்று இருந்தால் அது அடிப்படை கரமாக மாறும். இந்த* Bill *அமுலில் வரும்போது திருவிதாங்கூர்–கொச்சி சர்க்காருக்கு* 3·3 *லக்ஷம் ரூபாய் நிலக்கரத்தில் குறையும் என்று சொல்லிக்கொள்கிறேன்.*

<u>ശ്രീ. ഒ. സി. നൈനാൻ:</u> ഈ ബില്ലിന്റെ സാമാന്യതത്വത്തോടു യോജിക്കുന്നതോടൊപ്പം ഇതിനെ സംബന്ധിച്ചു് ഒന്നുരണ്ടു കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബില്ലിന്റെ പ്രിയാമ്പിളിൽ പറഞ്ഞിരിക്കുന്നതു് തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള എല്ലാ ടാക്സുകളും ഒന്നുപോലെ ആക്കുവാൻ ഉള്ള കാരണങ്ങളാണു്. അതു വളരെ നല്ല ഒരു കാര്യമാണു്. കർഷകർക്കും വസ്തു ഉടമസ്ഥന്മാർക്കും അതു വളരെ പ്രയോജനകരമായിരിക്കുമെന്നും ഞാൻ കരുതുന്നു. എന്നാൽ ഈ ബില്ലിന്റെ റീസൺസ് ആൻഡ് ആബ്ജക്റ്റ്സിൽ ഈ ബില്ലിന്റെ പരിധിയിൽ നിന്നു് ഏതെങ്കിലും ടാക്സ് ഒഴിവാക്കുവാനുള്ള കാരണങ്ങളൊന്നും പറഞ്ഞിട്ടില്ല. ഈ ബില്ലിലെ ക്ലാസ്സ് ൧ (ഇ) പരിശോധിച്ചാൽ ഇടപ്പള്ളി, കിളിമാനൂർ, വഞ്ഞിപ്പുഴ, പൂഞ്ഞാർ എന്നീ ഇടവക സ്ഥലങ്ങൾ അതിന്റെ പരിധിയിൽ നിന്നു് ഒഴിച്ചിട്ടുള്ളതായി കാണാം. അങ്ങനെ ഒരു വലിയ വിഭാഗം ഭൂമി ഒഴിവാക്കുന്നതിനുള്ള ഒരു വകുപ്പുകൂടി ഈ ബില്ലിൽ ചേർത്തിട്ടുണ്ടു്. ഏതാണ്ടു് വലതുകൈ കൊണ്ടു് കൊടുത്തിട്ടുള്ളതിൽ പകുതിയോളം സംഖ്യ ഇടതുകൈകൊണ്ടു തിരിച്ചെടുക്കുന്നതുപോലെയുള്ള ഒരനുഭവമാണു് ഉണ്ടാകുന്നതു്. ഇതൊന്നും ഗവണ്മെന്റു വസ്തുക്കളല്ലാത്ത കാരണംകൊണ്ടു പ്രത്യേകിച്ചു് ഒരു നിയമം വേണ്ടതാണു് എന്നു ഫിനാൻസ്മിനിസ്റ്റർ ചൂണ്ടിക്കാണിച്ചതായി ഞാൻ ഓർക്കുന്നു. അതിനെ സംബന്ധിച്ചു് ഒരു കാര്യം എനിക്കു് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ടു്. ഇടപ്പള്ളി, ഇടവക എന്റെ നിയോജകമണ്ഡലമായ കല്ലൂപ്പാറ നിയോജകമണ്ഡലത്തിൽപെട്ട ഇടവകയാണു്. ഇടപ്പള്ളി ഇടവക വസ്തുക്കളെല്ലാം ഇടപ്പള്ളി രാജാവിന്റെ വകയായിരുന്നു. തിരുവിതാംകൂറിലുണ്ടായിരുന്ന വസ്തുക്കളിൽ നിന്നു തിരുവിതാംകൂർ രാജാവിനു് കരം പിരിക്കുവാൻ അധികാരം ഉണ്ടായിരുന്നതുപോലെ ഇടപ്പള്ളി ഇടവക വസ്തുക്കളിൽ നിന്നു കരം പിരിക്കുവാനുള്ള അധികാരം ഇടപ്പള്ളി രാജാവിനുണ്ടായിരുന്നു. അതു് ചരിത്രദൃഷ്ട്യാ തെളിയിക്കാവുന്നതുമാണു്. ഇടപ്പള്ളി ഇടവക വസ്തുക്കൾ കൈവശംവച്ചു് അവിടെ വസിച്ചിരുന്ന ആളുകൾ തിരുവിതാംകൂർ രാജ്യത്തുള്ള ആളുകൾ ഏതുപ്രകാരത്തിൽ തിരുവിതാംകൂർ രാജാക്കന്മാരുടെ വസ്തുക്കൾ കൈവശംവച്ചു് തിരുവിതാംകൂർ രാജാവിനു് കരംകൊടുത്തുവന്നിരുന്നുവോ അതുപോലെയുള്ള അധികാരവും അവകാശവും അനുസരിച്ചു് വസ്തു കൈവശംവച്ചു് ഇടപ്പള്ളി രാജാക്കന്മാർക്കു് കരം കൊടുക്കുകയും ചെയ്തിരുന്നു. പാട്ടമായിട്ടല്ലാ അവർ കൊടുത്തിരുന്നതു്; കരമായിട്ടു് ആയിരുന്നു. ഗവണ്മെന്റു വസ്തുക്കളിൽ ഏതുപ്രകാരം കരം കൊടുക്കുന്നുവോ അതേ രീതിയിലുള്ള കരം ഇടപ്പള്ളി രാജാവിനും കൊടുത്തിരുന്നു. ഇടപ്പള്ളി രാജ്യം കൊച്ചി രാജ്യത്തോടു് ചേർന്നപ്പോൾ ആ കരം അവിടെ പിരിച്ചിരുന്നു. പിന്നീടു് തിരുവിതാംകൂർ വിഭാഗത്തോടു ചേർന്നപ്പോൾ ആ കരം തിരുവിതാംകൂർ രാജാവു് പിരിച്ചെടുത്തിരുന്നു. കിളിമാനൂർ, പൂഞ്ഞാർ, വഞ്ഞിപ്പുഴ ഈ ഇടവക വസ്തുക്കൾപോലെയല്ല ഇടപ്പള്ളി ഇടവക വസ്തുക്കൾ.

ശ്രീ. ടി. വി. താമസ്: കിളിമാനൂർ ഇടവകയും, ഇടപ്പള്ളി ഇടവകയുമായിട്ട് എന്താണ് വ്യത്യാസം?

ശ്രീ. ഒ. സി. നൈനാൻ: അത് ഞാൻ പറയാം. റവന്യൂ മാനുവൽ നോക്കിയാലും പല ചരിത്രഗ്രന്ഥങ്ങൾ നോക്കിയാലും അറിയാം. ഇടപ്പള്ളിയുടെ വക ഭൂമി കൈവശം വച്ചിരുന്നവർ ടെനന്റായിരുന്നു, അല്ലാതെ പാട്ടമല്ല കൊടുത്തുവന്നിരുന്നത്. ആ കരം നിശ്ചയിച്ചിരുന്നതുതന്നെയും ഗവൺമെന്റ് റൂൾസ് അനുസരിച്ചാണ്. ഗവൺമെന്റ് വസ്തുക്കൾക്ക് കരം നിശ്ചയിക്കുന്ന അതേ ചിട്ട അനുസരിച്ചാണ് ഈ വസ്തുക്കൾക്കും കരം നിശ്ചയിച്ചിരിക്കുന്നത്.

തിരുവിതാംകൂറിൽ റവന്യൂറിക്കവറി ആക്റ്റ് നിർമ്മിക്കുവാൻ വന്നപ്പോൾ ഇടപ്പള്ളി ഇടവക വസ്തുക്കളേയും തിരുവിതാംകൂർ രാജാവിന്റെ വസ്തുക്കളേയും ഒരേ നിലയിൽ കണക്കാക്കുവാൻ പാടില്ലാ എന്നൊരു വാദം വന്നു. അതായത് തിരുവിതാംകൂർ രാജാവിനേയും ഇടപ്പള്ളി രാജാവിനേയും ഒരേ നിലയിൽ കണക്കാക്കുവാൻ പാടില്ല എന്നൊരു അഭിമാനത്തെ അടിസ്ഥാനമാക്കി തിരുവിതാംകൂർ രാജാവിന്റെ ഭൂമിയിൽനിന്നു കരം പിരിക്കുന്നതിനെ ഈ ആക്റ്റിൽ ഉൾപ്പെടുത്തുവാൻ തീരുമാനിക്കുകയും ഇടപ്പള്ളി ഇടവക ഭൂമികൾക്ക് പ്രത്യേകം ഒരു നിയമം കൊണ്ടുവരാമെന്നു നിശ്ചയിക്കുകയും ചെയ്തു. അതോടുകൂടി തന്നെ ൧൦൯൭-ലെ ൪-ാം ആക്റ്റ് ഇടപ്പള്ളി സ്വരൂപം വക വസ്തുക്കളിൽ നിന്നു കരം പിരിക്കുവാൻ കൊണ്ടുവരികയും ചെയ്തു. അതിലെ വ്യാഖ്യാനത്തിൽ ഗവൺമെന്റ് വസ്തുക്കൾ കൈവശം വച്ചിരിക്കുന്നവർക്ക് ഏതെല്ലാം അധികാരാവകാശങ്ങൾ ഉണ്ടോ ആ അധികാരാവകാശങ്ങളെല്ലാം ഇടപ്പള്ളി സ്വരൂപംവക വസ്തുക്കൾ കൈവശംവച്ചിരിക്കുന്നവർക്കും ഉണ്ടായിരിക്കുന്നതാണെന്നു പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെ പ്രത്യേകം ഒരു നിയമംകൊണ്ടുവന്നത് അഭിമാനത്തെക്കരുതി, തിരുവിതാംകൂർ രാജാവിനേയും ഇടപ്പള്ളി രാജാവിനേയും ഒരേ നിലയിൽ കണക്കാക്കി കരം പിരിക്കുവാൻ പാടില്ല എന്നു കരുതിയാണ്. ഞാൻ ഇതു ചൂണ്ടിക്കാണിക്കുന്നത് അവിടെ കരമാണ്, പാട്ടമല്ലായിരുന്നു അതേവരെ ചുമത്തിയിരുന്നതെന്നും വസ്തു ഉടമസ്ഥന്മാർക്ക് സ്ഥിരാവകാശവും പൂർണ്ണമായ അവകാശവും ഉണ്ടായിരുന്നതാണെന്നും അറിയുവാൻ വേണ്ടിയാണ്. ൧൦൪൫-ന് മുമ്പുതന്നെ ഇടപ്പള്ളി സ്വരൂപത്തിൽ വസ്തു കൈവശക്കാർ ഉണ്ടായിരുന്നതാണ്. ൧൦൯൫-ന് ശേഷം ഇടപ്പള്ളി സ്വരൂപംവക വസ്തു കൈവശക്കാരുടെ അവകാശത്തിൽ പല മാററങ്ങളും വരുത്തി. അതായതു കൊട്ടാരത്തിന്റെ സ്വാധീനംകൊണ്ടും ഉദ്യോഗസ്ഥന്മാരുടെ സ്വാധീനംകൊണ്ടും കുടിയാന്മാരുടെ അവകാശങ്ങളെ പലതും കൈവശപ്പെടുത്തി. അങ്ങനെ ചെയ്തുകൊണ്ടു കുടിയാന്മാരുടെ അവകാശം ഇല്ലായ്മ ചെയ്യുവാൻ പാടില്ല. എല്ലാ സ്ഥലത്തും ബേസിക്ക് ടാക്സ് നടപ്പാക്കുമ്പോൾ ഇടപ്പള്ളി സ്വരൂപം വസ്തുക്കൾക്ക് അതു ബാധകമാക്കാൻ പാടില്ല എന്നു പറയുന്നതിനു യാതൊരു ന്യായവും ഞാൻ കാണുന്നില്ല. എന്താണെന്നുവെച്ചാൽ ൧൦൯൭-ലെ

റെഗുലേഷൻ അനുസരിച്ചു തിരുവിതാംകൂർ രാജാവിന്റെ ഭൂമികളുള്ള എല്ലാ അവകാശങ്ങളും ഇടപ്പള്ളി സ്വരൂപം വക ഭൂമിക്കും കൊടുത്തിട്ടുണ്ട്. പണ്ട് ഇടപ്പള്ളി സ്വരൂപം ഭൂമികളിലെ കരം ഇടപ്പള്ളി രാജാവിന് കിട്ടിയിരുന്നു. ഗവണ്മെന്റിനു വേണമെങ്കിൽ റവന്യൂറിക്കവറി ആക്ടനുസരിച്ച് പിരിച്ചെടുക്കാമെന്നല്ലാതെ അതിന്റെ പ്രതിഫലം പറ്റിയിരുന്നില്ല. ഗവണ്മെന്റ് അവിടെ നിന്നു പിരിക്കുന്ന കരം ഇടപ്പള്ളി രാജാവിനു കൊടുക്കുന്നതിനു യാതൊരു വിരോധവുമില്ല. പക്ഷെ ഞങ്ങൾക്ക് അതിനു സമ്മതമില്ലെന്നുള്ള കാര്യമാണ് ഞാൻ ഈ സഭയുടെ മുമ്പിൽ ചൂണ്ടിക്കാണിക്കുന്നത്. ഒരേ തരത്തിലുള്ള വസ്തുക്കളിൽ രണ്ടുതരത്തിൽ സംഗതികൾ നടത്തുന്നത് ഒരിക്കലും ശരിയല്ല. ഈ നിയമം പാസ്സായിയാൽ ഇടപ്പള്ളി സ്വരൂപക്കാരെ മാറുന്നതിനു പ്രതിഫലം കൊടുക്കണം. ജനങ്ങളെ സംബന്ധിച്ചിടത്തോളം അതിനു യാതൊരു ഉത്തരവാദിത്വവുമല്ല. വസ്തു ഉടമസ്ഥന്മാർക്ക് പണ്ടാരവക വസ്തുവിൽ എന്തെല്ലാം അധികാരാവകാശങ്ങൾ ഉണ്ടോ ആ അവകാശം അവർക്കും കൊടുക്കണം. ഗവണ്മെന്റ് ഇടപ്പള്ളി സ്വരൂപക്കാരെ മാറ്റുകയാണെങ്കിൽ പ്രതിഫലമായി അവർക്ക് കരം കൊടുക്കണമെങ്കിൽ ഞങ്ങൾക്ക് വിരോധമില്ല.

Shri A. Chidambaranatha Nadar: Whom are you paying to now, the tenant or the Chief ?

Shri O. C. Ninan: The tenants are paying the Edapalli Chief. The only thing is that it is being collected by the Government. The Chief's agents will apply to the Taluk authorities and collect the amount and pay it to the Chief. Now, the Government are not getting anything under the tax. Under such circumstances, the Government have no right to collect any tax further.

Shri A. Chidambaranatha Nadar: Government are not collecting anything even though the basic tax is not introduced

Shri Panampilli Govinda Menon: It will add to your burden.

Shri O. C. Ninan: If the lands that are liable to be assessed under the basic tax here enjoy any benefit, we are also entitled to the same benefit. Unless we are to suffer a certain amount of disability, it is not going to add to our liability.

Shri E. P. Varghese: Were the Edavagai lands brought under the Settlement ? Were they brought under the Settlement procedure ?

Shri O. C. Ninan: Yes.

Shri E. P. Varghese: In whose names are the *pattas* ?

Shri O. C. Ninan: The *pattas* are in the name of the tenants.

Shri Panampilli Govinda Menon: Is the hon. Member for Kallooppara aware that where occupancy rights exist, *pattas* are given ?

Shri O. C. Ninan: No, in some cases only they are given.

Shri Panampilli Govinda Menon: No, in all cases occupancy rights are given.

Shri O. C. Ninan: Anyhow, from 1068, and even before the Pattom Proclamation of 1042, we were enjoying permanent occupancy rights. Then, how can you take away that right?

Shri Panampilli Govinda Menon: What I suggested was that where there are occupancy rights, *pattas* will be given; where occupancy rights are sought to be conferred, then also *pattas* will be given. Anyway, the right of a *pattadar* in law under the land revenue system everywhere in India is considered to be an indication or index of an occupancy right.

ശ്രീ. ഒ. സി. നൈനാൻ: പട്ടയം കിട്ടുന്നതുകൊണ്ടു മാത്രമാണ് ഉടമസ്ഥാവകാശം കിട്ടുന്നതു് എന്നല്ല എന്റെ വാദം. ഉടമസ്ഥാവകാശം ഇല്ലാത്തവർക്കു പട്ടയം കൊടുക്കുകയില്ല. വസ്തു ഞങ്ങളുടെതായിരുന്നു എന്നും ഞങ്ങൾ കരം മാത്രമാണ് കൊടുത്തിരുന്നതു് എന്നുമാണ് ഞാൻ പറഞ്ഞതു്. ഇങ്ങനെയുള്ള വസ്തുക്കൾ ഈ ആക്ടിന്റെ പരിധിയിൽനിന്നു ഒഴിവാക്കണമെന്നു പറയുന്നതിൽ യാതൊരു നീതിയും ഇല്ല. തിരുവിതാംകൂർ-കൊച്ചിയിലുള്ള എല്ലാ വസ്തുക്കളും ഇതിന്റെ പരിധിയിൽപ്പെട്ടതാണ്. ഒബ്ജക്റ്റ്സ് ആൻഡ് റീസൺസിൽ ഈ വസ്തുക്കൾ ഇതിന്റെ പരിധിയിൽനിന്നു് ഒഴിവാക്കുന്നതിനു് യാതൊരു കാരണവും പറഞ്ഞിട്ടില്ല. ഈ സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു യാതൊരു കാരണവും ഇല്ലാതിരുന്നതുകൊണ്ടാണ് ഒന്നും പറയാതിരുന്നതു്. ചരിത്രപരമായി നോക്കിയാലും കാര്യകാരണങ്ങളെക്കൊണ്ടു നോക്കിയാലും ഗവണ്മെന്റിന്റെ പോളിസി നോക്കിയാലും ഈ നിയമത്തിന്റെ പരിധിയിൽനിന്നും ഇടപ്പള്ളിയുടെ വക വസ്തുക്കൾ ഒഴിവാക്കുന്നതു് ഒരിക്കലും നീതീകരിക്കത്തക്കതല്ല. കിളിമാനൂർ, പൂഞ്ഞാർ, വഞ്ചിപ്പുഴ എന്നീ ഇടവക വസ്തുക്കളെയും ഒഴിവാക്കാൻ പാടില്ല. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതായതുകൊണ്ടും എനിക്കു് അതിനെപ്പറ്റി കൂടുതൽ അറിയാമെന്നുള്ളതുകൊണ്ടുമാണ് ഇടപ്പള്ളി ഇടവകയെപ്പറ്റി ഞാൻ ഇത്രയും പ്രത്യേകം പറഞ്ഞതു്.

Shri Panampilli Govinda Menon: May I know from the hon. Member what his views are in regard to *palliam* properties?

Shri O. C. Ninan: That has not been brought in here. If it is sought to be included here and if I consider that it stands in the same category, I would say that proprietary right should be given to the occupants.

Shri Panampilli Govinda Menon: May I know whether these properties are dealt with in the same way in which the *palliam* properties are dealt with?

Shri O. C. Ninan: I am not aware of the dealings in regard to those properties. I know of the properties in *Kilimanoor Edavaka*, *Vanjipuzha* and *Poonjar*. If the facts are given to me about *Palliam* properties, I would say whether they deserve a

treatment on a par with the other properties. But as far as these properties are concerned, I should be given all the privileges that the *Pandarapattom* properties enjoy.

ശ്രീ. ടി. ററി. തോമസ്: കിളിമാനൂരും, ഇടപ്പള്ളി ഇടവകയും തമ്മിലുള്ള വ്യത്യാസങ്ങൾ പറയാമെന്നു മുമ്പു പറഞ്ഞുവല്ലോ. എന്താണ് വ്യത്യാസം?

ശ്രീ. ഒ. സി. നൈനാൻ: കിളിമാനൂർ ഇടവകവസ്തുക്കൾ കിളിമാനൂർ രാജാക്കന്മാർക്ക് ഏതോ കാരണവശാൽ ദാനമായിട്ട് വിട്ടുകൊടുത്തിട്ടുള്ളതാണ്. നേരെമറിച്ച് ഇടപ്പള്ളി ഇടവകവസ്തുക്കൾ അങ്ങനെയുള്ളതല്ല. ഇടപ്പള്ളി രാജാവ് തിരുവിതാംകൂർ രാജാവിനെപ്പോലെ ഒരു രാജാവായിരുന്നു. ചരിത്രപരമായ കാരണങ്ങളാൽ രണ്ടു രാജവംശങ്ങളും കൂടി ഒന്നിച്ചു ചേർന്നതാണ്. കിളിമാനൂർ അങ്ങനെയല്ല. ഇടപ്പള്ളി ഇടവക മററുള്ള ഇടവകയിൽ ഒരുപടി കൂടി മുന്നിട്ടുനിൽക്കുന്നുവെന്നു കാണിക്കാനാണ് ഞാൻ ഇതു പറഞ്ഞതു്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഇടപ്പള്ളി ഇടവകയിൽ ബേസിക്ക് ടാക്സ് ഏർപ്പെടുത്തുകയാണെങ്കിൽ ഇപ്പോൾ കൊടുക്കുന്നതിലും കൂടുതൽ തുക കൊടുക്കേണ്ടിവരുമെന്നാണെങ്കിൽ അതു് സമ്മതമാകുമോ?

ശ്രീ. ഒ. സി. നൈനാൻ: ബേസിക്ക് ടാക്സ് ഏർപ്പെടുത്തുമ്പോൾ കൂടുതൽ തുക കൊടുക്കേണ്ടിവന്നാൽ അതു് ഞങ്ങൾ കൊടുക്കാം.

Shri A. Chidambaranatha Nadar : May I point out that if all these lands are brought under the purview of this Bill Government alone is going to be benefited?

ശ്രീ. ഒ. സി. നൈനാൻ: പക്ഷെ ജനങ്ങളാണു കൊടുക്കേണ്ടതു്

Shri Panampilli Govinda Menon : What are you going to do with the Chiefs and others?

Shri O. C. Ninan: They may be dealt with just like other people. Government may give pension or not. I have no objection in paying remuneration to them. They were enjoying certain benefits which they were not entitled to hitherto. They should not be given any more benefit like that. Vested rights have to be stopped. They all depend upon the circumstances.

Shri A. Chidambaranatha Nadar : As far as the Sripandaravaga lands are concerned some difficulties may arise.

Shri O. C. Ninan : Government have to solve the difficulty.

Shri A. Chidambaranatha Nadar : The same principle cannot be applied in the case of all such instances.

Shri O. C. Ninan : There are ever so many vested rights. If you point out particular cases I can give my suggestions.

Shri A. Thanu Pillai : May I know whether he is for acquisition of wealth as far as possible?

Shri O. C. Ninan: No. Tenants in Kalluppara are suffering a lot at the hands of the Edapalli Chief. The hon. Member who is now pleading for the people had sent in 14 amendments.

Shri A. Thanu Pillai: I am always pleading. I ask whether you plead for the people.

Shri K. Balakrishna Menon: Sir, As one belonging to Cochin, I think it is my duty to appraise the Government of the possible reactions of this Bill, if it is introduced in the Cochin area. With that object in view I would place certain facts and figures before this House. In 1124, the total assessment for that year is Rs. 10,74.402-5-2. The major part of it came from the wet lands *i. e.*, Rs. 7,26,691-2-6 while the revenue from parambas came to Rs. 3,47,711-2-8. The extent of wet land is 309948 acres, while that of the parambas is 4,54,398 acres. Thus, though the extent of wet land is less than the extent of parambas, the revenues from the former is disproportionately greater than that of the latter. The reason for this is, the parambas were only nominally assessed, which when worked out will come to round about a pie per cent. If this land-tax-bill were to be extended to the Cochin area, there will be a good drop in the revenue from the wet land and corresponding increase in the revenue parambas. The question which I desire this House to consider is this; who is going to get the benefit of this drop, and who is going to share the burden of this increase ?

The answer to these questions will depend upon the understanding of the pieces of legislation now obtaining in Cochin regarding liability to pay the revenue. There is the Settlement Proclamation of 1085. There is the Tenancy Act of 1113; and lastly there is the 'Verumpattom Act' of 1118. The first throws the burden upon the 'Jenmi'. The second throws the burden upon the Kanom tenant. The third throws the burden of paying the enhanced revenue since 1118,on the shoulders of the Verumpattom tenant. It is relevant at this stage to consider what section of the people and how many of them would come within the operation of each one of these respective laws. To appreciate this you have to run your eye over the history of the evolution of the Land Tenure system in Cochin. Originally the lands were divided into two broad categories, Pandaravaka and Puravaka, the former being land held by the Sircar directly, the latter being those assigned to individuals or institutions. Whatever may be their distinction, in course of time both these lands were demised on different tenures, such as 'Kanam' 'Anubhavom' 'Otti' etc. The one characteristic feature is that lands got into the hands of the middle class who looked upon it as a sort of investment. It is at this stage that Kanam tenants were called upon to pay the tax by the Tenancy Act of 1113. Before long, however with the advent of modern tendency to seek employment in Government service, or do business, the

middle class left agriculture, demising the properties to the lowest strata of poor persons on 'Verumpattom' tenure. Now then almost all the lands are held under this tenure in Cochin and the original distinction between the various tenures ceases to have any bearing on the question at issue. This is clear from the statistics of 1124. The number of non-cultivating proprietors taking rent in money or kind is only 4,549. While the number of cultivating owners come up to 14,170. These are the only people who are under an obligation to pay the revenue under the Settlement Proclamation of 1085 and the Tenancy Act of 1113. It is these people alone who stand to gain any drop in the revenue by means of this bill and not the verumpattom tenants, because they are under no obligation to pay revenue under the law, their liability being limited to the enhanced portion of it. Barring then these people, we get 23,953 tenant cultivators. These are persons probably holding wet lands as well as parambas. But there is still a wider section of verumpattom tenants who hold only parambas. This will be clear from the fact that almost every 5 out of 10 families in the State will be found holding some little extent of paramba at least. Therefore all these verumpattom tenants will have to pay the additional revenue under the proposed bill by virtue of the provision in the Verumpattom Act of 1118, throwing upon them the burden of paying any enhanced assessment. Thus, while this act gives relief to a few rich men, would work prejudice to the majority of the poor.

I enter a strong plea on behalf of the verumpattom tenants for the reason, that their back is already broken by what is known as 'Rack-renting' prevalent in Cochin. I do not know if the honourable members belonging to Travancore realise about it. The original 'Jenmi' has leased his properties for a nominal rent, but the lessee has sub leased it for a higher rent. This process of sub-leasing for higher and higher rent goes on, till by the time the property gets into the hands of the verumpattom tenant who actually cultivates it, he has contracted to pay a pattom which is beyond his capacity and the capacity of the land. To fix a fair rent and to fix a ceiling on holding, bills are introduced and the Government also propose to bring in a comprehensive legislation. Then probably some relief will have been granted to the verumpattom tenant. Then may be time enough then to throw this additional taxation on him; but not now.

Probably it may be argued under clause 6 of this bill the verumpattom tenant is going to get a benefit. That is on the assumption that leases in Cochin are of the character contemplated by that clause. It is not so. So far as my knowledge goes, leases do not contain a stipulation, but only a direction which makes all the difference that a lawyer desires to defeat the object of this clause. I will make my position clear, by means of an illustration. I can lease my property in 3 different ways. I can lease my property of 10 paras of seed sowing lands for a pattom of 100 paras. I can lease it for 100 paras plus tax. I

[Shri K. Balakrishna Menon.]

can lease it for 100 paras and direct the tenant to pay the tax from out of what is due to me and pay me the balance only. In the first case, I pay the tax. In the second case, the tenant pays the tax by virtue of contract. In the third case the tenant pays the tax by virtue of a direction. It is the last kind of leases that is generally obtained in Cochin. In all such cases, if there is a reduction in revenue that is going to the benefit of the landlord, and never to the benefit of the tenant, tenant having the obligation to make good the balance set apart for the tax.

In the circumstances, I would suggest to the Government to defer this bill till such time the Government could bring in a comprehensive legislation or refer it to a select committee.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സർ, അടിസ്ഥാനനികുതി കൊച്ചി വിഭാഗങ്ങൾക്കുകൂടി ബാധകമാക്കുന്നതിനു വേണ്ടിയുള്ള ഈ ബില്ലിന്റെ തത്വത്തോടു പൊതുവിൽ യോജിക്കുകയാണു ഞാൻ ചെയ്യുന്നതു്. എന്നാൽ അതേ അവസരത്തിൽ അങ്ങനെ ബാധകമാക്കുന്നതുകൊണ്ടു് കൊച്ചിവിഭാഗത്തിലെ കൃഷിക്കാർക്കു വരാനിടയുള്ള ചില വൈകല്യങ്ങളെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം ഈ ബില്ലിന്റെ പരിധിയിൽ നിന്നു് ഒഴിവാക്കിനിർത്തിയിട്ടുള്ള ചില പ്രത്യേകതരം ഭൂമികൾക്കുകൂടി ബില്ലിലെ വ്യവസ്ഥകൾ ബാധകമാക്കണമെന്നും ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂറിൽ അടിസ്ഥാനനികുതി ബാധകമാക്കിയ അവസരത്തിൽ അന്നത്തെ ദിവാനായിരുന്ന സി. പി. രാമസ്വാമി അയ്യർ പ്രഖ്യാപിക്കയുണ്ടായി ഓരോ ഭൂമിയുടമസ്ഥനും കഴിവനുസരിച്ചു മാത്രം നികുതികൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കണമെന്നു്. ആ നിലയിൽ ഏറ്റവും തുച്ഛമായ ഒരു തുക; സെന്റിനു് നാലുകാശു് അടിസ്ഥാനനികുതിയായി നിശ്ചയിക്കുകയാണു ചെയ്തതു്. അദ്ദേഹം അന്നു നിയമസഭയിൽ പ്രസ്താവിക്കുകയുണ്ടായി സർക്കാരിനോടു് അഥവാ അന്നത്തെ നിലയിൽ മഹാരാജാവിനോടു്, ഭൂമിയുടമസ്ഥന്മാർക്കുള്ള കൂറിനെ കാണിക്കുന്നതിനും ഭൂമി രാജാവിന്റേതാണെന്നു് വരുത്തുന്നതിനും വേണ്ടിയാണു് ഈ നികുതി വസൂലാക്കുന്നതെന്നു്. എന്നാൽ കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം അതിനൊരു മാറ്റം വരുത്തുകയുണ്ടായി, സെന്റിനു് നാലുകാശു് പിരിച്ചുകൊണ്ടിരുന്ന അടിസ്ഥാനനികുതി കാലണ എന്ന നിലയിൽ വർദ്ധിപ്പിച്ചു. അതിന്റെ ഫലമായി അടിസ്ഥാനനികുതിയുടെ തത്വംതന്നെ കുറെയെല്ലാം പരാജയപ്പെട്ടിട്ടുണ്ടു് എന്നാണു് എനിക്കു പറയാനുള്ളതു്. തിരുവിതാംകൂറിൽ അന്നു് അടിസ്ഥാനനികുതി നിശ്ചയിക്കപ്പെട്ടപ്പോൾ തന്നെ പലവിധത്തിലുള്ള അഭിപ്രായങ്ങളും പൊന്തിവന്നിരുന്നു. ഓരോ ഭൂമിക്കും അതാതിന്റെ നൽപ്പതിൽപ്പു് അനുസരിച്ചു് അടിസ്ഥാനനികുതി നിശ്ചയിക്കേണ്ടതാണെന്നു് ഒരഭിപ്രായം ഉണ്ടായിരുന്നതായി അറിയാൻ കഴിയുന്നുണ്ടു്. അതായതു് വെറ്റ് ലാൻഡ്സിനു പറമ്പുകളെക്കാൾ കൂടിയ ഒരു നികുതി ചുമത്തണമെന്നായിരുന്നു ആ അഭിപ്രായം. അടിസ്ഥാനനികുതി നിശ്ചയിക്കുന്നതിനുവേണ്ടി നിയമിക്കപ്പെട്ട സ്പെഷ്യൽ ഓഫീസർ മി. പരമേശ്വരൻപിള്ള അതിന്റെ ന്യായാന്യായങ്ങളെപ്പറ്റി പരമ

ശിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നതു വെററ ലാൻഡ്സിനു് അടിസ്ഥാന നികുതി ആറോ, എട്ടോ കാശായി നിശ്ചയിക്കണമെന്നും ഡ്രൈ ലാൻഡ്സിനു് നികുതി കുറയ്ക്കണമെന്നും പറയുമ്പോൾ അടിസ്ഥാനനികുതിയുടെ ഒബ്ജക്റ്റ്സ് നിറവേറാതെ വരുമെന്നാണ്. അതായതു്, നിലവിലുള്ള നികുതിയെക്കാൾ വർദ്ധിച്ച നികുതി കൊടുക്കാൻ അതുമൂലം ചില വെററ് ലാൻഡ്സ് ഉടമകൾ ബാദ്ധ്യസ്ഥരായി വരുമെന്നും അതു് ഇതിന്റെ ഉദ്ദേശത്തെ തന്നെ പരാജയപ്പെടുത്തുമെന്നാണ് അദ്ദേഹം പ്രസ്താവിക്കുന്നതു്. ആ നിലവച്ചുകൊണ്ടു നോക്കുമ്പോൾ ഈ ബിൽ കൊച്ചിയിലെ നല്ല ഒരു വിഭാഗം കൃഷിക്കാർക്കു് കുറെയെല്ലാം ദോഷകരമായിത്തീരുമെന്നുള്ളതുകൊണ്ടു് ഇതിന്റെ ഒബ്ജക്റ്റ്സ് ശരിക്കും നിർവ്വഹിക്കപ്പെടുന്നില്ല. മി. പരമേശ്വരൻ പിള്ളയുടെ റിപ്പോർട്ടിൽ പറയുന്നതു ഇപ്രകാരമാണു്.

> "The fixing of basic tax for wet lands at six or eight cash per cent will adversely affect the bulk of the wet lands in the State except in Nanjinad, since the holders of wet lands of the lower tharams and of favourably assessed wet lands will then have to pay assessment in excess of what they are now paying therefor. The burden of taxation will thus be increased and the object of the new scheme frustrated."

അദ്ദേഹം വളരെ വ്യക്തമായി നിലവിലുള്ള നികുതി വർദ്ധിപ്പിക്കാൻ ഇടയാകരുതെന്നു് പ്രസ്താവിച്ചിട്ടുണ്ട്. സാധാരണയായി ഒരു നിയമമുണ്ടാകുമ്പോൾ ഏതൊരു ജനവിഭാഗങ്ങൾക്കു ഗുണം ചെയ്യുന്നതിനുവേണ്ടിയാണോ നിയമം ഉണ്ടാകുന്നതു ആ ജനവിഭാഗത്തിനു് അതിന്റെ വ്യവസ്ഥകൾ ഗുണംചെയ്തില്ലെങ്കിലും ദോഷകരമായിത്തീരരുതെന്നുള്ള തത്വം അംഗീകരിക്കാറുണ്ട്.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻനായർ: ഈ ബിൽ നിയമമായാൽ കൊച്ചിക്കാർ പ്രത്യേകമായി മൂന്നു ലക്ഷം രൂപാ നികുതിയിനത്തിൽ കുറച്ചുകൊടുത്താൽ മതിയാകുമെന്നറിയാമോ?

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: കൊച്ചിയെ സംബന്ധിച്ചിടത്തോളം ൧൧ ലക്ഷത്തോളം രൂപ നികുതികൊടുക്കുന്നതു് ൮ ലക്ഷമായി ചുരുങ്ങുമെന്നറിയാം. അത്രത്തോളം ഇതു് കൊച്ചിയിലെ ഭൂവുടമകൾക്കു് ഗുണകരമായിട്ടുണ്ടെന്നു സമ്മതിക്കുന്നു. എന്നാൽ വടക്കാഞ്ചേരി മെമ്പർ സൂചിപ്പിച്ചതുപോലെ അതിന്റെ മെച്ചം ആർക്കാണെന്നാണ് നോക്കേണ്ടതു്. ഒരേക്കർ ഭൂമിക്കു് ൮ രൂപാവരെ നികുതികൊടുക്കുന്ന ചില ഭൂവുടമകൾ കൊച്ചിയിലുണ്ട്. പ്രത്യേകിച്ചും നിലങ്ങൾക്കും തീരപ്രദേശങ്ങളിലെ വസ്തുക്കൾക്കും അങ്ങനെയാണു നികുതി ഈടാക്കുന്നതു്. എന്നാൽ തലപ്പിള്ളി മുകുന്ദപുരം മുതലായ താലൂക്കുകളിൽ പറമ്പുകളിൽ ഏറിയ ഭാഗവും ഏക്കറിനു നാലണമുതൽ ഒരു രൂപക്കു് താഴെവരെമാത്രം നികുതി നിശ്ചയിക്കപ്പെട്ടിട്ടുള്ളവയാണ്. ഏതായാലും ഒരു നിയമം നടക്കുമ്പോൾ ഭൂരിപക്ഷത്തിനു് ഗുണമായിരിക്കുമെങ്കിൽ കുറെ ആളുകൾക്കു ചില്ലറ ദോഷം വരികയാണെങ്കിൽ തന്നെയും അതിനെ അനുകൂലിക്കണമെന്നാണു് എന്റെയും അഭിപ്രായം. പക്ഷെ ഈ നിയമം നടപ്പിൽവരുന്നതുകൊണ്ടുള്ള

[ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ.]

മെച്ചം ആർക്കാണെന്നും ദോഷം ആർക്കാണെന്നും നാം പരിശോധിക്കണം. കൊച്ചിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവിടത്തെ ഭൂമിയിൽ ഏറിയഭാഗവും ജന്മികളാണു കയ്യടക്കിവച്ചിരിക്കുന്നതു്. ഭൂമിയിൽ അദ്ധ്വാനിക്കുന്ന യഥാർത്ഥ കർഷകനു ഭൂമിയുടെ ഉടമസ്ഥാവകാശം വളരെ പരിമിതമാണു്. അങ്ങനെ ഭൂവുടമകാര്യത്തിൽ കൊച്ചിയിലെ സ്ഥിതി തിരുവിതാംകൂറിലേതിൽനിന്നു കുറെയെല്ലാം വ്യത്യസ്തമാണു് എന്നു കാണാൻ കഴിയും. ഭൂമിയുമായി യാതൊരുബന്ധവുമില്ലാത്ത കുറെ ആളുകൾക്കു് ഈ നിയമംകൊണ്ടു നികുതി കുറവുചെയ്തു കിട്ടുമെന്നൊരു മെച്ചംമാത്രമേ ഇതിനുള്ളൂ. അതേയവസരത്തിൽ ഏതെങ്കിലും ഭൂമിയുടെ നികുതി ഈ നിയമംമൂലം വർദ്ധിക്കുന്നപക്ഷം അതുകൊടുക്കാൻ കുടിയാൻ ബാദ്ധ്യസ്ഥനാണെന്നും വരുന്നു. ആ നിലയിൽ ഈ ബില്ലുകൊണ്ടുള്ള മെച്ചം മുഴുവൻ ജന്മിക്കും നഷ്ടംമുഴുവൻ കുടിയാനുമാണു് ഉണ്ടാകുന്നതെന്നു് സ്പഷ്ടമാണല്ലോ. ൧൧൧൮-ലെ കൊച്ചി വെറുമ്പാട്ടക്കുടിയാൻ നിയമത്തിലെ ഒരു വ്യവസ്ഥയനുസരിച്ചു് ഏതെങ്കിലും ഭൂമിയുടെ നികുതിവർദ്ധിപ്പിച്ചാൽ അതുകൊടുക്കേണ്ട ഭാരം കുടിയാനാണു്. ആ വ്യവസ്ഥ ഞാനിവിടെ ഉദ്ധരിക്കാം;

"As between a verumpattomdar and his lessor, the latter shall, in the absence of any custom or contract to the contrary, be liable for the revenue, cess or tax payable to Government or to any local authority; but the former shall be liable for any enhancement subsequent to the commencement of this Act in the revenue, cess, or tax payable to Government or to any local authority."

ഇതിൽനിന്നു വ്യക്തമാകുന്നതു വെറുമ്പാട്ടക്കുടിയാൻ ആക്ടു് നടപ്പിൽവന്നതിനുശേഷം, വെറുമ്പാട്ടക്കുടിയാൻ നികുതിവർദ്ധനവു കൊടുക്കാൻ ബാദ്ധ്യസ്ഥനാണെന്നാണു്. അതുകൊണ്ടു ഈ ബില്ലിൽ ജന്മികൾക്കു രക്ഷനൽകുന്ന അവസരത്തിൽ വളരെ അധികം കൃഷിക്കാർക്കു് രക്ഷനൽകുന്നില്ലെന്നുമാത്രമല്ല അവർക്കു ദ്രോഹകരമായിത്തീരുകയും ചെയ്യുന്നു. ബില്ലിലെ ആറാംവകുപ്പിൽ ഏതെങ്കിലും കരാറിൽ നികുതി കുടിയാൻകൊടുക്കാൻ വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിൽ മേലാൽ ബേസിക്ക് ടാക്സ്മാത്രം കൊടുത്താൽമതി എന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്. പക്ഷെ നിർഭാഗ്യവശാൽ കൊച്ചിയെസംബന്ധിച്ചിടത്തോളം അങ്ങനെയുള്ള വെറുമ്പാട്ടകരാറുകൾ വളരെ അപൂർവ്വമാണു്. അധികവും നികുതികൊടുക്കാനുള്ള അവകാശം ജന്മിമാരാണു ഏറ്റെടുത്തിട്ടുള്ളതു്. ആ നിലയിൽ നികുതിയിൽ ഇളവു ചെയ്യുന്നതുകൊണ്ടു പാട്ടത്തിൽ യാതൊരു വ്യത്യാസവും വരാൻപോകുന്നില്ല. ചിലകേസ്സുകളിൽ ഈ വ്യവസ്ഥമൂലം വർദ്ധിച്ച പാട്ടംകൊടുക്കാൻ കുടിയാൻ ബാദ്ധ്യസ്ഥനാകാനും ഇടയുണ്ടു്. ഈ കുറവുപരിഹരിക്കുന്നില്ലെങ്കിൽ വലിയ ഒരുവിഭാഗം കൃഷിക്കാർക്കു് ദ്രോഹമായിരിക്കും ഇതുമൂലമുണ്ടാവുക. അതുകൊണ്ടു കൊച്ചി വെറുമ്പാട്ടക്കുടിയാൻ ആക്ടിൽ അമൻഡ്മെൻറു വരുത്താതെ ഈ ബിൽ പാസ്സാക്കുന്നതു ദോഷകരമാണു്. ഇതിൻെറ പരിധിയിലുൾപ്പെട്ട ഒരു വിഷയമല്ല അതെന്നാണു ഞാൻ പറഞ്ഞതു്.

മറെറാന്നു ഈ ബില്ലിൻെറ പരിധിയിൽനിന്നു കുറെയധികം ഭൂമികളെ ഒഴിവാക്കി നിറുത്തിയിട്ടുള്ളതിനെപ്പററിയാണു എനിക്കു പറയുവാനുള്ളതു്. ഏഴാം ക്ലാസ്സിൽ എ, ബി, സി, ഡി, ഇ എന്നിങ്ങനെ അഞ്ചിനം ഭൂമികളെയാണു ഒഴിവാക്കി നിറുത്തിയിട്ടുള്ളതു്. അതായതു്, ശ്രീപണ്ടാരവക, കണ്ടുകൃഷിവക, ശ്രീപാദംവക, ഇടവക, ഗവണ്മെൻറുവക കുത്തകപ്പാട്ടത്തിനും മററും കൊടുത്തിരിക്കുന്ന ഭൂമികൾ. ഈ ഭൂമികളെ ഈ ബില്ലിൻെറ പരിധിയിൽ കൊണ്ടുവരുന്നതു ഭരണഘടനാവിരുദ്ധവും നിയമവിരുദ്ധവുമാണെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസ്താവിക്കയുണ്ടായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയല്ല ഞാൻ പറഞ്ഞതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇതിൻെറ നിയമവശങ്ങളെപ്പററി വളരെ വിശദമായ പരിജ്ഞാനമില്ലെങ്കിലും ഈ ബില്ലിൻെറ പരിധിയിൽ ഈ വിഷയങ്ങളും പെടുത്താൻ കഴിയുമെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഒന്നാമതായി ശ്രീപണ്ടാരവക ഭൂമിയുടെ കാര്യംതന്നെ എടുക്കാം. ശ്രീപണ്ടാരവകഭൂമി ശ്രീപത്മനാഭസ്വാമിയുടെ സ്വകാര്യസ്വത്താണെന്നാണു് വയ്പു. എൻെറ അറിവു ശരിയാണെങ്കിൽ മാർത്താണ്ഡവർമ്മ മഹാരാജാവു തിരുവിതാംകൂർ മുഴുവൻ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൻെറ പേരിൽ എഴുതിവച്ചു് ശ്രീപത്മനാഭൻെറ ദാസനായി രാജ്യം ഭരിക്കാൻ തീരുമാനിക്കുകയാണുചെയ്തതു്. അങ്ങനെ തിരുവിതാംകൂർ രാജ്യം മുഴുവൻ ശ്രീപത്മനാഭൻേറതാണെന്നു പറയാമെങ്കിലും ഈ പ്രത്യേകഭൂമികളെ ക്ഷേത്രത്തിൻെറ നടത്തിപ്പിനായി നീക്കിവയ്ക്കുകയാണു ചെയ്തതു്. ഈ ഭൂമികൾക്കു ഈ നിയമം ബാധകമാക്കാൻ പാടില്ലെന്നുള്ളതിനു് ബേസിക്ടാക്സ് സെക്ഷൻ ആഫീസർ ശ്രീ. പരമേശ്വരൻ പിള്ള കാരണമായി പറയുന്നതു് ഇവിടെ പരിശോധിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

> "These are lands belonging to the deity Sree Padmanabhaswami, to whom the Great Maharaja Marthanda Varma, the founder of Modern Travancore, dedicated the whole State as a gift and assumed management of it as his Vassal. The above lands are managed by the State through the agency of a special establishment which though working under the Land Revenue Department i toutside the State Budget."

അതു കഴിഞ്ഞു അദ്ദേഹം ഒഴിവാക്കുന്നതിനുള്ള കാരണം പറയുന്നതു ഇങ്ങനെയാണു്.

> "In view of the special circumstances associated with the Sreepandaravaka Lands and peculiar connection of the State with the Sripadmanabhaswami Temple, I tnink that these lands may be left as they are without being brought within the scheme of basic tax, at present."

എനിക്കു ചോദിക്കുവാനുള്ളതു് ഫ്യൂഡൽ സ്വേച്ഛാധിപത്യഭരണത്തിൻകീഴിൽ ഈ ഭൂമികളെ അടിസ്ഥാനനികുതിയിൽനിന്നു ഒഴിവാക്കി നിറുത്തുന്നതിനു് എന്തു ന്യായങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇൻഡ്യയിൽ ഒരു ഭരണഘടന നടപ്പിൽ വരികയും ഇൻഡ്യ ഒരു മതേതരരാ

ഷ്ഠമാണെന്നു പ്രഖ്യാപിക്കയും ചെയ്തതിനുശേഷം ഈ സ്റ്റേറ്റിൽ രാജകുടുംബവും ക്ഷേത്രവും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഈ ഭൂമികളെ ഇങ്ങനെ പ്രത്യേകമായി പരിഗണിക്കുന്നതിനു് എന്തെങ്കിലും ന്യായമുണ്ടോ എന്നാണ്? ശ്രീപണ്ടാരവക ഭൂമി ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സ്വകാര്യസ്വത്തായി വയ്ക്കുന്നതിനു കാരണമായി പറയുന്നതു ആ ക്ഷേത്രത്തിന്റെ ചെലവുകൾ വഹിക്കണമെന്നതാണ്. ൧൬,൦൦൦ രൂപയാണ് മുൻകാലങ്ങളിൽ ശ്രീപണ്ടാരവകഭൂമികളിൽ നിന്നു ആ ക്ഷേത്രത്തിന്റെ നടത്തിപ്പിനുവേണ്ടി പിരിച്ചിരുന്നതു് എന്നു രേഖകൾകൊണ്ടു കാണുന്നു. ഇന്നാണെങ്കിൽ അൻപതുലക്ഷം രൂപ ദേവസ്വം ഫണ്ടിലേക്കു കൊടുക്കുന്നതിൽനിന്നു് അഞ്ചുലക്ഷം രൂപയും, പൊതുറവന്യൂവിൽനിന്നു ഒരുലക്ഷം രൂപയും ഉൾപ്പെടെ ആറുലക്ഷംരൂപ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലേയ്ക്കു നീക്കിവച്ചിട്ടുണ്ടു്. ഈ രാജ്യത്തെ ക്ഷേത്രാവശ്യത്തിനു പണം വേണ്ടെന്നു് ഞങ്ങൾ പറയുന്നില്ല. തീർച്ചയായും അതിനു പണം അനുവദിക്കണം. എന്നാൽ ഒരു ക്ഷേത്രത്തിന്റെ നടത്തിപ്പിനു പ്രതിവർഷം ആറുലക്ഷം രൂപ നീക്കിവയ്ക്കുമ്പോൾ അതിനു പുറമെ ഒരു ഒന്നേമുക്കാൽ ലക്ഷം രൂപ[illegible]ി ഈ ശ്രീപണ്ടാരവകഭൂമികളിൽനിന്നു് ഇതിലേയ്ക്കു നീക്കി വയ്ക്കേണ്ട ആവശ്യമുണ്ടോ എന്നാണ് പരിശോധിക്കേണ്ടതു്.

ശ്രീ. വാസുദേവൻപിള്ള : ആറുലക്ഷം രൂപ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനു കൊടുക്കുമ്പോൾ മററവകാശങ്ങളും ആ ക്ഷേത്രത്തിനുണ്ടായിരുന്നില്ലേ?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : അതു പറയാം. ൧൦൯൭-ലെ പ്രോക്ലമേഷൻപ്രകാരം എല്ലാ ക്ഷേത്രങ്ങളുടെയും ഭരണം ഗവണ്മെന്റ ഏറെറടുത്തപ്പോൾ അതിൽനിന്നുള്ള ആദായങ്ങളെല്ലാം പൊതുനികുതിയിൽ ഉൾപ്പെടുത്തുകയാണു ചെയ്തതു്. അതിനു പ്രതിഫലമെന്നോണമാണ് ഇപ്പോൾ കൊല്ലംതോറും ൫൦ ലക്ഷംരൂപ പൊതുറവന്യൂവിൽനിന്നു ക്ഷേത്രനടത്തിപ്പിലേക്കു നീക്കിവയ്ക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. അതിന്റെ ഗണ്യമായ ഒരോഹരി ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലേയ്ക്കു് നൽകുന്നുണ്ടു്. അപ്പോൾ പിന്നെ മററു ക്ഷേത്രങ്ങൾക്കൊന്നുമില്ലാത്ത ഭൂമിയിൽനിന്നു നേരിട്ടു കരംപിരിക്കാനുള്ള അവകാശം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനു കൊടുക്കുന്നതിൽ എന്തു ന്യായമാണുള്ളതു്? മനുഷ്യരുടെ ഇടയിലുള്ള ഈ വർഗ്ഗവ്യത്യാസങ്ങളും തരംതിരിവും ദൈവങ്ങളുടെ ഇടയിലും നടപ്പാക്കണമെന്നുണ്ടോ?

The house rose for lunch at 1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : സർ, ഞാൻ പറഞ്ഞുകൊണ്ടിരുന്നതു് ശ്രീപണ്ടാരവക ഭൂമികളെ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കാതെ ഈ ഭൂമികൾക്കും അടിസ്ഥാനനികുതി ബാധക
2 P. M. മാക്കണമെന്നുള്ളതിനെപ്പററിയാണ്. മണിയംകരം എന്ന പേരിൽ ഈ ഭൂമികളിൽനിന്നു പിരിച്ചുവരുന്ന കരം വളരെ അക്രമവും അന്യായവുമായ തോതിലാണ്. ഈ ഭൂമികളിൽ ഇന്നു

ഏക്കറിന് ൩൦ പറനെല്ല്, പണമായിട്ടാണെങ്കിൽ ൧൨൦ രൂപ വരെയും കരം കൊടുക്കുന്ന കർഷകരുണ്ട്. ഈ മണിയംകരം നിറുത്തൽ ചെയ്യുന്നതുകൊണ്ട് ക്ഷേത്രനടത്തിപ്പിന് ഒരു കാലത്തും ഭംഗം വരുന്നതല്ല എന്നു ഞാൻ തുറന്നുപറയുകയുണ്ടായി. അതുകൊണ്ട് എനിക്കു പറയാനുള്ളത് ശ്രീപണ്ടാരവക ഭൂമികൾക്കും അടിസ്ഥാനനികുതി ബാധകമാക്കണമെന്നും, മണിയംകരവും അതുപോലുള്ള മററു നികുതികളും റദ്ദുചെയ്യണമെന്നുമാണ്.

ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കി നിറുത്തിയിട്ടുള്ള മറെറാരിനം ഭൂമി കണ്ടുകൃഷി ഭൂമിയാണ്. കണ്ടുകൃഷി ഭൂമികൾ തിരുവിതാംകൂർ-കൊച്ചി സംയോജനം വരെ തിരുവിതാംകൂർ മഹാരാജാവിന്റെ സ്വകാര്യസ്വത്തുക്കളിൽപ്പെട്ടതായിരുന്നു. തിരുവിതാംകൂർ-കൊച്ചി സംയോജനത്തിന്റെ തൊട്ടു മുമ്പായി ഈ ഭൂമികൾ സർക്കാരിലേയ്ക്കു വിട്ടുകൊടുക്കുകയും അതിന് അറുപതു ലക്ഷംരൂപ മഹാരാജാവിന് നഷ്ടപരിഹാരം നൽകാൻ തീരുമാനിക്കുകയും ചെയ്തു. ഈ സംഖ്യ, മൂന്നു ലക്ഷം രൂപായും കൊല്ലംതോറും എന്ന അടിസ്ഥാനത്തിൽ പൊതുഖജനാവിൽനിന്നും കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ കണ്ടുകൃഷി ഭൂമികൾ സർക്കാർവകയായിരിക്കുന്ന സ്ഥിതിക്ക് ഈ ഭൂമികൾ ഈ ബില്ലിന്റെ പരിധിയിൽ നിന്നൊഴിവാക്കുന്നതിനു യാതൊരു ന്യായവുമില്ല. ഭരണഘടനാപരമായി നോക്കുകയാണെങ്കിൽത്തന്നെ ഇതിൽ യാതൊരു ന്യായവുമില്ല. ഈവക ഭൂമികൾക്കും അടിസ്ഥാനനികുതി ബാധകമാക്കുകയും വർദ്ധിച്ച തോതിലുള്ള ഇപ്പോഴത്തെ നികുതിയേർപ്പാടു നിറുത്തലാക്കുകയും ചെയ്യേണ്ടതാണ്.

ഇനി എനിക്കു പറയുവാനുള്ളത് ശ്രീപാദംവക ഭൂമികളെപ്പററിയാണ്. ശ്രീപാദംവക ഭൂമികൾ പ്രധാനമായും കിടക്കുന്നത് ചിറയിൻകീഴ് താലൂക്കിലാണ്. ഇതിന്റെ വിസ്തീർണ്ണം പതിനയ്യായിരം ഏക്കറിൽ കൂടുതലാണെന്നാണെന്റെ ഓർമ്മ. ഈ ഭൂമികളിൽനിന്നും പിരിക്കുന്ന നികുതി രാജകുടുംബത്തിലേയ്ക്കാണു പോകുന്നതു്. അന്നു സർ സി. പി. രാമസ്വാമി അയ്യർ ഈ ഭൂമികളെ പ്രത്യേകമായി പരിഗണിക്കുകയും അവയെ അടിസ്ഥാനനികുതിയിൽനിന്നും ഒഴിവാക്കുകയും ചെയ്തതിന്റെ കാരണങ്ങൾ നമുക്കു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഒരു ജനകീയ ഗവണ്മെന്റ് ആ നയം തുടരുന്നതു് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. രാജപ്രമുഖനു ചെലവിലേയ്ക്കു പതിനെട്ടുലക്ഷം രൂപ പ്രിവിപഴ്സായി പൊതുഖജനാവിൽനിന്നു കൊടുക്കുന്നുണ്ട്. കൂടാതെ അറുപതുലക്ഷം രൂപ ജനങ്ങളുടെ അറിവോ സമ്മതമോ കൂടാതെ കണ്ടുകൃഷി ഭൂമിയ്ക്കു നഷ്ടപരിഹാരം കൊടുക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

Shri Panampilli Govinda Menon : The Hon. Member is not correct in his statement : കണ്ടുകൃഷി ഭൂമിയ്ക്കു നഷ്ടപരിഹാരമായി അറുപതുലക്ഷം രൂപ കൊടുത്തുവെന്നു പറയുന്നതു ശരിയല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : അതു ശരിയല്ലെങ്കിൽ ശരിയായ വിവരങ്ങൾ അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടുലക്ഷം രൂപ ആണു കൊടുക്കുന്നതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എന്റെ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞ സംഗതികൾ പറയുകയാണു്. ഇന്നു കൊല്ലംതോറും ആറരലക്ഷം രൂപ കണ്ടുകൃഷിഭൂമികളിൽനിന്നും നികുതിയായി പിരിച്ചു വരുന്നുണ്ടു്. ഈ ഭൂമികളിൽനിന്നു ബേസിക് ടാക്സുമാത്രം ഈടാക്കുന്ന പക്ഷം ഒരു നാല്പത്തിനായിരം രൂപയ്ക്കു താഴെ മാത്രമെ ഇവിടെ കർഷകരായ ജനങ്ങൾ കൊടുക്കേണ്ടതായി വരികയുള്ളു. ആറ ലക്ഷം രൂപ ഇപ്പോൾ അവരിൽനിന്നു കൂടുതലായി ഈടാക്കി വരികയാണു്. ഇതു് ഏതു നിലയിലായാലും നിറുത്തൽ ചെയ്യേണ്ടതാണെന്നുള്ളതു് വെറും ന്യായംമാത്രമാണു്. ശ്രീപാദം ഭൂമിയുടെ കാര്യം ആണു് ഞാൻ പറഞ്ഞുവന്നതു്. ആണ്ടുതോറും ഇരുപത്തൊന്നുലക്ഷം രൂപ രാജപ്രമുഖന് കൊടുക്കുന്നതു് അദ്ദേഹത്തിന്റെ ചെലവിന് പോരായെന്നു് ആരും പറകയില്ലെന്നു ഞാൻ കരുതുന്നു. അതിനു പുറമെ ഈ മാതിരി നികുതി ഈടാക്കുന്നതു് നീതിക്കും ന്യായത്തിനും ചേർന്നതല്ല. അദ്ദേഹം ഒരു വ്യവസ്ഥാപിത ഭരണാധികാരിയായി തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ ഭൂമിക്കു് അടിസ്ഥാനനികുതി ബാധകമാക്കുന്നതിനും അതിന്മേൽ അദ്ദേഹത്തിനുള്ള അവകാശങ്ങൾ ഉപേക്ഷിക്കുന്നതിനും അദ്ദേഹം തയാറാകണം. ഈ മന്ത്രിസഭ അദ്ദേഹത്തെ ഈ കാര്യത്തിൽ ഉപദേശിക്കണം. ഏതായാലും ഈ ഭൂമികളെ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കരുതു് എന്നാണു് എനിക്കു ശക്തിയായി പറയാനുള്ളതു്. അടുത്തതായി ഇടവകകളെപ്പറ്റിയാണു്. അതായതു്, കിളിമാനൂർ, ഇടപ്പള്ളി, വഞ്ചിപ്പുഴ, പൂഞ്ഞാർ എന്നീ ഇടവക ഭൂമികളേയും അടിസ്ഥാനനികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണു്. ഇടപ്പള്ളി ഇടവകയുടെ കാര്യം കല്ലുപ്പാറ മെംബർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഈ കാര്യത്തിൽ കാൺസ്റ്റിറ്റ്യൂഷനലായി വളരെ കുഴപ്പങ്ങൾ ഉള്ളതായി ധനകാര്യവകുപ്പുമന്ത്രി പ്രസ്താവിച്ചു. എന്നാൽ ഇത്രയധികം കുഴപ്പങ്ങൾ ഇല്ലെന്നാണു് എന്റെ അഭിപ്രായം. ഏതായാലും ഈ തരത്തിലുള്ള വർദ്ധിച്ച നികുതി ഇവിടത്തെ കൃഷിക്കാരിൽനിന്നും ഈടാക്കിവരുന്നതു് [illegible] ചെയ്യുന്ന ഒരു ദുർനീതിയാണു്. ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ നയപരിപാടികൾ എന്താണെന്നു് ഇതുവരെയും വ്യക്തമാക്കിയിട്ടില്ല. ഇന്നും പഴയ നാടുവാഴിത്തം അതേപടി വച്ചുപുലർത്തിപ്പോരുന്ന ഒരു നയം ആണു് ഈ ഗവണ്മെന്റു തുടരുന്നതെന്നാണു് ഞങ്ങൾക്കു് മനസ്സിലാക്കാൻ കഴിയുന്നതു്.

അതുപോലെതന്നെ കിളിമാനൂർ ഇടവകയിലും വർദ്ധിപ്പിച്ച തോതിൽ ഇന്നു നികുതി ഈടാക്കിവരുന്നു. ഭരണഘടനാചരിത്രരേഖകളിൽനിന്നു എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു് ൯൦൬-ലൊ മറ്റൊ ധർമ്മരാജാവെന്നപേരിൽ സുപ്രസിദ്ധനായ തിരുവിതാംകൂർ മഹാരാജാവിനെ രാജ്യദ്രോഹികളിൽനിന്നും രക്ഷിച്ചതിനു് കിളിമാനൂർ കോയിലകത്തേയ്ക്കു കരം വസൂലാക്കുന്നതിനുള്ള അവകാശം മഹാരാജാവു് വിട്ടുകൊടുത്തുവെന്നാണു്. ആ അവകാശം വച്ചുകൊണ്ടാണു് ഇന്നും അവർ

കരം ഈടാക്കിവരുന്നതു്. എന്നാൽ ആ ഭൂമികളുടെ ഉടമസ്ഥാവകാശം സർക്കാരിനാണു്. കിളിമാനൂർ കോവിലകത്തേയ്ക്കു് കരം വസൂലാക്കാനല്ലാതെ ഭൂമിയിൽ മററു യാതൊരു അവകാശവുമില്ല. സർക്കാരിൽനിന്നും എത്രകരം നിശ്ചയിച്ചിരിക്കുന്നോ ആ കരം വസൂലാക്കാം എന്നല്ലാതെ അതിൽ കവിഞ്ഞുള്ള ഒരു നിലനില്പ്പ് കിളിമാനൂർ കോവിലകത്തേയ്ക്കുള്ളതായി എനിക്കു തോന്നുന്നില്ല.

ഏതായാലും ഈവക ഭൂമികളുടെ കരത്തിന്റെ കാര്യത്തിൽ മററു സർക്കാർ ഭൂമികളിൽനിന്നു വ്യത്യസ്ഥമായി പരിഗണിക്കാൻ പാടില്ലെന്നുള്ള ഒരു നില മുമ്പു തന്നെ ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ളതാണു്. ഇടവക ആക്ടിൽതന്നെ ഇതു വ്യക്തമായിട്ടുണ്ടു്. ആ ഭാഗം ഞാൻ വായിക്കാം.

> "In regard to this rent what is proposed in this Bill is to fix such an amount as rent as would be equivalent to Sirkar Pandarapattom on the same kind of land; that is to say, the amount that the land holder has to pay to the chief should be exactly what the tenant would have been obliged to pay if that had been Government land and it is also proposed that the holders should be given permanent occupancy right in the same manner as holders of land under Government are given."

അപ്പോൾ അന്നുതന്നെ ഈ നയം ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതാണു്. അതുകൊണ്ടു് ആവക ഭൂമികൾക്കും സർക്കാർ ഭൂമികളെ പോലെ അടിസ്ഥാനനികുതി ബാധകമാക്കണമെന്നു പറയുന്നതിൽ അസാധാരണമായി ഒന്നുംതന്നെയില്ല. ഭരണഘടനാപരമായും കുഴപ്പങ്ങളുണ്ടാകാൻ ഇടയില്ലെന്നാണു് എന്റെ വിശ്വാസം.

അടിസ്ഥാനനികുതി ബാധകമാക്കാതെ ഒഴിച്ചു നിർത്തിയിട്ടുള്ള മറെറാരിനം ഭൂമി കുത്തകപ്പാട്ടത്തിനും മററും ഏല്പിച്ചുകൊടുത്തിട്ടുള്ള സർക്കാർ പുറമ്പോക്കുഭൂമികളാണു്. ആവക ഭൂമികൾക്കെല്ലാം അടിസ്ഥാനനികുതി ഉടനടി ബാധകമാക്കണമെന്നു ഞാൻ വാദിക്കുന്നില്ലെങ്കിലും ഈ കുത്തകപ്പാട്ടത്തിന്റെയും പുറമ്പോക്കുഭൂമികളുടെയും കാര്യങ്ങൾ ഒന്നു പുനഃപരിശോധനചെയ്യാൻ ഗവണ്മെന്റു സന്നദ്ധമാകണമെന്നു എനിക്കു പറയാനുണ്ടു്. ഇങ്ങനെ കൃഷിക്കാർ സ്ഥലം കുത്തകപ്പാട്ടത്തിനെടുത്തു അതിൽ അനുഭവമുണ്ടാക്കിവരുമ്പോൾ അവരെ അതിൽനിന്നും ഇറക്കിവിടുകയാണെങ്കിൽ അവർക്കു വലിയ നഷ്ടം സംഭവിക്കുന്നുണ്ടു്. ഈ കാര്യത്തിൽ എനിക്കു നിർദ്ദേശിക്കാനുള്ളതു് ഇപ്പോൾ അഞ്ചേക്കർ മാത്രം കൈവശമുള്ളവരും മററു ഭൂമികൾ ഇല്ലാത്തവരുമായ കർഷകർക്കു് അടിസ്ഥാനനികുതി ബാധകമാക്കി ആ ഭൂമി പതിച്ചുകൊടുക്കണമെന്നാണു്. കൂടുതൽ സ്ഥലം കൈവശം വച്ചിട്ടുള്ളവരിൽനിന്നു ആവക ഭൂമികൾ ഒഴിവാക്കി എടുക്കുന്നതിനോടു ഞങ്ങൾ യോജിക്കാൻ തയ്യാറാണു്. ഇനി ഈ കാര്യങ്ങൾ എല്ലാംതന്നെ ഗവണ്മെന്റു ചെയ്താലും ഇവിടത്തെ ഭൂവുടമസമ്പ്രദായത്തിൽ അടിസ്ഥാനപരമായ മാററം വരുന്നതുവരെ ഇതുകൊണ്ടുമാത്രം എല്ലാം ആയിയെന്നു വിശ്വസിക്കാൻ ഞാൻ തയാറില്ല. ഇവിടത്തെ ഭൂവുടമ പരിഷ്കരിക്കുന്നതിനു ഒരു പ്രത്യേകബിൽ ഈ ഗവണ്മെന്റു കൊണ്ടുവരുന്നുണ്ടെന്നു പറയുന്നു. ആ ബില്ലിന്റെ രൂപം എന്തായിരിക്കുമെന്നു എനിക്കറിവില്ല. എതായാലും ബില്ലുകൊണ്ടുവന്നാലും ഇല്ലെങ്കിലും ഈ രാജ്യത്തെ

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ]

കൃഷിക്കാർക്ക് അടിയന്തിര ആശ്വാസം ലഭിക്കുന്നതിനു പാട്ടം നിലവിലുള്ളതിന്റെ ൫൦ ശതമാനം കുറച്ചുകൊണ്ടും എല്ലാവിധ ഒഴിപ്പിക്കലും നിറുത്തിവച്ചുകൊണ്ടും ഒരു ഓർഡിനൻസ് ഉടനടി ഗവൺമെന്റ് പുറപ്പെടുവിക്കണമെന്നാണ് എനിക്കു ഈ അവസരത്തിൽ ശക്തിയായി പറയാനുള്ളത്. വാരക്കാരേയും മററുതരം കുടിയാന്മാരായ കർഷകരേയും ഒഴിപ്പിക്കാതിരിക്കുന്നതിനുള്ള കർശനമായ നടപടി ഗവൺമെന്റ് അടിയന്തിരമായി സ്വീകരിക്കേണ്ടതായിട്ടുണ്ട്. കൃഷിക്കാർക്കു രക്ഷ നൽകണമെന്ന കാര്യത്തിൽ ഈ ഗവൺമെന്റിനു എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ അതു ഇത്തരം ഒരു ഓർഡിനൻസ് മുഖേന അവർ വ്യക്തമാക്കട്ടെ. ഈ ബില്ല് സംബന്ധിച്ചു ഞാൻ പറഞ്ഞതായ കാര്യങ്ങൾ ഈ ബിൽ സെലക്ട്കമ്മിററിയിൽ വരുമ്പോൾ പര്യാലോചിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ ബില്ലിനെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാരായ വടക്കാഞ്ചേരി മെമ്പരും കൊടുങ്ങല്ലൂർ മെമ്പരും പറഞ്ഞിട്ടുള്ള ചില അഭിപ്രായങ്ങളിൽ ഇതിന്റെ വസ്തുതകൾ മുഴുവനും ധരിച്ചിട്ടുണ്ടോ എന്നു എനിക്കു സംശയമുള്ളതുകൊണ്ടു രണ്ടുവാക്കു പറയുകയാണ്. ഈ ബില്ല് വളരെ പരിമിതമായിട്ടുള്ള ഒന്നാണ് എന്നു കല്ലൂപ്പാറ മെമ്പരും കൊടുങ്ങല്ലൂർ മെമ്പരും അഭിപ്രായപ്പെട്ടു എങ്കിലും ഇതു ഭൂനയത്തെ സംബന്ധിച്ചും മററും ഒരു തീരുമാനമുണ്ടാക്കുക ഉദ്ദേശിച്ചുകൊണ്ടു കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലല്ല. തിരുവിതാംകൂറിൽ ഇന്നു നിലവിലുള്ള ബേസിക്ടാക്സ് കൊച്ചിയിൽ മുഴുവൻ വ്യാപിപ്പിക്കുന്നപക്ഷം മൂന്നുലക്ഷം രൂപായോളം ലാൻറ്റവന്യൂ ഇനത്തിൽ കൊച്ചിയിൽ കുറവുവരുന്നതാണ്. അപ്പോൾ മൊത്തത്തിൽ കൊച്ചിയിലെ ഭൂഉടമകൾക്കു തിരുവിതാംകൂറിലെപ്പോലെ ഗുണമുണ്ടാകും എന്നുള്ളതിനു സംശയമില്ല. ഈ ഒരു സംഗതി ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പരും നിഷേധിച്ചിട്ടില്ല. വടക്കുള്ളവർ തിരുവിതാംകൂറിനെ അപേക്ഷിച്ചു കൂടുതൽ നികുതി കൊടുക്കുന്നു എന്നു പറയുന്നതിൽ എല്ലാ ഭാഗവും ശരിയല്ല. മുമ്പു കൊച്ചി സംസ്ഥാനത്തു രണ്ടു വിധത്തിൽ സെററിൽമെന്റ് തരംതിരിച്ചിട്ടുണ്ടായിരുന്നു. അന്നു വെററ ലാൻറ്സ് ഒഴിച്ചുള്ള പറമ്പുകളിൽ നികുതി ഈടാക്കാവുന്ന വൃക്ഷങ്ങൾ എന്തെല്ലാമാണെന്നു വ്യവസ്ഥ ചെയ്തിരുന്നു. ചിററൂർ താലൂക്കിൽ ഒരു തരത്തിലും, ബാക്കി സ്ഥലങ്ങളിൽ മററുതരത്തിലുമായിരുന്നു. അതായതു ചിററൂർ താലൂക്കൊഴിച്ചുള്ള സ്ഥലങ്ങളിൽ തെങ്ങും, കമുങ്ങും, പ്ലാവും നികുതി ഈടാക്കാവുന്ന വൃക്ഷങ്ങളായിട്ടും ചിററൂർ താലൂക്കിൽ തെങ്ങും, കവുങ്ങും, പ്ലാവും പനയുംകൂടി നികുതി ഈടാക്കാവുന്ന വൃക്ഷങ്ങളായും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടു പട്ടയക്കാർക്കു കൊടുത്തിട്ടുള്ളതു ആ വൃക്ഷങ്ങളുടെ നികുതികൂടി ഉൾപ്പെടുത്തിയാണ്. അക്കാലത്തു വൃക്ഷങ്ങൾ യാതൊന്നുമില്ലാത്ത പറമ്പുകൾ ഉണ്ടായിരുന്നു. അവയ്ക്കു നികുതി ചുമത്തിയിട്ടുള്ളതു പയററുപാട്ടമനുസരിച്ചാണ്. ഒരു പക്ഷേ പയററുപാട്ടം കൊടുത്തുവരുന്ന ഭൂമികൾക്കു ബേസിക്ടാക്സിനെക്കാൾ കുറഞ്ഞ പാട്ടം കൊടുത്താൽ മതിയാകും. ബേസിക്ടാക്സ് ഏർപ്പെടുത്തുമ്പോൾ അങ്ങനെയുള്ള പറമ്പുകൾക്കു കൂടുതൽ പാട്ടം കൊടുക്കേണ്ടതായും വന്നേക്കാം. പക്ഷേ അതു ഒരു ചെറിയ വിഭാഗം വസ്തുക്കളെമാത്രമേ ബാധിക്കുകയുള്ളു.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ: ആ വിഭാഗം എത്രത്തോളം വരുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്റെ കയ്യിൽ ഇപ്പോൾ അതിന്റെ ഫിഗേഴ്സ് ഇല്ല. സെലക്ട് കമ്മററിയിൽ ഞാനതു ഹാജരാക്കാം.

ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ പറഞ്ഞമാതിരി പയററുപാട്ടം കൊടുത്തുവരുന്ന ആളുകൾക്കു മാത്രമേ ബേസിക് ടാക്സ് ചുമത്തിയാൽ കൂടുതൽ ഗുണം കൊടുക്കേണ്ടതായി വരികയുള്ളു. എന്നാൽ അങ്ങനെയുള്ള പയററുപാട്ടപ്പറമ്പുകൾ മിക്കവാറും ജന്മിമാരുടെ വകയാണ്. കുടിയാന്മാരുടെ കയ്യിലിരിക്കുന്ന പറമ്പുകളിൽ വൃക്ഷങ്ങൾ ഉണ്ടാകും. അവർ അതിൽ നല്ലവണ്ണം പ്രയത്നിച്ചിരിക്കും. ജന്മിമാർ യാതൊരു കൃഷിയും ചെയ്യാതെ പറമ്പുകൾ തരിശായി ഇടുക പതിവാണ്. അങ്ങനെയുള്ള പറമ്പുകൾക്കാണ് പയററുപാട്ടം ചുമത്തുന്നതു്. ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ മെമ്പറും വടക്കാഞ്ചേരി മെമ്പറും ഒരു പക്ഷെ ഈ കാര്യം സ്പർശിച്ചായിരിക്കാം സംസാരിച്ചതെന്നു തോന്നുന്നു. ഇതിലെ ആറാം ക്ലാസുകൊണ്ടുദ്ദേശിക്കുന്നതു്, പാട്ടക്കരാർ അനുസരിച്ചു് കരം കൊടുക്കുവാൻ ചുമതലപ്പെട്ട കുടിയാനവൻ ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ ബേസിക് ടാക്സ് മാത്രമേ കൊടുക്കുവാൻ ചുമതലപ്പെടുന്നുള്ളു എന്നു വരുകയാണ്. ഇന്നു ബേസിക് ടാക്സ് 8 രൂപാ കൊടുത്താൽ മതിയെന്നാണെങ്കിൽ കരാറനുസരിച്ചു പത്തുരൂപാ കൊടുക്കണമെന്നു വന്നാലും കൊടുക്കേണ്ട.

ശ്രീ. എ. താണുപിള്ള: ഏകദേശം എത്ര ശതമാനം ആധാരങ്ങളിൽ കുടിയാനവൻ കരംകൂടി കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ഞാൻ പറയാം. അങ്ങനെയുള്ള കാര്യങ്ങളിൽ ബാധകമാകുന്നതു് കൊടുങ്ങല്ലൂർ മെമ്പർ വായിച്ച വ്യവസ്ഥയാണ്. വെറുംപാട്ടകുടിയാനവൻ എഴുതി കൊടുത്ത പാട്ടച്ചീട്ടുകളിൽ നികുതികൂടി കൊടുക്കുവാനുള്ള വ്യവസ്ഥയോടുകൂടി എഴുതിയിട്ടുള്ള ആധാരങ്ങൾ എത്ര ശതമാനം വരുമെന്നു തിരുവനന്തപുരം മെമ്പർ ചോദിച്ചു. എനിക്കു പരിചയമുള്ള താലൂക്കുകളിലെങ്ങും അങ്ങനെയുള്ള വ്യവസ്ഥകൾ ഞാൻ കണ്ടിട്ടില്ല. അപൂർവ്വമായി കണ്ടേക്കാൻ മതി. വടക്കാഞ്ചേരി മെമ്പർ അദ്ദേഹത്തിന്റെ നിയമപരിധിയിൽനിന്നും തലപ്പിള്ളി താലൂക്കിലെ സ്ഥിതിയെന്താണെന്നു പറയുമായിരിക്കാം.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ: ഇതുതന്നെയാണ് അവിടത്തെയും സ്ഥിതി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതുകൊണ്ടു് ദോഷം അധികമാളുകൾക്കു് വരുന്നതല്ല. കുറച്ചാളുകൾക്കു് വരുമായിരിക്കാം. കുടിയാനവന്റെ നികുതിഭാരത്തെ കുറയ്ക്കാനോ അല്ലെങ്കിൽ ഭൂമിയുടെ ഉടമാവകാശത്തെ നിയന്ത്രിക്കാനോ ഒന്നും ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നില്ല.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : പാട്ടവ്യവസ്ഥപ്രകാരം കൂടുതൽ നികുതി കൊടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ ഈ ബില്ല് പാസ്സായിരുന്നാലും കൊടുക്കേണ്ടിവരികയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ന്യായകല്പം പ്രകാരം കൊടുക്കേണ്ടിവരികയില്ലെന്നാണ് എനിക്കു തോന്നുന്നതു്. അല്ല, സംശയമുണ്ടെങ്കിൽ ബില്ല് സെലക്ട് കമ്മറ്റിയിൽ വരുമ്പോൾ അതിനെപ്പറ്റി വ്യവസ്ഥ ചെയ്യാവുന്നതാണ്. അതുകൊണ്ടു് ഇതിൽ ആക്കം വലിയ ദോഷം വരാൻ പോകുന്നില്ല. നേരെ മറിച്ചു് വടക്കാഞ്ചേരി മെമ്പർ പറഞ്ഞതുപോലെ ഇക്കാരണത്താൽ ഈ ബില്ലിന്റെ പര്യാലോചന മാറ്റിവയ്ക്കുകയാണെങ്കിൽ അതു് കൊച്ചിയിലെ ജനങ്ങളുടെ ആഗ്രഹത്തിനെതിരായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഒരു രാജ്യത്തിന്റെ ഒരു ഭാഗത്തു കൂടുതൽ നികുതിയും മറ്റൊരു ഭാഗത്തു കുറഞ്ഞ നികുതിയും ആയിരിക്കുന്നതു് ശരിയല്ലെന്നും അതു ഒരുപോലെയാക്കണമെന്നും ആഗ്രഹമുള്ളവരാണ് കൊച്ചിയിലെ അധികം ജനങ്ങളും. ഈ ബില്ല് പാസ്സാകുന്ന പക്ഷം അപൂർവ്വം ചിലക്കു് കൂടുതൽ നികുതി കൊടുക്കേണ്ടിവന്നേക്കാം. എന്നാൽ അതു താരതമ്യേന കുറവായിരിക്കും.

നമ്മുടെ നാട്ടിലെ ഭൂമിയിൽനിന്നും സർക്കാരിലേക്കു കിട്ടേണ്ട നികുതിയെപ്പറ്റി നിശ്ചയിക്കുന്ന ഒരു ബില്ലാണ് ഇതു്. ഇടപ്പള്ളി, ചിറ്റൂർ? മാന്തൂർ, വഞ്ഞിപ്പുഴ, പൂഞ്ഞാർ എന്നീ ഇടവകകളിൽനിന്നും സർക്കാരിലേക്കു നികുതിയൊന്നും കിട്ടുന്നില്ല. അതിനെപ്പറ്റിയോ അല്ലെങ്കിൽ അതുപോലെയുള്ളതിനെപ്പറ്റിയോ അതുമല്ലെങ്കിൽ ഭൂനയത്തെപ്പറ്റിയോ പരാമർശിക്കുന്ന ഒരു ബില്ലല്ല ഇതു്. കുടിയാനവൻ, സർക്കാരല്ലാത്ത മറ്റുടമകൾക്കു് എന്താണ് പാട്ടം കൊടുക്കേണ്ടതു്, അവർ തമ്മിലുള്ള ബന്ധം എന്തായിരിക്കണം എന്നുള്ളതിനെപ്പറ്റിയാണ്. വടക്കാഞ്ചേരി മെമ്പറും കൊടുങ്ങല്ലൂർ മെമ്പറും അവരുടെ പ്രസംഗങ്ങളിൽ പ്രധാനമായി ഉന്നയിച്ചതു് ഞാൻ ഈ അവസരത്തിൽ അക്കാര്യത്തിൽ പ്രവേശിക്കുന്നില്ല.

ശ്രീ. ഒ. സി. നൈനാൻ : അടിസ്ഥാനനികുതി ഏർപ്പെടുത്തുന്ന അവസരത്തിൽ ഇടപ്പള്ളി ചീഫിന്റെ വസ്തു ഉടമസ്ഥന്മാർക്കു് ബേസിക് ടാക്സിനു പുറമെ ഇടപ്പള്ളി ചീഫിനു കൊടുക്കേണ്ടതായ പാട്ടംകൂടി കൊടുക്കേണ്ടതായി വരികയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വരാതിരിക്കുവാൻ വേണ്ടിയാണ് അത്തരം ഭൂമികളെ ഈ ബില്ലിന്റെ വ്യാപ്തിയിൽ നിന്നും പ്രത്യേകം ഒഴിവാക്കിയിരിക്കുന്നതു്.

ശ്രീ. ഇ. പി. വറുഗീസ് : ഇടപ്പള്ളി ചീഫിന്റെ പക്കം? വസ്തുക്കളുടെ കരം ചീഫല്ലേ കൊടുക്കേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റിയും മറ്റും വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലല്ല ഇതു്, എന്നു് ഞാൻ പറഞ്ഞുകഴിഞ്ഞു.

ഏതായാലും ഏതെങ്കിലും പട്ടാദാരൻ നികുതിയായി അവൻ മുമ്പെന്നു തന്നെ കൊടുത്തിരുന്നാലും ഇപ്പോൾ ബേസിക് ടാക്സ് മാത്രമെ കൊടുക്കേണ്ടതായി വരികയുള്ളു. ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെംബറും കൊടുങ്ങല്ലൂർ മെംബറും പറഞ്ഞ കാര്യങ്ങൾ സാധിക്കണമെങ്കിൽ അതിന് വേറെ ബില്ലുകൾതന്നെ കൊണ്ടുവരണം.

ശ്രീ. ഒ. സി. നൈനാൻ: അങ്ങനെയൊരു ബില്ലു കൊണ്ടുവരാൻ ഗവൺമെന്റുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വേറെ പലതും ഉൾപ്പെടുത്തി ഒരു ബില്ലു കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൊടുങ്ങല്ലൂർ മെമ്പർ പറഞ്ഞ നികുതികൾ യഥാർത്ഥത്തിൽ നികുതിയല്ല. അദ്ദേഹം ഉദ്ധരിച്ച ശ്രീ. പരമേശ്വരൻപിള്ളയുടെ റിപ്പോർട്ടിലെ ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം.

> "There are at present four Edavagai Chiefs owning absolute free holds and partial free holds in the State. The Edavagais of Kilimanoor and Edapalli were surveyed and settled during the last Settlement along with the other lands of the State and assessment for the lands has been fixed on the lines of the Pandaravaka Lands. The Vanjipuzha Edavagai was only surveyed but no Settlement was conducted formerly in regard to this. In regard to the Edavagai of Poonjar, its boundaries were alone demarcated during the general Settlement.
>
> The Estate Rent Recovery Act conferred full proprietory rights over the lands to the occupants concerned in the estates of Kilimanoor and Edapalli and the arrears of rent payable to the Chiefs are made recoverable as arrears of land revenue, while till the passing of the Edavagai Act III of 1109 the arrears of rent due to the Chiefs of Vanjipuzha and Poonjar were recovered by them by filing suits against the defaulters in Civil Courts, since the Rent Recovery Act was not applicable to these two Edavagais."

ഇതിൽനിന്നും ഊഹിക്കുന്നതു് ഈ എസ്റ്റേറ്റ് റെന്റ് റെക്കവറി ആക്ട് വരുന്നതുവരെ മുമ്പു പറഞ്ഞ പാട്ടം സാധാരണയായി അവർ പിരിക്കുന്നതു് സിവിൽകോർട്ടു മുഖേന കേസു കൊടുത്തിട്ടാണെന്നാണ്. ൧൧൦൯-ലെ ഇടവക ആക്ട് വരുന്നതുവരെ വഞ്ഞിപ്പുഴ, പൂഞ്ഞാർ എന്നീ രണ്ടു ഇടവകകൾക്കും കോടതിയിൽ കേസുകൊടുത്തു അവർക്കു കിട്ടാനുള്ള പാട്ടം പിരിക്കേണ്ടിയിരുന്നു. കോടതിയിൽ കേസുകൊടുത്തു പിരിക്കേണ്ടിയിരുന്ന പിരിവ് ഒരിക്കലും കരമല്ല. ൧൧൨൪-ലെ നാലാം ആക്ട് വരുന്നതുവരെ **occupants' recovery** ഉണ്ടായിരുന്നില്ല.

ശ്രീ. ഒ. സി. നൈനാൻ: ആ ആക്ട് വരുന്നതിനുമുമ്പ് ഒരു ഡ്രാഫ്റ്റ് ആക്ട് കൊണ്ടുവന്നിരുന്നു. അതിൽ ടാക്സ് എന്നാണു പറഞ്ഞിരുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ അതിനെ നിഷേധിക്കുന്നില്ല. ൧൧൦൯ വരെ വഞ്ഞിപ്പുഴയും പൂഞ്ഞാറും ഇടവകകൾ കോടതിയിൽ കേസുകൊടുത്താണ് പാട്ടം പിരിച്ചുവന്നിരുന്നതു്.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇടവകയെ സംബന്ധിച്ചിടത്തോളം എനിക്കു പറയുവാനുള്ളതു്, ഇതു് കല്ലൂപ്പാറയെ സംബന്ധിച്ചു മാത്രമായിട്ടുള്ള ഒരു പ്രശ്നമായിട്ടല്ലാ എടുക്കേണ്ടതു്; അതിനേക്കാൾ ഉയൎന്ന നമ്മുടെ നാട്ടിലുള്ള പൊതുജനങ്ങളുടെ ഒരു പ്രശ്നമായി നാം ഇതിനെ രൂപാന്തരപ്പെടുത്തണമെന്നാണ്. ഇടപ്പള്ളിയുടെ കീഴിലോ അല്ലെങ്കിൽ കിളിമാനൂരിന്റെ കീഴിലോ ഉള്ള കുടിയാന്മാരെ മാത്രം ബാധിക്കുന്ന ഒരു പ്രശ്നമായിട്ടും കരുതേണ്ട. പല വിധത്തിലുള്ള വ്യൂസ് പൊതുജനങ്ങളിൽനിന്നും ഇതുണ്ടാക്കേണ്ടതുണ്ട്. അക്കൂട്ടത്തിൽ പൂഞ്ഞാറുണ്ട്, വഞ്ചിപ്പുഴയുണ്ട്, പാലിയമുണ്ട്, ഞാനുണ്ട്, മി. നൈനാനുണ്ട്, ഇങ്ങനെയിരിക്കെ ഭൂമി കൈവശക്കാർ അവയുടെ പ്രൊപ്രൈറ്റേഴ്സ് എന്നു പറയുമ്പോൾ അവൎക്ക് വഹിക്കാവുന്ന വിധത്തിലുള്ള ഒരു മര്യാദപ്പെട്ട വ്യവസ്ഥയായിരിക്കണം ഉണ്ടായിരിക്കേണ്ടതു്. അതിലേയ്ക്കു ഒരു ഭൂനയം തന്നെ ഈ സഭ ഉണ്ടാക്കേണ്ടതുണ്ട്. എന്റെ വാദഗതികൾ കല്ലൂപ്പാറയ്ക്കു് എതിരായോ അല്ലെങ്കിൽ മററു കുടിയാന്മാൎക്കു് എതിരായോ അല്ലെന്നു ചിന്തിച്ചാൽ മനസ്സിലാകുന്നതാണ്. ഈ ബില്ലുകൊണ്ടുവന്നിരിക്കുന്നതു് സൎക്കാരിലേയ്ക്കു് പിരിച്ചെടുക്കുന്ന ലാൻഡ് റവന്യൂ തിരുവിതാംകൂറിലും കൊച്ചിയിലും വ്യത്യസ്ത രീതിയിൽ പാടില്ലെന്നുള്ള ഉദ്ദേശം കൊണ്ടാണ്. ഇടപ്പള്ളി ചീഫിന്റെ കുടിയാന്മാർ ഇന്നു കെട്ടുന്ന കരം കൂടുതലായതുകൊണ്ടു് ബേസിക് ടാക്സ് ഏർപ്പെടുത്തണമെന്നു് അഭ്യർത്ഥിക്കുന്നു. അതുപോലെ മററുള്ള സ്ഥലങ്ങളിലെ കുടിയാന്മാരും കെട്ടുന്ന കരം കൂടുതലാണെന്നും ബേസിക് ടാക്സ് ഏർപ്പെടുത്തണമെന്നും പറയുന്നു. എന്നാൽ ഈ പ്രശ്നം പൊതുവെ തിരുവിതാംകൂർ കൊച്ചിയിലുള്ള ഭൂഉടമകളുടെ ഒരു പ്രശ്നമായിട്ടേ കണക്കാക്കാൻ സാധിക്കയുള്ളൂ. ശ്രീപാദം, കണ്ടുകൃഷി, ശ്രീപണ്ടാരവക, മണിയംകരം ഇങ്ങനെ പല വകുപ്പുകളും ഉണ്ട്. ഈ ബില്ല് സൎക്കാരിന്റെ കീഴിൽ കുടിയാന്മാരായിരിക്കുന്നവരെ സംബന്ധിച്ചുള്ളതാണ്. ഇതുകൂടാതെ കുടിയാന്മാരുടെ കൈവശത്തിരിക്കുന്ന ഭൂമിയിൽ കൃഷി ചെയ്യുവാനുള്ള ഒക്കുപ്പൻസി റൈറ്റിനെ സംബന്ധിച്ചും ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. കൈവശക്കാരനു ഒക്കുപ്പൻസി റൈറ്റ് അനുവദിച്ചാൽതന്നെയും ജന്മിയുടെ കാര്യം കൂടി നോക്കേണ്ടതായിട്ടുണ്ട്. അതായതു്, ൫ ൦ ൦ ൦ ഏക്കർ ഒരു കുടിയാൻ കൈവശംവച്ചു കൃഷിചെയ്യുന്നു എന്നിരിക്കട്ടെ. ആ വസ്തുവിന്റെ ജന്മിക്കു്, ഒരു സെൻറ ഭൂമിപോലും കൈവശമില്ലെങ്കിൽ കുടിയാൻ ഒക്കുപ്പൻസി റൈറ്റ് അനുവദിക്കാൻ പാടില്ലാത്തതാണ്. പക്ഷെ, നമ്മുടെ അടിയന്തിരപ്രശ്നമായ ഭക്ഷ്യോൽപ്പാദനത്തെ സംബന്ധിച്ചിടത്തോളം വേണമെങ്കിൽ ചില വ്യത്യസ്ത രീതി വന്നുപോയേക്കാം. അതു വേറൊരു കാര്യമാണ്. ഈ ബില്ലിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറും കൊടുങ്ങല്ലൂർ മെമ്പറും എതിർക്കുകയാണെങ്കിൽ കൊച്ചിയിലെ റയട്സ് പാട്ടക്കാർ കുറച്ചുകൂടുതൽ നികുതികൊടുക്കേണ്ടിവരുമെന്നുള്ളതാണ്. സംയോജനം കഴിഞ്ഞു രണ്ടുമൂന്നു വർഷമായിട്ടും കൂടുതൽ നികുതിഭാരം അവരുടെ തലയിൽ കയററുന്നതു ശരിയല്ല. ഈ ബില്ല് ഇപ്പോൾ പാസാക്കാൻ തടസ്സപ്പെടുത്തുകയാണെങ്കിൽ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ ഈ സഭയിൽ നടത്തിയ വാദഗതിയുടെ

ഫലം ദ്രോഹമായിരിക്കും, അതായതു്, അനേകായിരം ജനങ്ങൾക്കുണ്ടാകാൻ പോകുന്ന നന്മയെ തടയുകയായിരിക്കും ചെയ്യുന്നതു്. ഈ ബില്ല് പാസാക്കുകയാണെങ്കിൽ അവിടെയുള്ള വയലുകളും തോട്ടങ്ങളും കൈവശം വച്ചു കൃഷിചെയ്യുന്ന പട്ടാദാരന്മാർക്കു് അനുഗ്രഹമായിരിക്കും. ജന്മിമാരെ സംബന്ധിച്ചിടത്തോളം അവരുടെ ഭൂമിയിൽ ൯൦ ശതമാനവും കാണപ്പാട്ടക്കാരന്റെയും പണയപ്പാട്ടക്കാരന്റെയും കയ്യിലാണു് ഇരിക്കുന്നതു്.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ: ൯൦ ശതമാനം ഭൂമി ഇവരുടെ കയ്യിലല്ല, അതോ, വെറും പാട്ടക്കാരുടെ കയ്യിലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറെയൊക്കെ അവരുടെ കയ്യിലും ഉണ്ടു്. സർ, കുടിയാന്മാരെ സംബന്ധിച്ചിടത്തോളം ൧൧൦൩-ൽ ഒരു നിയമം കൊച്ചിയിൽ പാസ്സാക്കിയിട്ടുണ്ടു്. ആ നിയമത്തിലെ വ്യവസ്ഥയനുസരിച്ചു് ഇനിയും കുടിയാന്മാർക്കു് കൈവശം ഇരിക്കുന്ന ഭൂമിയുടെ പട്ടയം വാങ്ങിക്കാനുള്ള അവകാശമുണ്ടു്. അതായതു് സനദ്പട്ടയം. എനിക്കു് അവസാനമായി പറയാനുള്ളതു് ഭൂമി കൈവശക്കാർക്കു് ഈ ബിൽ മുഖാന്തിരം വളരെ നന്മയും ആശ്വാസവുമാണു് ഉണ്ടാകാൻ പോകുന്നതെന്നും ആയതിനെ ഇല്ലാതാക്കാൻ ശ്രമിക്കരുതെന്നും ആണു്. ഈ ബില്ലിലെ ആറാമത്തെ ക്ലാസ്സു് അനുസരിച്ചോ അല്ലെങ്കിൽ മററു ഏതെങ്കിലും വിധത്തിലോ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറും കൊടുങ്ങല്ലൂർ മെമ്പറും ഉന്നയിച്ച വാദഗതികൾ അടിസ്ഥാനരഹിതമാണെന്നു പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു.

Shri E. P. Varghese: Sir, I agree with the main principle involved in this Bill for the extension of basic land tax to the former Cochin area. I object to the tax now in force in that area. I think it was in 1121, the basic land tax was introduced in the Travancore area. That was brought about to relieve the tax inequalities prevalent then in the system of land tax. At that time we were living under a Government which respected a feudal landlordism. Under the present system of Government the Republic I cannot reconcile the tax freeholds, that is to say, large acreages enjoying immunity from taxation.

Section 7 of the proposed Land Tax Bill enumerates a number of lands which are to be exempted, from the basic tax. One of my friends was saying that if basic tax is introduced in respect of them, perhaps it would further burden the occupants of lands. It is not so. Unless there is a covenant in the lease deed to that effect the occupants need not pay the land tax. As far as I understand, regarding the four Edavagas of Edapally, Kilimanur, Vanjipuzha and Punjar, I am sure most of the lands are not held by people under any particular deed. Those tenants have been enjoying those lands from time immemorial and paying the rent to the Chiefs. Ordinarily it is the proprietors of lands who should pay the basic tax. On the other hand if it is argued that proprietorship had been conferred by the Chiefs on the tenants of these Edavagais, then of course the tenants may have to pay basic tax over and above the rent payable by them

[Shri E. P. Varghese]

to the Chiefs. As far as I understand, the basic tax is one which the owner of land will have to pay. Therefore, the tenants will not be actually burdened. The apprehension raised by the hon'ble Member for Cranganore need not be entertained.

Shri Panampilli Govinda Menon: The hon. Member was thinking that by the imposition of basic tax, the result will be that the tenants will be further burdened.

Shri E. P. Varghese: I cannot understand what he wants. A portion of Edapalli belongs to my constituency and as such I am interested in that Pakuthy. I am here to see that the tenants in those Edavagais are not made to pay anything more than the land tax or the one equivalent to it, the basic tax. Now they are paying rent to the Chiefs. They should not be made to pay rent and basic tax. That is what they want. Only one tax they should be made to pay. What I would suggest for the consideration of the Select Committee will be that they should consider the question whether the Chiefs should continue to get exemption from tax or pay basic tax at least to Government. Either that question should be considered by the Select Committee. or Government will have to decide it before legislation comes into force. If this Act is passed Edavagais should not be left tax free. If Edavagais are to be abolished we will have to bring the land of these Edavagais under basic tax. Now that we are at the question of land tax, this is the time to consider whether Edavagais as such should be abolished. There shall be no land holder in this land who does not pay at least basic tax.

My contention is that there should be no land-holder who would be free from paying basic tax. Of course, there are certain difficulties in regard to Sripandaravaka, Kandukrishi and Sreepadom lands. I think that they are covered by the Covenant. If it is so, we may not be able to legislate for those lands. Then as the hon' Member for Cranganore said, it is a question for the Rajapramukh to decide. But if public opinion is in favour of bringing these lands too under the system of basic tax, I don't think that the Rajapramukh will hesitate to fall in line with that view. But, as it is, I do not think that we are competent to legislate for these lands. As regards free-holds we can decide. We can legislate on freeholds and decide under Article 31 A of the Constitution against the payment of compensation. The only thing is that we have to get the assent of the President of the Indian Union before that law can be enforced.

Now, as regards the four Edavagai, Kilimanoor stands on a different footing. The other three are owned by Chiefs. Kilimanoor Edavagai comprises two pakuthies, Kilimanoor and Pazhayakunnumel. The particular feature with regard to this Edavagai is that the rent due to the sovereign of the State was asked to be paid to the Kilimanoor Chief. This came into force

somewhere about 903 M. E. This was in return for the services rendered by the Chief to the sovereign, The rent was asked to be collected by Proverthicars and given to the Chief as far as I have been able to understand from records. Whereas. in the case of the other three Chiefs, they were exempted from taxation by His Highness Marthanda Varma who happened to annex those estates to Travancore. A big political question is involved in the case of these three estates. We will have to consider several questions when we begin to deal with their tenures. What is the result of their annexation? Whether, by annexation, the proprietory rights were taken away from the chiefs and vested in the Travancore Maharaja? Are the tenants entitled to hold their lands as Pandaravaka lands? All these questions would arise. The Edappalli Edavagai comprises of 5 pakuthies. In any case, as far as my view goes, I do not think that there is any justification in continuing this system. There is no reason that a Chief should enjoy 5 pakuthies without paying anything to Government. In fact, the Estates Rent Recovery Act says that the tenants of these Chiefs have all the rights of the citizens of Travancore. The only thing is that they must pay rent to the Edapally Chief. Government are collecting rent for the Chief. Whether these Edavagais should exist and whether they should be given compensation if abolished, is the question. If they are entitled to compensation they will have to be paid. The amended Article 31—A of the Constitution enables us not to pay compensation to Estates. ~~That is not the case~~ with regard to ordinary land-holders. Article 31 A says that Estates ~~may be~~ exempted from getting compensation while the ordinary land-holder is entitled to compensation under Article 31 with regard to Estates, under Article 31 A we will have to get the permission of the President before the relevant legislation is enforced. I would submit, Sir, that the Select Committee should go into this question and study it in all its aspects and make a historical survey of the whole problem and then decide whether these Edavagais should pay or should not pay the basic tax and whether they should be abolished with compensation or without compensation. When the discussion on the forthcoming land bill takes place before this House their study on this question must be available to us also. This question of Estates has become a vexed question ever since India became independent. People were expecting that all vestiges of feudalism will be abolished. There is a hue and cry among the people that the party in power has not implemented their promises regarding this land problem. Now that the Land Bill ~~is also coming is imminent~~ we have to decide whether we should exempt any kind of holding from paying basic tax.

I do not want to go into all the details of the Bill: but, one main fact is that, if we exempt this type of holdings from taxation we become, strictly speaking reactionaries, and will be responsible for giving room for discontent and thereby creating more trouble. Before that it would be better to fall into line

[Shri E. P. Varghese]

with public opinion. As far as I understand, I think, Sir, there is a land policy framed for the whole of India by the Planning Commission. Legislation regarding land is allowed to be made according to the circumstances and conditions obtaining in a particular State. But these laws will have to follow some basic principles applicable to the whole of India. These principles are against such Estates being perpetuated. I think, Sir, it is time to decide whether these Edavagais should be exempted from paying even basic tax or not.

ശ്രീ. ജോസഫ് വാഴപ്പിള്ളി : സർ, തിരുവിതാംകൂറിലും കൊച്ചിയിലും നിലവിലുള്ള നികുതിനിരക്ക് ഒരു തരത്തിൽ ആക്കണം എന്നുള്ളതാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനു മുൻപുതന്നെ ഭൂനയത്തെ സംബന്ധിച്ച് ഇവിടെ അത്യാവശ്യമായി ഒരു ബിൽ അവതരിപ്പിക്കണമെന്ന് ഉദ്ദേശിക്കുന്നതായി ഗവണ്മെൻറ് പല പ്രാവശ്യവും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആ തത്വത്തെ ആസ്പദമാക്കി ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ആ തത്വംകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമായ ഒരു കാര്യമാണ്. ഇന്ന് തിരുവിതാംകൂറിൽ നിലവിലുള്ള അടിസ്ഥാനഭൂനികുതി പറമ്പുകൾ മാത്രം കൈവശം വച്ചു സൂക്ഷിക്കുന്ന ചെറിയ ചെറിയ ഭൂവുടമകൾക്കു വലുതായ നികുതിഭാരം വന്നുചേരത്തക്കവിധത്തിലാണ് നില്ക്കുന്നത്. പ്രത്യേകിച്ച് കൊച്ചിയിലുള്ള പയറപാട്ടം പറമ്പുകൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന ചെറിയ ഭൂഉടമകൾക്കു അതായത് രണ്ടണയോ മറ്റോ നികുതി കൊടുത്തുവരുന്ന പറമ്പുടമസ്ഥന്മാർക്ക് പെട്ടെന്ന് വലുതായ ഒരു ഭാരം വന്നുചേരത്തക്ക വിധത്തിലുമാണ് ഈ ബില്ല് പാസാകുന്നതുകൊണ്ട് ഉണ്ടാകുന്നത്. ആ നിലയിൽ നോക്കുമ്പോൾ സെൻറിനു മൂന്നു പൈ എന്നുള്ള രീതിയിൽനിന്ന് ഒരു പൈ ആക്കിക്കുറച്ചാൽ തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള എല്ലാപേർക്കും ഒന്നുപോലെ ഒരു കുറവ് ആയിരിക്കും ഗവണ്മെൻറ് ചെയ്യുക എന്നും അതുമൂലം ഗവണ്മെൻറിനു നഷ്ടം വരാതിരിക്കുവാൻ കൂടുതൽ ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കു, ഒരു സ്ലാബ് സിസ്റ്റം വച്ചു നികുതി കൂട്ടാവുന്നതാണെന്നും ആണ് എൻെറ അഭിപ്രായം. വസ്തുവിൻെറ വിസ്തീർണ്ണമനുസരിച്ച് നികുതിയുടെ തോതും കൂട്ടിയാൽ ഗവണ്മെൻറിൻെറ നികുതി ഇനത്തിൽ നിന്നുള്ള വരുമാനത്തിൽ യാതൊരു വിധത്തിലുള്ള നഷ്ടവും സംഭവിക്കുന്നതല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രാലിയം എസ്റ്റേററിലുള്ള ഒരു ജന്മിക്ക് ൫൦ സെൻറ് ഭൂമിയുണ്ടെങ്കിൽ ആ ൫൦ സെൻറ ഭൂമിക്കുള്ള നികുതി ഈടാക്കണ്ടേ?

ശ്രീ. ജോസഫ് വാഴപ്പിള്ളി : നികുതി കൂട്ടുന്നത് ആൾക്കല്ല, ഭൂമിക്കാണെന്ന് എനിക്കറിയാം. ഭൂമിക്ക് കാണപ്പാട്ടാവകാശം കൊടുത്താൽ ആ കാണപ്പാട്ടം കൈവശം വച്ചിരിക്കുന്ന ആളിൽനിന്നോ വെറുംപാട്ടക്കാരനു ഭൂമി സ്ഥിരാവകാശം കൊടുത്താൽ ആയാളിൽനിന്നോ ആണ് നികുതി ഈടാക്കേണ്ടത്. ആരു ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്നുവോ

അവരിൽനിന്ന് അവരുടെ ഉപജീവനമാർഗ്ഗതോതനുസരിച്ച് നികുതി ചുമത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അതിനാൽ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഉന്നയിച്ചിട്ടുള്ള വാദം ശരിയല്ലായെന്നാണ് എനിക്കു പറയുവാനുള്ളത്: കൈവശം ഉള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ തോതനുസരിച്ച് കൂടുതൽ കൂടുതൽ നികുതി ഈടാക്കുകയും, എല്ലാ ഭൂമിക്കും ഒരു ചെറിയ ബേസിക്കുനികുതി ഈടാക്കുകയും ചെയ്താൽ ഗവണ്മെന്റിന്റെ വരവിൽ കുറവുവരാതിരിക്കുകയും നാം എല്ലാ ഉദ്ദേശത്തോടുകൂടിയാണോ ഇന്ന് നിലകൊള്ളുന്നത് ആ ഉദ്ദേശം അങ്ങനെയുള്ള ടാക്സ് പിരിക്കുന്നതുകൊണ്ട് നടപ്പിലാക്കുവാൻ സാധിക്കുകയുംചെയ്യുന്നതാണ്.

ഭൂമിയുടെ പരിധി നിർണ്ണയിക്കണമെന്ന് ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും സംസാരിക്കുകയുണ്ടായി. പ്രധാനമായി ഭൂമിയുടെ പരിധി നിർണ്ണയിക്കുന്നതിന് രണ്ടുഭാഗങ്ങളുണ്ട്. ഒന്നാമത്തേത് ഭാവിയിൽ ഓരോരുത്തർ വാങ്ങിക്കുവാൻ പോകുന്ന ഭൂമിയുടെ പരിധിയെ നിർണ്ണയിക്കുന്നതും മറ്റേത് ആളുകളുടെ ഇപ്പോൾ കൈവശമുള്ള ഭൂമിയുടെ പരിധിയെ നിർണ്ണയിക്കയെന്നതുമാണ്. ഭാവിയിലുള്ള ഭൂമിനിർണ്ണയിക്കുന്ന കാര്യത്തിൽ ഇൻഡ്യയുടെ പ്ലാനിംഗ്കമ്മീഷൻ വ്യക്തമായി ഒരു നയം പ്രഖ്യാപിച്ചിട്ടുണ്ട്. ആ നിലയിൽ ഭൂമി കൈവശം വെക്കാനുള്ള പരിധി നിർണ്ണയിക്കുന്നതനുസരിച്ച് ആളുകൾക്ക് ലാൻഡ് ടാക്സ് ചുമത്തുന്നപക്ഷം ഭൂമി കൂടുതലായി കൈവശം വച്ചുകൊണ്ടിരിക്കുന്നതിനുള്ള ആഗ്രഹംതന്നെ വളരെ ചുരുങ്ങുന്നതാണ്. അതുകൊണ്ട് ഭൂമിയിൽ ഏറ്റവും ചുരുങ്ങിയ തോതിലുള്ള ഒരു ബേസിക് ടാക്സ് ചെയ്യുന്നത് നന്നായിരിക്കും. ഭൂമിയുടെ വിസ്തീർണ്ണമനുസരിച്ച് ടാക്സ് ചുമത്തുകയാണെങ്കിൽ വാസ്തവത്തിൽ നാം ഉദ്ദേശിക്കുന്ന ഫലങ്ങൾ ഉണ്ടാകുകയും, ജനങ്ങളുടെ കൈവശം വയ്ക്കുന്നതിനുള്ള ഭൂമിയുടെ പരിധി ക്രമപ്പെടുകയും കൂടുതൽ ഭൂമി കൈവശം വയ്ക്കുവാനുള്ള ആഗ്രഹം കുറയുകയും ഭൂമിയില്ലാത്തവർക്ക് കൂടുതൽ ഭൂമി കിട്ടുകയും ചെയ്യും.

മറ്റൊരുകാര്യം എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത് ഇതാണ്. ഇന്നു കൊച്ചിയിലും തിരുവിതാംകൂറിലും ഒരേവിധത്തിലുള്ള നികുതിതോത് ഏർപ്പെടുത്തണമെന്നാണ് ഈ ബില്ലിൽപറ

3 P.M. ഞ്ഞിട്ടുള്ളത്. കൊച്ചിയിലുള്ള വസ്തുക്കൾ നാലുതരത്തിലാണ് ഇന്നു നിൽക്കുന്നത്. അതായത് പണ്ടാരവക വെറുംപാട്ടം, പണ്ടാരവക കാണം, പുറവക, ഇനാം. യാതൊരു തരത്തിലുള്ള നികുതിയും ഇല്ലാത്തവസ്തുക്കൾ അതായത് ഇനാം ഇന്നു കൊച്ചിയിൽ ഉണ്ട്. ആ[illegible]ക വസ്തുക്കൾക്കും നികുതി ചുമത്തുന്നതിനുള്ള വ്യവസ്ഥകളാണ് ഈ ബില്ലിലുള്ളത്. തിരുവിതാംകൂറിൽ ഈ തരത്തിലുള്ള കുറെ ഭൂമിയെ ഈ ബില്ലിന്റെ പരിധിയിൽപെടുത്താതെ വിട്ടുകളയുന്നത് യുക്തമാണെന്നു എനിക്കു തോന്നുന്നില്ല. സെക്ഷൻ ൬-ൽ പറയുന്നതായ കുറെ ഭൂമികൾക്ക് ഈ ബേസിക് ടാക്സ് ചുമത്തുവാൻ പാടില്ല എന്നു പറയുന്ന വാദം നിലനിൽക്കുമെന്നു എനിക്കു തോന്നുന്നില്ല. കുടിയാന്മാർക്കു യാതൊരു ബുദ്ധിമുട്ടും ഇതുകൊണ്ടു വന്നുചേരുന്നതല്ല. അവർ ഇന്നു ഇടവകക്കാർക്കു കൊടുക്കേണ്ട ഭോഗമെല്ലാം കൊടുത്തുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. അവർക്കു കിട്ടുന്ന ഭോഗത്തിൽനിന്നു ഒരു വീതം എടുത്തുകൊണ്ടു കുറെ ഭാഗത്തിനു ടാക്സ് ഇല്ലാതിരിക്കുകയും കുറെ ഭാഗത്തിനു ടാക്സ് ചുമത്തുകയും ചെയ്യുന്നു

[ശ്രീ. ജോസഫ് വാഴപ്പിള്ളി]

ശരിയല്ല. ഈ ബില്ലിൽ തിരുവിതാംകൂർ കൊച്ചിയിലുള്ള സകലഭൂമിക്കും ഒരേ വിധത്തിൽ നികുതി ചുമത്തേണ്ട നിയമം ഉണ്ടാക്കണം. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. കെ. സദാനന്ദൻ: സർ, ഈ ബിൽ ഏററവും വേഗത്തിൽ പാസ്സാക്കിത്തീർക്കേണ്ടതു് അത്യാവശ്യമാണെന്നു ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ പറഞ്ഞു. കൊച്ചിൻ പ്രദേശത്തെ ആളുകൾ ഈ ബിൽ ഉടനെ നിയമമാക്കിത്തീർക്കുന്നതിനുവേണ്ടി ചാതകങ്ങളെപ്പോലെ കാത്തു കിടക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. ഇതൊരു ചെറിയ പ്രശ്നമായി അദ്ദേഹം കാണുന്നുണ്ടു്. ഇതു് ഉടനെ പാസ്സാക്കിത്തീർക്കണമെന്നുള്ള ഉദ്ദേശമാണു് അദ്ദേഹം പ്രകടമാക്കിയതു്. ഇതൊരു ചെറിയ പ്രശ്നമല്ല ഇതൊരു വലിയ പ്രശ്നമാണു്. ഇതു വേഗത്തിൽ നിയമമാക്കുവാൻ പാടില്ലെന്നും ഈ ബിൽ സെലക്റ്റ് കമ്മിററിക്കു് അയച്ചു് ആവശ്യമായ ഭേദഗതികൾ വരുത്തിയതിനുശേഷമേ നിയമമാക്കുവാൻ പാടുള്ളു എന്നും ആണു് എന്റെ അഭിപ്രായം. ൧൧൨൧-ാമാണ്ടിലാണു് ഇവിടെ അടിസ്ഥാനനികുതി സമ്പ്രദായം ഏർപ്പെടുത്തിയതു്. ഇവിടെ ഒരു അടിസ്ഥാനനികുതി ചുമത്തുവാനുണ്ടായ പ്രത്യേകത എന്തായിരുന്നു എന്നു നാം ഒന്നു ആലോചിക്കണം. ഇവിടെ വളരെ ഏക്കർ ഭൂമി കൈവശംവച്ചുകൊണ്ടിരുന്നവരുടെ പക്കൽനിന്നു ഏക്കറിനു് ൫ അണ ൩ പൈസ മാത്രമാണു് വസൂൽ ചെയ്തിരുന്നതു്. അതേ സമയത്തു് ഏററവും കുറഞ്ഞ ഭൂമി കൈവശമുള്ള ആളുകളുടെ പക്കൽനിന്നും ഏക്കറിനും ൫ അണ ൩ പൈസ നികുതി വസൂലാക്കിക്കൊണ്ടിരുന്നു. ൧൧൨൧-ലെ ഈ അടിസ്ഥാനനികുതി സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു ആശ്വാസം നൽകുകയും അതേസമയത്തു് ഇവിടത്തെ വൻകിട മുതലാളിമാരേയും ജന്മിമാരേയും സംബന്ധിച്ചിടത്തോളം അവർക്കു കൂടുതൽ നികുതി ചുമത്തുകയും ആയിരുന്നു. സർ സി. പി. രാമസ്വാമി അയ്യരാണു് ഈ നികുതി ഏർപ്പെടുത്തിയതു്. അദ്ദേഹം ഒരു രാജ്യതന്ത്രവിചക്ഷണനാണെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. ഈ നികുതി ഏർപ്പെടുത്തിയതുകൊണ്ടു് ഇവിടത്തെ ഖജനാവിലേക്കു് കിട്ടേണ്ട സംഖ്യയിൽ യാതൊരു കുറവും സംഭവിച്ചിരുന്നില്ല. എന്നാൽ ഈ പുതിയ നികുതി കൊച്ചിപ്രദേശത്തേക്കു കൂടി വ്യാപിപ്പിക്കുന്നതുകൊണ്ടു് ഖജനാവിൽ മൂന്നുലക്ഷത്തിൽ ചില്വാനം രൂപ കുറവു വരുന്നുണ്ടു് എന്ന വസ്തുത നമുക്കു് വിസ്മരിക്കുവാൻ പാടില്ല. അതുകൊണ്ടു അവിടത്തെ സാധാരണക്കാരുടെ പക്കൽനിന്നു കൂടുതൽ നികുതി പിരിക്കണമെന്നല്ല ഞാൻ പറയുന്നതു്. ഇവിടെ ഒരു രാഷ്ട്രീയ പ്രക്ഷോഭണം രാജ്യത്തിന്റെ അങ്ങോളമിങ്ങോളം നടന്നുകൊണ്ടിരുന്ന ഒരു അവസരത്തിലാണു് സർ സി. പി. രാമസ്വാമി അയ്യർ ഈ ബിൽ ഇവിടെ നടപ്പിലാക്കിയതു്. അങ്ങിനെയുള്ള ഒരു സന്ദർഭമായിരുന്നില്ലെങ്കിൽ അദ്ദേഹം തീർച്ചയായും ഈ രാജ്യത്തെ തോട്ടമുടമകളായ വൻകിട കർഷകമുതലാളിമാരിൽനിന്നു വളരെ അധികം സംഖ്യ നികുതിയായി ഈടാക്കുമായിരുന്നു എന്നാണു് എനിക്കു തോന്നുന്നതു്. ഏക്കറിനു് ൪ അണയും ൫ അണയും മാത്രം നികുതി കൊടുത്തുകൊണ്ടിരുന്ന വൻകിട മുതലാളിമാരിൽനിന്നു അടിസ്ഥാന

നികുതിയിൽ കൂടുതൽ ആവശ്യപ്പെട്ടിരുന്നെങ്കിൽ അതുനിമിത്തം അതിനുമുമ്പുതന്നെ അദ്ദേഹം ഈ രാജ്യം വിടേണ്ടിവരുമായിരുന്നു. തിരുവിതാംകൂർ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഒരു സെൻറും പത്തു സെൻറും ഇരുപത്തു സെൻറും ഇരുപത്തഞ്ചു സെൻറും ഭൂമി കൈവശക്കാരാണ് അധികവും എന്ന വസ്തുത ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർക്ക് അറിഞ്ഞുകൂടെങ്കിൽ ഞാൻ അദ്ദേഹത്തെ ഓർമ്മപ്പെടുത്തുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ അല്ലായെന്നു ഞാൻ പറഞ്ഞില്ലല്ലോ.

ശ്രീ. കെ. സദാനന്ദൻ: ഈ ബിൽ വേഗം പാസ്സാക്കി എടുക്കണമെന്നു അദ്ദേഹം പറഞ്ഞു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വേഗം പാസ്സാക്കി എടുക്കുന്നതുകൊണ്ട് പത്തു സെൻറിനും ഇരുപതു സെൻറിനും എന്താണു ദോഷമുള്ളതു്?

ശ്രീ. കെ. സദാനന്ദൻ: അവർക്ക് ഇതുകൊണ്ടു് ദോഷമുണ്ടു്. വളരെ കുറച്ചു ഭൂമി കൈവശമുള്ള ഒരാൾ സെൻറിനു ഒരു പൈ നികുതി കൊടുത്താൽ മതിയായിരുന്നു. സെൻറിനു നാലുകാശു ആയിരുന്നതു് കോൺഗ്രസ്സ് സർക്കാർ ഇപ്പോൾ അതു മൂന്നുപൈ ആക്കിയിട്ടുണ്ടു്. അടിസ്ഥാനനികുതി ഏർപ്പെടുത്തിയ അവസരത്തിൽ ഏക്കറിനു ൪ അണയും ൫ അണയും കൊടുത്തുകൊണ്ടിരുന്ന വൻകിട ഭൂവുടമകളിൽനിന്നും കൂടുതൽ നികുതി പിരിച്ചിരുന്നു. അതുകൊണ്ടു് അന്നു ഭൂനികുതി ഇനത്തിൽ കിട്ടിവന്നിരുന്ന തുകയിൽ കുറവു വന്നില്ല. അതുമാത്രമല്ല, കൂടുതൽ ലഭിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ തിരുവിതാംകൂറിലെ അടിസ്ഥാനനികുതി കൊച്ചിപ്രദേശത്തേക്കു് വ്യാപിപ്പിക്കാമ്പോൾ ലക്ഷത്തിൽ ചില്വാനം രൂപ ഖജനാവിൽ കുറവു വരുന്നുണ്ടു്. ഈ കുറവു സ്വീകരിക്കാൻ പാടില്ല. തിരുവിതാംകൂർ പ്രദേശത്തേക്കാൾ കൂടുതൽ ജന്മിത്വം ഉള്ളതു കൊച്ചിൻപ്രദേശത്താണു്. സർ, എനിക്കു നേരിട്ടു അറിയാവുന്നതാണു്; ചിററൂർ താലൂക്കിൽ നല്ലേപ്പുള്ളി എന്ന ദേശത്തു് ൧൦൯൫-ൽ ൧൫൦ പറ നെല്ലു് പാട്ടം അനുസരിച്ചു് ഭൂമി വാങ്ങിച്ചിട്ടുള്ള ഒരു പാട്ടക്കാരനിൽനിന്നു ഇന്നു അതിനു ൧൦൦ പറ നെല്ലും ൪൦൦ രൂപ മുൻപാട്ടമായിട്ടും എടുത്തുവരുന്നുണ്ടു്. ഇതുപോലെയുള്ള വൻകിട ഭൂവുടമകൾക്കു് ആശ്വാസമായിട്ടുള്ള ഒരു നിയമം ഇവിടെ സൃഷ്ടിക്കേണ്ട ആവശ്യമില്ല. സർ സി. പി. രാമസ്വാമി അയ്യർ ൧൧൧൫-ൽ ഇവിടെ ഉണ്ടാക്കിയ ഒരു നിയമം ൧൧൨൦-ൽ അതേപടി ഇവിടെ പകർത്തുന്നതിൽ യാതൊരു ബുദ്ധിസാമർത്ഥ്യവും ആവശ്യമില്ല. അതൊരു ക്ലാർക്കിന്റെ ജോലിമാത്രമേ ആവുകയുള്ളൂ. നാളെ കൊച്ചിൻ തുറമുഖവും അതിന്റെ പരിസരങ്ങളും കേന്ദ്രസർക്കാർ എടുത്തിട്ടു് പകരം ഏതെങ്കിലും ഒരു താലൂക്കു് തരികയാണെങ്കിൽ അവിടെയും ഈ നികുതിസമ്പ്രദായം ഏർപ്പെടുത്താൻ ഒരു ബിൽ കൊണ്ടുവരുന്നതിൽ എന്തു വൈദഗ്ദ്ധ്യമാണുള്ളതു്.

ഈ അവസരത്തിൽ ബഹുമാനപ്പെട്ട പൂമംഗലം മെമ്പർ പറഞ്ഞ കാര്യമാണു് ഇവിടെ ഓർമ്മിക്കുവാനുള്ളതു്. അദ്ദേഹം പറഞ്ഞ പ്രോഗ്രസ്സീവ് ടാക്സേഷൻ സമ്പ്രദായമാണു് നാം സ്വീകരിക്കുന്നതു് അത്യാവശ്യമായിട്ടുള്ളതു്.

[ശ്രീ. കെ. സദാനന്ദൻ.]

ഒരേക്കർ വരെയുള്ള ഭൂമിക്കു ഒരു പൈപോലും നികുതി ഈടാക്കുവാൻ പാടില്ലെന്നാണ് എൻെറ അഭിപ്രായം. അതുകഴിഞ്ഞിട്ടുള്ള ഓരോ ഏക്കർ ഭൂമിക്കും വർദ്ധമാനമായ നികുതി ഈടാക്കണം. ഇങ്ങനെ ചെയ്യുകയാണെങ്കിൽ ൩ ലക്ഷം രൂപായുടെ കുറവു് സഹിക്കേണ്ടിവരികയില്ല. ജന്മിയുടെ കയ്യിൽനിന്നു കൂടുതൽ നികുതികിട്ടുകയും ഇവിടത്തെ സാമാന്യജനങ്ങൾക്കു ഒരു ആശ്വാസം കിട്ടുകയും ചെയ്യും. ഇടപ്പള്ളി, പൂഞ്ഞാർ, കിളിമാനൂർ, പഞ്ഞിപ്പുഴ മുതലായ ഇടവക ഭൂമികൾക്കും ഇതു് ബാധകമാക്കേണ്ടതാണ്. വളരെ വ്യക്തമായി ബഹുമാനപ്പെട്ട പൂമംഗലം മെംബർ പറഞ്ഞതുപോലെ ഗവൺമെൻറ ഒരു ഭൂനയം കൊണ്ടുവരേണ്ടതായിരുന്നു. ഗവൺമെൻറിൻെറ ഭൂനയം ഇന്നതാണെന്നു വ്യക്തമാക്കുന്നതിനു മുമ്പ് ഈ ബിൽ ഇവിടെ പാസ്സാക്കേണ്ട ആവശ്യമില്ല. ഇടപ്പള്ളി, പൂഞ്ഞാർ തുടങ്ങിയ ഇടവകകളിലെ തൊഴിലാളികളുടെയും കൃഷിക്കാരുടെയും പണം പിരിക്കുന്ന സമ്പ്രദായം മാറേണം. ഈ രാജ്യത്തു് ഏററവും അധികം ഭൂമി കൈവശം വച്ചിരിക്കുന്നതു് ശ്രീപത്മനാഭൻ എന്ന ഒരു ജന്മിയാണ്. ശ്രീപത്മനാഭൻ ഒരു നിർജ്ജീവവസ്തുവാണ്. ആ നിർജ്ജീവനായ ജന്മിയുടെ പേരിൽ ഇന്നു വളരെ അധികം കൊള്ള ഇവിടെ നടക്കുന്നുണ്ട്. ഈ നിലയിൽ ഈ ബില്ലിനെ സ്വാഗതം ചെയ്യുവാൻ സാദ്ധ്യമല്ല. ഗവൺമെൻറിൻെറ ഭൂനയം സംബന്ധിച്ചു ഒരു ബിൽ കൊണ്ടുവന്നതിനുശേഷം ഇങ്ങനെയുള്ള ഒരു ബിൽ അവതരിപ്പിക്കേണ്ടതായിരുന്നു. സർ സി. പി. രാമസ്വാമി അയ്യർ അന്നു ഇവിടെ ഒരു പ്രത്യേകപരിതഃസ്ഥിതിയിൽ ഈ നിയമം കൊണ്ടുവന്നതുകൊണ്ടാണ് വൻകിട ജന്മികളിൽ നിന്നും കൂടുതൽ നികുതി ഈടാക്കാതിരുന്നതു്. വൻകിട ജന്മികൾക്കാണ് ഈ ബിൽകൊണ്ടു ഗുണമുണ്ടാകുന്നതു്. സാമാന്യജനങ്ങൾക്കു് സഹായത്തിനാണ് ഈ ബിൽ അവതരിപ്പിക്കുന്നതെങ്കിൽ ഒരേക്കർ ഭൂമിക്കു നികുതി ഇല്ലാതാക്കുകയും ഒരേക്കർ കഴിഞ്ഞുള്ള ഓരോ ഏക്കറിനും കൂടുതൽ നികുതി ചുമത്തുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ദൈവത്തെ നിർജ്ജീവൻ എന്നു പറയാമോ ?

Mr. Speaker : So far as I am concerned I am not in a position to say whether God has life or not. It is a matter which requires more effort at understanding.

ശ്രീ. എം. ഗോപാലൻനായർ : സർ, ഈ ബില്ലിൻെറ അടിസ്ഥാനതത്വത്തോടു യോജിക്കുന്നു. തിരുവിതാംകൂറിൽ ൧൦൯൬-ാമാണ്ടാണ് സെററിൽമെൻറ നടത്തി വസ്തുക്കൾക്കു് കരം നിശ്ചയിച്ചതു്. അതുകഴിഞ്ഞു് മുപ്പതുവർഷത്തിനുശേഷമേ റീസെററിൽമെൻറുണ്ടാവുകയുള്ളൂ. അതായതു് ൧൧൨൬-ൽ വേണം റീസെററിൽമെൻറ നടത്താൻ. എന്നാൽ ലാൻറ് ടാക്സ് നടപ്പിൽ വരുത്തുന്നതിനുമുമ്പ് ഒരു കമ്മററിയെ നിയമിച്ചു.

നിലവിലുള്ള നിയമം കൊച്ചിയിൽകൂടി വ്യാപിക്കാനാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നു ബഹുമാനപ്പെട്ട മന്ത്രി

ഇവിടെ പ്രസ്താവിച്ചു. കൊച്ചിയിലുള്ള ആളുകൾ ഇതിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. പക്ഷെ ഡ്രൈ ലാൻറ്സ് വെററ് ലാൻറ്സിനേക്കാൾ കൂടുതലാകയാൽ ഭൂരിപക്ഷം ആളുകൾക്ക് ഈ ബില്ലു വരണമെന്നാഗ്രഹമില്ല. ഈ ബിൽ ഇത്ര പെട്ടെന്നു പാസ്സാക്കിയേതീരു എന്നില്ല. ഏതെല്ലാം ഇനത്തിലുള്ള ഭൂമികൾ ഇതിൽനിന്നും ഒഴിവാക്കണമെന്നും മററും ശരിയായ വിധത്തിൽ ഒരന്വേഷണം നടത്തിയശേഷം പാസ്സാക്കണമെന്നാണു എന്റെ അഭിപ്രായം. തിരുവിതാംകൂർ വിഭാഗത്തു ചില ഭൂമികളെ ബേസിക് ടാക്സ് ഭാരത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ടു്. സർ സി. പി. രാമസ്വാമി അയ്യർ രാജകുടുംബത്തോടുള്ള ബഹുമാനംകൊണ്ടു ചിലയിനം വസ്തുക്കളേയും ബേസിക് ടാക്സിൽനിന്നും ഒഴിവാക്കി. തിരുവിതാംകൂറിലെ ൧൪ ഫ്രീ ഹോൾഡ്സ് ഇനം ഭൂമികളിൽ ബേസിക്ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുള്ളതു് ൩ ഇനം വസ്തുക്കളെയാണു്. ബാക്കി ൧൧ ഇനം വസ്തുക്കളേയും ബേസിക് ടാക്സിന്റെ പരിധിയിൽ ഉൾപ്പെടുത്തി. ൩ ഇനം ഫ്രീ ഹോൾഡ്സ് ബേസിക് ടാക്സിന്റെ പരിധിയിൽ കൊണ്ടുവരണം.

ഇടവക വസ്തുക്കളെ സംബന്ധിച്ചിടത്തോളം അവയേയും അടിസ്ഥാനനികുതി കൊടുക്കുന്നതിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. അതു ശരിയായ ഒരു നടപടിയല്ല. ഇടവക വസ്തുക്കളേയും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണം. ഇപ്പോൾ ചില വസ്തുക്കൾ കരമൊഴിവാക്കിയിട്ടുള്ളവയേയും ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണം. ശ്രീപാദം, ശ്രീപണ്ടാരവക, കണ്ടുകൃഷി ഇവയെല്ലാം ഈ ബില്ലിന്റെ പരിധിയിലുൾപ്പെടുത്തി അടിസ്ഥാനനികുതി ചുമത്തണം.

നിയമം പാസ്സാക്കണമെന്നും മററുമുള്ള ചില പ്രത്യേകതകൾ നമ്മുടെ ഗവണ്മെൻറിനുണ്ടു്. ആവശ്യമുള്ള കാര്യങ്ങൾ പിന്നീടു ചെയ്തുകൊള്ളാമെന്നുള്ള വാഗ്ദാനങ്ങൾ ഞങ്ങൾ വിശ്വസിക്കുകയില്ല. ഹൈക്കോടതി ബിൽ അവതരിപ്പിക്കാമെന്നുള്ള വാഗ്ദാനം അതിനൊരുദാഹരണമാണു്.

ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നതു ജന്മിക്കരം കൊടുക്കുന്നതിനു പുറമെ കുടിയാന്മാർ ബേസിക്ടാക്സും കൊടുക്കണമെന്നാണു്. ജന്മികുടിയാൻ ആക്ററിൽ അടുത്ത സെററിൽമെൻറുകാലത്തു ജന്മിക്കരം റിവൈസ് ചെയ്യാമെന്നു വ്യവസ്ഥയുണ്ടു്. ബേസിക്ടാക്സ് ചുമത്തുന്ന ഭൂമികളിൽ അതിനുംപുറമെ മറെറാരു കരംകൂടി ചുമത്തുന്നതു ശരിയാണെന്നു ഞാൻ വിചാരിക്കുന്നില്ല.

